

# ഋഗ്വേദസംഹിത

(വിവ.) വള്ളത്തോൾ നാരായണ മേനോൻ

ഭാഗം ഒന്ന് | അഷ്ടകങ്ങൾ: 2 | അദ്ധ്യായങ്ങൾ: 13

മണ്ഡലങ്ങൾ: 1 | അനുവാകങ്ങൾ: 24 | സൂക്തങ്ങൾ: 191

# ഋഗ്വേദസംഹിത

## (വിവ.) വള്ളത്തോൾ നാരായണ മേനോൻ

ഭാഗം ഒന്ന് | അഷ്ടകങ്ങൾ: 2 | അദ്ധ്യായങ്ങൾ: 13

മണ്ഡലങ്ങൾ: 1 | അനുവാകങ്ങൾ: 24 | സൂക്തങ്ങൾ: 191

Ṛgvēdasamhita (ഋഗ്വേദസംഹിത)
Volume 1
Translated by Vallathol Narayana Menon
Annotated by C. Govinda Kurup
First Published in 1131 മേടം
First published by Vallthol Granthalayam, Cheruthuruthi

Sayahna digital edition published in 2021.

Copyright © 2021, Annotations: C. Govinda Kurup.

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using LuaTeX from TeX Live 2021. The HTML version was generated by LuaTeX from the same LaTeX sources. The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഋഗ്വേദം: ഒന്നാം അഷ്ടകം

## ഒന്നാം അദ്ധ്യായം

മണ്ഡലം 1     അനുവാകം 1

## സൂക്തം 1.

വിശ്വാമിത്രപുത്രൻ മധുച്ഛന്ദസ്സ് ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

ഓം. സ്തുതിപ്പു, ഞാൻ യജ്ഞപുരോഹിതനാമഗ്നിദേവനെ,
ഋത്വിക്കാകിയ ഹോതാവെ,സ്സുതരാം രത്നധാരിയെ. (1)

സ്തുത്യനഗ്നി പുരാണർഷിമാർക്കും പുതിയവർക്കുമേ;
ദേവവൃന്ദത്തെയിവിടെയ്ക്കാവാഹിയ്ക്കട്ടെ നേർക്കവൻ! (2)

അഗ്നിയെക്കൊണ്ടു നേടുന്നു, നാൾതോറും പെരുകുന്നതായ്,
പുകഴ്ചയും വീരജനപ്പരപ്പും ചേർന്നതാം ധനം. (3)

അഗ്നേ, യാതൊരു യജ്ഞത്തിൻ ച്ചുററും മേവുന്നു നീളെ നീ
തീർച്ചയായ,ധ്വരമതു ചെന്നുചേരുന്നു ദേവരിൽ! (4)

അഗ്നി, ഹോതാവ,തിതരാം ചിത്രകീർത്തി, കവിക്രതു,
ദേവൻ ദേവകളോടൊത്തിങ്ങെഴുന്നള്ളട്ടെ സത്യവാൻ! (5)

അഗ്നേ, ഭവാൻ പ്രദാതാവിന്നെന്തു നന്മ വരുത്തുമോ
അതംഗിരസ്സേ, നിയതമവിടുത്തെയ്ക്കുതന്നെയാം! (6)

ഞങ്ങളഗ്നേ, നാളിൽ നാളിൽപ്പകൽനേരത്തുമല്ലിലും
ഹൃത്താൽ വണങ്ങിയിട്ടത്രേ, സമീപിയ്ക്കുന്നതങ്ങയെ, (7)

അധ്വരങ്ങളെ രക്ഷിച്ചുപോരുന്നോനെ, പ്രദീപ്തനെ,
നേരേററം തെളിയിപ്പോനെ, സ്വസ്ഥാനേ വർദ്ധമാനനെ. (8)

ആ നീ സുപ്രാപനാകെങ്ങക്കൾക്ക,ച്ഛൻ മകനുപോലവേ;
ഒന്നിച്ചിരിയ്ക്കയും ചെയ്യുകഗ്നേ, ഞങ്ങൾക്കു നല്പിനായ്! (9)

### കുറിപ്പുകൾ: സൂക്തം 1.

1. ഋത്വിക്ക്–യജമാനനാൽ വരിയ്ക്കപ്പെട്ടു യാഗകർമ്മങ്ങൾ ചെയ്യുന്ന ആൾ. ദേവകളുടെ യാഗങ്ങളിൽ അഗ്നിയത്രേ, ഹോതാവെന്ന ഋത്വിക്ക്. സുതരാം = ഏററവും. രത്നധാരി = രത്നങ്ങൾ കയ്യിലുള്ളവൻ; അല്ലെങ്കിൽ രത്നപോഷകൻ.
2. പുരാണർഷിമാർ = പണ്ടേത്തെ ഋഷിമാർ. ആവാഹിയ്ക്ക = മന്ത്രം കൊണ്ടു വരുത്തുക. നേർക്ക് = നേരെ.
3. വീരജനപ്പരപ്പ് = വളരെ വീരജനങ്ങൾ. ധനമുണ്ടായാൽ, വീരരായ ആൾക്കാരെ നിയമിയ്ക്കാം; സൽക്കർമ്മംകൊണ്ടു വീരസന്താനങ്ങളെ ജനിപ്പിയ്ക്കാം. നേടുന്നു എന്ന ക്രിയയ്ക്കു കർത്തൃപദമായി യജമാനൻ (യാഗംചെയ്യുന്ന ആൾ) എന്ന പദം അധ്യാഹരിയ്ക്കണം.
5. അതിതരാം = ഏററവും. ചിത്രകീർത്തി = വിവിധയശസ്സുകളുള്ളവൻ. കവിക്രതു = കടന്ന ബുദ്ധി, അല്ലെങ്കിൽ കർമ്മം, ഉള്ളവൻ.
6. പ്രദാതാവ്–ഹവിസ്സിനെ നല്കിയ യജമാനൻ. അംഗിരസ്സ് = അംഗാര(കനൽ)രൂപൻ; അംഗിരസ്സ് എന്ന ഋഷിയുടെ വംശത്തിൽ ജനിച്ചവൻ. അതവിടുത്തെയ്ക്കുതന്നെയാം– നന്മ (സമ്പത്ത്) ഉണ്ടായാൽ പ്രദാതാവു പിന്നെയും യജ്ഞം ചെയ്ത് അങ്ങയെ സുഖിതനാക്കുമല്ലോ. നിയതം = തീർച്ചയായും.

7. ഏത്ത്=മനസ്സ്.

8. അധ്വരങ്ങൾ യാഗങ്ങൾ. മുകളിലെ പദ്യത്തിലുള്ള അങ്ങയെ എന്ന പദത്തിന്റെ വിശേഷണങ്ങളാണ്, ഈ പദ്യത്തിലെ ദ്വിതീയാന്തപദങ്ങളൊക്കെ. സ്വസ്ഥാനേ–യാഗശാലയിൽ. വർദ്ധമാനൻ=വളരുന്നവൻ.

9. സുപ്രാപൻ=സുഖേന പ്രാപിയ്ക്കപ്പെടാവുന്നവൻ. അച്ഛന്റെ അടുക്കൽ മകന്ന് എപ്പോഴും എങ്ങിനെയും ചെല്ലാമല്ലോ; അച്ഛൻ മകനൊന്നിച്ച് വസിക്കുകയും ചെയ്യും. നല്ല്=നന്മ.

## സൂക്തം 2.

മധുച്ഛന്ദസ്സ് ഋഷി; ഗായത്രി ഛന്ദസ്സ്; വായുവും ഇന്ദ്രവായുക്കളും മിത്രാവരുണന്മാരും ദേവതകൾ.

വായോ, സുഭഗ, വന്നാലു;-മിതാ, സോമം സുസംസ്കൃതം;
കുടിച്ചുകൊള്ളുകിതു നീ; ചെവിക്കൊണ്ടരുൾകീ വിളി! (1)

വായോ, ഭവാനെയുദ്ദേശിച്ച,ഹർവേദികൾ വാഴ്ത്തികൾ
സോമം പിഴിഞ്ഞുവെച്ചു,ക്ഥസ്തുതി ചൊല്ലുന്നു ഭംഗിയിൽ. (2)

വായോ, സോമം നുകരുവാൻ തന്നോനിൽച്ചെന്നണഞ്ഞിടും,
അനേകഗാമിയാകും നിന്നഭിനന്ദനഭാഷിതം! (3)

ഇന്ദ്രവായുക്കളേ, സോമമിതാ; വരിക ചോറുമായ്:
കാത്തിരിയ്ക്കുകയാണല്ലോ, സോമനീരിതു നിങ്ങളെ. (4)

വായോ, സാന്നഹവിസ്സക്തന്മാരാമങ്ങയുമിന്ദ്രനും
നീരിൻസ്വാദറിവോരല്ലോ; വരുവിൻ നിങ്ങളഞ്ജസാ! (5)

വായോ, പിഴിഞ്ഞുവെച്ചോനിൽ വരികങ്ങയുമിന്ദ്രനും:
എന്നാലേ ശരിയായ് ശുദ്ധിപ്പെട്ടു, കർമ്മം സുശക്തരേ. (6)

പവിത്രബലനാം മിത്രൻ, വരുണൻ വൈരിസൂദനൻ;
വിളിയ്ക്കുന്നേൻ, മഴ പൊഴിപ്പോരാമിയ്യിരുപേരെ ഞാൻ. (7)

മിത്രാവരുണരേ, നിങ്ങളൃതാഢ്യരൃതവർദ്ധകർ
സത്യത്താൽച്ചേർന്നിരിപ്പുണ്ടീ മഹായജ്ഞത്തിലെങ്ങുമേ! (8)

മേധാഢ്യർ മിത്രാവരുണരനേകർക്കായ്പ്പിറന്നവർ
നമുക്കു കർമ്മവും കെല്പും വായ്പിപ്പൂ, ബഹ്വമന്ദിരർ. (9)

### കുറിപ്പുകൾ: സൂക്തം 2.

1. സോമം—സോമലത പിഴിഞ്ഞെടുത്ത നീർ. സുസംസ്കൃതം = വെടുപ്പു വരുത്തപ്പെട്ടത്.
2. അഹർവേദികൾ—ഒരു പകൽകൊണ്ടവസാനിയ്ക്കുന്ന യാഗത്തിന്ന് അഹസ്സ് എന്നത്രേ പേർ; യാഗച്ചടങ്ങറിയുന്നവർ. വാഴ്ത്തികൾ = സ്തോതാക്കൾ. ഉക്ഥം—ശസ്ത്രമെന്ന ഒരു തരം സ്തോത്രം.
3. അനേകഗാമി = വളരെ ആളുകളിൽ (സോമം നൽകുന്നവരിലൊക്കെ)ചെല്ലുന്നത്. അഭിനന്ദനഭാഷിതം—'ഹേ യജമാന, ഭവാൻ തന്ന സോമം ഞാൻ കുടിയ്ക്കാ'മെന്നു വായു കൊണ്ടാടും.
4. ചോറുമായ്—ഞങ്ങൾക്കു തരാൻ അന്നംവുംകൊണ്ട്.
5. സാന്നഹവിസ്സക്തൻമാർ = അന്നത്തോടുകൂടിയ ഹവിസ്സിൽ തൽപരന്മാർ. നീർ—സോമരസം. അഞ്ജസാ = വേഗത്തിൽ.
6. പിഴിഞ്ഞുവെച്ചോനിൽ—സോമനീർ തയ്യാറാക്കിയ യജമാനന്റെ അടുക്കൽ. സുശക്തരേ = സാമർത്ഥ്യശാലികളേ; വായ്വിന്ദ്രന്മാരോടുള്ള സംബുദ്ധി.

8. മിത്രാവരുണർ = മിത്രനും വരുണനും. ഋതശബ്ദത്തിന്നു വെള്ളം, സത്യം, യജ്ഞം എന്നു മൂന്നർത്ഥങ്ങളുണ്ട്; മൂന്നും ഇവിടെ ചേരും. നിങ്ങൾ ഈ യജ്ഞത്തിലെങ്ങും പെരുമാറുന്നുണ്ട്. സത്യത്താൽ–കർമ്മത്തിന്നു ഫലം കൊടുക്കണമെന്ന ദൃഢവ്യവസ്ഥനിമിത്തം.

9. മേധാഢ്യർ = മേധ (ആശുഗ്രഹണബുദ്ധി) ഏറിയവർ. അനേകർക്കായ് = ബഹുജനോപകാരാർത്ഥം. ബഹുമന്ദിരർ = വളരെ ഗൃഹങ്ങളുള്ളവർ; വളരെ യാഗശാലകളിൽ (ആവാഹിയ്ക്കപ്പെട്ടു) ചെന്നു വസിയ്ക്കുന്നവർ. കർമ്മവും കെല്പും വായ്ക്കാൻ മിത്രാവരുണന്മാർ അനുഗ്രഹിക്കണം.

## സൂക്തം 3.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; അശ്വിനികളും, ഇന്ദ്രനും, വിശ്വദേവകളും, സരസ്വതി-യും ദേവതകൾ.

നിങ്ങളശ്വികളേ, കൈകൾ നീട്ടി യാഗഹവിസ്സുകൾ
വാങ്ങിബ്ഭുജിയ്ക്കുവിൻ പീനഭുജരേ, ശുഭപാലരേ! (1)

നിങ്ങളശ്വികളേ, ഭൂരിക്രിയരേ, ധൃഷ്ടശീലരേ,
പായുന്ന ബുദ്ധ്യാ കൈക്കൊൾവിൻ നാഥരേ, ഞങ്ങൾതൻമൊഴി! (2)

വന്നാലും, രുദ്രവിക്രാന്തർ നിങ്ങൾ നാസത്യദസ്രരേ,
നീർചേർത്ത സോമനീർ ദർഭച്ചാർത്തിൽ വെച്ചതെടുക്കുവാൻ! (3)

ഇന്ദ്രാ, വരൂ: വിരൽകളാൽപ്പിഴിയപ്പെട്ട നീരിതാ,
നിന്നെക്കൊതിച്ചിരിയ്ക്കുന്നു ചിത്രഭാനോ, സദാ ശുചി! (4)

ഇന്ദ്ര, ഞങ്ങളുമുൽപ്രജ്ഞന്മാരും ഭക്ത്യാ സ്മരിച്ച നീ
വന്നാലും, നീരു പിഴിയുമൃത്വിക്കിൻ സ്തുതി കേൾക്കുവാൻ! (5)

വരിക,ശ്വപ്പുറത്തേറിസ്സത്വരം സ്തുതി കേൾക്കുവാൻ;
കൈക്കൊൾക, സോമകർമ്മത്തിലിന്ദ്ര, ഞങ്ങടെയന്നവും! (6)

വിശ്വദേവകളേ, നിങ്ങൾ നരധാരകർ പാലകർ
വരുവിൻ, സോമനീർ നല്കുന്നവന്നു ഫലമേകുവാൻ! (7)

വിശ്വദേവകളേ, വൃഷ്ടിപ്രദരാം നിങ്ങൾ സത്വരം
നീരിന്നടുക്കൽ വരുവിന,ഹസ്സിൽ വെയിൽപോലവേ! (8)

വിശ്വദേവകളാമേഹിമായാസ്സുകളപക്ഷയർ
മേധത്തിലെത്തിച്ചേരട്ടേ, നിർദ്രോഹർ, ധനവാഹികൾ! (9)

അന്നങ്ങളാൽ,പ്പാവനിയാം വെപ്പുകാരി സരസ്വതി
നടത്തുക,സ്മദ്യജ്ഞത്തെദ്ധനകാരണഭൂതയാൾ! (10)

സൂനൃതങ്ങൾ കഥിപ്പിപ്പോൾ, സുപ്രജ്ഞർക്കറിവേകുവോൾ,
യജ്ഞത്തെ നിലനിർത്തിപ്പോന്നവളത്രേ, സരസ്വതി. (11)

സ്പഷ്ടമായ് വളരെത്തണ്ണീരൊഴുക്കുന്നു സരസ്വതി;
പ്രകാശിപ്പിയ്ക്കയും ചെയ്വൂ, സർവബുദ്ധികളേയുമേ. (12)

### കുറിപ്പുകൾ: സൂക്തം 3.

1. പീനഭുജർ = തടിച്ചുരുണ്ട കൈകളോടുകൂടിയവർ. ശുഭപാലർ—സൽകർമ്മത്തെ രക്ഷി-യ്ക്കുന്നവർ.
2. ഭൂരിക്രിയർ—ബഹുകർമ്മാക്കൾ. ധൃഷ്ടശീലർ = കൂസലില്ലാത്തവർ. പായുന്ന—എങ്ങും തടവില്ലാത്ത. നാഥർ = നേതാക്കൾ. മൊഴി—സ്തുതി.

3. രുദ്രവിക്രാന്തർ=കരയിയ്ക്കുന്ന (ശത്രുക്കളെ ദുഃഖിപ്പിയ്ക്കുന്ന) വിക്രമമുള്ളവർ. നാസത്യദസ്രർ=അസത്യമില്ലാത്തവരും, രോഗങ്ങളെ ശമിപ്പിയ്ക്കുന്നവരും. നാസത്യപദവും ദസ്രപദവും അശ്വിപര്യായങ്ങളാണ്. സ്വർഗ്ഗവൈദ്യന്മാരത്രേ, അശ്വികളിരുവരും. നീർ=വെള്ളം. ദർഭച്ചാർത്ത്=ദർഭപ്പുല്ലുകൾ വിരിച്ചത്.

4. ചിത്രഭാനു=വിചിത്രപ്രകാശൻ. ശുചി=പരിശുദ്ധം. വിരൽകളാൽ–ഋത്വിക്കുകളുടെ കൈവിരലുകളാൽ. നീർ–സോമരസം.

5. ഉൽപ്രജ്ഞന്മാർ=ഉയർന്ന ബുദ്ധിയുള്ളവർ; ഋത്വിക്കുകൾ.

6. സോമകർമ്മം=സോമയാഗം. അന്നം–ഹവിസ്സ്.

7. വിശ്വദേവകൾ–ദേവവർഗ്ഗത്തിലെ ഒരു കൂട്ടർ. നരധാരകർ=മനുഷ്യരെ നിലനിർത്തുന്നവർ. പാലകർ=രക്ഷിതാക്കൾ. സോമനീർ നല്കുന്നവൻ–യജമാനൻ.

8. വൃഷ്ടിപ്രദർ–മഴ തരുന്നവർ, പെയ്യിക്കുന്നവർ. അഹസ്സ്-പകൽ.

9. ഏഹിമായാസ്സുകൾ–വിശ്വദേവകളുടെ മറെറാരു പേർ: വെള്ളത്തിൽ മുങ്ങിയ സൌചീകനെന്ന അഗ്നിയോട്, 'ഏഹി (വരിക) മാ യാസീഃ' (പോകരുത്) എന്നു പറഞ്ഞതിനാലത്രേ, ഈ പേർ വന്നത്. അപക്ഷയർ=ക്ഷയരഹിതർ,മേധം-യാഗം. ധനവാഹികൾ =ധനത്തെ വഹിയ്ക്കുന്നവർ.

10. അസ്മദ്യജ്ഞം–നമ്മുടെ യാഗം. ധനകാരണഭൃത–കർമ്മഫലമായ ധനം കൊടുക്കുന്നവൾ. സരസ്വതി സ്വയം വെച്ചുണ്ടാക്കിയ അന്നങ്ങൾ ആളുകൾക്കു കൊടുത്തു, യാഗം നടത്തിത്തരട്ടെ.

11. സൂനൃതങ്ങൾ=സത്യവും പ്രിയവുമായ വാക്കുകൾ. സുപ്രജ്ഞർ=സുമതികൾ.

12. സരസ്വതിയുടെ നദീരൂപമാണിതിൽ.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## ഒന്നാം അദ്ധ്യായം

### മണ്ഡലം 1    അനുവാകം 2

## സൂക്തം 4.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; ഇന്ദ്രൻ ദേവത.

സൽക്കർമ്മവാനെ രക്ഷയ്ക്കായ് നാളിൽ നാളിൽ വിളിയ്ക്ക നാം,
നന്നായ്ച്ചുരത്തും പശുവെക്കറവിന്നെന്നപോലവേ. (1)

വരികെ,ങ്ങടെ യാഗത്തിൽ; സോമം സേവിയ്ക്ക സോമപ:
ധനിയാം നീ പ്രസാദിച്ചാൽക്കിട്ടുമെങ്ങൾക്കു പൈക്കളെ! (2)

പിമ്പെങ്ങളറിയും നിന്നെ, നിന്നന്തേവാസിശിഷ്ടരാൽ;
നീയെങ്ങളെക്കവിച്ചെങ്ങും ചൊല്ലായ്ക; വരികിങ്ങുതാൻ! (3)

'ദ്രോഹമേല്ലാത്ത ധീമാനാമിന്ദ്രങ്കൽച്ചെല്ക: വിജ്ഞനെ
ചോദിയ്ക്കുക; വരം നല്കമല്ലോ, നിൻകൂട്ടുകാർക്കവൻ.' (4)

സ്തുതിപ്പിൻ; മററിടംപോലും വിട്ടുപോകട്ടെ നിന്ദകർ;
ഇന്ദ്രസേവകരായ്ത്തന്നേ വാഴ്വിൻ നമ്മുടെയാളുകൾ! (5)

ചൊല്ലേക്കങ്ങളെസ്സുഭഗരെന്നാൾക്കാർ, ശത്രുക്കൾപോലുമേ:
വൈരിഘ്ന, വാഴുമാറാക, ഞങ്ങളിന്ദ്രസുഖങ്ങളിൽ! (6)

വ്യാപ്തന്നർപ്പിയ്ക്ക, മർത്ത്യന്ന മത്തേകം യജ്ഞഭ്രുതിയും,
ഹർഷപ്രദന്നിഷ്ടന്മാം കർമ്മാപ്തമിതു നീളവേ. (7)

ഇതാസ്വദിച്ചിട്ടല്ലോ, നീ വൃത്രന്മാരെശ്ശതക്രതോ,
വധിച്ചു പരിരക്ഷിച്ചു, പോരിൽത്തൻപടയാളിയെ. (8)

അത്രയ്ക്കടർക്കരുത്തൊക്കുമങ്ങയ്ക്കിന്ദ്ര, ശതക്രതോ,
അന്നം നിവേദിച്ചീടാവൂ, ഞങ്ങൾ വിത്താർജ്ജനത്തിനായ്! (9)

മഹാൻ, ധനാധിപൻ,സോമം നൽകുവോന്ന സഖാവെവൻ,
ആക്കർമ്മസംപൂരകനാമിന്ദ്രന്നായ് സ്തുതി പാടുവിൻ! (10)

### കുറിപ്പുകൾ: സൂക്തം 4.

1. സൽക്കർമ്മവാനെ—ഇന്ദ്രനെ. പശു-പയ്യ്.
2. സേവിയ്ക്ക = കുടിച്ചാലും. സോമപൻ = സോമനീർ കുടിയ്ക്കുന്നവൻ. ധനി = ധനവാൻ.
3. പിമ്പ്—അങ്ങു സോമപാനം ചെയ്തതിന്നുശേഷം. നിന്നന്തേവാസിശിഷ്ടരാൽ = അങ്ങയ്ക്ക് ഏററവും അടുത്തവരായ സജ്ജനങ്ങൾവഴിയായി. ഞങ്ങൾ അങ്ങയെ മനസ്സിലാക്കും. ഞങ്ങളെക്കവിച്ച്—ഞങ്ങളോടു പറയുന്നതിലധികം. എങ്ങും ചൊല്ലായ്ക—ആരോടും അങ്ങയുടെ സ്വരൂപം പറയരുത്.
4. യജമാനനോടു ഹോതാവു പറയുന്നു: ദ്രോഹമേല്ലാത്ത—ഇന്ദ്രനെ ദ്രോഹിയ്ക്ക ആർക്കും ശക്യമല്ല. വിജ്ഞനെ ചോദിയ്ക്കുക—'ഈ ഹോതാവു വേണ്ടതിൻവിധം കർമ്മങ്ങൾ ചെയ്യുന്നില്ലേ?' എന്ന്, എന്റെ അഭിജ്ഞതയെ അന്വേഷിച്ചു നോക്കുക; അപ്പോളറിയാം, എന്റെ വിദഗ്ദ്ധതയും, അതിൽ ഇന്ദ്രന്നുണ്ടായ പ്രീതിയും.
5. ഋത്വിക്കുകളോട്: സ്തുതിപ്പിൻ—ഇന്ദ്രനെ. മററിടംപോലും—ഇവിടെ നിന്നുമാത്രം വിട്ടുപോയാൽ പോരാ.

6. ചൊല്ക–ചൊല്ലുമാറാകട്ടെ. ഇന്ദ്രസുഖങ്ങൾ–ഇന്ദ്രപ്രസാദത്താൽ ലഭിച്ച സുഖങ്ങൾ.
7. യഷ്ടാവിനോട്: വ്യാപ്തൻ–സർവയാഗവ്യാപിയായ ഇന്ദ്രൻ. യജ്ഞഭൃതി-യജ്ഞത്തിന്റെ സമ്പത്തായിട്ടുള്ളത്. ഹർഷപ്രദന്ന്–യജമാനർക്കു സന്തോഷം കൊടുക്കുന്ന ഇന്ദ്രന്ന്. ഇഷ്ടൻ = തോഴൻ. കർമ്മാപ്തം-മൂന്നു സവനങ്ങളിലും ചേരുന്നത്. ഇതു–സോമനീർ; ചൂണ്ടിക്കാട്ടി പറഞ്ഞതാണ്.
8. ഇതു–സോമം. വൃത്രന്മാർ–വൃത്രാസുരാദിശത്രുക്കൾ. തൻപടയാളി–സ്വഭക്തനായ ഭടൻ; ജാത്യേകവചനമാണ്, ഭടന്മാർ.
9. അന്നം–ഹവിസ്സ്. വിത്താർജ്ജനത്തിനായ്–അങ്ങയുടെ പ്രസാദത്താൽ സമ്പത്തു നേടാൻ വേണ്ടി.
10. ഋത്വിക്കുകളോട്: സഖാവ്–സുഹൃത്തെന്നപോലെ പ്രിയൻ. കർമ്മസംപൂരകൻ = കർമ്മത്തെ വഴിപോലെ പൂരിപ്പിയ്ക്കുന്നവൻ. ഇന്ദ്രന്നായ് = ഇന്ദ്രനെ ഉദ്ദേശിച്ച്.

## സൂക്തം 5.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

വരുവിൻ, വരുവിൻ വെക്ക,മിരിപ്പിനഥ പാടുവിൻ
ഇന്ദ്രനെപ്പറ്റി മികവിൽ, സ്തോമം ചൊല്ലും സഖാക്കളേ- (1)

വളരെപ്പേരെ വെന്നോനെ, വളരെ സ്വത്തിനീശനെ,
ഇന്ദ്രനെപ്പറ്റിയെപ്പേരുംകൂടി,സ്സോമം പിഴിഞ്ഞിഹ! (2)

അവനേ യോഗ,മവനേ ബുദ്ധിവായ്പു,വനേ ധനം
നല്കട്ടെ നമ്മൾക്ക;—വനേ വരട്ടെയിഹ ചോറുമായ്! (3)

എവന്റെ പള്ളിത്തേരിൻ രണ്ടശ്വങ്ങളൊടു വൈരികൾ
അടുക്കുകില്ലടരിലാ,യിന്ദ്രന്നായിട്ടു പാടുവിൻ! (4)

പിഴിഞ്ഞരിച്ച തയിരും ചേർത്ത സോമമിതുത്തമം
ചെന്നെത്തുമേ, നീർ നുകരുന്നവങ്കലമറേത്തിനായ്! (5)

സോമനീരു കുടിപ്പാനും മൂപ്പു കിട്ടുന്നതിന്നുമായ്
തൽക്ഷണേ വൃദ്ധനായ്ത്തീർന്നു ഭവാനിന്ദ്ര, ശുഭക്രതോ! (6)

വ്യാപ്തങ്ങളായ സോമങ്ങളിന്ദ്രനേ, സ്തുതിസേവ്യനേ,
നിങ്കൽപ്പുകി പ്രചേതസ്സാം നിനക്കേകേണമേ സുഖം! (7)

ഭവാൻ സ്തോമങ്ങളാൽ പ്രീതൻ; ഭവാനുക് ഥങ്ങളാലുമേ;
അമ്മട്ടസ്മൽസ്തവത്താലും പ്രീതനാക, ശതക്രതോ! (8)

നിത്യരക്ഷകനാമിന്ദ്രൻ കൈക്കൊണ്ടരുളിടേണമേ
ഈയൊരായിരമാമന്നം, സർവപൌരുഷദായകം! (9)

ദ്രോഹിച്ചിടായ്കെങ്ങളുടെ ശരീരങ്ങളെയാളുകൾ;
അകറ്റുകിന്ദ്ര, നുത്യർഹ, വധത്തെശ്ശക്തനാം ഭവാൻ! (10)

### കുറിപ്പുകൾ: സൂക്തം 5.

1. സ്തോമം—സ്തോത്രം. സഖാക്കൾ—ഋത്വിക്കുകൾ.
2. ഇഹ—ഈ യജ്ഞത്തിൽ. പാടുവിൻ എന്ന ക്രിയാപദം അധ്യാഹരിയ്ക്കണം.
3. അവനേ-അവൻ (ഇന്ദ്രൻ) തന്നെ. യോഗം—അലബ്ധലാഭം. ബുദ്ധി-ജ്ഞാനം.
5. നീർ—സോമരസം. നുകരുന്നവങ്കൽ, ഇന്ദ്രന്റെ അടുക്കൽ. അമറേത്ത്—ഭോജനം; 'ആചാര'ഭാഷ.
6. മൂപ്പ്—ദേവകളിൽ കാരണവസ്ഥാനം. വൃദ്ധൻ—ഉത്സാഹം വർദ്ധിച്ചവൻ. ക്രതുശബ്ദത്തിന്നു കർമ്മമെന്നും ബുദ്ധിയെന്നും അർത്ഥമുണ്ട്.
7. വ്യാപ്തങ്ങൾ—മൂന്നു സവനങ്ങളിലും ചേർന്നിരിയ്ക്കുന്നവ. ഇന്ദ്രനേ—ഹേ ഇന്ദ്ര. പ്രചേതസ്സ്—മികച്ച ജ്ഞാനമുള്ളവൻ.
8. പ്രീതൻ എന്ന പദം രണ്ടാംപാദത്തിലുമെടുക്കണം.

9. സർവപൌരുഷദായകം = എല്ലാപ്പൌരുഷങ്ങളേയും കൊടുക്കുന്നത്; അന്നത്തിന്റെ (ഹവിസ്സിന്റെ) വിശേഷണം.

10. നൃത്യർഹ = സ്തുത്യ. വധത്തെ—ഞങ്ങളിൽ പ്രയോഗിയ്ക്കപ്പെടുന്ന ഹിംസയെ. ശക്തൻ-കഴിവുള്ളവൻ.

## സൂക്തം 6.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; ഇന്ദ്രനും മരുത്തുക്കളും ദേവതകൾ.

സൂര്യാഗ്നിവായുക്കളവൻ, കർമ്മത്തിൽപ്പാരു മൂന്നിനും;
ആകാശത്തു വിളങ്ങുന്ന നക്ഷത്രങ്ങളവന്റെതാൻ! (1)

അവന്റെ തേർക്കിരുവശം പൂട്ടുന്നൂ രമ്യധീരരായ്
തന്നാൾക്കാരെ വഹിയ്ക്കുന്ന രണ്ടു ശോണഹയങ്ങളെ. (2)

ഉണർച്ചയറേറാർക്കുണർവുമരൂപങ്ങൾക്കു രൂപവും
രശ്മിയാലരുളിക്കൊണ്ടു ജനിയ്ക്കുന്നൂ, മരിച്ച നീ! (3)

തുടർന്നേ ഗർഭവാസത്തിലേർപ്പെടുത്തുന്നു വാരിയെ
അന്നമുണ്ടാകുവാൻവേണ്ടി, യജ്ഞാർഹപ്പേർ വഹിപ്പവർ. (4)

ഇന്ദ്ര, നീ ദുർഗ്ഗവുമുടച്ചൂക്കൊടേ വീശുവോരുമായ്
ചേർന്നിട്ടല്ലോ വീണ്ടെടുത്തു, ഗുഹയിൽപ്പെട്ട ഗോക്കളെ. (5)

ദേവത്വം നണ്ണി വാഴ്ത്തുന്നൂ മതിമാനെക്കണക്കിനെ,
സ്തോതാക്കളാ മഹാന്മാരാം പ്രഖ്യാപകധനാഢ്യരെ. (6)

ധീരനാമിന്ദ്രനൊന്നിച്ചു കാണാവൂ ഞങ്ങൾ നിങ്ങളെ:
പ്രഹൃഷ്ടന്മാരിരുവരും, തുല്യതേജസ്സിയന്നവർ. (7)

സമാരാധിയ്ക്കുവൊന്നാണീ യജ്ഞ,മിന്ദ്രനെയും തുലോം
ഗുണാഢ്യമായ് വിണ്ണണയും സ്പൃഹണീയഗണത്തെയും. (8)

അതിനാൽ, വാനിൽനിന്ന,ല്ലെന്നാകിലർക്കങ്കൽനിന്നു നീ
വരികി;–ങ്ങുണ്ടു പാടുന്നൂ പരിതോവ്യാപ്തമേ, സ്തുതി. (9)

ഇമ്മന്നിൽനിന്നുതാൻ, വിണ്ണിൽനിന്നുതാൻ, വാനിൽനിന്നുതാൻ,
ഇരക്കുന്ന നമുക്കിന്ദ്രൻ കല്പിച്ചേകേണമേ ധനം! (10)

### കുറിപ്പുകൾ: സൂക്തം 6.

1. അവൻ (ഇന്ദ്രൻ) ത്രിലോകവാസികളാൽ യജ്ഞങ്ങളിലൊക്കെ സൂര്യനും അഗ്നിയും വായുവുമാകുന്ന ദേവതകളാക്കപ്പെടുന്നു; ഈ മൂന്നു രൂപങ്ങളിലും വർത്തിയ്ക്കുന്നത്, ഇന്ദ്രൻ തന്നെ.
2. പൂട്ടുന്നൂ–കർത്താവു, സാരഥി. രമ്യധീരർ=രമ്യരും നിർഭയരും. തന്നാൾക്കാരെ–തേരിൽക്കേറുന്ന ഇന്ദ്ര–സൂതാദികളെ. ശോണഹയങ്ങൾതുടുത്ത കുതിരകൾ.
3. സൂര്യരൂപനായ ഇന്ദ്രനോടു പറയുന്നു: മരിച്ച–അസ്തമയത്തെ മരണമാക്കി കല്പിച്ചിരിയ്ക്കുന്നു; ഉദയത്തെ ജനനമായും.
4. ഇതു മരുത്തുക്കളെ കുറിച്ചുള്ളതാണ്: യജ്ഞാർഹപ്പേർ വഹിപ്പവർ–യജ്ഞങ്ങളിൽ ജപിയ്ക്കേണ്ടുന്ന പേരുകളുള്ള മരുത്തുക്കൾ. വാരിയെ (=വെള്ളത്തെ) ഗർഭവാസത്തിലേർപ്പെടുത്തുന്നു. (മേഘങ്ങളുടെ ഉള്ളിൽ നിറയ്ക്കുന്നു); അങ്ങിനെ, ലോകത്തിൽ ഭക്ഷ്യോൽപാദനത്തിന്നു തുടർന്നേ (ആണ്ടുതോറും) മഴ പെയ്യിയ്ക്കുന്നു.

5. വീശുവോർ—മരുത്തുക്കൾ. ഗുഹയിൽപ്പെട്ട ഗോക്കളെ—പണികൾ എന്ന അസുരന്മാർ ദേവലോകത്തുനിന്നു ഗോക്കളെ അപഹരിച്ച്, ഒരു ഗുഹയിൽ കൊണ്ടുനിർത്തിപോൽ.

6. മതിമാനെ (മനനശീലനായ ഇന്ദ്രനെ) എന്നപോലെ മരുത്തുക്കളേയും സ്തോതാക്കൾ (യജ്ഞങ്ങളിൽ സ്തുതി പാടുന്നവർ) വാഴ്ത്തുന്നു. പ്രഖ്യാപകധനാഢ്യർ—സ്വമഹിമയെ പ്ര-ഖ്യാപിയ്ക്കുന്ന (വെളിപ്പെടുത്തുന്ന) ധനശക്തിയുള്ളവർ;മരുത്തുക്കൾ.

7. നിങ്ങളെ—മരുത്തുക്കളെ. ഇരുവരും—രണ്ടുകൂട്ടരും, ഇന്ദ്രനും നിങ്ങളും.

8. ഞങ്ങളുടെ ഈ യജ്ഞം ഇന്ദ്രന്നും മരുദ്ഗണത്തിന്നുമുള്ളതാണ്. ഗണം = മരുത്സമൂഹം.

9. പരിതോവ്യാപ്തമേ—ചുറ്റും വ്യാപിച്ചിരിയ്ക്കുന്ന മരുദ്ഗണമേ. സ്തുതി—നിന്നെപ്പറ്റി ഋത്വിക്ക് സ്തോത്രം പാടുന്നു.

10. നിന്നുതാൻ = നിന്നോ.

## സൂക്തം 7.

ഋഷിച്ഛന്ദോ ദേവതകൾ മുമ്പേത്തവ.

ഇന്ദ്രനെഗ്ഗായകർ ബൃഹത്താലു,മിന്ദ്രനെയർച്ചകർ
മന്ത്രത്താലും സ്തുതിച്ചാര,ങ്ങന്യരിന്ദ്രനെ വാണിയാൽ. (1)

വിളിച്ചാൽപ്പൂട്ടിനില്ക്കുന്ന രണ്ടശ്വങ്ങളെയൊപ്പമേ
എങ്ങും നടത്തുവോനിന്ദ്രൻ; ഇന്ദ്രൻ വജ്രി ഹിരണ്മയൻ. (2)

ഇന്ദ്രൻ നെടിയ കാഴ്ചയ്ക്കായ് ദ്യോവിങ്കൽക്കേറ്റി സൂര്യനെ;
കല്പിച്ചുനിർത്തീ മേഘത്തിൽജ്ജലത്തെയവിടുന്നുതാൻ. (3)

ഇന്ദ്ര, ദുർദ്ധർഷനാമങ്ങു ദുർദ്ധർഷപരിരക്ഷയാൽ
പാലിയ്ക്ക ഞങ്ങളെപ്പോരിലായിരം പടയിങ്കലും. (4)

ഇണങ്ങിനിന്നു. മാററാരിലിടിവാൾ വീഴ്ത്തുമിന്ദ്രനെ
വിളിയ്ക്ക നാം വന്മുതലിന്നി,ന്ദ്രനെച്ചെറുതിന്നുമേ! (5)

വൃഷാവേ, മേഘമിതിനെസ്സർവാഭീഷ്ടസഹപ്രദ,
ഞങ്ങൾക്കായ്, ഞങ്ങളോ,'ടില്ലെ'ന്നോതാത്തോനേ, തുറക്ക നീ! (6)

മറ്റുള്ളോരെക്കുറിച്ചുള്ള മേത്തരം സ്തോമമൊന്നുമേ
ഈ വജ്രഭൃത്താമിന്ദ്രന്നു ശരിയാം സ്തുതിയായ് വരാ! (7)

വൃഷാവി,'ല്ലെ'ന്നു ചൊല്ലാത്ത ശക്തിയുക്തൻ മനുഷ്യരിൽ
വന്നുചേരുന്നിതോജസ്സാൽ,ഗ്ഗോക്കളിൽക്കാളപോലവേ. (8)

ഏകനാം യാതൊരുവനോ മനുഷ്യർക്കും ധനത്തിനും,
ആയിന്ദ്രൻതന്നെയുടയോൻ, പഞ്ചഭൂവാസികൾക്കുമേ! (9)

നിങ്ങൾക്കുവേണ്ടി,സ്സർവർക്കും മീതെയായ് മേവുമിന്ദ്രനെ
വിളിയ്ക്കാം ഞങ്ങള;–വിട്ടുന്നേറെ നോക്കട്ടെ നമ്മളെ! (10)

### കുറിപ്പുകൾ: സൂക്തം 7.

1. ഗായകർ=ഉദ്ഗാതാക്കൾ. ബൃഹത്ത്–തന്നാമകമായ സാമം; സാമവേദികൾ സാമം പാടി. അർച്ചകർ=ഹോതാക്കൾ ഋങ്മന്ത്രം ചൊല്ലി. അന്യർ വാണിയാൽ (യജുർവാക്യങ്ങൾകൊണ്ടു) സ്തുതിച്ചു. അങ്ങ്–യാഗശാലയിൽ.
2. വിളിച്ചാൽപ്പൂട്ടിനില്ക്കുന്ന–സാരഥിയും മറ്റും വേണ്ടാ; സ്വയം രഥബദ്ധരായി നിന്നുകൊള്ളും. വജ്രി=വജ്രമെന്ന ആയുധമുള്ളവൻ. ഹിരണ്മയൻ=സ്വർണ്ണമയൻ; സ്വർണ്ണാഭരണഭൂഷിതൻ.
3. കാഴ്ചയ്ക്കായ്–പ്രാണികൾക്കു ദർശനശക്തിയുണ്ടാകാൻ. ദ്യോവ്=ആകാശം.
4. ദുർദ്ധർഷൻ-ആക്രമിയ്ക്കപ്പെടാവല്ലാത്തവൻ. പരിരക്ഷ–രക്ഷണോപായം, രക്ഷാനിര.
5. ഇണങ്ങിനിന്നു–നാം ഒത്തൊരുമിച്ച്. വമ്പിച്ച സമ്പത്തിനും അല്പ സമ്പത്തിന്നും (അതു തരാൻ).

6. വൃഷാവ്=വൃഷ്ടിപ്രവർത്തകൻ. സർവാഭീഷ്ടസഹപ്രദ=എല്ലാ അഭീഷ്ടങ്ങളെയും ഒന്നിച്ചു നല്കുന്നവനേ. ഞങ്ങളോടില്ലേന്നോതാത്തോനേ—ഞങ്ങൾക്ക് എന്തും തരുന്നവനേ. മേഘമിതിനെ തുറക്ക—മഴ പെയ്യിച്ചാലും.

7. മറ്റുള്ളോരെ(അന്യദേവന്മാരെ)ക്കുറിച്ചുള്ള സ്തുതിയൊന്നും ഇന്ദ്രന്നനുരൂപമായ സ്തുതിയാവില്ല: അവരിലൊക്കെ മീതെയാണ്, ഇന്ദ്രൻ.

8. വന്നുചേരുന്നു—മനുഷ്യരെ അനുഗ്രഹിപ്പാൻ വന്നെത്തുന്നു.

9. ഒരേ ഇന്ദ്രനാണ്, മനുഷ്യർക്കും ധനത്തിനും ഭരണകർത്താവ്; അദ്ദേഹം തന്നെ, പഞ്ചഭൂവാസികൾക്കും (ഭൂമിയിലെ അഞ്ചുവർഗ്ഗങ്ങൾക്കും) ഉടയവൻ.

10. ഋത്വിഗ്യജമാനരോട്: ഏറെ നോക്കട്ടെ—അധികം അനുഗ്രഹിയ്ക്കട്ടെ.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## ഒന്നാം അദ്ധ്യായം

### മണ്ഡലം 1    അനുവാകം 3

## സൂക്തം 8.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

എതിർപ്പോരെജ്ജയിച്ചെന്നും തോല്പിയ്ക്കും സേവ്യമാം ധനം
കോരിച്ചൊരിഞ്ഞരുൾക നീയിന്ദ്ര, സംരക്ഷണത്തിനായ്: (1)

എന്നാലിടിച്ച തടയാമല്ലോ ഞങ്ങൾക്കു മാററരെ,
ഭവാനാൽപ്പാലിതന്മാരാം ഞങ്ങൾക്കശ്വത്തിനാലുമേ! (2)

ഭവാനാൽപ്പാലിതന്മാരാം ഞങ്ങളിന്ദ്ര, രണങ്ങളിൽ
കടുത്ത വജ്രം കൈക്കൊണ്ടു ജയിയ്ക്കാവൂ, രിപുക്കളെ! (3)

ഇന്ദ്ര, നിൻതുണയാലെങ്ങൾ നേടാവൂ ശൂരയോധരെ;
എന്നിട്ടു തീരെത്തോല്പിച്ചുവിടാവൂ ശത്രുസേനയെ! (4)

പെരിയോൻ, മുന്തിയോനിന്ദ്രൻ: നില്ക്ക, വജ്രിയ്ക്കു മേന്മകൾ;
വാനിടംപോലെ വിസ്തീർണ്ണമാകയും ചെയ്ക, തൽബലം! (5)

ആണുങ്ങളാഹവത്തിങ്കല,ഥവാ പുത്രലബ്ധിയിൽ,
മേധാഢ്യർ സന്തതിയ്ക്കായോ സ്തുതിച്ചാൽക്കൈവരും ഫലം. (6)

സോമമേററം ചെലുത്തുന്ന വയർ വാരാശിപോലവേ
വേലിയേറുന്നു; ചേരുന്നു വെള്ളം പെരുതു വായയിൽ! (7)

മാന്യം, നാനോപചാരാഢ്യ,മവൻറെ തിരുനേർമൊഴി
ഗോപ്രദം യജമാനന്നു, പഴക്കൊമ്പെന്നപോലവേ! (8)

ഇമ്മട്ടിലുള്ളതാണല്ലോ, നിൻറെയൈശ്വര്യമിന്ദ്രനേ:
എന്നെപ്പോലുള്ള ഹോതാവിന്നപ്പൊഴേ രക്ഷയായ്വരും! (9)

ഇമ്മട്ടിലുള്ളതാണല്ലോ: കാമ്യം, ശ്ലാഘാക്ഷരോചിതം,
ഇന്ദ്രന്നു സോമപാനത്തിന്ന,വങ്കൽ സ്തോമമുക്ഥവും! (10)

### കുറിപ്പുകൾ: സൂക്തം 8.

1. ധനമുണ്ടായാൽ, ശൂരരായ ഭടരേയും മറ്റും ഏർപ്പെടുത്തി ശത്രുക്കളെ ജയിയ്ക്കാമല്ലോ. അരുൾക = തരിക.
2. ഇടിച്ച—മുഷ്ടിപ്രഹരംചെയ്യുന്ന കാലാൾപ്പടകൊണ്ടും കുതിരപ്പടകൊണ്ടും മാററരെ (ശത്രുക്കളെ) തടയാം.
5. വജ്രിയ്ക്കു (വജ്രായുധനായ ഇന്ദ്രന്നു) മേന്മകൾ (=ഉന്നതികൾ, മഹത്ത്വങ്ങൾ ) നില്ക്ക—നിലനില്ക്കട്ടെ. ചെയ്ക—ചെയ്യട്ടെ. തൽബലം-അവന്റെ (ഇന്ദ്രൻറെ) ബലം (സൈന്യം).
6. സ്തുതിച്ചാൽ—ഇന്ദ്രനെ.
7. വാരാശി = സമുദ്രം. ഇന്ദ്രന്റെ സോമനീർക്കൊതി!
8. തിരുനേർമൊഴി = സത്യമായ തിരുമൊഴി, അരുളപ്പാട്. ഗോപ്രദം = ഗോക്കളെ കൊടുക്കുന്നത്. പഴങ്ങൾ നിറഞ്ഞ വൃക്ഷക്കൊമ്പ് എല്ലാവർക്കും മതിവരുത്തുമല്ലോ.
9. അപ്പൊഴേ—കർമ്മാനുഷ്ഠാനസമയത്തുതന്നെ.

10. ഇന്ദ്രനെ സോമപാനത്തിന്നായി സ്തോമം (സാമസ്തോത്രം) കൊണ്ടും, ഉക്ഥം (ഋക്സ്തോത്രം) കൊണ്ടും സ്തുതിയ്ക്കുന്നത് ഇമ്മട്ടിലുള്ളതാണ്. എമ്മട്ടിൽ? കാമ്യവും ശ്ലാഘാക്ഷരോചിതവും; ശ്ലാഘാക്ഷരോചിതം = ശ്ലാഘാർഹം.

## സൂക്തം 9.

ഋഷിഛന്ദോദേവതകൾ മുമ്പേത്തവ.

വരികിന്ദ്ര: ഭവാൻ സോമരസമാമന്നമൊക്കയും
ഭുജിച്ചു മത്തിയന്നേ,റ്റം കെല്പാൽത്തോല്പിയ്ക്കു മാററരെ! (1)

പിഴിഞ്ഞുവെച്ചതിൽ പ്രീതിപ്രദമാമിതൊഴിയ്ക്കുവിൻ
ഹർഷിയ്ക്കും വിശ്വകർമ്മാവാമിന്ദ്രന്നായ്, നല്പിയറ്റവാൻ. (2)

മത്തുകൊള്ളുക,മത്തേകം സ്തോമത്താൽ മഞ്ജുനാസിക;
ഒപ്പം സർവനരാരാദ്ധ, വരികി,സ്സവനങ്ങളിൽ. (3)

വർഷിയ്ക്കും നാഥനാം നിന്നെപ്പറ്റിത്തീർത്തേൻസ്തവങ്ങൾ ഞാൻ;
അവ നിങ്കലുയർന്നെത്തീ; ഇന്ദ്ര, കൈക്കൊണ്ടിതങ്ങയും. (4)

ഇന്ദ്ര, വർഷിയ്ക്കുകിങ്ങോട്ടു മികച്ച വിവിധം ധനം:
ഭവാന്റെ പക്കലുണ്ടല്ലോ, വേണ്ടുവോളവുമേറെയും. (5)

പ്രേരിപ്പിയ്ക്കുക, സമ്പത്തുണ്ടാകാനിന്ദ്ര, ശരിയ്ക്കതിൽ
വെമ്പൽക്കൊള്ളും പുകൾപ്പെട്ട ഞങ്ങളെത്തുംഗവിത്ത, നീ! (6)

അന്നവും ഗോക്കളും വായ്ച്ച മികച്ച വളരെദ്ധനം
നല്കു ഞങ്ങൾക്കു നിയിന്ദ്ര, ശാശ്വതം വിശ്വജീവനം. (7)

നല്കു ഞങ്ങൾക്കുരുയശസ്സാ,യിരത്തോതിൽ വിത്തവും
ഒട്ടേറെ വണ്ടികളൊടൊത്തന്നവൃന്ദവുമിന്ദ്ര, നീ! (8)

ഋക്കെണ്ണിക്കൊണ്ടുഴന്നാളും ധനപാലകനിന്ദ്രനെ,
ധനം രക്ഷിപ്പതിന്നായി, സ്തുതി ചൊല്ലി വിളിയ്ക്കു നാം! (9)

നിശ്ചിതസ്ഥാനനാം പ്രൌഢനിന്ദ്രന്നായ് പ്പേർത്തുപേർത്തുമേ
പിഴിഞ്ഞുവെച്ച,രുബലം വാഴ്ത്തുന്നൂ സർവകർമ്മിയും. (10)

### കുറിപ്പുകൾ: സൂക്തം 9.

1. മത്ത്=മദം, ലഹരി.
2. അധ്വര്യക്കളോട്: പിഴിഞ്ഞുവെച്ചതിൽ (സോമനീരിൽ) ഇത്–(ഹസ്തനിർദ്ദേശം) ഈ സോമനീർകൂടി ഒഴിയ്ക്കുവിൻ അത് ഇന്ദ്രന്നു പ്രീതികരമായിരിയ്ക്കും. വിശ്വകർമ്മാവ്–സർവകർമ്മനിർവാഹകൻ. നല്പിയറ്റവാൻ–നമുക്കു നന്മ വരുത്തുവാൻ.
3. മഞ്ജുനാസിക=അഴകൊത്ത മൂക്കുള്ളവനേ. ഒപ്പം–മറ്റു ദേവകളോടുകൂടി. സർവനരാരാദ്ധ-എല്ലാ മനുഷ്യരാലും പൂജിയ്ക്കപ്പെട്ടവനേ. സവനങ്ങൾ=യജ്ഞങ്ങൾ.
4. വർഷിയ്ക്കും–അഭീഷ്ടങ്ങളെ പെയ്തുതരുന്ന. നാഥൻ=രക്ഷിതാവ്. തീർത്തേൻ–ഉണ്ടാക്കി. അവ ഉയർന്ന് അങ്ങയുടെ അടുക്കലെത്തുകയും, അങ്ങു സ്വീകരിക്കുകയുംചെയ്തിരിയ്ക്കുന്നു.
6. അതിൽ–കർമ്മത്തിൽ. തുംഗവിത്ത=സമ്പത്തേറിയവനേ.
7. വിശ്വജീവനം–എല്ലാവർക്കും ജീവിപ്പാനുതകുന്നത്.
8. ഒട്ടേറെ വണ്ടികളൊത്ത്–വളരെ വണ്ടികളിൽ കേറ്റപ്പെട്ട.

9. ഋക്കെണ്ണിക്കൊണ്ട്–ഋക്കുകൾ (സ്തോത്രങ്ങൾ) ഒന്നൊന്നായി സ്വീകരിച്ചുകൊണ്ട്. എഴുന്നള്ളും–യാഗസ്ഥലങ്ങളിലെയ്ക്കു പോകുന്ന.

10. നിശ്ചിതസ്ഥാനൻ–യാഗശാലയിൽ ഇന്ദ്രന്നു സ്ഥാനമിന്നതെന്നു വ്യവസ്ഥയുണ്ട്. ഉരുബലം–ഇന്ദ്രന്റെ മഹത്തായ ബലം. സർവകർമ്മിയും–എല്ലാ യജമാനന്മാരും

## സൂക്തം 10.

ഋഷിദേവതകൾ മുമ്പേത്തവ; അനുഷ്ടുപ്പ് ഛന്ദസ്സ്. (കാകളി)

ഗായകർ പാടുന്നു നിന്നെക്കുറിച്ച്;—ർച്ച-
നീയനാം നിന്നെസ്സമർച്ചിപ്പു മാന്ത്രികർ;
പിന്നെയോ, പൊക്കുന്നു വംശത്തിനെപ്പോലെ
നിന്നെശ്ശതക്രതോ, ബ്രഹ്മപ്രഭൃതികൾ. (1)

സാനുവിൽനിന്നന്യസാനുവിലേറി,യ-
ന്യൂനമാം കർമ്മം തുടങ്ങിയാലപ്പൊഴേ
ഇംഗിതമെന്തെന്നറിഞ്ഞു, ഗണത്തൊടൊ-
ത്തങ്ങോട്ടെഴുന്നള്ളു,മിന്ദ്രൻ ബഹുപ്രദൻ. (2)

പൂട്ടുക, കീഴ്ക്കാറു വീർപ്പിപ്പതായ്,സ്സട-
ക്കൂട്ടമിയന്ന യുവാശ്വദ്വയത്തെ നീ;
എന്നിട്ടു, ഞങ്ങൾതൻ സ്തോത്രങ്ങൾ കേൾക്കുവാൻ
വന്നാലു,മിങ്ങിന്ദ്ര, സോമപായിൻ, ഭവാൻ! (3)

വന്നെത്തുക വസോ: സ്തോമങ്ങളെക്കുറി-
ച്ചൊന്നു ശബ്ദിയ്ക്ക, വർണ്ണിയ്ക്കുക, മൂളുക;
എന്നിട്ടു, ഞങ്ങൾക്കു യജ്ഞവുമന്നവു—
മൊന്നിച്ചു വർദ്ധിയ്ക്കുമാറാക്കുകിന്ദ്ര, നീ! (4)

പറ്റലർക്കുട്ടരെപ്പായിയ്ക്കുമിന്ദ്രനെ-
പ്പറ്റിജ്ജപിയ്ക്ക, നാമുക് ഥം സമൃദ്ധിദം:
ശബ്ദിച്ചരുളട്ടെ ശക്രനീ, നമ്മുടെ
പുത്രരോടും സുഹൃത്ത്വത്തിൽ നില്പോരൊടും! (5)

മിത്രതാവാപ്തിയ്ക്കു ചെല്ലവങ്കൽ ധന-
ലബ്ധിയ്ക്കുവങ്കൽ,സ്സുശക്തിയ്ക്കുവങ്കൽ നാം:
അത്രയല്ലാളുമാമല്ലോ, നമുക്കൊക്കെ
വിത്തം തരും ശക്രനിന്ദ്രൻ തിരുവടി. (6)

അന്നമെല്ലാടത്തുമെത്തീ ശരിയ്ക്കിന്ദ്ര,
നിന്നാൽ പ്രശോധിതമായി, സുപ്രാപമായ്;
ഇന്നിത്തുറക്കുക പൈത്തൊഴുത്തൊന്നു നീ;
കുന്നെതിർവജ്രനേ, നേടുക വിത്തവും! (7)

ഇന്ദ്ര, ഭവാന്റെ രിപുവധപ്രാഭവ-
മൊന്നൊതുങ്ങീടുകില്ലു,ഴിവാനങ്ങളിൽ;
അങ്ങിനിത്തണ്ണീർ പൊഴിയ്ക്കുക വിണ്ണിൽനി-
ന്നെ,ങ്ങൾക്കയയ്ക്കയും ചെയ്യുക, പൈക്കളെ! (8)

കേൾക്കെൻവിളി ജവാൽ സർവതഃകർണ്ണ, നീ;
ചേർക്ക തിരുവുള്ളിലെന്നുടെ വാക്കുകൾ;
എന്നുടേതാകുമിസ്തോമം സഖാവിൻറെ-

യെന്നപോലംഗീകരിച്ചാലുമിന്ദ്ര, നീ! (9)

ഞങ്ങളറിയുന്നു: കോരിച്ചൊരിയുവോ—
ന,ങ്ങെങ്ങൾതൻ വിളി കേൾക്കുവോൻ പോർകളിൽ;
കോരിച്ചൊരിയും ഭവാനെ വിളിയ്ക്കുന്നി-
തോ,രായിരം തരും രക്ഷയോർത്തിജ്ജനം. (10)

വന്നരുൾകിന്ദ്ര, ഹേ കൌശിക, ഞങ്ങളി—
ലു,ന്നമ്രഹർഷം കുടിയ്ക്കുക സോമനീർ
ആയതമാക്കുക, നവ്യമാമായുസ്സോ;-
രായിരം കിട്ടുമൃഷിയാക്കുകെന്നെ നീ! (11)

ചെറേറെ നീണ്ടൊരായുസ്സൊക്കുമങ്ങയെ—
പററിയെല്ലാററിലും വായ്ക്കുമീ വാക്കുകൾ.
സ്തുത്യർഹനാം നിങ്കൽ വന്നെത്തി ഞങ്ങളെ-
യുത്തോഷരാക്കട്ടെ,യങ്ങു കൈക്കൊൾകയാൽ! (12)

## കുറിപ്പുകൾ: സൂക്തം 10.

1. ഗായകർ—സാമവേദികൾ. അർച്ചനീയൻ-പൂജനീയൻ, സ്തുത്യൻ. സമർച്ചിപ്പു=വഴിപോലെ പൂജിയ്ക്കു ന്നു, സ്തുതിയ്ക്കുന്നു. മാന്ത്രികർ=മന്ത്രം. (ഋക്ക്) ചൊല്ലുന്നവർ. ബ്രഹ്മപ്രഭൃതികൾ—ബ്രഹ്മാവും (പരികർമ്മികളിലൊരാളുടെ സ്ഥാനപ്പേർ) മറ്റും. വംശത്തിനെപ്പോലെ ‘കമ്പക്കളി’ക്കാർ മുളയെ എന്നപോലെ; അഥവാ, നല്ല ആൾ സ്വകുലത്തെ എന്നപോലെ. പൊക്കുന്നു=പൊന്തിയ്ക്കുന്നു, മഹത്ത്വപ്പെടുത്തുന്നു.
2. യജമാനൻ ഒരു സാനു (മലഞ്ചെരി) വിൽനിന്നു മറെറാന്നിൽ കേറി സോമലതയും മറ്റുംകൊണ്ടുപോന്ന് അന്യൂനമാം (കുറവൊന്നുമില്ലാത്ത) കർമ്മം (യജ്ഞം) തുടങ്ങുന്നതോടേ, ഇന്ദ്രൻ അവിടെയ്ക്കു പുറപ്പെടും. ഇംഗിതം—യജമാനന്റെ അന്തർഗ്ഗതം. ഗണം—മരുത്സമൂഹം. ബഹുപ്രദൻ=വളരെ കൊടുക്കുന്നവൻ.
3. കീഴ്വാറ് (കുതിരയുടെ വയററത്തു കെട്ടുന്നത്) വീർക്കുന്നത്, കുതിരയുടെ അംഗപുഷ്ടികൊണ്ടാകുന്നു. സട=കുഞ്ചിരോമം. യുവാശ്വദ്വയം=യൌവന പ്രായക്കാരായ രണ്ടു കുതിരകൾ, ഹരികൾ. പൂട്ടുക=തേരോടുചേർത്തുകെട്ടുക. സോമപായിൻ=സോമം കുടിയ്ക്കുന്നവനേ.
4. വസോ=വസിപ്പിയ്ക്കുന്നവനേ, പ്രാണികളെ പൊറുപ്പിയ്ക്കുന്നവനേ. ശബ്ദിച്ചും (പ്രീതിസൂചകമായ ഒരൊച്ച പുറപ്പെടുവിച്ചും), വർണ്ണിച്ചും, മൂളിയും ഞങ്ങളുടെ സ്തോമ (സ്തോത്ര)ങ്ങളെ അഭിനന്ദിച്ചാലും.
5. ഉക്ഥം=ആ പേരിലുള്ള സ്തോത്രം. സമൃദ്ധിദം=സമ്പൽകരം. ശബ്ദിച്ചരുളട്ടെ—നമ്മെപ്പറ്റി ശ്ലാഘിച്ചു സംസാരിയ്ക്കട്ടെ. സുഹൃത്ത്വത്തിൽ നിൽപ്പോർ=സ്നേഹത്തിൽ വർത്തിയ്ക്കുന്നവർ, സ്നേഹിതന്മാർ.
6. മിത്രതാവാപ്തിയ്ക്ക്—ഇന്ദ്രൻറെ മൈത്രി കിട്ടാൻ. ആളുമാം=സമർത്ഥനുമാകും നമ്മെ രക്ഷിപ്പാൻ അവിടെയ്ക്കു കഴിവുണ്ട്.
7. സുപ്രാപം=സുലഭം. ഇന്നി=ഇനി. കുന്നെതിർവജ്രനേ=മലയ്ക്കൊത്ത വജ്രമുള്ളവനേ. നേടുക—പ്രാർത്ഥിയ്ക്കുന്നവർക്കു കൊടുക്കാൻ.

8. അങ്ങയ്ക്കു ശത്രുവധത്തിലുള്ള മിടുക്ക് ഊഴിവാനങ്ങളിൽ ഒതുങ്ങുകില്ല; അവയെക്കാളും വിസ്തീർണ്ണമാണത്.

9. സർവതഃകർണ്ണ=എല്ലാടത്തും ചെവിയുള്ളവനേ; എല്ലാം കേൾക്കുന്നവനേ. വാക്കുകൾ–സ്തുതികൾ. ഒരു സുഹൃത്തിൻറെ വാക്കുപോലെ, എൻറെ ഈ സ്തുതി അങ്ങയെ പ്രീതിപ്പെടുത്തട്ടെ.

10. ഓരായിരം തരും–വളരെ ഗുണമുളവാക്കുന്ന. ഇജ്ജനം–ഞങ്ങൾ. രക്ഷയോർത്ത്–രക്ഷയ്ക്കുവേണ്ടി.

11. കൌശികൻ–ഇന്ദ്രപര്യായം. ഞങ്ങളിൽ–ഞങ്ങളുടെ അടുക്കൽ. ആയതം=നീണ്ടത്. നവ്യം=സ്തുത്യം. ആയുസ്സു ദീർഘിച്ചാൽ പോരാ, പ്രശംസനീയവുമാകണം. ആയിരം കിട്ടും–വളരെ സിദ്ധികൾ കൈവന്ന.

12. എല്ലാററിലും–സർവകർമ്മങ്ങളിലും. ഉത്തോഷർ=സന്തോഷമുയർന്നവർ.

## സൂക്തം 11.

മധുച്ഛന്ദസ്സിന്റെ മകൻ ജേതാവ് ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

തേരാളിമാരിൽ മികച്ച തേരാളിയായ്-
ച്ചോറിന്റെ നാഥനായ്സ്സജ്ജനപാലനായ്
വാരാശിപോലേ വിശാലനാമങ്ങയെ-
പ്പാരം വളർത്തുമാറാക, വാക്കൊക്കയും! (1)

അന്നസമ്പന്നരായ് നിർഭയരാകെങ്ങൾ,
നിന്നുടെ മൈത്രിയാലിന്ദ്ര, ബലപ്രഭോ;
ഞങ്ങൾ നികാമം പരക്കെ സ്തുതിയ്ക്കാവൂ,
ഭംഗം പെടാത്ത ജേതാവാകുമങ്ങയെ! (2)

ഇന്ദ്രൻറെ സമ്പൽപ്രദാനപ്രവൃത്തി പ-
ണ്ടെന്നോ തുടങ്ങിയതാണെന്നിരിയ്ക്കയാൽ,
ചേരില്ല രക്ഷയ്ക്കിടിച്ചിൽ, പശുവിനും
ചോറിന്നുമായ്പ്പണം കർമ്മികൾക്കേകിയാൽ! (3)

ഇന്ദ്രൻ പുരങ്ങൾ പിളർത്തുന്നവൻ, കവി-
യെന്നും യുവാവ,പ്രമേയബലാന്വിതൻ,
കർമ്മത്തെയൊക്കയും പുഷ്ടിപ്പെടുത്തുവോ–
ന,ന്മിഷദ്വജ്രന,നേകത്ര സംസ്തുതൻ! (4)

ഹേ വജ്രഭൃത്തേ, തുറന്നുവല്ലോ ബഹു-
ഗോവൃന്ദനായ വലന്റെ ബിലത്തെ നീ;
അപ്പോൾ ഭവാങ്കലണഞ്ഞാർ ഭയം വെടി-
ഞ്ഞു,ൽപ്പന്നപീഢരായ് മേവിന ദേവകൾ. (5)

ശൂര, നീ രക്ഷിച്ചതോർത്തു വന്നെത്തിനേൻ,
നീരിൽ പ്രകീർത്തിച്ചുകൊണ്ടു ഞാൻ പിന്നെയും:
ഭൂരിസ്തവാർഹ, ഭവാനെശ്ശരിയ്ക്കറി-
ഞ്ഞോരാണു, മുല്പാടുപാസിച്ച കർമ്മികൾ! (6)

മായകൾകൊണ്ടു മഥിച്ചുവല്ലോ, മഹാ-
മായാവിയാകിന ശുഷ്ണനെയിന്ദ്ര, നീ;
ആയതറിഞ്ഞിരിയ്ക്കുന്നു മേധാവികൾ
ഭൂയിഷ്ഠമാക്കുക, ഭക്ഷ്യമവർക്കു നീ! (7)

ആരൊരാൾ ചെയ്യുന്ന വിത്തപ്രദാനങ്ങ-
ളോരായിരമോ, ശരിയ്ക്കതിലേറെയോ,
പാരിച്ച കെല്പൊക്കുമാ നാഥനിന്ദ്രനെ
സ്വൈരം സ്തുതിയ്ക്കുവിൻ, നിങ്ങൾഋത്വിക്കുകൾ! (8)

## കുറിപ്പുകൾ: സൂക്തം 11.

1. തേരാളി–തേരിൽക്കേറി പൊരുതുന്നവൻ. വാക്ക്–ഞങ്ങളുടെ സ്തുതി.
2. ബലപ്രഭു = ബലരക്ഷകൻ. നികാമം = ഏററവും. ഭംഗം = തോല്മ.
3. കർമ്മികൾക്കു (ഋത്വിക്കുകൾക്കു) ദക്ഷിണയായി പണം കൊടുത്ത യജമാനന്നു ചേതമൊന്നും വരില്ല: ഇന്ദ്രൻ എന്നും ധനം കൊടുത്തുകൊണ്ടിരിയ്ക്കും.
4. പുരങ്ങൾ = അസുരനഗരങ്ങൾ. കവി = മേധാവി. ഉന്മിഷദ്വജ്രൻ = പ്രകാശിയ്ക്കുന്ന വജ്രത്തോടുകൂടിയവൻ. അനേകത്ര = വളരെ (യാഗ)സ്ഥലങ്ങളിൽ. സംസ്തുതൻ = നന്നായി സ്തുതിയ്ക്കപ്പെട്ടവൻ.
5. വലൻ എന്ന അസുരൻ ദേവന്മാരുടെ വളരെ ഗോക്കളെ അപഹരിച്ച് ഒരു ബിലത്തിൽ (ഗുഹയിൽ) ഒളിപ്പിച്ചു; അവയെ ഇന്ദ്രൻ ഗുഹ തുറന്നു വീണ്ടെടുത്തു. ഇങ്ങനെ ഒരു കഥയുണ്ട്. ഉൽപന്നപീഡർ–വലൻമൂലം ഉപദ്രവമുളവായവർ.
6. നീരിൽ–സോമയാഗത്തിൽ. പ്രകീർത്തിച്ചുകൊണ്ട്–അങ്ങയുടെ ദാനശീലത്വം ഉദ്ഘോഷിച്ചുകൊണ്ട്. മുല്പാടുപാസിച്ച (മുമ്പു ഭവാനെ സമീപിച്ച) കർമ്മികൾക്കറിയാം, ഭവാൻറെ ഔദാര്യം.
7. മഥിച്ചു–കൊന്നു. ശുഷ്ണൻ–ഒരസുരൻറെ പേർ. ഭൂയിഷ്ഠമാക്കുക–ധാരാളം കൊടുക്കുക.
8. വിത്തപ്രദാനങ്ങൾ = ധനദാനങ്ങൾ.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## ഒന്നാം അദ്ധ്യായം

### മണ്ഡലം 1 അനുവാകം 4

## സൂക്തം 12.

കണ്വപുത്രൻ മേധാതിഥി ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

വരിയ്ക്ക, നാമീയജ്ഞത്തിന്ന,ശേഷധനയുക്തനായ്,
ഹോതാവായ് ശുഭകർമ്മാവായ്, ദൂതനായ് നില്ക്കുമഗ്നിയെ! (1)

ആവാഹിയ്ക്കുന്നു, മന്ത്രങ്ങൾ ചൊല്ലി നിത്യം പ്രജേശനെ,
ഹവിസ്സേന്തും ബഹുപ്രീതികൃത്താമഗ്നിയെ,യഗ്നിയെ! (2)

വിളിയ്ക്ക, ദേവരെ,യിഹ ദർഭകൊയ്തോനുവേണ്ടി നീ:
അഗ്നേ, സ്തുത്യർഹനാം ഹോതാവെങ്ങൾക്ക,രണിജൻ ഭവാൻ. (3)

കൊതിയ്ക്കുമവരെ–ദൂതനല്ലോ–നേർക്കറിയിയ്ക്കുനീ;
വന്നിരിയ്ക്കുകയും ചെയ്കി,ക്കർമ്മത്തിൽദ്ദേവയുക്തനായ് ! (4)

നെയ്കൊണ്ടാഹുതനാമഗ്നേ, ദീപ്തനായ്ച്ചുട്ടെരിയ്ക്ക, നീ,
അരക്കരോടൊപ്പമുപദ്രവിയ്ക്കുമെതിരാളരെ! (5)

അഗ്നിയഗ്നിയുമായിച്ചേർന്നിട്ടുജ്ജ്വലിപ്പൂ ജുഹൂമുഖൻ,
എന്നും യുവാവു, മേധാവി, ഹവ്യവാഹൻ, ഗൃഹേശ്വരൻ! (6)

ചാരേ സ്തുതിപ്പിൻ യജ്ഞത്തിൽ മേധാഗുണസമേതനെ,
സത്യധർമ്മാവിനെ,ശ്ശത്രുമർദ്ദിയാമഗ്നിദേവനെ! (7)

യാതൊരാൾ ദൂതനാം നിന്നെയഗ്നിദേവ ഹവിസ്സിനാൽ
പൂജിച്ചുപോരു,മായാളെപ്പാലിച്ചരുൾക തീർച്ചയായ് ! (8)

ഹവിസ്സാൽദ്ദേവയജ്ഞത്തിന്നഗ്നിതങ്കലണഞ്ഞവൻ
ശുശ്രൂഷചെയ്യു,മവനെസ്സുഖിപ്പിയ്ക്കുക പാവക! (9)

വിളിയ്ക്ക ദേവകളെയിങ്ങ,ഗ്നേ, പാവക, ദീപ്ത, നീ;
എത്തിയ്ക്ക, ഞങ്ങളുടെയീ യജ്ഞവും ഹവ്യവും ഭവാൻ. (10)

അതിനൂതനഗായത്രംകൊണ്ടു സംസ്തുതനാം ഭവാൻ
സംഭരിയ്ക്കുക, ഞങ്ങൾക്കായ് സ്വത്തും വീരാന്വിതാന്നവും. (11)

അഗ്നേ, വെൺദീപ്തിയും സർവദേവാഹ്വാനവുമൊത്ത നീ
ഈയസ്മദിയമാം സ്തോമം കൈക്കൊണ്ടരുളിടേണമേ! (12)

### കുറിപ്പുകൾ: സൂക്തം 12.

1. ദേവകളുടെ ദൂതനത്രേ, അഗ്നി.
2. പ്രജേശൻ–മനുഷ്യരുടെ ഹോമാദികളെ രക്ഷിയ്ക്കുന്നവൻ. ഹവിസ്സേന്തും–ഹവിസ്സു ദേവകൾക്കു കൊണ്ടുകൊടുക്കാനായി വഹിയ്ക്കുന്ന. ബഹുപ്രീതികൃത്ത്=വളരെപ്പേർക്കു പ്രീതിയുണ്ടാക്കുന്നവൻ. അഗ്നി ഏകനെങ്കിലും, ആഹവനീയാദി സ്വരൂപേണ വർത്തിയ്ക്കുന്നു എന്നതുകൊണ്ടാണ്, അഗ്നിപദം രണ്ടെണ്ണം പ്രയോഗിച്ചിരിയ്ക്കുന്നത്. കർമ്മികൾ അഗ്നേ, അഗ്നേ, എന്നു ജപിച്ച് ആവാഹിയ്ക്കുന്നു എന്നും അർത്ഥമെടുക്കാം.

3. ദർഭകൊയ്യോൻ–യജ്ഞത്തിന്നു ദർഭ മുറിച്ചൊരുക്കിയവൻ; യജമാനൻ.അരണിജൻ–രണ്ടു മരപ്പൊളികൾ കൂട്ടിയുരസിയിട്ടാണ്, യാഗത്തിന്ന് അഗ്നിയെ ഉണ്ടാക്കുക; ആ മരത്തിന്ന് അരണി എന്നു പേർ.

4. അവർ (ദേവകൾ) ഹവ്യക്കൊതിയന്മാരാണ്: ഇവിടെ ഒരു യജ്ഞമുണ്ടെന്നറിയിയ്ക്കപ്പെട്ടാൽ ഇങ്ങോട്ടു പോന്നുകൊള്ളും.

5. ആഹ്ലതൻ = ഹോമിയ്ക്കപ്പെട്ടവൻ. ദീപ്തനായ് = ജ്വലിച്ച്. അരക്കരോടൊപ്പം–രാക്ഷസരെയും.

6. അഗ്നി–ആഹവനീയൻ. അഗ്നി = തിയ്യ്. ജുഹൂമുഖൻ–ജുഹൂ (ഹോമദ്രവ്യം കോരിയെടുക്കുന്ന ഒരു തരം കരണ്ടി) ആകുന്ന മുഖത്തോടുകൂടിയവൻ. ഗൃഹേശ്വരൻ–യാഗശാലയെ, അഥവാ യജമാനഗൃഹത്തെ രക്ഷിയ്ക്കുന്നവൻ.

10. എത്തിയ്ക്ക–ദേവകളുടെ അടുക്കൽ കൊണ്ടുവെയ്ക്കുക.

11. അതിനൂതനഗായത്രം–ഏററവും പുതുതായ (ഞങ്ങളുടെ പൂർവന്മാർക്കും കിട്ടിയിട്ടില്ലാത്ത) ഗായത്രീച്ഛന്ദസ്സിലുള്ള സ്തോത്രം. വീരാന്വിതാന്നം–വീരരായ പുത്രഭൃത്യാദികളോടുകൂടിയ അന്നം; ആഹാരസമൃദ്ധി വീരപുത്രാദികൾക്കു കാരണമാകുമല്ലോ.

12. സർവദേവാഹ്വാനം–ദേവകളെയെല്ലാം വിളിപ്പാൻ സ്വയം നിർമ്മിച്ച സ്തോത്രങ്ങൾ. അസ്മദീയം = ഞങ്ങളുടേത്.

## സൂക്തം 13.

ഋഷി—ച്ഛന്ദസ്സുകൾ മുമ്പേത്തവതന്നേ; സമിദ്ധാദികളായ പന്തിരണ്ടുപേർ ദേവതകൾ.

വിളിയ്ക്കുക,സ്മൽക്കർമ്മിയ്ക്കായഗ്നേ, ദേവകളെബ്ഭവാൻ;
സമിദ്ധനാം നീ ഹോതാവേ, ചെയ്ക പാവക, യജ്ഞവും! (1)

കവേ, തനൂനപാത്താം നീ ദേവകൾക്കമറേത്തിനായ്
എത്തിയ്ക്ക ഞങ്ങളുടെയീത്തേൻ കലർന്ന ഹവിസ്സിനെ! (2)

നരാശംസനെ ഞാനിങ്ങീ യജ്ഞത്തിന്നു വിളിയ്ക്കുവൻ,
ഹവിഷ്കർത്താവിനെ,ത്തേൻനാവുള്ളോനെ, പ്രീതിദായിയെ. (3)

ഈഡിതൻ നീ സുഖത്തേരിലെഴുന്നള്ളിയ്ക്ക, ദേവരെ:
ഹോതാവല്ലോ ഭവാനഗ്നേ, മന്ത്രപൂർവം പ്രതിഷ്ഠിതൻ. (4)

മീതേ നൈവെച്ച ബർഹിസ്സിങ്ങിടവുർത്തു വിരിയ്ക്കുവിൻ:
ഇതിങ്കലകമൃതാലോകമുണ്ടാമല്ലോ, സുധീകളേ. (5)

സത്യം വളർത്തുമാൾപൂകാദ്ദീപ്രദ്വാരങ്ങളൊക്കയും
തുറന്നിടുവിനി,ന്നാളിൽത്തീർച്ചയായും യജിയ്ക്കുവാൻ. (6)

വിളിപ്പു ഞാന,ഴകെഴും നക്തോഷസ്സുകളെ സ്വയം,
ഈ യജ്ഞേ നമ്മളുടെയിദ്ദർഭമേൽ വന്നുചേരുവാൻ. (7)

സുജിഹ്വരായ്ക്കവികളാം ഹോതൃദൈവ്യരെയിങ്ങു ഞാൻ
വിളിയ്ക്കുന്നേൻ: നടത്തട്ടെ,യവർ നമ്മുടെയീ മഖം! (8)

തിളങ്ങുവോരിള, സരസ്വതി, ഭാരതി, മൂന്നുപേർ
വന്നെത്തുകിങ്ങ,ക്ഷയമാർ ദർഭമേൽസുഖദാത്രിമാർ. (9)

ഉൽകൃഷ്ടനാകും ത്വഷ്ടാവാം വിശ്വരൂപനെയിങ്ങു ഞാൻ
വിളിച്ചിടുന്നേന;-വിടുന്നേറെ നോക്കട്ടെ, നമ്മളെ! (10)

ഹവിസ്സിനെദ്ദേവ, ഭവാൻ ദേവകൾക്കു വനസ്പതേ,
നേരേ കൊണ്ടുകൊടുത്താലും: ജ്ഞാനം നേടട്ടെ ദായകൻ. (11)

സ്വാഹായജ്ഞത്തെയിന്ദ്രന്നായ് നിങ്ങൾ യഷ്ട്യനികേതനേ
നടത്തുവിൻ; ദേവകളെ വിളിയ്ക്കാമവിടെയ്ക്കു ഞാൻ. (12)

### കുറിപ്പുകൾ: സൂക്തം 13.

1. അസ്മൽകർമ്മി—ഞങ്ങളുടെ യജമാനൻ. സമിദ്ധൻ—സമിദ്ധനെന്ന അഗ്നി.
2. കവേ=ഹേ മേധാവിൻ. തനൂനപാത്ത്—അപ്പേരിലുള്ള അഗ്നി. തേൻ കലർന്ന—മധുരമായ, സ്വാദേറിയ.
3. നരാശംസൻ—തന്നാമകനായ അഗ്നി. ഹവിഷ്കർത്താവ്=ഹവിസ്സൊരുക്കുന്നവൻ. തേൻനാവുള്ളോൻ—മധുരഭാഷിയായ, മധുരഭോജിയായ നാവുള്ളവൻ.

4. ഈഡിതൻ–അപ്പേരിലുള്ള അഗ്നി. സുഖത്തേർ–ഇരിപ്പാൻ സുഖമുള്ള രഥം. മന്ത്രപൂർവം പ്രതിഷ്ഠിയ്ക്കപ്പെട്ട ഭവാൻ ഹോതാവാണല്ലോ. ഹോതാവ്=വിളിയ്ക്കുന്നവൻ. ദേവകളെ വിളിപ്പാനാണല്ലോ, അങ്ങയെ പ്രതിഷ്ഠിച്ചിരിയ്ക്കുന്നത്.

5. നൈവെച്ച–നൈനിറച്ച സ്രുക്കുകൾ (ഒരു തരം കരണ്ടികൾ) വെച്ച. ബർഹിസ്സ്= ദർഭപ്പുല്ല്; ബർഹിസ്സ് എന്ന അഗ്നിയെ സൂചിപ്പിക്കുന്നു. ഇതിങ്കൽ–ദർഭ വിരിപ്പിൽ. അമൃതാലോകം–അമൃതിന്നൊത്ത നെയ്യിന്റെ, അഥവാ അമൃതന്റെ (മരണരഹിതനായ ബർഹിസ്സ് എന്ന അഗ്നിയുടെ) ദർശനം. സുധീകളേ–സൽബുദ്ധികളായ ഋത്വിക്കുകളേ.

6. സത്യം വളർത്തും–സത്യാ(യജ്ഞാ)ഭിവൃദ്ധികരങ്ങളായ. ആൾപൂകാദ്ദീപ്രദ്വാരങ്ങൾ– ജനപ്രവേശമില്ലാത്ത ഉജ്ജ്വലദ്വാരങ്ങൾ. യജിക്കുക=യജ്ഞം ചെയ്യുക.

7. നക്തോഷസ്സുകൾ–നക്തം, ഉഷസ്സ് എന്ന രണ്ട് അഗ്നിമൂർത്തികൾ.

8. സുജിഹ്വർ=നല്ല (പ്രിയസത്യവാദിയായ) നാവ്, അല്ലെങ്കിൽ ജ്വാല, ഉള്ളവർ. കവികൾ =മേധാവികൾ. ഹോതൃദൈവ്യർ=ഹോതാവെന്നും ദൈവ്യനെന്നും പേരുള്ള രണ്ടഗ്നികൾ. മഖം=യാഗം.

9. ദർഭമേൽ വന്നെത്തുക–വന്നു ദർഭവിരിപ്പിൽ ഇരിയ്ക്കട്ടെ.

10. ത്വഷ്ടാവ്–ആ പേരിലുള്ള അഗ്നി. വിശ്വരൂപൻ–വിവിധസ്വരൂപൻ. ഏറെ–മറ്റുള്ളവരെ നോക്കുന്ന (അനുഗ്രഹിക്കുന്ന)തിനെക്കാൾ അധികം.

11. വനസ്പതി–തന്നാമകാഗ്നി. ദായകൻ–ഹവിസ്സുകൊടുത്തവൻ, യജമാനൻ.

12. സ്വാഹായജ്ഞം–സ്വാഹ എന്ന അഗ്നിയാൽ സംപാദിതമായ യാഗം. യഷ്ടൃനികേതനേ=യജമാൻറെ ഗൃഹത്തിൽവെച്ച്.

## സൂക്തം 14.

മേധാതിഥി ഋഷി; ഗായത്രി ഛന്ദസ്സ്; വിശ്വദേവകൾ ദേവത.

ഈയെല്ലാദ്ദേവകളുമൊത്തഗ്നേ, സ്തുതിയുമർച്ചയും
കൈക്കൊണ്ടു സോമം നുകരാൻ വന്നെത്തുക, യജിയ്ക്ക നീ. (1)

അഗ്നേ, നിന്നെ വിളിയ്ക്കുന്നു, തവ കർമ്മങ്ങളും കവേ
വാഴ്ത്തുന്ന മേധാവികളി;ങ്ങാഗമിയ്ക്ക, സദേവനായ്. (2)

ഇന്ദ്രൻ, വായു, ഭഗൻ, മിത്രൻ, പൂഷാവ,ഗ്നി ബൃഹസ്പതി,
ആദിത്യന്മാർ, മരുദ്വർഗ്ഗം, യജിയ്ക്കുകിവരെബ്ഭവാൻ., (3)

ഇറ്റിച്ചു വെച്ചിരിക്കുന്നു നിങ്ങൾക്കായ്ച്ചമസാദിയിൽ,
തൃപ്തിയും മത്തുമുളവാക്കുന്ന തേനായ സോമനീർ. (4)

സ്തുതിയ്ക്കുന്നു സ്വരക്ഷയ്ക്കുവേണ്ടി മേധാഢ്യരങ്ങയെ,
മുറയ്ക്കു ദർഭകൾ മുറിച്ച,ണിചാർത്തി, ഹവിസ്സുമായ്. (5)

പുറത്തു നെയ്യോലുമെവ നിനയ്ക്കെപ്പൂട്ടിനില്ക്കുമോ
ആ നിൻവാഹങ്ങളെത്തിയ്ക്ക, സോമപീതിയ്ക്കു ദേവരെ! (6)

സത്യം വളർത്തുമാ യാജ്യന്മാരെയും പത്നിമാരെയും
കുടിപ്പിയ്ക്കുക തേനിൻപങ്ക,ഗ്നേ, ശോഭനജിഹ്വ, നീ. (7)

യജ്ഞാർഹരും സ്തുത്യരുമാമവർ നിൻതിരുനാവിനാൽ
കുടിയ്ക്കട്ടെ വഷട്ക്കാരത്തിങ്കലഗ്നേ, മുറയ്ക്കു തേൻ! (8)

ആവാഹിയ്ക്കട്ടെ സൂര്യന്റെ രോചനത്തിങ്കൽനിന്നവൻ,
ധീമാൻ ഹോതാവു,ഷസ്സിങ്കലുണരും സർവദേവരെ. (9)

കുടിച്ചരുൾക സോമത്തേനഗ്നേ, വായുവുമിന്ദ്രനും
മിത്രന്റെ തേജസ്സുകളുമെപ്പേരുമൊരുമിച്ചു നീ! (10)

മന്ത്രസ്ഥാപിതനങ്ങഗ്നേ, ഹോതാവല്ലോ മഖങ്ങളിൽ;
അബ്ഭവാൻ നിറവേറ്റീടുകീ, ഞങ്ങളുടെയധ്വരം! (11)

രോഹിദശ്വാംഗനകളെദ്ദേവ, തേരിന്നു പൂട്ടി നീ
കൊണ്ടോടുമവയെക്കൊണ്ടിങ്ങെത്തിച്ചരുൾക, ദേവരെ! (12)

### കുറിപ്പുകൾ: സൂക്തം 14.

1. അർച്ച = പൂജ.
2. തവ കർമ്മങ്ങളും വാഴ്ത്തുന്ന—അങ്ങയുടെ കർമ്മങ്ങളെ വാഴ്ത്തുകയും ചെയ്യുന്ന. ആഗമിയ്ക്ക = വരിക. സദേവൻ = ദേവന്മാരോടുകൂടിയവൻ.
3. അഗ്നി—മററൊരഗ്നിയാണിത്.
4. ചമസം—ഒരുതരം യജ്ഞപാത്രം. തേനായ—തേൻപോലെ മധുരമായ.
5. അണിചാർത്തി = ആഭരണമണിഞ്ഞ്.

6. പുറത്തു നെയ്യോലും—നെയ്യൊലിയ്ക്കുന്നുണ്ടെന്നു തോന്നത്തക്കവണ്ണം സ്നിഗ്ധമായ പൃഷ്ഠം ഉള്ളവർ. വിചാരിച്ചാൽക്കഴിഞ്ഞു, സ്വയംബദ്ധരായി നിന്നു കൊള്ളും. വാഹങ്ങൾ = അശ്വങ്ങൾ. സോമപീതി = സോമപാനം.

7. യാജ്യന്മാർ = യജനീയർ (ദേവന്മാർ). തേനിൻപങ്ക്—തേൻപോലെയുള്ള സോമനീരിൻറെ അംശങ്ങൾ. (ഇന്ന ദേവന്ന് ഇത്ര സോമനീർ എന്നു വ്യവസ്ഥയുണ്ട്.) ശോഭനജിഹ്വ = നല്ല നാവ് (ജ്വാല) ഉള്ളവനേ.

8. ദേവന്മാരുടെ മുഖം അഗ്നിയത്രേ. മുറയ്ക്ക = ക്രമാനുസാരേണ. വഷട്കരത്തിങ്കൽ—ഹവിരർപ്പണസമയത്ത്.

9. രോചനം = പ്രകാശമണ്ഡലം. അവൻ—അഗ്നി. സർവദേവരെ = എല്ലാദേവകളെയും.

10. തേജസ്സുകൾ—മൂർത്തിഭേദങ്ങൾ.

11. മന്ത്രസ്ഥാപിതൻ = മന്ത്രങ്ങൾ ജപിച്ചു പ്രതിഷ്ഠിയ്ക്കപ്പെട്ടവൻ. അങ്ങ് ഭവാൻ. അധ്വരം = യാഗം.

12. രോഹിദശ്വാംഗനകൾ = രോഹിത്തുകൾ എന്നു പേരായ പെൺകുതിരകൾ. കൊണ്ടോടും—തേർവഹിച്ചു പായുന്ന.

## സൂക്തം 15.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; ഋതുക്കൾ ദേവത.

കുടിയ്ക്കുകിന്ദ്ര, നീ സോമമൃതുവോടൊത്തു തൃപ്തിദം:
നിൻവയററിൽക്കടക്കട്ടേ, തന്നികേതനമീ രസം! (1)

ഋതുവോടൊത്തു പോത്രത്തിൽനിന്നു സേവിപ്പിന,ധ്വരം
ശുദ്ധീകരിപ്പിൻ: ശുഭദരല്ലോ നിങ്ങൾ മരുത്തുകൾ! (2)

വർണ്ണിയ്ക്കുകെങ്ങൾതൻ യജ്ഞ,മൃതുവൊത്തു കുടിയ്ക്ക, നീ:
രത്നങ്ങൾ നല്കുവോനല്ലോ, ത്വഷ്ടാവേ, സ്ത്രീസമേത, നീ! (3)

വരുത്തിദ്ദേവകളെ മൂന്നിടങ്ങളിലിരുത്തി നീ
അലംകരിയ്ക്കുകിങ്ങഗ്നേ; കുടിയ്ക്കുകൃ,തുവൊത്തു നീ! (4)

ബ്രാഹ്മണാച്ഛംസിസമ്പത്തിൽനിന്നൃതുക്കളൊടൊപ്പമേ
സോമം കുടിയ്ക്ക, നീയിന്ദ്ര: മിത്രരല്ലോ നിനക്കവർ. (5)

മിത്രാവരുണരേ, നിങ്ങൾ കൈക്കൊണ്ടു,തുസമേതരായ്
ശ്രീമദക്ഷയ്യയജ്ഞത്തിൽപ്പെരുമാറാവു നീളവേ! (6)

ദ്രവ്യോൽക്കർ ചതകല്ലേന്തി, ദ്രവിണോദസ്സുദേവനെ
സ്തുതിയ്ക്കുന്നുണ്ടധ്വരത്തിൽ, യജ്ഞങ്ങളിലുമങ്ങനെ. (7)

തരട്ടേ, ദ്രവിണോദസ്സു കേൾവിപ്പെട്ട ധനങ്ങളെ:
ദേവന്മാരിൽസ്സമർപ്പിയ്ക്കാമല്ലോ, പേർത്തും നമുക്കവ! (8)

ദ്രവിണോദസ്സു നേഷ്ടത്തിൽനിന്നൃതുക്കളോടൊപ്പമേ
നീർ കുടിപ്പതിനിച്ഛിപ്പൂ; ചെന്നു, ഹോമിച്ചു, പോരുവിൻ. (9)

ഞങ്ങൾ നാലാമതുമൃതുയുക്തനാം തിരുമേനിയെ
യജിപ്പൂ, ദ്രവിണോദസ്സേ ഞങ്ങൾക്കേകേണമേ: ഭവാൻ! (10)

ശുദ്ധകർമ്മാക്കളാമശ്വിമാരേ, ദീപ്താഗ്നിയുക്തരേ,
യജ്ഞസാധകരാം നിങ്ങൾ കുടിപ്പിനൃതുവൊത്തു തേൻ! (11)

ഗാർഹപത്യർത്തുയുതനായ് മഖം സാധിപ്പവൻ ഭവാൻ
യജിയ്ക്ക, ദേവരെദ്ദേവോന്മുഖന്നായി, ഫ്ഷലപ്രദ! (12)

### കുറിപ്പുകൾ: സൂക്തം 15.

1. തന്നികേതനം = അതാകുന്ന (വയറാകുന്ന) പാർപ്പിടത്തോടുകൂടിയത്. അങ്ങയുടെ വയററിലാണ്, സോമരസത്തിന്റെ നിവാസം!
2. പോത്രം—പോതാവ് എന്ന ഋത്വിക്കിന്റെ പാത്രം. സേവിപ്പിൻ—സോമം കുടിയ്ക്കുവിൻ.
3. സ്ത്രീസമേത = സ്ത്രീ(പത്നി)യോടുകൂടിയവനേ. കുടിയ്ക്ക—സോമനീർ.
4. മൂന്നിടങ്ങളിൽ—സവനത്രയസ്ഥാനങ്ങളിൽ. അലംകരിയ്ക്കുക—ദേവകളെ പണ്ടമണിയിച്ചാലും.

5. ബ്രാഹ്മണാച്ഛംസിസമ്പത്ത്—ബ്രാഹ്മണാച്ഛംസി എന്ന ഋത്വിക്കിൻറെ മുതൽ, പാത്രം. അവർ—ഋതുക്കൾ.

6. കൈക്കൊണ്ട്—യജ്ഞത്തെ സ്വീകരിച്ച്. ശ്രീമദക്ഷയ്യയജ്ഞം=ശ്രീമത്തും (സമൃദ്ധവും) അക്ഷയ്യവും (നിങ്ങളുടെ സാന്നിധ്യംമൂലം ശത്രുക്കൾക്കു നശിപ്പിയ്ക്കാവതല്ലാത്തതും) ആയ യജ്ഞം.

7. ദ്രവ്യോൽക്കർ—ധനകാമരായ ഋത്വിക്കുകൾ. ചതകല്ല്—നീർ പിഴിയാൻ സോമലത ചമയ്ക്കുന്ന അമ്മിക്കുഴ. ദ്രവിണോദസ്സദേവനെ—ദ്രവിണോദസ്സ് (ധനദാതാവ്) എന്ന അഗ്നിദേവനെ. അധ്വരം—അഗ്നിഷ്ടോമവും മറ്റും. യജ്ഞങ്ങൾ—ഉക്ഥ്യവും മറ്റും.

9. ഋത്വിക്കുകളോട്: നേഷ്ടം—നേഷ്ടാവ് എന്ന ഋത്വിക്കിൻറെ പാത്രം. പോരുവിൻ—ഹോമിച്ചതിന്നുശേഷം അവിടെ നില്ക്കരുത്: അവർ സോമം കുടിച്ചു കൊള്ളട്ടെ.

10. ഋതുയുക്തനാം തിരുമേനിയെ—ഋതുക്കളോടുകൂടിയ അങ്ങയെ; അങ്ങയെയും ഋതുക്കളെയും. ഏകേണമേ—ധനം തരേണമേ.

11. ദീപ്താഗ്നിയുക്തരേ—ഉജ്ജ്വലരായ ആഹവനീയാദ്യഗ്നികളോടുകൂടിയവരേ. ഋതു—ഋതുദേവത. തേൻ—മധുരസോമരസം.

12. ഗാർഹപത്യർത്തുയുതനായ്—അഗ്നിയുടെതന്നെ രൂപമായ ഗാർഹപത്യ(ഗൃഹപതി)നോടും ഋതുദേവതയോടുംകൂടി. ദേവോന്മുഖന്നായി—ദേവകളെ (ദേവപ്രീതിയെ) കാമിയ്ക്കുന്ന യജമാനന്നുവേണ്ടി.

## സൂക്തം 16.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; ഇന്ദ്രൻ ദേവത.

എത്തിയ്ക്ക, സോമം നുകരാൻ വൃഷാവാം നിന്നെ വാജികൾ:
ഇന്ദ്ര, നിന്നെ പ്രകാശിപ്പിയ്ക്കട്ടേ, സൂര്യസമപ്രഭർ! (1)

ഈ നൈപ്പൊരിയവില്ക്കായിട്ടിങ്ങണയ്ക്കട്ടെ ചാരവേ,
പാരം സുഖദമാം പള്ളിത്തേരിലിന്ദ്രനെ വാജികൾ! (2)

ഉഷസ്സിലിന്ദ്രനെ, മഖം നടക്കുമളവിന്ദ്രനെ,
വിളിപ്പൂ, ഞങ്ങളൊട്ടുവിൽസ്സോമപാനത്തിനിന്ദ്രനെ. (3)

സോമത്തിന്നിങ്ങണഞ്ഞാലും, സട ചേർന്ന ഹയങ്ങളാൽ:
പിഴിഞ്ഞുവെച്ചിന്ദ്ര, വിളിച്ചീടുന്നു ഞങ്ങളങ്ങയെ. (4)

വരികീ, ഞങ്ങൾതൻ സ്തോത്രത്തിന്നി;താ കർമ്മസോമനീർ;
ഇന്ദ്ര, ഗൌരമൃഗംപോലേ ദാഹം പൂണ്ടു കുടിയ്ക്ക നീ! (5)

ഇതാ, യജ്ഞത്തിൽ വളരെപ്പിഴിഞ്ഞ കുളിർസോമനീർ
അതെടുത്തു കുടിച്ചാലും, ഭവാനിന്ദ്ര, ബലത്തിനായ്! (6)

ഉള്ളിൽത്തട്ടിസ്സുഖിപ്പിയ്ക്ക നിന്നെയിസ്തോത്രമഗ്ര്യമായ്;
പില്പാടു നീ, കുടിച്ചാലും പിഴിയപ്പെട്ട സോമനീർ. (7)

പോന്നെഴുന്നള്ളുമേ സോമസവനങ്ങളിലൊക്കയും,
നീർ കുടിച്ചു മദംകൊൾവാനിന്ദ്രൻ, വൃത്രനിഷൂദനൻ! (8)

ആ നിയ്യീ ഞങ്ങൾതൻ കാമം ഗവാശ്വത്താൽശ്ശതക്രതോ,
പൂരിപ്പിയ്ക്ക; പുകഴ്ത്തുന്നു ധ്യാനമാർന്നെങ്ങളങ്ങയെ! (9)

### കുറിപ്പുകൾ: സൂക്തം 16.

1. എത്തിയ്ക്ക–കൊണ്ടുവരട്ടെ. വാജികൾ–അങ്ങയുടെ അശ്വങ്ങൾ. പ്രകാശിപ്പിയ്ക്കുക–മന്ത്രങ്ങൾകൊണ്ടു വെളിപ്പെടുത്തുക. സൂര്യസമപ്രഭർ–സൂര്യനൊത്ത പ്രകാശമുള്ള ഋത്വിക്കുകൾ.
2. ഈ നൈപ്പൊരിയവില്ക്കായി–ഈ (ചൂണ്ടിക്കാട്ടുകയാണ്) നെയ്യിൽ നനച്ച പൊരിയവിൽ ഭുജിപ്പാൻ.
4. സട ചേർന്ന ഹയങ്ങളാൽ–കുഞ്ചിരോമമുള്ള കുതിരകൾ വലിയ്ക്കുന്ന തേരിൽ.
5. കർമ്മസോമനീർ–കർമ്മത്തിന്നുവെച്ച സോമരസം. ഇതാ–ഹസ്തനിർദ്ദേശം. ഗൌരമൃഗം = ഗൌരമെന്ന മൃഗം. ദാഹം പൂണ്ടു കടിയ്ക്ക–ദാഹമുള്ളപ്പോൾ പാനം ഏറെ പ്രീതികരമാകുമല്ലോ.
7. അഗ്ര്യമായ്–മികച്ചതായിച്ചമഞ്ഞ്.
9. കാമം = അഭിലാഷം. ഗവാശ്വത്താൽ–ഗോക്കളേയും കുതിരകളേയും തന്ന്. പൂരിപ്പിയ്ക്ക–നിറവേറ്റിയാലും.

## സൂക്തം 17.

മേധാതിഥി ഋഷി; ഗായത്രിയും പാദനിചൃത്തും ഛന്ദസ്സ്; ഇന്ദ്രാവരുണന്മാർ ദേവത.

ഇന്ദ്രാവരുണരാകുന്ന സമ്രാട്ടുകളിൽനിന്നു ഞാൻ
നേരുന്നേൻ രക്ഷ;–യതിനാൽസ്സുഖം നല്ക, നമുക്കവർ! (1)

രക്ഷിപ്പതിന്നായെന്നെപ്പോലുള്ള വിപ്രൻ വിളിയ്ക്കുകിൽ
അങ്ങെഴുന്നള്ളുവോരല്ലോ നിങ്ങൾ, മാനുഷപാലകർ. (2)

വേണ്ടപ്പോളൊക്കെ വേണ്ടോളമിന്ദ്രാവരുണരേ, ധനം
തരുവിൻ: താമസിയ്ക്കൊല്ലെന്നർത്ഥിപ്പൂ ഞങ്ങൾ നിങ്ങളിൽ! (3)

കർമ്മത്തിൽക്കൂട്ടുനീർപോലെയല്ലോ, സുമതിഗാഥയും;
അന്നദാതാക്കളിൽ ശ്രേഷ്ഠരാക്കിവെയ്ക്കുവിനെങ്ങളെ! (4)

ഇന്ദ്രനോരായിരത്തോതിൽദ്ദാനം ചെയ്വോരിലഗ്രിമൻ;
സ്തുത്യനല്ലോ, വരുണനും പ്രശംസായോഗ്യരിൽത്തുലോം! (5)

അവർ കല്പിച്ചുരക്ഷിച്ചാൽ നേടാം, കരുതിവെച്ചിടാം;
എന്നാലതിൽക്കവിഞ്ഞും സ്വത്തെങ്ങൾക്കുണ്ടായ് വരേണമേ! (6)

ഇന്ദ്രാവരുണരേ, നാനാധനങ്ങൾക്കായി നിങ്ങളെ
വിളിച്ചീടുന്നു ഞാൻ; നന്നായ് വിജയിപ്പിപ്പിനെങ്ങളെ! (7)

ഇന്ദ്രാവരുണരേ, ഞങ്ങൾക്കുള്ളിൽസ്സേവേച്ഛ തോന്നവേ,
നിങ്ങൾ ചിക്കെന്നു ചിക്കെന്നു സുഖമെങ്ങും തരേണമേ! (8)

ഇന്ദ്രാവരുണരേ, രണ്ടുപേരെയും ഞാൻ വിളിപ്പതും,
ഒപ്പം വാഴ്ത്തുവതും സുഷ്ടുസ്തുതിയായ്പ്പുല്ക, നിങ്ങളെ! (9)

### കുറിപ്പുകൾ: സൂക്തം 17.

2. വിപ്രൻ–ഋത്വിക്ക്.
3. നിങ്ങളിൽ–നിങ്ങളുടെ അടുക്കൽ. അർത്ഥിപ്പൂ=പ്രാർത്ഥിയ്ക്കുന്നു.
4. കൂട്ടുനീർ–വെള്ളവും മറ്റും ചേർത്ത സോമരസം; ഇതുപോലെ, നാനാഗുണസമേതമായിരിയ്ക്കും, സുമതിഗാഥയും (സജ്ജനകൃതമായ സ്തുതിയും). നിങ്ങൾ ഇതു രണ്ടും സ്വീകരിച്ച്, ഞങ്ങളെ മികച്ച അന്നദാതാക്കളാക്കിത്തീർക്കുവിൻ; വളരെ അന്നദാനം നടത്താൻ വേണ്ടുന്ന ധനം ഞങ്ങൾക്കു തരുവിൻ.
5. അഗ്രിമൻ=മുമ്പൻ. പ്രശംസായോഗ്യരിൽ–പ്രശംസനീയരിൽവെച്ച്.
6. നേടാം–ധനം സമ്പാദിയ്ക്കാം. കരുതിവെച്ചിടാം–അനുഭവിച്ചു ശേഷിച്ചതു നിധിയാക്കിവെയ്ക്കാം.
8. സേവേച്ഛ തോന്നവേ–നിങ്ങളെ സേവിപ്പാൻ താൽപര്യമുണ്ടാകുമ്പോൾ.
9. രണ്ടുപേരെയും–നിങ്ങളിരുവരെയും.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## ഒന്നാം അദ്ധ്യായം

### മണ്ഡലം 1 അനുവാകം 5

## സൂക്തം 18.

മേധാതിഥി ഋഷി; ഗായത്രി ഛന്ദസ്സ്; ബ്രഹ്മണസ്പത്യാദികൾ ദേവതകൾ.

കീർത്തിമാനാക്കുകി,സ്സോമകർമ്മിയെ ബ്രഹ്മണസ്പതേ,
ഉശിക്കിൻ പുത്രനാം കക്ഷീവാനെയെന്നവിധം ഭവാൻ! (1)

എവനോ ധനി, രോഗഘ്നൻ, ലബ്ധാർത്ഥൻ, പുഷ്ടിവർദ്ധനൻ;
ക്ഷിപ്രകർത്താവവൻ കൈക്കൊണ്ടരുളീടട്ടെ നമ്മളെ! (2)

ആരാനും വന്നു, നോവുംമാറധിക്ഷേപിപ്പതെങ്ങളിൽ
തട്ടാത്തവണ്ണം രക്ഷിയ്ക്കുകെ,ങ്ങളെ ബ്രഹ്മണസ്പതേ! (3)

എതു മർത്ത്യനെയാണിന്ദ്രൻ, ബ്രഹ്മണസ്പതി, സോമനും
വളത്തിപ്പോരുവത,വൻ തന്നെ വീരനനത്യയൻ! (4)

ആ മർത്ത്യനെബ്ഭവാനി,ന്ദ്രൻ, ദേവി ദക്ഷിണ, സോമനും
പാപത്തിൽനിന്നു രക്ഷിയ്ക്കുവേണമേ ബ്രഹ്മണസ്പതേ! (5)

കാമ്യനാ,ശ്ചര്യകൃത്തി,ന്ദ്രന്നിഷ്ടനാം സദസസ്പതി,
ധനദാതാവുപാസിയ്ക്കുമെനിയ്ക്കേകട്ടെ മേധയെ! (6)

ആരെക്കൂടാതെ സാധിയ്ക്കാ യജ്ഞം വിജ്ഞന്നുപോലുമേ,
ചേർന്നുനില്ക്കുന്നു കർമ്മത്തിലെല്ലാമസ്സദസസ്പതി! (7)

ഉടൻ സമൃദ്ധനാക്കുന്നു; ഹവിഷ്കാരനെയിങ്ങവൻ;
യജ്ഞം നന്നായ് നടത്തുന്നു; സ്തുതി ചെല്ലുന്നു ദേവരിൽ! (8)

കണ്ടേൻ നരാശംസനെ ഞാനേ,ററവും ധാർഷ്ട്യശാലിയെ,
തുലോം പ്രഖ്യാതനെ, ദ്യോവിന്നൊത്ത തേജസ്സമേതനെ! (9)

### കുറിപ്പുകൾ: സൂക്തം 18.

1. സോമകർമ്മി–സോമനീരൊരുക്കിയവൻ, യജമാനൻ. ബ്രഹ്മണസ്പതി–ഒരു ദേവന്റെ പേർ. കക്ഷിവാനെന്ന ഋഷിയത്രേ, യജ്വാക്കളിൽവെച്ചു കീർത്തിമാൻ. ഉശിക്ക്–അച്ഛന്റെ പേർ.
2. ധനി = ധനവാൻ. ലബ്ധാർത്ഥൻ = ധനം ലഭിച്ചവൻ. ക്ഷിപ്രകർത്താവ് = വേഗത്തിൽ ചെയ്യുന്നവൻ, ഫലം നല്കുന്നവൻ. നമ്മളെ കൈക്കൊണ്ടരുളീടട്ടെ = അനുഗ്രഹിയ്ക്കട്ടെ. അവൻ ബ്രഹ്മണസ്പതി.
3. നോവുംമാറ് = വേദന തോന്നത്തക്കവണ്ണം.
4. അനത്യയൻ–അത്യയം (നാശം) ഇല്ലാത്തവൻ.
5. ആ മർത്ത്യനെ–കർമ്മമനുഷ്ഠിയ്ക്കുന്നവനെ.
6. കാമ്യൻ-സ്പൃഹണീയൻ. ആശ്ചര്യകൃത്ത് = വിസ്മയകരൻ. ഇഷ്ടൻ = സ്നേഹിതൻ. മേധ = ആശുഗ്രഹണബുദ്ധി. ഒരു ദേവന്റെ പേരാണ്, സദസസ്പതി.
7. സർവകർമ്മവ്യാപിയാണ്, സദസസ്പതി.

8. ഉടൻ–അനുഷ്ഠാനാവസാനത്തിൽത്തന്നെ. ഹവിഷ്കാരൻ-ഹവിസ്സുണ്ടാക്കിയവൻ, യജമാനൻ. സ്തുതി ചെല്ലുന്ന ദേവരിൽ–നമ്മുടെ സ്തുതി സദസ്പതിമുഖേന ദേവന്മാരെ പ്രാപിയ്ക്കുന്നു.

9. നരാശംസൻ–ഒരു ദേവൻറെ പേർ. ധാർഷ്ട്യശാലി=പ്രഗല്ഭൻ. ദ്യോവ്=സ്വർഗ്ഗം. തേജസ്സമേതൻ=തേജസ്സോടുകൂടിയവൻ. ദ്വിതീയാന്തപദങ്ങളെല്ലാം നരാശംസൻറെ വിശേഷണങ്ങൾ. കണ്ടേൻ–ഞാൻ ശാസ്ത്രദൃഷ്ട്യാ ദർശിച്ചു.

## സൂക്തം 19.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; അഗ്നിമരുത്തുക്കൾ ദേവതകൾ.

വിളിക്കുമല്ലോ, സദ്യാഗേ സോമപാനത്തിനങ്ങയെ;
അതിനാൽ വരികിങ്ങഗ്നേ, മരുദന്വിതനായ്ബ്ഭവാൻ! (1)

മഹാൻ നിൻ ക്രതുവിൻമീതേ ദേവനില്ലി,ല്ല മർത്ത്യനും;
അഗ്നേ, മരുത്തുകളൊടൊത്തിങ്ങെഴുന്നള്ളിടേണമേ! (2)

എവർ വന്മഴ പെയ്യിപ്പോരു,പകാരികളേവരും,
അത്തേജസ്വിമരുത്തുക്കളൊത്തഗ്നേ, വരികിങ്ങു നീ! (3)

എവർ ദുദ്ധർഷരോജസ്സാലുഗ്രർ വെള്ളം വഹിപ്പവർ,
ആ മരുത്തുക്കളോടൊന്നിച്ചഗ്നേ, വന്നെത്തുകിങ്ങു നീ! (4)

എവർ സദ്വിത്തർ ഘോരാംഗർ ശത്രുഭക്ഷകർ ശോഭനർ,
ആ മരുത്തുക്കളോടൊന്നിച്ചഗ്നേ, വന്നെത്തുകിങ്ങു നീ! (5)

എവർ സൂര്യോപരി വിളങ്ങുന്ന വിണ്ണിലിരിപ്പിതോ,
ആദ്ദീപ്തരാം മരുത്തുക്കളൊത്തഗ്നേ, വരികിങ്ങു നീ! (6)

തകർക്കുമെവർ മേഘത്തെ,ക്കലക്കുമലയാഴിയെ,
ആ മരുത്തുക്കളോടൊന്നിച്ചഗ്നേ, വന്നെത്തുകിങ്ങു നീ! (7)

പരക്കും, കതിരൊത്തവർ; കലക്കും, സിന്ധുവെമ്പലാൽ
ആ മരുത്തുക്കളോടൊന്നിച്ചഗ്നേ, വന്നെത്തുകിങ്ങു നീ! (8)

മുന്നേപ്പോലെ കുടിപ്പാൻ തേ വെയ്ക്കുന്നേൻ സോമനീർമധു;
മരുത്തുക്കളൊടൊട്ടുംകൂടിയഗ്നേ, വന്നെത്തുകിങ്ങു നീ! (9)

### കുറിപ്പുകൾ: സൂക്തം 19.

1. സദ്യാഗേ = നല്ല (കുറവൊന്നുമില്ലാത്ത) യാഗത്തിൽ. വിളിയ്ക്കുമല്ലോ–അനുഷ്ഠാതാക്കൾ വിളിയ്ക്കുക പതിവാണ്; ഞങ്ങളും വിളിയ്ക്കുന്നു. മരുദന്വിതൻ = മരുത്തുക്കളോടുകൂടിയവൻ.
2. മഹാനായ അങ്ങയ്ക്കുള്ള യാഗത്തിൽ പൂജിയ്ക്കപ്പെടുന്ന ദേവനും അതനുഷ്ഠിയ്ക്കുന്ന മനുഷ്യനുംതന്നെ ഉൽക്കൃഷ്ടർ.
4. ഓജസ്സ് = ബലം.
5. സദ്വിത്തർ = നല്ല (വിശുദ്ധ) ധനമുള്ളവർ. ശത്രുഭക്ഷകർ = ശത്രുക്കളെ വിഴുങ്ങു(നശിപ്പിയ്ക്കു)ന്നവർ.
7. തകർക്കും–ചിതറിയ്ക്കും.
8. പരക്കും = വ്യാപിയ്ക്കും: ക്രിയാപദം. കതിരൊത്ത്–സൂര്യരശ്മികളോടുകൂടി. സിന്ധു = സമുദ്രം.
9. മുന്നേപ്പോലെ–പതിവിൻപടി. തേ = അങ്ങയ്ക്ക്. സോമനീർമധു–തേൻപോലെ മധുരമായ സോമരസം.

ഒന്നാമധ്യായം സമാപ്തം.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## രണ്ടാം അദ്ധ്യായം

മണ്ഡലം 1 അനുവാകം 5

## സൂക്തം 20.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; ഋഭുക്കൾ ദേവതകൾ.

ദേവന്മാരായ്ച്ചമഞ്ഞോരെക്കുറിച്ചു മതിശാലികൾ,
മുഖങ്ങളാൽച്ചൊല്ലിയതാണി,സ്തോത്രമതിരത്നദം: (1)

ഇന്ദ്രന്നായ്,ച്ചൊല്ലിനാൽപ്പൂട്ടപ്പെട്ടും രണ്ടു ഹയങ്ങളെ
മനസ്സുകൊണ്ടു സൃഷ്ടിച്ചോർ പണിക്കാരായ്, മഖങ്ങളിൽ! (2)

ചമച്ചാരശ്വികൾക്കായി,പ്പായും സുഖദമാം രഥം;
നേടിനാർ, സർവദുഘയാമൊരു പയ്യിനെയും സ്വയം. (3)

മാതാപിതാക്കളെപ്പേർത്തുമാത്തതാരുണ്യരാക്കിനാർ
ഋഭുക്കൾ, സത്യമന്ത്രന്മാര,വ്യാജർ തടവറ്റവർ! (4)

ഒന്നിച്ചാണു, മദിപ്പിയ്ക്കും രസം നിങ്ങൾക്കു,മിന്ദ്രനും,
മരുത്തുക്കൾക്കു,മുദ്ദീപ്തന്മാരാമദിതിജർക്കുമേ. (5)

ത്വഷ്ടൃദേവന്റെ കൃതിയാമപ്പുത്തൻചമസത്തിനെ
നാലാക്കിവെയ്ക്കയും ചെയ്താർ, ശ്ലാഘായോഗ്യത്തെ വീണ്ടുമേ! (6)

ആ നിങ്ങൾ ചേലിൽ സ്തുതരായ് രത്നസാപ്തത്രയങ്ങളെ
ഞങ്ങൾതൻ സോമകർത്താവിന്നൊന്നൊന്നായിട്ടു നല്കുവിൻ! (7)

മരിയ്ക്കാത്തവരായ്ത്തീർന്നു, ഭാരവാഹികളാമിവർ;
നേടിനാർ സുകൃതംകൊണ്ടു. ദേവന്മാരിൽ മഖാംശവും! (8)

### കുറിപ്പുകൾ: സൂക്തം 20.

1. ദേവന്മാരായ്ച്ചമഞ്ഞോരെ—ഋഭുക്കളെ. തപസ്സുചെയ്തു ദേവത്വം പ്രാപിച്ചവരത്രേ, ഋഭുക്കൾ. മതിശാലികൾ = ബുദ്ധിമാന്മാർ. മുഖങ്ങളാൽ—സ്വയം നിർമ്മിച്ച്. അതിരത്നദം = രത്നങ്ങളെ ഏററവും ദാനംചെയ്യുന്നത്; ഈ സ്തോത്രം ജപിച്ചാൽ, ഋഭുക്കൾ പ്രസാദിച്ചു വളരെ ധനം നല്കും.
2. പറഞ്ഞാൽ മതി, സ്വയം ബദ്ധരായിനിന്നുകൊള്ളും, അങ്ങനെയുള്ള രണ്ടു തേർക്കുതിരകളെ ഇന്ദ്രന്നുവേണ്ടി മനസ്സു(സങ്കല്പമാത്രം)കൊണ്ടു സൃഷ്ടിച്ചോർ (സൃഷ്ടിച്ചവരായ ഋഭുക്കൾ) മഖങ്ങളിൽ (യാഗങ്ങളിൽ) പണിക്കാരായ്—ചമസ നിർമ്മാണാദിജോലികൾ ചെയ്തുപോരുന്നു.
3. ഋഭുക്കൾതന്നെ കർത്തൃപദം. സർവദുഘ = വേണ്ടുവോളം പാൽ ചുരത്തുന്ന.
4. ആത്തതാരുണ്യർ = യൌവനം കിട്ടിയവർ. സത്യമന്ത്രന്മാർ = നിഷ്ഫലമാകാത്ത മന്ത്രത്തോടുകൂടിയവർ; മന്ത്രസിദ്ധികൊണ്ടാണ് അച്ഛനമ്മമാരുടെ വാർദ്ധക്യം നീക്കിയത്.
5. മദിപ്പിയ്ക്കും രസം—മത്തുപിടിപ്പിയ്ക്കുന്ന സോമനീർ. ഉദ്ദീപ്തന്മാർ = തിളങ്ങുന്നവർ. അദിതിജർ = ആദിത്യർ. ഋഭുക്കൾക്ക് ഇന്ദ്രാദികളോടൊപ്പമാകാം, തൃതീയസവനത്തിൽ സോമപാനം.
6. ത്വഷ്ടൃദേവൻറെ കൃതിയാം—ത്വഷ്ടാവെന്ന ദേവൻ നിർമ്മിച്ച. ശ്ലാഘായോഗ്യത്തെ = ശ്ലാഘ്യത്തെ; ചമസത്തിൻറെ വിശേഷണം. ഒരു ചമസത്തെ ത്വഷ്ടൃശിഷ്യരായ ഋഭുക്കൾ നാലെണ്ണമാക്കി.

7. ചേലിൽ–വഴിപോലെ. രത്നസാപ്തത്രയങ്ങൾ = രത്നങ്ങളും (രമ്യവസ്തുക്കളും) സാപ്തത്രയങ്ങളും (മുമ്മൂന്നു സപ്തകർമ്മവർഗ്ഗവും); അങ്ങിനെ ഇരുപത്തൊന്നു കർമ്മങ്ങൾ. സോമകർത്താവ് = യജമാനൻ.

8. ഭാരവാഹികൾ–യജ്ഞങ്ങളിൽ ചമസനിർമ്മാണാദിച്ചുമതലക്കാർ. ദേവന്മാരിൽ (ദേവന്മാരുടെ ഇടയിൽ) യജ്ഞാംശഭാഗികളുമായിച്ചമഞ്ഞു.

## സൂക്തം 21.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; ഇന്ദ്രാഗ്നികൾ ദേവത.

വിളിപ്പനിദ്രാഗ്നികളെ; വേണം സ്തോമമവർക്കുതാൻ.
സോമം നുകരുമാറാക, തുലോം സോമപരാമവർ! (1)

ആയിന്ദ്രാഗ്നികളെക്കീർത്തിയ്ക്കുവിൻ യജ്ഞത്തിൽ മർത്ത്യരേ;
ചാർത്തിപ്പിന;–വരെപ്പറ്റിഗ്ഗായത്രീഗാഥ പാടുവിൻ! (2)

ആയിന്ദ്രാഗ്നികളൻപാർന്നു പുകഴ്ചയരുളുട്ടെ മേ;
വിളിയ്ക്കുക,സ്സോമപരെസ്സോമപാനത്തിനായി നാം. (3)

ഇസ്സോമസവനത്തിങ്കലെഴുനള്ളാൻ വിളിയ്ക്കു, നാം:
ക്രൂരരായ്ത്തീരുമഗ്നീന്ദ്രന്മാരിങ്ങോട്ടു വരേണമേ! (4)

സദസ്പതികളഗ്നിന്ദ്രരാ മഹാന്മാരരക്കരെ
ശരിയ്ക്കാക്കട്ടെ,യുണ്ടാകാതിരിയ്ക്കട്ടെ വിനാശകർ! (5)

അസ്സത്യത്താലുണരുവിൻ, ഫലദാനങ്ങളിൽത്തുലോം:
രണ്ടാളുമിന്ദ്രാഗ്നികളേ, കല്പിച്ചുതരുവിൻ, സുഖം. (6)

### കുറിപ്പുകൾ: സൂക്തം 21.

1. അവർക്കുതാൻ–അവരെക്കുറിച്ചുതന്നെ. സോമപർ = സോമം കുടിയ്ക്കുന്നവർ.
2. ചാർത്തിപ്പിൻ–ആഭരണങ്ങളണിയിപ്പിൻ. ഗായത്രീഗാഥ-ഗായത്രീച്ഛന്ദസ്സിലുള്ള പാട്ട്.
3. അൻപ് = സ്നേഹം.
4. ക്രൂരരായ്ത്തീരും–ശത്രുവധാദികളിൽ ക്രൂരരായിത്തീരുന്ന.
5. സദസ്പതികൾ = സഭാപാലകന്മാർ. ശരിയ്ക്കാക്കട്ടെ–ഉപദ്രവിയ്ക്കാത്തവരാക്കിത്തീർക്കട്ടെ. വിനാശകർ = മുടിയന്മാർ.
6. അസ്സത്യത്താൽ–ഞങ്ങൾ ചെയ്യു വിഫലമാകാത്ത കർമ്മത്താൽ (യാഗം മൂലം). ഉണരുവിൻ–അവധാനംകൊള്ളുവിൻ.

## സൂക്തം 22.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; അശ്വികളും, സവിതാവും, അഗ്നിയും, ദേവികളും, ഇന്ദ്ര-വരുണാഗ്നിപത്നികളും, ദ്യാവാപൃഥിവികളും, പൃഥിവിയും, വിഷ്ണുവും ദേവതകൾ.

ഉണർത്തുക,ശ്വികളെ നേർക്കുഷസ്സവനചര്യയാൽ:
ഇസ്സോമനീർ നുകരുവാനവരിങ്ങു വരേണമേ! (1)

രഥീന്ദ്രരായ്സ്സരഥരാമെവരോ ദ്യോവിൽ മേവുവോർ,
ആയശ്വിദേവരിരുപേർകളെയിങ്ങു വിളിയ്ക്കു നാം. (2)

നിങ്ങൾ സൂനൃതവത്തായ നീരണിച്ചാട്ടുവാറുമായ്
വന്നൊരുങ്ങുക, യജ്ഞത്തെസ്സേചിപ്പാനശ്വിദേവരേ! (3)

നിങ്ങളശ്വികളേ, തേരിലെവിടെയ്ക്കെഴുന്നള്ളുമോ
അസ്സോമകാരസദനം നിങ്ങൾക്കകലെയായ്വരാ! (4)

രക്ഷയ്ക്കായ് , സ്വർണ്ണകരനാം സവിതാവെ വിളിപ്പു ഞാൻ:
അവൻ ദേവതയായ്ത്തീർന്നാ പ്രാപ്യത്തെയറിയിയ്ക്കുമേ. (5)

സ്തുതിയ്ക്കു, രക്ഷയ്ക്കു, ജലം വറ്റിയ്ക്കും സവിതാവിനെ:
അദ്ദേഹത്തിന്റെ കർമ്മങ്ങൾ നാമും ചെയ്യായ്വരേണമേ! (6)

നാനാധനം പൊറുപ്പിന്നായ് വീതിപ്പോനും, മനുഷ്യരിൽ
പ്രകാശം ചേർപ്പവനുമാം സവിതാവെ വിളിയ്ക്കു നാം! (7)

ഇരിപ്പിൻ മിത്രരേ; വെക്കം സ്തുതിയ്ക്കു സവിതാവെ നാം:
ധനങ്ങൾ തരുവാനല്ലോ മുതിരുന്നു തെളിഞ്ഞവൻ! (8)

അഗ്നേ, വരുത്തുകി,ച്ചിയ്ക്കും ദേവപത്നീജനത്തെയും,
ത്വഷ്ടാവിനെയുമിങ്ങോട്ടു സോമപാനത്തിനായ്ബ്ഭവാൻ. (9)

വരുത്തുക യവിഷ്ഠാഗ്നേ, രക്ഷാർത്ഥം ഹോത്ര, ഭാരതി,
വരേണ്യയാം ധിഷണയിദ്ദേവപത്നികളെബ്ഭവാൻ. (10)

രക്ഷയും വൻസുഖവുമായ് വന്നുനില്ക്കട്ടെ, ഞങ്ങളിൽ,
നരപാലികമാർ, പക്ഷമറ്റുപോകാത്ത ദേവിമാർ! (11)

വിളിപ്പേനിങ്ങു നന്മയ്ക്കും സോമപീതിയ്ക്കുമായി ഞാൻ,
ഇന്ദ്രാണിയേയും,വരുണാഗ്നികൾതൻ പത്നിമാരെയും. (12)

മഹാദ്യോവും പൃഥിവിയുമീ നമ്മളുടെയധ്വരം
സംസേചിയ്ക്കട്ടെ; രക്ഷിച്ചു പൂർണ്ണരാക്കട്ടെ നമ്മളെ! (13)

ഗന്ധർവർതൻ സ്ഥിരസ്ഥാനേ മേവുമാ രണ്ടുപേരുടെ
തണ്ണീരല്ലോ, ഘൃതംപോലെ സേവിപ്പൂ പ്രാജ്ഞകർമ്മികൾ! (14)

അല്ലേ പൃഥിവി, മുള്ളെന്യേ നിവാസസ്ഥാനമായ നീ
വിസ്താരം കൊൾക; ഞങ്ങൾക്കു നല്ക, വായ്പ്പുററ പാർപ്പിടം! (15)

എങ്ങുനിന്നടി വെച്ചാനോ വിഷ്ണു ധാമങ്ങളേഴിനാൽ
അമ്മന്നിടത്തിങ്കൽനിന്നു നമ്മെ രക്ഷിയ്ക്കു ദേവകൾ! (16)

ഇതളക്കാൻ മുതിർന്നിട്ടു വെച്ചല്ലോ, വിഷ്ണു മൂന്നടി;
അവന്റെ തൃക്കാൽപ്പൊടിയിലടങ്ങിപ്പോയ്, സമസ്തവും! (17)

വിദ്രോഹിയ്ക്കപ്പെടാവല്ലാത്തവനാം വിഷ്ണു, രക്ഷകൻ
വെച്ചാൻ മൂന്നടിയിങ്ങെല്ലാം, ധർമ്മങ്ങളെ വളർത്തുവാൻ. (18)

നോക്കുവിൻ വിഷ്ണുകർമ്മങ്ങൾ: ഇവയല്ലോ വ്രതങ്ങളെ
അനുഷ്ഠിപ്പിപ്പതി;-ന്ദ്രനൊന്നൊരിണങ്ങിയ സഖാവ,വൻ. (19)

ആ വിഷ്ണുവിൻ പരപദം സദാ കാണുന്നു സൂരികൾ,
വാനിങ്കലെങ്ങും പെരുമാറുന്ന കണ്ണുകൾപോലവേ. (20)

ആ വിഷ്ണുവിൻ പരമമാം പദത്തെജ്ജാഗരൂകരായ്
പാരം പുകഴ്ത്തി മഹിമപ്പെടുത്തുന്നു മനീഷികൾ. (21)

## കുറിപ്പുകൾ: സൂക്തം 22.

1. ഉഷസ്സവനചര്യ = പ്രഭാതത്തിലെ സവനകർമ്മം.
2. രഥീന്ദ്രർ = തേരാളികളിൽ ശ്രേഷ്ഠർ. സുരഥർ = നല്ല തേരുള്ളവർ. ദ്യോവ് = സ്വർഗ്ഗം.
3. സൂനൃതവത്ത് = സൂനൃതത്തോടു (സത്യവാക്കോടു) കൂടിയത്. ചാട്ടവാറു (ചമ്മട്ടികൊണ്ടടിയ്ക്കുമ്പോഴത്തെ ശബ്ദത്തിന്നു (അതു കേൾക്കുന്നതു തേരാളികൾക്കു പ്രിയമാകയാൽ) സൂനൃതത്വം കല്പിച്ചിരിയ്ക്കുന്നു. നീർ–അടിയേറ്റു കുതിച്ചോടുന്ന കുതിരകളുടെ വിയർപ്പ്. സേചിപ്പാൻ–സോമനീർകൊണ്ട് നനയ്ക്കാൻ.
4. സോമകാരസദനം–യജമാനഗൃഹം. അതിവേഗികളാണല്ലോ, നിങ്ങളുടെ തേർക്കുതിരകൾ. അതിനാൽ, നിങ്ങൾക്കു ദൂരം എന്നൊന്നില്ല.
5. സ്വർണ്ണകരൻ–ഒരു ദേവയജ്ഞത്തിൽവെച്ച് സവിതാവി(സൂര്യ)ൻറെ കൈപ്പടങ്ങൾ കാരണവശാൽ മുറിഞ്ഞുപോയതിനാൽ, പകരം അവ സ്വർണ്ണംകൊണ്ടുണ്ടാക്കി എന്നൊരുപാഖ്യാനമുണ്ട്; യജമാനന്നു കൊടുക്കാൻ സ്വർണ്ണം കയ്യിലെടുത്തവൻ എന്നുമാകാം. ദേവതയായ്ത്തീർന്ന്–അവനെ ദേവനാക്കി മന്ത്രം ജപിച്ചാൽ, യജമാനന്റെ പ്രാപ്യസ്ഥാനം ഏതെന്ന് അവൻ പറയും.
6. കർമ്മങ്ങൾ–സോമയാഗാദികൾ.
7. പൊറുപ്പ് = ജീവധാരണം. വീതിപ്പോൻ–ഓരോ യജമാനന്നും യഥാർഹം പങ്കിടുന്നവൻ.
8. മിത്രരേ–ഋത്വിക്കുകളേ. തെളിഞ്ഞ്–ശോഭിച്ച്.
9. ഇച്ഛിയ്ക്കും–സോമപാനത്തെ അഭിലഷിയ്ക്കുന്ന.
10. യവിഷ്ഠ = അതിയുവാവേ. ഹോത്ര–ഹോതാവെന്ന അഗ്നിയുടെ പത്നി. ഭാരതി–ഭരതനെന്ന ആദിത്യന്റെ പത്നി. ധിഷണ = വാഗ്ദേവി.
11. രക്ഷയും വൻസുഖവുമായ്–ഞങ്ങൾക്കു തരാനുള്ള രക്ഷയോടും വമ്പിച്ച സുഖത്തോടും കൂടി. നരപാലികമാർ = മനുഷ്യരക്ഷിണികൾ. പക്ഷം (ചിറക്) അറ്റുപോകാത്ത–അവരുടെ ചിറകുകൾ ആർക്കും ഛേദിയ്ക്കാവുന്നവയല്ല.
12. ഇങ്ങ്–ഞങ്ങളുടെ. പീതി = പാനം.
13. മഹാദ്യാവും പൃഥിവിയും–മഹതിയായ സ്വർഗ്ഗദേവതയും, ഭൂദേവതയും. സംസേചിയ്ക്കട്ടെ–സ്വന്തം ജലവിശേഷംകൊണ്ടു നനയ്ക്കട്ടെ.

14. ഗന്ധർവർതൻ സ്ഥിരസ്ഥാനേ = ഗന്ധർവരുടെ ശാശ്വതസ്ഥാനത്ത് (അന്തരിക്ഷത്തിൽ). രണ്ടുപേരുടെ—ദ്യോവിന്റേയും ഭൂവിന്റേയും. തണ്ണീർ—മുൻപദ്യത്തിൽ സൂചിപ്പിച്ച വെള്ളം. ഘൃതം = നെയ്. പ്രാജ്ഞകർമ്മികൾ = മേധാവികളായ അനുഷ്ഠാതാക്കൾ. മേധാവികൾ കർമ്മങ്ങളനുഷ്ഠിച്ച്, ഈ ജലദ്വയത്തെ പാനംചെയ്യുന്നു; ഇതു നെയ്പോലെ പോഷകമാണ്.

15. മുള്ള്—ഉപദ്രവങ്ങൾ. നിവാസസ്ഥാനം—പ്രാണികളുടെ പാർപ്പിടം.

16. ധാമങ്ങളേഴിനാൽ—ഗായത്ര്യാദിച്ഛന്ദസ്സുകളാകുന്ന ഏഴുപകരണങ്ങൾ കൊണ്ട്. മൂന്നുലോകം മൂന്നടികൊണ്ട് അളക്കാനൊരുങ്ങിയ വാമനരൂപിയായ വിഷ്ണു ഭൂമിയിലാണ് ഒന്നാമത്തെ അടി വെച്ചത്. മന്നിടത്തിൽനിന്നു രക്ഷിയ്ക്ക എന്നതിന്റെ അർത്ഥം, ഭൂവാസികളുടെ പാപങ്ങൾ തടുക്കുക എന്നാകുന്നു.

17. ഇത്—ഇക്കാണുന്ന ലോകം. സമസ്തവും—ജഗത്തുമുഴുവനും.

18. ഇങ്ങെല്ലാം—പൃഥിവ്യാദികളായ മൂന്നു സ്ഥാനങ്ങളിലും.

19. വിഷ്ണുവിന്റെ കർമ്മങ്ങളാലുള്ള രക്ഷകൊണ്ടാണ്, ഭൂലോകത്തു വ്രതാനുഷ്ഠാനം ശരിയ്ക്കു നടക്കുന്നത്.

20. കാണുന്നു—ശാസ്ത്രദൃഷ്ട്യാ ആകാശത്തു ചരിയ്ക്കുന്ന കണ്ണുകൾക്കു തടവില്ലാതെ എന്തും സ്പഷ്ടമായി കാണാം; അവപോലെ സൂരികൾ (വിദ്വാന്മാർ) കാണുന്നു.

## സൂക്തം 23.

മേധാതിഥി ഋഷി; ഗായത്രിയും പുരഉഷ്ണിക്കും അനുഷ്ടുപ്പും ഛന്ദസ്സ്; വായുവും, ഇന്ദ്രവായുക്കളും, മിത്രവരുണന്മാരും, മരുദിന്ദ്രന്മാരും, വിശ്വദേവന്മാരും, പൂഷാവും, ജലവും, അഗ്നിയും ദേവതകൾ.

പിഴിഞ്ഞെടുത്ത കൊണ്ടാടപ്പെട്ടതാം സോമനീരിതാ,
വേണ്ടോളം കൊണ്ടുവെച്ചിട്ടുണ്ടു;-ളു വായോ, കടിയ്ക്ക നീ. (1)

ദ്യോവിങ്കൽ മേവും വായ്വിന്ദ്രന്മാരാകുമിരുദേവരെ
ആഹ്വാനംചെയ്തിടുക നാ,മിസ്സോമത്തെ നുകർന്നിടാൻ. (2)

വിളിപ്പു രക്ഷയ്ക്കു, മനോജവ,മായിരമക്ഷിയും
ചേർന്ന ധീപാലരാമിന്ദ്രവായുക്കളെ മനീഷികൾ. (3)

മിത്രാവരുണരെസ്സോമപാനത്തിന്നായ് വിളിയ്ക്ക നാം:
ഇങ്ങെഴുന്നള്ളുമാറാക, വിശുദ്ധബലരാമവർ! (4)

സത്യതേജോധിപരെവർ സത്യാൽസ്സത്യം വളർത്തുവോർ
ആ മിത്രാവരുണന്മാരെയിങ്ങാവാഹിച്ചിടുന്നു ഞാൻ. (5)

നന്നായ് രക്ഷിയ്ക്ക വരുണൻ; മിത്രൻ പാലിയ്ക്ക നീളവേ;
ധനം ധാരാളമേകീടുമാറാകട്ടെ, നമുക്കവർ! (6)

വിളിയ്ക്ക നാം, നീർ നുകരാൻ മരുത്ത്വാനാകുമിന്ദ്രനെ;
സംതൃപ്തനായ്ബ്ഭുവിയ്ക്കട്ടേ, ഗണത്തോടൊരുമിച്ചവൻ! (7)

ഇന്ദ്രാദ്യരേ, മാരുതരേ, പൂഷപ്രമുഖദേവരേ,
ശ്രവിച്ചരുളവിൻ നിങ്ങളെന്റെയാഹ്വാനമേവരും! (8)

ബലിഷ്ഠനാമിന്ദ്രനുമായ് നിങ്ങൾ മംഗളദാനരേ
കൊൽവിൻ വൃത്രനെ;—യദ്ദുഷ്ടൻ ശക്തനാകൊല്ല, ഞങ്ങളിൽ! (9)

എല്ലാ മരുദ്ദേവരെയും നീർ കുടിപ്പാൻ വിളിയ്ക്ക നാം:
ഉർവി പെറ്റവരാണല്ലോ, ദുർവാരബലരാമവർ. (10)

ആ മരുത്തുക്കൾതൻ ശബ്ദം, ജേതാക്കളുടെപോലവേ
ഊററമോടെത്തുമേ, നിങ്ങൾ യജ്ഞം പ്രാപിയ്ക്കെ നാഥരേ! (11)

ഒളിവീശി വിളങ്ങുന്ന വാനിൽനിന്നു പിറന്നവർ
നമ്മെ രക്ഷിയ്ക്ക; നമ്മൾക്കു സുഖം നല്ക, മരുത്തുകൾ! (12)

സചിത്രദർഭസോമത്തെ ദീപ്ത, പൂഷൻ, ചരിഷ്ണു നീ
പോയോരു മാടിനെപ്പോലേ കൊണ്ടുവന്നാലുമംബരാൽ! (13)

സചിത്രദർഭമാം സോമ,മതിഗൂഢം, ഗുഹാസ്ഥിതം
കൈവരുത്തീടിനാനല്ലോ,പൂഷാവൊ,ളി തെളിഞ്ഞവൻ. (14)

എനിയ്ക്കെത്തിയ്ക്കയും ചെയ്വൂ സോമമോടാമൃതുക്കളെ,
യവത്തിനായ് ക്കാളകളാലുഴുതുന്നതുപോലവൻ. (15)

ഒഴുകുന്നു വഴികളിലൂടേ യജ്ഞാനുഷക്തിയിൽ,

നറുംപാലുൾപ്പെടുത്തിക്കൊണ്ടമ്മ ബന്ധുക്കളാം ജലം! (16)

സൂര്യങ്കൽ യാതൊന്ന,ലെങ്കിൽസ്സൂര്യൻ യാതൊന്നൊടൊപ്പമോ;
അജ്ജലം പ്രീതമാക്കട്ടെ, നമ്മൾതന്നധ്വരത്തിനെ! (17)

നമ്മൾതൻ ഗോക്കൾ നുകരും ജലമാകുന്ന ദേവിയെ
വിളിപ്പൻ; തീർക്കുകൊ,ഴുകമവൾക്കായി ഹവിസ്സിനെ. (18)

ജലാന്തസ്സംസ്ഥമമൃതം; മരുന്നും ജലസംസ്ഥിതം;
ജലത്തെപ്പേർത്തു കീർത്തിപ്പാൻ വെമ്പുവിൻ, യജമാനരേ! (19)

സോമൻ ചൊന്നാനെന്നൊടെ,'ല്ലാമരുന്നും ജലസംസ്ഥിതം,
അഗ്നിയാം വിശ്വശംഭുവും;' ജലം സകലഭേഷജം! (20)

ജലമേ, മമ രോഗത്തെത്തടുക്കുന്ന മരുന്നിനെ
തികച്ചും തന്നരുൾക: ഞാൻ നോക്കാവൂ സൂര്യനെച്ചിരം! (21)

ജലമേ, നീയൊഴുക്കിപ്പോക്കുക, ഞാൻ ചെയ്ത പാപമോ,
കേറിദ്രോഹിച്ചതോ, ശാപമിട്ടതോ, നുണചൊന്നതോ! (22)

ജലത്തിൽ മുങ്ങിനേൻ ഞാനിന്ന;–തിൻസത്തോടിണങ്ങിനേൻ;
വരികഗ്നേ, സതോയൻ നീ; തേജസ്സേകലണയ്ക്ക നീ! (23)

എങ്കൽച്ചേർത്തരുൾകഗ്നേ, നീ തേജസ്സായുസ്സപത്യവും;
ദേവന്മാരറികീയെന്നെ,യൃഷിമാരറികി,ന്ദ്രനും! (24)

## കുറിപ്പുകൾ: സൂക്തം 23.

3. മനോജവം = മനസ്സിന്നൊത്ത ഗതിവേഗം. ആയിരം അക്ഷി (കണ്ണ്) ഇന്ദ്രന്നേ ഉള്ളൂ. ധീപാലർ = ബുദ്ധിയെ (ദോഷങ്ങളിൽനിന്നു) രക്ഷിയ്ക്കുന്നവർ; കർമ്മപാലകരെന്നുമാകാം. മനീഷികൾ–മേധാവികളായ യജമാനന്മാരും ഋത്വിക്കുകളും.

5. സത്യതേജോധിപർ = യഥാർത്ഥ വെളിച്ചത്തിന്റെ അധിപതികൾ. മിത്രവരുണന്മാരും ആദിത്യരിലുൾപ്പെട്ടവരത്രേ. സത്യാൽ–കർമ്മങ്ങൾക്കു ഫലം കൊടുക്കുമെന്ന പ്രതിജ്ഞയാൽ. സത്യം–അവശ്യംഭാവിയായ കർമ്മഫലം.

7. മരുത്ത്വാൻ = മരുത്തുക്കളോടുകൂടിയവൻ. സംതൃപ്തൻ = മതിവന്നവൻ. ഗണം–മരുദ്ഗണം.

8. മാരുതർ = മരുത്തുക്കൾ.

9. മംഗളദാനരേ = ശോഭനൌദാര്യന്മാരേ. നിങ്ങൾ–മരുത്തുക്കൾ. ഞങ്ങളിൽ ശക്തനാകൊല്ല–ഞങ്ങളെ ഉപദ്രവിപ്പാൻ ആളാകരുത്.

10. മരുദ്ദേവർ = മരുത്തുക്കളെന്ന ദേവന്മാർ; ഭൂപുത്രന്മാരത്രേ, അവർ.

11. മരുത്തുക്കളും നിങ്ങളും ഒന്നുതന്നെ. ജേതാക്കളുടെ–വിജയികളുടെ ശബ്ദം. നാഥരേ–നേതാക്കളേ.

13. സചിത്രദർഭം = വിചിത്രങ്ങളായ ദർഭപ്പുല്ലുകളോടുകൂടിയത്. ദീപ്ത = തിളങ്ങുന്നവനേ. പൂഷൻ = -പൂഷാവേ. ചരിഷ്ണു = സഞ്ചാരശീലൻ. ഒരാൾ കാണാതെപോയ പശുവിനെ തിരഞ്ഞുപിടിച്ചു കൊണ്ടുവരുന്നതുപോലെ, അങ്ങ് അംബരാൽ. (ആകാശത്തുനിന്നു) സോമം കൊണ്ടുവന്നാലും.

14. കൈവരുത്തീടിനാൻ–കണ്ടുപിടിച്ചു കയ്യിലാക്കി.

15. യവത്തിനായ്–യവം വിതപ്പാൻ. ഉഴൽ ആണ്ടുതോറുമുണ്ടല്ലോ; ഋതുക്കളും പ്രതിവർഷം വരുന്നു. അവൻ–പൂഷാവ്.

16. വഴികൾ–ദേവയജനമാർഗ്ഗങ്ങൾ. യജ്ഞാനുഷക്തിയിൽ–ഞങ്ങൾ യജ്ഞത്തിലേർപ്പെടുമ്പോൾ. നറുംപാലുൾപ്പെടുത്തിക്കൊണ്ട്–പൈക്കളിലും മറ്റും മധുരമായ പാൽ ഉണ്ടാകുന്നതു വെള്ളത്താലാണല്ലോ. അമ്മബന്ധുക്കളാം=അമ്മയും ബന്ധുവുമായ. പ്രാണികൾക്ക് അമ്മയാണ്, ബന്ധുവാണ്, വെള്ളം.

17. പ്രീതമാക്കട്ടേ–നിറവേററട്ടെ.

19. വെള്ളത്തിൽ അമൃതിരിപ്പുണ്ട്; മരുന്നുമുണ്ട്, വെള്ളത്തിൽ. കീർത്തിപ്പാൻ–സ്തുതിപ്പാൻ.

20. വിശ്വശംഭ്രുവ്–ഒരഗ്നിയുടെ പേർ; ജഗൽസുഖകരൻ എന്നാണ്, പദത്തിൻറെ അർത്ഥം. ഈ അഗ്നിയും വെള്ളത്തിലുണ്ടെന്നു സോമൻ എന്നോടു പറഞ്ഞിട്ടുണ്ട്. സകലഭേഷജം=എല്ലാ മരുന്നുകളോടുംകൂടിയത്,

21. ഞാൻ നോക്കാവൂ സൂര്യനെച്ചിരം–വളരെനേരം സൂര്യനെ നോക്കാൻ എനിയ്ക്ക് ആരോഗ്യം ലഭിയ്ക്കട്ടെ.

22. പാപം–അറിയാതെ ചെയ്തത്. ദ്രോഹിച്ചത്–അറിഞ്ഞു ചെയ്ത ദ്രോഹം. ശാപമിട്ടത്–സജ്ജനങ്ങളെ ശപിച്ചു സംസാരിച്ചത്.

23. മുങ്ങിനേൻ–അവഭൃഥസ്നാനമനുഷ്ഠിച്ചേൻ; മുങ്ങിയതുകൊണ്ടു വെള്ളത്തിൻറെ സത്തോടു ചേർന്നു. സതോയൻ=വെള്ളത്തോടുകൂടിയവൻ; ജലവർത്തിയാകകൊണ്ടു ദേഹത്തിൽ വെള്ളം പററിയവൻ. അഗ്നേ–വിശ്വശംഭ്രുവേ.

24. അപത്യം=സന്തതി. ഈ എന്നെ അറിക–എൻറെ അനുഷ്ഠാനത്തെ മനസ്സിലാക്കുമാറാകട്ടെ.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## രണ്ടാം അദ്ധ്യായം

### മണ്ഡലം 1 അനുവാകം 6

## സൂക്തം 24.

അജീഗർത്തപുത്രൻ ശുനശ്ശേപൻ ഋഷി; ത്രിഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകൾ; പ്രജാപതിയും, അഗ്നിയും, സവിതാവും, ഭഗനും, വരുണനും ദേവതകൾ. (പാന)

ഏതൊരേതൊരു ദേവന്റെ നല്ല പേ-
രോതുകവേണ്ടു ഞങ്ങളമർത്ത്യരിൽ?
ആർ തിരുമന്നിനേകിടും, വിണ്ടുമേ
മാതൃതാതരെക്കാണ്മന്നതിന്നെന്നെ? (1)

ആദിമനാകുമഗ്നിതൻ നല്ല പേ-
രോതിടുന്നിതു ഞങ്ങളമർത്ത്യരിൽ:
ഹാ, തിരുമന്നിനേകുകെന്നെയവൻ,
മാതൃതാതരെക്കാണ്മവാൻ വീണ്ടുമേ! (2)

അർത്ഥികൾ, ഞങ്ങൾ വിത്തേശനാം നിങ്കൽ,
നിത്യരക്ഷക, ദേവ, സവിതാവേ: (3)

നിന്ദനദ്വേഷമുക്തമായ് സ്തുത്യമാ–
കുന്ന തൃസ്വത്തു നിൻകയ്യിലുണ്ടല്ലോ! (4)

നിന്റെ ഞങ്ങൾ ധനാഢ്യനാം നിൻ തുണ–
കൊണ്ടു കേറാവു, സംപത്തിൻ മൂർദ്ധാവിൽ! (5)

ഇല്ല നിൻക്രോധമില്ല നിൻവിക്രമ,-
മില്ല കെല്പീ,പ്പറക്കും ഖഗങ്ങൾക്കും;
ഇല്ല നില്ലാതൊലിയ്ക്കും ജലത്തിനു,-
മില്ല കാറ്റിനു,മിത്ര ഗതിവേഗം! (6)

പൂതവിര്യൻ വരുണനാം തമ്പുരാൻ
മീതെ നിർത്തുന്നു, വാനിൽക്കതിർകളെ;
മീതെ വേർ, തുമ്പു താഴെയുമാമവ
കേതുവായുള്ളിൽ നില്ക്കാവു നമ്മളിൽ! (7)

ആ വരുണരാജാവല്ലോ, സൂര്യനു
വാർവഴി തീർത്തു, പോക്കുവരവിനായ്;
ആവതല്ലാത്തിടത്തു കാൽ വെയ്ക്കു ഞാൻ!
പോവുമാറാക, നെഞ്ചം പിളർപ്പോനും! (8)

വൈദ്യർ ദേവ, നൂറായിരമുണ്ടു തേ;
വായ്ക്ക, നിൻകൃപയ്ക്കാഴവും വീതിയും:
അങ്ങകറ്റി വലയ്ക്ക നിരൃതിയെ;–
ബ്ഭംഗമേകുക ചെയ്ത പാപത്തിനും! (9)

ദ്യോവിൽ നില്ക്കുമിത്താരങ്ങൾ കാണാകും,
രാവിലെ;–ങ്ങോ ഗമിയ്ക്കുമഹസ്സിങ്കൽ;
ഇല്ലിടിച്ചിൽ വരുണന്റെ ചെയ്തികൾ–
ക്ക,ല്ലിലെത്തുന്നു ചന്ദ്രനൊളി വീശി! (10)

വാഴ്ത്തി വന്ദിച്ചിരക്കുന്നു ഞാനിതി;—
താത്തഹവ്യനായ് നേരുന്നു കർമ്മിയും:
ആസ്ഥയോടറികിങ്ങെ,ങ്ങൾതന്നുയിർ
കീർത്തനീയ, വരുണ, നീ കക്കൊലാ! (11)

ചൊല്ലിനാരിതേ രാപ്പകലെന്നോടെ;—
ന്നുള്ളിൽനിന്നുമിതൊന്നേ വെളിപ്പെട്ടു:
ബദ്ധനായ് വിളിയ്ക്കുന്ന ശുനശ്ശേപൻ
മുക്തനാക, വരുണരാജാവിനാൽ! (12)

ദാരുവിൻ മൂന്നിടത്തായ് ത്തളയ്ക്കപ്പെ-
ട്ടാ,രെയങ്ങു വിളിച്ചാൻ ശുനശ്ശേപൻ,
ആ വരുണനാം രാജാവറിവുറേറാ—
നാദിതേയനപീഡിതനിയ്യാളെ.
കല്പിച്ചുവിടുവിയ്ക്കകവേണമേ:
കെൽപ്പൊടേ വെട്ടിനീക്കട്ടെ കെട്ടുകൾ! (13)

ഞങ്ങൾ നീക്കുന്നു ദേവ, നിൻകോപത്തെ
മംഗളഹവിസ്സാലും, നമസ്സാലും:
ഇങ്ങു വാണപ്രിയംഘ്ന, പ്രചേതസ്സേ,
ഞങ്ങൾതൻ പിഴ തീർക്കു വരുണ, നീ! (14)

മീതെയും നടുവിങ്കലും താഴെയും
ജാതമിക്കെട്ടഴിയ്ക്കു വരുണ, നീ;
ആദിതേയ, പിമ്പെങ്ങൾ നിൻചെയ്തിയിൽ—
ബ്ബാധ പററാതെ നിന്നിടാം, തെറ്റെന്ന്യേ! (15)

## കുറിപ്പുകൾ: സൂക്തം 24.

1. ഒരു രാജാവിനാൽ നരമേധത്തിന്നു വിലയ്ക്കു വാങ്ങപ്പെട്ടവനും യൂപ(സ്തംഭ)ത്തിൽ ബദ്ധനുമായ ശുനശ്ശേപര(ഫ)ന്റെ വിലാപം: ഞങ്ങൾ-ഞാൻ. അമർത്ത്യരിൽ—ദേവന്മാരിൽവെച്ച് ആരുടെയാരുടെ പേർ ഉച്ചരിയ്ക്കേണ്ടു? ഏതു ദേവനെ കീർത്തിച്ചാലായിരിയ്ക്കും എനിയ്ക്കു വിടുതി കിട്ടുക? തിരുമന്ന്=ശ്രീഭൂമി.
2. അഗ്നിയെ സ്തുതിയ്ക്കാൻ പ്രജാപതി ഉപദേശിച്ചതിനാൽ ശുനശ്ശേപൻ അതു ചെയ്യുന്നു:
3. അഗ്നി സവിതാവിനെ സ്തുതിപ്പാൻ നിർദ്ദേശിച്ചു. അതിനാൽ ശുനശ്ശേപൻ സവിതാവിനെ സ്തുതിയ്ക്കുന്നു. നിങ്കൽ അർത്ഥികൾ—അങ്ങയുടെ ധനത്തിൻറെ ഒരംശം തരിക എന്ന് അങ്ങയുടെ അടുക്കൽ യാചിയ്ക്കുന്നു.
4. നിന്ദനദ്വേഷമുക്തമായ് സ്തുത്യമാകുന്ന—നിന്ദനത്തിന്നും ദ്വേഷത്തിന്നും വിഷയമായിട്ടില്ലായ്കയാൽ സ്തുതിയ്ക്കപ്പെട്ടുവരുന്ന.
5. നിൻറെ ഞങ്ങൾ—അങ്ങയുടെ ആളുകളായ ഞങ്ങൾ.
6. സവിതാവു വരുണനെ സ്തുതിപ്പാനുപദേശിച്ചു; ശുനശ്ശേപൻ അതു ചെയ്യുന്നു: നിൻക്രോധമില്ല എന്നതുകൊണ്ട്, അങ്ങു ക്രോധിച്ചാൽ, അതു താങ്ങാൻ കഴിവില്ലെന്നുകൂടി വ്യഞ്ജിയ്ക്കുന്നു.

7. വാനിൽ–തന്റെ വാസസ്ഥാനമായ അന്തരിക്ഷത്തിൽ. മീതെ വേർ, തുമ്പു താഴെയും– ആ കതിരുകളുടെ (തേജസ്സിന്റെ) വേർ (കീഴ്ഭാഗം) മീതെയും, തുമ്പ് (അഗ്രഭാഗം) താഴെയുമാണ്. കേതുവായ്–അടയാളമായി, പ്രാണനായി.

8. വാർവഴി=വിശാലമാർഗ്ഗം. പോക്കുവരവ്–അസ്തമയോദയങ്ങൾ. ഞാൻ ആവതല്ലാത്തിടത്തു കാൽ വെയ്ക്ക–ഞാൻ ബന്ധനമുക്തനായി അഗമ്യപ്രദേശത്തുടെയെങ്കിലും നടന്നുപോകുമാറാകട്ടെ. എന്റെ നെഞ്ചം പിളർപ്പോനും (വേദനപ്പിയ്ക്കുന്ന ശത്രുവും) പോവുമാറാക (വിട്ടുപോകട്ടെ). ഇതിന്നു വരുണൻ അനുഗ്രഹിക്കട്ടെ.

9. വൈദ്യർ–ബന്ധനം വിടുർത്താൻ ത്രാണിയുള്ള വൈദ്യന്മാർ. വായ്ക്ക–അങ്ങയ്ക്ക് എങ്കിൽ അഗാധവിശാലമായ അനുഗ്രഹബുദ്ധി ഉണ്ടാകട്ടെ. നിരൃതിയെ (പാപദേവതയെ) ദൂരീകരിച്ചു കഷ്ടപ്പെടുത്തിയാലും. ഭംഗം=നാശം.

10. അഹസ്സ്=പകൽ. ഇതൊക്കെ വരുണന്റെ ആജ്ഞയാലാണ്. എത്തുന്നു– ഉദിച്ചുപൊങ്ങുന്നു.

11. ഇത്–ഉത്തരാർദ്ധത്തിൽ പറയുന്നത്. ആത്തഹവ്യൻ–അങ്ങയ്ക്കായി ഹവിസ്സെടുത്തവൻ. കർമ്മി–യജമാനൻ. ആസ്ഥയോടും–അനാദരിയ്ക്കാതെ.അറിക–ഞങ്ങളുടെ അപേക്ഷ മനസ്സിലാക്കുക. ഉയിർ കക്കൊലാ-എങ്ങളെ (എന്നെ) മൃത്യുവിൽനിന്നു രക്ഷിച്ചാലും.

12. ചൊല്ലിനാർ–അഭിജ്ഞർ പറഞ്ഞുതന്നു. ഇതേ–വരുണസേവനം തന്നെ. വിളിയ്ക്കുന്ന– വരുണനോടു പ്രാർത്ഥിയ്ക്കുന്ന. മുക്തനാക=മോചിപ്പിയ്ക്കപ്പെടട്ടെ.

13. ദാരു=മരം, യൂപം. മൂന്നിടത്തായ്–മൂന്നു കൊതകളിൽ. തളയ്ക്കപ്പെട്ട്–പിടിച്ചുകെട്ടപ്പെട്ട്. അങ്ങു–അവിടെനിന്ന്. ആദിതേയ=അദിതിയുടെ പുത്രൻ. അപീഡിതൻ–ശത്രുക്കളാൽ ഉപദ്രവിക്കപ്പെട്ടിട്ടില്ലാത്തവൻ. ഇയ്യാളെ–ശുനശ്ശേപനെ.

14. അപ്രിയഘ്ന–അനിഷ്ടനാശന. പ്രചേതസ്സേ=മികച്ച ജ്ഞാനമുള്ളവനേ; വരുണപര്യായമാണ്, പ്രചേതസ്സ്. പിഴ–പാപം.

15. മീതെ=ശിരസ്സിൽ. നടു=അര. താഴെ–കാലുകളിൽ. ജാതം=സംഭവിച്ച. പിമ്പ്–മോചനാനന്തരം, മേലിൽ. നിൻചെയ്തിയിൽ (അങ്ങയുടെ കർമ്മത്തിൽ) നിന്നിടാം (നിന്നുകൊള്ളാം). എന്നാൽ ബാധ (ഉപദ്രവം) പററില്ലല്ലോ. തെററന്യേ–പിഴ (പാപം) ചെയ്യാതെ.

## സൂക്തം 25.

ശുനശ്ശേപൻ ഋഷി; ഗായത്രി ഛന്ദസ്സ്; വരുണൻ ദേവത.

ദേവ, വരുണ, പ്രജകളെന്നപോലെ ഞങ്ങളും അങ്ങയുടെ വല്ല കർമ്മത്തെയും പ്രതിദിനം തകരാറിലാക്കിയിരിയ്ക്കാം! (1)

അനാദരരെ ഹനിയ്ക്കുന്ന ഭവാൻ ഞങ്ങളെ കൊല്ലാനൊരുങ്ങരുത്; ചുണച്ചരി-ശപ്പെടരുത് ! (2)

വരുണ, ഞങ്ങൾ സുഖത്തിന്നായി അങ്ങയുടെ മനസ്സിനെ, തേരാളി തളർന്ന കുതിരയെ എന്നപോലെ, വാക്കുകൾ കൊണ്ടു വശപ്പെടുത്തുന്നു! (3)

എൻറെ അരിശമില്ലാത്ത നിനവുകൾ വിലയേറിയ ജീവനത്തിലെയ്ക്കു, പക്ഷി-കൾ കൂട്ടിലെയ്ക്കെന്നപോലെ പിൻതിരിയാതെ പറക്കുന്നു! (4)

ഞങ്ങൾ സുഖത്തിന്നായി, ബലവാനും നേതാവും ബഹുദ്രഷ്ടാവുമായ വരുണ-നെ എപ്പോൾ വരുത്തും! (5)

കർമ്മിയുടെ ദാനത്തിൽ താൽപര്യമുള്ള ഇരുവരും പതിവുപോലെ അതുത-ന്നെ ഭുജിച്ചുപോന്നു; അമാന്തിയ്ക്കാറില്ല. (6)

അവിടെയ്ക്കറിയാമല്ലോ, ആകാശത്തുടേ പറക്കുന്ന പക്ഷികളുടെ പോക്ക്; തോ-ണിയുടേതും ആ സമുദ്രവാസിയ്ക്കറിയാം; (7)

പന്തിരണ്ടു മാസങ്ങളെയും, അപ്പോളപ്പോളുണ്ടാകുന്നവയെയും ആ ധൃതവ്രതൻ അറിയുന്നു; അധിമാസം വരുന്നതും അറിയുന്നു; (8)

പരപ്പും പെരുമയും അഴകുമൊത്തതായ വായുവിന്റെ മാർഗ്ഗം അവിടുന്നറിയുന്നു; മുകളിൽ വസിയ്ക്കുന്നരെയും അറിയുന്നു! (9)

ധൃതവ്രതനും ശുഭകർമ്മാവുമായ വരുണൻ ദേവപ്രജകളിൽ സാമ്രാജ്യത്തിന്നാ-യി എഴുന്നള്ളിയിരുന്നു. (10)

അദ്ദേഹം ചെയ്തവയും ചെയ്യാൻ പോകുന്നവയുമായ അദ്ഭുതങ്ങളെല്ലാം ബുദ്ധി-മാൻ നേരേ കാണുന്നുണ്ട്. (11)

ആ സുമതിയായ അദിതിപുത്രൻ ഞങ്ങളെ എല്ലാ നാളുകളിലും സന്മാർഗ്ഗത്തി-ൽ നടത്തട്ടെ; ഞങ്ങൾക്ക് ആയുസ്സും വളർത്തട്ടെ! (12)

വരുണൻ ചുററും ഒളിവീശുന്ന പൊന്നിൻചട്ടയിട്ടു മുഴുപ്പുററ തിരുമൈ മറയ്ക്കുന്നു. (13)

ഹിംസൈഷികൾ ആ ദേവനെ ഹിംസിയ്ക്കില്ല; ജനദ്രോഹികൾ ദ്രോഹിയ്ക്കില്ല; പാപങ്ങൾ സ്പർശിയ്ക്കില്ല! (14)

അദ്ദേഹം സർവത്ര മനുഷ്യർക്കു് തികഞ്ഞ ഭക്ഷണം നല്കി; ഞങ്ങളുടെ വയറു-കൾക്കും. (15)

എൻറെ നിനവുകൾ ആ ബഹുദർശനീയന്റെ നേർക്കു, ഗോക്കൾ തൊഴുത്തി-ലെയ്ക്കെന്നപോലെ പിന്തിരിയാതെ നടക്കുന്നു. (16)

എന്റെ കാര്യത്തിന്ന് ഒരുക്കിയ അരുമത്തേൻ ഹോതാവിനെപ്പോലെ അങ്ങും ആസ്വദിയ്ക്കുമല്ലോ; അതിന്നുശേഷം, നമുക്കിരുവർക്കും തമ്മിൽ സംസാരിയ്ക്കാം! (17)

വിശ്വദർശനീയനെ ഞാൻ കണ്ടു; നിലത്തു പള്ളിത്തേരും ഞാൻ നേരേ കണ്ടു. എന്റെ ഈ വാക്കുകൾ അവിടുന്നു സ്വീകരിച്ചിരിയ്ക്കുന്നു! (18)

വരുണ, എന്റെ ഈ വിളി കേൾക്കുക; ഇന്നു സുഖിപ്പിയ്ക്കുകയും ചെയ്യുക. രക്ഷ-യ്ക്കായി ഞാൻ അങ്ങയുടെ നേർക്കു ശബ്ദിയ്ക്കുന്നു. (19)

ഹേ മേധാവിൻ, അങ്ങു ദ്യോവിലും ഭൂവിലും—ലോകത്തിലെങ്ങും—പരിശോഭിയ്ക്കുന്നു. അതിനാൽ, ക്ഷേമം വരുത്താമെന്നേല്ക്കുക! (20)

ജീവിപ്പാൻ ഞങ്ങളുടെ മുകളിലെ കയർ വിട്ടുവിയ്ക്കുക; നടുവിലേതും താഴത്തേതും അഴിച്ചുകളയുക! (21)

## കുറിപ്പുകൾ: സൂക്തം 25.

1. പ്രജകൾ—മററാളുകൾ.
4. അരിശമിലാത്ത—പ്രശാന്തങ്ങളായ.
5. ബഹുദ്രഷ്ടാവ്=വളരെ വസ്തുക്കളെ കണ്ടറിഞ്ഞവൻ.
6. ഇരുവരും—വരുണനും മിത്രനും. അതുതന്നെ—ഞങ്ങൾ അർപ്പിച്ച ഹവിസ്സുതന്നെ.
7. അവിടെയ്ക്ക്—വരുണന്ന്. തോണിയുടേതും—തോണിയുടെ ഗതിയും. അദ്ദേഹം എന്നെ ബന്ധമുക്തനാക്കട്ടെ!
10. സാമ്രാജ്യത്തിന്നായി—കോയ്മ സ്ഥാപിപ്പാൻവേണ്ടി.
16. ബഹുദർശനീയൻ=വളരെപ്പേരാൽ കാണപ്പെടേണ്ടുന്നവൻ; സുന്ദരാകാരൻ.
17. അരുമത്തേൻ—പ്രിയപ്പെട്ട മധുരഹവിസ്സ്.
18. വിശ്വദർശനീയനെ—സുന്ദരാകാരനായ വരുണനെ. വാക്കുകൾ—സ്തുതികൾ.
19. ശബ്ദിയ്ക്കുന്നു—സ്തുതികളെ അയയ്ക്കുന്നു.
20. ക്ഷേമം—എന്നെ രക്ഷിയ്ക്കാമെന്നു മറുപടി തരിക.
21. ജീവിപ്പാൻ—ഞാൻ മരിയ്ക്കാതിരിപ്പാൻ. ഞങ്ങളുടെ—എന്റെ.

## സൂക്തം 26.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; അഗ്നി ദേവത.

യജ്ഞാർഹ, അന്നരക്ഷക, അങ്ങു വസ്ത്രങ്ങളുടുക്കുക; എന്നിട്ടു, ഞങ്ങളുടെ ഈ യാഗം നിറവേറ്റുക. (1)

അഗ്നേ, എന്നും അതിയുവാവേ, വരേണ്യനും തേജസ്വിയുമായ ഭവാൻ ഞങ്ങളുടെ ഹോതാവായിട്ടു, തിളങ്ങുന്ന സ്തുതി കേട്ടുകൊണ്ടിരുന്നാലും! (2)

വരേണ്യനായ ഭവാൻ അച്ഛൻ; ഞാൻ മകൻ. ബന്ധു ബന്ധുവിനെയും, സഖാവു സഖാവിനെയും സർവഥാ പ്രീതിപ്പെടുത്തുമല്ലോ! (3)

ഹിംസകരെ വിഴുങ്ങുന്ന വരുണനും മിത്രനും അര്യമാവും ഞങ്ങളുടെ യജ്ഞത്തിൽ, മനുവിന്റേതിലെന്നപോലെ വന്നണയട്ടെ! (4)

പൂർവക, ഹോതാവേ, ഇതിന്നും സ്നേഹത്തിന്നുമായി ഭവാൻ പ്രസാദിച്ചാലും; ഞങ്ങളുടെ ഈ വാക്കുകൾ കേൾക്കുകയും ചെയ്യാലും! (5)

ഞങ്ങൾ മറേറാരോ ദേവന്നാണ് , എന്നെന്നും സവിസ്തരമായ യജ്ഞം ചെയ്യുന്നതെങ്കിലും, ആ ഹവിസ്സു ഭവാങ്കൽത്തന്നെയാണല്ലോ, ഹോമിയ്ക്കപ്പെടുന്നത്! (6)

പ്രജാപാലകനും ഹൃഷ്ടനും വരേണ്യനുമായ ഹോതാവു ഞങ്ങൾക്കു പ്രിയനായിവരട്ടെ; ഞങ്ങൾ അഗ്നിയ്ക്കും പ്രിയരാകട്ടെ! (7)

ശോഭനാഗ്നിയുക്തരായ തേജസ്വികളാണല്ലോ, ഞങ്ങളുടെ ഹവിസ്സെടുത്തിരിയ്ക്കുന്നത്; അതിനാൽ ഞങ്ങൾ ശോഭനാഗ്നിയുക്തരായി പ്രാർത്ഥിയ്ക്കുന്നു. (8)

മരണമില്ലാത്തവനേ, ഒടുവിൽ മർത്ത്യരായ ഞങ്ങളും അങ്ങും—ഇരുകൂട്ടരും—പരസ്പരം പ്രശംസിയ്ക്കുമാറാകട്ടെ! (9)

ബലത്തിന്റെ മകനായ അഗ്നേ, എല്ലാ അഗ്നികളോടുംകൂടി ഈ യജ്ഞത്തിലും ഈ സ്തുതിയിലും ചേർന്ന്, അന്നം തന്നരുളിയാലും. (10)

### കുറിപ്പുകൾ: സൂക്തം 26.

1. അഗ്നിയെ സ്തുതിപ്പാനാണ്, വരുണൻ നിർദ്ദേശിച്ചത്. അതുനിമിത്തം ശുനശ്ശേപൻ വീണ്ടും അഗ്നിയെ സ്തുതിയ്ക്കുന്നു: വസ്ത്രങ്ങൾ—തേജസ്സ്. പ്രജ്വലിയ്ക്കുക എന്നർത്ഥം.
4. ഹിംസകർ = ദ്രോഹികൾ. വിഴുങ്ങുന്ന—കൊന്നൊടുക്കുന്ന. മനുവിന്റേതിൽ—മനുവിന്റെ യാഗത്തിൽ. വന്നണയട്ടെ—അതിന്ന് അങ്ങ് ആ സ്നേഹിതന്മാരെ പ്രേരിപ്പിച്ചാലും!
5. പൂർവക—ഞങ്ങൾ മുതലായവർക്കൊക്കെ മുമ്പേ ജനിച്ചവനേ. ഇതിന്നും സ്നേഹത്തിന്നുമായി—ഈ യാഗം നിറവേററാനും ഞങ്ങളെ സ്നേഹിപ്പാനു(അനുഗ്രഹിപ്പാനു)മായി. വാക്കുകൾ—സ്തുതികൾ.
6. അന്യദേവതാവിഷയമായ യാഗവും അങ്ങയ്ക്കുള്ളതുതന്നെ.
7. ഹോതാവ് = അഗ്നി.
8. തേജസ്വികൾ—ഋത്വിക്കുകൾ.
9. ഒടുവിൽ—യാഗാവസാനത്തിൽ. മർത്ത്യർ = മരണമുള്ളവർ. പരസ്പരം—'അനുഷ്ഠാനം നന്നായി' എന്ന് അഗ്നി; 'ഞങ്ങൾ അനുഗൃഹീതരായി' എന്നു ഞങ്ങൾ. ഇങ്ങിനെ അന്യോന്യം കൊണ്ടാടുമാറാകട്ടെ.
10. അഗ്നികൾ—ആഹവനീയാദികൾ. ഈ—ഞങ്ങളുടെ. ചേർന്ന്—സ്വീകരിച്ച്.

## സൂക്തം 27.

ശുനശ്ശേപൻ ഋഷി; ഗായത്രിയും ത്രിഷ്ടപ്പും ഛന്ദസ്സുകൾ; അഗ്നിയും വിശ്വദേവന്മാരും ദേവതകൾ.

അഗ്നേ, യജ്ഞസമ്രാട്ടായ നിന്തിരുവടിയെ ഞങ്ങൾ വാൽ തഴച്ച കുതിരയെ എന്നപോലെ വണങ്ങി വന്ദിയ്ക്കുന്നു. (1)

ആ പരന്ന നടപ്പൊത്ത ബലപുത്രൻ നമുക്കു സുമുഖനായിബ്ഭവിയ്ക്കട്ടെ; നമ്മളിൽ കോരിച്ചൊരിയട്ടെ! (2)

എങ്ങും നടക്കുന്ന അവിടുന്നു ദൂരത്തും ചാരത്തും ഉപദ്രവിയ്ക്കാൻ നോക്കുന്ന മനുഷ്യനിൽനിന്നു ഞങ്ങളെ സദാ രക്ഷിച്ചാലും! (3)

അഗ്നേ, ഞങ്ങളുടെ ഈ ഹവിർദ്ദാനവും അതിനൂതനമായ ഗായത്രവും ഭവാൻ ദേവകളിൽ വർണ്ണിച്ചുപറയണം! (4)

അങ്ങു ഞങ്ങളെ മുകളിലും നടുവിലുമുള്ള അന്നങ്ങളിലെത്തിയ്ക്കുക; അടുത്തതിന്റെ ധനവും തന്നരുളുക! (5)

ഹേ ചിത്രഭാനോ. അങ്ങു നദീസമീപത്തു തിരകളെ എന്നപോലെ, ധനങ്ങളെ വേർതിരിയ്ക്കുന്നു; ഹവിർദ്ദാതാവിന്നു തൽക്ഷണം വർഷിച്ചുംകൊടുക്കുന്നു! (6)

അഗ്നേ, അങ്ങു യാതൊരുവനെ സമരങ്ങളിൽ സംരക്ഷിയ്ക്കുന്നു; യാതൊരുവനെ യുദ്ധങ്ങളിൽ പ്രേരിപ്പിയ്ക്കുന്നു; ആ മനുഷ്യൻ എന്നെന്നും അന്നങ്ങളെ നിയന്ത്രിയ്ക്കും! (7)

ശത്രുക്കളെ തോല്പിയ്ക്കുന്നവനേ, ഇവനെ ഒരുത്തനും ആക്രമിയ്ക്കുകില്ല: ഇവന്നു, കേൾക്കത്തക്ക കരുത്തുണ്ടാവും! (8)

സർവമനുഷ്യാന്വിതനായ അവിടുന്ന് അശ്വങ്ങളെക്കൊണ്ടു യുദ്ധം കടത്തിവിടട്ടെ; മേധാവികളോടുകൂടിയ അവിടുന്നു ഫലം കല്പിച്ചുനല്കട്ടെ: (9)

സ്തുതികൊണ്ടുണർത്തപ്പെടുന്നവനേ, അങ്ങു മനുഷ്യന്നു മനുഷ്യന്നു യജ്ഞം നിറവേറാൻ, രുദ്രനെക്കുറിച്ചു സമീചീനമായ സ്തോമം ചൊല്ലിയാലും! (10)

മഹാനും അപ്രമേയനും ധൂമധ്വജനും ഭൂരിതേജസ്സുമായ അവിടുന്നു നമ്മെ കർമ്മത്തിന്നും അന്നത്തിന്നും പ്രോത്സാഹിപ്പിയ്ക്കട്ടെ! (11)

ആ പ്രജാപാലകനും ദേവദൂതനും തിളക്കമേറിയവനുമായ അഗ്നി, ഒരു ധനികനെന്നപോലെ നമ്മുടെ ഉക്ഥം ശ്രവിച്ചരുളട്ടെ! (12)

ഉയർന്നവർക്കു നമസ്കാരം; താന്നവർക്കു നമസ്കാരം; യുവാക്കൾക്കു നമസ്കാരം; വൃദ്ധന്മാർക്കു നമസ്കാരം! കഴിവുണ്ടെങ്കിൽ ഞങ്ങൾ ദേവയജനം അനുഷ്ഠിക്കും. ദേവകളേ, ഞാൻ ജ്യേഷ്ഠനെ സ്തുതിയ്ക്കുന്നതു മുറിയരുതേ! (13)

### കുറിപ്പുകൾ: സൂക്തം 27.

1. കുതിര വാലുകൊണ്ട് ഈച്ചകളെയും മറ്റുമെന്നപോലെ, അങ്ങു ജ്വാലകൾകൊണ്ടു ഞങ്ങളുടെ വിരോധികളെ ആട്ടിപ്പായിയ്ക്കുന്നു.
2. പരന്ന നടപ്പൊത്ത = വിശാലഗതിയായ. ബലപുത്രൻ–അഗ്നി. കോരിച്ചൊയൊരിയട്ടെ–അഭീഷ്ടങ്ങൾ വർഷിയ്ക്കട്ടെ.
3. എങ്ങും നടക്കുന്ന–സർവവ്യാപിയായ.
4. ഗായത്രം–ഗായത്രീച്ഛന്ദസ്സിലുള്ള സ്തുതി.

5. മുകൾ—സ്വർഗ്ഗലോകം. നടു—അന്തരിക്ഷലോകം. അടുത്തത്—ഭൂലോകം. അന്നങ്ങളിലെത്തിയ്ക്കുക—അന്നങ്ങൾ ഞങ്ങൾക്കു കൊണ്ടുവന്നു തരിക.

6. തിരകളെ എന്നപോലെ—ആളുകൾ തിരകളെ തോട്ടം മറ്റമാക്കി വേർതിരിയ്ക്കുന്നതുപോലെ. ഹവാർദ്ദാതാവ്—യജമാനൻ. വർഷിച്ചുംകൊടുക്കുന്നു—ധനങ്ങളെ കോരിച്ചൊരിഞ്ഞുകൊടുക്കുകയും ചെയ്യുന്നു. തൽക്ഷണം—കർമ്മാനുഷ്ഠാനാവസാനത്തിൽത്തന്നെ.

7. അന്നങ്ങൾ ആ മനുഷ്യന്റെ വരുതിയിലാകും.

8. ഇവനെ—മുകളിൽ പറയപ്പെട്ട മനുഷ്യനെ. കേൾക്കത്തക്ക—വിശ്രുതമായ.

9. അവിടുന്ന്—അഗ്നി. അശ്വങ്ങളെക്കൊണ്ട്—ഞങ്ങൾക്കു കുതിരകളെത്തന്ന്. യുദ്ധം കടത്തിവിടട്ടെ—ജയിപ്പിയ്ക്കട്ടെ. മേധാവികളോടുകൂടിയ—ഋത്വിക്കുകളാൽ ആരാധിതനായ.

12. ധനികനെന്നപോലെ—ഒരു പണക്കാരൻ വൈതാളികരുടെ സ്തുതി കേൾക്കുന്നതുപോലെ. ഉക്ഥം—ഒരു തരം സ്തോത്രം.

13. അഗ്നിയാൽ പ്രേരിതനായ ശുനശ്ശേപൻ വിശ്വദേവകളെ സ്തുതിയ്ക്കുന്നു: ജ്യേഷ്ഠൻ—മൂപ്പേറിയ ദേവൻ. മുറിയരുതേ—അവിച്ഛിന്നമായി നടക്കട്ടെ.

## സൂക്തം 28.

ശുനശ്ശേപൻ ഋഷി; അനുഷ്ടപ്പും, ഗായത്രിയും ഛന്ദസ്സ്; ഇന്ദ്രനും,ഉരലും,ഉലയ്ക്കയും, കാളത്തോലും ദേവതകൾ.

ഇന്ദ്ര, യാതൊന്നിൽ അടിപരന്ന ഉയർന്ന കല്ല് അഭിഷവത്തിന്നുണ്ടോ ആ കർമ്മത്തിൽ, ഉരലിലിടിച്ചുപിഴിഞ്ഞതു തനതായിക്കരുതി അങ്ങു നുകർന്നുകൊണ്ടാലും! (1)

ഇന്ദ്ര യാതൊന്നിൽ നിതംബങ്ങൾക്കൊത്ത രണ്ടരിപ്പകൾ ഒരുക്കിവെച്ചിട്ടുണ്ടോ ആ കർമ്മത്തിൽ, ഉരലിലിടിച്ചുപിഴിഞ്ഞതു തനനായിക്കരുതി അങ്ങു നുകർന്നുകൊണ്ടാലും! (2)

ഇന്ദ്ര, യാതൊന്നിൽ സ്ത്രീ പുറത്തുപോകലും അകത്തുവരലും അഭ്യസിയ്ക്കുന്നുവോ ആ കർമ്മത്തിൽ, ഉരലിലിടിച്ചുപിഴിഞ്ഞതു തനതായിക്കരുതി അങ്ങു നുകർന്നുകൊണ്ടാലും! (3)

ഇന്ദ്ര, യാതൊന്നിൽ കടിഞ്ഞാണുകളിടാനെന്നപോലെ കടകോൽ കെട്ടിയിട്ടുണ്ടോ ആ കർമ്മത്തിൽ, ഉരലിലിടിച്ചുപിഴിഞ്ഞതു തനതായിക്കരുതി അങ്ങു നുകർന്നുകൊണ്ടാലും! (4)

ഉരലേ, നീ ഓരോ വീട്ടിലും വെയ്ക്കപ്പെടുന്നുണ്ട്; എന്നാൽ, ഇവിടെ വിജയികളുടെ പെരുംപറപോലെ ശബ്ദം മുഴക്കുക! (5)

മരമേ, നിൻറെ മുമ്പിൽത്തന്നെ കാറ്റു വിശേഷാൽ വീശുന്നുണ്ടല്ലോ; ഇനി ഉരലേ, ഇന്ദ്രന്നു കുടിപ്പാൻ സോമനീർ ഉണ്ടാക്കുക! (6)

യജ്ഞസാധനങ്ങളും തുലോം അന്നപ്രദങ്ങളുമായ അവ രണ്ടും, തീറ്റ തിന്നുന്ന ഇന്ദ്രാശ്വങ്ങൾപോലെ ഉച്ചത്തിൽ ഒച്ചയിട്ടുതിമർക്കുന്നു! (7)

ഇരുമരങ്ങളേ, നിങ്ങൾ ഇവിടെ ദർശനീയരായ സോതാക്കളോടുകൂടി ദർശനീയരായിച്ചമഞ്ഞ്, ഇന്ദ്രന്നായി ഞങ്ങളുടെ തേനൊത്തസോമം ഇടിച്ചുപിഴിയുവിൻ! (8)

അരിപ്പകളിലെ ചണ്ടി വണ്ടിമേലിടുക, പിഴിഞ്ഞതു പവിത്രത്തിന്മേലൊഴിയ്ക്കുക; ബാക്കി കാളത്തോലിലാക്കിവെയ്ക്കുക. (9)

### കുറിപ്പുകൾ: സൂക്തം 28.

1. പിഴിഞ്ഞതു—സോമരസം. അഭിഷവം = ഇടിച്ചുപിഴിയൽ.
3. സ്ത്രീ—പത്നി. പുറത്തു—യാഗശാലയിൽനിന്ന്. അഭ്യസിയ്ക്കുന്നു—തുടരെത്തുടരെ ചെയ്യുന്നു.
4. കുതിരയ്ക്കു കടിഞ്ഞാണുകളിടാനെന്നപോലെ, കയറുകൾകൊണ്ടു കടകോൽ കെട്ടിയിട്ടുണ്ടോ.
5. ഇവിടെ—ഈ വൈദികകർമ്മത്തിൽ. വിജയികൾ—യുദ്ധത്തിൽ ജയിച്ചവർ. ശബ്ദം—ഉലയ്ക്കകൊണ്ടടിയ്ക്കുമ്പോഴത്തെ ഒച്ച.
6. കാറ്റ്—ഉലയ്ക്കകൊണ്ടിടിയ്ക്കെ പുറപ്പെടുന്ന കാറ്റ്.
7. അവ—ഉരലും ഉലയ്ക്കയും. തീററ തിന്നുന്ന—മുതിരയും മറ്റും കടിച്ചു തിന്നുന്ന. ഇന്ദ്രാശ്വങ്ങൾ—ഇന്ദ്രന്റെ ഹരികളെന്ന രണ്ടു കുതിരകൾ.
8. ഇരുമരങ്ങളേ—ഉലൂഖലമുസലങ്ങളേ. സോതാക്കൾ—പിഴിയുന്ന ഉപകരണങ്ങൾ.

## സൂക്തം 29.

ശുനശ്ശേപൻ ഋഷി; പംക്തി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

സത്യവാനും സോമപായിയുമായ ഇന്ദ്ര, ഞങ്ങൾ കൊള്ളരുതാത്തവരായിരിയ്ക്കാം. എന്നാലും, സമ്പത്തേറിയവനേ, നിന്തിരുവടി ഞങ്ങളെ ആയിരമായിരം നല്ല ഗവാശ്വങ്ങളെക്കൊണ്ടു നീളെ പ്രശസ്തിപ്പെടുത്തിയാലും! (1)

ഹേ ശക്തിമൻ, നല്ല അണക്കടകളുള്ളവനേ, അന്നപാലക, അങ്ങ് ഒരനുഗ്രഹശീലനാണല്ലോ: സമ്യവനേ, നിന്തിരുവടി ഞങ്ങളെ ആയിരമായിരം നല്ല ഗവാശ്വങ്ങളെക്കൊണ്ടു നീളെ പ്രശസ്തിപ്പെടുത്തിയാലും! (2)

ഇന്ദ്ര, മിഥൂദൃശകളെ ഉറക്കുക: അവരിരുവരും മതിമറന്നുറങ്ങട്ടെ! സമ്പത്തേറിയവനേ, നിന്തിരുവടി ഞങ്ങളെ ആയിരമായിരം നല്ല ഗവാശ്വങ്ങളെക്കൊണ്ടു നീളെ പ്രശസ്തിപ്പെടുത്തിയാലും! (3)

ശൂര, ഇന്ദ്ര, ആ കൊടാത്തവർ ഉറങ്ങട്ടെ; കൊടുക്കുന്നവർ ഉണർന്നിരിയ്ക്കട്ടെ! സമ്പത്തേറിയവനേ, നിന്തിരുവടി ഞങ്ങളെ ആയിരമായിരം നല്ല ഗവാശ്വങ്ങളെക്കൊണ്ടു നീളെ പ്രശസ്തിപ്പെടുത്തിയാലും! (4)

ഇന്ദ്ര, ഇങ്ങനെ പൊല്ലാപ്പു ചിലയ്ക്കുന്ന കഴുതയെ കൊന്നുകളയുക! ഇന്ദ്ര, സമ്പത്തേറിയവനേ, നിന്തിരുവടി ഞങ്ങളെ ആയിരമായിരം നല്ല ഗവാശ്വങ്ങളെക്കൊണ്ടു നീളെ പ്രശസ്തിപ്പെടുത്തിയാലും! (5)

ഇന്ദ്ര, ചുഴലിക്കാററു കാട്ടിൽനിന്നുകൂടി ഏറെ ദൂരത്തു പോകട്ടെ! സമ്പത്തേറിയ നിന്തിരുവടി ഞങ്ങളെ ആയിരമായിരം നല്ല ഗവാശ്വങ്ങളെക്കൊണ്ടു നീളെ പ്രശസ്തിപ്പെടുത്തിയാലും! (6)

ഇന്ദ്ര, പഴിക്കാരെയൊക്കെ തുലയ്ക്കുക; ദ്രോഹിയെ മർദ്ദിയ്ക്കുക; സമ്പത്തേറിയവനേ, നിന്തിരുവടി ഞങ്ങളെ ആയിരമായിരം നല്ല ഗവാശ്വങ്ങളെക്കൊണ്ടു നീളെ പ്രശസ്തിപ്പെടുത്തിയാലും! . (7)

### കുറിപ്പുകൾ: സൂക്തം 29.

വിശ്വദേവകളാൽ പ്രേരിതനായ ശുനശ്ശേപൻ ഇന്ദ്രനെ സ്തുതിയ്ക്കുന്നു:

1. ഗവാശ്വങ്ങളെക്കൊണ്ടു–പശുക്കളെയും കുതിരകളെയും തന്ന്.
3. മിഥൂദൃശകൾ = ഒപ്പം നടക്കുന്ന രണ്ടു യമദൂതികൾ. മതിമറന്ന്–ഞങ്ങളെ മരിപ്പിയ്ക്കുക എന്ന ഉദ്ദേശം വിസ്മരിച്ച്.
4. ആ കൊടാത്തവർ–ഞങ്ങൾക്കു നേരിട്ടു പരിചയമില്ലാത്ത അദാതാക്കൾ, ശത്രുക്കൾ. കൊടുക്കുന്നവർ–ബന്ധുക്കൾ.
5. കഴുതയെ–ശത്രുവിനെ.

## സൂക്തം 30.

ശുനശ്ശേപൻ ഋഷി; ഗായത്രിയും പാദനിചൃത്തും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ ഇന്ദ്രനും, അശ്വിനികളും, ഉഷസ്സും ദേവതകൾ. (അന്നനട)

ഇര തേടും ഞങ്ങളയി നിങ്ങളുടെ
പെരിയൊരു ശതക്രതുവാമിന്ദ്രനെ
നിറച്ചുകൊള്ളുന്നു കുളിർസോമനീരാ–
ലൊ,രു കുണ്ടുകിണറിനെയെന്നപോലെ. (1)

പരിശുദ്ധരസമൊരുനൂറോ, കാച്ചി-
മരുന്നിട്ട രസമൊരായിരംതാനോ
തിരുവടിയിങ്കലണഞ്ഞിടുമല്ലോ,
ശരിയ്ക്കൊ,രു കുഴിനിലത്തെന്നപോലെ. (2)

ഇതക്കെല്ലൊന്നു മത്തുളവാക്കിപ്പര–
ക്കുമേ തൃക്കുക്ഷിയിലു,ദധിയിൽപ്പോലേ. (3)

തിരുമേനി സദാ സദാ യാതൊന്നിങ്കൽ,–
പ്പിറാവു ഗർഭിണിപ്പിടയിങ്കൽപ്പോലെ
എഴുന്നള്ളു,മതിങ്ങിതാ; ഞങ്ങളുടെ
മൊഴി ഭവാൻ കേൾപ്പത,തിനാൽത്താനല്ലോ! (4)

'ധനപതേ, വീര, വചോവാഹ' എന്നു
നുതനാം നിൻ ലക്ഷ്മി പ്രിയസത്യയാക! (5)

ഉയർന്നുനില്ക്കുകീ,യടരിലെങ്ങളെ–
പ്പരിപാലിപ്പാനായ് ശ്ശതക്രതോ, ഭവാൻ;
ഇതരമാകിയ വിഷയമൊക്കെ നാ–
മിരുവരും കൂടിയിരുന്നാലോചിയ്ക്കാം! (6)

തുടങ്ങലിൽത്തുടങ്ങലിൽ,പ്പടയിങ്കൽ–
പ്പടയിങ്കലൊ,രു പരിരക്ഷയ്ക്കായി
വിളിയ്ക്കുക ചങ്ങാതികളുടെ മട്ടിൽ,–
ബ്ബലിഷ്ഠനാമിന്ദ്രൻതിരുവടിയെ നാം: (7)

ശരിയ്ക്കെത്തും, നമ്മളുടെ വിളി കേട്ടാ–
ലൊരായിരം രക്ഷയൊടുമിരയൊടും! (8)

പുരാതനമായ പുരത്തിങ്കൽന്നിന്നു
പെരുതിടങ്ങളിലെഴുന്നള്ളുവോനെ
ക്രമാനുസാരേണ വിളിപ്പതുണ്ടു ഞാൻ,
മമ താതൻ പണ്ടു വിളിച്ചതുപോലെ. (9)

പുരുഹൂത, വിശ്വവരണീയ, സഖേ,
ശരണദാതാവേ, സ്തുതികാരന്മാർക്കായ്
ഇരക്കുന്നു ഞങ്ങൾ ഭവാനൊടു: വജ്ര–
ധര, സഖേ, സോമരസം കുടിപ്പോനേ,

തരിക, സോമപർ സഖാക്കളെങ്ങൾക്കു
പെരിയ മൂക്കുള്ള പശുപ്പരിഷയെ! (10–11)

വരികെങ്ങൾക്കഭിമതസിദ്ധി; കല്പി-
ച്ചരുൾകതു വജ്രിൻ, സഖേ, സോമപായിൻ! (12)

സമപ്രീതനിന്ദ്രൻ തരട്ടെ, ചോറുള്ള
നമുക്കിമ്പമേറ്റം ബലിഷ്ഠഗോക്കളെ! (13)

ഒരു ഭവത്സമൻ സ്വയം വന്ന ധൃഷ്ണോ,
പരിപൂജിതനായ് സ്തുതികാരന്മാരിൽ
ശരിയ്ക്കുണയ്ക്കട്ടേ തദീയാഭീപ്സിത,–
മുരുൾകളിലച്ചുതടിയെന്നപോലേ! (14)

ശതക്രതോ ഭവാൻ സ്തുതിപ്പോരിൽച്ചേർക്കും,
രഥത്തച്ചനച്ചുതടിപോലേ ധനം! (15)

ചിനച്ച വീർത്തയവിട്ടുമശ്വങ്ങളാൽ–
ദ്ധനം സദാപി കീഴടക്കിയോനിന്ദ്രൻ;
അവൻ കർമ്മശീലന,വൻ ദാതാവെങ്ങൾ–
ക്കരുളിനാൻ കേറാനൊ,രു കനകത്തേർ! (16)

വരികശ്വികളേ, പുരുഹയാന്നരായ്;-
പ്പെരുകുകിങ്ങു, പൊൻ–പശുക്കൾ ദസ്രരേ! (17)

ഇരുവർ നിങ്ങൾക്കുള്ളൊരേരഥം വാനിൽ–
ച്ചരിയ്ക്കുന്നൂ, തടപെടാതെ ദസ്രരേ: (18)

രഥത്തിന്റെ വട്ടൊന്നചലാഗ്രേ നിർത്തു;-
മിതരമോ, ചുററിനടന്നിടും വാനിൽ. (19)

സനാതനോഷസ്സേ, സ്തുതിപ്പിയേ, നിന-
ക്കനുഭവിപ്പാനേതൊരു നരനുള്ളൂ?
എവങ്കൽച്ചെല്ലും നീ വിശിഷ്ടാനുഭാവേ?
സുവിദ്യോതേ, ചിത്രേ, വിസരണശീലേ,
അരികിൽനിന്നു തൊട്ടകലത്തുവരെ–
യ്ക്കറിയുന്നീലല്ലോ, ഭവതിയെ ഞങ്ങൾ! (20–21)

വരിക,നീ ദ്യോവിൻസുതേ, ധൃതാന്നയായ് ;–
പ്പെരുതുറപ്പിയ്ക്ക, ധനങ്ങളെങ്ങളിൽ! (22)

## കുറിപ്പുകൾ: സൂക്തം 30.

1. ഞങ്ങൾ–ഞാൻ, ശുനശ്ശേപനൻ. അയി–ഋത്വിക്കുകളേ, യജമാനന്മാരേ.
2. രസം–സോമനീർ. തിരുവടി–ഇന്ദ്രൻ. കുഴിനിലം = നിമ്നപ്രദേശം. വെള്ളം നിമ്നപ്രദേശ-ത്തെയ്ക്കൊഴുകുന്നതുപോലെ.
3. ഇത്–സോമനീർ. അക്കെല്പന്ന്–ബലവാനായ ഇന്ദ്രന്ന്. തൃക്കുക്ഷിയിൽ–ഇന്ദ്രന്റെ വയററിൽ. ഉദധിയിൽപോലെ–നദീജലം സമുദ്രത്തിൽ ചെന്നു പരക്കുന്നതുപോലെ.

4. അത്-സോമനീർ. ഇതാ—അങ്ങയ്ക്കായി ഒരുക്കിവെച്ചിരിക്കുന്നു. അതിനാൽത്താനല്ലോ (സോമത്തെക്കുറിച്ചുള്ള പ്രേമംകൊണ്ടുതന്നെയാണല്ലോ) ഭവാൻ ഞങ്ങളുടെ മൊഴി (പ്രാർത്ഥന) കേൾക്കുന്നത് (സ്വീകരിക്കുന്നത്).

5. വചോവാഹ = വചസ്സ് (സ്തുതി) ആകുന്ന വാഹനത്തോടു കൂടിയവനേ; സ്തുതിയാൽ വഹിയ്ക്കപ്പെടുന്നവനേ. സ്തുതി ഒരു വാഹനമെന്നപോലെ അങ്ങയെ യജനസ്ഥലങ്ങളിലെത്തിയ്ക്കുന്നു. നുതൻ = സ്തുതിയ്ക്കപ്പെട്ടവൻ. നിൻ ലക്ഷ്മി (സമ്പത്ത്) പ്രിയസത്യയാക– അസ്മാദൃശരെ തീർച്ചയായും പ്രീതിപ്പെടുത്തുമാറാകട്ടെ. ഞങ്ങൾക്കു സമ്പത്തു തന്നരുളുക.

6. ആലോചിയ്ക്കാം—ഞാൻ രക്ഷിയ്ക്കപ്പെട്ടതിന്നുശേഷം.

7. തുടങ്ങൽ—കർമ്മാരംഭം. പട—വിഘ്നകാരികളോടുള്ള യുദ്ധം.

8. ഇര—അന്നം.

9. പുരാതനം = പണ്ടേ ഉള്ളത്. പുരം—സ്വർഗ്ഗം. പെരുതിടങ്ങളിൽ (വളരെ യാഗശാലകളിൽ) എഴുന്നള്ളുവോനെ—ഇന്ദ്രനെ. ക്രമാനുസാരേണ—കർമ്മങ്ങളുടെ ക്രമമനുസരിച്ച്. പണ്ടു—യജ്ഞാവസരത്തിൽ.

10–11. ശരണദാതാവേ = പാർപ്പിടം നല്കുന്നവനേ. സ്തുതികാരന്മാർക്കായ്—സ്തോതാക്കൾക്കുവേണ്ടി. പെരിയ—നീണ്ട.

12. അത്—അഭിമതസിദ്ധി (അഭീഷ്ടപ്രാപ്തി).

13. സമപ്രീതൻ—നമ്മോടൊപ്പം തോഷിച്ച. ബലിഷ്ഠഗോക്കളെ = കരുത്തേറിയ പൈക്കളെ. ചോറുള്ള—ആഹാരവും ഇന്ദ്രൻ തരട്ടെ എന്നു ധ്വനി.

14. ഒരു ഭവത്സമൻ—അങ്ങയോടു തുല്യനായ ഒരു ദേവൻ. ധൃഷ്ണോ = ദൃഷ്ണനായുള്ളോവേ. തദീയാഭീപ്സിതം—അവരുടെ (സ്തോതാക്കളുടെ) അഭീഷ്ടം. ഉരുൾകൾ = വണ്ടിച്ചക്രങ്ങൾ. അച്ചുതടി = അച്ചുതണ്ട്. വണ്ടിച്ചക്രങ്ങളിൽ അച്ചുതണ്ടു ചേർക്കുന്നതുപോലെ, സ്തോതാക്കളിൽ ഇഷ്ടസിദ്ധി ചേർക്കട്ടെ.

15. രഥത്തച്ചൻ (തേരുണ്ടാക്കുന്നവൻ) ചക്രങ്ങളിൽ അച്ചുതണ്ടു ചേർക്കുന്നതുപോലെ, ഭവാൻ സ്തോതാക്കളിൽ സമ്പത്തു ചേർത്തുപോരുന്നു.

16. ചീനച്ച് = ശബ്ദം പുറപ്പെടുവിച്ച്. വീർത്ത് = വീർപ്പിട്ട്, കിതച്ച്. അശ്വങ്ങളാൽ—യുദ്ധത്തിലിറക്കപ്പെട്ട സ്വന്തം കുതിരകളെക്കൊണ്ട്. ധനം—ശത്രുക്കളുടെ സമ്പത്ത്. സ്തുതിപ്രസന്നനായ ഇന്ദ്രൻ ശുനശ്ശേപന്ന് ഒരു സ്വർണ്ണരഥം കൊടുത്തുപോൽ.

17. പുരുഹയാന്നരായ്—ഞങ്ങൾക്കു തരുവാൻ വളരെ കുതിരകളോടും അന്നങ്ങളോടുംകൂടി. ഇങ്ങു—ഞങ്ങളുടെ ഗൃഹങ്ങളിൽ. പൊൻ—പശുക്കൾ = പൊന്നും കന്നാലികളും. ഇന്ദ്രപ്പേരണയാലാണ്, ശുനശ്ശേപൻ അശ്വിദേവന്മാരെ സ്തുതിച്ചു തുടങ്ങിയത്

18. തട = തടസ്സം.

19. വട്ടൊന്ന് = ഒരു ചക്രം. അചലാഗ്രേ = പർവതമുകളിൽ. ഇതരം—മറേറച്ചക്രം.

20–21. അശ്വികളാൽ പ്രേരിതനായ ശുനശ്ശേപൻ ഉഷസ്സിനെ സ്തുതിയ്ക്കുന്നു: സനാതനോഷസ്സേ = നാശമില്ലാത്ത ഉഷസ്സേ. നിനക്കനുഭവിയ്ക്കത്തക്കവനായി, മനുഷ്യരിൽ ഒരുത്തനുമില്ല. വിശിഷ്ടാനുഭാവേ = അസാധാരണപ്രഭാവമുള്ളവളേ. നീ എവങ്കൽ ചെല്ലും.നിന്നെ രമിപ്പിയ്ക്കാൻ ഒരുവനും ശക്തനാകില്ല. സുവിദ്യോതേ = നല്ല പ്രഭയുള്ളവളേ. ചിത്രേ = നാനാവർണ്ണങ്ങളുള്ളവളേ. വിസരണശീലേ = വ്യാപിനി.

22. ദ്യോവിൻസുതേ—ദ്യുദേവതയുടെ മകളായ ഉഷസ്സേ. ഈ സ്തുതിയോ ടേ ശുനശ്ശേപൻ കെട്ടിൽനിന്നു വേർപെട്ടുപോൽ.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## രണ്ടാം അദ്ധ്യായം

മണ്ഡലം 1    അനുവാകം 7

## സൂക്തം 31.

അംഗിരസ്സിന്റെ മകൻ ഹിരണ്യസ്തൂപൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; അഗ്നി ദേവത. (കേക)

അഗ്നേ, നീയൊന്നാമനാമംഗിരസ്സൃഷി, ദേവ–
വർഗ്ഗത്തിന്നൊരു നല്ല മിത്രമാകിയ ദേവൻ;
നിന്നുടെ കർമ്മത്തിങ്കൽപ്പിറന്നോർ, പൃഥുജ്ഞാനർ
മിന്നുമായുധമുള്ള കവികൾ മരുത്തുക്കൾ. (1)

ആദിമാംഗിരസ്സഗ്നേ, രണ്ടമ്മമാർതൻ പുത്രൻ
മേധാവി ശോഭിപ്പിപ്പൂ ദേവകർമ്മത്തെബ്ഭവാൻ;
അങ്ങെല്ലാജ്ജഗത്തിന്നുംവേണ്ടി നാനാത്മാവായ്ത്തീ–
ർന്നെങ്ങനെയൊക്കെപ്പള്ളികൊള്ളുന്നു മനുഷ്യർക്കായ് ! (2)

വായുവിന്നഗ്ര്യൻ ഭവാൻ വാസദ, സൽക്കർമ്മേച്ഛ-
വായുപചരിപ്പോനു കാണുമാറായ് വന്നാലും;
ഞെട്ടിപ്പോയ് ദ്യോവും ഭൂവും: ഹോതൃകൃത്യത്തിൻ ഭാര–
മൊട്ടുക്കു വഹിച്ചു; നീ യജിച്ചൂ മഹാന്മാരെ! (3)

അഗ്നേ, നീ മനുവിന്നായ് സ്വർഗ്ഗത്തെയുദ്ഘോഷിച്ചൂ;
സൽക്കർമ്മി പുരൂരവസ്സിന്നതിശുഭം നല്കീ.
അരണിദ്വയഘർഷോൽപന്നനാം നിന്നെക്കിഴ–
ക്കണച്ചുവെച്ചാരല്ലോ, പില്പാടു പടിഞ്ഞാറും. (4)

അഗ്നേ. നീ പ്രവർഷിപ്പൂ, പുഷ്ടിയെ വളർത്തുന്നു,
സ്രുക്കെടുത്തവന്നായി ശ്രവ്യനായ്ച്ചമയുന്നു;
മുമ്പേ, സദ്വഷട്കാരഹവിസ്സർപ്പിപ്പോനെയും
പിമ്പാൾക്കാരെയും ശോഭിപ്പിപ്പൂ നീ, തദേകാന്നൻ. (5)

മുഖ്യവിജ്ഞാന, കെട്ടമാർഗ്ഗത്തിൽ നടപ്പോനെ-
ത്തക്ക കർമ്മത്തിൽക്കൊണ്ടുനിർത്തുന്നു ഭവാനഗ്നേ;
പരിതോഗന്തവ്യമാം ശൂരർതൻ സ്വത്തിൽച്ചെമ്മേ
പൊരുമല്പരെക്കൊണ്ടും കൊൽവൂ നീ കേമന്മാരെ! (6)

അമ്മനുഷ്യനോ നാളിൽ നാളിലാഹാരത്തിന്നായ്
വന്മത്തർത്ത്യേതരത്വത്തിൽനിർത്തുന്നു ഭവാനഗ്നേ;
നാല്ക്കാലിയിരുകാലിവർഗ്ഗത്തിനായിദ്ദാഹം
വായ്ക്കുന്ന വിജ്ഞന്നുണ്ടാക്കുന്നു സൌഖ്യവും ചോറും! (7)

ഞങ്ങൾക്കു ധനം നല്കാനായിട്ടു, വിനുതനാ–
മങ്ങഗ്നേ, തരികൊ,രു കർമ്മിയാം യശസ്വിയെ:
കൈവളർത്താവൂ കർമ്മം പുതുനേട്ടത്താലെങ്ങൾ;
കാക്കുകെങ്ങളെ,ദ്ദേവന്മാരുമായ് ദ്യോവേ, ഭൂവേ! (8)

ഹേ വിശുദ്ധാഗ്നേ, ദേവന്മാരിൽവെച്ചുണർവാണ്ട
ദേവൻ നീ മാതാപിതൃസന്നിധിസ്ഥനായ്ത്തന്നേ

ഞങ്ങൾക്കു മകനാക; കർമ്മിയിൽക്കരൾ വെയ്ക്ക;
മംഗളാത്മാവേ, സർവവിത്തഭൃത്തല്ലോ, ഭവാൻ! (9)

നീയഗ്നേ, കരൾ വെപ്പോനെങ്ങളി;–ലെങ്ങൾക്കച്ഛ–
നാ, യുഷ്യപ്രദായി നീ; നിൻറെ ചാർച്ചക്കാർ ഞങ്ങൾ;
നൂറുമായിരവുമായ്ച്ചേരുന്നു ധനങ്ങൾ, സ-
ദ്വീരനായജയ്യനായ് ക്കർമ്മപാലനാം നിങ്കൽ! (10)

ആദിയിൽ നിന്നെയൊരു നഹുഷനെന്ന നര–
ന്നായുവാം ചമൂനാഥനാക്കി, ദേവകളഗ്നേ;
മനുവിന്നുപദേഷ്ടിയാക്കിനാരിളയെയും;
ജനിച്ചു നീ താനെന്നെ,ന്നച്ഛന്നു മകനായി! (11)

വന്ദ്യ, നീ സ്വശക്തിയാൽപ്പാലിയ്ക്ക, ധനാഢ്യരാ–
കുന്ന ഞങ്ങളെദ്ദേവ, ദേഹങ്ങളെയുമഗ്നേ:
പില്പാടാർ തവ കർമ്മം കണ്ണിമയ്ക്കാതേ കാക്കു,–
മപ്പുത്രതനയന്റെ ഗോക്കളെപ്പാലിപ്പോൻ നീ! (12)

അഗ്നേ, നീ യജിപ്പോനു കാവലായ് ക്കേടേശായ്വാൻ
ദിക്കിൽ നാലിലും കൺവെച്ചുജ്ജ്വലിയ്ക്കുന്നു ചാരേ;
സദയം പോഷിപ്പിയ്ക്കും നിനക്കു ഹവിസ്സേകി–
സ്തുതിപ്പോനുടെ മന്ത്രം മനസാ യാചിപ്പോൻ നീ! (13)

കൈവരേണമേ. ഭൂരിശ്ലാഘ്യനാമൃത്വിക്കിന്നു
കാമ്യം നന്മുതലെന്നു നണ്ണുവോൻ ഭവാനഗ്നേ;
പോഷണീയനും ഭവാനൻപുറ്റ പിതാവെന്നാർ;
ശാസിപ്പൂ, ശിശുവെയും ദിക്കുകളെയും വിദ്വൻ! (14)

ദക്ഷിണ കൊടുത്തോരു നരനെബ്ഭവാനഗ്നേ,
രക്ഷിപ്പൂ, നന്നായ്ത്തയ്ക്കപ്പെട്ട ചട്ടപോലെങ്ങും;
എവനോ ഗൃഹത്തിങ്കൽ നൽച്ചോറാൽസ്സുഖിപ്പിച്ചു
ജീവയജ്ഞത്തെച്ചെയ്യും, വിണ്ണിനു തുല്യനവൻ! (15)

അങ്ങഗ്നേ, പൊറുക്കുകീയെങ്ങൾതൻ വ്രതഭംഗ,–
മെങ്ങൾ പൊന്നകലത്തീ മാർഗ്ഗത്തിലണഞ്ഞതും;
ഗമ്യന,ൻപെഴുമച്ഛൻ, സോമാർഹമനുഷ്യർക്കു
കർമ്മസാധകൻ, പ്രത്യക്ഷാത്മാവുമല്ലോ ഭവാൻ! (16)

മനു,വംഗിരസ്സ,ഥ യയാതി, പൂർവരിവർ–
കണക്കെ,ശ്ശുചിയായൊരംഗിരസ്സാം നീ നേരേ
സഭ്യശാലയിൽച്ചെല്ലാ,വാഹിയ്ക്ക ദേവന്മാരെ,–
ദ്ദർഭയിലിരുത്തുക, നല്കു വേണ്ടതുമഗ്നേ! (17)

വർദ്ധിയ്ക്ക ഭവാനഗ്നേ, ഞങ്ങളങ്ങയെപ്പറ്റി–
ശ്ശക്തിയാ,ലറിവാലോ തീർത്തതാമീ മന്ത്രത്താൽ;
ഉന്നതിയണയ്ക്കയും ചെയ്യുകെങ്ങളെ ബ്ഭവാൻ;
തന്നരുൾകെ,ങ്ങൾക്കന്നസമ്പത്തും സുമനസ്സും! (18)

## കുറിപ്പുകൾ: സൂക്തം 31.

1. ഒന്നാമനാമംഗിരസ്സൃഷി—അംഗിരഃകുലകൂടസ്ഥൻ. കവികൾ=മേധാവികൾ.

2. രണ്ടമ്മമാർ—രണ്ടു മരക്കഷ്ണങ്ങൾ (അരണികൾ): ഇവയുടെ ഘർഷണത്തിൽ അഗ്നി ജനിയ്ക്കുന്നു. നാനാത്മാവായ്ത്തീർന്ന്-ആഹവനീയനും മറ്റുമായിച്ചമഞ്ഞ്. മനുഷ്യർക്കായ്—മനുഷ്യർക്കുവേണ്ടി. എങ്ങിനെയൊക്കെപ്പള്ളികൊള്ളുന്നു (ശയിയ്ക്കുന്നു). ഒരോ മനുഷ്യഗൃഹത്തിലും സ്ഥിതിചെയ്യുന്ന അങ്ങയുടെ സ്വരൂപങ്ങൾ ഇത്ര എന്ന് ആർക്കും അറിഞ്ഞുകൂടാ.

3. അഗ്ര്യൻ=മുമ്പൻ. വാസദ—പാർപ്പിടം നല്കുന്നവനേ. കാണുമാറായ് വന്നാലും= പ്രത്യക്ഷീഭവിച്ചാലും. ഞെട്ടിപ്പോയ്—അങ്ങയുടെ പ്രഭാവം കണ്ടിട്ട്. മഹാന്മാരെ യജിച്ച—മഹാന്മാരെ (ദേവന്മാരെ) ഉദ്ദേശിച്ചു യജ്ഞംചെയ്തു.

4. മനുവിന്നായ്—മനുവിനെ അനുഗ്രഹിപ്പാൻ. സ്വർഗ്ഗത്തെയുദ്ഘോഷിച്ചു—പുണ്യലഭ്യമാണ്’ സ്വർഗ്ഗമെന്നു വെളിപ്പെടുത്തി. സൽക്കർമ്മി—അങ്ങയെ പൂജിച്ചു. കിഴക്കണച്ചു— വേദിയുടെ കിഴക്കുഭാഗത്ത് ആഹവനീയനെന്ന പേരിൽ പ്രതിഷ്ഠിച്ചു; പില്പാടു പടിഞ്ഞാറും—പടിഞ്ഞാറെബ്ഭാഗത്തു ഗാർഹപത്യനെന്ന പേരിലും പ്രതിഷ്ഠിച്ചു.

5. പ്രവർഷിപ്പൂ—കാമങ്ങളെ കോരിച്ചൊരിഞ്ഞുകൊടുക്കുന്നു. പുഷ്ടിയെ—യജമാനൻറെ സമ്പത്തിനെ. സ്രുക്കെടുത്തവന്നായി ശ്രവ്യനായ്ച്ചമയുന്നു—ഹോമംചെയ്യുന്നവനെ അനുഗ്രഹിപ്പാൻവേണ്ടി, മന്ത്രങ്ങൾകൊണ്ടു വിളിയ്ക്കപ്പെടാവുന്നവനായിബ് ഭവിയ്ക്കുന്നു. വഷട്കാരത്തോടുകൂടി ഹവിസ്സിനെ അർപ്പിയ്ക്കുന്നവനെ മുമ്പും, അവന്റെ ആൾക്കാരെ പിമ്പും, തദേകാന്നനായ (ആ ഹവിസ്സുമാത്രം ആഹാരമായിട്ടുള്ള) നീ ശോഭിപ്പിയ്ക്കുന്നു; അവർക്കു മേന്മ വരുത്തുന്നു.

6. പരിതോഗന്തവ്യമാം=ചുറ്റും നടക്കപ്പെടേണ്ടതായ. ശൂരർതൻ സ്വത്തിൽ—ശൂരന്മാർക്കു സമ്പത്തുപോലെ പ്രിയപ്പെട്ട യുദ്ധത്തിൽ. പൊരും=പൊരുതുന്ന. കേമന്മാരെ അല്പരെക്കൊണ്ടും കൊല്ലുന്നു; ഇത്രയ്ക്കുണ്ട്, അങ്ങയ്ക്കു മഹിമ!

7. അമ്മനുഷ്യനെ—അങ്ങയെ സേവിയ്ക്കുന്നവനെ. വന്മർത്ത്യേതരത്വം=ഉൽകൃഷ്ടമായ മരണരഹിതത്വം. നാല്ക്കാലി—യിരുകാലിവർഗ്ഗത്തിനായിദ്ദാഹം വായ്ക്കുന്ന—നാല്ക്കാലികളേയും (പശ്വാദികളെയും) ഇരുകാലികളേയും (മിത്രഭൃത്യാദിമനുഷ്യരെയും) കിട്ടാൻ കൊതിയ്ക്കുന്ന. വിജ്ഞന്ന്—യജമാനന്ന്. ഉണ്ടാക്കുന്നു—കൊടുക്കുന്നു.

8. വിനുതൻ=സ്തുതൻ. അങ്ങ്=ഭവാൻ. യശസ്വിയെ=കീർത്തിമാനായ പുത്രനെ; അവൻ ഞങ്ങൾക്കു ധനം സമ്പാദിച്ചുതന്നുകൊള്ളും. പുതുനേട്ടത്താൽ—പുത്രലാഭത്താൽ. കാക്കുക—നിങ്ങളിരുവരും ഞങ്ങളെ രക്ഷിയ്ക്കുവിൻ.

9. മാതാപിതൃസന്നിധിസ്ഥനായ്ത്തന്നേ—ദ്യാവാപൃഥിവികളുടെ അടുക്കലിരുന്നുകൊണ്ടുതന്നെ. കർമ്മിയിൽക്കരൾ വെയ്ക്കു—യജമാനനെ അനുഗ്രഹിപ്പാൻ കനിയുക. സർവവിത്തഭൃത്ത്—യജമാനന്നു നല്കാൻ എല്ലാദ്ധനങ്ങളും ഭരി(വഹി)യ്ക്കുന്നവൻ.

10. ആയുഷ്യപ്രദായി=ജീവനം തരുന്നവൻ. സദ്വീരൻ=നല്ല വീരന്മാരോടുകൂടിയവൻ.

11. നഹുഷൻ=നഹുഷനെന്ന രാജാവ്. ആയു—പേർ ചമൂനാഥൻ=സേനാപതി. ഇള—പേർ; ഇവൾ മനുവിന്റെ പുത്രിയുമാണ്. എന്നച്ഛന്ന്—അംഗിരസ്സിന്ന്.

12. ദേഹങ്ങളെയും—സന്താനങ്ങളെയും. ഞങ്ങളുടെ പൌത്രൻറെ ഗോക്കളെ സംരക്ഷിപ്പാനും, അങ്ങാണ്. അപ്പോൾ, ഞങ്ങളുടെ കാര്യം പറയാനുണ്ടോ?

13. കേടേശായ്വാൻ—തകരാറൊന്നും വരാതിരിപ്പാൻ. കൺ—ജ്വാല. സദയം പോഷിപ്പിയ്ക്കും—ദയാശീലത്വത്താൽ അഭിവൃദ്ധികരനായ. യാചിപ്പോൻ നീ—അത്രയ്ക്കുണ്ട്, ഹവിർദ്ദാതാവിന്റെ മന്ത്രത്തിൽ അങ്ങയ്ക്കഭിരുചി.

14. ഭൂരിശ്ലാഘ്യൻ-വളരെ ആളുകളാൽ ശ്ലാഘനീയൻ. കാമ്യം = സ്പൃഹണീയം. ഋത്വിക്കിന്നു ധനം ലഭിയ്ക്കട്ടെ എന്നു വാഞ്ഛരിയ്ക്കുന്നവനാണ്, ഭവാൻ. എന്നാർ–അഭിജ്ഞർ പറഞ്ഞിരിയ്ക്കുന്നു. ശിശു–അനഭിജ്ഞനായ യജമാനൻ. ദിക്കുകളെയും ശാസിപ്പൂ-ഭവാൻ പറഞ്ഞു കൊടുക്കാഞ്ഞാൽ കർമ്മികൾക്കു ദിഗ്ഭ്രമം പററിപ്പോകും.

15. ചട്ട–നല്ല ഒരു കവചം പോരാളിയെ രക്ഷിക്കുന്നതുപോലെ. സുഖിപ്പിച്ചൂ–അതിഥികളെ സംതൃപ്തരാക്കി. അവൻ–അതിഥിപൂജയാകുന്ന ജീവയജ്ഞമനുഷ്ഠിച്ച യജമാനൻ സ്വർഗ്ഗതുല്യനാണ്, ഋത്വിക്കുകളെ സ്വർഗ്ഗമെന്നപോലെ സുഖിതരാക്കും.

16. പോന്നു്–ഭവത്സേവനം ത്യജിച്ചു പോന്നു്. സോമാർഹമനുഷ്യർക്കു–സോമത്തിന്നഹർരായ ആളുകൾക്ക്, അനുഷ്ഠാതാക്കൾക്ക്. ഗമ്യൻ = പ്രാപ്യൻ.

17. യയാതി–യയാതി എന്ന രാജാവ്. പൂർവർ–മറ്റു പൂർവകന്മാർ. സഭ്യശാല–യാഗശാല. വേണ്ടതും നല്ക–പ്രിയവസ്തു (ഹവിസ്സ്) നല്കുകയും ചെയ്യുക.

18. ശക്തി = കഴിവ്. ഈ മന്ത്രത്താൽ അങ്ങു വർദ്ധിയ്ക്ക = മഹത്ത്വപ്പെടുക. ഞങ്ങളെ ഉന്നതിയണയ്ക്കുയും ചെയ്യുക. അനുഷ്ഠാതാക്കളായ ഞങ്ങളെ ശ്രേയസ്സിലെത്തിയ്ക്കുകയും ചെയ്യുക. സുമനസ്സും = നല്ല (കർമ്മശ്രദ്ധയുള) ഹൃദയവും.

## സൂക്തം 32.

ഹിരണ്യസ്തൂപൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

വജ്രഭൃത്തിന്ദ്രൻ പുരാ ചെയ്ത വിക്രമം
വർണ്ണിച്ചുരയ്ക്കുവനോരോന്നുമാശു ഞാൻ:
കൊന്നാൻ പയോദത്തെ; വീഴ്ത്തിനാൻ വെള്ളത്തെ;
നന്നായ് പ്പിളർത്തിനാനദ്രിനദികളെ. (1)

ത്വഷ്ടാവു ചെത്തിക്കൊടുത്ത വജ്രമെറി–
ഞ്ഞിട്ടാണ കൊന്നത,ദ്രിസ്ഥമാം കാറിനെ;
അപ്പോളൊലിച്ച തണ്ണീരുകൾ പാഞ്ഞാഴി–
യുൾപ്പുക്കിതു,'മ്പ'യിട്ടും പൈക്കൾപോലവേ. (2)

സ്വീകരിച്ചങ്ങു കുടിച്ചാൻ വൃഷംപോലെ,
യാഗത്രയത്തിൽപ്പിഴിഞ്ഞതാം സോമനീർ
ആകലിതാസ്ത്രനായ് ക്കൊന്നാൻ മഘവാവു,
കാർകളിലാദ്യം പിറന്നോരു കാറിനെ. (3)

തോയവാഹങ്ങളിലാദ്യനെക്കൊന്നിന്ദ്ര,
മായാവികളുടെ മായയും പോക്കി നീ
വാനുഷസ്സർക്കരെപ്പേർത്തും ജനിപ്പിച്ചു;
താനഥ കണ്ടെത്തിയില്ലൊരു വൈരിയെ! (4)

മൂടൽവളർത്തിയ വൃത്രന്റെ തോളുകൾ,
കോടാലിയാൽത്തരുസ്കന്ധങ്ങൾപോലവേ
മെത്തിയ വജ്രമെയ്തിന്ദ്രൻ മുറിയ്ക്കയാൽ–
ച്ചത്തവൻ മന്നിലടിഞ്ഞുകിടക്കയായ് ! (5)

പോരിനില്ലാളെന്നമട്ടിൽക്കുറുമ്പൊടി–
ന്ദ്രാരി വിളിച്ചാനരിഘ്നനാം വീരന;
ഭൂരിജേതാവിൻ കൊലകളെപ്പിന്നിടാൻ
പോരാഞ്ഞു വീണങ്ങരച്ചാൻ പുഴകളെ! (6)

വൃത്രനടർ തേടി, കൈകാലറുകിലും,
പുംസ്ത്വേച്ഛുവാം ഛിന്നമുഷ്കൻകണക്കിനെ!-
ഇന്ദ്രനോ, വജ്രമെറിഞ്ഞാൻ ചുമൽത്തട്ടി–
ലൊ;—ന്നിലേറെപ്പരിക്കേറ്റു വീണാനവൻ. (7)

അക്കിടപ്പോനെക്കവിച്ചു പാഞ്ഞൂ, കരൾ
കക്കും ജലം, വിണ്ട കൂലത്തെയാംവിധം;
നിർത്തിനാനേതിനെ സ്വന്തം പെരുമയാൽ,
വൃത്രനഹിയതിൻ കാല്ക്കൽക്കിടക്കയായ് ! (8)

നഷ്ടയായ് വൃത്രമാതാവു:—മിന്ദ്രൻ തദാ
വിട്ടാന,വൾതൻ ചുവട്ടിലെയ്ക്കായുധം;
അമ്മ മീതേ, മകൻ താഴെ—യദ്ദാനവി

ച്ചുമ്മാ കിടന്നു, കുഞ്ഞൊത്ത പൈപോലവേ! (9)

നില്ക്കലിരിയ്ക്കലില്ലാത്ത വെള്ളത്തിലുൾ-
പ്പുക്കു പേർ പോയ്പോയ വൃത്രവപുസ്സിനെ
കേറിക്കടന്നങ്ങൊലിച്ചു; ജലം നീണ്ട
കൂരിരുട്ടൊന്നിലടിഞ്ഞിതിന്ദ്രാഹിതൻ! (10)

രോധിച്ചുനിർത്തിനാനല്ലോ ജലങ്ങളെ
നാഥനഹി, പണി പൈക്കളെയാംവിധം;
പാരുമുടിയ്ക്കുന്ന വൃത്രനടച്ച ത–
ണ്ണീരിൻ ബിലത്തെത്തുറന്നാൻ, തദന്തകൻ. (11)

വജ്റപ്രദീപ്തൻ തനിച്ചെതിർത്തപ്പോളൊ–
രശ്വവാലായ്ത്തീർന്നിതിന്ദ്ര, ശൂരൻ ഭവാൻ;
ഗോക്കളെ വെന്നു നീ; സോമത്തെ വെന്നു നീ;
നേർക്കൊഴുകിച്ചു നീയേഴു പുഴയെയും! (12)

വൃത്രൻ ചമച്ച വാദമിന്നലും പാഴിടി–
വെട്ടും മഴയുമിടിവാളുമൊന്നുമേ
ഇന്ദ്രങ്കലേശീല,വനുമായ് പ്പോർചെയ്കെ;
വെന്നാൻ, മഘവാവു മറ്റു പണികളും. (13)

മററാരെ നീ കണ്ടു വൃത്രനെക്കൊല്ലുവാൻ!
പറ്റിയല്ലോ ഭയം, കൊന്നതിലിന്ദ്ര, തേ:
തൊണ്ണൂററിയൊമ്പതാററിൻറെ വെള്ളം ഭയാൽ–
പ്പിന്നിട്ടുവല്ലോ, പരുന്തെന്നപോലെ നീ! (14)

സ്ഥാവരം. ജംഗമം, ശൃംഗിം, ശാന്തമിവ–
യ്ക്കേവമരചനായ്ത്തീർന്നു വജ്രായുധൻ;
മർത്ത്യർക്കുമിന്ദ്രനേ രാജാവ;-വറ്റിനെ–
ച്ചുററിനാൻ, നേമിയേർക്കാലുകളെപ്പോലവൻ! (15)

## കുറിപ്പുകൾ: സൂക്തം 32.

1. കൊന്നാൻ–പിളർത്തി. വീഴ്ത്തിനാൻ വെള്ളത്തെ–ഭൂമിയിൽ മഴപെയ്യിച്ചു. അദ്രിനദികളെ പിളർത്തിനാൻ–മലമ്പുഴകളെ, രണ്ടു കരകളും വലിച്ചുനീക്കി, പ്രവഹിപ്പിച്ചു.
2. ചെത്തിക്കൊടുത്ത–കനം കുറച്ചു മൂർച്ച കൂട്ടിക്കൊടുത്ത. അദ്രിസ്ഥം = പർവതസ്ഥിതം. ഉമ്പയിടും–ഉമ്പാശബ്ദം പുറപ്പെടുവിയ്ക്കുന്ന. പൈക്കളുടെ ഈ വിശേഷണം, ഒലിയ്ക്കുന്ന വെള്ളങ്ങളുടെ ഇരമ്പത്തെ വ്യഞ്ജിപ്പിയ്ക്കുന്നു. പൈക്കൾ തൊഴുത്തിലെന്നപോലെ ജലങ്ങൾ സമുദ്രത്തിൽ ചെന്നുചേർന്നു.
3. വൃഷം = കാള. യാഗത്രയത്തിൽ–ജ്യോതിസ്സ്, ഗോവ്, ആയുസ്സ് എന്നീ മൂന്നു യാഗങ്ങളിൽ. ആകലിതാസ്ത്രനായ് = അസ്ത്രം (ആയുധം, വജ്രം) എടുത്ത്.
4. തോയവാഹങ്ങൾ = മേഘങ്ങൾ. മായാവികൾ–അസുരന്മാർ. വാനുഷസ്സൂർക്കരെ = വാനിനെയും ഉഷസ്സിനെയും സൂര്യനെയും. ജനിപ്പിച്ചു–പ്രകാശിപ്പിച്ചു. അഥ = പിന്നെ. ഒരു വൈരിയെ കണ്ടെത്തിയില്ല–ഇന്ദ്രനെ എതിർക്കാൻ ആരുമില്ലാതായി.

5. തരുസ്കന്ധങ്ങൾ = വൃക്ഷത്തടികൾ.

6. ആൾ–എതിരാളി. ഇന്ദ്രാരി = അസുരൻ, വൃത്രൻ. അരിഘ്നൻ = ശത്രു ഹന്താവ്. ഭൂരിജേതാവിന്റെ കൊലകളെപ്പിന്നിടാൻ–വളരെപ്പേരെ ജയിച്ചവനായ ഇന്ദ്രൻറെ കൊലകളിൽനിന്നു രക്ഷപ്പെടാൻ. പുഴകളെ–നദീതീരങ്ങളിലെ പാറകളെയും മറ്റും.

7. അടർ തേടി–ഇന്ദ്രനോടു പൊരുതാൻ നോക്കി. ഛിന്നമുഷ്കനായ (വൃഷണങ്ങളറുക്കപ്പെട്ട) ഒരുവൻ പുംസ്ത്വം (ആണത്തം) ഇച്ഛിയ്ക്കുന്നതുപോലെ. വൃഷണമില്ലാത്തവന്നു പൌരുഷമല്ല, നപുംസകത്വമാണല്ലോ, കിട്ടുക. ചുമൽത്തട്ടിൽ–വൃത്രന്റെ തോളത്ത്. ഒന്നിലേറെ–അനേകാവയവങ്ങളിൽ.

8. കരൾ കക്കും (മനോഹരമായ, മനുഷ്യരെ സന്തോഷിപ്പിച്ച) ജലം അക്കിടപ്പോനെക്കവിച്ചു പാഞ്ഞു. (വൃത്രന്റെ ശരീരത്തിന്മേലൂടേ കുതിച്ചൊഴുകി); കൂലം (തീരം) പിളർന്നാൽ നദീജലം തള്ളിയൊഴുകുന്നതുപോലെ. ജലത്തെ നിരോധിച്ചുനിന്ന വൃത്രൻ ഇപ്പോൾ അതിന്റെ കാല്ക്കൽ (ചുവട്ടിൽ) കിടക്കുകയായി: തന്റെ അപരാധം ക്ഷമിപ്പിയ്ക്കാനെന്നപോലെ. അഹി–വൃത്രന്റെ മറെറാരു പേർ.

9. മകങ്കൽ ആയുധം തട്ടാതിരിപ്പാൻ വൃത്രൻറെ അമ്മ അവൻറെ മീതേ കിടന്നു. തദാ (അപ്പോൾ) ഇന്ദ്രൻ ആയുധം അവളുടെ ചുവട്ടിലെയ്ക്കു (വൃത്രദേഹത്തിലെയ്ക്കു) വിട്ടു. അതിനാൽ അവളും നഷ്ടയായ് (മരിച്ചു). അദ്ദാനവി (ആ അസുരസ്ത്രീ), കുട്ടിയോടുകൂടിയ ഒരു പയ്യെന്നപോലെ ചുമ്മാ (നിശ്ചേഷ്ടയായി) കിടന്നു.

10. നില്ക്കലിരിയ്ക്കലില്ലാത്ത–നില്ക്കലും ഇരിയ്ക്കലുമില്ലാതെ സദാ ഒഴുകിപ്പോകുന്ന. പേർ പോയ്പോയ–ആരാലും അറിയപ്പെടാത്തതായിത്തീർന്ന. വപുസ്സ് = ദേഹം. നീണ്ട കൂരിരുട്ടൊന്നിൽ–ഒരു ദീർഘതമസ്സിൽ, മരണത്തിൽ. ഇന്ദ്രാഹിതൻ = ഇന്ദ്രശത്രു, വൃതൻ.

11. നാഥനഹി–ജലങ്ങളുടെ നാഥനായിത്തീർന്ന (അവയെ കീഴടക്കിയ) വൃത്രൻ. പണി–പണി എന്ന അസുരൻ. ബിലം–പ്രവഹണദ്വാരം. തദന്തകൻ = വൃത്രനെ കൊന്ന ഇന്ദ്രൻ.

12. വജ്രപ്രദീപ്തൻ–ഇടിവാൾകൊണ്ടു തിളങ്ങുന്ന വൃത്രൻ: സർവായുധകുശലനായിരുന്നു, വൃത്രൻ. അശ്വവാലായ്ത്തീർന്നിതു–കുതിരയുടെ വാൽ നിഷ്പ്രയാസം ഈച്ചയേയും മറ്റും ആട്ടിക്കളയുന്നതുപോലെ, ഭവാൻ വൃത്രനെ തട്ടിനീക്കി. ഗോക്കളെ വെന്നു–പണി അപഹരിച്ച ഗോക്കളെ വീണ്ടെടുത്തു. സോമത്തെ വെന്നു–സോമനീർ ബലേന പാനംചെയ്തു. അങ്ങിനെ ഒരുപാഖ്യാനമുണ്ട്. ഏഴു പുഴയേയും–ഗംഗാദിസപ്തനദികളെ.

13. അവനുമായ്–വൃത്രനോട്. വെന്നാൻ–നിഷ്ഫലമാക്കി.

14. ഇന്ദ്ര, അങ്ങയ്ക്കു വൃതനെ കൊന്നതിൽ ഒരു ഭയം–അപരാധഭയം–ഉണ്ടായല്ലോ; ആ ഭയംമൂലം ഭവാൻ തൊണ്ണൂറെറാമ്പതു പുഴ കടന്ന്, ഒരു പരുന്തെന്നപോലെ ദൂരത്തെയ്ക്കു പായുകയും ചെയ്തു. എന്നാൽ, വൃത്രനെ കൊല്ലാൻ മററാരെയെങ്കിലും അങ്ങു കാണുകയുണ്ടായോ? അതിന്നു വേറെ ആരും ഉണ്ടായിരുന്നില്ല.

15. ശൃംഗി–കൊമ്പുള്ള മഹിഷവൃഷാദികൾ. ശാന്തം–കൊമ്പില്ലായ്കയാൽ ഉപദ്രവിയ്ക്കാത്ത അശ്വഗർദ്ദഭാദികൾ. ഏവം–വൃത്രനെ വധിച്ചിട്ട്. ഇന്ദ്രനേ–ഇന്ദ്രൻതന്നെ. അവറ്റിനെ സ്ഥാവരാദികളെ. ഏർക്കാലുകൾ തേരുരുൾച്ചുററിനെ എന്നപോലെ, സ്ഥാവരാദികൾ ഇന്ദ്രനെ അവലംബിച്ചുനില്ക്കുന്നു.

രണ്ടാമധ്യായം സമാപ്തം.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## മൂന്നാം അദ്ധ്യായം

### മണ്ഡലം 1 അനുവാകം 7

## സൂക്തം 33.

ഹിരണ്യസ്തൂപൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഗോക്കളെത്തേടുന്നവരേ, വരുവിൻ, നമുക്ക് ഇന്ദ്രന്റെ അടുക്കൽ പോകാം: അവിടുന്ന് ഉപദ്രവമൊന്നും പററാതെ, നമുക്കു ബുദ്ധ്യുൽക്കർഷം വരുത്തും; എന്നിട്ടു നമുക്ക് ഈ ഗോധനത്തെക്കുറിച്ച് അറിവും വളർത്തും. (1)

യാതൊരുവനോ സ്തോതാക്കൾക്കുവേണ്ടി, യുദ്ധം വന്നാൽ വിളിയ്ക്കപ്പെടേണ്ടവൻ; ആ ധനപ്രദനും ആദ്ദതനുമായ ഇന്ദ്രന്റെ അടുക്കലെയ്ക്കു മികച്ച സ്തോത്രങ്ങളാൽ പൂജിച്ചുംകൊണ്ട്, ഒരു പരുന്തു സ്വന്തം കൂട്ടിലെയ്ക്കെന്നപോലെ പറക്കുകയാണ്, ഞാൻ. (2)

പൂർണ്ണസൈന്യനായ തന്തിരുവടി ആവനാഴികളിട്ടു; ഗോക്കളെ വേണ്ടുന്നവങ്കൽ കൊണ്ടാക്കാനും തുടങ്ങി. ഇന്ദ്ര, സമൃദ്ധിമൻ, വളരെ ധനം കൊണ്ടുവന്നുതരുന്ന ഇവിടുന്നു ഞങ്ങളുടെ അടുക്കൽ ഒരു വില്പനക്കാരനായിത്തീരരുതേ! (3)

ഇന്ദ്ര, കൂട്ടുകാരിരിയ്ക്കെ, അങ്ങു തനിയെ ചെന്നു, തട്ടിപ്പറിക്കാരനായ മുതലാളിയെ വജ്രംകൊണ്ടു വധിച്ചുവല്ലോ; വില്ലിന്റെ മുകളിൽ എമ്പാടും വന്നുചേർന്ന യജ്ഞവിരോധികളായ സനകരും ചത്തടിഞ്ഞു! (4)

ഇന്ദ്ര, യജ്ഞം ചെയ്യാതെ യജ്വാക്കളോടു പിണങ്ങുന്ന അവർ തല പിന്തിരിച്ചു നടകൊണ്ടു: ഹരിയുക്തനായി നിലക്കൊണ്ട ശൂരനായ ഭവാൻ ആ വ്രതരഹിതരെ അന്തരിക്ഷത്തിൽ നിന്നും വാന്മുഴികളിൽ നിന്നും ഊതിപ്പറപ്പിച്ചു! (5)

നിരവദ്യന്റെ സൈന്യത്തോടു പൊരുതാൻനോക്കിയ അവർ നവഗ്വരായ മനുഷ്യരാൽ പ്രോത്സാഹിതനായ ഇന്ദ്രനാൽ തോല്പിയ്ക്കപ്പെട്ടിട്ട്, ആണുങ്ങളോടെതിർത്ത നപുംസകങ്ങൾപോലെ, ആവതില്ലായ്മ വെളിപ്പെടുത്തിക്കൊണ്ടു കണ്ട വഴികളിലൂടെ മണ്ടിപ്പോയി. (6)

ഇന്ദ്ര, നിലവിളിയ്ക്കുകയോ തിന്നുകയോ ചെയ്തിരുന്ന അവരോടു ഭവാൻ അന്തരിക്ഷത്തിന്നപ്പുറത്തുവെച്ചു പോരാടി; കൊള്ളക്കാരനെ ആകാശത്തുനിന്നു കൊണ്ടുപോന്നു കേമമായി ദഹിപ്പിച്ചു; സോമം പിഴിഞ്ഞു സ്തുതിയ്ക്കുന്നവന്റെ പ്രശംസയെ രക്ഷിക്കുകയും ചെയ്തു! (7)

മന്നിലെങ്ങും നിറഞ്ഞു, പൊന്നും കല്ലുമണിഞ്ഞു, പൊങ്ങിയിരുന്നവർ ഇന്ദ്രങ്കൽ ഇടിഞ്ഞുപോയി: ആ ഉപദ്രവികളെ അവിടുന്നു സൂര്യനെക്കൊണ്ടകറ്റി! (8)

ഇന്ദ്ര, അവിടുന്നു വാന്മുഴികളെ രണ്ടിനെയും മുഴുവൻ മഹത്ത്വത്താൽക്കീഴടക്കി അനുഭവിച്ചുപോന്നു; ഇന്ദ്ര, അന്ന് അവിട്ടുന്ന് അനഭിജ്ഞരിലും അഭിമാനം കൊള്ളുന്ന മന്ത്രങ്ങൾകൊണ്ടു കൊള്ളക്കാരനെ ആട്ടിപ്പായിച്ചു. (9)

വെള്ളം ദ്യോവിൽനിന്നു ഭൂവിലെത്തിയിരുന്നില്ല; ധനദായിനിയെ ശുശ്രൂഷിയ്ക്കുകയും ചെയ്തിരുന്നില്ല. അപ്പോൾ, ശ്രേഷ്ഠനായ ഇന്ദ്രൻ തിളങ്ങുന്ന വജ്രം കൈക്കൊണ്ട്, ഇരുട്ടിൽനിന്നു വെള്ളമൊക്കെ കറന്നെടുത്തു. (10)

ജലം ഇന്ദ്രന്റെ അമരേത്തിന്നായി പൊഴിഞ്ഞിരുന്നു. എന്നാൽ വൃത്രൻ വൻപുഴകളുടെ നടുവിലാകെ വളർന്നു: അവന്റെ മനസ്സ് ഇന്ദ്രന്റെ കൂടെത്തന്നെ നടക്കുകയായിരുന്നു. ചില നാളുകൾക്കിടയിൽ അവനെ ഇന്ദ്രൻ പ്രബലമായ ആയുധംകൊണ്ടു നിഹനിച്ചു. (11)

മന്നിൻമടയിൽ കിടന്ന മാററാൻറെ പെരുംപടയെ ഇന്ദ്രൻ നീളെ പരിക്കേല്പി-

ച്ചു; ആ വരൾച്ച പിണച്ച ശൃംഗോപമായുധനെ പിളർത്തി. ഉള്ള ഊക്കും ഉള്ള കെല്പും മുഴുവനെടുത്തു മഘവാവ് എതിർത്ത ശത്രുവിനെ കൊന്നു. (12)

ഇന്ദ്രന്റെ ആയുധം ശത്രുക്കളുടെ നേർക്കു പാഞ്ഞു; മൂർത്തതും മികച്ചതുമായ അതു പുരങ്ങളെ പിളർത്തി. പിന്നെ അവിടുന്നു വജ്രമെറിഞ്ഞു വൃത്രനെ കൊന്നു. തിരുവുള്ളം കുളിർപ്പിച്ചു. (13)

ഇന്ദ്ര, സ്തുതിയാൽ പ്രീതിപ്പെടുത്തിയ കുത്സനെ അങ്ങു സംരക്ഷിച്ചു; പൊരുതുന്ന ശ്രേഷ്ഠനായ ദശദ്യുവിനെയും സംരക്ഷിച്ചു. കുതിരക്കുളമ്പിൽനിന്നു പുറപ്പെട്ട പൊടി വാനിൽ പാറി. ശൈത്രേയൻ പൗരുഷം താങ്ങാൻ എഴുന്നേററുനിന്നു: (14)

മഘവാവേ. ഭവാൻ രക്ഷിച്ചതിനാലാണല്ലോ, വെള്ളത്തിൽ മുങ്ങിയ ശ്രേഷ്ഠനായ ശൈത്രേയൻ സ്വാസ്ഥ്യം നേടി ക്ഷേത്രത്തിലെത്തിച്ചേർന്നത്. ചിരകാലമായി ഇവിടെ നിലക്കൊണ്ടു പൊരുതുന്ന ശത്രുക്കളെ അങ്ങു നികൃഷ്ടദുഃഖങ്ങളിൽ അകപ്പെടുത്തിയാലും! (15)

## കുറിപ്പുകൾ: സൂക്തം 33.

1. ദേവന്മാർ അന്യോന്യം പറയുന്നു.
3. വേണ്ടുന്നവങ്കൽ—ഉടമസ്ഥനായ ഓരോ ദേവന്റെയും ഗൃഹത്തിൽ. ധനം—ഗോധനം. വില്പനക്കാരനായിത്തീരരുതേ—വില കിട്ടണമെന്നു പറയരുതേ.
4. കൂട്ടുകാർ—മരുത്തുക്കൾ. മുതലാളിയെ—വൃത്രനെ. സനകർ—വൃത്രാനുചരന്മാരുടെ പേർ.
5. അവർ—സനകർ. ഹരിയുക്തനായി—ഹരികൾ എന്ന രണ്ടശ്വങ്ങളോടുകൂടി. ആ വ്രതരഹിതരെ—വ്രതാനുഷ്ഠാനമില്ലാത്ത സനകരെ.
6. നിരവദ്യന്റെ—ദോഷങ്ങളില്ലാത്ത, ഗുണവാനായ ഇന്ദ്രന്റെ. അവർ—സനകർ. നവഗ്വർ—അംഗിരസ്സുകളുടെ സത്രത്തിൽവെച്ച് ഒമ്പതുനാൾകൊണ്ടു ഫലം ലഭിച്ചവർ. കണ്ടു—ഓടാൻ പററുമെന്നു കണ്ടറിഞ്ഞു.
7. കൊള്ളക്കാരൻ—വൃത്രൻ. സ്തുതിയ്ക്കുന്നവന്റെ—ജമാനന്റെ. രക്ഷിയ്ക്കുകയും ചെയ്തു—സഫലീകരിയ്ക്കുകയും ചെയ്തു.
8. പൊങ്ങിയിരുന്നവർ—അഭിവൃദ്ധിപ്പെട്ടുപോന്ന സനകർ.
9. അനഭിജ്ഞരിലും അഭിമാനം കൊള്ളുന്ന—അർത്ഥഗ്രഹണമില്ലാതെ ജപിയ്ക്കുന്നവരെയും ഫലദാനാർഹരായി ഗണിയ്ക്കുന്ന. മന്ത്രങ്ങൾകൊണ്ടു—മന്ത്രങ്ങൾ കൊണ്ടു സന്തുഷ്ടനായിട്ട്.
10. ധനദായിനി—ഭൂമി. ഇരുട്ടിൽനിന്നു—കാർമേഘത്തിൽനിന്നു.
11. നടക്കുകയായിരുന്നു—ഇന്ദ്രനെക്കുറിച്ചായിരുന്നു, സദാ വൃത്രൻറെ വിചാരം.
12. ആ വരൾച്ച പിണച്ച—ജലത്തെത്തടുത്തു ലോകത്തെ ഉണക്കിയ. ശൃംഗോപമായുധനെ—പോത്തിൻകൊമ്പും മററുംപോലെയുള്ള ആയുധങ്ങളോടുകൂടിയ വൃത്രനെ.
13. പുരങ്ങളെ—വൃത്രന്റെ നഗരങ്ങളെ.
14. പൊരുതുന്ന—ശത്രുക്കളോടു യുദ്ധം ചെയ്യുന്ന. കുത്സനും ദശദ്യുവും രണ്ട് ഋഷിമാരത്രേ. കുതിരക്കുളമ്പ്=ഇന്ദ്രാശ്വങ്ങളുടെ കുളമ്പുകൾ. ശൈത്രേയൻ—പണ്ടു ശത്രുഭയത്താൽ വെള്ളത്തിൽ മുങ്ങിക്കിടന്ന ശ്വിത്രാപുത്രൻ. പൌരുഷം താങ്ങാൻ—പൊരുതാൻ, എഴുന്നേറ്റുനിന്നു—വെള്ളത്തിൽനിന്നു കേറി.

15. ക്ഷേത്രത്തിലെത്തിച്ചേർന്നത്–ശത്രുക്കളോടു പൊരുതുന്നതിനിടയിൽ, ക്ഷേത്രത്തിൽ കടന്നുകൂടിയത്.

## സൂക്തം 34.

ഹിരണ്യസ്തൂപൻ ഋഷി; ജഗതിയും, ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അശ്വികൾ ദേവത.

മേധാവികളായ അശ്വികളേ, ഞങ്ങൾക്കുവേണ്ടി മൂന്നു തവണയെങ്കിലും നിങ്ങൾ ഇതിൽ വന്നുചേരണം: നിങ്ങളുടെ തേർ എങ്ങും നടക്കും, എന്തും കൊടുക്കും. പൊൻപകലും മഞ്ഞിരവുമെന്നപോലെ തമ്മിലൊട്ടിപ്പിടിച്ചവരാണല്ലോ, നിങ്ങൾ. രണ്ടുപേരും മനീഷികൾക്കു വശപ്പെടുവിൻ! (1)

അശ്വികളേ, നിങ്ങളുടെ തേരിന്നു കെല്പേറിയ മൂന്നു ചക്രങ്ങളുണ്ട്; അതിൽ മധുരദ്രവ്യങ്ങൾ വെച്ച്, നിങ്ങൾ ചന്ദ്രൻറെ വേനാവിവാഹത്തിന്നു പോയത് എല്ലാവർക്കും അറിയാം. അതിൽ മൂന്നു തൂണുകളും നാട്ടിയിട്ടുണ്ട്, പിടിയ്ക്കാൻ. രാപകലുകളിൽ മുമ്മൂന്നുതവണ നിങ്ങൾ സഞ്ചരിക്കും! (2)

അശ്വികളേ, നിങ്ങൾ ഓരോ നാളിലും മൂന്നുരു പിഴ തീർക്കണം. ഇന്നു മൂന്നുരു ഹവിസ്സിൽ തേനൊഴിയ്ക്കണം. രാത്രികളിലും പകലുകളിലും മുമ്മൂന്നുതവണ ഞങ്ങൾക്കു ബലകരങ്ങളായ അന്നങ്ങൾ തരണം. (3)

അശ്വികളേ, നിങ്ങൾ മൂന്നുതവണ ഞങ്ങളുടെ ഗൃഹത്തിൽ വരണം; മൂന്നുതവണ ആൾക്കാരിൽ ചെല്ലണം; മൂന്നുതവണ സംരക്ഷണീയത്തിൽ മുമ്മട്ടിൽത്തന്നേ ശീലിപ്പിയ്ക്കണം; മൂന്നുതവണ കൊണ്ടാടത്തക്കതു കൊണ്ടുവരണം; മൂന്നുതവണ അന്നം മഴപോലെ പൊഴിയ്ക്കണം. (4)

അശ്വികളേ. നിങ്ങൾ ഞങ്ങൾക്കു മൂന്നുതവണ ധനം കൊണ്ടു വരണം; മൂന്നുരു യജ്ഞത്തിൽ വരണം; മൂന്നുരു ബുദ്ധി നന്നാക്കണം; ഞങ്ങൾക്കു മൂന്നുരു സൌഭാഗ്യവും മൂന്നുരു അന്നവും കൊണ്ടുവരണം. സൂര്യപുത്രി നിങ്ങളുടെ മൂവരുൾത്തേരിൽ കേറാറുണ്ടല്ലോ. (5)

അശ്വികളേ, നിങ്ങൾ ഞങ്ങൾക്കു മൂന്നുതവണ ദിവ്യങ്ങളും, മൂന്നുതവണ ഭൌമങ്ങളും, മൂന്നുതവണ ആന്തരിക്ഷങ്ങളുമായ മരുന്നുകൾ കൊണ്ടുവരണം; ശംയുവിന്റെ സുഖം എന്റെ മകന്നുണ്ടാക്കണം; നന്മയുടെ നാഥന്മാരേ; ത്രിദോഷസ്വാസ്ഥ്യം തരുമാറാകണം! (6)

അശ്വികളേ, യജ്ഞാർഹരായ നിങ്ങൾ നാളിൽ നാളിൽ ഞങ്ങളുടെ സ്ഥലത്തു വന്നു, മുദ്ദർഭയിൽ മൂന്നുരു കിടക്കണം; സ്വന്തം തേരുള്ള നാസത്യരേ, നിങ്ങൾ ദൂരത്തുനിന്നു വന്നു മൂന്നുവേദികളിൽ, ആത്മാവു ശരീരങ്ങളിലെന്നപോലെ സ്ഥിതിചെയ്യണം! (7)

അശ്വികളേ, സപ്തനദീജലങ്ങൾകൊണ്ടു മൂന്നുവട്ടം പിഴിഞ്ഞ നീരും, മൂന്നു കുട്ടകങ്ങളും, മുമ്മട്ടിൽ നിർമ്മിയ്ക്കപ്പെട്ട ഹവിസ്സും ഇതാ. മൂവുലകിൻമീതേ സഞ്ചരിയ്ക്കുന്ന നിങ്ങളാണല്ലോ, ദ്യോവിൽ പകലിരവുകളാൽ വ്യവസ്ഥാപിതനായ സൂര്യന്റെ കാവല്ക്കാർ! (8)

നാസത്യരേ, നിങ്ങൾ യാതൊന്നിലൂടേ യജ്ഞത്തിൽ വന്നു ചേരുമോ. ആ മുക്കോൺതേരിന്റെ മൂന്നു ചക്രങ്ങൾ എവിടെ? മുകളിലെ കൂടിന്റെ മൂന്നു മരക്കഷ്ണങ്ങൾ എവിടെ? കരുത്തുള്ള കഴുതയെ എപ്പോൾ പൂട്ടും? (9)

നാസത്യരേ വരുവിൻ; ഹവിസ്സു ഹോമിയ്ക്കുകയായി; മധുരപായികളായ മുഖങ്ങൾകൊണ്ടു മധുരഹവിസ്സുകൾ നുകരുവിൻ! നൈ കരുതിവെച്ചിട്ടുള്ളതും വിചിത്രവുമായ നിങ്ങളുടെ രഥത്തെയാണല്ലോ, പുലരിയ്ക്കു മുമ്പു സൂര്യൻ യജ്ഞത്തിന്നയയ്ക്കുന്നത്. (10)

നാസത്യരായ അശ്വികളേ, നിങ്ങൾ പതിനൊന്നു ത്രിവർഗ്ഗദേവകളോടൊന്നിച്ചു മധുപാനത്തിന്നായി ഇവിടെ വന്നുചേരുവിൻ; ഞങ്ങൾക്കായുസ്സു വർദ്ധിപ്പിക്കുവിൻ; ഞങ്ങളുടെ പാപങ്ങൾ കഴുകിക്കളയുവിൻ; ഞങ്ങളുടെ ശത്രുക്കളെ അകറ്റുവിൻ; ഞങ്ങളോടൊന്നിച്ചിരിയ്ക്കുവിൻ! (11)

അശ്വികളേ, നിങ്ങൾ മൂന്നുലകിലും പെരുമാറുന്ന രഥത്തിലൂടേ, ഞങ്ങൾക്കായി, നല്ല വീരരെ കിട്ടിയ്ക്കുന്ന ധനം കൊണ്ടുവരുവിൻ. ഞങ്ങളുടെ സ്തുതി കേൾക്കുന്ന നിങ്ങളെ ഞാൻ രക്ഷയ്ക്കായി വിളിയ്ക്കുന്നു: നിങ്ങൾ ഞങ്ങളെ യുദ്ധത്തിൽ പൊന്തിയ്ക്കുകയും ചെയ്യണം! (12)

## കുറിപ്പുകൾ: സൂക്തം 34.

1. ഇതിൽ—ഈ യജ്ഞത്തിൽ. മൂന്നുതവണ—മൂന്നുസവനങ്ങൾക്ക് .പൊൻപകലും മഞ്ഞിരവും—പകൽ വെയിലിനാൽ പൊന്നുപോലിരിയ്ക്കുമല്ലോ; രാത്രി മഞ്ഞുള്ളതുമായിരിയ്ക്കും. സ്വഭാവോക്തി മാത്രമാണിത്. ദിനരാത്രി സംബന്ധംപോലെ ശാശ്വതമാണ്, നിങ്ങളിരുവരുടെ ചേർച്ച. വശപ്പെടുവിൻ—അനുഗ്രഹം നല്കുവിൻ.
2. അതിൽ—തേരിൽ. വേന—ചന്ദ്രന്റെ പ്രിയതമ. എല്ലാവർക്കും—ദേവകൾക്കൊക്കെ. പിടിയ്ക്കാൻ—വല്ലാതെ പായുമ്പോൾ, തങ്ങൾ വീണുപോകാതിരിപ്പാൻ പിടിയ്ക്കുന്നതിന്ന്.
3. പിഴ—ഞങ്ങൾക്കു ചടങ്ങുകളിൽ വരുന്ന തെറ്റ്.
4. ആൾക്കാർ—ഞങ്ങളുടെ ആളുകൾ. സംരക്ഷണീയത്തിൽ—നിങ്ങൾ സംരക്ഷിയ്ക്കേണ്ടതായ ഞങ്ങളുടെ കർമ്മത്തിൽ. മുമ്മട്ടിൽത്തന്നേ—മൂന്നു മാതിരിയിൽത്തന്നെ ശീലിപ്പിക്കണം; വീണ്ടും വീണ്ടും ഉപദേശിയ്ക്കണമെന്നു സാരം. കൊണ്ടാടത്തക്കതു—സന്തോഷകരമായ ഫലം.
5. ബുദ്ധി നന്നാക്കണം—ഞങ്ങൾക്കു ബുദ്ധിഗുണം വരുത്തണം.
6. ആന്തരിക്ഷങ്ങൾ = അന്തരിക്ഷത്തിലുള്ളവ. ശംയു—ബൃഹസ്പതിപുത്രന്റെ പേർ. നന്മയുടെ—നല്ല ഔഷധഗണത്തിന്റെ. ത്രിദോഷസ്വാസ്ഥ്യം—വാതപിത്തകഫങ്ങളുടെ സ്വസ്ഥത; ആരോഗ്യം.
7. ഞങ്ങളുടെ സ്ഥലത്തു—യജ്ഞവേദിയിൽ. മുദ്ദർഭ—മൂന്നു വിഭാഗമായി വിരിച്ച ദർഭപ്പുല്ല്. മൂന്നു വേദികൾ—ഐഷ്ടികം, പാശുകം, സൌമികം.
8. മുമ്മട്ടിൽ—സർവനത്രയോചിതമാംവണ്ണം. വ്യവസ്ഥാപിതൻ—പകലിലുദിയ്ക്കുക, ഇരവിലസ്തമിയ്ക്കുക എന്നു വ്യവസ്ഥ ചെയ്യപ്പെട്ടിരിയ്ക്കുന്നവൻ.
9. കൂട്—ഇരിപ്പിടം. മരക്കഷ്ണങ്ങൾ—ഊന്നുകൾ. കഴുതയെ—കുതിരയ്ക്കു പകരം. ഇതൊന്നും ഞങ്ങൾക്കറിഞ്ഞുകൂടാ!
10. ഇടയ്ക്കിടയ്ക്ക് അച്ചുതണ്ടിന്മേൽ പുരട്ടാനാണ്, നെയ്യു കരുതിവെയ്ക്കുന്നത്.
11. പതിനൊന്നു ത്രിവർഗ്ഗദേവകൾ—മൂന്നുവർഗ്ഗത്തിൽ പതിനൊന്നുപേർ വീതം മുപ്പത്തിമൂന്നു ദേവന്മാർ. മധു—സോമനീർ.
12. നല്ല വീരരെ കിട്ടിയ്ക്കുന്ന—ധനമുണ്ടായാൽ വീരരായ പുത്രഭൃത്യാദികളും ഉണ്ടായിവരും. പൊന്തിയ്ക്കുക—ശൌര്യവാന്മാരാക്കുക എന്നു സാരം.

## സൂക്തം 35.

ഋഷിച്ഛന്ദസ്സുകൾ മുമ്പത്തവ; സവിതാവ്, അഗ്നി, മിത്രൻ, വരുണൻ, രാത്രി, ദേവതകൾ.

ഞാൻ നിലനില്പിന്നായി ആദ്യം അഗ്നിയെ വിളിയ്ക്കുന്നു; ഇതിൽ രക്ഷയ്ക്കായി മിത്രാവരുണരെ വിളിയ്ക്കുന്നു; ജഗത്തിനെ വിശ്രമിപ്പിയ്ക്കുന്ന രാത്രിയെ വിളിയ്ക്കുന്നു; പാലനത്തിന്നായി സവിതൃദേവനെയും വിളിയ്ക്കുന്നു. (1)

ഇരുണ്ട ലോകത്തിലൂടേ വീണ്ടും വീണ്ടും ആവിർഭവിച്ച്, അമൃതനെയും മർത്ത്യനേയും സ്വസ്ഥാനങ്ങളിൽ നിർത്തുന്ന സവിതാവായ ദേവൻ ഭുവനങ്ങളെ നോക്കിക്കണ്ടുകൊണ്ടു പൊന്നിൻതേരിലൂടേ വരുന്നു. (2)

യജിയ്ക്കപ്പെടേണ്ടുന്ന ദേവൻ ചായ്വിലൂടേ എഴുന്നള്ളുന്നു; മുകളിലൂടേ എഴുന്നള്ളുന്നു; രണ്ടു വെള്ളക്കുതിരകളുമായി എഴുന്നള്ളുന്നു. സവിതായ ദേവൻ സർവപാപങ്ങളേയും പോക്കിക്കൊണ്ടു ദൂരത്തുനിന്നു വന്നെത്തുന്നു. (3)

യജിയ്ക്കപ്പെടേണ്ടുന്ന ചിത്രഭാനുവായ സവിതാവ് ഇരുണ്ട ലോകങ്ങളിൽ വെളിച്ചം വീശാൻ, ചുററും നടക്കുന്നതും പലതരം സ്വർണ്ണക്കൊത്തുപണികൾ ചെയ്തതും സ്വർണ്ണക്കുറ്റികളുള്ളതുമായ വമ്പിച്ച തേരിൽ കേറുന്നു. (4)

പൊന്നിൻനുകത്തണ്ടുള്ള തേർ വലിയ്ക്കുന്ന കാൽ വെളുത്തവയായ ശ്യാവങ്ങൾ ജനങ്ങൾക്കു വെളിച്ചം നല്കുന്നു. പ്രജകൾ മാത്രമല്ല, സർവഭുവനങ്ങളും സദാ മറ്റു ദേവകളുടെ സവിതാവിൻെറ സന്നിധിയിൽ നിലക്കൊള്ളുന്നു. (5)

പ്രകാശിയ്ക്കുന്ന ലോകങ്ങൾ മൂന്നുണ്ട്: രണ്ടെണ്ണം സൂര്യന്റെ അടുക്കൽ; ഒന്നു യമലോകത്തെയ്ക്കു കൊണ്ടുപോകുന്നത്. അമൃതങ്ങൾ, ഒരു തേർ ആണിയെ എന്നപോലെ, സവിതാവിനെ അവലംബിച്ചു നില്ക്കുന്നു. അതറിയുന്നവൻ ഇവിടെ പറയട്ടെ! (6)

ഗഭീരമായി ചലിയ്ക്കുന്നതും, പ്രാണനെ നല്കുന്നതും, വേണ്ടേടത്തു സുഖേന എത്തിയ്ക്കുന്നതുമായ രശ്മി അന്തരിക്ഷാദികളെ വെളിപ്പെടുത്തുന്നു. ആ സൂര്യൻ ഇപ്പോൾ (രാത്രിയിൽ) എവിടെ? ആർക്കറിയാം: ഏതു വാനത്താണ്, അവന്റെ രശ്മി വ്യാപിച്ചിരിയ്ക്കുന്നത്? (7)

ഭൂമിയുടെ എട്ടു ദിക്കുകളെയും ഭോഗയുക്തങ്ങളായ മൂന്നു ലോകങ്ങളെയും, എഴു സിന്ധുക്കളെയും പ്രകാശിപ്പിയ്ക്കുന്ന സുവർണ്ണനേത്രനായ ദേവൻ, സവിതാവു ഹോതാവിന്നായി വരണീയങ്ങളായ രത്നങ്ങളുമെടുത്ത് ഇവിടെ വന്നുചേരട്ടെ! (8)

സ്വർണ്ണപാണിയും വിശ്വദർശിയുമായ സവിതാവു വാനൂഴികളുടെ ഇടയിൽ നടകൊള്ളുന്നു; രോഗാദിബാധയെ നീക്കുന്നു; സൂര്യങ്കലണയുന്നു; ഇരുട്ടകറ്റുന്ന തേജസ്സിനെ വാനിൽ പരത്തുന്നു. (9)

സ്വർണ്ണപാണിയും, പ്രാണദാതാവും, ശരിയ്ക്കു കൊണ്ടുനടക്കുന്നവനും, സുഖപ്രദനും, ധനവാനുമായ ദേവൻ ഇങ്ങോട്ടെഴുന്നള്ളട്ടെ; രാത്രിതോറും സ്തുതിയ്ക്കപ്പെട്ടു, ദ്രോഹികളായ യാതുധാനരെ അകറ്റിക്കൊണ്ട് ഇരുന്നരുളട്ടെ! (10)

സവിതാവേ, പണ്ടേ അന്തരിക്ഷത്തിൽ നന്നായി നിർമ്മിയ്ക്കപ്പെട്ടവയും പൊടിയില്ലാത്തവയുമാണല്ലോ, അങ്ങയുടെ മാർഗ്ഗങ്ങൾ; ദേവ, അങ്ങ് ആ സുഗമമാർഗ്ഗങ്ങളിലൂടേ ഇന്നു വന്നെത്തി, ഞങ്ങളെ രക്ഷിയ്ക്കണം; ഞങ്ങളെപ്പറ്റി ദേവകളോട് അധികം പറയുകയുംചെയ്യണം! (11)

## കുറിപ്പുകൾ: സൂക്തം 35.

2. ഇരുണ്ട ലോകം—അന്തരിക്ഷം; അതു സൂര്യോദയത്തിന്നുമുമ്പ് ഇരുളടഞ്ഞതായിരിയ്ക്കുമല്ലോ. അമൃതൻ—മരണമില്ലാത്ത ദേവന്മാർ. മർത്ത്യൻ—മരണമുള്ള മനുഷ്യർ. തൃക്കൺപാർത്തുകൊണ്ടു—പ്രകാശിപ്പിച്ചുകൊണ്ടു.

3. ചായ്പ്—ആകാശത്തിന്റെ അററം.

4. കുററികൾ—തേരിന്നു പൂട്ടിയ കുതിരകളുടെ കഴുത്തിനിരുവശവും നിയന്ത്രണത്തിന്നായി ഇടുന്നവ.

5. ശ്യാവങ്ങൾ—സൂര്യാശ്വങ്ങളുടെ പേർ. ജനങ്ങൾ—ജനിയ്ക്കുന്നവ, പ്രാണികൾ. പ്രജകൾ—മനുഷ്യർ. സവിതാവ്—പ്രേരകനായ സൂര്യൻ.

6. രണ്ടെണ്ണം—ദ്യോവും ഭൂവും. ഒന്നു—നടുവിലെ അന്തരിക്ഷലോകം.മരിച്ചവർ അന്തരിക്ഷമാർഗ്ഗത്തിലൂടെയത്രേ, യമലോകത്തിലെയ്ക്കു പോകുന്നത്. അമൃതങ്ങൾ—ചന്ദ്രനക്ഷത്രാദിജ്യോതിസ്സുകൾ. ആണി—അച്ചുതണ്ടുകുററി. അത്—സവിതൃസ്വരൂപം. ആരുമില്ല, അറിഞ്ഞവൻ.

7. സുഖേന എത്തിയ്ക്കുന്നതും—വെളിച്ചം വീശുന്നതുകൊണ്ട്, ആളുകൾക്കു നിർബാധം നടക്കാം. ആ—താദൃശരശ്മിയുള്ള. സവിതവിന്റെ കിരണം രാത്രിയിൽ എവിടെ വ്യാപിയ്ക്കുന്നു എന്ന് ആർക്കും അറിഞ്ഞുകൂടാ.

8. സിന്ധുക്കൾ = നദികൾ,സമുദ്രങ്ങൾ,സുവർണ്ണനേത്രൻ = സ്വർണ്ണമയങ്ങളായ, നല്ല നിറമുള്ളവയായ, കണ്ണുകളോടു കൂടിയവൻ. ഹോതാവിന്നായി—യജമാനന്നു കൊടുക്കാൻ.

9. സ്വർണ്ണപാണി—സ്വർണ്ണഭൂഷിതകരൻ; അല്ലെങ്കിൽ, യജമാനർക്കു കൊടുക്കാൻ കനകം കയ്യിലെടുത്തവൻ. സൂര്യങ്കൽ—സവിതാവും സൂര്യനും ഒന്നുതന്നെ. മൂത്തിഭേദമനുസരിച്ചാണ്, രണ്ടാക്കപ്പെട്ടിരിയ്ക്കുന്നത്.

10. ശരിയ്ക്കു—വെളിച്ചം പരത്തുന്നതിനാൽ. ഇങ്ങോട്ട്—യജനസ്ഥലത്തെയ്ക്ക്. യാതുധാനർ = രാക്ഷസർ.

11. അധികം—ഞങ്ങളെപ്പറ്റി മതിപ്പുണ്ടാകത്തക്കവണ്ണം.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## മൂന്നാം അദ്ധ്യായം

മണ്ഡലം 1 അനുവാകം 8

## സൂക്തം 36.

ഘോരന്റെ മകൻ കണ്വൻ ഋഷി; ബൃഹതി ഛന്ദസ്സ്; അഗ്നി ദേവത. (മാകന്ദമഞ്ജരി)

ദേവരെത്തേടുന്ന ഭൂരിപ്രജകളായ്
മേവുന്ന നിങ്ങൾക്കായ്,സ്സൂക്തം ചൊല്ലി,
അന്യരും വാഴ്ത്തും മഹാനാകുമഗ്നിയോ–
ടന്യൂനം യാചിച്ചുകൊൾവൂ ഞങ്ങൾ. (1)

ലോകരെടുത്തു, കരുത്തേറ്റമഗ്നിയെ;-
പ്പൂജിയ്ക്കാം, നിന്നെ ഹവിസ്സാലെങ്ങൾ;
ഇന്നിതിലെങ്ങളെപ്പാലിച്ചരുളേണ–
മന്നദാതാവേ, കനിഞ്ഞു ഭവാൻ! (2)

ദൂതനും സർവവിജ്ഞാനനുമാകിയ
ഹോതാവാം നിന്നെ വരിപ്പൂ ഞങ്ങൾ.
നാനാഗതികൾ, മഹാനാം നിൻ ദീപ്തികൾ:
വാനത്തുമെത്തുന്നു, നിൻകതിർകൾ. (3)

മിത്രാവരുണാര്യമാക്കളാം ദേവരാൽ
വർദ്ധിതൻ, പണ്ടേ തദ്ദൂതനാം നീ;
അത്രഭവാനെ യജിയ്ക്കുന്ന മർത്ത്യങ്ക–
ലെത്തിപ്പൂ, നീയഗ്നേ, വിത്തമെല്ലാം! (4)

പ്രീതിപ്പെടുത്തി പ്രജാഗൃഹം പാലിയ്ക്കും
ഹോതാവാം ദൂതനാണഗ്നേ, ഭവാൻ;
ചേർന്നിരിയ്ക്കുന്നു ഭവാങ്കലേ, ദേവകൾ
ചെയ്ത നിരത്യയകർമ്മമെല്ലാം! (5)

നിന്നിൽത്താനല്ലോ പൊഴിപ്പൂ ഹവിസ്സെല്ലാം,
ധന്യയുവതമനാകുമഗ്നേ;
ഇന്നും യജിയ്ക്ക നീ നാളെയു,മെങ്ങളിൽ
നന്ദിച്ചു,ദ്വീര്യരാം ദേവന്മാരെ (6)

താനേ വിളങ്ങുമാ നിന്നെത്താനിങ്ങനെ
താണുപതിഞ്ഞുപാസിച്ചു മർത്ത്യൻ
സപ്തവഷട്കാരംകൊണ്ടുജ്ജ്വലിപ്പിപ്പൂ,
ശത്രുവർഗ്ഗത്തെക്കടപ്പാനഗ്നേ! (7)

വൃത്രനെപ്പോരിൽ വെന്നു,ഴിവാനന്തരി–
ക്ഷത്തെപ്പരത്തിനാരല്ലോ, പാർപ്പാൻ;
പെയ്യുകാ,ഹുതൻ നീ വിത്തങ്ങൾ കണ്വങ്കൽ,–
പ്പൈപ്പോരിൽക്കുററിടുമശ്വംപോലെ! (8)

സ്വസ്ഥത പൂണ്ടിങ്ങിരിയ്ക്ക, മഹാനാം നീ;
കത്തുക, ദേവരിൽക്കുറേറും നീ;
പാറിയ്ക്ക, ചാരുവാം ധൂമത്തെ പ്രാശസ്ത്യം

ചേരും മഖാർനാമഗ്നേ, ഭവാൻ! (9)

ദേവന്മാർ കൈക്കൊണ്ടുവല്ലോ, മനുവിന്നായ്,–
പ്പാവക, സംപൂജ്യനായ നിന്നെ;
വന്ദ്യാതിഥ്യന്വിതൻ വിത്താർത്ഥി കണ്വനു;-
മിന്ദ്രനു;-മന്യരാം സ്തോതാക്കളും. (10)

ആരെയർക്കങ്കൽനിന്നാഹരിച്ചാളിച്ചാ–
നാര്യാതിഥ്യന്വിതനായ കണ്വൻ,
കത്തിജ്ജ്വലിപ്പിതാ,യഗ്നിതൻ രശ്മികൾ;
വർദ്ധിപ്പിപ്പൂതാകീ,യൂക്കവനെ! (11)

സമ്പത്തു തന്നാലു,മന്നവാനഗ്നേ, നീ;-
യുമ്പരായ് ക്കൂട്ടുകെട്ടുണ്ടല്ലോ തേ;
ചൊല്ക്കൊണ്ട ചോറിന്റെ രാജാവാകുന്നു നീ;-
യഗ്ര്യൻ നീയെങ്ങൾക്കു നല്ക സൌഖ്യം! (12)

പൊങ്ങിനിന്നീടുക ഞങ്ങളെ രക്ഷിപ്പാ–
നിന്നു നീ,യാദിത്യദേവൻപോലെ:
പൊങ്ങിനിന്നന്നങ്ങൾ നല്കാൻ വിളിയ്ക്കുന്നു
ഞങ്ങളും, നൈതേയ്ക്കും കർമ്മികളും. (13)

പൊങ്ങിനിന്നംഹസ്സിൽനിന്നു രക്ഷിയ്ക്ക നീ–
യെങ്ങളെ; നീറ്റുക തിനികളെ;
ജീവിപ്പാൻ, സാധിപ്പാൻ, പൊങ്ങിയ്ക്കുകെങ്ങളെ;–
ദ്ദേവരിലെത്തിയ്ക്കുക,സ്മദ്ധനം. (14)

രക്ഷിയ്ക്ക രക്ഷസ്സിൽനിന്നഗ്നേ, ഞങ്ങളെ;
രക്ഷിയ്ക്ക, ദുഷ്ഷിശുക്കങ്കൽനിന്നും;
രക്ഷിയ്ക്ക, ഹിംസ്ര–ജിഘാംസുക്കളിൽനിന്നു,–
മക്ഷീണദീധിതേ, സദ്യുവാവേ! (15)

തല്ലിച്ചതയ്ക്ക, തരാത്തോനെത്തപ്താംശോ;
വല്ലാതെ ഞങ്ങളെ ദ്രോഹിപ്പോനും
ശസ്ത്രങ്ങൾകൊണ്ടു ചടപ്പിയ്ക്കുവോനുമാം
ശത്രു ചെറ്റാളായ് വരൊല്ലെങ്ങളിൽ! (16)

അഗ്നിയോടർത്ഥിച്ചു സദ്വീര്യമാം ധന;-
മഗ്നി കണ്വന്നു സൌഭാഗ്യം നല്കി;
അഗ്നി രക്ഷിച്ചു സഖാക്കളെ,ദ്ദാനത്താ–
ലഗ്ര്യാതിഥ്യാഢ്യനെ, സ്തോതാവെയും! (17)

ദൂരാൽ വിളിയ്ക്ക നാമഗ്നിപാർശ്വസ്ഥരാ–
മുഗ്രദേവ–യദു–തുർവശരെ;
ശ്രീനവവാസ്ത്വ–തുർവീതി–ബൃഹദ്രഥ-
ന്മാരെയിങ്ങെത്തിയ്ക്കുക,ച്ചോരഘ്നൻ! (18)

നാനാജനങ്ങൾക്കായ്, ജ്യോതിസ്സാമങ്ങയെ

സ്ഥാനത്തു വാഴിച്ചാനഗ്നേ, മനു;
കത്തിജ്ജ്വലിച്ച കണ്വങ്കൽ മഖോത്ഥനായ്,
മർത്ത്യർ വണങ്ങും നീ തർപ്പണത്താൽ. (19)

അഗ്നേ, നിൻജ്വാലകൾ ദീപ്തങ്ങൾ, ശക്തങ്ങ–
ളു,ഗ്രങ്ങളേ,വർക്കുമജ്ഞേയങ്ങൾ;
നീറാക്കുകെന്നെന്നും, കെല്പുററ രാക്ഷസ–
ന്മാരെയും തിന്മന്മാരേയുമെല്ലാം! (20)

## കുറിപ്പുകൾ: സൂക്തം 36.

1. ദേവരെത്തേടുന്ന (ദേവന്മാരെ യജ്ഞത്തിൽ വരുത്താനാഗ്രഹിയ്ക്കുന്ന) ഭൂരിപ്രജകളാ-യ്യേവുന്ന (വളരെ ആളുകളിൽ പെട്ടവരായ) നിങ്ങൾക്കു (ഋത്വിഗ്യജന്മാനന്മാർക്കു)വേ-ണ്ടി. അന്യൂനം–പ്രകർഷേണ.

2. ലോകർ–അനുഷ്ഠാതാക്കൾ. കരുത്തേറ്റും (ബലവർദ്ധനനായ) അഗ്നിയെ എടുത്തു–യഥാസ്ഥാനം വെച്ചു ജ്വലിപ്പിച്ച ബാക്കി പ്രത്യക്ഷം: നിന്നെ–അയെ. ഇതി-ൽ–യജ്ഞത്തിൽ.

3. ദൂതൻ–ദേവന്മാരുടെ ദൂതൻ. സർവവിജ്ഞാനൻ = സർവജ്ഞൻ. വരിപ്പു–യാഗനിർവഹണത്തിന്ന്. നാനാഗതികൾ = നാനാപ്രകാരേണ ചരിയ്ക്കുന്നവ. ദീപ്തികൾ = ജ്വാലകൾ. കതിർകൾ = രശ്മികൾ.

4. വർദ്ധിതൻ–വളർത്തപ്പെട്ടവൻ, ജ്വലിപ്പിയ്ക്കപ്പെട്ടവൻ. തദ്ദൂതൻ-അവരുടെ ദൂതൻ. അത്രഭവാൻ–ഇവിടുന്ന്, അങ്ങ്.

5. പ്രജാഗൃഹം–അനുഷ്ഠാതാക്കളുടെ ഗൃഹം. നിരത്യയം = ശാശ്വതം.

6. ധന്യയുവതമൻ = സൌഭാഗ്യവാനും അതിയുവാവുമായിട്ടുള്ളവൻ, ഉദ്വീര്യർ = വീര്യമേറിയവർ.

7. താനേ–പരാപേക്ഷയില്ലാതെ, സ്വതവേ. ഇങ്ങനെ–ഹവിസ്സർപ്പിച്ചും മറ്റും. ശത്രുവർഗ്ഗത്തെക്കടപ്പാൻ–അങ്ങയെ ആരാധിയ്ക്കുന്നവൻ ശത്രുക്കളെ ജയിക്കും.

8. വൃത്രനെ–ദേവകൾ ത്വത്സാഹായ്യത്താൽ പോരിൽ വെന്ന്. പാർപ്പാൻ–പ്രാണികൾക്കു വസിപ്പാൻ. ആഹൂതൻ = വിളിയ്ക്ക(ആവാഹിയ്ക്ക)പ്പെട്ടവൻ. കണ്വങ്കൽ–എങ്കൽ. പൈപ്പോരിൽ–പൈക്കളെ വീണ്ടെടുക്കാനുള്ള യുദ്ധത്തിൽ. കുറ്റിട്ടും(ശബ്ദിയ്ക്കുന്ന) അശ്വം എങ്ങനെ അഭീഷ്ടം സാധിയ്ക്കുമോ, അങ്ങനെ അങ്ങ് എന്റെ അഭീഷ്ടം സാധി-പ്പിയ്ക്കുക.

9. ഇങ്ങ്–ദർഭയിൽ. പ്രാശസ്ത്യം–മേന്മ. മഖാർഹൻ = യജനീയൻ.

10. വന്ദ്യാതിഥ്യന്വിതൻ = വന്ദ്യരായ അതിഥികളോടുകൂടിയവൻ. കൈക്കൊണ്ടു എന്ന ക്രി-യാപദം ഉത്തരാർദ്ധത്തിലും എടുക്കണം.

11. ആഹരിച്ച് = കൊണ്ടുവന്ന്. ആളിച്ചാൻ = ഉജ്ജ്വലിപ്പിച്ചാൻ. ആര്യാതിഥ്യന്വിത-ൻ–പൂജ്യനായ അതിഥികളോടു കൂടിയവൻ. ഈ ഋക്ക്–ഞങ്ങളുടെ സ്തുതിഗാഥ. അവനെ–അഗ്നിയെ. വർദ്ധിപ്പിപ്പൂതാക–വദ്ധിപ്പിയ്ക്കുമാറാകട്ടെ.

12. അന്നവാൻ = അന്നങ്ങളോടുകൂടിയവൻ. തേ = അങ്ങയ്ക്ക്. അഗ്ര്യൻ– ഗുണങ്ങൾകൊണ്ടു മുമ്പൻ.

13. നീ പൊങ്ങിനിന്നു ഞങ്ങൾക്ക് അന്നം തരാൻ, നിന്നെ ഞങ്ങളും, നൈ തേയ്ക്കും (യൂപ-ത്തിന്മേൽ നെയ്യുതേയ്ക്കുന്ന) കർമ്മികളും (ഋത്വിക്കുകളും) വിളിയ്ക്കുന്നു. ഈ ഋക്കും അടുത്ത ഋക്കും യൂപത്തോടോ യൂപസ്ഥിതനായ അഗ്നിയോടോ ഉള്ളതാണ്.

14. അംഹസ്സ്=പാപം. തീനികളെ നീറ്റുക–എന്നും തിന്നൊടുക്കുന്ന രാക്ഷസരെ ഭസ്മീകരി-യ്ക്കുക. സാധിപ്പാൻ–ലോകയാത്ര നിറവേറ്റാൻ. പൊന്തിയ്ക്കുക=ഉന്നതരാക്കുക. അസ്മ-ദ്ധനം (ഞങ്ങളുടെ ധനം, ഹവിസ്സ് ) ദേവനിലെത്തിയ്ക്കുക (ദേവകൾക്കു കൊണ്ടുകൊടു-ക്കുക).

15. രക്ഷസ്സ്=രാക്ഷസൻ. ദുഷ്പിശുക്കൻ=ദുഷ്ടനായ പിശുക്കൻ. ഹിംസ്രജിഘാംസുക്കൾ=ഹിംസിയ്ക്കുന്നവരും, ഹനിയ്ക്കാനൊരുങ്ങുന്നവരും. അക്ഷീണദീധിതേ=മഹത്തായ ശോ-ഭയുള്ളവനേ. സദ്യുവാവേ=നല്ല (ഏററവും) യുവാവായിരിയ്ക്കുന്നവനേ.

16. തരാത്തോനെ–തരാനുള്ളതു (കടം) തരാതിരിയ്ക്കുന്നവനെ. തപ്താംശോ=ചുട്ടുരശ്മികളുള്ളവനേ. ശസ്ത്രങ്ങൾ (ആയുധങ്ങൾ) കൊണ്ടു ചടപ്പിയ്ക്കുവോനും (പ്രഹരിയ്ക്കുന്നവനും) ആയ ശത്രു ഞങ്ങളിൽ ആളായ് വരൊല്ല (ഞങ്ങളെ കഷ്ടപ്പെടുത്താൻ ശക്തനാകരുത് ).

17. അർത്ഥിച്ചു–കണ്വൻ യാചിച്ചു. സദ്വീര്യം=നല്ല വീര്യത്തോടുകൂടിയത്. സൌഭാഗ്യം–സമ്പത്തും മറ്റും. സഖാക്കൾ–ഞങ്ങളുടെ മിത്രങ്ങൾ. ദാനം–ധനാദികൾകൊടുക്കൽ. അഗ്ര്യാതിഥ്യാഢ്യനെ–ശ്രേഷ്ഠരായ അതിഥികളോടുകൂടിയവനെ, ഋഷിയെ. സ്തോതാവ് =സ്തുതിയ്ക്കുന്നവൻ. യജമാനൻ.

18. അഗ്നിപാർശ്വസ്ഥർ=അഗ്നിസമീപവർത്തികൾ. ഉഗ്രദേവൻ, യദു, തുർവശൻ, നവവാ-സ്ത്വ, തുർവീതി, ബൃഹദ്രഥൻ എന്നിവർ രാജർഷികളത്രേ. അച്ചോരഘ്നൻ–ചോരന്മാരെ ഹനിയ്ക്കുന്ന അഗ്നി.

19. സ്ഥാനത്തു–യജ്ഞസ്ഥലത്ത്. കണ്വങ്കൽ–കണ്വനായ എന്റെ അടുക്കൽ. മഘോത്ഥൻ =യാഗംമൂലമുണ്ടായവൻ.

20. തിന്മന്മാർ–വിശ്വഭക്ഷകർ.

## സൂക്തം 37.

കണ്വൻ ഋഷി; ഗായത്രി ഛന്ദസ്സ്; മരുദ്ഗണം ദേവത.

അശ്വവർജിതരാത്തേരിൽശ്ശോഭിയ്ക്കുന്നൂ മരുത്തുകൾ;
തായാട്ടമശ്ശക്തികളെപ്പറ്റിപ്പാടുക, കണ്വരേ! (1)

പുള്ളിമാമ്പേടകള,ലങ്കാരം, ചുരിക, ചീററവും
ഇവയൊത്തു പിറന്നോരാണല്ലോ, സ്വപ്രഭരാമവർ. (2)

ഞാനിങ്ങുതന്നേ കേൾക്കുന്നുണ്ട,വർതൻ ചാട്ടവാറൊലി:
നാനാഭംഗി വരുത്തുന്നൊന്നല്ലോ, പോരിലതേററവും! (3)

പുകൾ മിന്നും പ്രബലരിൽ,സ്സഹിപ്പാൻ പോന്ന ശൂരരിൽ,
ദേവന്മാരേകിയ ഹവിസ്സർപ്പിപ്പാൻ നിങ്ങൾ പാടുവിൻ! (4)

അഹിംസ്യമായ്ഗ്ഗോതതിയിൽത്തായാട്ടുന്നൂ മരുദ്ബലം;
വയറ്റിൽ വാച്ചു പാലിന്റേതാമത്തേജസ്സു വാഴ്ത്തുവിൻ! (5)

മൂപ്പാർക്കു, വാനൂഴി കുലുക്കുന്ന നേതാക്കൾ നിങ്ങളിൽ?
വൃക്ഷാഗ്രംപോലുലച്ചീടുന്നുണ്ടല്ലോ, നിങ്ങളെങ്ങുമേ! (6)

ഊക്കും കുറുമ്പുമുള്ളൊന്നാം നിങ്ങൾതൻപോക്കിനായ് നരൻ
തൂൺനാട്ടി വീട്ടിന്നു: തെറിച്ചേയ്ക്കുമല്ലോ, മഹാദ്രിയും! (7)

ആഞ്ഞെടുത്തെറിയുന്നൊന്നാം നിങ്ങൾതൻപോക്കിൽ മേദിനി
വിറച്ചുപോകുന്നു, ഭയാൽ മൂത്തൻ രാജാവുപോലപവേ! (8)

ഈററില്ലമിളകില്ല,മ്മ പക്ഷിയാത്രാപ്രവർത്തിനി;
ക്രമേണ രണ്ടായ് നില്ക്കുന്നിതെമ്പാടുമിവർതൻ ബലം! (9)

ആ വാഗ്ജനകർതൻ പോക്കിൽ വെള്ളം പൊങ്ങിപ്പരക്കയാൽ
മുട്ടോളമാണ്ടു പോയ്ക്കൊണ്ടാർ പൈക്കളമ്പാരവത്തൊടേ. (10)

തടിച്ചുനീണ്ട നീർ ചുരുക്കാത്തൊരധൃഷ്യഘനത്തെയും
അതീവ ചിന്നിച്ചിതറിയ്ക്കുന്നൂ ഗതികളാലവർ! (11)

ഹേ മരുത്തുക്കളേ, നിങ്ങൾക്കുണ്ടല്ലോ കെല്പ,തൊന്നിനാൽ
പ്രേരിപ്പിപ്പിൻ പ്രജകളെ; പ്രേരിപ്പിപ്പിൻ ഘനങ്ങളെ! (12)

ഈ മരുത്തുക്കൾ നടകൊള്ളുമ്പോൾ വഴിയിലെങ്ങുമേ
സംസാരിയ്ക്കും സഹിതരായ്;ക്കേൾക്കുന്നുണ്ടാമതങ്ങൊരാൾ! (13)

ദ്രുതവാഹസ്ഥരായ്ശ്ശീഘ്രം പോകുവിൻ: കണ്വർ നിങ്ങളെ
പരിപൂജിയ്ക്കു;–മവരിൽത്തന്നേ സന്തൃപ്തി കൊള്ളുവിൻ! (14)

ഹവ്യം വേണ്ടോളമുണ്ടല്ലോ; ഞങ്ങൾ നിങ്ങടെയാളുകൾ;
ആയുസ്സു മുഴുവൻ നല്കുകി,ങ്ങു ജീവിച്ചിരിയ്ക്കുവാൻ! (15)

## കുറിപ്പുകൾ: സൂക്തം 37.

1. അശ്വവർജിതർ—മരുത്തുക്കൾക്കു കുതിരിയില്ലപോൽ. തായാട്ടം—യഥേഷ്ടം ക്രീഡിയ്ക്കുന്നു. അശ്ശക്തികൾ—ബലിഷ്ഠരായ മരുത്തുക്കൾ. കണ്വരേ—കണ്വഗോത്രക്കാരേ. കണ്വപദത്തിന്നു മേധാവി എന്നും അർത്ഥമുണ്ട്.

2. പുള്ളിമാമ്പേടകളത്രേ, അവരുടെ വാഹനങ്ങൾ. അലങ്കാരം=ആഭരണം. ചീററം—ശബ്ദവിശേഷം. സ്വപ്രഭർ=തനതായ ശോഭയുള്ളവർ. ഒരുതരം വാളാണ്, ചുരിക.

3. അത്—ചമ്മട്ടിയൊച്ച.

4. സഹിപ്പാൻ—ആക്രമണങ്ങളെ തടുക്കാൻ. ദേവന്മാരേകിയ—ദേവന്മാരുടെ അനുഗ്രഹത്താൽ കിട്ടിയ.

5. അഹിംസ്യം=ഹിംസിയ്ക്കാവുന്നതല്ലാത്തത്; തോൽവി പററാത്തത്. ഗോതതിയിൽ=പൈക്കൂട്ടത്തിൽ; മരുത്തുക്കളുടെ അമ്മയായ പൃശ്നിയുടെയും മറ്റും ഇടയിൽ. മരുദ്ബലം—മരുത്തുക്കളുടെ ബലം (ആക്രമണനിവാരണശക്തി). അവരുടെ തേജസ്സ് ഗോക്ഷീരപാനജനിതമത്രേ.

6. മൂപ്പ്—കാരണവസ്ഥാനം. നിങ്ങൾ എങ്ങും എന്തും വൃക്ഷാഗ്രമെന്നപോലെ ഉലയ്ക്കു(ഇളക്കു)ന്നുണ്ടല്ലോ; ആ നിങ്ങളിൽ ആർക്കാണ് കൂടുതൽ പ്രായം?

7. കുറുമ്പ്—എന്തിനെയും കുലുക്കാമെന്ന ഗർവ്. നിങ്ങൾതൻപോക്കിനായ്—നിങ്ങളുടെ ഗതിയെ താങ്ങാൻ; നിങ്ങളുടെ ഗതിയാൽ വീടു കുലുങ്ങി വീഴുമെന്ന പേടിയാൽ, വീട്ടിന്റെ ഉറപ്പിന്നായി മനുഷ്യൻ തൂൺ നാട്ടി. അവന്റെ പേടി വെറുതെയല്ല: മഹാദ്രിയും നിങ്ങളുടെ പോക്കിൽ തെറിച്ചുപോയേയ്ക്കും!

8. മുത്തൻ (വാർദ്ധക്യാദിയാൽ കെല്പില്ലാത്ത) രാജാവു വൈരിഭയത്താലെന്നപോലെ ഭൂമി വിറച്ചുപോകുന്നു.

9. മരുത്തുക്കളുടെ ഈററില്ലം—ആകാശം; അതിനെത്തന്നെ അമ്മയായും കല്പിച്ചിരിയ്ക്കുന്നു. ആകാശം ചലനരഹിതവും പക്ഷികൾ പറന്നു നടക്കുന്നതുമാണല്ലോ. രണ്ടായ്—ദ്യാവാപൃഥിവികളിൽ വേർതിരിഞ്ഞ്.

10. വാഗ്ജനകർ—വാക്കുകളെ ഉൽപ്പാദിപ്പിയ്ക്കുന്നവർ: അണ്ണാക്കിലും ചുണ്ടിലും മറ്റും സഞ്ചരിയ്ക്കുന്ന വായുക്കളാലാണല്ലോ, മനുഷ്യർക്കു വാക്കുകൾ പുറപ്പെടുന്നത്. മുട്ടോളമെത്തിയ വെള്ളത്തിലാണ്, പൈക്കൾ മേച്ചിൽപ്പുറങ്ങളിൽ നിന്നു പോയത്.

11. നീർ തൂകാത്ത—മഴപെയ്യാത്ത. അധൃഷ്യഘനം=അധൃഷ്യമായ മേഘം. അതീവ=ഏററവും.

12. പ്രജകളെ (പ്രാണികളെ) പ്രേരിപ്പിപ്പിൻ—സ്വസ്വകർമ്മങ്ങളിലിറക്കുവിൻ. ഘനങ്ങളെ (മേഘങ്ങളെ മഴപെയ്യാൻ) പ്രേരിപ്പിപ്പിൻ.

13. സഹിതരായ് (കൂടിച്ചേർന്നു) സംസാരിയ്ക്കും; അത് ഒരാൾ (ആരാനും) കേൾക്കുന്നുണ്ടാവാം. ശബ്ദം പുറപ്പെടുന്നതിനെ സംസാരിയ്ക്കലാക്കി കല്പിച്ചിരിയ്ക്കുന്നു.

14. ദ്രുതവാഹസ്ഥരായ്—വേഗവത്തുക്കളായ വാഹനങ്ങളിൽ കേറിയിരുന്ന്.

15. ഹവ്യം വേണ്ടോളമുണ്ടല്ലോ—നിങ്ങൾക്കു മതിവരുംവരെ തരുവാൻ ഹവിസ്സ് ഞങ്ങൾ ഒരുക്കിയിട്ടുണ്ട്. നല്കുക—ഞങ്ങൾക്കു തരുവിൻ.

## സൂക്തം 38.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

സ്തുതിയാൽ പ്രീതരായ് നിങ്ങള,ച്ഛൻ മകനെയാംവിധം
എന്നൊന്നെടുക്കും തൃക്കയ്യിൽ,ദ്ദർഭപ്പുൽ കൊയ്ത ഞങ്ങളെ? (1)

എങ്ങെ,ന്നു പോം നിങ്ങൾ? മന്നിൽനിന്നല്ലാ വാനിൽനിന്നുതാൻ
പോവിനെ;-ങ്ങു വിളിയ്ക്കേണ്ടു നിങ്ങളെ,ഗ്ഗോക്കൾപോലവേ? (2)

എങ്ങു, മാരുതരേ, നിങ്ങളുടെ നവ്യതരം ധനം?
എങ്ങു, ശോഭനവസ്തുക്ക?–ളെങ്ങു, സൌഭാഗ്യമൊക്കയും? (3)

മർത്ത്യന്മാരായിരിയ്ക്കാമേ, നിങ്ങൾ പൃശ്നിതനൂജരേ;
എന്നാലമർത്ത്യനായ്ത്തീരും, ഭവാന്മാരെ സ്തുതിപ്പവൻ! (4)

സ്തുതിപ്പവൻ ഭവാന്മാർക്കു, പുല്ലു മാനിന്നുപോലവേ
കൊള്ളാവുന്നവനാകട്ടേ; പോകൊലാ, കാലനൂർക്കവൻ! (5)

പെരുംകെല്പുള്ള ദുർദ്ധർഷയാകും നിരൃതി ഞങ്ങളെ
ദ്രോഹിച്ചീടൊല്ല; വീഴട്ടെയവൾ തൃഷ്ണയൊടൊപ്പമേ! (6)

മരുസ്ഥലത്തിലും രുദ്രത്രാതരദ്ദീപ്തിശാലികൾ
കരുത്തർ കാറ്റുകൂടാതേ പെയ്യുന്നു മഴ; വാസ്തവം! (7)

മിന്നലു,മ്പയിടും പൈപോലിടിവെട്ടൊലിയോടുമേ
ചേരുന്നിതീ വർഷദരിൽ, വത്സങ്കൽത്തായപോലവേ! (8)

നീർകൊണ്ട കാർകൊണ്ടലിനാൽപ്പകൽനേരത്തുമല്ലിനെ
ഉളവാക്കുന്നു, ധരയെജ്ജലത്തിൽ മുഴുകിച്ചിവർ! (9)

മരുത്തുക്കളൊലിക്കൊണ്ടാലുടൻ ഞെട്ടിവിറച്ചുപോം,
മന്നിങ്കലുള്ള ഗൃഹവും മർത്ത്യവർഗ്ഗവുമൊക്കവേ! (10)

ഹേ മരുത്തുക്കളേ, നിങ്ങളുറപ്പേറിയ കയ്യുമായ്
നാനാനദികൾതൻനേർക്കു നടകൊൾവൂ നിരന്തരം! (11)

ഈ നിങ്ങൾതൻ തേരു,മുരുൾച്ചുറ്റു,മശ്വവുമൊക്കവേ
കെല്പുള്ളതാക; വിരുതുണ്ടാകട്ടെ വിരൽകൾക്കുമേ! (12)

ഈ ബ്രഹ്മണസ്പതിയെയും രമ്യമിത്രാഗ്നിമാരെയും
സ്തുതിയ്ക്കുവിൻ നേർക്കു, വെളിപ്പെടുത്തും വചനങ്ങളാൽ! (13)

ഉണ്ടാക്കിച്ചൊല്ലുവിൻ ശ്ലോകം; മേഘംപോലെപ്പരത്തുവിൻ;
ഉക്ഥത്തിനൊത്ത ഗായത്രസൂക്തവും നിങ്ങൾ പാടുവിൻ. (14)

സ്തുത്യരും സുപ്രഭരുമാം മരുത്തുക്കളെയേവരും
വന്ദിപ്പിനർച്ച ചെയ്തി;-ങ്ങു വർദ്ധിയ്ക്കട്ടെ നമുക്കവർ! (15)

## കുറിപ്പുകൾ: സൂക്തം 38.

1. മകനെയാംവിധം=മകനെ എന്നപോലെ. എടുക്കും—പരിലാളിയ്ക്കുമെന്നു സാരം. ദർഭപ്പുൽ കൊയ്തു—നിങ്ങളെ യജിപ്പാൻ ദർഭപ്പുല്ലു മുറിച്ചൊരുക്കിയ.
2. നിങ്ങൾ എങ്ങ്—എവിടെയാണ്. എന്നു പോം—യജ്ഞസ്ഥലത്തെക്ക് എന്നു പോവും? വൈകിയ്ക്കരുത്. നിങ്ങളെ യജമാനന്മാർ, ഗോക്കളെന്നപോലെ, എവിടെ വിളിയ്ക്കേണ്ടു?
3. മാരുതർ=മരുത്തുക്കൾ. നവ്യതരം=ഏററവും പുതുതായ. ധനം—പ്രജകളും പശുക്കളും. ശോഭനവസ്തുക്കൾ—രത്നാദികൾ. സൌഭാഗ്യം—ആന, കുതിര മുതലായവ. എല്ലാമെടുത്ത് ഇങ്ങോട്ടു വരുവിൻ.
4. പൃശ്നിതനുജരേ (പ്രശ്നി എന്ന പയ്യിന്റെ പുത്രന്മാരേ), നിങ്ങൾ മർത്ത്യ (മരണമുള്ളവ)രായിരിയ്ക്കാം; എന്നാൽ, നിങ്ങളെ സ്തുതിയ്ക്കുന്നവൻ (യജമാനൻ) അമർത്ത്യ(മരണരഹിത)നായി (ദേവനായി) തീരും.
5. കൊള്ളാവുന്നവനാകട്ടേ—സ്വീകരണീയനായിബ്ഭവിയ്ക്കട്ടെ. പുല്ലിനെ മാൻ ഉപേക്ഷിയ്ക്കാറില്ലല്ലോ. അവൻ കാലനൂർക്കു പോകൊലാ—സ്തോതാവിനെ ഭവാന്മാർ മരണരഹിതനാക്കുകയും ചെയ്യണം.
6. നിരൃതി—പാപദേവത. തൃഷ്ണയൊടൊപ്പമേ—ഞങ്ങളുടെ തൃഷ്ണയും അവളും ഒപ്പം വീഴട്ടെ (നശിച്ചുപോകട്ടെ).
7. രുദ്രത്രാതർ=രുദ്രനാൽ രക്ഷിയ്ക്കപ്പെട്ടവർ. ഇക്കഥ പുരാണങ്ങളിലുണ്ട്. ദീപ്തിശാലികൾ =തിളങ്ങുന്നവർ.
8. ഈ വർഷദരിൽ—മഴ പെയ്യുന്ന മരുത്തുക്കളിൽ. വത്സൻ=കാളക്കുട്ടി. തായ—അമ്മ, പയ്യ്.
11. കയ്യ്—ചലനഭേദങ്ങളെ കൈകളാക്കിയിരിയ്ക്കയാണ്.
12. അശ്വം—വാഹനമെന്നേ അർത്ഥമെടുക്കേണ്ടു: മരുത്തുകൾക്കു കുതിരയില്ലെന്നാണല്ലോ, മുമ്പു പറഞ്ഞത്. വിരൽകൾക്കു കടിഞ്ഞാൺ പിടിയ്ക്കുന്നതിൽ വിരുതുണ്ടായിവരട്ടെ.
13. ബ്രഹ്മണസ്പതി—മന്ത്രത്തെയോ ഹവിസ്സിനെയോ പാലിയ്ക്കുന്ന മരുദ്ഗണം. രമ്യമിത്രാഗ്നിമാർ=രമ്യരായ (അഴകുള്ള) മിത്രൻ, അഗ്നി എന്നിവർ. വെളിപ്പെടുത്തും—അവരുടെ സ്വരൂപത്തെ വെളിപ്പെടുത്തുന്നു. ഇത് ഋത്വിക്കുകളോടു പറയുന്നതാണ്.
14. പരത്തുവിൻ—മേഘം മഴയെ എന്നപോലെ, നിങ്ങൾ ശ്ലോകത്തെ വിസ്തരപ്പെടുത്തുവിൻ. ഒത്ത—യോഗ്യമായ.
15. അർച്ചചെയ്ത്=പൂജിച്ച്. ഇങ്ങ്—ഈ യജ്ഞത്തിൽ.

## സൂക്തം 39.

കണ്വൻ ഋഷി. ബൃഹതി ഛന്ദസ്സ്. മരുദ്ഗണം ദേവത.

കുലുക്കുന്ന മരുത്തുക്കളേ, നിങ്ങളുടെ ബലം, സൂര്യരശ്മിപോലെ ദൂരത്തുനിന്ന് ഇങ്ങോട്ടേററിയപ്പെടുന്നുണ്ടല്ലോ: അപ്പോൾ നിങ്ങൾ ആരുടെ യാഗത്തിൽ ചേരും? ആരുടെ സ്തോത്രം കേൾക്കും? ആരിൽ ചെല്ലും? ആരെ അനുഗ്രഹിയ്ക്കും? (1)

നിങ്ങളുടെ ആയുധങ്ങൾ ശത്രുക്കളെ അകററാൻ കെല്പുള്ളവയാവട്ടെ–തടുക്കാൻ ഉറപ്പുള്ളവയാവട്ടെ! നിങ്ങളുടെ ബലം സ്തുത്യമായിബ്ഭവിയ്ക്കട്ടെ; മായാവിയായ മനുഷ്യന്റേത് അങ്ങനെയാകരുത്! (2)

നേതാക്കളേ, നിങ്ങൾ സ്ഥാവരത്തെ ഒടിയ്ക്കുകയും കനത്തതിനെ തട്ടിനീക്കുകയും ചെയ്യുന്നുണ്ടല്ലോ; അപ്പോൾ ഭൂമിയിലെ വൃക്ഷങ്ങളെയും പർവതപ്രദേശങ്ങളെയും വേർപെടുത്തിവെച്ചു നടകൊള്ളുന്നു. (3)

ശത്രുസൂദനരേ, നിങ്ങൾക്ക് ഒരു വൈരി ദ്യോവിലുണ്ടായിട്ടില്ല; ഭൂവിലുമില്ല. രുദ്രപുത്രന്മാരേ, നിങ്ങൾക്ക് ഒരുമമൂലം നീളെ ആക്രമിപ്പാൻ ശക്തി ശീഘ്രം തഴയ്ക്കട്ടെ! (4)

മരുദ്ദേവകളേ, നിങ്ങൾ മലകളെ വിറപ്പിയ്ക്കുന്നു; മരങ്ങളെ വേർപെടുത്തുന്നു; എല്ലാ പ്രജകളോടുംകൂടി, കുറുമ്പന്മാരെന്നപോലെ കുതിയ്ക്കുന്നു! (5)

നിങ്ങൾ തേരുകളിൽ പുള്ളിമാമ്പേടകളെ അണച്ചുപൂട്ടുന്നു, ചുകന്ന പ്രഷ്ടി വലിയ്ക്കുന്നു; നിങ്ങളുടെ യാത്രയ്ക്ക് അന്തരിക്ഷവും മൂളുന്നു; മനുഷ്യർ പേടിച്ചു, ഭയം പകർത്തുന്നു! (6)

രുദ്രപുത്രന്മാരേ, നിങ്ങൾ ഞങ്ങളുടെ മകനെ രക്ഷിയ്ക്കേണമെന്നു ഞങ്ങൾ ചിക്കെന്നു പ്രാർത്ഥിയ്ക്കുന്നു. മുമ്പു ഞങ്ങളെ എന്നപോലെ, ഇന്നു ഭീതനായ കണ്വനെ രക്ഷിപ്പാൻ തീർച്ചയായും വന്നുചേരുവിൻ! (7)

മരുത്തുക്കളേ, നിങ്ങളാലോ മനുഷ്യരാലോ അയയ്ക്കപ്പെട്ട യാതൊരു ശത്രു ഞങ്ങളെ നേരിടുമോ, അവനെ നിങ്ങൾ അന്നത്തോടും ബലത്തോടും നിങ്ങളുടേതായ രക്ഷയോടും വേർപെടുത്തണം! (8)

തികച്ചും യജനീയരും മികച്ച ജ്ഞാനമുള്ളവരുമായ മരുത്തുക്കളേ, നിങ്ങൾ കണ്വനെ കൈക്കൊള്ളുവിൻ; അതുകൊണ്ടുതന്നേ, നിങ്ങൾ പൂർണ്ണരക്ഷകളോടേ, മിന്നലുകൾ മഴയിലെന്നപോലെ, ഞങ്ങളിൽ വന്നണയുവിൻ! (9)

നല്ല ദാതാക്കളായ മരുത്തുക്കളേ, നിങ്ങൾ തികഞ്ഞ ഓജസ്സേടുപ്പിൻ: കുലുക്കുന്ന നിങ്ങൾ തികഞ്ഞ ബലം, കോപിഷ്ഠനായ ഋഷി ദ്വേഷിയെ കൊല്ലാൻ അമ്പെന്നപോലെ അയച്ചാലും! (10)

### കുറിപ്പുകൾ: സൂക്തം 39.

2. മായാവിയായ–ഞങ്ങളെ ചതിയ്ക്കാൻനോക്കുന്ന. അങ്ങനെയാകരുത്–നിന്ദ്യമായിത്തീരട്ടെ.
3. സ്ഥാവരം-വൃക്ഷവും മററും. കനത്തത്–കല്ലും മററും. വേർപെടുത്തിവെച്ചു–അവയുടെ ഇടയിലൂടേ–ഗമിയ്ക്കുന്നു.
4. രുദ്രപുതന്മാരേ–രുദ്രനാൽ വളത്തപ്പെട്ടവരേ. നീളെ ആക്രമിപ്പാൻ–എങ്ങും ശത്രുക്കളെ ആക്രമിപ്പാൻ.
5. കുറുമ്പന്മാരെന്നപോലെ–സ്വേച്ഛയാ പാഞ്ഞുനടന്നു കളിയ്ക്കുന്നു.

6. പ്രഷ്ടി—അവയിൽപ്പെട്ട ഒരു മാനിന്റെ പേർ. മൂളൽ—അപ്പോൾ പുറപ്പെട്ട ശബ്ദംതന്നെ. ഭയം പകർത്തുന്നു—മറ്റുള്ളവർക്കും ഭയം വരുത്തുന്നു.
7. മുമ്പു ഞങ്ങളെ—മുമ്പു കർമ്മസമയങ്ങളിൽ, ഞങ്ങളെ രക്ഷിപ്പാൻ നിങ്ങൾ വന്നുചേരുകയുണ്ടായല്ലോ. അതുപോലെ.
8. അവനെ നിങ്ങൾ—അവന്നു ചോറും കെല്പും കിട്ടരുത്; നിങ്ങളുടെ രക്ഷ(തുണ)യും ഉണ്ടാകരുത്.
9. ഓജസ്സ്=കരുത്ത്.

## സൂക്തം 40.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; ബ്രഹ്മണസ്പതി ദേവത. (പാന)

ബ്രഹ്മണസ്പതേ, പേർത്തെഴുന്നേല്ക്ക നീ;
നിന്നൊടർത്ഥിപ്പു ഞങ്ങൾ ദേവൈഷികൾ:
ഇങ്ങണക, സുദാനർ മരുത്തുക്ക–
ളി;–ന്ദ്ര, നീയൊരുമിച്ചു ഭുജിച്ചാലും! (1)

നിങ്കലേ വന്നരുബലപാലക,
സങ്കടംചൊല്വു മർത്ത്യൻ, മുതൽ പോയാൽ;
ആസ്ഥയാ മരുത്തുക്കളേ, നിങ്ങളെ
വാഴ്ത്തുവോൻ സുവീര്യാശ്വസമ്പന്നനാം! (2)

വന്നണയട്ടെ,യാ ബ്രഹ്മണസ്പതി;
വന്നണയട്ടെ, സൂനൃതാദേവിയും;
നമ്മെയെത്തിയ്ക്ക, വൈരിഘ്നർ ദേവകൾ
നല്ലതാം 'പങ്ക്തിരാധസ'യജ്ഞത്തിൽ! (3)

യാജകന്നു സുനേയമാകും ധന-
മേകിയോൻ നേടു,മക്ഷയമാമന്നം;
ആയാൾക്കായ്,ക്കൊലയേല്ക്കാതെ കൊല്ലമു-
ദ്വീരയാകുമിളയെ യജിയ്ക്ക നാം! (4)

ഇന്ദ്രമിത്രാവരുണാര്യമദേവ-
രൊന്നുചേർന്നു യാതൊന്നിലോ മേവുന്നു,
നന്മയോടുക്ഥയോഗ്യമാമാ മന്ത്രം
ബ്രഹ്മണസ്പതി ചൊല്ലുമേ, തീർച്ചയായ്! (5)

മംഗളം നല്കുമത്തിരുമന്ത്രമേ
ഞങ്ങൾ ചൊല്ലാവു ദേവരേ, യജ്ഞത്തിൽ;
പഥ്യമീ വാക്യമെങ്കിൽ, നൽച്ചൊല്ലെല്ലാ-
മെത്തുമല്ലോ, ഭവാന്മാരിൽ നാഥരേ! (6)

ആരണഞ്ഞിടും, ദേവകാമങ്കൽ? മ-
ററാരണഞ്ഞിടും, ദർഭ മുറിച്ചോനിൽ?
ആൾകളൊത്തു പുറപ്പെട്ട ഹോതാവുൾ-
പ്പൂകിടുന്നു ധനാപൂർണ്ണമാം ഗൃഹം! (7)

കെല്പേടുക്കുന്നു, കൊൽവൂ സരാജനായ്,
നില്പു കൊൾവൂ ഭയത്തിലും വജ്രവാൻ;
പ്രേരകനില്ല, താരകനില്ല, വൻ–
പോരിലുമിവന്നല്പമാം പോരിലും! (8)

## കുറിപ്പുകൾ: സൂക്തം 40.

1. ദേവൈഷികൾ = ദേവന്മാരെ ഇച്ഛിയ്ക്കുന്നവർ; ദേവന്മാർ ഞങ്ങളുടെ കർമ്മത്തിൽ സന്നിഹിതരാകണമെന്നഭിലഷിയ്ക്കുന്നവർ. സുദാനർ = നല്ല ദാനത്തോടു കൂടിയവർ; അത്യുദാരർ. ഒരുമിച്ചു ഭുജിച്ചാലും—ബ്രഹ്മണസ്പതിയോടൊന്നിച്ചു സോമം ഭക്ഷിച്ചാലും.
2. ഉരുബലപാലക—വളരെ ബലത്തെ പാലിയ്ക്കുന്ന ബ്രഹ്മണസ്പതേ. മുതൽ പോയാൽ-ശത്രുക്കളിൽപ്പെട്ടു തിരിച്ചുകിട്ടാതെ വന്നാൽ. സങ്കടംചൊൽവൂ—പോയ ധനം കിട്ടുമാറാക്കേണമേ എന്നപേക്ഷിയ്ക്കുന്നു. സുവീര്യാശ്വസമ്പന്നനാം—നല്ല വീര്യം, അശ്വങ്ങൾ എന്നിവയോടുകൂടിയ ധനവാനായിത്തീരും.
3. സൂനൃതാദേവി = പ്രിയസത്യരൂപയായ വാഗ്ദേവത. ഈ ദേവകൾ വൈരികളെ ഹനിച്ചു, നമ്മെ പങ്ക്തിരാധസ(യഥോക്തഹവിഷ്പങ്ക്ത്യാദിസമൃദ്ധമായ) യജ്ഞത്തിൽ എത്തിയ്ക്കട്ടെ.
4. സുനേയം = സുഖേന കൊണ്ടുപോകാവുന്നത്. ഏകിയോൻ—കൊടുത്ത യജമാനൻ. ആയാൾക്കായ്—ആ യജമാനനുവേണ്ടി. കൊലയേല്ക്കാതെ കൊല്ലും-ശത്രുക്കളാൽ ഹിംസിയ്ക്കപ്പെടാതെ, അവരെ വധിയ്ക്കുന്നു. ഉദ്വീര-ഉൽകൃഷ്ടരായ വീര(ഭട)രോടുകൂടിയവാൾ. ഇള—മനുപുത്രി.
5. ബ്രഹ്മണസ്പതി ഹോതൃമുഖസ്ഥിതനായി, ഇന്ദ്രമിത്രാവരുണാര്യമാക്കളുൾപ്പെട്ട മന്ത്രം ചൊല്ലും, തീർച്ച.
6. ഈ വാക്യം പഥ്യമെങ്കിൽ—ഞങ്ങൾ ചൊല്ലുന്ന മന്ത്രം നിങ്ങൾക്കു പ്രിയമാണെങ്കിൽ. നാഥരേ = നേതാക്കളേ.
7. ദേവകാമൻ—ദേവകളുടെ സാന്നിധ്യം ഇച്ഛിയ്ക്കുന്നവൻ. ആരണഞ്ഞിടും—ബ്രഹ്മണസ്പതിയല്ലാതെ. ദർഭ മുറിച്ചോനിൽ—യജമാനങ്കൽ. ആൾകളൊത്തു പുറപ്പെട്ട ഹോതാവ് (ഋത്വിക്കുകളും മറ്റുമൊന്നിച്ചു യാഗശാലയിലേയ്ക്കു പുറപ്പെട്ട യജമാനൻ) ധനം നിറഞ്ഞ ഗൃഹം പൂകുന്നു; അവൻ ബ്രഹ്മണസ്പതിയുടെ പ്രസാദത്താൽ വലിയ ധകനായിത്തീരുന്നു.
8. വജ്രവാൻ—വജ്രധാരിയായ ബ്രഹ്മണസ്പതി. സരാജനായ്—വരുണാദിരാജാക്കന്മാരോടുകൂടി. കൊൽവൂ—ശത്രുക്കളെ കൊല്ലുന്നു. ഭയത്തിലും (ആപത്തു നേരിട്ടാലും) നില്പു കൊൾവൂ (സ്ഥൈര്യം വിടുകയില്ല). ഇവന്ന് (ബ്രഹ്മണസ്പതിയ്ക്കു) വലിയ പോരിലും ചെറിയ പോരിലും പ്രേരക(പ്രവത്തർത്തിപ്പിയ്ക്കുന്നവ)നില്ല; അദ്ദേഹം സ്വയം പ്രവർത്തിയ്ക്കുന്നു. താരകനില്ല (കടത്തിവിടുന്നവൻ, ജയിപ്പിയ്ക്കുന്നവൻ) ഇല്ല; അദ്ദേഹം സ്വയം ജയിയ്ക്കുന്നു.

## സൂക്തം 41.

കണ്വൻ ഋഷി; ഗായത്രി ഛന്ദസ്സ്; വരുണമിത്രാര്യമാദിത്യർ ദേവതകൾ.

പ്രജ്ഞാനർ മിത്രൻ, വരുണനാ,ര്യമാവിവരേവനെ
രക്ഷിച്ചപോരു,മായാൾക്കു കിട്ടും, ശത്രുജയം ക്ഷണാൽ! (1)

നിറയ്ക്കും, കൈകൾപോലാരെ; വിദ്രോഹികളിൽനിന്നിവർ
രക്ഷിയ്ക്കുമാരെ; മാലെന്യേ തഴയ്ക്കു,മവരേവരും! (2)

മുടിയ്ക്കും, ദുർഗ്ഗനഗരം; മുടിയ്ക്കു,മെതിരാളരെ;
ദുരിതങ്ങളെയും തട്ടിനീക്കും, രാജാക്കളാമിവർ! (3)

മുള്ളെന്നിയേ സുഗമമാക,ധ്വരത്തിൽ വരും വഴി;
ഇതിൽച്ചീത്ത ഹവിസ്സൊന്നുമുണ്ടാകില്ലാ,ദിതേയരേ! (4)

നിങ്ങൾ നേതാക്കളേ, നേരുവഴിയ്ക്കേ കൊണ്ടുപോം മഖം
ആസ്വാദ്യമായിത്തീരട്ടേ, ഭവാന്മാർക്കാദിതേയരേ! (5)

അമ്മർത്ത്യൻ ദ്രോഹമേല്ക്കാതേ രമ്യമാം ധനമൊക്കയും
നേരേ നേടുന്നു, തന്നോടു നേരാം സന്തതിയേയുമേ! (6)

എവ്വണ്ണം മിത്രവരുണാര്യമാക്കളുടെ രൂപവും
തക്കതാം സ്തോത്രവും നമ്മൾ കല്പിയ്ക്കേണ്ടു സഖാക്കളേ? (7)

ദേവൈഷിയെപ്പഴിപ്പോനെ, ദ്രോഹിപ്പോനെയുമിയ്യിവൻ
ചൊല്ലാ നിങ്ങളൊടെ;–മ്പാടും ശുശ്രൂഷിയ്ക്കാം, ധനങ്ങളാൽ! (8)

എറിയാൻ നാലു കവിടിയെടുത്തോൻ വീഴ്ത്തുവോളവും
മറ്റവൻ ഭീതനാമല്ലോ; തോന്നൊലാ, തിന്മ ചൊല്ലുവാൻ! (9)

### കുറിപ്പുകൾ: സൂക്തം 41.

1. പ്രജ്ഞാനർ = പ്രകൃഷ്ടമായ (മികച്ച) ജ്ഞാനമുള്ളവർ.
2. ഇവർ (മിത്രവരുണാര്യമാക്കൾ) ആരെ, ധനംകൊണ്ടു നിറയ്ക്കും; കൈകൾപോലെ–ഒരാളുടെ കൈകൾ എപ്രകാരം ധനംകൊണ്ടുവന്ന്, അവനെ നിറയ്ക്കുമോ, അപ്രകാരം. അവർ-നിറയ്ക്കപ്പെടുന്നവരും, രക്ഷിയ്ക്കപ്പെടുന്നവരും. മാലെന്യേ–ഉപദ്രവം പററാതെ. തഴയ്ക്കും–അഭിവൃദ്ധിപ്പെടും.
3. ദുർഗ്ഗനഗരം–ദുഷ്പ്രാപമായ (യജമാനന്റെ ശത്രുക്കളുടെ) നഗരം. എതിരാളരെ–യജമാനന്റെ ശത്രുക്കളെ. ദുരിതങ്ങളെയും തട്ടിനീക്കും–യജമാനന്റെ പാപങ്ങളെ അകറ്റുകയും ചെയ്യും.
4. വരും വഴി–നിങ്ങൾ ഞങ്ങളുടെ അധ്വര(യാഗ)ത്തിലെയ്ക്കു വരുന്ന മാർഗ്ഗം. ആദിതേയർ = ദേവന്മാർ.
5. നേരുവഴിയ്ക്കേ കൊണ്ടുപോം മഖം–നിങ്ങൾ യഥാവിധി നടത്തിയ്ക്കുന്ന ഞങ്ങളുടെ യാഗം.
6. അമ്മർത്ത്യൻ–നിങ്ങളാൽ അനുഗ്രഹിയ്ക്കപ്പെട്ട മനുഷ്യൻ. ദ്രോഹമേല്ക്കാതെ–ആരാലും ഉപദ്രവിയ്ക്കപ്പെടാതെ. തന്നോടു നേരാം = സ്വതുല്യമായ.

7. സഖാക്കളേ–സ്നേഹിതന്മാരായ ഋത്വിക്കുകളേ, മിത്രാദികളുടെ രൂപം വർണ്ണിപ്പാനും, വേണ്ടതിൻവണ്ണം സ്തുതിപ്പാനും നമ്മൾ ശക്തരല്ല.

8. ദേവൈഷി=ദേവകാമൻ, യജമാനൻ. ഇയ്യിവൻ–ഞാൻ. നിങ്ങളോടു (മിത്രവരുണാര്യമാക്കളോടു) ചൊല്ലാ (പറയില്ല); നിങ്ങൾതന്നെ അറിഞ്ഞ് ആവനെ ശിക്ഷിയ്ക്കണം. ഞാൻ നിങ്ങളെ ധനങ്ങൾകൊണ്ട് എമ്പാടും പരിചരിയ്ക്കുകമാത്രം ചെയ്യാം.

9. ഒരുതരം ചൂതുകളി: രണ്ടു കരുക്കൾക്കുപകരം നാലു കവിടികൾ; അവ ഒരാൾ വീഴ്ത്തുന്നതുവരെ മറ്റവൻ, 'ഞാൻ തോറേറയ്ക്കുമോ' എന്നു ഭയപ്പെടുമല്ലോ. അത്ര ഭയം വേണം, ഒരാളെ ദൂഷിയ്ക്കുന്നതിൽ. അതുകൊണ്ടു പഴിപ്പോനെയും ദ്രോഹിപ്പോനെയും ഞാൻ നിങ്ങളോടു പറയില്ല. ഇതിൽപ്പറഞ്ഞ കവിടിച്ചൂതുകളി കേരളത്തിലുമുണ്ടായിരുന്നു.

## സൂക്തം 42.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; പൂഷാവ് ദേവത.

പൂഷാവേ, ദേവ,വഴിയിൽനിന്നു കൊണ്ടാക്കുകെങ്ങളെ:
തടസ്സം നീക്കി നീ മുന്നിൽ നടക്ക, ജലദാത്മജ! (1)

ദ്രോഹിപ്പാനോ, മുതൽ പിടുങ്ങാനോ, ദുർവൃത്തനാമൊരാൾ
ഞങ്ങൾക്കു വഴി കാണിയ്ക്കിലക,കറ്റേണമയാളെ നീ! (2)

ഏവം തടസ്സമുണ്ടാക്കിക്കക്കും കൌടില്യമൂർത്തിയെ
മാർഗ്ഗത്തിൽനിന്നു വളരെ ദ്ദൂരത്താക്കേണമേ, ഭവാൻ! (3)

ഏതോ രണ്ടുനിലക്കള്ളനമ്മട്ടിടർപെടുത്തുകിൽ,
കാലാൽച്ചവുട്ടിനില്ക്കേണ,മവന്റെ കനൽമെയ്യിൽ നീ! (4)

അച്ഛന്മാരെസ്സഹായിച്ചപോന്ന താവകരക്ഷയെ
യാചിപ്പൂ ഞങ്ങൾ പൂഷാവേ, ജ്ഞാനിൻ, വൈരിഘ്ന, നീളവേ! (5)

ഇനി,സ്സമഗ്രസൌഭാഗ്യ, സ്വർണ്ണായുധസമൃദ്ധ, നീ
ധനങ്ങൾ തരികെങ്ങൾക്കു, ദാനം നേർക്കാചരിയ്ക്കുവാൻ! (6)

പൂഷാവേ, നീയെതിർപ്പോരെയകലത്താക്കി, ഞങ്ങളെ
നടത്തുകുത്തമവഴിയ്ക്കി;–തിൽക്കരുതൽ വേണമേ! (7)

പൃഷാവേ, നല്ല പുല്ലുള്ളേടത്തെയ്ക്കേ കൊണ്ടുപോക നീ:
വഴിയ്ക്കേശായ്ക പുതുച്ചൂടി;–തിൽക്കരുതൽ വേണമേ! (8)

ക്ഷുട്ടുകാ,ളാക, പൂഷാവേ, നല്ക, മൂർച്ചവരുത്തുക;
നിറയ്ക്കുകെങ്ങടെ വയറി;–തിൽക്കരുതൽ വേണമേ! (9)

നിന്ദിയ്ക്കുകില്ല പൂഷാവെ,സ്സൂക്തൌഘത്താൽ സ്തുതിച്ചിടും;
അദ്ദർശനീയനോടെങ്ങളർത്ഥിച്ചീടും, ധനങ്ങളെ! (10)

### കുറിപ്പുകൾ: സൂക്തം 42.

1. കൊണ്ടാക്കുക–അഭീഷ്ടസ്ഥാനം പ്രാപിപ്പിയ്ക്കുക; അതിന്നു ഭവാൻ മുമ്പിൽ നടന്നാലും. ജലദാത്മജ = മേഘത്തിന്റെ മകനേ.
2. വഴി കാണിയ്ക്കിൽ–'ഇതിലേ പോകാ'മെന്നു നിർദ്ദേശിച്ചാൽ. അയാളെ (ആ വഞ്ചകനെ) അകറേറണം (വഴിയിൽനിന്ന് ആട്ടിപ്പായിയ്ക്കണം).
4. ഏതോ രണ്ടുനിലക്കള്ളൻ–പ്രത്യക്ഷമായും പരോക്ഷമായും മോഷണം നടത്തുന്ന ആരാനും. കനൽമെയ്യിൽ–തീക്കനൽപോലെ അന്യരെ പൊള്ളിയ്ക്കുന്ന ദേഹത്തിൽ, ഉപദ്രവകരമായ ശരീരത്തിൽ.
5. അച്ഛന്മാരെ–ഞങ്ങളുടെ പൂർവന്മാരെ.
6. അങ്ങു ധനം തന്നാൽ, ഞങ്ങൾ ദാനം വഴിപോലെ അനുഷ്ഠിയ്ക്കും.
7. ഇതിൽക്കരുതൽ വേണമേ–ഇതിൽ അങ്ങയ്ക്കു കരുതൽ (ശ്രദ്ധ, ആലോചന) ഉണ്ടാകണം.

8. നല്ല പുല്ല്–നല്ല ഓഷധികൾ: ഞങ്ങൾക്കു വഴിയിൽ പുതുച്ചൂട് (മുമ്പനുഭവിച്ചിട്ടില്ലാത്ത ക്ലേശമൊന്നും) ഉണ്ടാകരുത്.

9. കൂട്ടുക–കൂടുതൽ (മറ്റഭീഷ്ടങ്ങളും) തരിക. ആളാക–ഞങ്ങളെ അനുഗ്രഹിപ്പാൻ ശക്തനാവുക. നല്ല–ഞങ്ങൾക്കു നല്ലതൊക്കെ തരിക. മൂർച്ചവരുത്തുക–ഞങ്ങളെ ഉശിരുപിടിപ്പിയ്ക്കുക. നിറയ്ക്കുകെങ്ങടെ വയർ–ധാരാളം ആഹാരം ഞങ്ങൾക്കു തരിക.

10. എങ്ങൾ പൂഷാവിനെ നിന്ദിയ്ക്കില്ല; നേരേമറിച്ച്, സ്തുതിയ്ക്കും. അദർശനീയനോട്–ദർശനീയ(സുന്ദര)നായ അദ്ദേഹത്തോട്.

## സൂക്തം 43.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; (ഒടുവിലെത്തേത് അനുഷ്ടപ്പ്). രുദ്രനും മിത്രാവരുണന്മാരും സോമനും ദേവതകൾ.

രുദ്രൻ, പ്രജ്ഞാനി, കാമങ്ങൾ പെയ്യോൻ, പാരം വളർന്നവൻ;
എന്നാ ഹൃദിസ്ഥനെപ്പറ്റിച്ചൊല്ലും, നാം സുഖദസ്തവം? (1)

ഈ നമ്മളുടെ ഗോക്കൾക്കും പശുക്കൾക്കും ജനത്തിനും
കുഞ്ഞിനും രുദ്രിയം കിട്ടുമാറാക്കീടട്ടെ മേദിനി! (2)

രുദ്രനും, മിത്രവരുണന്മാരു,മമ്മട്ടു തുഷ്ടരായ്
വിശ്വേദേവകളും കല്പിച്ചോർക്കുമാറാക നമ്മളെ! (3)

ഗാഥാപാലൻ മേധപാലൻ രുദൻ സലിലഭേഷജൻ;
അവിടുത്തോടു യാചിയ്ക്ക, നമ്മളശ്ശംയുവിൻ സുഖം! (4)

സൂര്യനെപ്പോലെ തേജസ്വി, പൊന്നുപോലെ വിളങ്ങുവോൻ,
ശരണപ്രദനദ്ദേഹം, ദേവന്മാരിൽ മികച്ചവൻ! (5)

അവൻ നമ്മുടെ മേഷിയ്ക്കും മേഷത്തിന്നും ഹയത്തിനും
നാരീനരർക്കും ഗോവിന്നും നല്കുന്നു, സുഗമം സുഖം! (6)

സോമ, നീയൊരു നൂറാൾക്കു മതിയാം മുതലെങ്ങളിൽ
നിക്ഷേപിയ്ക്കുക, ധാരാളം ബലവത്താകുമന്നവും! (7)

സോമദ്വേഷികൾ പീഡിപ്പിയ്ക്കായ്കെങ്ങളെ, രിപുക്കളും;
ഞങ്ങൾക്കന്നം തരാൻ ചന്ദ്ര, കനിഞ്ഞരുളുകെങ്ങുമേ! (8)

അമർത്ത്യൻ, സൽപദം പുക്ക തലവൻ നീ സ്വലോകരെ
യജ്ഞസ്ഥരാക്കണം സോമ; സോമ, കാണ്ക,വർ ഭൂഷ തേ! (9)

### കുറിപ്പുകൾ: സൂക്തം 43.

1. ആ ഹൃദിസ്ഥനെപ്പററി–നമ്മുടെ ഹൃദയത്തിലിരിയ്ക്കുന്ന രുദ്രനെപ്പററി സുഖപ്രദമായ സ്തോത്രം നാം എന്തു ചൊല്ലും?
2. പശുക്കൾ–മഹിഷാശ്വാദികൾ. കുഞ്ഞിനും–സന്തതിയ്ക്കും. രുദ്രിയം–രുദ്രൻേറതായ മരുന്ന്.
3. ഓർക്കുമാറാക–അനൻഗ്രാഹ്യരെന്നു ഗണിയ്ക്കട്ടെ.
4. ഗാഥ=സ്തുതി. മേധം=യാഗം. സലിലഭേഷജൻ=സലിലം (ജലം) ആകുന്ന മരുന്നോടുകൂടിയവൻ. രുദ്രനാമാഭിമന്ത്രിതമായ ജലം രോഗശാന്തി വരുത്തുമത്രേ. ശംയു–ബൃഹസ്പതി.
5. പൊന്നുപോലെ–എല്ലാവർക്കും സ്വർണ്ണംപോലെ പ്രിയപ്പെട്ട്. ശരണപ്രദൻ–മനുഷ്യർക്കു പാർപ്പിടം നല്കുന്നവൻ. അദ്ദേഹം–രുദ്രൻ.
6. അവൻ–രുദ്രൻ. മേഷി=പെണ്ണാട്. മേഷം=ആണാട്. ഇതൊക്കെ ജാത്യേകവചനമാകുന്നു.
7. സോമൻ–ചന്ദ്രൻ. നിക്ഷേപിയ്ക്കുക–എന്നെയ്ക്കുമായി തരിക.

8. സോമദ്വേഷികൾ = സോമനീരിനെ (യാഗത്തെ) ദ്വേഷിയ്ക്കുന്നവർ.

9. അമർത്ത്യൻ = മരണരഹിതൻ. സൽപദം = ഉത്തമസ്ഥാനം. സ്വലോകരെ = സ്വന്തം പ്രജകളെ. യജ്ഞസ്ഥരാക്കണം—യാഗശാലയിൽ നിർത്തണം. അവർ (പ്രജകൾ) തേ (അങ്ങയ്ക്കു) ഭൂഷ (ഒരലങ്കാരം) ആണെന്നു കാൺക (അറിഞ്ഞാലും).

# ഋഗ്വേദം: ഒന്നാം അഷ്ടകം

## മൂന്നാം അദ്ധ്യായം

### മണ്ഡലം 1 അനുവാകം 9

## സൂക്തം 44.

കണ്വപുത്രൻ പ്രസ്കണ്വൻ ഋഷി; ബൃഹതി ഛന്ദസ്സ്; അഗ്നി ദേവത. (കേക)

ജാതവേദസ്സേ, പുലർവേളതന്നടുക്കൽനി–
ന്നാ,ത്തുംഗനികേതനോപേതമാം നാനാധനം
ഹോതാവിനേകാൻ കൊണ്ടുവരികിന്നമർത്ത്യ, നീ
പ്രാതരുത്ഥിതരായ ദേവന്മാരെയുമഗ്നേ! (1)

അഗ്നേ, നീ നിഷേവിതൻ, ഹവ്യവാഹനൻ, ദൂത,-
നധ്വരങ്ങൾതൻ ത്തേരി;–ങ്ങനെയുള്ള ഭവാൻ
അശ്വികളൊടുമുഷസ്സോടുമന്വിതനായി-
ട്ടുച്ചവീര്യമാമന്നം തന്നരുൾകെങ്ങൾക്കേറ്റം! (2)

ദൂതനും, വളരെപ്പേർക്കരിമപ്പെട്ടുള്ളോനും,
ഖ്യാതതേജസ്സും, ധൂമധ്വജനും, ഗൃഹദനും,
പ്രത്യുഷസ്സിങ്കൽ യജിപ്പോരുടെ യാഗങ്ങളിൽ
വർത്തിയ്ക്കുന്നവനുമാമഗ്നിയെ വരിയ്ക്ക നാം! (3)

ഉത്തമൻ, യുവതമന,തിഥി, ഹോമാധാരം,
ദത്തഹവ്യരിൽ പ്രീതൻ, ജാതവേദസ്സാമഗ്നി;
അത്തിരുവടിയെ ഞാനാസ്ഥയാ സ്തുതിയ്ക്കുന്നേൻ:
പ്രത്യുഷസ്സിങ്കൽദ്ദേവന്മാരിലെത്തുകദ്ദേഹം! (4)

മേധാർഹ, മൃതിഹീന, ഹവ്യവാഹാഗ്നേ, വിശ്വ-
ത്രാതാവേ, സുയജ്വാവാമങ്ങയെ സ്തുതിപ്പൻ ഞാൻ! (5)

മാദകജ്വാലൻ, സ്തോതാവിന്നായി പ്രശംസ്യൻ നീ
സാധുവാഹുതി കൈക്കൊണ്ടരിക സുയുവാവേ;
പ്രസ്കണ്വന്നുയിർക്കൊൾവാനാ,യുസ്സു വർദ്ധിപ്പിച്ച്,
സൽക്കരിയ്ക്കയുംചെയ്ക ദിവ്യരാം ജനങ്ങളെ! (6)

ഉജ്ജ്വലിപ്പിയ്ക്കപ്പെടുന്നുണ്ടല്ലോ പ്രജകളാൽ,
വിശ്വവേദസ്സാം ഹോതാവായ നീ പുരുഹൂത;
അബ്ഭുവാനഗ്നേ വരുത്തീടണമിവിടത്തിൽ,
ക്ഷിപ്രമുന്നതജ്ഞാനന്മാരായ ദേവന്മാരെ: (7)

സവിതാവു,ഷസ്സ,ഗ്നി,യശ്വികൾ, ഭഗൻ, രാവെ-
ന്നിവരെ വരുത്തുക, പുലർവേളകൾതോറും;
സോമനീർ പിഴിഞ്ഞുവെച്ചുജ്ജ്വപലിപ്പിയ്ക്കുന്നുണ്ടു,
ഹേ മഹായജ്ഞ. ഹവിർവാഹന, നിന്നെക്കണ്വർ. (8)

ദൂതനാണല്ലോ, പ്രജാവർഗ്ഗത്തിൽ മഖങ്ങൾക്കു
നാഥനായരുളുന്ന നിന്തിരുവടിയഗ്നേ;
എത്തിയ്ക്കുകിഹ സോമപാനത്തിന്നു,ഷസ്സിങ്കൽ
നിദ്ര വിട്ടു,ണർന്നെദ്ദർശിച്ച ദേവന്മാരെ! (9)

വിശ്വദർശനീയനാമങ്ങഗ്നേ, വിഭാവസോ,

വിജ്വലിച്ചരുളുന്നു മുൻപുലരികൾ നോക്കി;
ഗ്രാമത്തെയെല്ലാം രക്ഷിയ്ക്കുന്ന നിന്തിരുവടി,-
യീ മനുഷ്യർക്കു ഹിതൻ, യജ്ഞത്തിൽപ്പുരോഹിതൻ. (10)

ക്രതുസാധകൻ, മാററാർക്കായുസ്സു കുറയ്ക്കുവോ,–
നൃതുക്കൾതോറും ഹോമകാരി, നീയഗ്നേ, ദേവ;
പ്രതിഷ്ഠിയ്ക്കട്ടേ മനുപോലെങ്ങള,മർത്ത്യനും
പ്രകൃഷ്ടവിജ്ഞാനനും ദൂതനുമാകും നിന്നെ! (11)

മിത്രപൂജകൻ പുരോഹിതനാമവിടുന്നു
മധ്യവർത്തിയായ് ദ്ദേവദൂത്യത്തെ വഹിയ്ക്കുമ്പോൾ
പരിഭ്രാജിയ്ക്കുന്നു നിൻജ്വാലകളഗ്നേ, പാര-
മിരമ്പും സമുദ്രത്തിൻ തിരമാലകൾപോലേ. (12)

ചെവിയുള്ളോനാമഗ്നേ, കേൾക്കെ,ഴുന്നള്ളുംനേര–
ത്തിവിടുത്തോടൊന്നിയ്ക്കും വഹ്നിദേവരോടൊപ്പം
അധ്വരത്തിന്നായ് വന്നു ദർഭയിലിരിയ്ക്കട്ടേ,
മിത്രന,ര്യമാവ,ഹർമ്മുഖഗാമികൾ മററും! (13)

ഇസ്തോത്രം ചെവിക്കൊള്ളുക,ഗ്നിയാം നാവുള്ളോരും
സത്യവർദ്ധകരുമാം സദ്ദാനർ മരുത്തുക്കൾ;
സോമനീർ നുകരട്ടേ വരുണൻ ധൃതകർമ്മ–
സ്തോമനാ,യുഷസ്സോടുമശ്വികളൊടുമൊപ്പം! (14)

## കുറിപ്പുകൾ: സൂക്തം 44.

1. ജാതവേദസ്സ്=ജനിച്ചവയെ (ജഗത്തിനെയെല്ലാം) അറിയുന്നവൻ; അഗ്നിപര്യായങ്ങളിലൊന്ന്. പുലർവേള=ഉഷസ്സ്. ആതുംഗനികേതനോപേതം=ഉയർന്ന (മികച്ച) പാർപ്പിടത്തോടുകൂടിയത്. ഹോതാവ്–യജമാനൻ. പ്രാതരുത്ഥിതർ=പ്രഭാതത്തിൽ ഉണർന്നെണീററവർ. ദേവന്മാരെയും കൊണ്ടുവരിക.
2. നിഷേവിതൻ–ലോകരാൽ സേവിയ്ക്കപ്പെട്ടവൻ. ദൂതൻ–ദേവകളുടെ ദൂതൻ. അധ്വരങ്ങൾതൻ തൃത്തേർ–യാഗഹവിസ്സിനെ വഹിച്ചുകൊണ്ടുപോയി ദേവകൾക്കു കൊടുക്കുന്ന പള്ളിത്തേർ. അച്ഛവീര്യം=നിർമ്മലമായ വീര്യത്തോടുകൂടിയത്.
3. ഖ്യാതതേജസ്സ്=പ്രസിദ്ധമായ തേജസ്സോടുകൂടിയവൻ. ധൂമധ്വജൻ=പുകയാകുന്ന കൊടിമരത്തോടുകൂടിയവൻ. ഗൃഹദൻ=പാർപ്പിടം കൊടുക്കുന്നവൻ. വരിയ്ക്ക–രക്ഷിതാവായി വരിയ്ക്കുക; രക്ഷിയ്ക്കേണമേ എന്നു പ്രാർത്ഥിയ്ക്കുക.
4. യുവതമൻ=ഏററവും യുവാവ്. ഹോമാധാരം=ഹോമത്തിന്റെ സ്ഥാനം. ദത്തഹവ്യർ =ഹവിസ്സു കൊടുത്തവർ, യജമാനർ. അദ്ദേഹം പ്രത്യുഷസ്സിങ്കൽ (പ്രഭാതത്തിൽ) ദേവന്മാരിലെത്തുക; ദേവന്മാരുടെ അടുക്കൽ ചെന്ന്, അവരെ ഇവിടെ കൊണ്ടുവരുമാറാകട്ടെ.
5. മേധാർഹ=യജനീയ. മൃതിഹീന=മരണരഹിത. ഹവ്യവാഹ=ഹവിസ്സിനെ വഹിയ്ക്കുന്നവനേ. വിശ്വത്രാതാവേ=സർവജഗദ്രക്ഷക. സുയജ്വാവ്=നല്ല യജ്വാവ്.

6. മാദകജ്വാലൻ=മത്തുപിടിപ്പിയ്ക്കുന്ന ജ്വാലകളോടുകൂടിയവൻ. സ്തോതാവിന്നായി–യജമാനന്നുവേണ്ടി. പ്രശംസ്യൻ=സ്തുത്യൻ. സാധു=വഴിപോലെ. അറിക–ഞങ്ങളുടെ അഭിലാഷം ഗ്രഹിയ്ക്കുക. ദിവ്യരാം ജനങ്ങളെ–ദേവകളുടെ ആളുകളെ.

7. വിശ്വവേദസ്സ്=സർവജ്ഞൻ. പുരുഹൂത–വളരെപ്പേരാൽ വിളിയ്ക്കപ്പെട്ടവനേ.

8. മഹായജ്ഞ=മഹത്തായ യജ്ഞത്തോടുകൂടിയവനേ. ആഹവനീയാഗ്നിയോടു പറയുന്നതാണിത്.

9. നാഥൻ=രക്ഷിതാവ്. അരുണൻ=സൂര്യൻ.

10. വിശ്വദർശനീയൻ=എല്ലാവർക്കും കാണാവുന്നവൻ. മുൻപുലരികൾ നോക്കി–കഴിഞ്ഞുപോയ പ്രഭാതങ്ങളിലെന്നപോലെ. ഈ മനുഷ്യർ=ഋത്വിക്കുകളും യജമാനനും. പുരോഹിതൻ–വേദിയുടെ കിഴക്കുവശത്തു സ്ഥാപിതൻ.

11. ക്രതുസാധകൻ=യജ്ഞനിഷ്പാദകൻ. ഹോമകാരി=ഹോമം ചെയ്യുന്നവൻ. മനുപോലെ–മനു പ്രതിഷ്ഠിയ്ക്കാറുള്ളതുപോലെ.

12. മിത്രപൂജകൻ=സ്നേഹിതന്മാരെ സൽക്കരിയ്ക്കുന്നവൻ. മധ്യവർത്തിയായ്=യജനമധ്യത്തിൽ സ്ഥിതിചെയ്ത്. ദേവദൂത്യത്തെ വഹിയ്ക്കുമ്പോൾ–ഹവിസ്സു ദേവന്മാർക്കു കൊടുക്കാൻ ഏറ്റുവാങ്ങുമ്പോൾ. പരിഭ്രാജിയ്ക്കുന്നു–മിന്നിത്തിളങ്ങുന്നു.

13. കേൾ–ഞങ്ങൾ പറയുന്നത്. ഇവിടുത്തോടൊന്നിയ്ക്കും–ആഹവനീയാഗ്നിയായ അങ്ങയുടെകൂടെപ്പോരുന്ന. വഹ്നിദേവർ–മറ്റഗ്നികൾ. അഹർമ്മുഖഗാമികൾ=പ്രഭാതത്തിൽ (യാഗസ്ഥലത്തെയ്ക്കു) ഗമിയ്ക്കുന്നവർ.

14. സദ്ദാനർ=നല്ല ദാനത്തോടുകൂടിയവർ; ഫലം വഴിപോലെ നല്കുന്നവർ. ധൃതകർമ്മസ്തോമനായ്=കർമ്മസമൂഹത്തെ കൈക്കൊണ്ട്.

## സൂക്തം 45.

പ്രസ്കണ്വൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നേ, അങ്ങ് ഇവിടെ വസു–രുദ്രാ–ദിത്യരേയും, ശോഭന യജ്ഞരായി വെള്ളം പൊഴിയ്ക്കുന്ന മററുള്ളവരെയും യജിയ്ക്കുക! (1)

അഗ്നേ, രോഹിദശ്വ, സ്തോത്രംകൊണ്ടു വശീകരിയ്ക്കപ്പെടേണ്ടുന്നവനേ, ഹോതാവിന്നു ഫലം നല്കുന്ന മുപ്പത്തിമൂന്നു ദേവന്മാരെ ഇവിടെ കൊണ്ടുവന്നാലും! (2)

കർമ്മങ്ങളേറിയ ജാതവേദസ്സേ, പ്രിയമേധന്റെയും, അത്രിയുടെയും, വിരൂപന്റെയും, അംഗിരസ്സിന്റെയുമെന്നപോലെ പ്രസ്കണ്വന്റെ വിളി കേട്ടരുളുക! (3)

പ്രൌഢകർമ്മാക്കളായ യജ്ഞപ്രിയർ അധ്വരങ്ങളിൽ വിശുദ്ധ തേജസ്സോടേ വിളങ്ങുന്ന അഗ്നിയെയാണല്ലോ, രക്ഷയ്ക്കു വിളിയ്ക്കുക. (4)

നെയ്യു ഹോമിയ്ക്കപ്പെടുന്നവനേ, ഫലദാതാവേ, ഈ സ്തോത്രങ്ങളും വഴിപോലെ കേൾക്കുക: ഇവകൊണ്ടാണല്ലോ, കണ്വപുത്രന്മാർ രക്ഷാർത്ഥം അങ്ങയെ വിളിയ്ക്കുന്നത്. (5)

ധാരാളം വിവിധാന്നങ്ങളുള്ളവനേ, ബഹുജനപ്രിയ, അഗ്നേ, മനുഷ്യവർഗ്ഗം, ഹവിസ്സു വഹിപ്പാൻ, ജ്വാലത്തലമുടിയുള്ള നിന്തിരുവടിയെ വിളിച്ചുപോരുന്നു. (6)

അഗ്നേ, ഋതുക്കളിൽ യജിയ്ക്കുന്ന ഹോതാവും, ചെവിയുള്ളവനും, യശസ്സേറിയവനും, ധാരാളം ധനം നല്കുന്നവനുമായ നിന്തിരുവടിയെയത്രേ, മേധാവികൾ യാഗങ്ങളിൽ പ്രതിഷ്ഠിച്ചുപോന്നത്. (7)

അഗ്നേ, മേധാവികൾ സോമം പിഴിഞ്ഞു, ദാതാവായ മനുഷ്യന്റെ ഹവിസ്സെടുത്തു, തേജസ്സേറിയ നിന്തിരുവടിയെ അന്നത്തിന്നായി വിളിച്ചുവരുത്തുന്നു. (8)

കടഞ്ഞുണ്ടാക്കപ്പെട്ടവനേ, ഫലദാതാവേ, പാർപ്പിടം നൽകുന്നവനേ, പുലർകാലത്തു പുറപ്പെടുന്നവരെയും മറ്റു ദേവകളെയും ഭവാൻ സോമപാനത്തിന്നായി ഇന്നിവിടെ യാഗത്തിൽ വരുത്തുക! (9)

അഗ്നേ, അഭിമുഖരായ ദേവകളെയും മറ്റും ഒപ്പം വിളിച്ചു പൂജിയ്ക്കുക: സുഫലപ്രദാതാക്കളേ, ഇതാ ഇന്നലെ പിഴിഞ്ഞുവെച്ച സോമം; അതു നുകരുവിൻ! (10)

### കുറിപ്പുകൾ: സൂക്തം 45.

1. യജിയ്ക്കുക–പൂജിച്ചാലും.
2. രോഹിദശ്വ = രോഹിത്ത് എന്ന കുതിരയുള്ളവനേ.
3. പ്രിയമേധാദികൾ നാൽവരും ഋഷിമാർതന്നെ.
6. ജ്വാലത്തലമുടി = ജ്വാലകളാകുന്ന കേശം.
8. അന്നത്തിന്നായി–ഹവിസ്സു സ്വീകരിപ്പാൻ.
10. സുഫലപ്രദാതാക്കളേ–നന്നായി ഫലം നല്കുന്ന ദേവന്മാരേ. ഇന്നലെ പിഴിഞ്ഞുവെച്ച സോമത്തിന്നു തിരോഅഹ്ന്യം എന്നത്രേ പേർ.

## സൂക്തം 46.

പ്രസ്കണ്വൻ ഋഷി; ഗായത്രി ഛന്ദസ്സ്; അശ്വികൾ ദേവത.

മുൻവരാത്തോമനയുഷസ്സാകാശത്തിങ്കൽനിന്നിതാ,
ഇരുൾ പോക്കുന്നു; വാഴ്ത്താം ഞാൻ ദസ്രരേ, നിങ്ങളെത്തുലോം. (1)

സമുദ്രത്തിൻ തനൂജന്മാർ, മനസ്സാൽദ്ധനവർഷികൾ,
കർമ്മത്താൽപ്പാർപ്പിടം നല്കുന്നോരല്ലോ, ദസ്രദേവകൾ! (2)

വർണ്ണിയ്ക്കപ്പെട്ട വിണ്ണിങ്കൽ, നിങ്ങൾ കേറിയ തേരിനെ
തുരംഗങ്ങൾ വലിയ്ക്കുമ്പോൾ സ്തുതിയ്ക്കും, ഞങ്ങൾ നിങ്ങളെ. (3)

നേതാക്കളേ, ദേവകളെ, വെള്ളം വറ്റിയ്ക്കുമീശ്വരൻ
പൂരിപ്പിയ്ക്കുന്ന ഹവ്യത്താൽ,ക്കർമ്മദ്രഷ്ടാവു, പൂരകൻ. (4)

ദസ്രരേ, നിങ്ങൾതൻ ബുദ്ധിയ്ക്കേതൊന്നൊരുണർവേകുമോ,
കുടിപ്പി,നക്കടുംസോമം ഭവാന്മാർ, നുതിതൽപരർ! (5)

തേജസ്സുകൊണ്ടശ്വികളേ, തിമിരം നീക്കി, ഞങ്ങളെ
തൃപ്തരാക്കുന്നതാമന്നം നിങ്ങളെങ്ങൾക്കു നല്കുവിൻ! (6)

ഈ ഞങ്ങൾതൻ നുതികളെക്കടപ്പാനൊരു തോണിയിൽ
വന്നെത്തുകി,ങ്ങശ്വികളേ; പൂട്ടുവിൻ നിങ്ങൾ തേരിനെ: (7)

കടൽക്കടവിലുണ്ടല്ലോ വഞ്ചി,യാകാശവിസ്തൃതം;
തുത്തേരുമുണ്ടു; നിങ്ങൾക്കിങ്ങൊരുങ്ങിപ്പോയി സോമനീർ! (8)

ചോദിപ്പിൻ കാണ്വരേ:–‘സൂര്യരശ്മിയും തുവെളിച്ചവും
മേഘസ്ഥാനത്തിതാ! നിങ്ങൾ നില്ക്കാനോർക്കുവതെങ്ങുവാൻ?’ (9)

എത്തീ, കതിരൊ,ളിക്കൊൾവാൻ; പൊന്നുപോലായ്, ദിവാകരൻ;
കറുത്തുപോയി താനെന്നു കഥിച്ചാനഗ്നി, നാക്കിനാൽ! (10)

മാർഗ്ഗം സുഗമമായ്ത്തീർന്നു, സൂര്യന്നല്ല കടക്കുവാൻ;
വിശേഷാൽക്കാണുമാറായീ, വാനിൽനിന്നൊഴുകും കതിർ! (11)

രക്ഷണാർത്ഥമൊരുക്കുന്നുണ്ടോ,രോന്നുമതിഭംഗിയിൽ,
മത്തേകും സോമനീർ മോന്തുമശ്വികൾക്കായ് സ്തവോന്മുഖൻ. (12)

മനുവിൽപ്പോലർച്ചകങ്കൽ മേവും നിങ്ങൾ സുഖപ്രദർ
സോമപാനത്തിനും സ്തോത്രത്തിന്നുമായ് വന്നുചേരുവിൻ! (13)

നീളെച്ചുറ്റും ഭവാന്മാർതൻ പിമ്പേ വരികുഷസ്സൊളി:
ഹവ്യമിച്ഛിയ്ക്കുവോരല്ലോ, നിങ്ങളല്ലുകളിൽ സ്വയം. (14)

സോമമശ്വികളേ, നിങ്ങളിരുപേരും കുടിയ്ക്കുവിൻ;
നല്കയും ചെയ്‌വിനെങ്ങൾക്കു, നല്ല രക്ഷകളാൽസ്സുഖം! (15)

## കുറിപ്പുകൾ: സൂക്തം 46.

1. മുൻവരാത്ത—അർദ്ധരാത്രിയിലും മറ്റും ആവിർഭവിയ്ക്കാത്ത, ഇപ്പോൾ മാത്രം വന്ന. ഓമന = പ്രിയപ്പെട്ട. ദസ്രർ = അശ്വികൾ.
2. സമുദ്രത്തിൻ തനൂജന്മാർ—സൂര്യചാന്ദ്രന്മാരെന്നപോലെ, അശ്വികളും, തദ്രൂപരാകയാൽ സമുദ്രജാതരാണെന്നു ചിലർ അഭിപ്രായപ്പെട്ടിരിയ്ക്കുന്നു.
4. വെള്ളം വറ്റിയ്ക്കുമീശ്വരൻ (വെള്ളത്തെ ആവിയാക്കുന്ന രക്ഷിതാവ്, സൂര്യൻ) ഹവ്യത്താൽ (ഞങ്ങളർപ്പിച്ച ഹവിസ്സുകൊണ്ടു) ദേവകളെ പൂരിപ്പിയ്ക്കുന്നു (തൃപ്തിപ്പെടുത്തുന്നു). സൂര്യോദയസമയത്താണല്ലോ, ഹോമം; അതുകൊണ്ടത്രേ, സൂര്യന്നു ദേവപൂരകത്വം. നിങ്ങളിരുവരും സൂര്യോദയസമയത്തു വന്നുചേരണമെന്നു വ്യംഗ്യം.
5. കടുംസോമം—മത്തുപിടിപ്പിയ്ക്കുന്ന സോമനീർ. നുതിതൽപരർ = സ്തുതിപ്രിയർ; ഞങ്ങളുടെ സ്തുതിയാൽ പ്രസാദിച്ച്, സോമനീർ കുടിയ്ക്കുവിൻ.
6. തേജസ്സ്—രസവീര്യാദിജ്യോതിസ്സ്. തിമിരം—ദാരിദ്ര്യമാകുന്ന (ഇരുട്ട്).
7. നുതികളെക്കടപ്പാൻ—സ്തുതികൾ മുഴുവൻ കേൾപ്പാൻ. ഒരു തോണിയിൽ സമുദ്രത്തിൽനിന്നു വരുവിൻ. (സമുദ്രമത്രേ, അശ്വികളുടെ പാർപ്പിടം). ഭൂമിയിൽ സഞ്ചരിപ്പാൻ തേർ പൂട്ടുവിൻ.
8. നിങ്ങൾക്ക് ഇവിടെ വന്നെത്താൻ ഒരു ക്ലേശവുമില്ല. ആകാശവിസ്തൃതം = ആകാശംപോലെ വിശാലം; വഞ്ചിയുടെ വിശേഷണം. ഒരുങ്ങിപ്പോയി—വരാൻ വൈകരുത്.
9. ചോദിപ്പിൻ—അശ്വികളോടു ചോദിയ്ക്കുവിൻ. മേഘസ്ഥാനം—അന്തരിക്ഷം. നേരം പുലർന്നു; നിങ്ങൾ എവിടെ നില്ക്കാൻ വിചാരിയ്ക്കുന്നു? ഇവിടെ പ്രത്യക്ഷരാകുക എന്നു താൽപര്യം.
10. കതിർ = സൂര്യരശ്മി. ഒളിക്കൊൾവാൻ—പ്രഭാതശോഭയെ നേടാൻ. കറുത്തുപോയി—സൂര്യരശ്മി വന്നാൽ, അഗ്നി നിഷ്പ്രഭനാകുമല്ലോ. നാക്കിനാൽ—ജ്വാലകൊണ്ട്.
11. അല്ല കടക്കുവാൻ—രാത്രിയുടെ അപ്പുറത്ത് ഉദയാദ്രിയിൽ ചെല്ലാൻ.
12. രക്ഷണാർത്ഥം—അശ്വികൾ ഞങ്ങളെ രക്ഷിപ്പാൻവേണ്ടി. സ്തവോന്മുഖൻ—സ്തോതാവ്, യജമാനൻ.
13. അർച്ചകങ്കൽ—പരിചരിയ്ക്കുന്നവന്റെ, യജമാനന്റെ അടുക്കൽ. സ്തോത്രത്തിന്നുമായ്—സ്തോത്രം കേട്ടു പ്രസാദിപ്പാനുമായ്.
14. ചുറ്റും = സഞ്ചരിയ്ക്കുന്ന. നിങ്ങളുടെ പിന്നാലെയാവണം, ഉഷശ്ശോഭയുടെ വരവ്; മുമ്പിൽ, നിങ്ങളുടെ ആഗമനത്തിന്റെ ശോഭ; പിമ്പിൽ, ഉഷസ്സിന്റെ ശോഭ. നിങ്ങൾ പുലർച്ചയ്ക്കുമുമ്പു വരണം. എന്തുകൊണ്ടെന്ന് ഉത്തരാർദ്ധത്തിൽ പറയുന്നു.

മൂന്നാമധ്യായം സമാപ്തം.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## നാലാം അദ്ധ്യായം

### മണ്ഡലം 1    അനുവാകം 9

## സൂക്തം 47.

പ്രസ്കണ്വൻ ഋഷി; ബൃഹതി ഛന്ദസ്സ്; അശ്വികൾ ദേവത. (അന്നനട)

ഇതാ, നിങ്ങൾക്കതിമധുരമാം സോമം,
ക്രതുവിനെ വളർത്തിടുമശ്വികളേ;
കുടിപ്പിനി,ന്നലെപ്പിഴിഞ്ഞതാമിതു;
കൊടുക്കുവിൻ, ഹോതാവിനു രത്നങ്ങളും! (1)

ത്രിലോകചാരിയായ്ത്തുളമരം മൂന്നു–
ള്ള ലഘുപ്പൊൻതേരിൽ വരിക,ശ്വികളേ;
ഹവിസ്സൊരുക്കുന്നു ക്രതുവിങ്കൽകണ്വർ
ഭവാന്മാർക്കായ്;–ക്കേൾപ്പിനവരുടെ വിളി! (2)

സ്വദിയ്ക്കുവിനതിമധുരമാം സോമം,
ക്രതുവിനെ വളർത്തിടുമശ്വികളേ;
ധൃതദ്രവിണരായ് രഥമേറിയിഹ
പ്രദാതാവിൻ ചാരേ വരിക ദസ്രരേ! (3)

മഖത്തെ, മുദ്ദർഭവിരികളിലിരു–
ന്നഖിലജ്ഞർ നിങ്ങൾ നനയ്ക്കുവിൻ തേനാൽ;
ഭവാന്മാർക്കായ്സ്സോമം പിഴിഞ്ഞശ്വികളേ,
സുവർണ്ണരാം കണ്വർ വിളിപ്പു നിങ്ങളെ! (4)

വരം നല്കി നിങ്ങൾ, ശുഭേശർ കണ്വനെ–
പ്പരിപാലിച്ചല്ലോ, കനിഞ്ഞശ്വികളേ;
അതേവിധം രക്ഷിയ്ക്കുവിനെങ്ങളെയും;
ക്രതുവർദ്ധനരേ, കുടിയ്ക്കുവിൻ സോമം! (5)

രഥേ കൊണ്ടുവന്നില്ലയോ ധനവുമായ്–
സ്സുദാസ്സിനു ദസ്രാശ്വികൾ നിങ്ങളന്നം;
തിരുവിണ്ണിൽനിന്നോ സമുദ്രത്തിൽനിന്നോ
പുരുകാമ്യം ധനമണപ്പിനെങ്ങളിൽ! (6)

അരികത്തായ്വരാ,മകലത്തായ്വരാ,-
മിരിപ്പതു നിങ്ങളയി നാസത്യരേ;
അവിടെനിന്ന,ർക്കകരങ്ങളോടൊപ്പ–
മരിയ തേരേറി വരുവിനെങ്ങളിൽ! (7)

ഭവാന്മാരെക്കൊണ്ടുവരട്ടെ യജ്ഞത്തിൽ,–
സ്സവനസേവികൾ കുതിരകൾ നേരേ;
സുദാനനാം ശുഭക്രിയന്നു ചോറുമായ്
സ്ഥിതിചെയ്വിൻ, ദർഭകളിൽ നേതാക്കളേ! (8)

പ്രദാതാവിന്നായിദ്ധനം കൊണ്ടുപോരു–
ന്നതേതിലോ നിങ്ങൾ സദാ നാസത്യരേ;
വരുവിനാ,സ്സൂര്യപ്രഭമായ തേരിൽ,

നറുംതേനാം സോമരസം നുകരുവാൻ! (9)

വിഹിതോക്ഥാർക്കരായുള്ളോം രക്ഷയ്ക്കെങ്ങൾ
വിളിപ്പു നിങ്ങളെദ്ധനാഢ്യാശ്വികളേ;
സദാ കണ്വരുടെ പ്രിയസദസ്സിങ്കൽ
മധുവെത്ര നകർന്നിരിയ്ക്കുന്നു നിങ്ങൾ! (10)

## കുറിപ്പുകൾ: സൂക്തം 47.

1. ഹോതാവ്–യജമാനൻ. രത്നങ്ങൾ–രമ്യധനങ്ങൾ.
2. തളമരം = കെട്ടുകുററി.
3. സ്വദിയ്ക്കുവിൻ = നുകരുവിൻ. ധൃതദ്രവിണരായ്–ഞങ്ങൾക്കു തരാൻ ധനമെടുത്ത്. ഇഹ–ഇന്ന്. പ്രദാതാവ്–ഹവിസ്സു നല്കുന്നവൻ, യജമാനൻ.
4. അഖിലജ്ഞ(സർവജ്ഞ)രായ നിങ്ങൾ മുദ്ദർഭവിരികളിൽ (മൂന്നിടത്തായി വിരിച്ച ദർഭയിൽ) ഇരുന്നു, മഖത്തെ (യാഗത്തെ) തേനാൽ (തേനിന്നൊത്ത സോമരസംകൊണ്ടു) നനയ്ക്കുവിൻ. സുവർണ്ണർ = നല്ല നിറം (ശോഭ) ഉള്ളവർ.
5. ശുഭേശർ–സൽക്കർമ്മപാലകരായ നിങ്ങൾ.
6. രഥേ = തേരിൽ. ധനവുമായ് = ധനത്തോടുകൂടി. സുദാസ്സ്–ഒരു രാജാവ്. സമുദ്രം–അന്തരിക്ഷമെന്നു സായണാചാര്യർ. പുരുകാമ്യം = വളരെ ആളുകളാൽ കാമിയ്ക്കപ്പെടേണ്ടത്. എങ്ങളിൽ അണപ്പിൻ–ഞങ്ങൾക്കു കൊണ്ടുവന്നു തരുവിൻ.
7. അരിയ = പ്രിയപ്പെട്ട, ശോഭനമായ. അർക്കകരങ്ങളോടൊപ്പം (സൂര്യോദയസമയത്ത്) എങ്ങളിൽ (ഞങ്ങളുടെ അടുക്കൽ) വരുവിൻ.
8. സവനസേവികൾ–പതിവായി യാഗങ്ങളിൽ ചെല്ലുന്നവ. സുദാനനാം ശുഭക്രിയനു–ചോറുമായ്–നല്ല ദാനത്തോടുകൂടിയ സൽക്കർമ്മിയ്ക്കു, യജമാനനു, കൊടുപ്പാൻ അന്നത്തോടുകൂടി. സ്ഥിതിചെയ്‌വിൻ–ഇരിയ്ക്കുവിൻ.
9. പ്രദാതാവിന്നായി–യജമാനനു കൊടുപ്പാൻ. സദാ–പതിവായി. നറുംതേനാം–മധുമധുരമായ.
10. വിഹിതോക്ഥാർക്കരായ്–ഉക്ഥം, അർക്കം എന്നീ സ്തോത്രങ്ങൾ ചൊല്ലി. ധനാഢ്യാശ്വികൾ = സമ്പത്തേറിയ അശ്വികൾ. സദസ്സ് = യജ്ഞസ്ഥാനം. മധു–സോമരസം. അതിൻവണ്ണം, ഇപ്പോഴും നുകരുവിൻ.

## സൂക്തം 48.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; ഉഷസ്സ് ദേവത. (കാകളി)

ദ്യോവിൻമകളാമുഷസ്സേ, വിഭാവരി,
ദേവി, നീയൌദാര്യമാർന്നു ധനത്തൊടും
പീവരാന്നത്തൊടും, സമ്പത്തൊടുംകൂടി–
യാവിഷ്കരിയ്ക്കുകെങ്ങൾക്കു പുലരിയെ! (1)

സ്വത്തൊക്കെ നല്കും ഗവാശ്വാഢ്യമാർ നിങ്ങ–
ളെത്ര വന്നെത്തീ, ജനത്തിൻ പൊറുപ്പിനായ്!
സത്യപ്രിയം ചൊല്ലുകെന്നെക്കുറിച്ചെ,ങ്ക–
ലെത്തിയ്ക്ക, ധന്യർതൻ വിത്തം പുലരി, നീ! (2)

സ്വാഗമനത്തിലൊരുക്കിയ തേർകളെ,–
സ്സാഗരത്തിൽദ്ധനകാംക്ഷികൾപോലവേ
നേർക്കു നടത്തിച്ചുകൊണ്ടുഷസ്സാം ദേവി
പാർക്കാൻ തുടങ്ങി; പരത്തീ വെളിച്ചവും. (3)

നിന്നാഗമത്തിലുഷസ്സേ, പ്രദാനത്തി–
നുന്നുന്നു, വിജ്ഞരാമേവർതൻ മാനസം;
അന്നരന്മാരുടെ പേരെടുത്തു പുക-
ഴ്ത്തുന്നു കണ്വൻ, മഹാമേധാവിയിപ്പൊഴേ! (4)

വൃദ്ധത ജീവികൾക്കേകുമുഷസ്സാകെ
വൃത്തി ചേർപ്പാനൊ,രു വീട്ടമ്മപോലവേ
വന്നുചേരുന്നു; കാലുള്ളോർ നികേതത്തിൽ–
നിന്നിറങ്ങുന്നു; പറക്കുന്നു പക്ഷികൾ. (5)

കാലുറപ്പിയ്ക്കാത്തുഷോദേവി നല്ലാളെ
വേലയ്ക്കിറക്കുന്നു, യാചകന്മാരെയും;
ഹേ വാജിനീവതി, നിൻപുലർവേളയിൽ–
പ്പോവാതടങ്ങിയിരിയ്ക്കാ, പറവകൾ. (6)

സൂരനുദിയ്ക്കുമിടത്തിനെക്കാളതി–
ദൂരത്തുനിന്നൊ,രുനൂറു രഥങ്ങളിൽ
മാനുഷലോകത്തിലെയ്ക്കേഴുനള്ളുന്നു,
ചേണുറ്റ സൌഭാഗ്യമൊക്കുമുഷസ്സിവൾ! (7)

ദ്യോവിന്മകളാം സുനേത്രി, പണക്കാരി,
ജീവികളെല്ലാം വണങ്ങുമുഷസ്സിവൾ
തൂവെളിച്ചം പരത്തുന്നു; തുരത്തുന്നു
മാൽ വളർപ്പോരെയും വിദ്വേഷികളെയും! (8)

ദ്യോവിന്മകളാമുഷസ്സേ, കുളിർമയെ-
പ്പാവുന്ന കാന്ത്യാ വിളങ്ങുകെമ്പാട്ടുമേ,
കൂരിരുൾ നീക്കി, പ്രതിദിനം ഞങ്ങൾക്കു

വാരുററ സൌഭാഗ്യമെത്തിച്ചുകൊണ്ടു നീ! (9)

അല്ലകററുന്ന സുനേത്രിയാം നിങ്കലാ–
ണല്ലോ, ജഗത്തിന്റെ ചേഷ്ടയും ജീവനും;
ഇങ്ങെത്തുകാ, നീ വിഭാവരി, വൻതേരി–
ലെ;–ങ്ങൾ വിളിപ്പതു കേൾക്ക നാനാധനേ! (10)

കൈക്കൊള്ളുമാറാകുഷസ്സേ, മനുഷ്യരു–
ണ്ടാക്കും വിചിത്രമാമന്നം കനിഞ്ഞു നീ;
നിന്നെ സ്തുതിയ്ക്കുന്ന യജ്ഞപ്രവൃത്തരാം
ധന്യരെക്കൊണ്ടാക്കുക,ധ്വരത്തിങ്കൽ നീ! (11)

വ്യോമത്തിൽനിന്നിങ്ങുഷസ്സേ, വരുത്തുക,
സോമപാനത്തിനു വാനോരെയൊക്കയും;
എത്തിയ്ക്ക, നീ ബഹുഗോവാജികളെയും
സ്തുത്യസുവീര്യമാമന്നവും ഞങ്ങളിൽ! (12)

ആരുടെ തേജസ്സു കല്യാണകാരിയായ്
വൈരിവിധ്വംസിയായ്ക്കാണപ്പെടുന്നിതോ;
നമ്മൾക്കു നല്കട്ടെ വിത്തമുഷസ്സവൾ
ശർമ്മദം, വിശ്വവരേണ്യം, ശുഭാത്മകം! (13)

അന്നവും രക്ഷയും തേടി, മഹിതയാം
നിന്നെയല്ലോ തുലോം വാഴ്ത്തി, പൂർവർഷിമാർ;
കൊണ്ടാടുകമ്മട്ടുഷസ്സേ, തെളിഞ്ഞൊളി–
ക്കൊണ്ടു, സമ്പത്തെടുത്തെ,ങ്ങൾതൻ സ്തോത്രവും! (14)

ദ്യുവെളിച്ചത്താലുഷോദേവി, സാമ്പ്രതം
ദ്യോവിൻപടികൾ തുറന്നിങ്ങു വന്ന നീ
തന്നരുൾകെങ്ങൾക്കു, നിർബാധവിസ്തീർണ്ണ-
സുന്ദരഗേഹവും, ഗോയുതമന്നവും! (15)

തന്നരുൾകെങ്ങൾക്കുഷസ്സേ, പലതരം
കുന്നിച്ച വിത്തവും, ഗോനികരത്തെയും;
വന്ദ്യേ, സമസ്താരിമർദ്ദിയാം കീർത്തിയും
തന്നരുൾകന്നവും, നീ വാജിനീവതി! (16)

## കുറിപ്പുകൾ: സൂക്തം 48.

1. ധനത്തൊടും പീവരാന്നത്തൊടും സമ്പത്തൊടുംകൂടി–ഞങ്ങൾക്കു തരാൻ ധനത്തൊടും തടിച്ച (മഹത്തായ) അന്നത്തൊടും, സമ്പത്തൊടും (ഗവാശ്വാദി യൊടും)കൂടി, പുലരിയെ ആവിഷ്കരിയ്ക്കുക (പ്രഭാതത്തെ പ്രത്യക്ഷമാക്കുക, പ്രഭാതത്തിൽ വന്നുചേരുക). വിഭാവരി എന്നത് ഉഷസ്സിന്റെ മറെറാരു പേരാണ്.
2. സ്വത്തൊക്കെ നല്കും=സർവസമ്പദ്ദാത്രികൾ. നിങ്ങൾ ഉഷോദേവതമാർ. എത്രവന്നെത്തീ–വളരെ പ്രാവശ്യം വന്നിരിയ്ക്കുന്നു. ധന്യർ=ധനവാന്മാർ.

3. സ്വാഗമനത്തിൽ—താൻ പോരുമ്പോൾ. ധനകാംക്ഷികൾപോലവേ-കച്ചവടക്കാർ സാഗരത്തിൽ തോണികളെയെന്നപോലെ.

4. ആഗമം = ആഗമനം. ഉന്നുന്നു—താൽപര്യപ്പെടുന്നു. ഇപ്പൊഴേ—നീ വന്ന സമയത്തുതന്നെ. ദാനവും ദാതൃസ്തുതിയും പ്രഭാതത്തിൽത്തന്നേ ചെയ്യപ്പെടുന്നത് ഉഷസ്സിന്റെ പ്രഭാവത്തെ വെളിപ്പെടുത്തുന്നു.

5. വൃദ്ധത ജീവികൾക്കേകും—ഓരോ പുലരിയിലും ആയുസ്സിന്റെ ഓരോ അംശം കുറഞ്ഞു, ജീവികൾ വാർദ്ധകമടയുന്നു. ആകെ വൃത്തി ചേർപ്പാൻ—എല്ലാടത്തും സ്വച്ഛത വരുത്താൻ. വീട്ടമ്മ-ഗൃഹകൃത്യങ്ങൾ നടത്തിയ്ക്കുന്ന ഗൃഹിണി. കാലുള്ളോർ നികേതത്തിൽനിന്നിറങ്ങുന്നു—മനുഷ്യരും മറ്റും ഉറക്കംവിട്ടു പാപ്പിടങ്ങളിൽനിന്നു സ്വന്തം സ്വന്തം ജോലികൾക്കായി പുറപ്പെടുന്നു.

6. കാലുറപ്പിയ്ക്കാത്ത—നില്ക്കാതെ വേഗം പോയ്ക്കളയുമല്ലോ, പുലർകാലം. യാചകന്മാരെയും വേലയ്ക്ക് (കൊടുക്കുന്നവരുടെ ഗൃഹങ്ങളിൽ പോകാൻ) ഇറക്കുന്നു. വാജിനീവതി—ഉഷോദേവതയുടെ ഒരു പേർ.

8. സുനേത്രി—അഭിമതഫലത്തെ നന്നായി കൊണ്ടുവരുന്നവൾ. ഈ ഉഷസ്സു ജഗത്തിന്ന് ഇഷ്ടത്തെ നല്കുന്നു; അനിഷ്ടത്തെ നീക്കുന്നു.

9. കുളിർമ—ആഹ്ലാദം.

10. വിഭാവരി—ഉഷഃപര്യായം. നാനാധനേ = വിവിധങ്ങളായ ധനങ്ങളോടുകൂടിയവളേ.

11. മനുഷ്യർ-യജമാനനും മറ്റും. ധന്യർ—സുകൃതികൾ. അധ്വരം—ഹിംസാരഹിതമായ യാഗം.

12. വ്യോമം—അന്തരിക്ഷം. വാനോർ = ദേവകൾ. സ്തുത്യസുവീര്യം = സ്തുത്യവും നല്ല വീര്യത്തോടുകൂടിയതും.

13. ശർമ്മദം = സുഖപ്രദം. വിശ്വവരേണ്യം = സർവാഭികാമ്യം. ശുഭാത്മകം = ശോഭനരൂപം. മൂന്നും വിത്തത്തിന്റെ വിശേഷണം.

14. മഹിത = പൂജിത. സമ്പത്ത്—ഞങ്ങൾ തന്ന ഹവിസ്സ്.

15. ദ്യോവിൻപടികൾ—ഇരുട്ടടഞ്ഞിരുന്ന കിഴക്കും പടിഞ്ഞാറുമാകുന്ന ദിഗ്ഭാഗങ്ങൾ. ഗോയുതം = ഗോക്കളോടുകൂടിയത്; അന്നത്തെയും ഗോക്കളെയും.

16. സമസ്താരിമർദ്ദി = ശത്രുക്കളെയെല്ലാം നശിപ്പിയ്ക്കുന്നത്. വാജിനീവതി—ഉഷോദേവത.

## സൂക്തം 49.

പ്രസ്കണ്വൻ ഋഷി: അനുഷ്ടുപ്പ് ഛന്ദസ്സ്; ഉഷസ്സ ദേവത. (കാകളി)

പൂതമാർഗ്ഗങ്ങളിലൂടേ വരികിങ്ങു,
മീതേ വിളങ്ങുന്ന വാനിങ്കൽനിന്നു നീ:
നിന്നെയെത്തിയ്ക്കട്ടെ, സോമവാൻതൻ ഗൃഹം-
തന്നിലുഷസ്സേ, തുടുപ്പാർന്ന ഗോവൃകൾ! (1)

ദ്യോവിൻകുമാരി, നീ കേറുമാറുള്ളതു
സൌവർണ്ണമാമേതു സൌഖ്യദത്തേരിലോ;
കല്പിച്ചതിലൂടെ വന്നുചേർന്നീടുകി,–
ന്നിപ്പോളുഷസ്സേ, സുഹവ്യപ്രദങ്കൽ നീ! (2)

വെൺനിറം വീശുമുഷസ്സേ, തിരുവടി
വന്നുചേരുന്നതു കണ്ടാൽത്തെരുതെരെ
പോക്കു തുടങ്ങും, ദിഗന്തങ്ങളിൽനിന്നു
നാല്ക്കാലിയുമിരുകാലിയും പക്ഷിയും. (3)

കൂരിരുൾ പോക്കിയുഷസ്സേ, കതിർകളാൽ–
പ്പാരിൽ വെളിച്ചം പരത്തി ലസിപ്പു നീ;
സ്തോത്രവചസ്സുകൾകൊണ്ടബ്ഭവതിയെ
വാഴ്ത്തുന്നു കണ്വർ, ധനാവാപ്തിവാഞ്ഛയാൽ! (4)

### കുറിപ്പുകൾ: സൂക്തം 49.

1. സോമവാൻ = സോമത്തോടുകൂടിയവൻ, യജമാനൻ. തുടുപ്പാർന്ന ഗോവൃകൾ–ചുകന്ന പൈക്കളത്രേ, ഉഷസ്സിന്റെ വാഹനം.
2. സൌവർണ്ണം = സ്വർണ്ണമയം. സുഹവ്യപ്രദങ്കൽ–നിനക്കു നല്ല ഹവിസ്സു തരുന്ന യജമാനന്റെ അടുക്കൽ.
4. ധനാവാപ്തിവാഞ്ഛ = ധനം കിട്ടേണമെന്ന അഭിലാഷം.

## സൂക്തം 50.

പ്രസ്കണ്വൻ ഋഷി; ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; സൂര്യൻ ദേവത.

എടുത്തുപൊക്കുന്നു, ജഗത്തിന്നു കാണായ്വരുംവിധം,
ആജ്ജാതവേദസ്സായുള്ള സൂര്യദേവനെ രശ്മികൾ! (1)

അച്ചോരർപോലെ മായുന്നു രാക്കളും താരകങ്ങളും,
വെളിച്ചം പാരിൽ വീശുന്ന സൂര്യനിങ്ങെഴുനള്ളവേ! (2)

ഇവന്റെയടയാളങ്ങൾ കിരണങ്ങൾ ജനങ്ങളെ
ക്രമേണ തൃക്കൺപാർക്കുന്നു; കത്തുമഗ്നികൾപോലവേ! (3)

വിശ്വൈകദൃശ്യൻ, തരണിയല്ലോ, ജ്യോതിഷ്കരൻ ഭവാൻ;
അന്തരിക്ഷപ്പരപ്പാകെശ്ശോഭിപ്പിയ്ക്കുന്നു സൂര്യ, നീ. (4)

ദേവപ്രജകൾതൻ മുന്നിൽ മനുഷ്യരുടെ മുന്നിലും
ഉദിച്ചുപോരുന്നു ഭവാൻ, വാർവിണ്ണിൻ മിഴിമുന്നിലും! (5)

ഹേ പാവക, വെളിച്ചത്താലിജ്ജനാവാസഭൂമിയെ
ക്രമാൽ ക്രമാൽസ്സമീക്ഷിപ്പോനല്ലോ, വരുണനാം ഭവാൻ! (6)

വിശാലമാം ദ്യുലോകത്തിൽ വിശേഷാലണയുന്നു നീ,
സൂര്യ, രാപകൽ നിർമ്മിച്ചും ഭൂതജാതത്തെ നോക്കിയും! (7)

തേരിലേഴ ഹരിത്തുക്കൾ വഹിയ്ക്കുന്നു പ്രകാശക,
കതിർക്കേശങ്ങളുടയ ഭവാനെദ്ദേവ, ഭാസ്കര! (8)

തേർക്കു പൂട്ടുന്നു, വീഴ്ത്താതെ പായുമേഴശ്വമാതരെ;
സ്വയമേ ചേരുമവയാലെഴുനള്ളുന്നു ഭാസ്കരൻ. (9)

ഇരുളിൻമീതേ മുന്തിയ
തേജസ്സിനെ നോക്കിയുപചരിയ്ക്കുക നാം,
ദേവകളിൽവെച്ചു ദേവനു–
മുത്തമതേജസ്സുമായ കതിരവനെ! (10)

ഇപ്പൊഴുതുദിച്ചുപൊങ്ങി
ദ്യോവിൽക്കേറും പ്രിയപ്രകാശൻ നീ
പേർത്തു ശമിപ്പിച്ചരുളുക,
ഹൃദ്രോഗവുമർക്ക, പച്ചനിറവും മേ. (11)

വെയ്ക്കാവു, തത്തകളിലോ
ശാരികകളിലോ ഇവന്റെ പച്ചനിറം;
അരിതാരമരങ്ങളിലും
കൊണ്ടേല്പിയ്ക്കാ,മിവന്റെ പച്ചനിറം; (12)

സർവബലത്തൊടുമൊത്തെ,ൻ–
ശത്രുവിനെക്കൊല്ലുവാനിതാ, സൂര്യൻ
നന്നായുദിച്ചുയർന്നാൻ;
എന്നാൽ, ഞാൻ ഹിംസിയായ്ക ശത്രുവിനെ! (13)

## കുറിപ്പുകൾ: സൂക്തം 50.

1. ജാതവേദസ്സ്=ജനിച്ചതിനെ (ജീവലോകത്തെ) എല്ലാം അറിഞ്ഞവൻ.
2. രാക്കൾ=രാത്രികൾ. സൂര്യനുദിയ്ക്കുന്നതോടേ ചോരൻ ഒളിയ്ക്കുമല്ലോ. താരകങ്ങൾ=നക്ഷത്രങ്ങൾ,
4. തരണി–സൂര്യപര്യായങ്ങളിലൊന്ന്. വളരെ വഴി കടക്കുന്നവൻ എന്നു പദാർത്ഥം:

   “യോജനാനാം സഹസ്രേ ദ്വേ ദ്വേ ശതേ ദ്വേ ച യോജനേ
   ഏകേന നിമിഷാർദ്ധേന ക്രമമാണ, നമോസ്തു തേ.”

   എന്ന പദ്യം ഇവിടെ സ്മരണീയം. ജ്യോതിഷ്കരൻ=ജ്യോതിസ്സിനെ (പ്രകാശത്തെ) ഉണ്ടാക്കുന്നവൻ.
5. ദേവപ്രജകൾ=മരുത്തുക്കൾ. വാർവിണ്ണ്=വിശാലമായ സ്വർഗ്ഗം. സൂര്യനെ നോക്കുന്ന ആർക്കും തോന്നുമല്ലോ, ‘എന്റെ മുമ്പിലാണ്, ഉദിച്ചിരിയ്ക്കുന്നതെ’ന്ന്!
6. പാവക=ശുദ്ധിപ്പെടുത്തുന്നവനേ. വരുണൻ–അനിഷ്ടനിവാരകൻ. സമീക്ഷിയ്ക്കുക=നോക്കുക; പ്രകാശിപ്പിയ്ക്കുക എന്നു സാരം.
7. ദ്യുലോകം–അന്തരിക്ഷം. രാപകൽ=രാത്രികളും പകലുകളും. ഭൂതജാതം=ജീവജാലം.
8. ഹരിത്തുക്കൾ=അശ്വങ്ങൾ; അല്ലെങ്കിൽ രശ്മികൾ. കതിർക്കേശങ്ങൾ=കിരണങ്ങളാകുന്ന തലമുടി.
9. അശ്വമാതരെ=പെൺകുതിരകളെ. അവ സ്വയമേ ചേരുന്നവയാണ്; കൊണ്ടു വന്നു പൂട്ടേണ്ട. എഴുനള്ളുന്നു–യാഗശാലയിലെയ്ക്കു വരുന്നു; അവിടെയ്ക്ക് ഹാവിസ്സർപ്പിയ്ക്കണം.
10. തേജസ്സിനെ–സൂര്യന്റെ ദീപ്തിയെ.
11. പ്രിയപ്രകാശൻ–ഏവർക്കും പ്രിയപ്പെട്ട പ്രകാശത്തോടുകൂടിയവൻ. മേ=എന്റെ. ഹൃദ്രോഗവും പച്ചനിറവും (ദേഹത്തിൽ വന്നുകൂടിയ വൈവർണ്യവും) ശമിപ്പിച്ചരുളുക.
12. എന്റെ പച്ചനിറം തത്തകൾക്കും മറ്റുമേ ചേരു; മനുഷ്യനു ചേരില്ല. അതിനാൽ ഇതു ശമിപ്പിച്ചരുളുക.
13. ശത്രുവിനെ (രോഗത്തെ) ഞാൻ ഹിംസിയായ്ക (ഹിംസിയ്ക്കാതിരിയ്ക്കട്ടെ); എന്റെ ശത്രുവിനെപ്പോലും ഞാൻ ഉപദ്രവിയ്ക്കില്ല. സൂര്യൻതന്നെ എന്റെ വൈവർണ്യരോഗത്തെ ശമിപ്പിച്ചരുളട്ടെ.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## നാലാം അദ്ധ്യായം

മണ്ഡലം 1 അനുവാകം 10

## സൂക്തം 51.

അംഗിരസ്സിന്റെ പുത്രൻ സവ്യൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കേക)

ആ മേഷൻ പുരുഹൂതനുക്കിനു വില്പോൻ, വിത്ത-
സ്തോമാബ്ധിയിന്ദ്രന്നിമ്പം വളർപ്പിൻ, സ്തുതികളാൽ;
ആരുടെ കർമ്മം വെയിൽപോലവേ നരർക്കിഷ്ടം,
സ്വാരാനുഭവനാമാ വിപ്രനെപ്പൂജിയ്ക്കുവിൻ! (1)

ഭദ്രാഭിഗമനനാം കെല്പേറുമിന്ദ്രൻതങ്ക–
ലൊത്ത കാവലായ് നിന്നാർ ദക്ഷരാം മരുത്തുക്കൾ;
മദഹർത്താവായ് വാനത്തൊളി വീശുന്ന ശത–
ക്രതുവെ പ്രേരിപ്പിച്ചു സൂനൃതോക്തിയും ചാരേ. (2)

അംഗിരസ്സുകൾക്കായിത്തുറന്നു ഗോത്രത്തെ നീ–
യ;–ത്രിയെശ്ശതദ്വാരങ്ങളിൽനിന്നയച്ചു നീ;
സ്വത്തുമന്നവും കൊണ്ടുവന്നു നീ വിമദന്നായ്;
നൃത്തമാടിച്ചു പോരിൽ വജ്രത്തെ, വാസ്തവ്യന്നായ്! (3)

തുറന്നു വെള്ളത്തിന്റെ പാഴടപ്പുകളെ നീ;
ഗിരിമേൽ നിക്ഷേപിച്ചു, ദാനവരുടെ ധനം;
വൃത്രനാം വിദ്രോഹിയെക്കൊന്നു നീ കരുത്താലേ;
പ്രത്യക്ഷമാകുംവണ്ണം കേററി, സൂര്യനെ വാനിൽ! (4)

സ്വധയെ സ്വന്തം തെളിവായിലേ ളുകിപ്പോന്ന
ധൂതമായരെബ്ഭവാൻ മായയാൽപ്പറപ്പിച്ചു;
പിപ്രുവിൻ പുരങ്ങളെപ്പൊതുക്കീ, ദയാലു നീ;
ദസ്യുയുദ്ധത്തിലൃജിശ്വാവിനെസ്സംരക്ഷിച്ചു! (5)

അഭിരക്ഷിച്ചു ഭവാൻ കുത്സനെശ്ശുഷ്ണപ്പോരി–
ല;–തിഥിഗന്ധ്വന്നായ്ക്കൊന്നു ശംബരനെയും;
ക്രൂററനർബുദൻതങ്കൽച്ചവുട്ടിക്കേറി കാലാൽ;
മാററാരെ മഥിപ്പതിൽ ശ്രദ്ധാലു, ഭവാൻ പണ്ടേ! (6)

നില്പുണ്ടു പിന്മാറാതേ നിഖിലൌജസ്സും നിങ്കൽ;
നിൻതിരുമനം സോമപാനത്തിനിമ്പംകൊൾവൂ;
വജ്രമുണ്ടല്ലോ–ഞങ്ങൾക്കാറിയാം–നിൻതൃക്കയ്യിൽ;
വിച്ഛേദിച്ചരുൾക നീ വൈരിതൻ വീറെല്ലാമേ! (7)

മാന്യന്മാരെയും കള്ളന്മാരെയുമറിഞ്ഞിട്ടു
മാററാരെശ്ശിക്ഷിച്ചടക്കുക, നീ യജ്ഞസ്ഥന്നായ്;
പേർത്തുണർത്തുക യജമാനനെസ്സശക്തൻ നീ;
വാഴ്ത്താവൂ മഖങ്ങളിൽ, ത്വൽക്കർമ്മമിതെല്ലാം ഞാൻ! (8)

കീഴടക്കുന്നു യജ്ഞപ്രവൃത്തന്ന,യജ്ഞരെ;
വീഴിപ്പൂ സ്തുതിപ്പോരാല,സ്തോതാക്കളെയിന്ദ്രൻ;

മുതിർന്നു വീണ്ടും മുതിരുന്ന വിൺപെരുമാളെ
സ്തുതിച്ചിട്ടല്ലോ, വമ്രൻ വരുത്തീ ഭൂസാരത്തെ! (9)

കെല്പിനാൽശ്ശുക്രൻ മൂർച്ചകൂട്ടി നിൻകെല്പിന്നെപ്പോ–
ളപ്പൊളത്തീക്ഷ്ണൌജസ്സാൽ നടുങ്ങി, ദ്യോവും ഭൂവും;
നിറവു വരും നിന്നെ ഹവിസ്സിന്നെത്തിയ്ക്കട്ടേ,
നിനച്ചാൽച്ചേരും വാതാശ്വങ്ങളത്യുദാരാത്മൻ! (10)

ശുക്രനിച്ഛിയ്ക്കെ,സ്സമം സ്തുതിയ്ക്കപ്പെട്ടാലിന്ദ്രൻ
വക്രഗാമികളായ രണ്ടശ്വങ്ങളിൽക്കേറും;
ഉഗ്രനംബുദത്തിൽനിന്നൊഴുക്കീ ജലങ്ങളെ;–
യുൽക്കടങ്ങളാം ശുഷ്ണപുരങ്ങൾ ചിതറിച്ചൂ! (11)

സോമപാനത്തിന്നായ് നീ സ്വയമേ തേരിൽക്കേറ,–
മാമോദപ്രദങ്ങൾ തേ, ശാര്യാതസംഭാരങ്ങൾ;
മറ്റു സോമത്തെപ്പോലേ കൈക്കൊള്ളുകിവയും നീ;-
യറ്റുപോകാത്ത യശസ്സുളവാം, സ്വർഗ്ഗത്തിൽത്തേ! (12)

സോമനീർ തെയ്യാറാക്കി സ്തുതിച്ച കക്ഷീവാനാ–
മാ മഹാന്നരുളി, നീ വൃചയാതരുണിയെ;
മേനയായ്, വൃഷണശ്വന്നിന്ദ്ര, നീ സുകർമ്മാവേ;
നൂനമധ്വരങ്ങളിൽ സ്തോതവ്യ,മിതെല്ലാമേ! (13)

അംഗിരസ്സുകളെവർ നതിയാൽ നാട്ടീ യൂപ–
മസ്സുധീകളെയിന്ദ്രൻ താങ്ങിനാൻ, വറുതിയിൽ;
മാടിനെ,ക്കുതിരയെ,ത്തേരിനെ,സ്സമ്പത്തിനെ–
ത്തേടുവോനാണിപ്പോഴും, ധനദാതാവാമിന്ദ്രൻ! (14)

വൃഷ്ടികർത്താവും സ്വയംദീപ്തനും സത്യൌജസ്സും
പുഷ്ടിമാനുമാമവിടെയ്ക്കിതാ, നമസ്കാരം!
ഇന്ദ്ര, പോരിതിൽ വീരാന്വിതരാം ഞങ്ങൾ, ഭവാൻ
തന്ന നൽഗൃഹത്തിങ്കൽപ്പാർക്കാവൂ, ബുധരുമായ്! (15)

## കുറിപ്പുകൾ: സൂക്തം 51.

അംഗിരസ്സ് എന്ന ഋഷി ഇന്ദ്രതുല്യനായ ഒരു പുത്രനെ കാംക്ഷിച്ച ദേവതകളെ ഉപാസിച്ചുതുടങ്ങി. അപ്പോൾ, ഇന്ദ്രൻ, സ്വതുല്യനായ ഒരുവൻ ഉണ്ടാകരുതെന്നു കരുതി, താൻതന്നെ അംഗിരഃപുത്രനായി ജനിച്ചു; ആ പുത്രനത്രേ, സവ്യൻ.

1. ആ മേഷൻ–ഇന്ദ്രൻ ഒരാടായിച്ചമഞ്ഞു മേധാതിഥി എന്ന ഋഷിയുടെ സോമം കുടിച്ചുകളഞ്ഞു; അപ്പോൾ ആ ഋഷി ഇന്ദ്രനെ ആടെന്നു വിളിച്ചു. അതിനാൽ ഇന്ദ്രന്നു മേഷമെന്ന പേർ ഇന്നും നിലനില്ക്കുന്നു. ഋക്കിനു വില്പോൻ–ഋക്കാകുന്ന വിലയ്ക്കു തന്നെത്താൻ വില്ക്കുന്നവൻ; സ്തോതാവിന്നു വശഗനായിത്തീരുന്നവൻ. സ്വാരാനുഭവൻ–പ്രവൃദ്ധോപഭോഗൻ. വിപ്രൻ = മേധാവി.

2. ഭദ്രാഭിഗമനൻ = ശോഭനമായ യാത്ര(ജൈത്രയാത്ര)യോടുകൂടിയവൻ. വൃത്രയുദ്ധത്തിൽ മറ്റു ദേവകളെല്ലാം പിന്മാറിക്കളഞ്ഞു; എന്നാൽ ദക്ഷരായ (സമർത്ഥരായ) മരുത്തുക്കൾ ഇന്ദ്രന്റെ രക്ഷകരായി നിന്നു. മദഹർത്താവ്–ശത്രുക്കളുടെ ഗർവടക്കുന്നവൻ.

സൂനൃതോക്തി=പ്രിയസത്യയായ വാഗ്ദേവി. പ്രേരിപ്പിച്ചു–'ഭഗവൻ, പ്രഹരിയ്ക്കുക' എന്നുത്സാഹപ്പെടുത്തി.

3. ഗോത്ര(മേഘ)ത്തെ തുറന്നു–മഴപെയ്യിച്ചു. അല്ലെങ്കിൽ, ഗോത്രത്തെ (പേണികളാൽ അപഹൃതമായ ഗോസമൂഹത്തെ) തുറന്നു (വെളിപ്പെടുത്തി); അസുരന്മാരാൽ ശതദ്വാരയന്ത്രങ്ങളിലിടപ്പെട്ട അത്രിയെ (അത്രി എന്ന ഋഷിയെ) മോചിപ്പിച്ചയച്ചു. വിമദൻ–ഒരു ഋഷി. വാസ്തവ്യന്നായ്–സ്തുതിച്ചുനില്ക്കുന്നവന്നുവേണ്ടി.

4. വെള്ളത്തിന്റെ പാഴടപ്പുകളെ–മേഘങ്ങളെ. ദാനവരുടെ (വൃത്രാദികളുടെ) ധനം കൈവശപ്പെടുത്തി, ഗിരിമേൽ (സ്വാവാസസ്ഥാനമായ പർവതത്തിൽ) നിക്ഷേപിച്ചു. പ്രത്യക്ഷമാകുംവണ്ണം–അതുവരെ, കനത്ത മൂടലിലായിരുന്നു, സൂര്യൻ.

5. സ്വധ–ഹവിസ്സ്. തെളിവായിലേ–തെളിഞ്ഞ വായിൽത്തന്നെ; അഗ്നിയിലല്ല. ധൂതമായർ–മായാവികൾ, അസുരർ. മായ–ജയോപായജ്ഞാനം. പിപ്രു–ഒരസുരൻ; അവനാൽ ഉപദ്രവിയ്ക്കപ്പെട്ട ഋജിശ്വാവിനെ (എന്ന യജമാനനെ) സംരക്ഷിച്ചു. ദസ്യുയുദ്ധം–ദസ്യുക്കളോടുള്ള യുദ്ധം.

6. കുത്സൻ–ഒരു ഋഷി. ശുഷ്ണപ്പോരിൽ–ശുഷ്ണൻ എന്ന അസുരനെ കൊല്ലാൻ ചെയ്ത യുദ്ധത്തിൽ. അതിഥിഗന്തവ്യന്നായ്–ദിവോദാസനെ രക്ഷിപ്പാൻ വേണ്ടി. അർബുദൻ–ഒരസുരൻ.

7. വിച്ഛേദിയ്ക്കുക–മുറിയ്ക്കുക, നശിപ്പിയ്ക്കുക. വീറ്=വീര്യം.

8. അറിഞ്ഞിട്ട്–തിരിച്ചറിഞ്ഞിട്ട്. യജ്ഞസ്ഥന്നായ്–യജമാനന്നുവേണ്ടി. മാററാരെ–യജ്ഞവിരോധികളെ. യജമാനനെ പേർത്തുണർത്തുക–യജ്ഞം യഥാവിധി അനുഷ്ഠിപ്പിച്ചാലും.

9. അയജ്ഞരെ (യജ്ഞംചെയ്യാത്തവരെ, അസുരരെ) യജ്ഞപ്രവൃത്തന്നു കീഴടക്കുന്നു; യജമാനന്ന് ഉപദ്രവം നേരിടാതാക്കുന്നു. വീഴിപ്പൂ–വധിയ്ക്കുന്നു. മുതിർന്നു വീണ്ടും മുതിരുന്ന–മുമ്പുതന്നേ വളർന്നവനാണെങ്കിലും, വീണ്ടും വളരുന്ന. വമ്രൻ–ഒരു ഋഷി. ഇദ്ദേഹം ഇന്ദ്രപ്രസാദത്താലത്രേ, ഭൂമിയുടെ സാരഭൂതമായ സംഭാരത്തെ യജ്ഞത്തിന്നു വരുത്തിയത്.

10. നിറവു വരും–മുമ്പറഞ്ഞ തീക്ഷ്ണൗജസ്സുകൊണ്ടു നിറയുന്നു. ഹവിസ്സിന്ന്–ഞങ്ങളുടെ ഹവിസ്സശിപ്പാൻ. എത്തിയ്ക്കട്ടേ–ഇവിടെ കൊണ്ടുവരട്ടെ. നിനച്ചാൽ ചേരും–വിചാരിച്ചാലപ്പോൾ തേരിനോടു ചേർന്നുനില്ക്കുന്ന. വാതാശ്വങ്ങൾ–കാററിന്നൊത്ത ഗതിവേഗമുള്ള കുതിരകൾ. അത്യുദാരാത്മൻ–രക്ഷണീയരെ അനുഗ്രഹിയ്ക്കുന്നതിൽ ഉദാരബുദ്ധിയേറിയവനേ.

11. സമം=ഒപ്പം. വക്രഗാമികൾ=വളഞ്ഞുപായുന്നവ. രണ്ടശ്വങ്ങളിൽ–രണ്ടു കുതിരകളെ പൂട്ടിയ തേരിൽ. ഉഗ്രൻ–ശത്രുക്കൾക്കു ക്രൂരൻ. ഉൽക്കടങ്ങൾ–അഭിവൃദ്ധിയേറിയവ. ശുഷ്ണപുരങ്ങൾ-ശുഷ്ണാസുരന്റെ നഗരങ്ങൾ.

12. ശാര്യാതസംഭാരങ്ങൾ–ശാര്യാതനെന്ന രാജർഷിയുടെ യാഗവിഭവങ്ങൾ. തേ=അങ്ങയ്ക്ക്. ആമോദപ്രദങ്ങൾ–അങ്ങയെ ആമോദിപ്പിയ്ക്കും. ഇവ-ശാര്യാതസംഭാരങ്ങൾ. ശാര്യാതയജ്ഞത്തെസ്സംബന്ധിച്ച് ഒരിതിഹാസമുണ്ട്.

13. കക്ഷീവാനാമാ മഹാന്ന്–ഇദ്ദേഹം, ദീർഘതമസ്സെന്ന ഋഷിയ്ക്ക് അംഗരാജമഹിഷീദാസിയിൽ ജനിച്ചവനും, രാജാവിന്ന് ഋഷിയാൽ നല്കപ്പെട്ട പുത്രനുമത്രേ. വൃചയാതരുണി=വൃചയ എന്ന യുവതി. അരുളി=സ്തുതിയാൽ പ്രസന്നനായി പ്രദാനംചെയ്തു. വൃഷണശ്വൻ–ഒരു രാജാവ്. ഇന്ദ്രൻ ആ രാജാവിന്റെ മകളായി ജനിച്ചു; അവളുടെ പേരത്രേ, മേന. സ്തോതവ്യം=സ്തുതിയ്ക്കപ്പെടേണ്ടത്.

14. നതിയാൽ നാട്ടീ യൂപം—യൂപം(യജ്ഞസ്തംഭം)പോലെ നിശ്ചലമായ സ്തുതി ചൊല്ലി. സുധീകൾ = ശോഭനപ്രജ്ഞർ. വറുതിയിൽ താങ്ങിനാൻ—ദാരിദ്ര്യം പോക്കി രക്ഷിച്ചു. മാടിനെയും മറ്റും തേടുന്നതു, യജമാനന്മാർക്കു സമ്മാനിപ്പാൻതന്നെ.

15. പുഷ്ടിമാൻ = സമൃദ്ധിമാൻ. വീരാന്വിതർ—വീരഭടരോടുകൂടിയവർ.

## സൂക്തം 52.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കേക)

സ്വൈരമർച്ചിയ്ക്ക ഭവാനാ, മേഷനാമാവാകും
നൂറുപേരൊപ്പം പുകഴ്ത്തുന്ന വിൺപെരുമാളെ:
ക്രതുവിന്നൊരശ്വംപോലോടുമിന്ദ്രന്റെ രഥം
സ്തുതിച്ചിങ്ങോട്ടു തിരിപ്പിയ്ക്കുവൻ, രക്ഷയ്ക്കായ് ഞാൻ! (1)

എന്നു, ഹവ്യത്താലിമ്പം മൂത്തിന്ദ്രൻ ജലം തടു–
ക്കുന്ന വൃത്രനെക്കൊന്നു നീർ കിഴ്പോട്ടൊഴുക്കിയോ;
അന്ന,തിലൊരു മലപോലെ നിശ്ചലനായ് നി–
ന്നുന്നതബലം പൂണ്ടാനാ,യിരം രക്ഷയൊടും! (2)

വൈരികൾക്കതിവൈരിയിന്ദ്രനദ്ദേഹം സോമ-
നീരിനാൽത്തടിച്ചി,മ്പം നല്കി വാഴ്കുന്നു വാനിൽ;
അന്നദനാമബ്ഭ്രരിവിത്തനെദ്ധീമാന്മാരോ–
ടന്വിതനായ് ഞാൻ സൽക്കർമ്മേച്ഛയാ വിളിയ്ക്കുന്നേൻ! (3)

വിണ്ടലത്താരിൽച്ചേർന്നീടുന്ന സോമത്തിൻ നീർകൾ,
തന്റെയാറുകൾ നേരേ ചെന്നംഭോധിയിൽപ്പോലേ;
വൃത്രഹത്യയിലായിന്ദ്രനു കാവലായ് നിന്നാർ,
സദ്രൂപരസപത്നരരിംഘ്ലർ മരുത്തുക്കൾ. (4)

മത്തുപൂണ്ടടരാടുമിന്ദ്രന്റെ കാവല്ക്കാരാ
വൃത്രങ്കൽക്കുതിച്ചെത്തീ, വെള്ളങ്ങൾ കുണ്ടിൽപ്പോലേ;
തെളിസോമത്താൽദ്ധൃഷ്ടൻ വജ്രവാൻ വലനെയും
പിളർത്തീ, മൂന്നാമനാ മൂടിയെക്കണക്കിനെ! (5)

നീർ തടുത്താകാശത്തിൻമുകളിൽശ്ശയിച്ച ദു-
ർബ്ബോധവ്യാപനനാകും വൃത്രന്റെ ഹനുക്കളിൽ
എയ്തല്ലോ ഭവാനിന്ദ്ര, വജ്ര;–മപ്പൊഴുതു നിൻ
ജ്യോതിസ്സു ചൂഴെപ്പാളീ, തിളങ്ങി ബലവും തേ! (6)

നീരൊഴുക്കുകൾ കയത്തിങ്കലാംവിധം നിങ്കൽ-
ച്ചേരുന്നൂ, തുലോം നിന്നെപ്പുകഴ്ത്തും വന്മന്ത്രങ്ങൾ;
ത്വഷ്ടാവു വളർത്തി നിൻ തക്കതാം ബലമിന്ദ്ര;
നിഷ്ഠുരൌജസ്സാം വജ്രത്തിന്നു മൂർച്ചയും കൂട്ടീ! (7)

ഇന്ദ്ര, സാധിതക്രതോ, മർത്ത്യരെ നടത്തനായ്–
ക്കൊന്നു വൃത്രനെ,പ്പെയ്തു മഴയും ഹര്യശ്വൻ നീ;
ഹസ്തത്തിലെടുത്തു നീയിരിമ്പാകിയ വജ്രം;
നിർത്തി സൂര്യനെ വാനിൽ,ക്കാണുമാറാകുംവണ്ണം! (8)

അന്നാ,ഹ്ലാദകശ്രീയും, ബലവത്തുമായ്, വിണ്ണേ–
റ്റുന്നതാം ബൃഹത്സാമം പാടി വാഴ്ത്തിനാർ ഭീതർ;
നാകരക്ഷികൾ മരുത്തുക്കളുമുയിരായ് നി-

ന്നേകിനാരിന്ദ്രന്നിമ്പം, മാനുഷാർത്ഥമാം പോരാൽ! (9)

പേടിച്ച പതറിപ്പോയ് ബലവത്താകും സ്വർഗ്ഗം–
കൂടിയു,മഹിയാമീ വൃത്രന്റെയലർച്ചയാൽ;
ബാധിതക്ഷിതിദ്യോവാമവന്റെ ശിരസ്സിന്ദ്ര,
കൊയ്തല്ലോ ബലാൽ, സോമമത്തനാം തവ വജ്രം! (10)

എപ്പൊഴോ ക്ഷിതിയിന്ദ്ര, പത്തിരട്ടിയായ്ത്തീരു,–
മെപ്പൊഴോ നരരെല്ലാനാൾകളും വലുതാക്കും;
അപ്പൊഴേ പുകൾപ്പെട്ടു, നിൻബലം മഘവാവേ:
ത്വൽപ്രഭാവത്താൽച്ചെയ്യപ്പെട്ടതു വിണ്ണിന്നൊപ്പം! (11)

ഈയന്തരിക്ഷത്തിന്നുമുകളിൽസ്സഹജൌജ–
സ്സായി വാഴ്വോനേ, രിപുധ്വംസോൽക്ക, രക്ഷയ്ക്കായ് നീ
ഭുവിനെത്തീർത്തു; ബലത്തിന്നു നീയുപമാനം;
സേവനാർഹമാം വാനും സ്വർഗ്ഗവും കൈക്കോണ്ടോൻ നീ. (12)

വാരുററ ഭൂർല്ലോകത്തിന്നുപമാഭൃതൻ ഭവാൻ;
വീരസുന്ദരരുടെ വൻനാടിന്നുടയവൻ;
അന്തരിക്ഷത്തിൽ നിറഞ്ഞുള്ളൊന്നു, മഹത്ത്വം തേ;
നിന്തിരുവടിയ്ക്കൊപ്പമില്ല, മററൊരാൾ നൂനം! (13)

ഹന്ത, നിൻവ്യാപ്തിയ്ക്കുഴിവാനുകൾ തികഞ്ഞതി–
ല്ല,ന്തരിക്ഷത്തിൻമീതേ വെള്ളങ്ങൾ കണ്ടീലററം;
മത്താർന്നു മഴയ്ക്കായ് മല്ലിട്ട നിന്നതിരും ക-
ണ്ടെത്തിയില്ല;–ടക്കി നീ മറ്റു പാരെല്ലാം താനേ! (14)

അപ്പോരിലഭ്യർച്ചിച്ചാരങ്ങയെ മരുത്തുക്ക;–
ളദ്ദേവരെല്ലാമങ്ങയ്ക്കിമ്പവുമുളവാക്കി;
എട്ടുകോണൊക്കും കൊലയായുധം ശരിയ്ക്കാഞ്ഞു-
വിട്ടല്ലോ ഭവാനിന്ദ്ര, വൃത്രന്റെ മൂക്കത്തെയ്ക്കായ്! (15)

## കുറിപ്പുകൾ: സൂക്തം 52.

1. അധ്വര്യുവോടു പറയുന്നു: മേഷനാമാവ്=മേഷനെന്ന പേരുള്ളവൻ. ക്രതുവി-ന്ന്–യാഗസ്ഥലത്തെയ്ക്ക് ഒരു കുതിരപോലെ കുതിച്ചോടുന്നവനാണ്, ഇന്ദ്രൻ!
2. അതിൽ–വെള്ളത്തിൽ.
3. വൈരികൾക്കതിവൈരി–ശത്രുവിജയി എന്നു സാരം. ഇമ്പം–എല്ലാവർക്കും ആഹ്ലാദം നല്കി. ധീമാന്മാരോട്–ഋത്വിക്കുകളോട്.
4. വിണ്ടലത്ത്=സ്വർഗ്ഗത്തിൽ. തന്റെ–അംഭോധിയുടെ. സമുദ്രമാണല്ലോ,നദികളു-ടെ നാഥൻ. വൃത്രഹത്യയിൽ–വൃത്രനെ കൊല്ലാൻ ചെയ്ത യുദ്ധത്തിൽ. സദ്രൂപർ=ശോഭനഗാത്രന്മാർ. അസപത്നർ=ശത്രുവില്ലാത്തവർ; ആർക്കും എതിർത്തുകൂടാത്ത-വർ എന്നു താൽപര്യം.
5. തെളിസോമത്താൽ–നിർമ്മലമായ സോമനീർ കുടിച്ചതിനാൽ. ധൃഷ്ണൻ–പ്രഗല്ഭനായിത്തീർന്നു. വലൻ–ഒരസുരൻ. മൂന്നാമനാ മൂടിയെക്കണക്കിനെ–ദേവകൾക്കു ഹവിസ്സു പററിയ

കൈ തുടയ്ക്കാൻ അഗ്നിയിങ്കൽനിന്നു വെള്ളത്തിൽ മൂന്നുപേർ ക്രമേണ ജനിച്ചു: ഏകതൻ, ദ്വിതൻ, ത്രിതൻ. അവരിൽ ത്രിതൻ കുടിപ്പാൻ വെള്ളം കോരുമ്പോൾ കിണററിൽ വീണുപോയി. ആ തക്കത്തിൽ അസുരന്മാർ കിണറടച്ചുകളഞ്ഞു. ആ മൂടിയെ പിളർത്ത് അവൻ കിണററിൽനിന്നു കേറി. മൂന്നാമൻ–ത്രിതൻ.

6. ദുർബോധവ്യാപനൻ = ദുർജ്ഞേയമായ വ്യാപനത്തോടുകൂടിയവൻ; വൃത്രന്റെ വ്യാപിയ്ക്കൽ കണ്ടുപിടിയ്ക്കവയ്യായിരുന്നു. ഹനു = അണക്കട.

7. നിഷ്ഠുരൌജസ്സ് = നിഷ്ഠുരമായ (ശത്രുക്കളെ ആക്രമിയ്ക്കുന്ന) ഓജസ്സോടു(ബലത്തോടു) കൂടിയത്.

8. സാധിതക്രതോ = യജ്ഞങ്ങൾ നിർവഹിച്ചവനേ. ഹര്യശ്വൻ = ഹരികളെന്ന കുതിരകളോടുകൂടിയവൻ.

9. ആഹ്ലാദകശ്രീ = ആഹ്ലാദിപ്പിയ്ക്കുന്ന ശോഭയോടുകൂടിയത്. വിണ്ണേറ്റുന്നത്–ചൊല്ലുന്നവർക്കു സ്വർഗ്ഗവാസം നല്കുന്നത്. ബൃഹത്സാമം–സ്തോത്രത്തിന്റെ പേർ. ഭീതർ–വൃത്രനെ പേടിച്ചിരുന്നവർ. നാകരക്ഷികൾ = സ്വർഗ്ഗത്തിന്റെ കാവല്ക്കാർ. ഉയിരായ്നിന്ന്–മനുഷ്യരിൽ പ്രാണരൂപേണ വർത്തിച്ച്. മാനുഷാർത്ഥമാം-മനുഷ്യരുടെ നന്മയ്ക്കുവേണ്ടിയുള്ള.

10. ബാധിതക്ഷിതിദ്യോവ് = ഭൂമിയെയും ആകാശത്തെയും ഉപദ്രവിച്ചവൻ. സോമമത്തൻ = സോമം കുടിച്ചു മത്തുപിടിച്ചവൻ.

11. അങ്ങയുടെ ബലയശസ്സ് ഒതുങ്ങേണമെങ്കിൽ, ഭൂമി പതിന്മടങ്ങു വലുതാവണം; വർണ്ണിയ്ക്കപ്പെടണമെങ്കിൽ, മനുഷ്യരുടെ ദിവസങ്ങൾക്കു നീളം കൂടിവരണം. അങ്ങു ചെയ്തതു (വൃത്രവധവും മറ്റും) സ്വർഗ്ഗംപോലെ മഹത്താകുന്നു.

12. രിപുധ്വംസോൽക്ക = ശത്രുവധതൽപര. രക്ഷയ്ക്കായ്–ഞങ്ങളെ രക്ഷിപ്പാൻ. ബലത്തിന്നു നീയുപമാനം–ബലവാന്മാരെ അങ്ങയോടാണുപമിയ്ക്കുക. സേവനാർഹം = സേവ്യം.

13. വീരസുന്ദരർ–വീരരും സുന്ദരരുമായിട്ടുള്ളവർ, ദേവന്മാർ.

14. അററം–നിൻവ്യാപ്തിയുടെ, തേജസ്സിന്റെ, അതിർ. കണ്ടെത്തിയില്ല–വൃത്രാദികൾ കണ്ടില്ല. താനേ = ഒററയ്ക്ക്.

15. അഭ്യർച്ചിച്ചാർ = പൂജിച്ചാർ; ‘ഭഗവൻ, പ്രഹരിയ്ക്കുക’ എന്നു സ്തുതിച്ചു. അദ്ദേവർ–മരുത്തുക്കൾ.

## സൂക്തം 53.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കേക)

സ്വച്ഛമായ് സ്തുതിയ്ക്കേണമിന്ദ്രനാം മഹാനെ നാ,-
മർച്ചകഗൃഹത്തിന്നു യോജിച്ച മൊഴികളാൽ:
നിദ്രിതരുടേതുപോലാശു നേടിനാൻ രത്നം;
വിത്തദന്മാരിൽ സ്തോത്രം ചീത്തയാവരുതല്ലോ! (1)

അശ്വദൻ ഭവാനിന്ദ്ര, ഗോപ്രദൻ, യവപ്രദൻ,
വസ്വധിപതി, രക്ഷാകർത്താവു, പുരാതനൻ,
കാമപൂരകൻ, ദാനനായകൻ, സഖാക്കൾക്കൊ–
രോമനസ്സഖാവ;–ങ്ങയ്ക്കേങ്ങൾതൻ സ്തോത്രമിതാ! (2)

ബുദ്ധിമന്നിന്ദ്ര, ദീപ്തിമത്തര, ബഹുകർമ്മൻ,
സ്വത്തിതെല്ലാമേ–ഞങ്ങൾക്കറിയാം–നിന്റേതുതാൻ;
സംഭരിച്ചണയ്ക്കുകി,ങ്ങരിജേതാവേ; നിങ്ക–
ലൻപൊടേ സ്തുതിപ്പോന്റെ വാഞ്ഛിതമിടിയ്ക്കൊലാ! (3)

ഇസ്സ്വച്ഛഹവിസ്സമിസ്സോമവും ഭുജിച്ചൻപാ–
ർന്ന,ശ്വഗോക്കളെത്തന്നു ദാരിദ്ര്യം തടുക്ക നീ:
ഇന്ദ്രന്നു സോമം നല്കി, ദ്രോഹിയെ വീഴ്ത്തി,ശ്ശത്രു–
വെന്നിയേ, ശരിയ്ക്കന്നത്തോടു ചേരാവൂ ഞങ്ങൾ! (4)

ഇന്ദ്ര, സമ്പത്തോ,ടന്നത്തോടൊ,ളിവീശും ബഹ്വാ–
നന്ദകാരിയാം ബലത്തോടു ചേരാവൂ ഞങ്ങൾ;
വീറ്റേറ്റ കെല്പും, മുന്നിലശ്വഗോക്കളും, ഭാസ്സു
മേറിയ നിന്നൌദാര്യത്തോടു ചേരാവൂ ഞങ്ങൾ! (5)

എന്നെതിരില്ലാതങ്ങു പോക്കി സൽപതേ, സ്തുതി–
യ്ക്കുന്ന കർമ്മിയ്ക്കായ്പ്പതിനായിരമുപദ്രവം;
അന്നാ,മാദകരു,മാ ഹവ്യവു,മസ്സോമവു–
മങ്ങയ്ക്കൊരിമ്പം നല്കീ, വൃത്രനെ വധിയ്ക്കുവാൻ! (6)

ഇന്ദ്ര, ധർഷകനാം നീ പോർകൊണ്ടു പോരിൽക്കേറും;
വെന്നിടും പുരികൊണ്ടിപ്പുരിയെക്കരുത്താൽ നീ;
വൈരിയെ വണങ്ങിയ്ക്കും മിത്രമാം വജ്രത്താൽ നീ;
ദൂരത്തു കൊന്നാനല്ലോ, മായിയാം നമുചിയെ! (7)

വധിച്ചു കരഞ്ജനെപ്പർണ്ണയനെയും ഭവാ-
നതിഥിഗ്വനുവേണ്ടി,ക്കതിർ മിന്നിയ വേലാൽ;
ഒറ്റയ്ക്കേ പിളർത്തിനാനല്ലോ നീ,യൃജിശ്വാവാൽ–
ച്ചുറ്റപ്പെട്ടിരുന്നതാം വംഗൃദപുരം നൂറും! (8)

നിസ്സഹായനാം സുശ്രുവസ്സോടു പോരിന്നേറ്റ
നാലുമിരട്ടും മാടമ്പികളെ ഖ്യാതൻ ഭവാൻ
പതിററായിരത്തിത്തൊണ്ണൂറ്റൊമ്പതാൾക്കാരൊ-

ത്തകറ്റിക്കൊണ്ടാനല്ലോ, ദുസ്സഹത്തേർച്ചക്രത്താൽ! (9)

സുശ്രവസ്സിനെക്കാത്തു ത്വൽപാലനത്താൽബ്ഭവാൻ,
ത്വത്സംരക്ഷയാലിന്ദ്ര, തൂർവയാണാഖ്യനെയും;
ആ യുവമഹാരാജാവിന്നധീനരുമാക്കീ,
നീയതിഥിഗ്വനെയു,മായുവെ, കുത്സനെയും. (10)

ഒടുവിൽദ്ദേവത്രാതരായി, നിൻസഖാക്കളായ്,
സ്സുടസൗഭഗരായ ഞങ്ങളങ്ങയെ വീണ്ടും
സ്തുതിപ്പൂ: ഭവാൻമൂലമിന്ദ്ര, ശോഭാനപുത്രാ–
ന്വിതരായ്ത്തുലോം ദീർഘായുസ്സു നേടാവൂ ഞങ്ങൾ! (11)

## കുറിപ്പുകൾ: സൂക്തം 53.

1. സ്വച്ഛമായ്=വെട്ടപ്പിൽ. അർച്ചകഗൃഹം–യാഗശാല. ഇന്ദ്രൻ അസുരന്മാരുടെ രത്നം (സമ്പത്ത്), ഒരു ചോരൻ ഉറങ്ങുന്നവരുടെ ധനമെന്നപോലെ നിഷ്പ്രയാസം നേടിയിരിയ്ക്കുന്നു; അതിനാൽ നമുക്കു ധനം തരാൻ ശക്തനാണ്. ധനദാതാക്കളെ സ്തുതിയ്ക്കുന്നതു നന്നാവണം.
2. വസ്വധിപതി=ധനങ്ങളുടെ നാഥൻ. കാമപൂരകൻ–അഭീഷ്ടമെന്തും കൊടുക്കുന്നവൻ.
3. ബുദ്ധിമന്നിന്ദ്ര–ബുദ്ധിമൻ, ഇന്ദ്ര. ദീപ്തിമത്തര=ഏററവും ദീപ്തി (തേജസ്സ്) ഉള്ളവനേ. ബഹുകർമ്മൻ=വളരെ കർമ്മങ്ങൾ ചെയ്യുവനേ. സ്വത്തിതെല്ലാമേ–ഇക്കാണുന്ന സമ്പത്തെല്ലാം. സംഭരിച്ചണയ്ക്കുകിങ്ങ്–ധനം എടുത്ത് ഇവിടെ കൊണ്ടുവന്നാലും. അൻപൊടേ–സ്സ്നേഹത്തോടേ.
4. ദാരിദ്ര്യം തടുക്ക–ഞങ്ങളുടെ വറുതി നീക്കുക. ഞങ്ങൾ ശരിയ്ക്കുന്നത്തോടു ചേരാവൂ–ഇന്ദ്രനെ പൂജിച്ചതിന്റെ ഫലമായി, ഞങ്ങൾക്ക് ആഹാരസമൃദ്ധി ലഭിയ്ക്കുമാറാകട്ടെ.
5. ബഹ്വാനന്ദകാരി=വളരെപ്പേർക്ക് ആനന്ദമുളവാക്കുന്നത്. ഭാസ്സ്=ശോഭ. ഞങ്ങൾ അങ്ങയുടെ ഔദാര്യത്തിന്നു പാത്രീഭവിയ്ക്കട്ടെ.
6. പതിനായിരം–വളരെ വളരെ. ആ മാദകർ–മരുത്തുക്കൾ.
7. ധർഷകൻ–ശത്രുക്കളെ ആക്രമിയ്ക്കുന്നവൻ. പോർകൊണ്ടു പോരിൽക്കേറും–സദാ യുദ്ധശീലനാണ്. കരുത്താൽ ഓരോ പുരിയെയും (അസുരനഗരത്തെയും) വെന്നിടും (കീഴടക്കും). ഇപ്പുരി-ഹസ്തനിർദ്ദേശം. ദൂരത്ത്–അകലെവെച്ച്. നമുചി–ഒരസുരൻ.
8. കരഞ്ജനും, പർണ്ണയനും വംഗൃദനും അസുരന്മാർ. അതിഥിഗ്വൻ–ഒരു രാജാവ്. ഋജിശ്വാവും ഒരു രാജാവുതന്നെ. ഇദ്ദേഹമാണ്, വംഗൃദന്റെ നഗരം വളഞ്ഞു, യുദ്ധം തുടങ്ങിയത്; ഇന്ദ്രൻ സഹായിച്ചു.
9. സുശ്രവസ്സ്–ഒരു രാജാവ്. നാലുമീരെട്ടും–ഇരുപത്. മാടമ്പികൾ=നാടുവാഴികൾ. അവരെയും, അവരുടെ അറുപതിനായിരത്തിത്തൊണ്ണൂററൊമ്പതു ഭടന്മാരെയും അകറ്റി, സുശ്രവസ്സിനാൽ സ്തുതിയ്ക്കപ്പെട്ടു യുദ്ധാഗതനായ ഭവാൻ ജയിച്ചു.
10. ത്വൽപാലനം=അങ്ങയുടേതായ രക്ഷ; ഇതുതന്നെ, ത്വത്സംരക്ഷയും. തൂർവയാണൻ–ഒരു രാജാവ്. ആ യുവമഹാരാജാവിന്ന്–ആ യുവാവായ മഹാരാജാവിന്ന്; സുശ്രവസ്സിന്ന്. അതിഥിഗ്വൻ–മുൻപറഞ്ഞ രാജാവ്. ആയു, കുത്സൻ എന്നിവരും രാജാക്കന്മാർതന്നെ.
11. ഒടുവിൽ–യജ്ഞാവസാനത്തിൽ. ദേവത്രാതരായ്=ദേവകളാൽ രക്ഷിയ്ക്കപ്പെട്ട്.

## സൂക്തം 54.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

മഘവാവേ, അങ്ങു ഞങ്ങളെ ഈ പാപത്തിലും പടയിലും ചാടിയ്ക്കരുതേ! അങ്ങയുടെ ബലം അതിക്രമിയ്ക്കാവുന്നതല്ലല്ലോ; അതിനാൽ അങ്ങ് ഇടിവെട്ടിക്കൊണ്ടു നദികളെയും ജലങ്ങളെയും ഇരമ്പിയ്ക്കുന്നു. ലോകങ്ങൾ എങ്ങനെ ഭയപ്പെടാതിരിക്കും? (1)

ശക്തിയും ബുദ്ധിയുമേറിയ ശക്രനെ പൂജിയ്ക്കു; കേട്ടാൽ അറിയുന്ന ഇന്ദ്രനെപ്പറ്റി മാനിച്ചു സ്തുതിയ്ക്കു. മഴ പെയ്യിയ്ക്കുന്നവനും, അതിനാൽത്തന്നേ കാമവർഷകനും, ധർഷകമായ ബലംകൊണ്ടു ദ്യാവാപൃഥികൾ രണ്ടിനെയും കീഴടക്കിയവനുമാണല്ലോ, അദ്ദേഹം! (2)

ആ തേജസ്വിയായ മഹാനെപ്പറ്റി സുഖകരമായ വാക്കുച്ചരിയ്ക്കു. എന്നാൽ, അദ്ദേഹത്തിന്റെ പ്രകൃത്യാ ബലവത്തായ മനസ്സിന്ന് ഒരു ധൃഷ്ടത വരും. അദ്ദേഹം അതികീർത്തിമാനും പ്രാണദാതാവും, വൈരിസൂദനനും, അശ്വങ്ങളാൽ പുരസ്കൃതനും, കാമവർഷകനും വേഗവാനുമാണല്ലോ! (3)

ഇന്ദ്ര, ഇമ്പവും കുസലില്ലായ്മയും പൂണ്ട ഭവാൻ കൂട്ടമിട്ട മായാവികളുടെ നേർക്കു തീക്ഷ്ണമായ ഒളിമിന്നുന്ന ഇടിവാൾ അയച്ചപ്പോൾ, വമ്പിച്ച ദ്യോവിന്റെ കൊടുമുടി കുലുങ്ങിപ്പോയി! ഭവാൻ സ്വയം ആക്രമിച്ചു ശംബരനെ പിളർത്തി. (4)

അവിടുന്നാണല്ലോ ഒലികൂട്ടിക്കൊണ്ടു വെള്ളത്തെ വായുവിന്റെയും പതം വരുത്തുന്ന പകലവൻറെയും മുകളിലെത്തിയ്ക്കുന്നത്; പിന്മാറാത്ത ശത്രുവധപ്രവണമായ തിരുവുള്ളംകൊണ്ട് അത് ഇന്നും ചെയ്തുവരുന്നു. ആരുണ്ട്, അങ്ങയ്ക്കു മീതെ? (5)

ശതക്രതോ, നര്യൻ, തുർവശൻ, യദു എന്നിവരെ അങ്ങു രക്ഷിച്ചു; വയ്യവംശജനായ തുർവീതിയെയും അങ്ങു രക്ഷിച്ചു. യുദ്ധം ചെയ്യേണ്ടിവന്നപ്പോൾ, രഥാശ്വങ്ങളെയും അങ്ങു രക്ഷിച്ചു. ശംബരന്റെ തൊണ്ണൂറ്റൊമ്പതു നഗരങ്ങൾ അവിടുന്നു തകർത്തു! (6)

ആർ ഹവിസ്സു നല്കി സ്തുതിയ്ക്കുന്നുവോ, ആ മനുഷ്യൻ തേജസ്സും വളർച്ചയും നേടി, സജ്ജനരക്ഷകനായിച്ചമയും. അന്നമർപ്പിച്ചു പുകഴ്ത്തുന്നവന്ന് അഭീഷ്ടം കൊടുക്കുന്ന ഇന്ദ്രൻ ആകാശത്തുനിന്നു മേഘങ്ങളെ പിഴിയുന്നു! (7)

ഇന്ദ്ര, ഭവാന്റെ ബലം നിസ്തുല്യമാകുന്നു; ബുദ്ധിയും നിസ്തുല്യം തന്നെ. യാവചിലർ ദാതാവായ ഭവാന്റെ ഉയർന്ന ബലത്തെയും പരപൌരുഷത്തെയും വാഴ്ത്തുന്നുവോ, ആ സോമപായികൾ കർമ്മത്താൽ വർദ്ധിയ്ക്കുമാറാകട്ടെ! (8)

ഇന്ദ്ര, ഇതാ, അങ്ങയ്ക്കു കുടിപ്പാനായി, അമ്മിമേൽ ചതച്ചുപിഴിഞ്ഞ വളരെസ്സോമം, ചമസങ്ങളിൽ; വരിക, ഇവകൊണ്ടു കാമം പൂരിപ്പിയ്ക്കുക; ഞങ്ങൾക്കു ധനം തരുന്നതിൽ മനസ്സും വെയ്ക്കുക! (9)

ഒരിരുട്ടു മഴയെ തടുത്തുനിന്നു—വൃത്രന്റെ വയറ്റിലായി, മേഘം! ആ ആവരകൻ ജലമെല്ലാം അടച്ചുവെച്ചു; എന്നാൽ ഇന്ദ്രൻ അതിനെ ക്രമേണ കീഴ്പ്പോട്ടയച്ചു! (10)

ഇന്ദ്ര, സുഖത്താൽ വളരുന്ന യശസ്സും, ശത്രുധർഷകമായി മഹത്തായി തഴച്ച ബലവും ഞങ്ങൾക്കു കൈവരുത്തുക; ഞങ്ങളെ ധനവാന്മാരാക്കി രക്ഷിയ്ക്കുക; വിദ്വാന്മാരെ പാലിയ്ക്കുക; ഞങ്ങൾക്കു നല്ല സന്താനങ്ങളെയും അന്നവും തന്നരുളുക! (11)

## കുറിപ്പുകൾ: സൂക്തം 54.

1. പടയിലും—പാപത്തിന്റെ ഫലമായ യുദ്ധത്തിലും.
2. അധ്വര്യുവിനോടു പറയുന്നു: അറിയുന്ന—ഗുണദോഷങ്ങൾ വേർതിരിച്ചറിയുന്ന.
3. വാക്ക്—സ്തുതി. ധൃഷ്ടത = പ്രഗത്ഭത. അശ്വങ്ങളാൽ പുരസ്കൃതൻ—ഹരികൾ എന്ന രണ്ടു കുതിരകളാൽ മുന്നിലാക്കപ്പെടുന്നവൻ, ഹരിവാഹനൻ.
4. കൊടുമുടി—മുകൾവശം. ശംബരൻ—ഒരസുരൻ.
5. ഒലി—ഇടിയൊച്ച. പതം വരുത്തുന്ന—കായ്കളെയും മറ്റും സ്വരശ്മികൊണ്ടു മൃദൂകരിക്കുന്ന. പകലവൻ = സൂര്യൻ. അത്—അങ്ങനെ മഴ പെയ്യിക്കൽ.
6. നര്യനും, തുർവശനും, തുർവീതിയും രാജാക്കന്മാരത്രേ. രഥാശ്വങ്ങൾ—അവരുടെ തേരുകളും കുതിരകളും.
7. മേഘങ്ങളെ പിഴിയുന്നു—മഴ പെയ്യിക്കുന്നു.
8. ദാതാവ്—യാഗഫലപ്രദൻ.
9. കാമം—അങ്ങയുടെ സോമപാനാഭിലാഷം.
10. ആ ആവരകൻ—മേഘത്തെ മറച്ച വൃത്രൻ.

## സൂക്തം 55.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്രന്റെ പ്രഭാവം വിണ്ണിനെക്കാളും വിസ്തീർണ്ണമാണ്; മഹത്ത്വത്തിന്നു മന്നും കിടനില്ക്കില്ല! ഭീമനും ബലവാനും മനുഷ്യർക്കു വെയിലുമായ അദ്ദേഹം വജ്രത്തെ തീപ്പൊരി പറക്കുമാറു, കാളപോലെ, മൂർച്ചപ്പെടുത്തുന്നു. (1)

ആ ഇന്ദ്രൻ അന്തരിക്ഷസ്ഥനായിട്ടു, മഹത്ത്വത്താൽ ജലപൂരത്തെ സമുദ്രമെന്നപോലെ സ്വായത്തമാക്കി, വർഷിച്ചരുളുന്നു. സോമപാനത്തിൽ, ഒരു കാളപോലെയാണദ്ദേഹം. ആ യോദ്ധാവു പണ്ടേ ഓജസ്സുമൂലം സ്തുതിയർഹിയ്ക്കുന്നു. (2)

ഇന്ദ്ര, അങ്ങ് ആ മേഘത്തിന്നു കൊറ്റൊടുക്കി. അങ്ങാണ്, വമ്പിച്ച സമ്പത്തിന്റെ ഉടമകൾക്കു മേലാൾ. ഞങ്ങൾ തികച്ചും അറിഞ്ഞിരിയ്ക്കുന്നു–വീര്യംകൊണ്ടു ദേവതകളിൽ മീതെ അവിടുന്നാണ്. എല്ലാക്കർമ്മത്തിന്നും മുൻനിർത്തപ്പെട്ടവനാകുന്നു, ആ ഉഗ്രൻ. (3)

ആ ഇന്ദ്രനെത്തന്നേ വനത്തിൽ നമസ്കർത്താക്കൾ സ്തുതികളിൽ കുതുകിയാക്കുന്നു. അവിടുന്നു ജനങ്ങളിൽ സ്വവീര്യം വെട്ടപ്പിൽ വെളിപ്പെടുത്തുന്നു. ആ വൃഷാവു യജ്ഞേച്ഛുക്കളെ അനുകൂലിക്കുന്നു; ഇതുകൊണ്ടാണല്ലോ, ഹവിർവർഷിയായ ധനവാൻ ക്ഷേമം നേടി, സ്തുതിച്ചുപോരുന്നത്. (4)

ആ യോദ്ധാവുതന്നേ ജനങ്ങൾക്കുവേണ്ടി, പരിപാവനമായ ഓജസ്സുകൊണ്ടു വമ്പിച്ച യുദ്ധങ്ങൾ ചെയ്യുന്നു. അവിടുന്നു കൊലയായുധമായ വജ്രം എറിഞ്ഞേല്പിയ്ക്കുന്നതോടേ, ഇന്ദ്രൻ തേജസ്വിതന്നേ എന്നു സകലർക്കും ഉറപ്പു വരുന്നു. (5)

ആ യശസ്കാമൻ നിർമ്മിയ്ക്കപ്പെട്ട നഗരമൊക്കെ ബലത്താൽ നശിപ്പിച്ചു, ഭൂമിയോളം വളർന്നു. ആ ശോഭനകർമ്മാവു ജ്യോതിസ്സുകളുടെ മൂടൽ നീക്കി, യജമാനന്നായി ജലത്തെ പ്രവഹിപ്പിച്ചു. (6)

ഹേ സോമപായിൻ, അങ്ങയ്ക്കു ദാനത്തിൽ തിരുവുള്ളമുണ്ടാകണം. സ്തുതിശ്രോതാവേ, അങ്ങയുടെ ഹരികളെ ഇങ്ങോട്ടു തെളിച്ചാലും: ഇന്ദ്ര, മിടുമിടുക്കന്മാരാണല്ലോ, അങ്ങയുടെ സാരഥികൾ; അതിനാൽ പേടിമൂലം എതിരാളികൾ അങ്ങയെ ഉപദ്രവിയ്ക്കില്ല. (7)

ഇന്ദ്ര, അക്ഷയമായ ധനം അങ്ങു തൃക്കൈകളിൽ പിടിച്ചിരിയ്ക്കുന്നു. കേൾവിപ്പെട്ട ഭവാനു തോൽവി പറ്റാത്ത മെയ്ക്കരുത്തുണ്ട്. അങ്ങയുടെ തിരുവുടൽ ഈ വിക്രമങ്ങളാൽ, കിണർപോലെ ചുറ്റപ്പെട്ടിരിയ്ക്കുന്നു; വളരെ കർമ്മങ്ങളുണ്ട്, തിരുമെയ്യിൽ! (8)

### കുറിപ്പുകൾ: സൂക്തം 55.

1. വെയിൽ–വെളിച്ചവും വളർച്ചയും കൊടുക്കുന്നവൻ. കാളപോലെ–കാള കൊമ്പിനെ എന്നപോലെ.
2. കാളപോലെ–കൊതിയോടേ ധാരാളം കുടിയ്ക്കും.
3. കൊററൊടുക്കി–കൊന്നു. മരണാർത്ഥത്തിൽ, 'അരിയൊടുങ്ങി' എന്നൊരു ചൊല്ലു മലയാണ്മയിലുമുണ്ടല്ലോ. ഉഗ്രൻ–ശത്രുഭീഷണൻ.
4. വൃഷാവ്–ഇന്ദ്രപര്യായം: അഭീഷ്ടങ്ങളെ വർഷിച്ചുകൊടുക്കുന്നവൻ, ഹവിവർഷി–ഹവിസ്സുകളെ ധാരാളം അർപ്പിയ്ക്കുന്നവൻ; യജമാനൻ.

5. എറിഞ്ഞ്–ലക്ഷ്യങ്ങളിൽ.
6. നഗരം–അസുരപുരം. ജ്യോതിസ്സുകൾ–സൂര്യാദികൾ. മൂടൽ–വൃത്രകൃതമായ ആവരണം.
7. ദാനത്തിൽ–ഞങ്ങൾക്കഭീഷ്ടഫലം തരുന്നതിൽ. ഹരികൾ–രണ്ടിന്ദ്രാശ്വങ്ങളുടെ പേർ.
8. ധനം–സ്തോതാക്കൾക്കു കൊടുക്കാൻ. കിണർപോലെ–വെള്ളം കോരാൻ ചെന്ന ആളുകളാൽ കിണർപോലെ.

## സൂക്തം 56.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഇതാ, ആ മഹാകർമ്മകുശലൻ അദ്ദേഹത്തിന്റെ ചമസങ്ങളിൽ വെയ്ക്കപ്പെട്ടിട്ടുള്ള ഒരുപാടന്നം അമറേത്തിന്നായി, അശ്വം പെൺകുതിരയെയെന്നപോലെ കല്പിച്ചെടുക്കുന്നു; ഹരികളെപ്പൂട്ടിയ പുരുപ്രഭമായ പൊൻതേർ നിർത്തിയിട്ടു, കുടിയ്ക്കുകയുംചെയ്യുന്നു. (1)

ഹവിസ്സു കൊണ്ടുവന്നു നീളെ പെരുമാറുന്നവർ സ്തുതികളാൽ തന്തിരുവടിയിങ്കൽ, വണിക്കുകൾ സഞ്ചാരത്തിന്നു സമുദ്രത്തിലെന്ന പോലെ ചെല്ലുന്നു. ഭവാൻ മികച്ച യാഗത്തെ പരിപാലിയ്ക്കുന്ന ബലവാങ്കൽ പ്രകാശകമായ സ്തോത്രത്താൽ, സുന്ദരിമാർ പർവതത്തിലെന്നപോലെ ചെല്ലുക. (2)

ക്ഷിപ്രകാരിയും മഹാനുമാണ്, തന്തിരുവടി! ഇരുമ്പുചട്ടയിട്ട ആ ദുഷ്ടദമനൻ മത്തു പൂണ്ടു, മായാവിയായ ശുഷ്ണനെ തുറുങ്കിൽ ചങ്ങലയിലിട്ടതു യാതൊന്നുകൊണ്ടോ, ആ ബലം യുദ്ധത്തിൽ ഇടിവു പററാതെ വൈരിധ്വംസകമായി, ഒരു പർവതത്തിന്റെ കൊടുമുടിപോലെ ഉദ്ഭാസിയ്ക്കുന്നു! (3)

യാതൊരുവൻ ധർഷകമായ ബലംകൊണ്ടു തമസ്സിനെ തട്ടിനീക്കിയോ, ഭവാനാൽ രക്ഷയ്ക്കായി സ്തുതിയ്ക്കപ്പെട്ട ആ ഇന്ദ്രനെ തിളങ്ങുന്ന ശക്തി, സൂര്യൻ ഉഷസ്സിനെയെന്നപോലെ സമാശ്ലേഷിയ്ക്കുന്നു; അപ്പോൾ, കൂടലരെ നിലവിളിപ്പിയ്ക്കുന്ന തന്തിരുവടി വിപുലമായ വധം നടത്തുന്നു! (4)

മറയ്ക്കപ്പെട്ടതിനാൽ കീഴ്പ്പോട്ടു വീഴാതിരുന്ന സർവജീവനമായ ജലത്തെ ഇന്ദ്ര, ഹന്താവായ ഭവാൻ വാനിൽനിന്നു ദിക്കുകളിൽ പ്രതിഷ്ഠിച്ചതെന്നോ; മത്തുപിടിച്ച് ഇമ്പം പൂണ്ടു വൃത്രനെ യുദ്ധത്തിൽ വധിച്ചതെന്നോ; അന്നു നീർമുകിലുകൾക്കു മുഖം മുഴക്കെ കുനിഞ്ഞു! (5)

ഇന്ദ്ര, വളർച്ച പൂണ്ട ഭവാൻ സോമത്താൽ മത്തുപിടിച്ച്, വെള്ളത്തെ പുറത്തെയ്ക്കിറക്കി; കൂസലില്ലാത്ത ശക്തികൊണ്ടു വൃത്രനെ ചതയ്ക്കുകയുംചെയ്തു. ഇങ്ങനെയാണല്ലോ, ഭവാൻ വാനിൽനിന്നു ജലത്തെ ബലേന ഭൂവിഭാഗങ്ങളിൽ ഉറപ്പിച്ചത്! (6)

### കുറിപ്പുകൾ: സൂക്തം 56.

1. അദ്ദേഹത്തിന്റെ–യജമാനന്റെ; ചൂണ്ടി പറയുന്നതാണ്. അശ്വം രത്യർത്ഥം പെൺകുതിരയെ സമീപിയ്ക്കുന്നതുപോലെ.
2. ഭവാൻ–സ്തോതാവിനോടാണ്, ഇതു പറയുന്നത്. ബലവാൻ–ഇന്ദ്രൻ. പ്രകാശകം–ദേവതയെ വെളിപ്പെടുത്തുന്നത്. പർവതത്തിലെന്നപോലെ–മലയിൽ പൂവറുക്കാനെന്നപോലെ.
3. ശുഷ്ണൻ–ഒരസുരൻ.
4. തമസ്സിനെ–വൃത്രാദികളെ. ഭവാൻ–സ്തോതാവ്.
5. മത്ത്–സോമപാനത്താൽ. വെള്ളം താഴത്തെയ്ക്കു വിടുമ്പോൾ മുഖം കുനിയുമല്ലോ!

## സൂക്തം 57.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ആരുടെ ബലമോ, കുഴിയിലെയ്ക്കൊഴുകുന്ന വെള്ളംപോലെ നിർത്താവുന്നതല്ലാത്തത്; ആരുടെ വിശ്വവ്യാപിയായ നധം കെല്പിന്നായി തുറന്നുവെച്ചിരിയ്ക്കുന്നുവോ; ആ അതിദാതാവിനെ, മഹാനെ, വിപുലവിത്തനെ, അമോഘബലനെ, തടിച്ചുനീണ്ടവനെ ഞാൻ ആവോളം സ്തുതിയ്ക്കുന്നു. (1)

പററലരെ പതിപ്പിയ്ക്കുന്ന മിന്നിത്തിളങ്ങുന്ന പൊന്നിൻവജ്രം പർവതത്തിൽ ഉറങ്ങുകയല്ലല്ലോ ചെയ്യുന്നത്; ഇന്ദ്ര, അതോടുകൂടിത്തന്നേ, ലോകമെല്ലാം അങ്ങയെ യജിപ്പാൻ തുടങ്ങി. യജമാനന്റെ സവനമൊക്കെ, ജലം കുഴിയിലെന്നപോലെ ഭവാങ്കൽ വന്നുചേരുന്നു! (2)

ആരുടെ ധാരകവും വിശ്രുതവും ഇന്ദ്രത്വചിഹ്നവുമായ തേജസ്സ് അന്നത്തിന്നായി, കുതിരപോലെ ചുററി നടത്തപ്പെടുന്നുവോ; ആ ഭീമന്നായി, പരമസ്തുത്യന്നായി, ഹേ ശോഭനയായ ഉഷസ്സേ,നീ ഈ അധ്വരത്തിൽ ഹവിസ്സു വഴിപോലെ ഒരുക്കിയാലും! (3)

ഇന്ദ്ര, ബഹുസ്തുത, പ്രവൃദ്ധധന, ഈ ഞങ്ങൾ അങ്ങയുടെയാണ്: അങ്ങയെ അവലംബിച്ചാണല്ലോ, ഞങ്ങൾ പ്രവർത്തിയ്ക്കുന്നത് .ഹേ സ്തുതിസേവ്യ, അങ്ങല്ലാതെ മററാരുമില്ല, സ്തോത്രവിഷയഭൂതൻ; ഞങ്ങളുടെ സ്തുതികളെ അങ്ങു പൃഥിവിപോലെ വഹിച്ചരുളിയാലും. (4)

ഇന്ദ്ര, നിന്തിരുവടിയുടെ കഴിവു വലുതാണ്. ഞങ്ങൾ ത്വദീയരാകുന്നു. മഘവാവേ. നിന്തിരുവടിയെ സ്തുതിയ്ക്കുന്ന ഇദ്ദേഹത്തിന്റെ അഭിലാഷം പൂരിപ്പിച്ചാലും. വിശാലമായ ദ്യോവും നിന്തിരുവടിയുടെ കഴിവു സമ്മതിച്ചിരിയ്ക്കുന്നു; ഈ ഭൂമി നിന്തിരുവടിയുടെ ബലത്തിന്നു വണങ്ങുകയുംചെയ്യിരിയ്ക്കുന്നു! (5)

ഇന്ദ്ര, വജ്രായുധ, ആ ഉയർന്നു പരന്ന പർവതത്തെ ഭവാൻ വജ്രംകൊണ്ടു നറുക്കി നറുക്കി, മറയ്ക്കപ്പെട്ടിരുന്ന ജലത്തെ ഒഴുകാൻ കീഴ്പോട്ടയച്ചുവല്ലോ; വാസ്തവത്തിൽ, ഭവാങ്കൽമാത്രമേയുള്ളു, ബലമെല്ലാം! (6)

### കുറിപ്പുകൾ: സൂക്തം 57.

1. കെല്പിന്നായി—സ്തോതാവിന്റെ ബലത്തിന്നുവേണ്ടി.
2. പർവതത്തിന്നു വൃത്രനെന്നും അർത്ഥമെടുക്കാം. അതോടുകൂടി—പർവതങ്ങളുടെ ചിറകരികയോ വൃത്രനെ കൊല്ലുകയോ ചെയ്തുകഴിഞ്ഞ ഉടൻ.
3. ധാരകം—ലോകത്തെ നിലനിർത്തുന്നത്. അന്നം—ഹവിസ്സ്. യജ്ഞസ്ഥലങ്ങളിലൊക്കെ ചെല്ലുമല്ലോ ഇന്ദ്രന്റെ തേജസ്സ്.
4. ബഹുസ്തുതൻ = വളരെ ജനങ്ങളാൽ സ്തുതിയ്ക്കപ്പെട്ടവൻ. പൃഥിവിപോലെ—ഭൂമി ഭൂതജാതത്തെ വഹിച്ചുപോരുന്നതുപോലെ.
5. ഇദ്ദേഹത്തിന്റെ—യജമാനന്റെ. ഭൂമി ആകാശത്തിന്റെ ചുവട്ടിലാണല്ലോ; അതിനെ വണങ്ങലാക്കി കല്പിച്ചിരിയ്ക്കുന്നു.
6. പർവതം = മേഘം, അല്ലെങ്കിൽ വൃത്രൻ.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## നാലാം അദ്ധ്യായം

### മണ്ഡലം 1 അനുവാകം 11

## സൂക്തം 58.

ഗൌതമനായ നോധസ്സ് ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; അഗ്നി ദേവത.

ബലത്താൽ ജനിച്ച മരണരഹിതൻ അപ്പോൾത്തന്നെ നോവിച്ചുകളയും! ആ ഹോതാവു, യജമാനന്റെ ദൂതനാക്കപ്പെടുമ്പോൾ സന്മാർഗ്ഗങ്ങളിലൂടേ ഗമിച്ച്, അന്തരിക്ഷത്തെ സൃഷ്ടിയ്ക്കുന്നു; യജ്ഞത്തിൽ ഹവിസ്സുകൊണ്ടു (ദേവന്മാരെ) പരിചരിയ്ക്കുന്നു. (1)

ആ നിർജരൻ, തന്റെ തീററയെ കടന്നുപിടിയ്ക്കുന്നു, വിഴുങ്ങുന്നു; ചിക്കെന്നു വിറകുകളിൽ കേറുന്നു. ആ ദഹനന്റെ മുതുക് ഒരു കുതിരപോലെ കാണപ്പെടും. അദ്ദേഹം ദ്യോവിന്റെ കൊടുമുടിയെ ഇരമ്പിച്ചുംകൊണ്ടലറും! (2)

ഹവിർവാഹിയും, രുദ്രവസുക്കളാൽ പുരസ്കൃതനും, ഹോതാവും, ശത്രുധനങ്ങളെ കിഴടക്കുന്നവനും, മരണരഹിതനുമായ ദേവൻ പ്രജകളിൽ ഒരു തേരുപോലെയായും, യജമാനരിൽ ഇരുന്നരുളി സ്തുതിയ്ക്കപ്പെടുന്നവനായും, ധനങ്ങളെ തുടരെത്തുടരെ നല്കിപ്പോരുന്നു. (3)

അദ്ദേഹം കാററത്തിളകി, കുററനൊച്ച പുറപ്പെടുവിച്ചു, നാക്കുകൾ പരത്തി, തേജസ്സു പടർത്തി, നിഷ്പ്രയാസം മാമരങ്ങളിൽ കുടികൊള്ളുന്നു. ഓളംവെട്ടുന്ന നാളങ്ങളുള്ള ജരാരഹിതനായ അഗ്നേ, വൃക്ഷങ്ങളെ ചുട്ടെരിയ്ക്കുന്ന ഭവാൻ ചിക്കെന്ന് ഒരു കാളപോലെയായിച്ചമയുന്നു. അങ്ങയുടെ നടവഴി കറുത്തിരുളുന്നു. (4)

ആ ജ്വാലാമുഖൻ കാററിനാലിളക്കപ്പെട്ടു കത്തിപ്പടർന്ന്, അക്ഷീണമായ ജലത്തെ തേജോബലംകൊണ്ടാക്രമിച്ചു, കാട്ടിൽ സർവധർഷകനായി, ഒരു കാളപോലെ നേരിട്ടു പാളുന്നു; ആ പറക്കലിൽ ചരാചരങ്ങൾ പേടിച്ചുചൂളുന്നു! (5)

അഗ്നേ, മനുഷ്യരുടെ ഇടയിൽ ഭൃഗുക്കൾ ദേവത്വപ്രാപ്തിയ്ക്കായി, ആളുകൾക്കു വിളിയ്ക്കാവുന്നവനും ഹോതാവും അതിഥിയും വരേണ്യനും ഒരു സഖാവിനെപ്പോലെ സുഖകരനുമായ നിന്തിരുവടിയെ, ഒരു ശോഭനമായ നിധിയെ എന്നപോലെ ആധാനംചെയ്തു. (6)

അധ്വരങ്ങളിൽ ഏഴു ഹോതാക്കളായ ഋത്വിക്കുകൾ അതിയഷ്ടാവായ യാതൊരുവനെ ഹോതാവായി വരിയ്ക്കുന്നുവോ; എല്ലാദ്ധനങ്ങളും കൊണ്ടുവരുന്ന ആ അഗ്നിയെ ഞാൻ അന്നംകൊണ്ടു പൂജിയ്ക്കുന്നു; രത്നം യാചിയ്ക്കുകയുംചെയ്യുന്നു. (7)

അഗ്നേ, ബലത്തിന്റെ മകനേ, പ്രിയപ്രകാശ, ഇവിടെ സ്തുതിയ്ക്കുന്ന ഞങ്ങൾക്ക് അഭംഗങ്ങളായ സുഖങ്ങൾ കല്പിച്ചുതന്നാലും; അന്നത്തിന്റെ മകനേ, അങ്ങയെ സ്തുതിയ്ക്കുന്നവനെ ഇരിമ്പിനൊത്ത പാലനങ്ങൾകൊണ്ടു പാപത്തിൽനിന്നു രക്ഷിയ്ക്കുകയും ചെയ്താലും! (8)

അഗ്നേ, വിശിഷ്ടപ്രകാശ, അങ്ങു സ്തുതിയ്ക്കുന്നവന്നു ഒരു ഭവനമായിബ്ഭവിച്ചാലും; ധനവാനേ, ധനവാന്മാരെ സുഖിപ്പിച്ചാലും; സ്തുതിയ്ക്കുന്നവനെ പാപത്തിൽനിന്നു രക്ഷിച്ചാലും; ആ കർമ്മാർജിതദ്രവിണൻ നാളെക്കാലത്തും ചീളെന്നു വരുമാറാകട്ടെ! (9)

### കുറിപ്പുകൾ: സൂക്തം 58.

1. ബലത്താൽ–അരണിമഥനംമൂലം. നോവിയ്ക്കുക–തൊട്ടാൽ പൊള്ളിയ്ക്കുക. ദൂതൻ–ദേവന്മാരെ വിളിയ്ക്കുന്നവൻ. അന്തരിക്ഷം മുമ്പുമുണ്ടെങ്കിലും, അതു ദൃഗ്വിഷയമാകു-

ന്നത്, അവിടെ ചെന്ന അഗ്നിയുടെ തേജസ്സാലാകയാലാണ്, സൃഷ്ടിയ്ക്കുന്നു എന്നു പറഞ്ഞത്.

2. തീററ–തൃണഗുല്മാദികളായ ദാഹ്യവസ്തുക്കൾ. മുതുക്–പൃഷ്ഠജ്വാലാജാലം. കുതിര–പല വഴിയ്ക്കോടുന്ന അശ്വം. ദവാഗ്നിയെ വർണ്ണിച്ചിരിയ്ക്കയാണ്.

4. നാക്കുകൾ–ജ്വാലകൾ. കാളപോലെ–തിമർക്കുന്നു. കറുക്കുന്നതു, പുകകൊണ്ടാണ്.

5. ജ്വാലാമുഖൻ = ജ്വാലകളാകുന്ന മുഖങ്ങളോടുകൂടിയവൻ. ജലം–വൃക്ഷങ്ങളുടെ നീര്.

6. ഭൃഗുക്കൾ–ഭൃഗുവിന്റെ ഗോത്രക്കാരായ ഋഷിമാർ. നിധിയെപ്പോലെ–ഒരു അനർഘനിധിയെയെന്നപോലെ സൂക്ഷിച്ചുവെച്ചു!

7. രത്നം–രമണീയമായ കർമ്മഫലം.

8. ബലത്തിന്റെ മകൻ–അരണിമഥനത്താൽ ജനിച്ചവൻ. അന്നത്തിന്റെ മകൻ–ഭക്ഷിയ്ക്കപ്പെട്ട അന്നമാണല്ലോ, ജഠരാഗ്നിയെ വളർത്തുന്നത്. ഇരിമ്പിനൊത്ത–ഉറപ്പേറിയ.

9. ഭവനം–അനിഷ്ടനിവാരകമായ വാസസ്ഥാനം. ധനവാന്മാർ–ഹവിസ്സാകുന്ന ധനം അങ്ങയ്ക്കു സമർപ്പിയ്ക്കുന്നവർ. കർമ്മാർജിതദ്രവിണൻ = കർമ്മങ്ങൾ കൊണ്ടു ധനം നേടിയവൻ. ചീളെന്നു = ശീഘ്രം.

## സൂക്തം 59.

നോധസ്സ് ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വൈശ്വാനരാഗ്നി ദേവത.

അഗ്നേ, അങ്ങയയുടെതന്നെ ശാഖകളാണ്, മറ്റഗ്നികൾ. അങ്ങയെക്കൊണ്ടേ, അമർത്ത്യരെല്ലാം സന്തുഷ്ടരാകൂ. വൈശ്വാനര, മനുഷ്യരെ നിലനിർത്തുന്നവനാകുന്ന ഭവാൻ; അങ്ങു, നാട്ടപ്പെട്ട ഒരു തൂണുപോലെ ജനങ്ങളെ താങ്ങിനില്ക്കുന്നു. (1)

ദ്യോവിന്റെ ശിരസ്സും ഭൂവിന്റെ നാഭിയുമാകുന്ന അഗ്നി; അതിനാൽ ദ്യാവാപൃഥിവികൾക്കധിനാഥനാണദ്ദേഹം. വൈശ്വാനര, ആ ദേവനായ അങ്ങയെ ദേവകൾ ആര്യനുവേണ്ടി തേജോരൂപത്തിൽത്തന്നേ ഉൽപാദിപ്പിച്ചു. (2)

ശാശ്വതങ്ങളായ രശ്മികൾ സൂര്യങ്കലെന്നപോലെ, ധനങ്ങൾ അഗ്നിയിങ്കൽ വെയ്ക്കപ്പെട്ടിരിയ്ക്കുന്നു. അതിനാൽ, പർവതങ്ങളിലും ഓഷധികളിലും വെള്ളത്തിലും മനുഷ്യരിലുമുള്ള സമ്പത്തിന്റെയെല്ലാം രാജാവാണ്, ഭവാൻ. (3)

ദ്യാവാപൃഥിവികൾ ഇത്ര വലുപ്പം പൂണ്ടതു, സ്വപുത്രനായ വൈശ്വാനരനുവേണ്ടിയായിരിയ്ക്കാം! ആ ശോഭനഗമനനെ, അമോഘബലനെ, വലിയ നേതാവിനെക്കുറിച്ചു നിപുണനായ ഹോതാവ്, ഒരു സാധാരണനെന്നപോലെ, പലതരം മഹാസ്തോത്രങ്ങൾ ചൊല്ലുന്നു. (4)

ഹേ ജാതവേദസ്സേ, വൈശ്വാനരാഗ്നേ, അങ്ങയുടെ മാഹാത്മ്യം സ്വർല്ലോകത്തെക്കാളും വിശാലമാകുന്നു. മാനവപ്രജകൾക്ക് അരചനാണവിടുന്ന് . അങ്ങു യുദ്ധംചെയ്ത്, അപഹരിയ്ക്കപ്പെട്ടുപോയ ധനം ദേവകളെ ഏല്പിച്ചു! (5)

യാതൊരു മേഘഹന്താവിനെ മനുഷ്യർ സേവിച്ചുപോരുന്നുവോ, ആ വൃഷ്ടികർത്താവിന്റെ മഹത്ത്വം ഞാൻ ക്ഷണത്തിൽ പറയാം: വൈശ്വാനരാഗ്നി ദസ്യുക്കളെ ഹനിച്ചു; വെള്ളം കീഴ്പോട്ടൊഴുക്കി; മേഘത്തെ പിളർത്തി! (6)

മഹിമയാൽ സർവമനുഷ്യോൽപത്തിഹേതുവും വിശിഷ്ടപ്രകാശനും പ്രിയസത്യഭാഷിയുമായ വൈശ്വാനരാഗ്നി ഭരദ്വാജരിൽ യജിയ്ക്കപ്പെടുന്നു; ശാതവനേയങ്കലും പുരുണീഥങ്കലും വളരെ വളരെ സ്തുതിയ്ക്കപ്പെടുന്നു. (7)

### കുറിപ്പുകൾ: സൂക്തം 59.

1. വൈശ്വാനരൻ—എല്ലാ നരരിലും ജഠരാഗ്നിരൂപേണ ചേർന്നവൻ. തൂണുപോലെ—തൂൺ വീട്ടിന്റെ മോന്തായത്തെ എന്നപോലെ.
2. നാഭി = പൊക്കിൾ; രക്ഷകൻ എന്നു സാരം. ആര്യൻ—വിദ്വാനായ മനു.
3. ഓഷധികൾ = സസ്യങ്ങൾ.
4. ദ്യാവാപൃഥിവികളുടെ പുത്രനാണ്, വൈശ്വാനരനെന്നു മറെറാരേടത്തു പ്രസ്താവിച്ചിട്ടുണ്ട്. മഹാനായ മകനു പാർക്കാൻ ധാരാളം സ്ഥലം വേണമെന്ന് അമ്മമാർ കരുതുമല്ലോ! ഒരു സാധാരണൻ, അയാൾക്കു പണംകൊടുക്കുന്ന പ്രഭുവിനെ വാഴ്ത്തുന്നതുപോലെ.
5. മാനവപ്രജകൾ = മനുവിങ്കൽനിന്നു ജനിച്ചവർ. അപഹരിയ്ക്കപ്പെട്ടുപോയ—അസുരന്മാർ കവർന്ന.
6. ഇതിൽ വൈദ്യുതാഗ്നിയെപ്പററിയാണ്, പറയുന്നത്. മേഘഹന്താവ്—വെള്ളത്തെ തടുത്തുനിർത്തിയ മേഘത്തെ കൊന്നവൻ, പിളർത്തവൻ; വൈശ്വാനരൻ. സേവിച്ചു—മഴ കിട്ടാൻവേണ്ടി. ദസ്യുക്കൾ—കർമ്മങ്ങളെ മുടിയ്ക്കുന്ന രാക്ഷസാദികൾ.

7. ഭരദ്വാജർ–തന്നാമകരായ ഋഷിമാർ. ശാതവനേയൻ=ശതവനിയുടെ പുത്രൻ. പുരുണീഥൻ–ഒരു രാജാവ്.

## സൂക്തം 60.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

യശസ്വിയും യജ്ഞപ്രകാശകനും പ്രകർഷേണ രക്ഷിയ്ക്കുന്നവനും ദൂതനും സദ്യഃകർത്താവും രണ്ടെണ്ണത്തിൽ നിന്നു ജനിച്ചവനും ധനംപോലെ പ്രശസ്തനുമായ വഹ്നിയെ വായു ഭൃഗുവിന്നു മിത്രമാക്കിക്കൊടുത്തു. (1)

കാമിയ്ക്കുന്ന ദേവകളും ഹോമിയ്ക്കുന്ന മനുഷ്യരും—ഇരുകൂട്ടരും—ഈ ശാസിതാവിനെ സേവിച്ചുപോരുന്നു; പൂജ്യനും പ്രജാപാലകനും ഫലപ്രദനുമായ ഈ ഹോതാവു സൂര്യനെക്കാളും മുമ്പെ യജമാനരിൽ പ്രതിഷ്ഠിയ്ക്കപ്പെടുന്നു. (2)

യുദ്ധം വന്നപ്പോൾ, മനുവിന്നു പിറന്ന മനുഷ്യരായ ഋത്വിക്കുകൾ അന്നം സംഭരിച്ചു യാതൊരുവനെ ഉൽപാദിപ്പിച്ചുവോ; ഹൃദയത്തിൽനിന്നു ജനിച്ച ആ മാദകജ്വാലങ്കൽ ചെന്നണയട്ടെ, വഴിപോലെ കീർത്തിയ്ക്കുന്നതും അതിനൂതനവുമായ നമ്മുടെ സ്തുതി! (3)

കാമിയ്ക്കുന്നവനും പാവകനും പാർപ്പിടം നല്കുന്നവനും വരേണ്യനും ഹോതാവുമായ അഗ്നി യജമാനരായ മനുഷ്യരുടെ ഇടയിൽ പ്രതിഷ്ഠിയ്ക്കപ്പെടുന്നു: അദ്ദേഹം അരക്കരെ അമർക്കുന്നതിൽ മനസ്സു വെയ്ക്കുന്നു, ഗൃഹങ്ങളെ രക്ഷിയ്ക്കുന്നു. യജ്ഞശാലയിൽ ധനപാലകനായി സ്ഥിതിചെയ്യുന്നു; അദ്ദേഹംതന്നെ എല്ലാദ്ധനങ്ങളുടെയും നാഥൻ. (4)

അതിനാൽ, അഗ്നേ, ധനപാലകനും അന്നവാഹിയുമായ നിന്തിരുവടിയെ ഗൌതമരായ ഞങ്ങൾ ഒരു കുതിരയെ എന്നപോലെ തുടച്ചു, മനനയോഗ്യങ്ങൾകൊണ്ടു സ്തുതിയ്ക്കുന്നു. ആ കർമ്മാർജിതദ്രവിണൻ നാളെക്കാലത്തും ചീളെന്നു വന്നണയട്ടെ. (5)

### കുറിപ്പുകൾ: സൂക്തം 60.

1. രണ്ടെണ്ണം—രണ്ട് അരണികൾ.
2. കാമിയ്ക്കുന്ന—ഹവിസ്സിനെ. സൂര്യനെക്കാളുംമുമ്പേ—സൂര്യോദയത്തിന്നുമുമ്പു കഴിയും, അഗ്നിഹോത്രഹോമത്തിന്ന്, അഗ്നിയെ പ്രതിഷ്ഠിയ്ക്കുക.
3. ഹൃദയം—ഹൃദയസ്ഥമായ പ്രാണവായു. വായുവിൽനിന്നാണല്ലോ, അഗ്നി ജനിയ്ക്കുന്നത്; വായുതന്നെ, പ്രാണൻ. മാദകജ്വാലൻ = മത്തുപിടിപ്പിയ്ക്കുന്ന (മോഹനങ്ങളായ) ജ്വാലകളോടുകൂടിയവൻ; അഗ്നി.
4. പാവകൻ = ശുദ്ധിപ്പെടുത്തുന്നവൻ.
5. തുടച്ചു—കേറാൻ തുടങ്ങുന്നവർ കുതിരയുടെ പുറം തുടയ്ക്കുമല്ലോ; അതുപോലെ, അഗ്നിയുടെ ഹവിർവഹനപ്രദേശം തുടച്ച്. മനനയോഗ്യങ്ങൾ = മനനത്തിന്ന് (ചിന്തനത്തിന് ) അർഹങ്ങളായ സ്തോത്രങ്ങൾ. ഞങ്ങൾ—ഞാൻ; 'ആത്മനി ബഹുവചനം' പ്രയോഗിച്ചിരിയ്ക്കയാണ്.

## സൂക്തം 61.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; ഇന്ദ്രൻ ദേവത.

തടിച്ചുനീണ്ടവനായി, ത്വരാവാനായി, മഹാനായി, സ്തുതികൾക്കനുരൂപനായി, യാത്രയ്ക്കു തടവില്ലാത്തവനായിരിയ്ക്കുന്ന ഈ ഇന്ദ്രന്നു ഞാൻ മികച്ച സ്തോത്രവും, പൂർവന്മാർ നല്കിപ്പോന്ന ഹവിസ്സുകളും, ചോറെന്നപോലെ വിളമ്പുന്നു. (1)

ഈ ഇന്ദ്രന്നുതന്നെ ഞാൻ ചോറെന്നപോലെ നല്കുന്നു–ശത്രുരോധിയും അത്യാവർജകവുമായ ഒരു സ്തോത്രാഘോഷം നടത്തുന്നു. മറ്റുള്ളവരുമുണ്ട്, അന്തഃകരണംകൊണ്ടും ബുദ്ധികൊണ്ടും ആ പഴയ സ്വാമിയ്ക്കായി സ്തുതികൾ തുടച്ചുവെയ്ക്കുന്നു! (2)

ഈ ഇന്ദ്രന്നായിത്തന്നെ–ഉപമാനഭൂതനും ധനദാതാവുമായ ആ പണ്ഡിതനെ മഹത്ത്വപ്പെടുത്താൻ–അത്യാവർജകങ്ങളായ വിശുദ്ധസ്തോത്രവാക്യങ്ങളാൽ, ഏറ്റവും മഹത്തായ ഒരാഘോഷം ഞാൻ മുഖംകൊണ്ടു നടത്തുന്നു. (3)

ഈ ഇന്ദ്രന്നായിത്തന്നേ ഞാൻ ഒരു സ്തോമം, സ്വാമിയ്ക്കായി തച്ചൻ തേരെന്നപോലെ തെളിച്ചുകൊള്ളുന്നു; ആ സ്തുതിവാഹ്യമാനന്ന് അത്യാവർജകങ്ങളായ ഋക്കുകളും, ആ മേധാവിയ്ക്കു സവോൽകൃഷ്ടമായ ഹവിസ്സും സമർപ്പിച്ചുകൊള്ളുന്നു. (4)

ഈ ഇന്ദ്രന്നായിത്തന്നേ, ധനേച്ഛുവായ ഞാൻ സ്തോത്രമന്ത്രത്തെ നാക്കിനോടു, കുതിരയെയെന്നപോലെ ചേർക്കുന്നു; ആ വീരനെ, ദാനനിധിയെ, ശ്ലാഘ്യാന്നനെ, നഗരഭേദിയെ വന്ദിപ്പാനും തുടങ്ങുന്നു. (5)

ഈ ഇന്ദ്രന്നായിത്തന്നേ, തുലോം ശോഭനകാരിയും സ്തുത്യവുമായ വജ്രം യുദ്ധത്തിന്നു ത്വഷ്ടാവ് മൂർച്ചപ്പെടുത്തി; ആ കൊലയായുധമാണല്ലോ, ശത്രുമർദ്ദനനും അമിതബലനുമായ തിരുമേനി വൃത്രന്റെപോലും മർമ്മത്തെയ്ക്കയച്ചത്. (6)

ആ സർവവ്യാപിയും ശത്രുക്കളെ തുലോം ആക്രമിയ്ക്കുന്നവനുമായ വജ്രായുധൻ ഈ വർഷഹേതുവായ മഹായജ്ഞത്തിന്റെ സവനങ്ങളിൽ സോമവും നല്ല ഭക്ഷ്യങ്ങളും തൽക്ഷണം ഭക്ഷിച്ചരുളി; അസുരസമ്പത്ത് അപഹരിച്ചു; ചെന്നു മേഘത്തെ പിളർത്തി. (7)

ഈ ഇന്ദ്രന്നായിത്തന്നേ, വൃത്രവധത്തിൽ, ദേവപത്നികൾ ചുറ്റിനടക്കൽ വിട്ട് അർച്ചനസ്തോത്രം ഉച്ചരിച്ചു. ഇദ്ദേഹം പരന്ന ദ്യാവാപൃഥിവികളെ ചെറുതാക്കി: അവ ഇദ്ദേഹത്തിന്റെ മഹിമാവിന്നു മതിയായില്ല. (8)

ഇദ്ദേഹത്തിന്റെ മഹത്ത്വം ദ്യോവിനെയും ഭൂവിനെയും അന്തരിക്ഷത്തെയും കവിച്ചു പൊങ്ങി. സ്വതേജസ്സുകൊണ്ടുതന്നെ അടക്കം വരുത്തുന്നവനും, എന്തിനും പോന്നവനും, മികച്ച ശത്രുക്കളുള്ളവനും, അപ്രമേയനുമായ ഇന്ദ്രൻ (മേഘങ്ങളെ) പോരിന്നിറക്കുന്നു. (9)

തന്റെ ബലത്താൽത്തന്നെയാണ്, ഇന്ദ്രൻ വരൾച്ചപെടുത്തിയ വൃത്രനെ വജ്രംകൊണ്ടരിഞ്ഞതും, അടയ്ക്കപ്പെട്ട ജലങ്ങളെ, ഗോക്കളെയെന്നപോലെ തുറന്നുവിട്ടതും. അദ്ദേഹം ഹവിർദ്ദാതാവിന്നു സമാനചിത്തനായി ഫലം നേരിട്ടു കൊടുക്കുന്നു. (10)

ഇദ്ദേഹത്തിന്റെ തേജസ്സാലാണ്, വജ്രംകൊണ്ട് അച്ചടക്കം വെച്ചതിനാലാണ്, സിന്ധുക്കൾ അതിരിൽ നില്ക്കുന്നത്; ഐശ്വര്യം നേടിയ, യജമാനന്നു ഫലം നല്കുന്ന, ഈ ശത്രുമർദ്ദനനത്രേ, തുർവീതിയ്ക്കു നില കിട്ടിച്ചത്! (11)

വെമ്പൽക്കൊള്ളുന്നവനും അമിതബലനുമായ തിരുമേനി ഈ വൃത്രന്റെനേരേ വജ്രം വിട്ടാലും; ജലത്തെ പുറത്തിറക്കി പ്രവഹിപ്പിപ്പാൻ വിലങ്ങിച്ച വജ്രംകൊണ്ട് അവന്റെ ഓരോ ഗാത്രസന്ധിയെയും, ഗോവിന്റേതിനെപ്പോലെ നുറുക്കിയാലും! (12)

ഉക്ഥങ്ങൾകൊണ്ടു സ്തുത്യനും വെമ്പൽക്കൊള്ളുന്നവനുമായ അവിടുന്നു മുമ്പു കല്പിച്ചുചെയ്തവയെ ഭവാൻ പ്രശംസിയ്ക്കുക: യുദ്ധത്തിന്ന് ആയുധങ്ങൾ തെരുതെരെ അയച്ചുകൊണ്ട് ഇദ്ദേഹം ഒരു കൊലയാളിയുടെമട്ടിൽ കൂടലരെ കൊന്നൊടുക്കിയല്ലോ! (13)

ഇദ്ദേഹത്തെ പേടിച്ചു പർവതങ്ങൾ അനങ്ങാതായി; കണ്ടതോടേ ദ്യാവാപൃഥിവികൾ വിറച്ചുപോയി. ഈ സുന്ദരാംഗന്റെ ദുഃഖനാശകത്വത്തെപ്പറ്റി പേർത്തും പേർത്തും പാടിയ നോധസ്സ് ഉടനടി വീര്യവാനായിച്ചമഞ്ഞു! (14)

ഏകനും വിവിധധനേശനുമായ ഇന്ദ്രനു യാതൊന്നു വേണമെന്നു തോന്നിയോ, അത് ഇവരാൽ നല്കപ്പെട്ടു. സ്വശ്വനു മകനായിപ്പിറന്ന സൂര്യനോടു പൊരുതുന്ന ഏതശനെ അവിടുന്നു സോമനീർ കൈക്കൊണ്ടു രക്ഷപ്പെടുത്തി. (15)

ഇന്ദ്ര, രണ്ടശ്വങ്ങളെ പൂട്ടുന്നവനേ, അങ്ങയ്ക്കായിത്തന്നെ അത്യാവർജകങ്ങളായ സ്തോത്രമന്ത്രങ്ങൾ ഗോതമഗോത്രക്കാർ നിർമ്മിച്ചിട്ടുണ്ട് . ഇവർക്കു ഭവാൻ നാനാരൂപമായ ധനം നല്കിയാലും. ആ കർമ്മാർജിതദ്രവിണൻ നാളെക്കാലത്തും ചീളെന്നു വന്നണയട്ടെ! (16)

## കുറിപ്പുകൾ: സൂക്തം 61.

1. ത്വരാവാൻ–കർത്തവ്യങ്ങളെ ചെയ്തുകഴിയ്ക്കുന്നതിൽ വെമ്പലുള്ളവൻ.
2. നല്കുന്നു എന്നതിന്റെ വിവരണമാണ്, അടുത്ത വാക്യം. അത്യാവർജകം = ഹൃദയത്തെ തുലോം ആകർഷിയ്ക്കുന്നത്. തുടച്ചുവെയ്ക്കുന്നു–സംസ്കാരപ്പെടുത്തുന്നു.
3. ഉപമാനഭൂതൻ–മഹാന്മാരെ ഇന്ദ്രനോടുപമിയ്ക്കു സാധാരണമാണല്ലോ. മുഖംകൊണ്ടു നടത്തുന്നു–ഉറക്കെ ചൊല്ലുന്നു.
4. സ്തോമം–സ്തോത്രവിശേഷം. സ്തുതിവാഹ്യമാനൻ = സ്തുതികളാൽ വഹിയ്ക്കപ്പെടുന്നവൻ; സ്തുതികളിൽ കേറിസഞ്ചരിയ്ക്കുന്നവൻ!
5. കുതിരയെ എന്നപോലെ–യാത്രോദ്യതൻ കുതിരയെ തേരിനോടു ചേർക്കുന്നതുപോലെ. ശ്ലാഘ്യാന്നൻ = ശ്ലാഘനീയങ്ങളായ അന്നങ്ങളോടുകൂടിയവൻ. നഗരഭേദി–അസുരപുരങ്ങളെ പിളർത്തുന്നവൻ.
6. ശോഭനകാരി = നല്ലതു ചെയ്യുന്നത്.
7. വർഷഹേതു-മഴ പെയ്യിയ്ക്കുന്നത്. തൽക്ഷണം–ഹോമിച്ച ഉടൻതന്നെ.
8. ചെറുതാക്കി–ഇതിന്റെ വിവരണമാണ്, അടുത്ത വാക്യം.
9. അടക്കം–എതിരാളികൾക്ക്. മികച്ച ശത്രുക്കളെ വധിയ്ക്കുന്നതാണല്ലോ, വീരപ്രശസ്തിയ്ക്കു കാരണമാവുക. പോരിന്നിറക്കുന്നു–മേഘങ്ങളെക്കൊണ്ടു പരസ്പരം പൊരുതിച്ച്, മഴ പെയ്യിക്കുന്നു.
10. വരൾച്ചപെടുത്തിയ–വെള്ളത്തെ തടുത്തുനിർത്തിയതിനാൽ, ലോകം ഉണങ്ങിപ്പോയി. ഗോക്കളെ–ചോരന്മാർ കട്ടുകൊണ്ടുപോയി ഒളിപ്പിച്ച. സമാനചിത്തൻ–ഹവിർദ്ദാതാവിന്റെ മനസ്സോടു യോജിച്ച മനസ്സോടുകൂടിയവൻ.

11. സിന്ധുക്കൾ-സമുദ്രങ്ങൾ, അല്ലെങ്കിൽ നദികൾ. തുർവീതി–ഒരു ഋഷി: ഇദ്ദേഹം വെള്ളത്തിൽ മുങ്ങിപ്പോയി; ഇന്ദ്രനാൽ കരയേററപ്പെട്ടു. തുർവീതി രാജാവാണെന്നും അഭിപ്രായമുണ്ട്.

12. ഈ ഋക്ക് വൃത്രവധത്തിൽ പ്രേരിപ്പിച്ച സ്തോതാക്കൾ പറയുന്നതാണ്. ഗോവിന്റേതിനെപ്പോലെ–കശാപ്പുകാർ നാല്ക്കാലിയുടെ അവയവങ്ങളെ മുറിയ്ക്കുന്നതുപോലെ.

13. ഇതു സ്തോതാവിനോടു പറയുന്നതാണ്: ഉക്ഥം–സ്തോത്രവിശേഷം.

15. സ്വശ്വൻ (ഒരു രാജാവ്) പുത്രകാമനായി സൂര്യനെ സേവിച്ചു. അദ്ദേഹത്തിന്നു സൂര്യൻതന്നെ പുത്രനായി ജനിച്ചു. ഈ രാജപുത്രനോടു യുദ്ധംചെയ്യേണ്ടിവന്ന ഏതശൻ എന്ന ഋഷി ഇന്ദ്രനാലത്രേ രക്ഷിയ്ക്കപ്പെട്ടത്.

നാലാമധ്യായം സമാപ്തം.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## അഞ്ചാം അദ്ധ്യായം

മണ്ഡലം 1     അനുവാകം 11

## സൂക്തം 62.

നോധസ്സ് ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കേക)

സ്തോത്രസേവ്യനാം ബലരൂപനു സുഖദമാം
സ്തോത്രമോർത്തറിക നാ,മംഗിരസ്സുകൾക്കൊപ്പം;
അത്യാവർജകമായി സ്തുതിപ്പോന്നഭ്യർച്ച്യനാം
മർത്ത്യവിശ്രുതനനുച്ചരിയ്ക്കു, നാം നുതിമന്ത്രം. (1)

പെരിയോനാമമ്പലരൂപനെ വാഴ്ത്താൻ നിങ്ങൾ
കരുതിവെപ്പിൻ, നീട്ടിപ്പാടാവും മഹാസാമം:
അവനെപ്പൂജിച്ചല്ലോ നേടി ഗോക്കളെ, സ്ഥാന-
മറിഞ്ഞിട്ടസ്മത്താതരംഗിരസ്സുകൾ മുന്നം! (2)

ഇന്ദ്രനം,ഗിരസ്സുകളിവർ ചൊന്നയയ്ക്കയാൽ
നന്ദനന്നിര നേടീ സരമയെളുപ്പത്തിൽ:
കൊന്നു തിന്മനെ; നേടീ ഗോക്കളെ നിലിമ്പർകോൻ;
നിന്നാർത്തുകൂക്കീ, പൈക്കളോടുമൊത്തന്നേതാക്കൾ! (3)

ശക്ര,സത്രത്തെപ്പത്തുമൊമ്പതും നാളാൽത്തീർത്ത
സദ്ഗതിതേടുന്നേഴ മേധാവിമാരാലിന്ദ്ര,
സുസ്തോഭസ്വരസ്തോത്രകീർത്തിതൻ ഭവാനാർപ്പാ–
ലദ്രിമേഘങ്ങളെയും പിളർത്തി, വലനെയും! (4)

അംഗിരസ്സുകളാലേ വാഴ്ത്തപ്പെട്ട,ഭിരൂപ–
നങ്ങുഷസ്സോടും ഭാനുമാനോടുമൊന്നിച്ചിന്ദ്ര,
അന്ധകാരത്തെപ്പോക്കീ രശ്മിയാൽ;–ച്ചുവടുറ–
പ്പന്തരിക്ഷത്തിന്നേകീ; മന്നിടം നിരപ്പാക്കി! (5)

അന്നു തന്തിരുവടി ചെയ്തതേ തുലോം മാന്യം–
സുന്ദരാകാരന്റെയക്കർമ്മമേ തുലോം രമ്യം:
നിനച്ചാനല്ലോ തേൻതണ്ണീർകളാൽ, പൃഥിവിതൻ
നികടേ നിർത്തപ്പെട്ട നാലു നിമ്നഗകളെ! (6)

ആയാസികൾക്കില്ല,ർക്കസ്തുതിയാൽ വാഴ്ത്തുന്നോർക്കേ,
ധ്യേയോച്ചനഭസ്ഥനസ്സൽക്കർമ്മി വശപ്പെട്ടു;
പണ്ടെന്നുമൊരേക്കൂട്ടിൽപ്പാർത്ത വാനൂഴികളെ
രണ്ടാക്കിനിർത്തിക്കൊണ്ടതവനാണ,ർക്കൻപോലെ! (7)

ഭിന്നമാരിരുയുവമങ്കമാർ പണ്ടേമുത–
ല്ക്കമ്പഹം വെളിപ്പെട്ടു, വാനിലും ക്ഷിതിയിലും
മുറയ്ക്കു ചുററിനടക്കുന്നുണ്ടു, വേറേ വേറേ:
കറുമ്പി രജനിയും, പൊന്നൊളിപ്പുലരിയും! (8)

സുകർമ്മംപോലായ്ത്തീർന്ന സുകർമ്മാവൂർജസ്സുനു
സഖിത്വം പണ്ടേതന്നെ സംഭരിച്ചരുളുന്നു:
പക്വമാം ക്ഷീരം പാകമെത്താത്ത പശുവിലും

വെയ്ക്കുന്നു, ഭവാൻ വെണ്പാൽ കൃഷ്ണ–ശോണകളിലും! (9)

പണ്ടുതൊട്ടൊരേക്കൂട്ടിൽച്ചേഷ്ടയെന്നിയേ കിട–
ക്കൊണ്ട കൈവിരലുകളുച്ചലിച്ചുയിർ നേടി
നൂറ്റന്നൂർ കർമ്മങ്ങളെപ്പാലിപ്പൂ രക്ഷാശക്ത്യാ;
ധീരനെശ്ശുശ്രൂഷിപ്പൂ, ദേവപത്നികൾപോലെ! (10)

നിത്യകർമ്മവും സ്വത്തും നേടാനായ് മതിമാന്മാ–
രെത്തിനാർ, നമിച്ചർക്കാം, ജപിച്ചൂർജസ്വിൻ, നിങ്കൽ;
സദ്രൂപ, തലോടുന്നു സ്തുതികൾ നിന്നെ,ക്കാമ–
മൊത്ത നാഥനെക്കാമംപൂണ്ട പത്നികൾപോലെ! (11)

പണ്ടേതൊട്ടഭിരൂപ, സമ്പത്തു നിൻതൃക്കയ്യി–
ലുണ്ടല്ലോ; വിനാശമില്ലി,ടിവില്ലതിന്നിന്ദ്ര;
ഉന്മിഷൽപ്രഭൻ, ധീരൻ, കൃത്യവാനിവിടുന്നു;
കർമ്മവൻ, തരികെങ്ങൾക്കാ,ത്മകർമ്മത്താൽ വിത്തം! (12)

ഇന്ദ്ര, നീ നിത്യൻ: ഹരിദ്വന്ദ്വത്തെ നേരേ നട–
ത്തുന്ന കെല്പേറും നിന്നെക്കൊണ്ടോരു നവ്യസ്തോത്രം
ഗൌതമൻ നോധസ്സെങ്ങൾക്കായി നിർമ്മിച്ചാൻ: ക്ഷിപ്രം
പ്രാതരാഗമിയ്ക്കട്ടെ,യക്കർമ്മാർജിതദ്രവ്യൻ! (13)

## കുറിപ്പുകൾ: സൂക്തം 62.

1. ബലരൂപന്ന്–ഉടലെടുത്ത ബലംതന്നെയായ ഇന്ദ്രന്. അംഗിരസ്സുകൾക്കൊപ്പം–അംഗിരോഗോത്രക്കാർ ചിന്തിച്ചറിഞ്ഞുവെച്ചതുപോലെ. സ്തുതിപ്പോന്നഭ്യർച്ച്യൻ–യജമാനനാൽ അർച്ചിയ്ക്കപെടേണ്ടുന്നവൻ. മർത്ത്യവിശ്രുതൻ–യജിയ്ക്കുന്ന മനുഷ്യനിൽ യജനീയത്വേന വിഖ്യാതനായ ഇന്ദ്രൻ. നതിമന്ത്രം = മന്ത്രാത്മകമായ സ്തോത്രം. നാം–യജ്ഞപ്രവൃത്തർ.
2. ഗോക്കളെ–പണി എന്ന അസുരൻ അപഹരിച്ച പൈക്കളെ. സ്ഥാനം–അവയെ ഒളിപ്പിച്ച സ്ഥലം. അസ്മത്താതർ–നമ്മുടെ പൂർവന്മാർ.
3. അംഗിരസ്സുകളുടെ അഭിപ്രായമനുസരിച്ച് ഇന്ദ്രൻ, പൈക്കളെ ഒളിപ്പിച്ച സ്ഥലം അറിഞ്ഞുവരാൻ സരമ എന്ന ദേവശുനിയെ നിയോഗിച്ചു. ‘എന്റെ കുട്ടിയ്ക്കു പാലും മറ്റും കൊടുത്തുകൊണ്ടിരിയ്ക്കാമെന്നേറ്റാൽ ഞാൻ പോകാ’മെന്നായിരുന്നു, പട്ടിയുടെ മറുപടി; ഇന്ദ്രൻ സമ്മതിച്ചു. അവൾ പോയി, പൈക്കൾ നില്ക്കുന്നിടം കണ്ടുപിടിച്ച് ഇന്ദ്രനെ അറിയിച്ചു. അങ്ങനെ സരമ മകന്ന് ഇര (ഉപജീവനത്തിന്നുള്ള വക) സമ്പാദിച്ചുവെച്ചു. നിലിമ്പർകോൻ–സരമയിൽ നിന്നു ഗോസ്ഥാനമറിഞ്ഞ ഇന്ദ്രൻ. തിന്മൻ–വലിയ തീററക്കാരനായ അസുരൻ. അന്നേതാക്കൾ–പൈക്കളെ തിരഞ്ഞുനടന്ന ദേവന്മാർ.
4. സത്രത്തെ പത്തുനാൾകൊണ്ടു തീർത്ത(അവസാനിപ്പിച്ച)വർ, ഒമ്പതു നാൾകൊണ്ടവസാനിപ്പിച്ചവർ–ഇങ്ങനെ രണ്ടുതരക്കാരായ ഏഴു മേധാവിമാരാൽ (മേധാതിഥിപ്രഭൃതികളായ ഏഴംഗിരസ്സുകളാൽ). സുസ്തോഭസ്വരസ്തോത്രകീർത്തിതൻ = നല്ല സ്തോഭവും സ്വരവുമുള്ള സ്തോത്രങ്ങൾകൊണ്ടു കീർത്തിയ്ക്കപ്പെട്ടവൻ. വലൻ-അസുരന്റെ പേർ.
5. അഭിരൂപൻ = സുന്ദരൻ. ഭാനുമാൻ = സൂര്യൻ.

6. നിർത്തപ്പെട്ട–ഒഴുകാതെ നിന്ന. തേൻതണ്ണീർകൾ = തേനിനൊത്ത (മധുരങ്ങളായ) ജലങ്ങൾ.

7. ആയാസികൾക്ക് (യുദ്ധാദിപ്രയത്നങ്ങൾ ചെയ്യുന്നവർക്ക്) ആ സൽകർമ്മി (ശോഭനകർമ്മാവായ ഇന്ദ്രൻ) വശപ്പെടുകയില്ല. യുദ്ധംകൊണ്ടും മറ്റും ഇന്ദ്രനെ വശത്താക്കുക സാധ്യമല്ല; അതിന്നു സ്തുതിയ്ക്കുകതന്നെ വേണം. ധ്യേയോച്ചനഭസ്ഥൻ = ധ്യാനിയ്ക്കേണ്ടുന്ന ഉന്നതമായ ആകാശത്തു വസിയ്ക്കുന്നവൻ. ഒരേക്കൂട്ടിൽപ്പാർത്ത–വേറുതിരിയാതെനിന്ന. വാനൂഴികൾ = ദ്യാവാപൃഥിവികൾ.

8. ഭിന്നമാർ–വ്യത്യസ്തരൂപകൾ. യുവമങ്കമാർ = തരുണിമാർ. രാത്രിയെയും ഉഷസ്സിനെയും രണ്ടു യുവതിമാരാക്കിയിരിയ്ക്കുന്നു. ഇന്ദ്ര, ഇതൊക്കെ അങ്ങുതന്നെയാണ്, ചെയ്യിയ്ക്കുന്നത്!

9. സുകർമ്മംപോലായ്ത്തീന്ന–ഉടലെടുത്ത സൽക്കർമ്മമെന്നു തോന്നുമാറിരിയ്ക്കുന്ന. ഊർജസ്സൂനു = ബലത്തിന്റെ മകൻ; അതിബലവാൻ എന്നർത്ഥം. സഖിത്വം–യജമാനന്മാരുമായി സഖ്യം. പശു-പൈക്കൾ; ജാത്യേകവചനം. കൃഷ്ണ–ശോണകളിലും–കറുത്ത പൈക്കളിലും ചുകന്ന പൈക്കളിലും വെളുത്ത പാൽ ഉൽപാദിപ്പിയ്ക്കുന്നു! പാകം-മൂപ്പ്, വളർച്ച.

10. ഒരേക്കൂട്ടിൽ–മനുഷ്യരുടെ കൈപ്പടത്തിൽ. കിടക്കൊണ്ട = കിടന്ന, വസിച്ച. കർമ്മങ്ങളെ–യജ്ഞത്തിന്നുവേണ്ടുന്ന ജോലികളെ. പാലിപ്പ്–ഹാനിവരാതെ നടത്തുന്നു. ധീരൻ–പ്രഗല്ഭനായ ഇന്ദ്രൻ. ശുശ്രൂഷിപ്പൂ–തൊഴുതു പ്രസാദിപ്പിയ്ക്കുന്നു.

11. നിത്യകർമ്മം–അഗ്നിഹോത്രാദി. ഊർജസ്വിൻ-ബലമേറിയവനേ. സദ്രൂപ = സുന്ദര. നാഥൻ = ഭർത്താവ്.

12. ഇടിവ് = ഹാനി. കർമ്മവൻ = കർമ്മങ്ങളോടുകൂടിയവനേ.

13. ഹരിദ്വന്ദ്വത്തെ = ഹരികൾ എന്ന രണ്ടശ്വങ്ങളെ. നിന്നെക്കൊണ്ട്–അങ്ങയെപ്പറ്റി. പ്രാതഃ = പ്രഭാതത്തിൽ. ആഗമിയ്ക്കുക-വരിക. ഋത്വിക്കുകളുടെ പ്രാർത്ഥനയാണിത്.

## സൂക്തം 63.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കേക)

ഇന്ദ്ര, നീ മഹാനാപദ്വേളയിൽ പ്രത്യക്ഷനായ്
വന്നു താങ്ങിനാനല്ലോ, വാനൂഴികളെക്കെല്പാൽ;
അങ്ങയെപ്പേടിച്ചുറപ്പറ്റു പാറിപ്പോയ്, പാടേ
തുംഗശൈലാദികളും, സൂര്യരശ്മികൾപോലേ! (1)

വിവിധക്രിയഹരിദ്വയിയെപ്പൂട്ടുമ്പോഴേ
പവിയർപ്പിയ്ക്കും, സ്തോതാവിന്ദ്ര, നിൻതൃക്കൈകളിൽ:
അതുമായ്ക്കേറിച്ചെല്ലും, ബഹ്വരിപുരങ്ങളി–
ലവിടുന്നഭീപ്സിതകർമ്മാവേ, പുരുഹൂത! (2)

ഇന്ദ്ര, നീ സർവോൽക്കൃഷ്ടനൃ,ഭുക്ഷാവെ,തിർപ്പോരെ
വെന്നിടും രിപുഘ്നൻ നീ; മാനുഷാനുകൂലൻ നീ.
വീഴ്ത്തലും വീറും ചേർന്ന യുദ്ധത്തിൽ, യുവാവാം ശ്രീ
ചീർത്ത കുത്സനുവേണ്ടിശ്ശുഷ്ണനെക്കൊന്നല്ലോ നീ! (3)

മിത്രമായ്പ്പകൾ നേടിക്കൊടുത്തു ഭവാനിന്ദ്ര:
പുത്രനെക്കുലിശത്താൽക്കൊന്നല്ലോ, വൃഷാവേ, നീ;
മറ്റു ദസ്യുക്കളെയും മടക്കിയല്ലോ പോരിൽ,–
ശ്ശത്രുവെ സ്വൈരം വെല്ലും ശൂരനാം വർഷോൽക്കൻ നീ! (4)

മർത്ത്യരിലൊരാളിൽത്തേ പ്രീതികേടുണ്ടായ്വന്നാ-
ല,ദൃഢാസ്പദനെയും ഹിംസിപ്പാൻ നിനയ്ക്കാ നീ;
ദിക്കുകൾ തുറന്നരുൾകെങ്ങൾതൻ കുതിരകൾ–
ക്കു;–ഗ്രമാം വജ്രംകൊണ്ടു കൊന്നരുൾകെ,തിർത്തോരെ! (5)

ആ നിന്നെയല്ലോ മർത്ത്യന്മാരിന്ദ്ര, വിളിയ്ക്കുന്ന–
താ,തതവിഭൂതിയായ് ലാഭവത്താകും പോരിൽ;
ആജിയിലാർജിയ്ക്കേണ്ടുവൊന്നാമിബ്ഭവദ്രക്ഷ-
യാഗമിയ്ക്കട്ടേ, ഞങ്ങൾക്കടരിൽബ്ബലവാനേ! (6)

നീയല്ലോ കുലിശത്താൽപ്പിളർത്തീ, പുരുകുത്സ–
ന്നായിട്ടു യുദ്ധംചെയ്തപ്പുരസപ്തകമിന്ദ്ര;
എരിച്ചു കളിയായ് നീയംഹുവിൻ ധനം തീപോ–
ല;–രുളീ പുരാൻ പിന്നെ,പ്പൂരുവാം സുദാസ്സിന്നായ്! (7)

വർദ്ധിപ്പിച്ചരുളുക, പൃത്ഥ്വിയിലെല്ലാമിന്ദ്ര,
ചിത്രമാമാഹാരത്തെദ്ദേവ, വെള്ളത്തെപ്പോലേ:
ജീവനെ ഞങ്ങൾക്കിതൊന്നാലല്ലോ ഭവാൻ ശൂര,
കൈവരുത്തുന്നു നീളെയൊഴുകും ജലംപോലേ! (8)

ഇന്ദ്ര, തീർത്തിരിയ്ക്കുന്നു ഗോതമർ, ധൃതഹരി–
ദ്വന്ദ്വനാമങ്ങയ്ക്കായി ഹവ്യവും മന്ത്രങ്ങളും:
പ്രാജ്യമാമന്നം കൊണ്ടുവരികെങ്ങൾക്കായ്; ക്ഷിപ്രം

പ്രാതരാഗമിയ്ക്കട്ടെ,യക്കമ്മാർജിതദ്രവ്യൻ! (9)

## കുറിപ്പുകൾ: സൂക്തം 63.

1. ആപദ്വേളയിൽ–അസുരരിൽനിന്ന് ആപത്തുണ്ടായ സമയത്ത്. സൂര്യരശ്മികൾ–സൂര്യകിരണങ്ങൾ പാറുന്നതുപോലെ. തുംഗശൈലാദികളും–ഭൂതജാതംമാത്രമല്ല, മാമലകൾപോലും ഉറപ്പറ്റു (അടിയിളകി) പാറിപ്പോയ്!
2. വിവിധക്രിയഹരിദ്വയിയെപ്പൂട്ടുമ്പോഴേ–നാനാകർമ്മങ്ങൾ (വിക്രമങ്ങൾ) ചെയ്യു രണ്ടു ഹരികളെ തേരോടു യോജിപ്പിയ്ക്കുന്ന സമയത്തുതന്നെ. പവി = വജ്രം. സ്തോതാവു സ്തുതിയ്ക്കുന്നതോടേ, വജ്രം സ്വയം തൃക്കയ്യിലെത്തും. ബഹ്വരിപുരങ്ങളിൽ–വളരെ ശത്രു(അസുര)നഗരങ്ങളിൽ.
3. ഋഭുക്ഷാവ്–ഇന്ദ്രപര്യായം: ഋഭുക്കളോടൊന്നിച്ചു വസിയ്ക്കുന്നവൻ, അല്ലെങ്കിൽ മഹാൻ. വീഴ്ത്തലും (കൊല്ലലും) വീറും (വീര്യപ്രകടനവും) ചേർന്നതാണല്ലോ, യുദ്ധം. ശ്രീ ചീർത്തശോഭ (തേജസ്സ്) ഏറിയ. കുത്സൻ–ഒരു ഋഷി.
4. മിത്രമായ് (സഹായിച്ചു) കുത്സനെ യശസ്വിയാക്കി. കുലിശം = വജ്രം. മടക്കി = പിന്തിരിപ്പിച്ചു, തോല്പിച്ചു. സൈ്വരം–അനായാസേന. വർഷോൽക്കൻ = കാമവർഷണത്തിൽ തൽപരൻ.
5. അദൃഢാസ്പദനെയും–അപ്രീതിയ്ക്കു വിഷയമായ മനുഷ്യൻ ഒരു ദൃഢാസ്പദ('ഉറച്ച പുള്ളി')നാണെങ്കിൽപ്പോലും, അവനെ അങ്ങു പീഡിപ്പിയ്ക്കുകയില്ല; കരുത്തരായ അമിത്രരെ ഹനിയ്ക്കുക വീരകർമ്മംതന്നെ എങ്കിലും, അത് അവങ്കൽ പ്രയോഗിയ്ക്കില്ല; അനുഗ്രഹിയ്ക്കുകയേ ചെയ്യൂ. ഞങ്ങളുടെ കുതിരകൾ എല്ലാദ്ദിക്കുകളിലും തടവെന്യേ സഞ്ചരിയ്ക്കട്ടെ!
6. മർത്ത്യന്മാർ–പൊരുതാനൊരുങ്ങിയ ആളുകൾ. ആതതവിഭൂതി = സമ്പത്തു പരത്തപ്പെട്ടതു; വലിയ ധനവ്യയം വരുമല്ലോ, യുദ്ധത്തിൽ. ലാഭവത്ത് = ലാഭമുള്ളത്; ജയിച്ചവർക്കു ധനം വളരെ കിട്ടുമല്ലോ. ആജിയിൽ(= യുദ്ധത്തിൽ) അങ്ങയുടെ രക്ഷ കൂടിയേ കഴിയൂ.
7. പുരുകുത്സൻ എന്ന ഋഷിയ്ക്കുവേണ്ടി, തദ്വൈരികളോടു പൊരുതി, അവരുടെ ഏഴു നഗരം നശിപ്പിച്ചു. അംഹു എന്ന അസുരന്റെ സമ്പത്തു നിഷ്പ്രയാസം ചുട്ടെരിച്ചു. പൂരാൻ (തമ്പുരാൻ, അവിടുന്ന്) സുദാസ്സിന്നു ധനം അരുളി (കല്പിച്ചു നല്കി). പൂരു = ഹവിസ്സുകൊണ്ട് (അങ്ങയെ) പൂരിപ്പിച്ചവൻ.
8. ചിത്രം = മാനനീയം, വിവധം. വെള്ളത്തെപ്പോലേ–അങ്ങാണല്ലോ മഴകൊണ്ടു വെള്ളത്തെ വർദ്ധിപ്പിയ്ക്കുന്നത്. ഇത്–ആഹാരം. ജലംപോലെ–ജലം ജീവനെ നൽകുന്നതാണല്ലോ.
9. ധൃതഹരിദ്വന്ദ്വൻ = ഹരിദ്വന്ദ്വത്തെ (രണ്ടശ്വങ്ങളെ) കൈക്കൊണ്ടവൻ. പ്രാജ്യം = ബഹു.

## സൂക്തം 64.

നോധസ്സ് ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; മരുത്തുകൾ ദേവത. (കേക)

‘സുഷ്ഠുവായ് സ്തുതിച്ചാലും, വർഷിയും സുയജ്ഞവും
സ്രഷ്ടാവുമായ മരുദ്വർഗ്ഗത്തെ നോധസ്സേ, നീ.’
‘നല്ല കൈവിരലുള്ള ധീരൻ ഞാൻ മനംകൊണ്ടു
വെള്ളംപോലൊഴുക്കുവൻ, സത്രയോഗ്യമാം വാക്യം.’ (1)

രുദ്രപുത്രരായ് ദ്യോവിൽനിന്നു സഞ്ജാതരവർ,
സദ്രൂപർ, യുവാക്കന്മാര,രിഘ്നര,നഘന്മാർ,
ശുദ്ധികാരികൾ, സൂര്യപ്രോജ്ജ്വലർ, ഭൂതങ്ങൾപോ–
ലത്യുഗ്രശരീരന്മാർ, മഴനീരിറ്റിപ്പവർ. (2)

രുദ്രജർ, തരുണന്മാർ, ദാനോൽക്ക,രുട്ടാത്തോരെ
മർദ്ദിപ്പോർ, മലയ്ക്കൊത്തോർ, ഗതിയ്ക്കു തടവറ്റോർ,
നിർജരർ, നഭസ്സിലും മന്നിലുമുറപ്പോടേ
നില്പവയെയുമൊട്ടുക്കിട്ടുലയ്ക്കുമേ കെല്പാൽ! (3)

ചേലുടല്ക്കുളവാക്കീ വിചിത്രാഭരണങ്ങൾ:
ഞാലുന്നുണ്ടൊളിമുത്തുമാലകൾ തിരുമാറിൽ;
മിന്നുന്നു തോളിൽക്കൈവാൾ–വാനിൽനിന്നിവയൊടും
തന്നൂർജസ്സൊടുംകൂടിജ്ജനിച്ചോരാ, നേതാക്കൾ! (4)

ഐശ്വര്യപ്രദർ, ദുഷ്ടസൂദനർ, കുലുക്കുവോർ
വായ്ക്കു കെല്പിനാൽക്കാററും മിന്നലുമുണ്ടാക്കുന്നു;
ദ്യോവിന്റെയകിടുകളിളക്കിക്കറക്കുന്നു;
ഭൂവിനെ നനയ്ക്കുന്നു, ജലത്താൽച്ചൂഴെച്ചുറ്റി! (5)

ഉദ്ദാനർ മരുത്തുക്കൾ പകർന്നുകൊടുക്കുന്നു
നൽത്തോയം, മഖങ്ങളിൽ യാജകർ തുനൈപോലേ;
മേഘത്തെ,ക്കുതിരയെപ്പോലവേ മെരുക്കുന്നു
മൈകനത്തൊലിക്കുട്ടും കാറിനെക്കറക്കുന്നു! (6)

ജ്ഞാനവും വലുപ്പവും നൽത്തിളക്കവും ശീഘ്ര–
യാനവും മലയ്ക്കൊത്ത കെല്പുമുള്ളവർ നിങ്ങൾ
കാനനം കടിച്ചുടയ്ക്കുന്നു, ഹസ്തികൾപോലേ;
ശോണപ്പെൺകുതിരകൾക്കുളവാക്കുന്നു ബലം! (7)

സിംഹംപോലലറുവോര,രിശംകൊൾകിൽക്കെല്പാൽ–
സ്സംഹരിപ്പവരം,ഗശ്രീകൊണ്ടു രുരുതുല്യർ,
ശത്രുഘ്നർ, തോഷിപ്പിപ്പോർ, പുള്ളിമാൻ–വാളൊത്തൊപ്പ–
മെത്തുമേ വിന നീക്കാൻ, പ്രജ്ഞാനർ, സർവജ്ഞന്മാർ! (8)

ചൊടിയ്ക്കിൽക്കൊല്ലും കെല്പാർന്നൊലിക്കൊള്ളിപ്പിൻ, മർത്ത്യ–
ക്കിടയിൽ വരും മരുത്തുക്കളേ, മന്നും വാനും:
ബന്ധുരത്തേരിൽക്കാണാം നിങ്ങൾതന്നൊളി, ശൌര്യം

മുന്തിയ ഗണങ്ങളേ, മിന്നൽപോലു,ടൽപോലേ! (9)

സമ്പത്തോടൊരേടത്തേ വാഴവോർ, സർവജ്ഞന്മാർ
സമ്പന്നബലർ, തീരാക്കെല്പു,ള്ളോർ, പെരിയവർ
അമ്പു കൈകളിലെടുത്തിട്ടുണ്ടു, രിപുക്കൾതൻ
വമ്പകറ്റുവോർ, സോമഭോജികളാ നേതാക്കൾ! (10)

വാരിയെ വളർപ്പവർ, പൊന്നുതേർവട്ടുകളാൽ,
വാരണക്കൂട്ടംപോലേ ശൈലത്തെയുടപ്പവർ,
ദുർദ്ധർഷർ, ദൃഢത്തെയും വീഴ്ത്തുവോർ, സ്വയം നേർപ്പോർ,
സത്രികൾ, ചെൽവോർ, സന്ദീപ്താ‌യുധർ, മരുത്തുക്കൾ. (11)

ചെത്തിനീക്കുന്നു, സർവം കാണുന്നു, നീരേന്തുന്നു,
ശുദ്ധി ചേർക്കുന്നു, പൊടി പാറിപ്പൂ, വർഷിയ്ക്കുന്നു–
രുദ്രജരൃജീഷികളപ്പെരുംമരുത്തുക്കൾ–
ക്കെത്തിയ്ക്കു നുതികൾ നാം; ചെല്ലുവിൻ, സമ്പത്തിന്നായ്! (12)

രക്ഷയാൽ മരുത്തുക്കൾ നിങ്ങൾ പാലിച്ച നരൻ
തൽക്ഷണം ജനങ്ങളിൽ മീതെയായ്‌വരും, കെല്പാൽ;
വർദ്ധിയ്ക്കും; ഹയങ്ങളാലന്നവു,മാൾക്കാരാലേ
വിത്തവും സമ്പാദിയ്ക്കും; നല്ല യജ്ഞവും ചെയ്യും! (13)

മുന്നിൽ നിർത്താവും കെല്പൻ, യുദ്ധദുസ്തരൻ, ശ്രീമാ-
നണ്ണിയുണ്ടാക, മരുത്തുക്കളേ, ധന്യർക്കെല്ലാം:
സ്തുത്യരും ധനികരും വിശ്വദർശികളുമാം
പുത്ര–പൌത്രരെപ്പുലർത്തീടാവൂ, നൂററാണ്ടെങ്ങൾ! (14)

വൈരിധർഷണക്കെല്പും വീരരും വായ്പും ചേർന്ന
നൂറുമായിരവുമാമക്ഷയദ്രവിണത്തെ
ഏകുകെങ്ങൾക്കു മരുത്തുക്കളേ; പ്രഭാതത്തിൽ
വൈകാതെ വന്നെത്തട്ടെ,യക്കർമ്മാർജിതദ്രവ്യർ! (15)

## കുറിപ്പുകൾ: സൂക്തം 64.

1. സുഷ്ഠുവായ്=നന്നായി. വർഷി=കാമവർഷകം. സ്രഷ്ടാവ്–പുഷ്പഫലാദികളെ ഉൽപാദിപ്പിയ്ക്കുന്നത്; വായുവുണ്ടായാലേ, പുഷ്പഫലാദികളുണ്ടാവുകയുള്ളുവല്ലോ. മരുദ്വർഗ്ഗം=മരുത്തുക്കളുടെ ഗണം. ഋത്വിക്കുകൾ നോധസ്സിനെ പ്രേരിപ്പിച്ചതാണ്, പൂർവാർദ്ധവാക്യം; ഉത്തരാർദ്ധം, നോധസ്സിന്റെ മറുപടി. നല്ല കൈവിരലുള്ള–മരുദ്ഗണത്തെ തൊഴുത് എന്നു സാരം. ധീരൻ=ധീമാൻ. മനംകൊണ്ട്–ആലോചിച്ചുണ്ടാക്കി. വാക്യം–സ്തോത്രം.
2. സദ്രൂപർ=അഴകുള്ളവർ. ഭൂതങ്ങൾ–ശിവപാർഷദർ. മഴനീരിറ്റിപ്പവർ–കാറ്റു വീശുമ്പോൾ മഴവെള്ളം ഇറ്റുവീഴുമല്ലോ.
3. ഊട്ടാത്തോരെ–ദേവകൾക്കു ഭക്ഷണത്തിന്നു ഹവിസ്സു കൊടുക്കാത്തവരെ.
4. തന്നൂർജസ്സ്=സ്വന്തം ബലം.

5. കുലുക്കുവോർ–മേഘാദികളെ ഇളക്കുന്നവർ. ദ്യോവിന്റെയകിടുകൾ–മേഘങ്ങൾ. ജലത്താൽ–കറന്നെടുത്ത(വർഷ)ജലംകൊണ്ടു ഭൂവിനെ നനയ്ക്കുന്നു.

6. ഉദ്ദാനർ–ഉൽകൃഷ്ടമായ ദാനത്തോടുകൂടിയവർ; മികച്ച ദാനശീലർ. യാജകർ (ഋത്വിക്കുകൾ) ഉരുക്കുനെയ്യു വീഴ്ത്തിക്കൊടുക്കുന്നതുപോലെ, മരുത്തുക്കൾ നല്ല വെള്ളം ഭൂമിയ്ക്കു പെയ്തുകൊടുക്കുന്നു. മെരുക്കുന്നൂ–കുതിരയെ നട പഠിപ്പിപ്പാനെന്നപോലെ, മേഘത്തെ വർഷം പഠിപ്പിയ്ക്കാൻ ഇണക്കുന്നു. ഒലികൂട്ടും–ഇടിവെട്ടുന്ന, ഉമ്പയിടുന്ന. കാറിനെ പയ്യാക്കിയിരിയ്ക്കുന്നു.

7. ശോണ(ചുടുത്ത)പ്പെൺകുതിരകൾക്കും (സ്വവാഹനങ്ങൾക്കും) ബലം കൂട്ടുന്ന നിങ്ങൾ എന്തും തകർക്കുന്നതിൽ അത്ഭുതമില്ല.

8. രുരു = കൃഷ്ണമൃഗം. തോഷിപ്പിപ്പോർ-സ്തോതാക്കളെ. പുള്ളിമാൻ–വാൾ = വാഹനമായ പുള്ളിമാനുകളും, ചുരികകളും. വിന–യജമാനർക്കു നേരിടുന്ന ഉപദ്രവം. പ്രജ്ഞാനർ = പ്രകൃഷ്ടമായ (മികച്ച) ജ്ഞാനമുള്ളവർ.

9. മർത്ത്യർക്കിടയിൽ വരും–ഹവിസ്സു സ്വീകരിപ്പാൻ മനുഷ്യരുടെ അടുക്കൽ വരുന്നവരായ. ഒലിക്കൊള്ളിപ്പിൻ–നിങ്ങളുടെ ആഗമനത്തിൽ മന്നും വാനും ശബ്ദായമാനമാകുമല്ലോ; വന്നുചേരുവിൻ എന്നു താൽപര്യം. ബന്ധുരത്തേർ = ബന്ധുര(സൂതനിരിയ്ക്കുന്ന സ്ഥാന)ത്തോടു കൂടിയ തേർ. ഒളി–തേജസ്സ്. ഉടൽ–നിർമ്മലമായ രൂപം; ഇതും മിന്നലും പരക്കെ കാണപ്പെടുമല്ലോ.

10. ഒരേടത്തേ–സമ്പത്തും മരുത്തുക്കളും ഒരുമിച്ചാണ് വസിയ്ക്കുന്നത്; സമ്പത്തിന്റെ ഉടമകൾ എന്നു സാരം. തീരാക്കെല്പുള്ളോർ = ഒടുങ്ങാത്ത ബലമുള്ളവർ; ഇതു, സമ്പന്നബലർ എന്നതിന്റെ വിവരണമാകുന്നു.

11. വാരി = വെള്ളം. വട്ടുകൾ = ചക്രങ്ങൾ. വാരണക്കൂട്ടം = ഗജവൃന്ദം. ദൃഢത്തെയും–ഉറപ്പിൽ നില്ക്കുന്നവയെപ്പോലും. നേർപ്പോർ–ശത്രുക്കളെ ചെറുക്കുന്നവർ. സത്രികൾ = യജ്ഞവാന്മാർ. ചെല്വോർ-യജ്ഞശാലകളിൽ ചെല്ലുന്നവർ.

12. ചെത്തിനീക്കുന്നൂ–ശത്രുക്കളുടെ ബലം പുല്ലും മറ്റുമെന്നപോലെ പോക്കുന്നു. നീരേന്തുന്നൂ–വർഷജലം വഹിയ്ക്കുന്നു. ഋജീഷികൾ–ഋജീഷത്തോടുകൂടിയവർ. മൂന്നാമത്തെ സവനത്തിൽ മരുത്തുക്കൾക്കായി വെയ്ക്കപ്പെട്ട സോമനീർപ്പാത്രമത്രേ, ഋജീഷം. നുതികൾ = സ്തുതികൾ. ഹേ ഋത്വിക്കുകളേ, നിങ്ങൾ സമ്പത്തിന്നായ് ചെല്ലുവിൻ–മരുത്തുക്കളുടെ അടുക്കൽ ധനം യാചിയ്ക്കുവിൻ.

13. വർദ്ധിയ്ക്കും–സന്തതികൊണ്ടും പശുക്കളെക്കൊണ്ടും അഭിവൃദ്ധിപ്പെടും. ഹയങ്ങൾ = കുതിരകൾ.

14. മുന്നിൽനിർത്താവും–കാര്യങ്ങളിൽ മുൻനിർത്തപ്പെടാവുന്ന; കർമ്മകുശലൻ എന്നർത്ഥം. യുദ്ധദുസ്തരൻ–യുദ്ധത്തിൽ കടക്കാവുന്ന(ജയിയ്ക്കാവുന്ന)വനല്ലാത്തവൻ. ശ്രീമാൻ = തേജസ്വി. ധന്യർ-ഹവിസ്സാകുന്ന ധനമുള്ളവർ, യജമാനന്മാർ.

15. വീരർ-വീരപുത്രന്മാർ. വായ്പ് = അഭിവൃദ്ധി.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## അഞ്ചാം അദ്ധ്യായം

മണ്ഡലം 1 അനുവാകം 12

## സൂക്തം 65.

പരാശരൻ ഋഷി; ദ്വിപദാവിരാട്ട് ഛന്ദസ്സ്; അഗ്നി ദേവത.

ധീരന്മാർ ഒരേ പ്രീതിയോടേ, ഹവിസ്സു ഭുജിയ്ക്കുന്നവനും ഹവിസ്സു നയിയ്ക്കുന്നവനുമായ അങ്ങയെ, മാടിനെ കട്ട കള്ളനെയെന്നപോലേ, കാല്പാടുകൾ നോക്കി പിന്തുടർന്നു; അങ്ങനെ, ഗുഹയിൽക്കിടക്കുന്ന അങ്ങയെ യജനീയരെല്ലാം കണ്ടെത്തി.[1] (1–2)

ചാടിപ്പോയവന്റെ ചെയ്തികൾ അന്വേഷിപ്പാൻ ദേവകൾ പുറപ്പെട്ടു; എമ്പാടുമുണ്ടായി, തിരച്ചിൽ. ഭൂമി സ്വർഗ്ഗംപോലായി! അന്നത്തിന്റെ ഉൽപത്തികാരണമായ വെള്ളത്തിൽ, അടിയിൽ പ്രത്യക്ഷനായ അദ്ദേഹത്തെ ജലദേവതകൾ സ്തുതിച്ചു മഹത്ത്വപ്പെടുത്തി സംരക്ഷിച്ചുപോന്നു. (3–4)

അഭിവൃദ്ധിപോലെ രമണീയൻ; ഭൂമിപോലെ വിശാലൻ; ഗിരിപോലെ ഭക്ഷ്യപ്രദൻ; ജലംപോലെ സുഖകരൻ; യുദ്ധത്തിൽ, കുതിരപോലെ അഴിച്ചുവിടപ്പെട്ടവൻ; വെള്ളംപോലെ പായുന്നവൻ–ഇങ്ങനെയുള്ളവനെ ആർ തടുത്തുനിർത്തും? (5–6)

അഗ്നി തണ്ണീരിന്നു, പെങ്ങൾക്കാങ്ങളെപോലെ ബന്ധുവാണ്; വനങ്ങളെ, രാജാവു പണക്കാരെ എന്നപോലെ വിഴുങ്ങും; മാരുതനാൽ പ്രേരിതനായി കാടുകളിൽ കടന്നാൽ, ഭൂമിയുടെ രോമങ്ങൾ വടിച്ചുകളയും! (7–8)

വെളിച്ചംകൊണ്ട് ആളുകൾക്കു തുലോം അറിവുണ്ടാക്കുന്നവൻ; പുലർകാലത്ത് ഉണരുന്നവൻ; ചന്ദ്രൻപോലെ ഉൽപാദിപ്പിയ്ക്കുന്നവൻ; വെള്ളത്തിൽനിന്നു വെളിപ്പെട്ടവൻ; കിടക്കുന്ന പശുപോലെ മെലിഞ്ഞവൻ; പിന്നെ തടിച്ചവൻ; അകലത്തും ഒളിവീശുന്നവൻ–ഇങ്ങനെയുള്ളവൻ വെള്ളത്തിൽ, ഇരിയ്ക്കുന്ന ഒരു ഹംസം പോലെ ജീവിയ്ക്കുകയായി! (9–10)

### കുറിപ്പുകൾ: സൂക്തം 65.

1–2. ധീരന്മാർ–ദേവന്മാർ. നയിയ്ക്കുന്നവൻ–ദേവകൾക്കായി കൊണ്ടുപോകുന്നവൻ. യജനീയർ = ദേവന്മാർ. അഗ്നി ഒരു കൊല്ലം ഗുഹ (വെള്ളത്തിന്റെ അടി)യിൽ ഒളിച്ചു താമസിച്ചുപോൽ.

3–4. അഗ്നിയെ തിരഞ്ഞുനടക്കുന്ന ദേവകളെക്കൊണ്ടു ഭൂമി സ്വർഗ്ഗം പോലായി.

5–6. ഗിരിപോലെ ഭക്ഷ്യപ്രദൻ–ഫലമൂലങ്ങൾ വളരെയുണ്ടാകുമല്ലോ, മലയിൽ. അഴിച്ചുവിടപ്പെട്ടവൻ–ശത്രുക്കളെ ചെന്നെതിർക്കുന്നവൻ.

7–8. തണ്ണീരിന്നു ബന്ധുവാണ്–അതിലാണല്ലോ ഇപ്പോൾ പാർക്കുന്നത്. രോമങ്ങൾ–സസ്യങ്ങൾ. വടിച്ചുകളയും–ചുട്ടെരിയ്ക്കും.

9–10. അറിവുണ്ടാക്കുന്നവൻ–രാത്രിയിൽ വസ്തുജ്ഞാനമുണ്ടാകുന്നത്, അഗ്നിയുടെ പ്രകാശത്താലാണല്ലോ. പുലർകാലത്ത് ഉണരുന്നവൻ–പ്രഭാതത്തിൽ കർമ്മികൾ അഗ്നിയെ ഉജ്ജ്വലിപ്പിയ്ക്കുമല്ലോ. ഉൽപാദിപ്പിയ്ക്കുന്നവൻ–ഭോക്താക്കളെ. പിന്നെ–വെള്ളത്തിൽ കാണപ്പെട്ടതിന്നുശേഷം.

---

[1] ഈ ഋക്കുകൾ ഈരടികളാണ്; നാലടികൾക്കാണ്, 1–2 എന്നു കൂട്ടി അക്കമിട്ടിരിയ്ക്കുന്നത്.

## സൂക്തം 66.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ധനംപോലെ പൂജനീയൻ; സൂര്യൻപോലെ കാട്ടിക്കൊടുക്കുന്നവൻ; ആയുസ്സ്‌പോലെ അതിപ്രിയൻ; പുത്രൻപോലെ സദാ ഹിതൻ; അശ്വംപോലെ വഹിയ്ക്കുന്നവൻ; പാൽപോലെ പ്രീതിദൻ; തിളങ്ങുന്നവൻ; വിളങ്ങുന്നവൻ;–കാട്ടുകളിൽ കേറുന്നു. (1–2)

ക്ഷേമം പുലർത്തുന്നവൻ; ഗൃഹംപോലെ ഗന്തവ്യൻ; യവംപോലെ ഉപഭോഗയോഗ്യൻ; മാററലരെ വെല്ലുന്നവൻ; ഋഷിപോലെ സ്തുതിയ്ക്കുന്നവൻ; പ്രജകളിൽ പ്രശസ്തൻ; കുതിരപോലെ ഇമ്പം പൂണ്ടവൻ–അന്നം തന്നരുളുമാറാകട്ടെ! (3–4)

ദുഷ്പ്രാപതേജസ്സും, യജ്ഞംപോലെ സദാഹിതനും, ഗൃഹത്തിൽ ഭാര്യപോലെ എല്ലാവർക്കും ഒരലങ്കാരവും, വിചിത്രനും ആളുകൾക്ക് ഒരു പൊന്നിൻതേരുപോലെ യുദ്ധങ്ങളിൽ തിളങ്ങുന്നവനുമായ തന്തിരുവടി പ്രകാശിയ്ക്കുമ്പോൾ സൂര്യൻപോലെയായിത്തീരുന്നു! (5–6)

ഇറക്കപ്പെട്ട സേനപോലെ ബലം വഹിയ്ക്കുന്നു; എയ്യപ്പെട്ട തലപ്പു മിന്നുന്ന ശരംപോലെ ശോഭിയ്ക്കുന്നു; കന്യകമാർക്കു പ്രായം കൂട്ടുന്നു; വിവാഹിതകളെ പോററുന്നു–യമൻതന്നേ, ജനിച്ചവയെല്ലാം; ജനിയ്ക്കാൻപോകുന്നവയും, യമൻതന്നെ! (7–8)

ആ ഉജ്ജ്വലനായ നിന്തിരുവടിയിങ്കൽ ഞങ്ങൾ സ്ഥാവരവും ജംഗമവുമെടുത്തു, മാടുകൾ തൊഴുത്തിലെന്നപോലെ വന്നണയുന്നു. ഒഴുകുന്ന ജലംപോലെ, അവിടുന്നു ജ്വാലകളെ ഉയർത്തിപ്പടർത്തുന്നു. ആകാശത്ത് ആ ദർശനീയനെ രശ്മികൾ തഴുകുന്നു! (9–10)

### കുറിപ്പുകൾ: സൂക്തം 66.

1–2. കാട്ടിക്കൊടുക്കുന്നവൻ–ലോകത്തിലെ വസ്തുക്കളെ. വഹിയ്ക്കുന്നവൻ–സേവകരെ.

3–4. സ്തുതിയ്ക്കുന്നവൻ-ദേവകളെ. പ്രജകൾ–മനുഷ്യർ.

5–6. വിചിത്രൻ = നാനാവർണ്ണൻ. പ്രകാശിയ്ക്കുമ്പോൾ–രാത്രിയിൽ.

7–8. ഇറക്കപ്പെട്ട–യുദ്ധരംഗത്തിൽ. കൂട്ടുന്നു–വിവാഹസമയത്ത് അഗ്നിയിൽ മലരും മറ്റും ഹോമിയ്ക്കുന്നതോടേ, കന്യകമാർ പത്നികളായിത്തീരുമല്ലോ; ഇതു പിടിച്ചാണ്, കന്യകമാർക്കു പ്രായം കൂട്ടുന്നു എന്നു പ്രതിപാദിച്ചത്. പോറ്റുന്നു–അനുഷ്ഠിതയാഗാദിഫലം നല്കി രക്ഷിയ്ക്കുന്നു. യമൻ-ഇന്ദ്രനോടൊപ്പം ജനിച്ചവൻ; അഗ്നി.

9–10. സ്ഥാവരം–നെല്ലും മറ്റുമാകുന്ന ആഹുതിദ്രവ്യം. ജംഗമം–പശുഹൃദയവും മറ്റുമാകുന്ന ആഹുതിദ്രവ്യം.

## സൂക്തം 67.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

വനങ്ങളിൽ ജനിയ്ക്കുന്നു; മനുഷ്യരിൽ സഖാവായി വർത്തിയ്ക്കുന്നു; ക്ഷിപ്രകാരിയെ, രാജാവു ദൃഢഗാത്രനെയെന്നപോലെ കൈക്കൊള്ളുന്നു; രക്ഷകൻപോലെ നിർവഹിയ്ക്കുന്നു; കർമ്മകാരൻപോലെ നന്മപുലർത്തുന്നു—ആ ഹോതാവായ ഹവ്യവാഹനൻ പ്രസാദിച്ചരുളട്ടെ! (1–2)

അവിടുന്നു ഹവിസ്സുകളൊക്കെ കയ്യിൽവെച്ചു ഗുഹയിലിരുന്നതിനാൽ, ദേവകൾ ഭയത്തിലാണ്ടു; ഹൃദയത്താൽ നിർമ്മിയ്ക്കപ്പെട്ട മന്ത്രങ്ങൾ ചൊല്ലിയപ്പോളാണ്, ആ കർമ്മധാരകരായ നേതാക്കന്മാർ അദ്ദേഹത്തെ കണ്ടെത്തിയത്. (3–4)

സൂര്യനെന്നപോലെ അദ്ദേഹം ഭൂമിയെയും അന്തരിക്ഷത്തെയും നിലനിർത്തുന്നു; സത്യമന്ത്രങ്ങൾകൊണ്ടു ദ്യോവിനെ ഉറപ്പിച്ചിരിയ്ക്കുന്നു. അഗ്നേ, സർവാന്നസഹിതനായ അങ്ങു മാടുകളുടെ മേച്ചിൽപ്പുറങ്ങളെ തുലോം രക്ഷിയ്ക്കുമാറാകണം; ഗുഹയിൽനിന്നു ഗുഹയിലെയ്ക്കു പോയ്ക്കൊൾക! (5–6)

ആ യജ്ഞനിർവാഹകൻ ഗുഹയിലിരുന്നത് ആർ അറിയുന്നുവോ; ആർ സമീപിയ്ക്കുന്നുവോ; ആർ യജ്ഞമൊരുക്കി, സ്തോത്രങ്ങൾ കോർക്കുന്നുവോ; അവർക്കൊക്കെ അദ്ദേഹം അപ്പോൾത്തന്നേ ധനങ്ങൾ കല്പിച്ചരുളും! (7–8)

ആർ ഓഷധികളുടെ വളർച്ച തടയുന്നു; പ്രജകളെ അമ്മമാരുടെ വയററിൽത്തന്നേ നിർത്തുകയും ചെയ്യുന്നു; വെള്ളത്തിന്റെ ചുവട്ടിൽ പാർത്ത ആ സർവാന്നയുക്തനായ ജ്ഞാനപ്രദനെ, ധീരന്മാർ ഗൃഹത്തെ എന്നപോലെ പൂജിച്ചു, കർമ്മമനുഷ്ഠിയ്ക്കുന്നു! (9–10)

### കുറിപ്പുകൾ: സൂക്തം 67.

1–2. നിർവഹിയ്ക്കുന്നു—കാര്യം സാധിയ്ക്കുന്നു. ഹവ്യവാഹനൻ—ദേവന്മാരുടെ അഗ്നി.

3–4. ഭയത്തിലാണ്ടു—ഭക്ഷണം കിട്ടാഞ്ഞതിനാൽ.

5–6. ഗുഹയിലെയ്ക്കു—മാടുകൾ മേയാത്ത സ്ഥലത്തെയ്ക്കു.

7–8. കോർക്കുക—നിർമ്മിയ്ക്കുക.

9–10. പ്രജകളെ—പുഷ്പഫലാദികളെ. അമ്മമാർ—ഓഷധികൾ.

## സൂക്തം 68.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അവിടുന്നു ഹവിസ്സുകളെടുത്തു കാച്ചിക്കുറുക്കി, ആകാശത്തെയ്ക്കു പോകുന്നു; സ്ഥാവരജംഗമങ്ങളിലും രാത്രികളിലും വെളിച്ചം വീശുന്നു. ഇവയുടെ മാഹാത്മ്യങ്ങളെ വ്യാപിച്ചുനില്ക്കുന്നതു, ദേവകളിലെല്ലാംവെച്ച് ഈ ഒരു ദേവനാണല്ലോ! (1–2)

ദേവ, അങ്ങ് ഉണക്കുമരത്തിൽനിന്നു കത്തിപ്പുറപ്പെട്ടാലപ്പോൾ എല്ലാവരും അങ്ങയ്ക്കായി യജ്ഞമനുഷ്ഠിക്കുന്നു. അവയെല്ലാം മരണരഹിതനായ അങ്ങയെ സ്തുതിച്ചു, വന്ദ്യവും സത്യവുമായ ദേവത്വം പ്രാപിയ്ക്കുകയും ചെയ്യുന്നു! (3–4)

ചെന്നാൽ സ്തുതി, ചെന്നാൽ യാഗം; ഇതുമൂലം അവിടുന്നു സർവാന്നയുക്തനാകുന്നു. അവിടെയ്ക്കായി സകലരും കർമ്മങ്ങളും അനുഷ്ഠിയ്ക്കുന്നു. അങ്ങയ്ക്ക് ആർ നല്കുന്നുവോ, ആർ നല്കാൻ ഇച്ഛിയ്ക്കുന്നുവോ, ആ രണ്ടുപേർക്കും അറിഞ്ഞു ധനം കൊടുപ്പാൻ അങ്ങു ദയചെയ്യണം! (5–6)

അങ്ങു മനുവിന്റെ സന്താനങ്ങളിൽ ഹോതാവായി സ്ഥിതിചെയ്യുന്നു; അങ്ങുതന്നെയാണ്, അവർക്കും ധനങ്ങൾക്കും ഉടയവൻ. രേതസ്സുശരീരത്തിൽ ഏകീഭവിയ്ക്കേണമെന്ന് ഇച്ഛിച്ച അവർ; സ്വന്തം മിടുക്കന്മാരോടു ചേർന്നു നെടുനാൾ ജീവിച്ചിരിയ്ക്കുന്നു! (7–8)

അവിടുത്തെ ശാസനം, മക്കൾ അച്ഛന്റേതുപോലെ സത്വരം കേൾക്കുന്നവർ കർമ്മമനുഷ്ഠിയ്ക്കുന്നു. അവർക്ക് ആ പ്രഭൂതാന്നൻ യജ്ഞഗൃഹോത്സുകൻ, പടിവാതിലായ സമ്പത്തു കല്പിച്ചുകൊടുക്കുന്നു. അദ്ദേഹമത്രേ ആകാശത്തു നക്ഷത്രങ്ങൾ പതിച്ചത്! (9–10)

### കുറിപ്പുകൾ: സൂക്തം 68.

3–4. ഉണക്കുമരം–അരണി.

5–6. ചെന്നാൽ–ചെല്ലുന്നേടത്തൊക്കെ എന്നു താൽപര്യം. നല്കുന്നു–ഹവിസ്സ്.

7–8. മനുവിന്റെ സന്താനങ്ങൾ–മനുഷ്യർ, യജമാനർ. രേതസ്സു ശരീരങ്ങളിൽ ഏകീഭവിയ്ക്കുക–പുത്രനുണ്ടാവുക. സ്വന്തം മിടുക്കന്മാർ–കർമ്മകുശലരായ സ്വപുത്രന്മാർ. ത്വദനുഗ്രഹത്താൽ അവർക്കു പുത്രന്മാർ പിറന്നു.

9–10. സത്വരം–അനുഷ്ഠാനത്വരയോടേ. പ്രഭൂതാന്നൻ = വളരെ അന്നങ്ങളോടുകൂടിയവൻ. പടിവാതിൽ–യജ്ഞത്തിലെയ്ക്കു കടക്കാൻ, യജ്ഞാനുഷ്ഠാനത്തിന്ന്; സമ്പദ്രഹിതർ എങ്ങിനെ യാഗം ചെയ്യും?

## സൂക്തം 69.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ആ ശുഭ്രവർണ്ണൻ, ഉഷസ്സിന്റെ ജാരൻ പോലെ പ്രകാശം പരത്തുന്നു; സൂര്യന്റെ തേജസ്സുപോലെ വാന്തുഴികളിൽ വ്യാപിയ്ക്കുന്നു. നിന്തിരുവടി, ആവിർഭവിയ്ക്കുന്നതോടേ വെളിച്ചം വീശുന്നു; ദേവകൾക്കു പുത്രനായിട്ടു, പിതാവായി വർത്തിയ്ക്കുന്നു! (1–2)

സ്രഷ്ടാവും ദർപ്പരഹിതനും അഭിജ്ഞനുമായ അഗ്നി, പൈക്കളുടെ അകിടുപോലെ അന്നങ്ങൾക്കു സ്വാദു വരുത്തുന്നു; നാട്ടിലെ ഉപകാരിപോലെ ക്ഷണിയ്ക്കപ്പെട്ടു, ധ്രുഹത്തിൽ, നടുവിൽ, രസിപ്പിച്ചുകൊണ്ടു സ്ഥിതിചെയ്യുന്നു. (3–4)

പുത്രൻപോലെ, പിറന്ന അഗ്നി ഗൃഹത്തിൽ രസിപ്പിയ്ക്കുന്നു; കുതിരപോലെ ഇമ്പം പൂണ്ടു പോരാളികളെ കടക്കുന്നു; ഞാൻ ആളുകളോടുകൂടി ഒരേ സ്ഥാനത്തുള്ളവരെ വിളിയ്ക്കുമ്പോൾ, താൻതന്നേ എല്ലാദ്ദേവന്മാരുമായിച്ചമയുന്നു! (5–6)

അങ്ങയ്ക്കുള്ളവയായ ഈ കർമ്മങ്ങൾക്ക് ഉപദ്രവമൊന്നും വരാറില്ല: ഈ ആളുകൾക്ക് അങ്ങു ഫലം നല്കുന്നുണ്ടല്ലോ. അങ്ങയ്ക്കുള്ള ആ കർമ്മം മുടക്കപ്പെടുമെങ്കിൽ, അങ്ങു സമാനസംഖ്യരൊടൊന്നിച്ചു വിഘ്നകാരികളെ ആട്ടിപ്പായിയ്ക്കുമല്ലോ! (7–8)

ഉഷസ്സിന്റെ ജാരൻപോലെ വിശിഷ്ടപ്രകാശനും കണ്ടറിയപ്പെട്ടവനുമായ അഗ്നി ഇവനെ അറിയുമാറാകട്ടെ! അദ്ദേഹത്തിന്റെ രശ്മികൾ സ്വയം വഹിപ്പാൻ പടിയ്ക്കൽ ചെല്ലുന്നു; പിന്നെ, അവയെല്ലാം ദർശനീയമായ ആകാശത്തെയ്ക്കു തിരിയ്ക്കുന്നു. (9–10)

### കുറിപ്പുകൾ: സൂക്തം 69.

1–2. ഉഷസ്സിന്റെ ജാരൻ–സൂര്യൻ. ജാരൻ=ജര (വാർദ്ധക്യം) വരുത്തുന്നവൻ, പുത്രൻ-പുത്രൻപോലെ പ്രിയൻ. പിതാവ്–അച്ഛനെന്നപോലെ (ഹവിസ്സുകൊണ്ടുകൊടുത്തു) പാലിയ്ക്കുന്നവൻ.

3–4. സ്രഷ്ടാവ്–സർവകർത്താവ്. പൈക്കളുടെ അകിട്–പാൽ; ഗോരസം ചേർത്താൽ അന്നങ്ങൾക്കു സ്വാദു കൂടുമല്ലോ; അതുപോലെ, പചനഗുണംകൊണ്ടു സ്വാദു വരുത്തുന്നു. ഗൃഹം–യജ്ഞശാല. ജനോപകാരിയെ വിശേഷാവസരങ്ങളിൽ നാട്ടുകാർ ക്ഷണിയ്ക്കുമല്ലോ; യജമാനന്മാർ അഗ്നിയെ യജ്ഞത്തിനു ക്ഷണിച്ചുവരുത്തുന്നു.

5–6. കടക്കുന്നു–പിന്നിടുന്നു; ജയിയ്ക്കുന്നു. ആളുകൾ–ഋത്വിക്കുകൾ. ഒരേസ്ഥാനത്തുള്ളവരെ–സഹവാസികളായ ദേവന്മാരെ. എല്ലാ ദേവന്മാരും, അഗ്നിതന്നെ.

7–8. ഈ ആളുകൾ–കർമ്മാനുഷ്ഠാതാക്കൾ. സമാനസംഖ്യർ–എണ്ണം (സപ്തഗണങ്ങൾ എന്നതു)കൊണ്ടു തുല്യർ; മരുത്തുക്കൾ.

9–10. കണ്ടറിയപ്പെട്ടവൻ–മറ്റുദേവതകൾ മനുഷ്യർക്കു പ്രത്യക്ഷരല്ലല്ലോ. ഇവൻ–യജമാനൻ. വഹിപ്പാൻ–ഹവിസ്സിനെ. പടിയ്ക്കൽ–യജ്ഞഗൃഹദ്വാരത്തിൽ.

## സൂക്തം 70.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

നാം വളരെയന്നം നേടാവൂ! ബുദ്ധികൊണ്ടു തലവനും സുപ്രഭനുമായ അഗ്നി, ദേവകളുടെ കർമ്മവും മനുഷ്യരുടെ ജന്മവും മുഴുക്കെ പാർത്തറിഞ്ഞുകൊണ്ട്, എല്ലാററിലും വ്യാപിച്ചരുളുന്നു. (1–2)

അദ്ദേഹം വെള്ളത്തിന്റെ ഉള്ളിലുണ്ട്, കാടിന്റെ ഉള്ളിലുണ്ട്, അചരങ്ങളുടെ ഉള്ളിലുണ്ട് , ചരങ്ങളുടെ ഉള്ളിലുമുണ്ട്. ദുർഗ്ഗമസ്ഥാനത്തു, പർവതത്തിൽപ്പോലും പൂജിയ്ക്കപ്പെടുന്ന ആ മരണരഹിതനു നമ്മളിൽ, രാജാവിന്നു പ്രജകളിലെന്നപോലെ തിരുവുള്ളം തോന്നട്ടെ! (3–4)

ആ രാത്രിയുക്തനായ അഗ്നി, അദ്ദേഹത്തെക്കുറിച്ചു സൂക്തം ചൊല്ലുന്നവന്നു ധനം നല്കുന്നു. ദേവന്മാരുടെ ജന്മവും മനുഷ്യരെയും അറിഞ്ഞ നിന്തിരുവടി ഈ ഭൂതജാതത്തെ സംരക്ഷിച്ചരുളിയാലും! (5–6)

വിഭിന്നരൂപകളായ ഉഷസ്സുകളും രാത്രികളും സ്ഥാവരജംഗമങ്ങളും യജ്ഞപരിവൃതനായ ആരെ മഹത്ത്വപ്പെടുത്തുന്നുവോ, ആ അഗ്നി യാഗശാലയിലിരുന്നു, ഹോതാവായി നിശ്ചയിയ്ക്കപ്പെട്ടു; അവശ്യഫലമായ കർമ്മമെല്ലാം അദ്ദേഹം അനുഷ്ഠിയ്ക്കുന്നു. (7–8)

അങ്ങു ലോഭനീയങ്ങളായ നാല്ക്കാലികളെ നന്മപ്പെടുത്തുന്നു; ഞങ്ങൾക്കു സകലരും മികച്ച കാഴ്ചദ്രവ്യം തരട്ടെ: മനുഷ്യർ അങ്ങയെ വളരെയിടങ്ങളിൽ പൂജിച്ചു, വൃദ്ധനായ അച്ഛങ്കൽനിന്നെന്ന പോലെ ധനം കൈക്കലാക്കുന്നു. (9–10)

വേലക്കാരൻപോലെ വാങ്ങുന്നവനും, എയ്ത്തുകാരൻപോലെ ശൂരനും, കൊലയാളിപോലെ ഘോരനും, യുദ്ധങ്ങളിൽ തിളങ്ങുന്നവനുമാണ്, അഗ്നി! (11)

### കുറിപ്പുകൾ: സൂക്തം 70.

1–2. നേടാവൂ = നേടുമാറാകട്ടെ; അഗ്നി നമുക്കു ധാരാളം ഭക്ഷണം തരട്ടെ!

5–6. രാത്രിയുക്തൻ–‘അഗ്നിയുടേതത്രേ, രാത്രി.’ രാത്രിയിലാണല്ലോ, അഗ്നിയ്ക്കു പ്രകാശാധിക്യവും. ഭൂതജാതം-ജീവജാലം.

7–8. അവശ്യഫലം = തീർച്ചയായും ഫലമുള്ളത്.

9–10. ലോഭനീയങ്ങൾ:സ്പൃഹണീയങ്ങൾ; സമ്പാദിയ്ക്കേണ്ടുന്നവ. ഞങ്ങൾക്കു നല്ല നാല്ക്കാലികളെ കിട്ടിയ്ക്കുക എന്നർത്ഥം. തരട്ടെ–ഞങ്ങൾ ഉപചാരയോഗ്യരായിത്തീരട്ടെ. അങ്ങു പൂജകർക്ക്, അച്ഛൻ മക്കൾക്കെന്നപോലെ ധനം നല്കുന്നു.

11. വേലക്കാരൻ കൂലി വാങ്ങുന്നതുപോലെ, അഗ്നി ഹവിസ്സു കൈക്കൊള്ളുന്നു. എയ്ത്തുകാരൻ = വില്ലാളി.

## സൂക്തം 71.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഒരേ ഗൃഹത്തിൽ വസിയ്ക്കുന്ന കരാംഗുലികൾ കാമം പൂണ്ട അഗ്നിയെ കാമത്തോടേ, ഭാര്യമാർ അസാധാരണനായ ഭർത്താവിനെ എന്നപോലെ, സമീപിച്ച് പ്രീതിപ്പെടുത്തുന്നു; ആ പൂജനീയനെ കറുപ്പു വിട്ടു വെളിച്ചം ചേർന്നു ശോഭിയ്ക്കുന്ന ഉഷസ്സിനെ രശ്മികളെന്നപോലെ, ഉപചരിയ്ക്കുകയും ചെയ്യുന്നു. (1)

ഞങ്ങളുടെ പിതാക്കളായ അംഗിരസ്സുകൾ ഉക്ഥങ്ങൾ ചൊല്ലി, കെല്പേറിയ തിന്മനെപ്പോലും ശബ്ദംകൊണ്ടു ചതച്ചു; ഞങ്ങൾക്കു മഹത്തായ സ്വർഗ്ഗത്തിലെയ്ക്കു പോകാൻ വഴി തുറന്നു; സുഗമമായ ദിവസം കണ്ടെത്തി; പകലോനെ പൈക്കളും. (2)

അഗ്നി യജ്ഞസ്ഥലത്തു ചെന്നപ്പോൾ, അവർ കൈക്കൊണ്ടു; അഗ്നി കർമ്മം ഒരു ധനമായും കരുതി. ഉടൻതന്നേ, പണക്കാർ ആ ധാനം അനുഷ്ഠിച്ച്, ആ അഗ്നികളിൽ പെരുമാറി: അവർ മററൊന്നിലും താൽപര്യമില്ലാതെ കർമ്മം ചെയ്തു, ദേവകളെയും മനുഷ്യരെയും അന്നംകൊണ്ടു തൃപ്തിപ്പെടുത്തി, തന്തിരുവടിയെ പരിചരിയ്ക്കുകയായി. (3)

വിഭക്തനായ വായു കടഞ്ഞപ്പോൾ, തന്തിരുവടി വെൺനിറത്തോടേ ഗൃഹത്തിൽ ആവിർഭവിച്ചു. ഉടനേ തന്തിരുവടിയെ ഭൃഗുതുല്യൻ, ആക്രമിക്കുന്ന രാജാവിന്നു സഖ്യംകൊള്ളുന്ന രാജാവുപോലെ, ദൂത്യത്തിലേർപ്പെടുത്തി. (4)

പെരിയ രക്ഷിതാക്കളായ ദേവന്മാർക്കായി ഈ സത്തു നല്കപ്പെടുമ്പോൾ, തീണ്ടുന്നവകക്കാർ അറിഞ്ഞ് ഓടിപ്പോകുന്നു: അവരുടെ നേർക്ക് അഗ്നി ധർഷകമായ ധനുസ്സുകൊണ്ട് അമ്പെയ്യുന്നു. ആ ദേവൻ ശോഭ സ്വപുത്രിയായ ഉഷസ്സിനെ ഏല്പിയ്ക്കുന്നു! (5)

അഗ്നേ, അങ്ങയെ യജ്ഞഗൃഹത്തിൽ യഥാവിധി ഉജ്ജ്വലിപ്പിയ്ക്കുകയോ, കാമയമാനനായ അങ്ങയെ നാൾതോറും ഹവിസ്സൂട്ടുകയോ ചെയ്യുന്നവന്നു, രണ്ടിടങ്ങളിൽ വർദ്ധിതനായ ഭവാൻ അന്നം വർദ്ധിപ്പിയ്ക്കുമാറാകണം! അങ്ങയാൽ പ്രേരിപ്പിയ്ക്കപ്പെടുന്ന തേരാളി ധനവാനായിത്തീരുന്നു. (6)

എല്ലാ അന്നങ്ങളും, ഏഴു മഹാനദികൾ സമുദ്രത്തിലെന്നപോലെ, അഗ്നിയിങ്കൽ ചെന്നുചേരുന്നു. ഞങ്ങളുടെ അന്നം ജ്ഞാതികൾക്കനുഭവപ്പെടുന്നില്ല! ഈ മികച്ച സ്തോത്രം ദേവകളെ അറിയിച്ചാലും! (7)

വർഷിയ്ക്കപ്പെട്ട ജലം അന്നത്തിന്നായി, മനുഷ്യരക്ഷകവും ദീപ്തവുമായ യാതൊന്നിനോടു ചേരുന്നുവോ; ആ തേജസ്സുകൊണ്ടു തിളങ്ങുന്ന അഗ്നി അടുത്ത കാലത്തുതന്നേ, ബലവാനും അനഘനും ജരാരഹിതനുമായ ഒരു ശോഭനകർമ്മാവിനെ ജനിപ്പിയ്ക്കട്ടെ; പ്രേരിപ്പിയ്ക്കുകയും ചെയ്യട്ടെ! (8)

സൂര്യൻ ഒററയ്ക്കു മാർഗ്ഗങ്ങളെ, മനസ്സെന്നപോലെ ശീഘ്രം പിന്നിടുന്നു; സമ്പത്തൊക്കെ ഒന്നിച്ച് അദ്ദേഹത്തിന്നധീനമാണ്. നല്ല കൈകളുള്ള രാജാക്കളായ മിത്ര–വരുണന്മാരും പൈക്കളിൽ പ്രീതികരമായ അമൃതു രക്ഷിച്ചുപോരുന്നു. (9)

അഗ്നേ, അച്ഛൻമുതല്ക്കുള്ള മൈത്രിയെ അങ്ങു മായ്ക്കുകളയരുതേ! കവിയായ ഭവാന്നറിയാമല്ലോ: രശ്മി അന്തരിക്ഷത്തെയെന്നപോലെ, ജര എന്നെ മൂടിക്കളയും; ആ ദ്രോഹത്തിന്നുമുമ്പേ അങ്ങു മനസ്സുവെയ്ക്കണേ! (10)

## കുറിപ്പുകൾ: സൂക്തം 71.

1. 62-ാം സൂക്തത്തിലെ 10-ാം പദ്യം നോക്കുക. അസാധാരണൻ–അത്യന്തരക്തൻ എന്നർത്ഥം. കറുപ്പ്–രാത്രിയിലെ ഇരുട്ട്.
2. തിന്മൻ–പണി എന്ന അസുരൻ. അംഗിരസ്സുകളാൽ സ്തുതിയ്ക്കപ്പെട്ട അഗ്നി പണിയെ കൊന്നു. പകലോനെ (സൂര്യനെ) പൈക്കളും കണ്ടെത്തി: പണിയാൽ അപഹരിയ്ക്കപ്പെട്ട പൈക്കൾ ഒരു ഗുഹയിലായിരുന്നുവല്ലോ; അവ ഗുഹയിൽനിന്നു കേററപ്പെട്ടു സൂര്യപ്രകാശം കണ്ടു.
3. അവർ–അംഗിരസ്സുകൾ. തന്തിരുവടി–അഗ്നി.
4. വിഭക്തനായ–പ്രാണാപാനാദിപഞ്ചവായുക്കളായി വിഭജിയ്ക്കപ്പെട്ട. വായു–വ്യാനൻ. മുഖ്യപ്രാണനായ വ്യാനവായുവാലാണ്, ബലസാധ്യങ്ങളായ പ്രവൃത്തികൾ നടക്കുന്നത്; അരണിമഥനത്തിന്നു ബലം വേണമല്ലോ; അതിനാൽ, മഥനകർത്തൃത്വം വ്യാനന്നു കല്പിച്ചു. ഗൃഹം–യാഗശാല. ഭൃഗുതുല്യൻ–യജമാനൻ. സഖ്യം സാധിപ്പാൻ ദൂതനെ അയയ്ക്കുമല്ലോ; അതുപോലെ, ദേവസഖ്യത്തിന്ന് അഗ്നിയെ ദൂതനാക്കി.
5. ഈ സത്ത്–ഭൂമിയുടെ സത്തായ ഹവിസ്സ്. തീണ്ടുന്നവകക്കാർ–രാക്ഷസാദികൾ. സ്വപുത്രി–പിറക്കാൻ തുടങ്ങുന്ന സ്വന്തം മകൾ. പുലർകാലത്ത് അഗ്നി നിഷ്പ്രഭനാകുമല്ലോ; അതിനെ ആസ്പദമാക്കിയാണ്, ഈ കല്പനം. സൂര്യൻ വൈകുന്നേരം തന്റെ തേജസ്സിനെ അഗ്നിയിൽ നിക്ഷേപിയ്ക്കുന്നു എന്നും, അഗ്നി പുലർകാലത്ത് അതിനെ സൂര്യന്നു തിരിച്ചുകൊടുക്കുന്നു എന്നും ശ്രുതിവാക്യങ്ങളുണ്ട്.
6. കാമയമാനൻ–ഹവിസ്സിനെ കാമിയ്ക്കുന്നവൻ. രണ്ടിടങ്ങളിൽ–മധ്യമോത്തമസ്ഥാനങ്ങളിൽ. വർദ്ധിതൻ = ജ്വലിപ്പിയ്ക്കപ്പെട്ടവൻ. പ്രേരിപ്പിയ്ക്കപ്പെടുന്ന–യുദ്ധത്തിന്നയയ്ക്കപ്പെടുന്ന. അഗ്നിയെ പ്രസാദിപ്പിച്ചു യുദ്ധത്തിന്നു പോയ തേരാളി (രഥികൻ) ശത്രുക്കളെ ജയിച്ചു, ധനങ്ങൾ കൈക്കലാക്കും.
7. അനുഭവപ്പെടുന്നില്ല–ജ്ഞാതികൾക്കു കൊടുക്കാൻ വേണ്ടുവോളം അന്നം ഞങ്ങളുടെ പക്കലില്ല.
8. അന്നത്തിന്നായി–സസ്യോൽപത്തിയ്ക്കായി. മഴവെള്ളം അഗ്നിയോടു (ഊഷ്മാവിനോടു) ചേരുമ്പോളാണല്ലോ, സസ്യങ്ങളുണ്ടാവുക. ശോഭനകർമ്മാവിനെ–പുത്രനെ. ജനിപ്പിയ്ക്കട്ടെ–ഞങ്ങൾക്കു സൽപുത്രൻ പിറക്കാൻ അനുഗ്രഹിയ്ക്കട്ടെ. പ്രേരിപ്പിയ്ക്കുക–ആ പുത്രനെക്കൊണ്ടു സൽക്കർമ്മങ്ങൾ ചെയ്യിയ്ക്കുക.
9. മനസ്സെന്നപോലെ–മനോവേഗത്തിൽ. രാജാക്കൾ = ശോഭമാനർ. അമൃത്–മധുരമായ പാൽ. അഗ്നേ, അങ്ങുതന്നെയാണ്, ഇങ്ങനെ സര്യാദിരൂപേണ വർത്തിയ്ക്കുന്നത് എന്നു താൽപര്യം.
10. അച്ഛൻ–മുത്തച്ഛനായ വസിഷ്ഠൻ. വസിഷ്ഠപുത്രനായ ശക്തിയുടെ പുത്രനത്രേ, പരാശരൻ. കവി–ക്രാന്തദർശി. രശ്മി–സൂര്യകിരണം. മുമ്പേ–ജര പിടിപെടാതാക്കേണമേ, എന്നെ മരണരഹിതനാക്കേണമേ എന്നു സാരം.

## സൂക്തം 72.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അഗ്നി മനുഷ്യഹിതങ്ങളായ വളരെ ധനങ്ങളെ കയ്യിലെടുത്തു, ശാശ്വതനായ വിധാതാവിന്റെ കാവ്യങ്ങളെ സ്വാഭിമുഖങ്ങളാക്കുന്നു. എല്ലാസ്സമ്പത്തുകളും ഒന്നിച്ചു നല്കുന്ന അവിടുന്നത്രേ, ധനങ്ങളുടെ അധിപതി! (1)

നമ്മുടെ മകൻ, അഗ്നി, മറഞ്ഞപ്പോൾ, എല്ലാദ്ദേവകളും മരുത്തുക്കളും അന്വേഷണം തുടങ്ങി; കണ്ടെത്തിയില്ല. അവർ ചെയ്തികളറിയാൻ നടന്നു വലഞ്ഞ്, അദ്ദേഹത്തിന്റെ അഴകൊത്ത ഒടുക്കത്തെ ഇരിപ്പിടത്തിൽ ചെന്നുചേർന്നു. (2)

അഗ്നേ, മരുത്തുക്കൾ ശുചിയായ അങ്ങയെ മൂന്നു സംവത്സരം മുഴുവൻ നെയ്കൊണ്ടു പൂജിച്ചു; യജ്ഞാർഹങ്ങളായ പേരുകളും നേടി. പിന്നീടു, പുനർജ്ജനിച്ചപോലെയായി; ഉടലോടേ സ്വർഗ്ഗം പ്രാപിച്ചു. (3)

പെരിയ ദ്യാവാപൃഥിവികളോടു പരക്കെ ചോദിച്ചുകൊണ്ടു യജ്ഞഭുക്കുകൾ രുദ്രസ്തോത്രങ്ങൾ ചൊല്ലി; നേർപകുതിക്കാരനോടുകൂടിയ മരുത്തുക്കൾ ഒടുവിലെ സ്ഥലത്തിരിയ്ക്കുന്ന അഗ്നിയെ അറിഞ്ഞു കണ്ടു പിടിച്ചു. (4)

ശരിയ്ക്കറിഞ്ഞതോടേ അവർ പത്നിമാരോടൊപ്പം അടുത്തു ചെന്നു, മുമ്പിൽ നിന്നു, പൂജനീയനെ പൂജിച്ചു. സഖാവിനെ കണ്ടെത്തിയതുകൊണ്ടു രക്ഷിയ്ക്കപ്പെട്ട സഖാക്കൾ ശരീരം മെലിയുമാറു യാഗങ്ങൾ അനുഷ്ഠിച്ചു. (5)

ഇരുപത്തൊന്നു രഹസ്യയജ്ഞങ്ങൾ അങ്ങയിൽത്തന്നെയാണല്ലോ, വെയ്ക്കപ്പെട്ടിരിയ്ക്കുന്നത്; അവ ലഭിച്ച യജ്ഞാധികാരികൾ അവകൊണ്ടു മരണരഹിതനായ അങ്ങയെ യജിച്ചുപോരുന്നു. അവരോടൊപ്പം പ്രീതിപൂണ്ടു ഭവാൻ പശുക്കളെയും സ്ഥാവരജംഗമങ്ങളെയും രക്ഷിച്ചാലും! (6)

അഗ്നേ, അറിയേണ്ടതറിഞ്ഞ ഭവാൻ പ്രജകൾക്കു ജീവിപ്പാൻ ദുഃഖത്തെ തടുക്കുന്ന അന്നം സദാ കല്പിച്ചരുളിയാലും! വാനൂഴികളുടെ ഇടയിൽ ദേവകൾ നടക്കുന്ന വഴികൾ അറിയുന്ന ഭവാൻ മടികൂടാതെ ഹവിസ്സുകൾ വഹിച്ചുകൊണ്ടു, ദൂതനായി വർത്തിയ്ക്കുന്നു. (7)

സ്വർഗ്ഗത്തിൽനിന്ന് ഏഴു വലിയ പുണ്യനദികൾ; മുതൽ പോയ വഴി യജ്ഞകോവിദർ കണ്ടുപിടിച്ചു; സരമയ്ക്കു ധാരാളം ഗോരസം കിട്ടി. ഇതുകൊണ്ടാണല്ലോ, മനുഷ്യരുടെ ഭക്ഷണം. (8)

യാവചിലർ മരണരാഹിത്യത്തിന്നു വഴി തുറന്നു, സൽപ്രജാലബ്ധിയ്ക്കുള്ള യജ്ഞമൊക്കെ ചെയ്തുപോന്നുവോ–ഭവാൻ ഭുജിയ്ക്കുയുണ്ടായല്ലോ!–ആ മഹാന്മാരായ പുത്രന്മാരോടുകൂടി അമ്മയായ അദിതി, ഭൂമി, മഹത്ത്വംകൊണ്ടു വഹിച്ചുപോരുന്നു. (9)

യജമാനന്മാർ തന്തിരുവടിയ്ക്ക് അഴകൊത്ത ശ്രീയെ ഉളവാക്കിയിട്ടു, രണ്ടു കണ്ണുകൾ വെയ്ക്കുന്നതെപ്പൊഴോ, അപ്പോൾ ദേവന്മാർ സ്വർഗ്ഗത്തിൽനിന്നു വന്നെത്തും. ഉടനേ, അഗ്നേ, അങ്ങയുടെ തിളങ്ങുന്ന ജ്വാലകൾ ചൂഴെപ്പടർന്നു, നദികൾപോലെ പ്രവഹിയ്ക്കുകയായി; അവർ നോക്കിനില്ക്കും! (10)

### കുറിപ്പുകൾ: സൂക്തം 72.

1. വിധാതാവിന്റെ കാവ്യങ്ങളെ (മന്ത്രസ്തോത്രങ്ങളെ) സ്വാഭിമുഖങ്ങളാക്കുന്നു; അഗ്നിയെ എല്ലാവരും മന്ത്രസ്തോത്രങ്ങൾ ചൊല്ലി സ്തുതിയ്ക്കുന്നു എന്നർത്ഥം. നല്കുന്ന–സ്തോതാക്കൾക്കു കൊടുക്കുന്ന.

2. നമ്മുടെ മകൻ–യജമാനന്മാർ അരണിമഥനംകൊണ്ട് ഉൽപാദിപ്പിച്ചവൻ; മകനെന്നപോലെ അരുമപ്പെട്ടവൻ. ഒട്ടുക്കത്തെ–ഒടുവിൽ ചെന്നൊളിച്ച.

3. യജ്ഞാർഹങ്ങൾ–യജ്ഞത്തിൽ പ്രയോഗിയ്ക്കാവുന്നവ.

4. ചോദിച്ചുംകൊണ്ട്–അഗ്നി എവിടെ, എവിടെ? എന്ന്. നേർപകുതിക്കാരൻ–ഇന്ദ്രൻ: എല്ലാദ്ദേവകളുടേയും പപ്പാതിയടങ്ങിയതത്രേ, ഇന്ദ്രന്റെ രൂപം.

5. സഖാക്കൾ–ദേവന്മാർ. മെലിയുമാറ്–അനാഹാരാദിനിയമംമൂലം.

6. ഇരുപത്തൊന്ന്–ഔപാസനാദികൾ ഏഴ്; അഗ്ന്യാധാനാദികൾ ഏഴ്; അഗ്നിഷ്ടോമാദികൾ ഏഴ്.

7. അരുളുക = കൊടുക്കുക.

8. സ്വർഗ്ഗത്തിൽനിന്ന്–വന്ന്; നദികൾ–ഭൂമിയിൽ പ്രവഹിയ്ക്കുന്നു. ഈ പദങ്ങൾ അധ്യാഹരിയ്ക്കണം. ഹവ്യവാഹനനാണല്ലോ, മഴ പെയ്യിച്ച്, നദികളെ നിർമ്മിയ്ക്കുന്നത്. 'അഗ്നിയിൽ ഹോമിയ്ക്കപ്പെട്ടതു സൂര്യനിൽ ചെല്ലുന്നു; സൂര്യനിൽനിന്നു മഴയുണ്ടാകുന്നു.' മുതൽ–ഗോധനം. യജ്ഞകോവിദർ–അംഗിരസ്സുകൾ. സരമയ്ക്കു–കുട്ടിയ്ക്കു കൊടുക്കാൻ.

9. യാവചിലർ–പുത്രന്മാർ, ആദിതേയന്മാർ. ഭവാൻ ഭുജിയ്ക്കുകയുണ്ടായല്ലോ–അവരുടെ യജ്ഞങ്ങളിലെ ഹവിസ്സ്. വഹിച്ചുപോരുന്നു–ജഗത്തിനെ എന്ന് അധ്യാഹരിയ്ക്കണം.

10. ശ്രീ–പരിസ്തരണ–പരിഷേചനാദിയായ യജ്ഞസമ്പത്ത്. രണ്ടു കണ്ണുകൾ–നെയ്യിന്റെ രണ്ടംശങ്ങളെയത്രേ, കണ്ണുകളാക്കുന്നത്.

## സൂക്തം 73.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അദ്ദേഹം, അച്ഛങ്കൽനിന്നു കിട്ടിയ മുതൽപോലെ ആഹാരം നല്കുന്നു; വിദ്വാന്റെ ശാസനംപോലെ കൊണ്ടുപോകപ്പെടുന്നു; സുഖസ്ഥലത്തു ശയിച്ച്, ഒരതിഥിപോലെ സന്തോഷിയ്ക്കുന്നു; ഹോതാവുപോലെ പരിചാരകന്റെ ഗൃഹത്തെ സമൃദ്ധമാക്കുന്നു. (1)

അദ്ദേഹം സൂര്യദേവൻപോലെ സത്യദർശിയും, കർമ്മംകൊണ്ടു സർവയുദ്ധങ്ങളിൽനിന്നും രക്ഷിയ്ക്കുന്നവനും, വളരെയാളുകളാൽ സ്തുതിയ്ക്കപ്പെട്ടവനും, സ്വരൂപംപോലെ മാറ്റംപെടാത്തവനും, ആത്മാവുപോലെ സുഖകരനും, വരിയ്ക്കപ്പെടേണ്ടുന്നവനുമാകുന്നു. (2)

അദ്ദേഹം സൂര്യൻപോലെ ലോകത്തെയെല്ലാം നിലനിർത്തുന്നു; അനുകൂലരായ സുഹൃത്തുക്കളുള്ള ഒരു രാജാവുപോലെ ഭൂമിയിൽ വാഴുന്നു. അദ്ദേഹത്തിന്റെ മുന്നിലിരിയ്ക്കുന്നവർ, അച്ഛന്റെ ഗൃഹത്തിൽ പുത്രരെന്നപോലെ സുഖിയ്ക്കുന്നു. ഒരു പതിവ്രതപോലെ പരിശുദ്ധനാണദ്ദേഹം! (3)

അഗ്നേ, ആ അങ്ങയെ നേതാക്കൾ നിർബാധസ്ഥലങ്ങളിൽ യാഗശാലയിൽ പതിവായി ജ്വലിപ്പിച്ചു സേവിച്ചുപോരുന്നു: ഭവാങ്കൽ വളരെ അന്നം നിക്ഷേപിയ്ക്കുന്നു. സർവാന്നസഹിതനായ അങ്ങു ധനങ്ങൾ കയ്യിലെടുത്താലും! (4)

അഗ്നേ, കോപ്പുകൂട്ടിയവർ അന്നം നേടട്ടെ; വിദ്വാന്മാർക്കും ദാതാക്കന്മാർക്കും പൂർണ്ണായുസ്സുണ്ടാകട്ടെ; ഞങ്ങൾ യുദ്ധങ്ങളിൽ ശത്രുവിന്റെ ധനം കൈക്കലാക്കി, യശസ്സിന്നായി ദേവകൾക്കു പങ്കിടുമാറാകട്ടെ! (5)

യജനസ്ഥലത്തു ചെന്ന അഗ്നിയെ, വീണ്ടും വീണ്ടും കാമിയ്ക്കുന്ന പൈക്കൾ–എന്നും കറവുള്ള തേജസ്വിനികൾ–പാൽ കുടിപ്പിയ്ക്കുന്നു; നദികൾ അനുഗ്രഹം യാചിച്ചുകൊണ്ട്, അകലെനിന്നു പർവതസമീപത്തൊഴുകുന്നു! (6)

അഗ്നേ, അനുഗ്രഹം യാചിയ്ക്കുന്ന യജ്ഞാർഹർ അന്നം ഉജ്ജ്വലനായ ഭവാങ്കൽ വിക്ഷേപിച്ചു; എന്നിട്ടു, വിഭിന്നരൂപങ്ങളായ രാപകലുകളെ നിർമ്മിച്ചു–കറുപ്പും വെളുപ്പുമാകുന്ന നിറങ്ങളെ ഉറപ്പിച്ചു. (7)

അഗ്നേ, ധനാർത്ഥം അങ്ങയാൽ പ്രേരിപ്പിയ്ക്കപ്പെടുന്ന മനുഷ്യരായ ഞങ്ങളും ധനികരായിബ്ഭവിയ്ക്കട്ടെ! വാനൂഴികളെയും അന്തരിക്ഷത്തെയും നിറയ്ക്കുന്ന ഭവാൻ ഉലകത്തെയെല്ലാം, തണൽപോലെ സംരക്ഷിയ്ക്കുന്നവനാണല്ലോ. (8)

അഗ്നേ, ഞങ്ങൾ അങ്ങയാൽ രക്ഷിതരായിട്ട്, അശ്വങ്ങളെക്കൊണ്ട് അശ്വങ്ങളെയും, ആൾക്കാരെക്കൊണ്ട് ആൾക്കാരെയും, പുത്രന്മാരെക്കൊണ്ടു പുത്രന്മാരെയും വധിയ്ക്കുമാറാകട്ടെ; ഞങ്ങളുടെ പുത്രന്മാർ പിതൃസ്വത്തിന്റെ ഉടമകളായി, വിദ്വാന്മാരായി, നൂററാണ്ടുകാലം സുഖിയ്ക്കുകയും ചെയ്യട്ടെ! (9)

മേധാവിയായ അഗ്നേ, ഈ സ്തോത്രങ്ങൾ അങ്ങയുടെ മനസ്സിന്നും ഹൃദയത്തിന്നും പ്രീതി വരുത്തട്ടെ: ദേവകൾക്കുള്ള ഭക്ഷണം ഭവാങ്കൽ സമർപ്പിയ്ക്കുന്ന ഞങ്ങൾ കൃത്യസാധകമായ ധനത്തെ നിയന്ത്രിപ്പാൻ ശക്തരായിത്തീരട്ടെ! (10)

## കുറിപ്പുകൾ: സൂക്തം 73.

1. അദ്ദേഹം–അഗ്നി. മുതൽ വഴിപോലെ പെരുമാറിയാൽ ചോററിനു വക കിട്ടു-മല്ലോ; അതുപോലെ അഗ്നിയെ യഥാവിധി പരിചരിച്ചാൽ, അദ്ദേഹം ഭക്ഷണം തരും. വിദ്വാന്റെ ശാസനം (ധർമ്മോപദേശം) സംശയനിവൃത്തിയ്ക്കായി കൊണ്ടുപോ-കപ്പെടുന്നതുപോലെ, അഗ്നി യാഗങ്ങളിലൊക്കെ നയിയ്ക്കപ്പെടുന്നു. സുഖസ്ഥലത്തു–യാഗശാലയിൽ വിഹിതസ്ഥാനത്ത്. ഹോതാവ്–ഹോമകർത്താവായ അധ്വര്യു. പരിചാരകൻ–യജമാനനൻ.
2. സ്വരൂപം–സഹജരൂപം; ഇതിന്നു മാററം വരില്ലല്ലോ; അതുപോലെ അഗ്നി സർവത്ര ഏകരൂപനായി വർത്തിയ്ക്കുന്നു. ആത്മാവ്–നിരതിശയാനന്ദമയനാണല്ലോ, ആത്മാവ്.
4. നേതാക്കൾ–യജമാനന്മാർ. അന്നം–ഹവിസ്സ്. ധനങ്ങൾ കയ്യിലെടുത്താലും–ഞങ്ങൾക്കു തരാൻ.
5. കോപ്പുകൂട്ടിയവർ–യജമാനന്മാർ. നേടട്ടെ–അതിന്നു ഭവാൻ അനുഗ്രഹിയ്ക്കുക. പങ്കിടുക–ഓരോ ദേവന്നും യജ്ഞംച്ചെയ്യുക.
6. നദികൾ ഒഴുകുന്നതു ഹവ്യ(സസ്യ)സമ്പാദനത്തിന്നുതന്നെ.
7. യജ്ഞാർഹർ–ദേവന്മാർ. രാപകലുകളെ വേർതിരിച്ചതു കർമ്മാനുഷ്ഠാനത്തിന്നാണ്.
9. അശ്വങ്ങളെ–യുദ്ധത്തിൽ ശത്രുക്കളുടെ കുതിരകളെ.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## അഞ്ചാം അദ്ധ്യായം

മണ്ഡലം 1     അനുവാകം 13

## സൂക്തം 74.

രഹൂഗണന്റെ മകൻ ഗോതമൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

മന്ത്രമൊന്നഗ്നിയെപ്പറ്റിച്ചൊല്ക, യജ്ഞാനുഷക്തർ നാം:
അവിടുന്നു ചെവിക്കൊള്ളുമല്ലോ, ദൂരസ്ഥനാകിലും! (1)

ഉപദ്രവിയ്ക്കുവാൻവേണ്ടി നരർ നേരിട്ടടുക്കകിൽ,
രക്ഷിയ്ക്കുമേ ധനം ഹവ്യപ്രദന്നാ,യച്ചിരന്തനൻ! (2)

ശത്രുസൂദനനാമഗ്നി, പോരിൽപ്പോരിൽദ്ധനഞ്ജയൻ
പിറന്നരുജിനാനല്ലോ; സ്തോത്രം ചൊല്ലട്ടെ,യാളുകൾ! (3)

ആർതൻ ഗൃഹേ ദൂതനായ് നീ ഹവ്യങ്ങളമരേത്തിനായ്
കൊണ്ടുപോകുന്നു, കാണേണ്ടുമൊന്നാക്കീടുന്നു യാഗവും; (4)

ആയാളെ വാഴ്ത്തുമേ ലോകരംഗിരസ്സേ, ബലാത്മജ;
സുദേവനെന്നും, സുഹവിസ്സെന്നും, സുമഖനെന്നുമായ്! (5)

അദ്ദേവന്മാരെയിവിടെയ്ക്കാവാഹിയ്ക്കുക ചാരവേ,
സ്വാഹ്ലാദക, പുകഴ്ത്താനും ഹവിസ്സൂട്ടാനുമായ്ബ്ഭവാൻ! (6)

അഗ്നേ, ഭവാൻ ദൂത്യമെടുത്തെഴുന്നള്ളുന്ന വേളയിൽ
തേരിന്റെ കുതിരശ്ശബ്ദം കേൾക്കമാറില്ലൊരിയ്ക്കലും! (7)

മുന്മട്ടിൽനിന്നു താന്നോനുമഗ്നേ, ഹവ്യങ്ങളേകുകിൽ,
ത്വദ്രക്ഷ നേടി, നാണം വിട്ട,ന്നവനായുയർന്നിടും! (8)

ദേവകൾക്കു ഹവിസ്സഗ്നേ, ദേവ, നല്കുന്നവന്നു നീ
സുവീര്യയവും ദീപ്തവുമാം പെരുംസ്വത്തും കൊടുക്കുമേ! (9)

### കുറിപ്പുകൾ: സൂക്തം 74.

1. യജ്ഞാനുഷക്തർ—യാഗം അനുഷ്ഠിയ്ക്കുന്നവർ.
2. ഹവ്യപ്രദന്നായ്—ഹവിസ്സു നല്കുന്നവന്നു(യജമാനന്നു)വേണ്ടി.
3. ധനഞ്ജയൻ-അഗ്നിപര്യായം; ശത്രുക്കളുടെ ധനം കീഴടക്കുന്നവൻ. പിറന്നുവല്ലോ—അരണികളിൽ നിന്ന്.
4. അമരേത്തിനായ്—ദേവകൾക്കു ഭക്ഷിപ്പാൻ.
5. സുദേവൻ = നല്ല ദേവന്മാരോടുകൂടിയവൻ.
6. സ്വാഹ്ലാദക = വഴിപോലെ ആഹ്ലാദിപ്പിയ്ക്കുന്നവനേ.
7. ദൂത്യമെടുത്ത് = ദൂതത്വം കൈക്കൊണ്ട്. കുതിരശ്ശബ്ദം (കുതിരക്കുളമ്പുകൾ തട്ടി പുറപ്പെടുന്ന ഒച്ച) കേൾക്കാത്തതു, വേഗാധിക്യംമൂലമാകുന്നു.
8. മുൻമട്ട്—മുമ്പേത്തെ നല്ല സ്ഥിതി. നാണം—തനിയ്ക്കു താഴ്ചവന്നതിനാൽ പററിയ ലജ്ജ.
9. അന്നം(ആഹാരം)മാത്രമല്ല, വലിയ സമ്പത്തും.

## സൂക്തം 75.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

കേട്ടാലും, ദേവകൾക്കിമ്പം കൂട്ടുന്ന പെരുതാം സ്തവം,
ഹവ്യയങ്ങൾ തിരുവായ്തന്നിൽച്ചെമ്മേ ഹോമിച്ചുകൊണ്ടു നീ! (1)

അംഗിരശ്ശ്രേഷ്ഠനാമഗ്നേ, മേധാവികളിൽ മുമ്പനേ,
ചൊല്ലാവൂ ഞങ്ങളങ്ങയ്ക്കായ്,ക്കൊള്ളാവും പ്രിയമാം സ്തവം! (2)

അങ്ങയ്ക്കാർ ബന്ധു നരരിലാ?–രഗ്നേ, സാധിതാധ്വരൻ?
എവ്വണ്ണമുള്ളോനിവിടുന്നെ?–ങ്ങ,ങ്ങയുടെ പാർപ്പിടം? (3)

എന്നാൽ,ബ്ഭവാൻ ജനങ്ങൾക്കു ബാന്ധവൻ, സ്നേഹിതൻ, പ്രിയൻ;
സഖാക്കൾക്കു സഖാവഗ്നേ, സ്തുതികൾക്കർഹനാം ഭവാൻ! (4)

ഞങ്ങൾക്കായ് മിത്രവരുണരെയും ദേവഗണത്തെയും
യജിയ്ക്കു; ചെയ്ക വൻയാഗം; പൂകുകഗ്നേ, സ്വശാലയിൽ! (5)

### കുറിപ്പുകൾ: സൂക്തം 75.

1. ഹോമിയ്ക്കുക–പ്രക്ഷേപിയ്ക്കുക.
3. ആർ ബന്ധു?–അങ്ങയ്ക്കനുരൂപനായ ബന്ധുവില്ല. സാധിതാധ്വരൻ=യാഗം ചെയ്തവൻ. അങ്ങയെ ശരിയ്ക്കു യജിപ്പാൻ ആരും ആളാവില്ല. അങ്ങയുടെ രൂപം, പാർപ്പിടം എന്നിവയും ആരുമറിഞ്ഞിട്ടില്ല.
4. സഖാക്കൾ–ഋത്വിക്കുകൾ.
5. സ്വശാല=തന്റെ യാഗശാല.

## സൂക്തം 76.

ഗോതമൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത. (കാകളി)

എന്തെതിരേല്പു, നിൻചിത്തം തിരിയ്ക്കുവാ–
നെ?–ന്തുവാനഗ്നേ, സുഖം വളർത്തും സ്തവം?
ആർക്കുള്ളൂ ശേഷി, ഭവാനെ യജിയ്ക്കുവാൻ?
നേർക്കെങ്ങളേകേണ്ടതേ,തൊരു ബുദ്ധിയാൽ? (1)

അഗ്നേ, വരിക: ദുർദ്ധർഷ, വന്നെങ്ങൾത–
ന്നഗ്രേ ശരിയ്ക്കു ഹോതാവായിരിയ്ക്ക നീ;
പാലിയ്ക്ക, നിന്നെപ്പരന്ന വാന്നൂഴികൾ;
ചാലേ യജിയ്ക്ക, വൻപ്രീതിയ്ക്കുമർത്ത്യരെ! (2)

രക്ഷോഗണത്തെയെരിയ്ക്കുകഗ്നേ, ഭവാൻ;
രക്ഷിയ്ക്ക ബാധയിൽനിന്നു യജ്ഞങ്ങളെ;
ആനയിയ്ക്ക ഹരിയുക്തനാമിന്ദ്രനെ;–
യാതിഥ്യമസ്സുദാനന്നെങ്ങൾ ചെയ്യുവോം! (3)

സൽഫലച്ചൊല്ലാൽ വിളിപ്പൻ, ഹവിർവാഹി–
വക്ത്രനെ:–ദ്ദേവകളൊത്തിങ്ങിരിയ്ക്ക നീ;
കൈക്കൊൾക യജ്ഞാർഹ, ഹോത്രവും പോത്രവു;-
മോർക്കെ,ങ്ങളെജ്ജനിതാവേ, ധനേശ്വര! (4)

പ്രാജ്ഞമനുവിൻ ഹവിസ്സുകൊണ്ടുമ്പരെ
പ്രാജ്ഞാന്വിതൻ നീ യജിച്ചുവല്ലോ കവേ;
അവ്വണ്ണമിങ്ങു യജിയ്ക്ക ഹോതാവു നീ-
യഗ്നേ, മഹാസത്യ, ഹർഷദസ്രുക്കിനാൽ! (5)

### കുറിപ്പുകൾ: സൂക്തം 76.

1. തിരിയ്ക്കുവാൻ–ഞങ്ങളുടെ നേർക്കാക്കാൻ. എന്തെതിരേല്പ്–അങ്ങയെ എങ്ങനെ എതിരേല്ക്കണം? ഞങ്ങൾക്കറിഞ്ഞുകൂടാ. ഏതൊരു ബുദ്ധിയാൽ–അതിന്നു തക്ക മനോവൃത്തിതന്നെയില്ല, ഞങ്ങൾക്ക്.
2. പാലിയ്ക്ക–രക്ഷിയ്ക്കുട്ടെ.
3. രക്ഷോഗണം = രാക്ഷസവർഗ്ഗം. അസ്സുദാനന്ന്–ശോഭനദാനങ്ങളോടു കൂടിയ ഇന്ദ്രന്ന്.
4. സൽഫലച്ചൊല്ല്–നല്ല ഫലമുളവാക്കുന്ന സ്തോത്രം. ഹവിർവാഹിവക്ത്രനെ–ദേവകൾക്കുള്ള ഹവിസ്സിനെ വക്ത്രത്തിൽ (ജ്വാലയിൽ) വഹിയ്ക്കുന്ന അഗ്നിയെ. നീ–അഗ്നി. ഹോത്രം–ഹോതാവിന്റെ കർമ്മം. പോത്രം–പോതാവ് എന്ന ഋത്വിക്കിന്റെ കർമ്മം. ഓർക്ക–ഞങ്ങളെ മറക്കരുതേ! ജനിതാവ്–ആഹുതികൊണ്ടു വർഷാദികളെ ഉൽപാദിപ്പിയ്ക്കുന്നവൻ.
5. പ്രാജ്ഞാന്വിതൻ = പ്രാജ്ഞരോടു(ഋത്വിക്കുകളോടു)കൂടിയവൻ. മഹാസത്യ–വലിയ സത്യമുള്ളവനേ. ഹർഷദസ്രുക്കിനാൽ = ഹർഷത്തെ നല്കുന്ന സ്രുക്കുകൊണ്ട്.

## സൂക്തം 77.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

സത്യവാൻ, യജ്വാവ,മൃത്യ, ഹോതാവെവൻ
മർത്ത്യരിൽനിന്നു വാനോർക്കു കൊടുപ്പിതോ;
എമ്മട്ടിൽ നാല്കു,മാദ്ദീപ്തനാമഗ്നിയ്ക്കു
നമ്മള?–വന്നെന്തു, ദേവാദൃതസ്തവം? (1)

സത്യവാനാർ മഖേ സൌഖ്യദൻ ഹോതാവു,
നൽസ്തവമർപ്പിപ്പിന,ത്തിരുമേനിയിൽ:
അഗ്നി മർത്ത്യന്നായ് നിലിമ്പരിൽച്ചെന്നിട്ടു;–
മൊക്കെയറിയും, വണങ്ങി യജിച്ചിടും! (2)

കർത്താവവൻ; തീർത്ത,ഴിപ്പോനവൻ; പുതു–
വസ്തു കൊണ്ടുവരും, ചങ്ങാതിപോലവൻ;
അദ്ദർശനീയനെ യജ്ഞത്തിലാദ്യനെ–
ന്നെ,ത്തിപ്പുകഴ്ത്തുന്നു ദേവൈഷിയാം ജയം. (3)

അശ്ശ്രേഷ്ഠനേതാവ,രാതിഘ്നനാമഗ്നി–
യിച്ഛിയ്ക്ക, നമ്മൾതൻ സ്തോത്രവും, ഹവ്യവും;
സ്വത്തും കരുത്തും പെരുത്തവരന്നങ്ങ–
ളെത്തിച്ചു, ചൊല്ലിച്ചപോരും സ്തവങ്ങളും! (4)

ഗോതമർ മേധാഢ്യരേവം സ്തുതിയ്ക്കയാൽ,–
ജാതവേദസ്സായ സത്യവാനഗ്നിയും
സോമം നുകർന്നാന,വരിൽനിന്നന്നവും;
കാമമറിഞ്ഞവൻ പുഷ്ടി നല്കേണമേ! (5)

### കുറിപ്പുകൾ: സൂക്തം 77.

1. അമൃത്യ=മൃത്യ (മരണം) ഇല്ലാത്തവൻ. കൊടുപ്പിതോ–ഹവിസ്സു കൊടുക്കുന്നുവോ. നല്കും–ഹവിസ്സ്. ദേവാദൃതസ്തവം=ദേവന്മാരാൽ ആദരിയ്ക്കപ്പെട്ട സ്തോത്രം. അഗ്നിയ്ക്ക് അനുരൂപമായ ഹവിസ്സും സ്തോത്രവും ഏതേതെന്നു നമുക്കറിഞ്ഞുകൂടാ.
2. മഖേ=മഖ(യാഗ)ത്തിൽ. മർത്ത്യന്നായ്–യജമാനനായ മനുഷ്യന്നുവേണ്ടി. ഒക്കെ–യജനീയദേവന്മാരെയെല്ലാം.
3. തീർത്തഴിപ്പോൻ–സ്രഷ്ടാവും സംഹർത്താവും. കൊണ്ടുവരും–നമുക്കു തരാൻ. ആദ്യൻ–പ്രധാനഭൂതൻ. ദേവൈഷിയാം ജനം–ദേവകാമരായ മനുഷ്യർ.
4. സ്വത്തും കരുത്തും പെരുത്തവർ–ധനവും ബലവും വളരെയുള്ളവർ. ചൊല്ലിച്ചപോരും–തക്ക ദക്ഷിണ കൊടുത്ത് ഋത്വിക്കുകളെക്കൊണ്ടു ചൊല്ലിയ്ക്കുന്ന. ഇച്ഛിയ്ക്ക–കൈക്കൊള്ളട്ടെ.

## സൂക്തം 78.

ഗോതമൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

ഗോതമൻ ജാതവേദസ്സേ, സ്തുതിച്ചാൻ തിരുമേനിയെ;
ദ്രഷ്ടാവേ, വെളിവാംവണ്ണം സ്തോത്രം ചൊല്ലുന്നു, ഞങ്ങളും. (1)

സ്തുതിച്ചുപചരിച്ചല്ലോ, ഗോതമൻ ധനവാഞ്ഛയാൽ;
ആ നിങ്കൽ വെളിവാംവണ്ണം സ്തോത്രം ചൊല്ലുന്നു, ഞങ്ങളും. (2)

അന്നപ്രദായിയാം നിന്നെയംഗിരസ്സുകൾപോലവേ
വിളിച്ചു, വെളിവാംവണ്ണം സ്തോത്രം ചൊല്ലുന്നു, ഞങ്ങളും. (3)

തികച്ചും പോക്കുമാർ പാപ,മാർ ദസ്യുക്കളെ വീഴ്ത്തിടും.
ആ നിങ്കൽ വെളിവാംവണ്ണം സ്തോത്രം ചൊല്ലുന്നു, ഞങ്ങളും. (4)

ചൊന്നേൻ രാഹൂഗണനിവനഗ്നിയ്ക്കായ്ത്തേൻ പെറും സ്തുതി;
വെളിവാംവണ്ണമാ സ്തോത്രംതന്നെ പേർത്തുച്ചരിയ്ക്ക നാം! (5)

### കുറിപ്പുകൾ: സൂക്തം 78.

1. വെളിവാംവണ്ണം–അങ്ങയുടെ ഗുണങ്ങൾ വെളിപ്പെടുമാറ്.
5. രാഹൂഗണൻ–രഹൂഗണന്റെ പുത്രൻ, ഗോതമൻ. അഗ്നിയ്ക്കായ്–അഗ്നിയെപ്പറ്റി.

## സൂക്തം 79.

ഗോതമൻ ഋഷി; ത്രിഷ്ടുപ്പും, ഉഷ്ണിക്കും, ഗായത്രിയും ഛന്ദസ്സുകൾ; അഗ്നി ദേവത. (കാകളി)

ചെന്നടിച്ചൂക്കിലുലച്ച മരുത്തുപോ–
ലോടും ഹിരണ്മയകേശൻ, ശുചിപ്രഭൻ
പെയ്യിച്ച നീരി;–തിൽ മുഢരുഷസ്സുകൾ,
ചോർവേല നോക്കുന്ന നേരുകാർപോലവേ! (1)

കാറെറാത്തു നിൻകതിർ തല്ലുന്നു വൃഷ്ടിയ്ക്കു;-
തേറ്റു നിലവിളിയ്ക്കുന്നൂ കരിമുകിൽ;
ചേരുന്നു, സസ്മിതസുന്ദരിമാർപോലെ;
മാരി പൊഴിയുന്നു; ഗർജ്ജിപ്പു കാറുകൾ! (2)

നീരസാരത്താൽത്തഴപ്പിച്ചി,വനതിൻ
നേരുമാർഗ്ഗങ്ങളിലൂടേ നടത്തവേ,
അര്യമമിത്രാവരുണമരുത്തുക്കൾ
നീക്കുന്നു, കാറിന്റെ തണ്ണീരടപ്പിനെ! (3)

(ശ്ലോകം)

അഗ്നേ, ഭവാൻ ഗവാന്നത്തിൻ നാഥാനല്ലോ, ബലാത്മജ;
ഞങ്ങൾക്കു ജാതവേദസ്സേ, പെരുതന്നം തരേണമേ! (4)

അഗ്നി ദീപ്തൻ, കവി, ഗൃഹപ്രദൻ, വാഴ്ത്തപ്പെടേണ്ടവൻ;
പ്രഭൃതമുഖ, ഞങ്ങൾക്കു നല്കു, വിത്തവുമന്നവും! (5)

താനും മുടിയ്ക്കു, ഭാസ്സാളുമഗ്നേ, പകലുമല്ലിലും;
അരക്കരെച്ചുടുകയുംചെയ്ക, തീക്ഷ്ണമുഖൻ ഭവാൻ! (6)

അഗ്നേ, ഞങ്ങളെ രക്ഷിയ്ക്കു ഗായത്രസ്തുതി ചൊല്ലുവാൻ,
സമസ്തകർമ്മവന്ദ്യൻ നീ നിജസംരക്ഷണങ്ങളാൽ! (7)

അഗ്നേ, തരിക ഞങ്ങൾക്കു വരിയ്ക്കത്തക്കതാം ധനം,
ഒപ്പമേ ദുർഗ്ഗതിഹരം, പോരിലൊട്ടുക്കു ദുസ്തരം. (8)

അഗ്നേ, തരിക, ജീവിപ്പാൻ ശുഭജ്ഞാനാന്വിതം ധനം;
സുഖാവഹം തന്നരുൾക, യാവജ്ജീവിതപോഷകം! (9)

തിഗ്മാർച്ചിസ്സാകുമഗ്നിയ്ക്കായ് സ്പഷ്ടപുണ്യസ്തവങ്ങളെ
രച്ചിച്ചുവെയ്ക്കുക, ധനപ്രേപ്സുവാം താങ്കൾ ഗോതമ! (10)

ആർ ചാരത്തോ വിദൂരത്തോ നിന്നെങ്ങളെ മുടിച്ചിടും,
അഗ്നേ, മലയ്ക്കട്ടെയവൻ; നല്കെങ്ങൾക്കു വളർച്ച നീ! (11)

ദ്രഷ്ടാവാഗ്നി സഹസ്രാക്ഷനരക്കരെയകറ്റിടും;
നമ്മാൽപ്പുകഴ്ത്തപ്പെട്ടിട്ടു ഹോതാവായി സ്തുതിച്ചിടും! (12)

## കുറിപ്പുകൾ: സൂക്തം 79.

1. മരുത്ത്=വായു. ഹിരണ്മയകേശൻ=സുവർണ്ണവർണ്ണങ്ങളായ കേശങ്ങ(ജ്വാലക)ളോടുകൂടിയവൻ. ഇതിൽ–അഗ്നി ഇങ്ങനെ മേഘങ്ങളെ ചെന്നടിച്ചുലച്ച് മഴ പെയ്യിയ്ക്കുന്നതിൽ ഉഷസ്സുകൾ (ഉഷോദേവതമാർ) മൂഢ(അജ്ഞ)കളാണ്. ചോർവേല (ഭക്ഷണം സമ്പാദിപ്പാനുള്ള തൊഴിൽ) നോക്കുന്ന നേരുകാർ (നിഷ്കപടരായ സാധുക്കൾ) പ്രകൃതിഭാവങ്ങളിൽ അത്ര കണ്ണു വെയ്ക്കാറില്ലല്ലോ; അതുപോലെ, ഈ മഴപെയ്യിയ്ക്കലിനെ ഉഷസ്സുകൾ കണ്ടറിയാറില്ല! വൈദ്യുതാഗ്നിയെക്കുറിച്ചുള്ളതാണ്, ഈ ഋക്കും, അടുത്ത രണ്ടും.
2. വൃഷ്ടിയ്ക്ക്–വർഷണത്തിന്നായി. അത്–അഗ്നിജ്വാലയുടെ തല്ല്. നിലവിളിയ്ക്കുന്ന–ഇടിവെട്ടുന്നു. സസ്മിത(പുഞ്ചിരിക്കൊണ്ട)സുന്ദരിമാർപോലെ മിന്നലുകൾ (ഈ പദം അധ്യാഹരിയ്ക്കക്കണം) കരിമുകിലിനോടു ചേരുന്നു.
3. നീർസാരം=വെള്ളത്തിന്റെ സത്ത്. തഴപ്പിച്ച്–തൃപ്തിപ്പെടുത്തി. ഇവൻ–വൈദ്യുതാഗ്നി. ലോകത്തെ അതിൻ (ജലത്തിന്റെ) നേരുമാർഗ്ഗങ്ങളിലൂടേ നടത്തവേ–സ്നാനപാനാദികൾ ചെയ്യിയ്ക്കുവേ എന്നു താൽപര്യം. തണ്ണീരടപ്പിനെ നീക്കുന്നു–മഴ പെയ്യിയ്ക്കുന്നു.
4. ഗവാന്നം–ഗോക്കളും അന്നങ്ങളും.
5. പ്രഭൂതമുഖ–വളരെ മുഖങ്ങൾ (ജ്വാലകൾ) ഉള്ളവനേ.
6. അരക്കരെ ആൾക്കാരെക്കൊണ്ടു മുടിപ്പിയ്ക്കുകമാത്രമല്ല, താനും മുടിയ്ക്കുക.
7. ഗായത്രസ്തുതി–ഗായത്രീച്ഛന്ദസ്സിലുള്ള സ്തോത്രം.
8. ഒപ്പമേ ദുർഗ്ഗതിഹരം–ദുർഗ്ഗതികളെ (ദാരിദ്ര്യങ്ങളെ) ഒക്കെ ഒന്നിച്ചുതന്നെ നശിപ്പിയ്ക്കുന്നത്. ദുസ്തരം–ശത്രുക്കൾക്കു കടക്കാൻവയ്യാത്തത്; ശത്രുവശഗമാകാത്തത് എന്നർത്ഥം.
9. യാവജ്ജീവിതപോഷകം-മരണംവരെയ്ക്കും മതിയാകുന്ന ധനം.
10. ഋത്വിക്കുകൾ പറയുന്നു. ധനപ്രേപ്സു-ധനലാഭേച്ഛു.
11. മലയ്ക്കട്ടെ–ചത്തുവീഴട്ടെ.
12. സഹസ്രാക്ഷൻ–അസംഖ്യജ്വാലായുക്തൻ. സ്തുതിച്ചിടും–ദേവന്മാരെ.

## സൂക്തം 80.

ഗോതമൻ ഋഷി; പങ്ക്തി ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (മാകന്ദമഞ്ജരി)

ബ്രഹ്മൻ ചമച്ചാനിസ്തോത്രം, നീ സോമത്താ-
ലുന്മദംകൊൾകെബ്ബലിഷ്ഠ, വജ്രിൻ:
വൃത്രനെപ്പാരിൽനിന്നോടിച്ചുവല്ലോ നീ,
ശക്തിയാൽത്തൻകോയ്മ കാട്ടിക്കൊണ്ടേ! (1)

ഇമ്പം വരുത്തീ, മദ്രാവഹം വജ്രിൻ, തേ
പെൺപരുന്തെത്തിച്ച നൽസ്സോമനീർ:
വൃത്രനെ വാനത്തുവെച്ചു നീ കൊന്നല്ലോ,
ശക്തിയാൽത്തൻകോയ്മ കാട്ടിക്കൊണ്ടേ! (2)

ചെല്ലിന്ദ്ര, നേർക്കുക, കേറുക: പൂരുഷ–
രാകെ വണങ്ങുവൊന്നൊറ്ജിത്യം തേ;
കൊല്ല, നീ വൃത്രനെ:–ദ്ദുർവാരം, നിൻവജ്രം;
വെല്ക നീർ, തൻകോയ്മ കാട്ടിക്കൊണ്ടേ! (3)

കൊന്നല്ലോ, മന്നിന്മീതേ നഭസ്സിൽവെ–
ച്ചിന്ദ്ര, നീ വൃത്രനെ;–ക്കാററാലിനി
പെയ്യിയ്ക്ക, ജീവസന്തർപ്പകമിജ്ജലം
നിയ്യിഹ തൻകോയ്മ കാട്ടിക്കൊണ്ടേ! (4)

ക്രുദ്ധനായ്ച്ചെന്നെതിർത്തിന്ദ്രൻ വിറക്കൊണ്ട
വൃത്രന്റെ പൊന്തനണക്കടയിൽ
വജ്രമേല്പിച്ചു, പുറത്തെയ്യിറക്കിനാ–
നജ്ജലം, തൻകോയ്മ കാട്ടിക്കൊണ്ടേ! (5)

പൊന്തനണക്കട നൂർമുനവജ്രംകൊ–
ണ്ട,ന്തരാ, വാഴ്ത്തപ്പെട്ടീടുമിന്ദ്രൻ
കീറിനാൻ; മാർഗ്ഗവും തേടിനാൻ, മിത്രർക്കു
ചോറിനു തൻകോയ്മ കാട്ടിക്കൊണ്ടേ! (6)

മാനിതം നിൻവീര്യമിന്ദ്ര, വജ്രായുധ:
മായയാൽത്തന്നേ നീ മേഘവാഹ,
അന്നാ മൃഗത്വം വഹിച്ച മായാവിയെ–
ക്കൊന്നല്ലോ, തൻകോയ്മ കാട്ടിക്കൊണ്ടേ! (7)

ഉത്തുംഗമിന്ദ്ര, നിൻവിര്യവും കൈക്കെല്പും:
പത്തുകുറഞ്ഞ നൂറാറുകൾക്കായ്
എത്തിച്ചുവല്ലോ, നീ വജ്രായുധങ്ങളെ-
ച്ചിത്രമായ്ത്തൻകോയ്മ കാട്ടിക്കൊണ്ടേ! (8)

ആയിരംപേരൊപ്പമർച്ചിച്ചാരിന്ദ്രനെ;-
യാകവേ വാഴ്ത്തിനാരൈ,നാങ്കുപേർ;
നൂറുപേർ പേർത്തും സ്തുതിച്ചാരു,യർത്തിനാർ

ചോറുമിത്തൻകോയ്മ കാട്ടിക്കൊണ്ടേ! (9)

ശസ്ത്രത്താൽ ശസ്ത്രത്തെ നിർത്തിത്തുരത്തിനാൻ
വൃത്രന്റെ കെല്പെ–ന്തൊരാണത്തം ഹാ:
വൃത്രനെക്കൊന്നാൻ, പുറത്താക്കിനാനിന്ദ്ര–
നത്തണ്ണീർ, തൻകോയ്മ കാട്ടിക്കൊണ്ടേ! (10)

ഇന്ദ്ര, നീ കോപിച്ചനേരം വിറച്ചുപോയ്,
വൻനഭോഭൂമികൾ വജ്രപാണേ:
കൊന്നല്ലോ വൃത്രനെക്കെല്പാൽ, മരുത്ത്വാനായ്
നിന്ന നീ, തൻകോയ്മ കാട്ടിക്കൊണ്ടേ! (11)

വൃത്രന്റെയാർപ്പും കുലുക്കലും കൂസാതെ
വർത്തിച്ച,വങ്കലയച്ചാനിന്ദ്രൻ,
ആയിരം വായ്ത്തല ചേർന്നുള്ളിരിമ്പുവ–
ജ്രായുധം, തൻകോയ്മ കാട്ടിക്കൊണ്ടേ! (12)

വൃത്രന്റെ പാഴിടിവാളുമായ് നിൻവജ്രം
യുദ്ധം തുടർന്നപ്പോളിന്ദ്ര, വാനിൽ,
വൃത്രനെക്കൊൽവാൻ മുതിർന്ന നിൻകെല്പഭി–
വൃദ്ധമായ്, തൻകോയ്മ കാട്ടിക്കൊണ്ടേ! (13)

സ്ഥാവരം, ജംഗമമൊക്കെ വിറയ്ക്കയായ്,
താവകസിംഹനാദത്താൽ വജ്രിൻ;
ത്വഷ്ടാവുമിന്ദ്ര, നിൻക്രോധത്തിൽപ്പേടിച്ചു
ഞെട്ടിപ്പോയ്, തൻകോയ്മ കാട്ടിക്കൊണ്ടേ! (14)

നാമറിയില്ലെ,ങ്ങും വ്യാപ്തനാമിന്ദ്രനെ:–
യാർ കണ്ടു വീര്യ?–മവങ്കലല്ലോ
വെച്ചൂ, വിഭൂതിയും കർമ്മവുമോജസ്സും
നിർജരർ; തൻകോയ്മ കാട്ടിക്കൊണ്ടേ! (15)

അച്ഛൻ മനു,വഥർവാവ,ഥ ദധ്യങ്ങ്-
മച്ചെയ്ത കർമ്മത്തിൻ സ്തോത്രങ്ങളും
ഹവ്യവുമിന്ദ്രങ്കലല്ലോ, മുന്മട്ടിലേ
ചെന്നെത്തീ; തൻകോയ്മ കാട്ടിക്കൊണ്ടേ! (16)

## കുറിപ്പുകൾ: സൂക്തം 80.

1. ബ്രഹ്മൻ–ബ്രഹ്മാവെന്ന ഋത്വിക്ക്. പാര് = ഭൂമി, ശക്തി = ബലം. കോയ്മ = രാജത്വം. കാട്ടിക്കൊണ്ടേ–വെളുപ്പെടുത്തിക്കൊണ്ട്.
2. മദാവഹം = മത്തിനെ ഉളവാക്കുന്നത്; സോമനീരിന്റെ വിശേഷണം. തേ = അങ്ങയ്ക്ക്. പെൺപരുന്തെത്തിച്ച–പരുന്തിൻപിടയുടെ രൂപം ധരിച്ച ഗായത്രി സ്വർഗ്ഗത്തിൽനിന്നു കൊണ്ടുവന്ന. ആ സോമനീർ കുടിച്ചു ഹൃഷ്ടനായിട്ടാണ്, അങ്ങു വൃത്രനെ കൊന്നത്.

3. കേറുക—ശത്രുക്കളെ ആക്രമിയ്ക്കുക. തേ(=അങ്ങയുടെ) ഔർജിത്യ(ബലത്തെ വണങ്ങാ-ത്ത (ബലത്തിന്നടിപെടാത്ത) ഒരു പുരുഷൻ ഇല്ലതന്നെ. നീർ (വൃഷ്ടിജലം) വെല്ക (ജയി-ച്ചാലും, കീഴടക്കിയാലും). ദേവകൾ ഇന്ദ്രനെ വൃത്രവധത്തിന്നു പ്രേരിപ്പിയ്ക്കുന്നതാണിത്.

4. ജീവസന്തർപ്പകം=പ്രാണികളെ തൃപ്തരാക്കുന്നത്. ഇജ്ജലം—വൃത്രനിരുദ്ധമായ വർഷ-ജലം.

5. പൊന്തനണക്കട=പൊങ്ങിയ ഹനു.

6. നൂർമുനവജ്രം=നൂറുമുനകളുള്ള വജ്രം. അന്തരാ=ഇടയിൽ. കീറിനാൻ=പിളർത്താൻ. മിത്രർക്കു (സ്തോതാക്കൾക്കു) ചോറിനു (ആഹാരം കൊടുക്കാൻ) മാർഗ്ഗം തേടുകയും (അന്വേഷിയ്ക്കുകയും, ആലോചിയ്ക്കുകയും)ചെയ്തു.

7. യുദ്ധത്തിന്നിടയിൽ മൃഗത്വം വഹിച്ച (മാനിന്റെ രൂപം ധരിച്ച) മായാവിയെ (വൃത്രനെ) അങ്ങു മായകൊണ്ടുതന്നെ കൊന്നു.

8. പത്തുകുറഞ്ഞ നൂറാറുകൾക്കായ്—വൃത്രൻ തടുത്ത തൊണ്ണൂറു നദികളെ പ്രവഹിപ്പിപ്പാ-ൻ. സർവത്ര വ്യാപിച്ചുനിന്ന വൃത്രങ്കലെയ്ക്കു വജ്രായുധങ്ങളെ അയച്ചുവല്ലോ. ഒരേ വജ്രം അനേകമായിത്തീർന്നു എന്നു താൽപര്യം. ചിത്രം=നാനാപ്രകാരം.

9. ഐനാങ്കുപേർ—പതിനാറ് ഋത്വിക്കുകൾ, യജമാനൻ, പത്നി, സദസ്യൻ, ശമിതാവ് എന്നീ ഇരുപതാളുകൾ. നൂറുപേർ—ഋഷിമാർ. ചോറ്=അന്നം, ഹവിസ്സ്. ഉയർത്തി-നാർ—ഇന്ദ്രന്നു കൊടുക്കാൻ. എടുത്തുപൊക്കി. തൻകോയ്മ—തന്റെ, ഇന്ദ്രന്റെ രാജത്വം.

10. ശസ്ത്രം=ആയുധം. എന്തൊരാണത്തം ഹാ—ഇന്ദ്രന്റെ പൌരുഷം.

11. മരുത്ത്വാനായ്=മരുത്തുക്കളോടുകൂടിയവനായി.

13. പാഴിടിവാൾ—മായാനിർമ്മിതമായ അശനി. അഭിവൃദ്ധമായ്=വളർന്നു.

14. ത്വഷ്ടാവും—അങ്ങയ്ക്കു വജ്രം ഉണ്ടാക്കിത്തന്ന ശില്പികൂടിയും.

15. വിഭൂതി=സമ്പത്ത്. കർമ്മം—വീരകർമ്മം. ഓജസ്സ്=ബലം. നിർജരർ=ദേവന്മാർ.

16. അച്ഛൻ—പ്രജകൾക്കൊക്കെ പിതാവായിട്ടുള്ളവൻ. അഥർവാവ്—ഋഷി. ദധ്യങ്—അഥർവാവിന്റെ പുത്രൻ. മുന്മട്ടിലേ—വസിഷ്ഠാദിപൂർവരുടെ യജ്ഞങ്ങളിലെന്നപോലെ.

അഞ്ചാമധ്യായം സമാപ്തം.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## ആറാം അദ്ധ്യായം

മണ്ഡലം 1 അനുവാകം 13

## സൂക്തം 81.

ഗോതമൻ ഋഷി; പങ്ക്തി ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (മാകന്ദമഞ്ജരി)

മത്തിനും കെല്പിനുമായ് നരർ വാഴ്ത്തിയ
വൃത്രഘ്നനിന്ദ്രനെത്തന്നെ നമ്മൾ
മെത്തിയ പോരിൽ വിളിയ്ക്ക, ചെറുതിലും:
യുദ്ധത്തിൽപ്പാലിയ്ക്ക, നമ്മെയവൻ! (1)

വീര, നീ സൈന്യംതാൻ: മാററരെപ്പിന്മാറ്റി–
ബ്ഭൂരിസമ്പത്തു കവർന്നുവല്ലോ!
തുച്ഛനെപ്പോലും വളർത്തുന്നു; സോമനീർ
വെച്ചവന്നേകുന്നു, വൻധനം നീ! (2)

പോർ വന്നാൽ,സ്സ്വത്തൊക്കെജ്ജേതാവിൻ പക്കലാം:
നീ വമ്പകറ്റും ഹരിദ്വയത്തെ
പൂട്ടുകൊ,രാളെ വധിയ്ക്കുകൊ,രാളിൽ ശ്രീ
കൂട്ടുക; നല്കേണ്ടങ്ങൾക്കിന്ദ്ര, വിത്തം! (3)

സോമത്താൽക്കെല്പുയർന്നാലാ, ഹര്യന്വിതൻ
ഭീമൻ സുനാസികൻ കർമ്മോൽക്കൃഷ്ടൻ
ശ്രീയ്ക്കായെടുക്ക,മിടംവലംകൈളിൽ
ശ്ലാഘ്യസ്വരൂപനിരിമ്പുവജ്രം! (4)

ഭൂവന്തരിക്ഷം നിറച്ചു, തൻതേജസ്സാൽ;
ദ്യോവിങ്കൽ നിർത്തീ, നക്ഷത്രങ്ങളെ;
ഉണ്ടായിട്ടില്ല;ണ്ടാകില്ല, നിന്മട്ടൊരാൾ;
ഉദ്വഹിയ്ക്കുന്നു നീ വിശ്വമിന്ദ്ര! (5)

മർത്ത്യർതൻ ഭക്ഷ്യമാർ നല്കുമോ ഹവ്യദ–
ന്ന;ത്തമ്പുരാനേകുകീ,നമ്മൾക്കും;
വീതിച്ചുകൊൾകിന്ദ്ര: വാരുറ്റ നിൻസ്വത്തി–
ലേതാനും ഭാഗമേ വേണ്ടൂ മമ! (6)

മത്തേല്ക്കെ, മത്തേല്ക്കെ, നമ്മളിൽഗ്ഗോകളെ–
യെത്തിപ്പോനല്ലോ, സുകർമ്മാവവൻ:
വിത്തങ്ങൾ നൂർന്നുറെട്ടത്തിരുകൈകൊണ്ടു–
മത്ര തന്നാലും നീ, ധീമൂർച്ചയും! (7)

ഒപ്പം നീർകൊണ്ടിമ്പംകൊൾക, നീ സ്വത്തിനും
കെല്പിനും–ഞങ്ങൾക്കറിയാം ശൂര:
തുംഗവിത്താഢ്യൻ നീ; നിങ്കലേ ചേർക്കുന്നു,
ഞങ്ങളഭീപ്സിതം; രക്ഷിച്ചാലും! (8)

ഇന്ദ്ര, ഹവിസ്സെല്ലാം വായ്പിപ്പതുണ്ടിവർ;
എന്നാലതേകാത്ത പുള്ളികളിൽ
കാണുന്നുണ്ടല്ലോ സ്വത്തീ,ശൻ നീ;–യദ്ധന–

ശ്രേണിയെ ഞങ്ങളിലെത്തിച്ചാലും! (9)

## കുറിപ്പുകൾ: സൂക്തം 81.

1. മത്തിനും കെല്പിനുമായ്–ഇന്ദ്രന്ന് ഇമ്പവും ബലവും വർദ്ധിപ്പാൻവേണ്ടി. നരർ–നേതാക്കൾ, ഋത്വിക്കുകൾ. മെത്തിയ (വലിയ) പോരിലും ചെറുതിലും (ചെറിയ പോരിലും) വിളിയ്ക്കുക.
2. നീ സൈന്യംതാൻ–അങ്ങ് ഏകനെങ്കിലും, ഒരു സേനതന്നെയാണ്. അല്ലെങ്കിൽ, മാററരെ(ശത്രുക്കളെ)യെല്ലാം തോല്പിച്ചതു സംഭാവ്യമല്ലല്ലോ. തുച്ഛൻ = അല്പൻ. സോമനീർ വെച്ചവൻ–അങ്ങയ്ക്കു തരാൻ സോമം പിഴിഞ്ഞുവെച്ച യജമാനൻ.
3. കുരുസൃഞ്ജയരാജാക്കന്മാരുടെ പുരോഹിതനായിരുന്നു, രഹൂഗണപുത്രൻ ഗോതമൻ; അവർക്കു ശത്രുക്കളുമായുണ്ടായ യുദ്ധത്തിൽ വിജയം ലഭിപ്പാൻ, അദ്ദേഹം ഇന്ദ്രനോടു പ്രാർത്ഥിച്ചതത്രേ, ഈ സൂക്തം. വൻപ്–ശത്രുക്കളുടെ ഗർവ്. ഹരിദ്വയത്തെ (ഹരികളെന്ന രണ്ടു കുതിരകളെ) പൂട്ടുക (തേരിന്നു കെട്ടിയാലും). ഒരാളെ–അങ്ങയെ പരിചരിയ്ക്കാത്തവനെ. ഒരാളിൽ ശ്രീ കൂട്ടുക–അങ്ങയെ പരിചരിയ്ക്കുന്നവനെ ധനവാനാക്കുക. ഞങ്ങൾക്ക്–അങ്ങയെ പരിചരിയ്ക്കുന്നവരായ എന്റെ രാജാക്കന്മാർക്ക്.
4. ഹര്യന്വിതൻ = ഹരികളോടുകൂടിയവൻ. കർമ്മോൽക്കൃഷ്ടൻ = കർമ്മങ്ങൾ കൊണ്ട് ഉൽക്കൃഷ്ടൻ, മഹാൻ. ശ്രീയ്ക്കായ്–ശത്രുക്കളെ വധിച്ച്, ധനം കൈക്കലാക്കാൻ. ശ്ലാഘ്യസ്വരൂപൻ–സുന്ദരാകാരൻ.
5. ഭുവന്തരിക്ഷം = ഭൂമിയും അന്തരിക്ഷവും. നിന്മട്ടൊരാൾ = അങ്ങയ്ക്കു തുല്യനായ ഒരുവൻ.
6. മർത്ത്യർതൻ ഭക്ഷ്യം–മനുഷ്യയോഗ്യമായ ആഹാരം. ഹവ്യദൻ–യജമാനൻ. ഈ നമ്മൾക്കും ഏകുക–മനുഷ്യയോഗ്യമായ ആഹാരം തരട്ടെ. ഉത്തരാർദ്ധം പ്രത്യക്ഷവചനമാണ്.
7. മത്ത്–സോമപാനമദം. ധീമൂർച്ച = ബുദ്ധികൂർമ്മ.
8. ഒപ്പം–ഞങ്ങളോടൊന്നിച്ച്. നീർ–സോമരസം. സ്വത്തിനും–ഞങ്ങൾക്കു ധനം തരാനും. ഞങ്ങൾ അഭീപ്സിതം (അഭീഷ്ടം) നിങ്കലേ ചേർക്കുന്നു–മറ്റാരുമില്ല, ഞങ്ങൾക്ക്, അഭീഷ്ടം തരാൻ.
9. ഇവർ–യജമാനന്മാർ. അത്–ഹവിസ്സ്. ഏകാത്ത–അങ്ങയ്ക്കു തരാത്ത. ഈശൻ–സ്വാമി. യജ്ഞരഹിതരുടെ സമ്പത്തൊക്കെ ഞങ്ങൾക്കു തന്നാലും.

## സൂക്തം 82.

ഗോതമൻ ഋഷി; പങ്ക്തിയും ജഗതിയും ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (മാകന്ദമഞ്ജരി)

ഗീരൻപിൽക്കേൾക്ക വന്നിന്ദ്ര: മഘവൻ, തേ
മാറൊല്ലാ മട്ടെ;–ങ്ങൾ ചൊല്ലുന്നതിൽ
നേരും പ്രിയത്വവും ചേർക്ക, തേ കൈക്കൊള്ളാൻ;
പാരാതേ പൂട്ടുക, വാജികളെ! (1)

ഊണിനാൽക്കുമ്പ വീർത്തിന്ദ്ര, നേർക്കാംഗ്യങ്ങൾ
കാണിപ്പൂ, ദീപ്തരാം മേധാവികൾ;
പാരം നവീനമാം സ്തോത്രവും ചൊല്ലുന്നു;
പാരാതെ പൂട്ടുക, വാജികളെ! (2)

ഭംഗിയിൽ നോക്കും ഭവാനെപ്പുകഴ്ത്താവൂ,
ഞങ്ങൾ മഘവാവേ: സംസ്തുതൻ നീ
തേരു നിറച്ചിന്ദ്ര, ചെല്ലി,ച്ഛിയ്ക്കുന്നോരിൽ;–
പ്പാരാതെ പൂട്ടുക, വാജികളെ! (3)

ആ ഹാരിയോജനപൂർണ്ണപാത്രജ്ഞമായ്,
മാഹാഗണത്തെ ലഭിപ്പിച്ചതായ്;
മാരിപൊഴിപ്പതാം തേരേറുകിന്ദ്ര, നീ:
പാരാതെ പൂട്ടുക, വാജികളെ! (4)

തേരിൽ വലത്തുമിടത്തുമേ നില്ക്കട്ടെ:
നീരു നുകർന്നിമ്പംപൂണ്ടിന്ദ്ര, നീ
ആരോമൽപ്പത്നിയിൽച്ചെല്ക ശതക്രതോ;
പാരാതെ പൂട്ടുക, വാജികളെ! (5)

പൂട്ടാം ഞാൻ മന്ത്രത്താൽ നിൻകേസരീന്ദ്രരെ;
കൂട്ടിപ്പിടിയ്ക്കു, കടിഞ്ഞാൺ കയ്യിൽ:
ചെല്ലുക, നീരാൽ മദിച്ചു തഴച്ച നീ
വല്ലഭയൊത്തു രമിയ്ക്കു, വജ്രിൻ! (6)

### കുറിപ്പുകൾ: സൂക്തം 82.

1. ഗീര്–വാക്ക്, സ്തുതി. മാറൊല്ലാ മട്ട്–മുമ്പെന്നപോലെതന്നെ ഞങ്ങളിൽ അനുഗ്രഹബുദ്ധി വേണം. ചൊല്ലുന്നതിൽ നേരും പ്രിയത്വവും ചേർക്ക–ഞങ്ങളുടെ സ്തുതി പ്രിയവും സത്യവുമാക്കിയാലും: അല്ലാതെ, അങ്ങയ്ക്കു കൈക്കൊള്ളാവുന്നതാവില്ലല്ലോ. പൂട്ടുക–ഞങ്ങളുടെ അടുക്കലെയ്ക്കു വരാൻ.
2. ഊണിനാൽ–അങ്ങു നല്കിയ ആഹാരം കഴിച്ചിട്ട്. ആംഗ്യങ്ങൾ കാണിപ്പൂ–അമിതഭക്ഷണംമൂലം സംസാരിയ്ക്കാൻ വയ്യാതാവുകയാൽ. പാരം നവീനം = ഏററവും പുതിയ.
3. ഭംഗിയിൽ നോക്കും–അനുഗ്രഹദൃഷ്ട്യാ വീക്ഷിയ്ക്കുന്ന. തേരു നിറച്ച്–സ്തോതാക്കൾക്കു കൊടുപ്പാനുള്ള ധനങ്ങൾകൊണ്ട്. ഇച്ഛിയ്ക്കുന്നോരിൽ–അങ്ങയുടെ ആഗമനം അഭിലഷിയ്ക്കുന്ന യജമാനന്മാരുടെ അടുക്കൽ.

4. ഹാരിയോജനപൂർണ്ണപാത്രജ്ഞം–ഹാരിയോജനമെന്ന (പൊരിയവിൽ ചേർത്ത) സോമം നിറച്ച പാത്രത്തെ അറിയുന്നത്; അതിന്റെ അടുക്കലെയ്ക്കു പോകുമാറുള്ളത് എന്നർത്ഥം. മാഹാഗണം = പൈക്കൂട്ടം. മാരി–അഭീഷ്ടവർഷം.

5. നില്ക്കട്ടേ–രണ്ടു കുതിരകൾ. നീരു–സോമരസം. ചെല്ക–രമിപ്പാൻ.

6. കേസരീന്ദ്രരെ–അശ്വശ്രേഷ്ഠരായ ഹരികളെ.

## സൂക്തം 83.

ഗോതമൻ ഋഷി; ജഗതി ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കേക)

ത്വദ്രക്ഷണത്താൽ ത്രാതനാകിയ മർത്ത്യൻ മുമ്പി-
ട്ടെത്തുന്നു ശരിയ്ക്കിന്ദ്ര, പശ്വശ്വസമൃദ്ധിയിൽ;
അവനെത്തന്നേ നിറയ്ക്കുന്നു നീ പെരുംസ്വത്താ–
ല,ലയാഴിയെച്ചൂഴേ ജ്ഞാനദം ജലംപോലെ! (1)

ത്വിട്ടോലും ജലംപോലേ പൂകുന്നു ചമസത്തിൽ;–
ദൃഷ്ടി കീഴ്പതിയുന്നു, പരന്ന വെയിൽപോലെ;
സോമനീർ നിറഞ്ഞ മുമ്പാനീതമാമദ്ദേവ–
കാമത്തെയുപാസിപ്പൂ ദേവകൾ, വരർപോലെ! (2)

സ്രുക്കുകൾ ചേർന്നുള്ളതാം ത്വൽപൂജാഹവിർദ്ധാന–
യുഗ്മത്തിൽ വെച്ചാനങ്ങുന്നുക്ഥ്യമാമൊരേവാക്യം:
ത്വൽക്കർമ്മം പ്രശാന്തനായ്ച്ചെയ്യുവോൻ വളരുന്നു;
നൽക്കരുത്താർജിയ്ക്കുന്നു, പിഴിയും യജമാനൻ! (3)

അംഗിരസ്സുകളെവർ മുല്പാടു ഹവിസ്സാർജി–
ച്ച,ഗ്നിയെജ്ജ്വലിപ്പിച്ചു, സൽക്കർമ്മം നടത്തിയോ;
നേതാക്കളവർ കൈക്കലാക്കിനാർ, പണിയുടെ
ഗോതുരംഗാദിപശുയുക്തമാം മുതലെല്ലാം! (4)

മുല്പാടു വഴി വെട്ടീ, യജ്ഞത്താലഥർവാവു;
സുപ്രത്യക്ഷനായ് പിന്നെ,ക്കർമ്മപൻ, കാന്തൻ, സൂര്യൻ;
ഗോക്കളെക്കണ്ടെത്തിനാൻ; തുണച്ചാൻ, കാവ്യൻ ഭൃഗു;
നീക്കുവാൻ വെളിപ്പെട്ട നിത്യനെ യജിയ്ക്ക നാം! (5)

എങ്ങു സൽക്കർമ്മത്തിന്നായ് മുറിയ്ക്കപ്പെട്ടും ദർഭ;-
യെങ്ങുച്ചരിയ്ക്കും, ശ്ലോകം സ്തോതാവു യജനത്തിൽ;
എങ്ങമ്മിയൊലികൂട്ടു,മുക്ഥമോതുവോൻപോലെ;–
യങ്ങെല്ലാമഭിവൃദ്ധി ചേർക്കുന്നു, കനിഞ്ഞിന്ദ്രൻ! (6)

### കുറിപ്പുകൾ: സൂക്തം 83.

1. ത്രാതൻ = രക്ഷിതൻ. പശ്വശ്വസമൃദ്ധിയിൽ എത്തുന്നു–വളരെ മാടുകളും കുതിരകളുമുള്ളവനായിത്തീരുന്നു. ജ്ഞാനദം = ജ്ഞാനത്തെ കൊടുക്കുന്നത്; സ്നാനവും മറ്റും ജ്ഞാനജനകമാണല്ലോ.
2. ദൃഷ്ടി–മുകളിൽ നിൽക്കുന്ന ദേവകളുടെ നോട്ടം, ത്വിട്ടോലും (ശോഭയുള്ള) ജലംപോലെ, ചമസത്തിൽ (സോമനീർപ്പാത്രത്തിൽ) പൂകുന്നു. ആനീതം = കൊണ്ടുവെയ്ക്കപ്പെട്ടത്. ദേവകാമം–ചമസം. ദേവന്മാർ, വരന്മാർ കന്യയെ (ഈ പദം അധ്യാഹരിയ്ക്കണം.) എന്നപോലെ ചമസത്തെ ഉപാസിപ്പൂ (സമീപിച്ചു നില്ക്കുന്നു). ’ഇവൾ എനിയ്ക്കെനിയ്ക്കെ’ന്നു കരുതി വരന്മാർ കൊതിച്ചുനില്ക്കുന്നതുപോലെ, സോമലോലുപരായ ദേവന്മാർ

ചമസത്തെ സമീപിച്ച്, നോക്കിനില്ക്കുന്നു. ദേവകാമം എന്ന പദത്തിന്റെ അർത്ഥം, ദേവന്മാരെ കാമിയ്ക്കുന്നത് ('ദേവന്മാർ എന്നെ സ്വീകരിയ്ക്കേണമേ' എന്നാശിയ്ക്കുന്നത്) എന്നാണ്; കന്യകയും വരനെ ഇച്ഛിയ്ക്കുന്നവളായിരിയ്ക്കുമല്ലോ.

3. ത്വൽപൂജാഹവിർദ്ധാനയുഗ്മം = അങ്ങയെ പൂജിപ്പാനുള്ള രണ്ടു ഹവിർദ്ധാനങ്ങൾ (ഹവിസ്സു നിറച്ച പാത്രങ്ങൾ). അങ്ങുന്ന്–ഇന്ദ്രൻ. ഉക്ഥ്യം = സ്തുത്യം. ഒരേവാക്യം–ഒരു മന്ത്രം. ത്വൽക്കർമ്മം–അങ്ങയെ ഉദ്ദേശിച്ചുള്ള കർമ്മം. പ്രശാന്തനായ്–ശത്രുക്കളോടു യുദ്ധത്തിന്നു പോവുകയും മറ്റും ചെയ്യാതെ. പിഴിയും–അങ്ങയ്ക്കായി സോമം പിഴിയുന്നു.

4. ആർജിച്ച്–ഒരുക്കി. പശു–നാല്ക്കാലി. പണി–അസുരൻ.

5. വഴി–ഗോക്കൾ ഒളിപ്പിയ്ക്കപ്പെട്ട സ്ഥലത്തേയ്ക്ക്. കർമ്മപൻ = കർമ്മപാലകൻ. കാന്തൻ = സുന്ദരൻ. സൂര്യൻ–സൂര്യരൂപനായ ഇന്ദ്രൻ. കണ്ടെത്തിനാൻ–അഥർവാവ്. കാവ്യൻ = കവി(ശുക്ര)പുത്രൻ.നീക്കുവാൻ വെളിപ്പെട്ട നിത്യനെ–അസുരബാധ നീക്കാൻ ആവിർഭൂതനായ നിത്യനെ (മരണരഹിതനായ ഇന്ദ്രനെ).

6. ശ്ലോകം–സ്തോത്രരൂപമായ പദ്യം. ഒലികൂട്ടം–സോമലത ചതയ്ക്കുമ്പോൾ.

## സൂക്തം 84.

ഗോതമൻ ഋഷി; അനുഷ്ടുപ്പും, ഉഷ്ണിക്കും, പങ്ക്തിയും, ഗായത്രിയും, ത്രിഷ്ടുപ്പും, ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത. (മാകന്ദമഞ്ജരി)

സോമം പിഴിഞ്ഞുകഴിഞ്ഞു ഭവാന്നിന്ദ്ര;
നീ മഹൌജസ്സേ, വരിക, ധൃഷ്ണോ:
സാമർത്ഥ്യമങ്ങയെപ്പാടേ നിറയ്ക്കട്ടെ,
വ്യോമത്തെ രശ്മിയാൽസൂര്യൻപോലെ! (1)

കൊണ്ടുചെന്നീടുമേ വാജിളൌ,ർജിത്യം–
കൊണ്ടു ദുർദ്ധർഷനാമണ്ടർകോനെ,
മാമുനിമാരുമിങ്ങന്യമനുഷ്യരും
ശ്രീമഖ–സ്തോത്രങ്ങൾ ചെയ്യും ദിക്കിൽ! (2)

തേരേറിക്കൊൾക: ഞാൻ പൂട്ടിനേൻ മന്ത്രത്താൽ–
ദ്ദാരിതവൃത്ര, നിന്നശ്വങ്ങളെ;
നിന്മാനസത്തെയിങ്ങോട്ടു തിരിയ്ക്കട്ടെ–
യമ്മിക്കല്ലിന്റെ മനോജ്ഞനാദം! (3)

മത്തേകു,മെന്നാൽ മരിപ്പിയ്ക്കില്ല,ത്രയും
ശസ്തമാം സോമം നുകർന്നാലും നീ;
നിൻനേർക്കണയുന്നു, യജ്ഞാലയത്തിലീ,
വെൺനീരിൻ ധാരയോരോന്നുമിന്ദ്ര! (4)

അർച്ചിപ്പിനിന്ദ്രനെ നിങ്ങൾ പൊടുന്നനെ:-
യുച്ചരിച്ചീടുവിനു,ക്ഥങ്ങളും;
മത്തവന്നേകട്ടേ, സോമനീർ; കെല്പേറും
സ്തുത്യനെപ്പിന്നെ നമസ്കരിപ്പിൻ! (5)

ഇല്ല, ഹരികളെപ്പൂട്ടും ഭവാനോടു
തുല്യനായിട്ടൊരു വൻതേരാളി;
ഇല്ലിന്ദ്ര, നിൻകിടയ്ക്കാരുമേ കെല്പാലു;–
മില്ല, നിന്മട്ടിലൊരശ്വവാനും! (6)

ഏകനായ്ത്താനെവനെത്തിപ്പൂ, ഹവ്യദ-
നാകിയ മർത്ത്യനെസ്സമ്പത്തിങ്കൽ;
ഏതുമെതിർശബ്ദമേശാതേ പാരിനു
നാഥനായ്ത്തീർന്നാനാ,യിന്ദ്രൻ ക്ഷിപ്രം! (7)

കുണിനെയെന്നപോലെന്നു ഹവിർദ്ധന–
ഹീനനെക്കാലാൽച്ചവുട്ടിത്തേയ്ക്കും?
എന്നവാൻ, നമ്മൾതൻ സ്തോത്രവാക്യങ്ങളെ
നിന്നു ചെവിക്കൊള്ളു,മിന്ദ്രൻ ക്ഷിപ്രം? (8)

ഭൂരിജനങ്ങളിൽനിന്നേതൊരുത്തനോ
നീരിനാൽ നിന്നെപ്പരിചരിയ്ക്കും;

ആയവന്നായത്തമാക്കുമേ, മേത്തര-
മായ കരുത്തിനെയിന്ദ്രൻ ക്ഷിപ്രം! (9)

മോടിയ്ക്കായ്,സ്സാഹ്ലാദം, വർഷിയാമിന്ദ്രന്റെ
കൂടെപ്പോം വെൺപൈക്കൾ, വാസദകൾ
ഇമ്മട്ടിലെങ്ങുമുള്ളൊന്നാം നറുമധു
ചെമ്മേ കുടിപ്പൂ, തൽക്ഷോയ്മ നോക്കി! (10)

പാൽ വീഴ്ത്തും, സോമത്തിലിന്ദ്രസ്പർശേച്ഛുക്ക–
ളാവാസദാത്രികൾ ചിത്രപ്പൈക്കൾ;
ഇന്ദ്രന്റെയാ പ്രിയഗോക്കൾ കൊടുംവജ്രം
നിന്നയപ്പിയ്ക്കും, തൽക്ഷോയ്മ നോക്കി! (11)

കെല്പവിടെയ്ക്കു വളർത്തുന്നു, പാൽകൊണ്ടാ
നിർഭരജ്ഞാനകൾ, വാസദകൾ;
നേർക്കറിയുന്നു തൽഭൂരികർമ്മങ്ങളും,
താക്കീതുചെയ്‌വാൻ, തൽക്ഷോയ്മ നോക്കി! (12)

(കേക)

എണ്ണൂറുമൊരുപത്തും വൃത്രരെദ്ദധീചന്റെ–
യെല്ലിനാൽക്കൊന്നാനെ,തിർശബ്ദമൊന്നേശാതിന്ദ്രൻ: (13)

ഗിരിയിൽ നിപതിച്ച കുതിരത്തലയതു
തിരഞ്ഞു കണ്ടെത്തിനാൻ, ശര്യണസരസ്സിങ്കൽ. (14)

യാതൊന്നു ചലിയ്ക്കുന്ന ചന്ദ്രബിംബത്തിൽപ്പുക,-
മാദിത്യന്റെയായ് നണ്ണമത്തേജസ്സിവന്റെതാൻ! (15)

വാരൊളി, പരാക്രമം, തീവ്രമാം ക്രോധം, സുഖ–
കാരിത, വായിൽബ്ബാണം, നെഞ്ഞത്തു വീക്കും കാലും
ചേരുന്ന ഹയങ്ങളെത്തേർമുന്നിലിന്നാർ പൂട്ടും
നേരേ തദ്വഹനത്തെ സ്തുതിപ്പോനുയിർക്കൊൾവോൻ! (16)

ആർ പോകു,മാർ പേടിയ്ക്കു,മാർക്കുപദ്രവം പറ്റു,-
മാരറിഞ്ഞിട്ടു,മിന്ദ്രനരികത്തുണ്ടെന്നതും?
ആർ മകന്നായിക്കടന്നർത്ഥിയ്ക്കു,മാരാനയ്ക്കാ-
യാ,ർ ധനത്തിന്നായാ,ർ തന്നുടല്ക്കുമാൾക്കാർക്കുമായ്? (17)

അഗ്നിയെ സ്തുതിച്ചെവൻ യജിയ്ക്കും, നൈഹവ്യത്താൽ,
സ്രുക്കിനാൽ, ചെറ്റും നീക്കുപോക്കില്ലാത്തൃതുക്കളാൽ?
ഏവനു കൊണ്ടുവരും ദേവകൾ ധനം ചിക്കെ–
ന്നേ?–തൊരു സുദേവനാം യജ്ഞകൃത്തറിയുന്നു? (18)

മർത്ത്യനെ ശ്ലാഘിയ്ക്കിന്ദ്ര, മഘവൻ, മഹാബല:
മറ്റില്ല, സുഖപ്രദൻ; ദേവ, ഞാൻ സ്തുതിയ്ക്കുന്നേൻ! (19)

അംഗ, നിൻഭൃതങ്ങളും നിൻപ്രകമ്പനന്മാരു–
മെങ്ങളെയൊരിയ്ക്കലും തീണ്ടൊല്ലേ ശരണദ!

മർത്ത്യർക്കു ഹിതനാം നീയെത്തിയ്ക്ക സമ്പത്തെല്ലാം
മന്ത്രദർശികളായ ഞങ്ങൾതൻ സവിധത്തിൽ! (20)

## കുറിപ്പുകൾ: സൂക്തം 84.

1. മഹൌജസ്സ്=മഹാബലൻ. ധൃഷ്ണു=ശത്രുധർഷകൻ. അങ്ങു സാമർത്ഥ്യം (ത്രാണി) നിറഞ്ഞവനായിബ്ഭവിയ്ക്കട്ടെ.
2. ശ്രീമഖസ്തോത്രങ്ങൾ=ശ്രീമത്തായ മഖ(യാഗ)വും സ്തുതിയും.
3. ദാരിതവൃത്ര=വൃതനെ (അല്ലെങ്കിൽ ശത്രുകളെ) പിളർത്തവനേ. മനോജ്ഞനാദം–സോമം ചതയ്ക്കമ്പോഴത്തെ ഹൃദ്യശബ്ദം.
4. സോമപാനമദം മറ്റു മദംപോലെ മാരകമല്ല. വെൺനീർ–സ്വച്ഛമായ സോമരസം.
6. വൻതേരാളി=മഹാരഥൻ.
7. എതിർശബ്ദമേശാതേ–ആരും മറിച്ചുപറഞ്ഞില്ല.
8. ഹവിർദ്ധനഹീനൻ–ഹവിസ്സാകുന്ന ധനമില്ലാത്തവൻ യജ്ഞാനുഷ്ഠാനരഹിതൻ എന്നു താൽപര്യം.
9. പൂവാർദ്ധം പ്രത്യക്ഷവചനം.
10. വാസദകൾ=പാർപ്പിടത്തെ നല്കുന്നവ; പാൽകൊണ്ട് ആളുകൾക്കു പൊററതി കൊടുക്കുന്നവ. എങ്ങും–യജ്ഞഗൃഹങ്ങളിലെല്ലാം. നറുംമധു–തേൻപോലെ മധുരമായ സോമരസം. തൽക്കോയ്മ–ഇന്ദ്രന്റെ രാജത്വം.
11. ചിത്രപ്പൈക്കൾ=നാനാവർണ്ണകളായ പൈക്കൾ. അയപ്പിയ്ക്കും–ശത്രുക്കളുടെ നേരെ.
12. ആ നിർഭരജ്ഞാനകൾ–കനത്ത അറിവുള്ള പൈക്കൾ. താക്കീതുചെയ്വാൻ–വൃത്രാദികളെപ്പോലും ജയിച്ച ഇന്ദ്രനോടു യുദ്ധത്തിനു പുറപ്പെട്ടാൽ മരണം ഫലം എന്നു, യുദ്ധേച്ഛുക്കൾക്കു മുന്നറിയിപ്പു കൊടുക്കാൻ.
13. വെറും നോട്ടംകൊണ്ട് അസുരന്മാരെ പിന്തിരിപ്പിച്ചിരുന്ന അഥർവപുത്രൻ ദധീചൻ (ദധീചി എന്നും കാണുന്നു). സ്വർഗ്ഗം പുക്കപ്പോൾ, ഭൂമി അസുരന്മാരെക്കൊണ്ടു നിറഞ്ഞു. അവരോടു പൊരുതാൻ പുറപ്പെട്ട ഇന്ദ്രൻ അതിന്നാളായില്ല. അതിനാൽ അദ്ദേഹം, ദധീചന്റെ അവശിഷ്ടം വല്ലതും കിടപ്പുണ്ടോ എന്നന്വേഷിച്ചു. അപ്പോൾ ആളുകളിൽനിന്നു മനസ്സിലായി, ഋഷിയുടെ പക്കൽ ഒരു കുതിരത്തലയുണ്ടായിരുന്നു എന്ന്. ഇന്ദ്രൻ അന്വേഷണം തുടർന്ന്, ആ കുതിര ത്തല ശര്യണമെന്ന ദേശത്ത് ഒരു സരസ്സിൽ കണ്ടെത്തി. അതിന്റെ അസ്ഥികൊണ്ടത്രേ, അദ്ദേഹം അസുരവധം സാധിച്ചത്. ഈ ഉപാഖ്യാനമാണ്, ഈ ഋക്കിലും, അടുത്തതിലും. എണ്ണൂറുമൊരുപത്തും വൃത്രരെ–മായകൊണ്ട് എണ്ണൂറ്റിപ്പത്തു രൂപങ്ങൾ ധരിച്ചു, പത്തുദിക്കിലും വ്യാപിച്ചുനിന്ന വൃത്രനെ. ദധീചന്റെയെല്ലിനാൽ–ദധീചൻ എന്ന ഋഷിയുടെ പക്കലുണ്ടായിരുന്ന അശ്വശിരസ്സിന്റെ അസ്ഥികൊണ്ട്.
15. ചന്ദ്രബിംബത്തിൽ പ്രവേശിയ്ക്കുന്ന തേജസ്സു സൂര്യന്റേതാണെന്നു കരുതപ്പെടുന്നു; എന്നാൽ, അത് ഇവന്റെ(ഇന്ദ്രന്റെ)തന്നെയാണ്.
16. വായിൽ ശത്രുക്കളാൽ എയ്യപ്പെട്ട ബാണം. നെഞ്ഞത്തു വീക്കും കാലും–ശത്രുക്കളുടെ മാറത്തു ചവുട്ടുന്ന കാലുകളും. ആർ പൂട്ടും?–ഇന്ദ്രനല്ലാതെ ആരും ആളാകില്ല. തദ്വഹനത്തെ (അവ തേർ വലിയ്ക്കുന്നതിനെ) സ്തുതിപ്പോനാണ് ഉയിർക്കൊള്ളുന്നവൻ; ജീവിതം സഫലമാകണമെങ്കിൽ, അതിനെ സ്തുതിയ്ക്കണം!

17. ആർ പോകം?–ഇന്ദ്രൻ വന്നുചേർന്നാൽ, ആരും വൈരിയെ പേടിച്ച പിന്മാറില്ല. ഉപദ്രവം–ശത്രുപീഡ. ആരറിഞ്ഞിട്ടം?–നാമല്ലാതെ ആരും അറിയില്ല. മകന്നായി–പുത്രലബ്ധിയ്ക്കുവേണ്ടി. പുത്രനെത്തരണം, ആനയെത്തരണം എന്നും മറ്റും ആരും ഇന്ദ്രനോടപേക്ഷിയ്ക്കേണ്ടതില്ല; അദ്ദേഹം എല്ലാം സ്വയം തന്ന രക്ഷിച്ചരുളും.

18. ചെറ്റും നീക്കപോക്കില്ലാത്ത–യഥാകാലം ശരിയ്ക്ക വന്നുചേരുന്ന. എവൻ യജിയ്ക്കും?–ദുർജ്ഞേയനായ ഇന്ദ്രനെ യജിപ്പാൻ ആരും ആളാവില്ല. ദേവകൾ ഏവന്ന ധനം കൊണ്ടുവരും? യജമാനന്ന കൊടുക്കാൻ ധനം ഇന്ദ്രൻതന്നെയേ കൊണ്ടുവരൂ. സുദേവനായ (നല്ല ദേവതകളോടു കൂടിയ) ഏതൊരു യജ്ഞകൃത്ത് (യജമാനൻ) ഇന്ദ്രനെ അറിയുന്നു?–ആരും അറിയില്ല: അജ്ഞേയനാകുന്നു, ഇന്ദ്രൻ.

19. മർത്ത്യനെ ശ്ലാഘിയ്ക്ക–അങ്ങയെ സ്തുതിച്ച മനുഷ്യനെ, സ്തുതി നന്നായി എന്ന പ്രശംസിച്ചാലും. മററില്ല, സുഖപ്രദൻ–അങ്ങുമാത്രമേ ഉള്ളു, സുഖം തരാൻ.

20. അംഗ-ഹേ ഇന്ദ്ര. ഭൂതങ്ങൾ–പരിവാരങ്ങളായ ഗണങ്ങൾ. പ്രകമ്പനന്മാർ–മരുത്തുക്കൾ. തീണ്ടൊല്ലേ–ഉപദ്രവിയ്ക്കരുതേ! ഹിതൻ–അനുകൂലൻ.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## ആറാം അദ്ധ്യായം

മണ്ഡലം 1    അനുവാകം 14

## സൂക്തം 85.

ഗോതമൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; മരുത്തുകൾ ദേവത.

സഞ്ചാരികളായ മരുത്തുക്കൾ യാത്രയ്ക്കു, പത്നിമാർപോലെ പണ്ടമണിയുന്നു. ആ രുദ്രപുത്രർ സൽക്കർമ്മികളാണ്: വാന്നൂഴികളെ അഭിവൃദ്ധിയ്ക്കാക്കിയല്ലോ. ആ വീരന്മാർ യജ്ഞങ്ങളിൽ മത്തടിയ്ക്കും, ഉടയ്ക്കും, ഒടിയ്ക്കും! (1)

ആ ഭൂമിപുത്രരായ രുദ്രപുത്രന്മാർ അഭിഷിക്തരായി മഹത്ത്വം നേടി; ആകാശത്ത് ഇരിപ്പിടം നിർമ്മിച്ചു. ഇന്ദ്രനെ പൂജിച്ചു, പ്രവൃദ്ധവീര്യനാക്കി. തുലോം ഐശ്വര്യവാന്മാരുമായി. (2)

ആ ഗോപുത്രന്മാർ ശരീരത്തിന്നു മോടി കൂട്ടുമ്പോൾ, ശോഭ പൂണ്ടു മിന്നിത്തിളങ്ങുന്ന ആഭരണങ്ങൾ ധരിയ്ക്കുന്നു. മാററലരെ മുച്ചൂടും മുടിയ്ക്കുന്നു. അവർ സഞ്ചരിയ്ക്കുമ്പോൾ കൂടെയുണ്ടാവും, വെള്ളം! (3)

ആ സുയജനന്മാർ ചുരികകൾകൊണ്ട് ഒളിവീശുന്നു. മഴ പെയ്യിയ്ക്കുന്ന മനോവേഗികളായ മരുത്തുക്കളേ, തേരുകളിൽ പുള്ളിമാൻപേടകളെ പൂട്ടിയ നിങ്ങൾ ഉറപ്പേറിയവയെപ്പോലും ബലത്താൽ വീഴ്ത്തുന്നു! (4)

മരുത്തുക്കളേ, അന്നത്തിന്നു മേഘത്തെ പ്രേരിപ്പിച്ചുകൊണ്ടു നിങ്ങൾ തേരുകളിൽ പുള്ളിമാൻപേടകളെ പൂട്ടിയാൽ, ഇടിത്തിയ്യിൽ നിന്നു മഴ പെയ്തുതുടങ്ങും; വെള്ളംകൊണ്ടു ഭൂമി, ഒരു തോലുപോലെ കുതിരുകയും ചെയ്യും! (5)

മരുത്തുക്കളേ, നിങ്ങളെ കുതിച്ചോട്ടുന്ന കുതിരകൾ ഇവിടെ കൊണ്ടുവരട്ടെ: ഊക്കിൽ വീശുന്ന നിങ്ങൾ കൈകളിൽ ധനവുമായി വന്നെത്തുവിൻ; നിങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള വിശാലസ്ഥാനത്തു ദർഭയിലിരിയ്ക്കുവിൻ; തേൻപോലുള്ള സോമനീർകൊണ്ടു മദംകൊള്ളുവിൻ! (6)

അവർ സ്വന്തം ബലത്താൽ വളർന്നു: മഹത്ത്വംകൊണ്ടു വിണ്ണിൽ പാർക്കുകയായി; വിശാലമായ ഭവനം നിർമ്മിച്ചു. എവർക്കുവേണ്ടി, കാമവർഷിയും ആഹ്ലാദത്തെ പൊഴിയ്ക്കുന്നതുമായ യാഗം വിഷ്ണുതന്നെ രക്ഷിച്ചുവോ; അവർ പക്ഷികൾപോലെ പറന്നെത്തി, നമ്മുടെ പ്രിയ യജ്ഞത്തിൽ ഉപവേശിയ്ക്കട്ടെ! (7)

ശൂരർപോലെയും പൊരുതുന്നവർപോലെയും ശീഘ്രഗാമികളായ മരുത്തുക്കൾ അന്നകാമർപോലെ യുദ്ധത്തിൽ പ്രവർത്തിയ്ക്കുന്നു. രാജാക്കന്മാർപോലെ മിന്നിത്തിളങ്ങുന്ന ഈ നേതാക്കളെ സർവലോകങ്ങളും പേടിയ്ക്കുന്നു! (8)

നല്ലതു ചെയ്യുന്ന ത്വഷ്ടാവ് ആയിരം മുനകളുള്ള ഒരു പൊൻവജ്രം വെട്ടുപ്പിൽ ഉണ്ടാക്കിക്കൊടുത്തു; അതു യുദ്ധത്തിലുപയോഗിപ്പാനെടുത്ത്, ഇന്ദ്രൻ ജലരോധിയായ മേഘത്തെ പിളർത്തി, മഴ പെയ്യിച്ചു. (9)

യാവചിലർ ഒരു കിണർ ബലത്താൽ പൊക്കിയെടുത്തു, മാർഗ്ഗം തടഞ്ഞ മാമലയെപ്പോലും ഉടച്ചുകളഞ്ഞുവോ; ആ ശോഭനദാനരായ മരുത്തുകൾ സോമത്തിന്റെ മത്തിൽ 'വാണം' മീട്ടിക്കൊണ്ടു, ധനങ്ങൾ നല്കുന്നു! (10)

ആ വിചിത്രശോഭന്മാർ കിണർ വിലങ്ങനെ ആ സ്ഥലത്തെയ്ക്കു കൊണ്ടുപോന്നു, ദാഹം മൂത്ത ഗോതമന്നായി വെള്ളം കോരിവെച്ചു; അങ്ങനെ, രക്ഷയുമായി സമീപിച്ച അവർ ഈ മേധാവിയ്ക്കു വെള്ളം വേണ്ടുവോളം കൊടുത്തു! (11)

മരുത്തുക്കളേ, നിങ്ങളുടെ ത്രിസ്ഥാനസ്ഥിതങ്ങളായ സുഖങ്ങൾ—സേവകന്നായി വെയ്ക്കപ്പെട്ടവ—നിങ്ങൾ ഹവിർദ്ദാതാവിന്നു നല്കാറുണ്ടല്ലോ; അവ ഞങ്ങൾക്കു കിട്ടി-

യ്ക്കുവിൻ! വർഷകരേ, ഞങ്ങൾക്കു ധനത്തെയും നല്ല വീരന്മാരെയും തന്നരുളുവിൻ! (12)

## കുറിപ്പുകൾ: സൂക്തം 85.

1. അഭിവൃദ്ധിയ്ക്ക്–മഴ പെയ്തും മറ്റും പ്രാണികൾക്ക് അഭ്യുദയം വരുത്താൻ. മത്തടിയ്ക്കും–സോമം കുടിച്ച്. ഉടയ്ക്കും–പാറകളെയും മറ്റും. ഒടിയ്ക്കും–വൃക്ഷാദികളെ.
2. അഭിഷിക്തരായി–ദേവന്മാരാൽ അഭിഷേചിയ്ക്കപ്പെട്ട്. പൂജിച്ച്-സ്തുതിച്ച്.
3. ഗോപുത്രന്മാർ–പയ്യിന്റെ രൂപം ധരിച്ച ഭൂമിയുടെ പുത്രന്മാർ.
5. അന്നത്തിന്ന്–ഭൂമിയിൽ സസ്യങ്ങളുണ്ടാകാൻ. പ്രേരിപ്പിച്ചുകൊണ്ട്–മഴ പെയ്യാൻ.
6. ധനവുമായി–ഞങ്ങൾക്കു തരാൻ.
7. അവർ–മരുത്തുക്കൾ. ഉപവേശിയ്ക്ക–ഇരിയ്ക്കുക.
10. ഗോതമർഷി ദാഹിച്ചുവലഞ്ഞു മരുത്തുക്കളോടു വെള്ളം യാചിച്ചു. അവർ അടുത്തുള്ള ഒരു കിണർ അടിയോടേ എടുത്ത്, ഋഷിയുടെ അടുക്കൽ കൊണ്ടുവെച്ചു; കിണററിലെ വെള്ളം ഒരു വലിയ പാത്രത്തിൽ ഒഴിച്ചുകൊടുക്കുകയും ചെയ്തു. ഈ കഥയത്രേ, ഈ ഋക്കിലും അടുത്തതിലും: വാണം–നൂറു കമ്പിയുള്ള ഒരുതരം വീണ. നൽകുന്നു–സ്തോതാക്കൾക്ക്.
11. ഈ മേധാവി–ഗോതമൻ.
12. ത്രിസ്ഥാനങ്ങൾ–പൃഥിവി, അന്തരിക്ഷം, ആകാശം. സേവകന്നായി–സേവകുന്നു കൊടുപ്പാൻ. വീരന്മാർ–പുത്രാദികൾ.

## സൂക്തം 86.

ഗോതമൻ ഋഷി; ഗായത്രി ഛന്ദസ്സ്; മരുത്തുകൾ ദേവത.

ഹേ മരുത്തുക്കളേ, വാനിൽനിന്നു വന്നെവർതൻ ഗൃഹേ
നീർ മോന്തും നിങ്ങള;–വർതാൻ, സുരക്ഷിതർ സുശോഭരേ! (1)

യജ്ഞം വഹിയ്ക്കുന്ന മരുത്തുക്കളേ, നിങ്ങൾ കേൾക്കണം,
യജ്ഞകൃത്തിന്റെയും, വാഴ്ത്തും മേധാവിയുടെയും വിളി! (2)

എവന്റെയൃത്വിക്കുകളാ മേധാഢ്യർക്കുണർവേകുമോ;
അവന്നു കൈവശത്താമേ, ഗോക്കളേറിയൊരാലയും! (3)

യാഗാഹങ്ങളിലാ വീരർക്കായി വെയ്ക്കുന്നു സോമനീർ;
ഉക്ഥം, നിവിത്തിവയെയും ചൊല്ലുന്നു യജനാന്തരേ. (4)

ഇതു കേൾക്കട്ടെ, നിശ്ശേഷശത്രുമർദ്ദകരാമവർ;
സ്തുതിപ്രേരകനെ പ്രാപിയ്ക്കട്ടെ,യന്നസമൃദ്ധിയും! (5)

തന്നുപോരുന്നതുണ്ടല്ലോ ഞങ്ങളൊട്ടേറെ വർഷമായ്,
ഹേ മരുത്തുക്കളേ, വിശ്വം കണ്ട നിങ്ങൾക്കു രക്ഷയാൽ! (6)

ഹേ മരുത്തുക്കളേ, പാരം യജിയ്ക്കേണ്ടുന്ന നിങ്ങളെ
ഹവ്യങ്ങളാൽക്കുളിർപ്പിയ്ക്കും നരൻ നേടട്ടെ, നൽദ്ധനം! (7)

അമോഘബലരാം നേതാക്കളേ, നിങ്ങളെയിച്ഛയാ
വിയർപ്പോടേ ഭജിപ്പോന്നും വിളയിപ്പിനഭീപ്സിതം! (8)

വെളിപ്പെടുത്തുവിൻ, വിദ്യോതിയ്ക്കുമാ മഹിമാവിനെ:
നിങ്ങൾ നിർവ്യാജബലരേ, നിഹനിപ്പിനരക്കരെ! (9)

അടയ്ക്കുവിൻ ഗുഹയിലുള്ളിരുൾ; വിശ്വംവിഴുങ്ങിയെ
പോക്കുവിൻ; ഞങ്ങൾ തേടുന്ന ജ്യോതിസ്സിനെയും! (10)

### കുറിപ്പുകൾ: സൂക്തം 86.

1. നീർ മോന്തും–സോമരസം കുടിയ്ക്കും.
2. യജമാനന്റെയും സ്തോതാവിന്റെയും–രണ്ടുപേരുടെയും–വിളി നിങ്ങൾ കേൾക്കുമാറാകണം.
3. ആ മേധാഢ്യർ–മേധയേറിയ മരുത്തുക്കൾ. ഉണർവ്–ഹവിർഭുക്തിജന്യമായ ഉന്മേഷം. ആലയും–മറ്റു വിഭൂതികൾക്കു പുറമേ, വളരെ ഗോക്കളുള്ള ഒരു തൊഴുത്തും.
4. യാഗാഹങ്ങൾ–യാഗോചിതങ്ങളായ ദിവസങ്ങൾ. ഉക്ഥംപോലെ, മരുദ്ദേവതാകമായ ഒരു മന്ത്രസ്തോത്രമത്രേ, നിവിത്ത്.
5. ഇതു–സ്തുതി. സ്തുതിപ്രേരകൻ–സ്തുതി ചൊല്ലിച്ചവൻ, യജമാനൻ.
6. നിങ്ങൾക്കു തന്നുപോരുന്നതുണ്ടല്ലോ–ഹവിസ്സുകൾ. രക്ഷയാൽ–നിങ്ങളാൽ രക്ഷിതരാകകൊണ്ട്.
8. വിയർപ്പോടേ–സ്തോത്രപഠനശ്രമത്താൽ വിയർത്തുംകൊണ്ട്. യജമാനന്നെന്നപോലെ, ഇച്ഛയാ സ്തുതിയ്ക്കുന്നവന്നും നിങ്ങൾ അഭീഷ്ടം നല്കണം.

9. വിദ്യോതിയ്ക്കും = വിളങ്ങുന്ന. ആ മഹിമാവ്–വൃത്രവധത്തിലും മറ്റും കാണിച്ച സ്വമാഹാത്മ്യം. അരക്കരെ–ഞങ്ങളെ ഉപദ്രവിയ്ക്കുന്ന രാക്ഷസാദികളെ.

10. ഗുഹയിലുള്ള ഇരുൾ (തമസ്സ്) അടയ്ക്കുവിൻ–അതു പുറത്തെയ്ക്കു വരാതെ ഗുഹയിൽത്തന്നെ കിടക്കട്ടെ! വിശ്വംവിഴുങ്ങി–രാക്ഷസാദികൾ. തേടുന്ന–ഇച്ഛിക്കുന്ന

## സൂക്തം 87.

ഗോതമൻ ഋഷി; ജഗതി ഛന്ദസ്സ്; മരുത്തുക്കൾ ദേവത.

മഹത്തായ ബലത്താൽ മാററലരെ മെലിയിയ്ക്കും; വിജയഘോഷങ്ങൾ മുഴക്കും; തല കുനിയ്ക്കില്ല; വേർപെടില്ല; അത്യന്തം സേവിയ്ക്കപ്പെടും—ഇങ്ങനെയുള്ള ആ ഋജീഷികളായ മഹാനേതാക്കന്മാർ ആഭരണങ്ങളണിഞ്ഞു, ചില സൂര്യരശ്മികൾപോലെ കാണപ്പെടും. (1)

മരുത്തുക്കളേ, നിങ്ങൾ പക്ഷികൾപോലെ ഒരു വഴിയിലൂടേ പറന്നു, സമീപസ്ഥലങ്ങളിൽ മേഘങ്ങളെ ഒന്നിച്ചുകൂട്ടുന്നു; ഉടനേ, നിങ്ങളുടെ തേരുകളിൽ പറ്റിപ്പിടിച്ച മഴക്കാറുകൾ ജലം പൊഴിച്ചുതുടങ്ങും. ആ നിങ്ങൾ തേനിൻനിറമുള്ള വെള്ളംകൊണ്ടു സ്വപൂജകനെ കുളിർപ്പിച്ചാലും! (2)

നന്മയ്ക്കായി തേർപൂട്ടിയ അവരുടെ പൊക്കിയെറിയുന്ന പോക്കിൽ ഭൂമി, ഒരു വിരഹിണിയെപ്പോലെ വിറക്കൊള്ളും! ആ കളിമ്പക്കാർ, വീശുന്നവർ, ചുരികകൊണ്ടു വിളങ്ങുന്നവർ, കുലുക്കുന്നവർ മഹത്ത്വത്തെ സ്വയം പ്രഖ്യാപിയ്ക്കുന്നു. (3)

സ്വയം ചരിയ്ക്കുന്ന, പുള്ളിമാനശ്വങ്ങളോടുകൂടിയ, നിത്യയൌവനമായ, ബലങ്ങളാൽ ചുററപ്പെട്ട, ആ മരുദ്ഗണമാണല്ലോ, ഇക്കണ്ടതിന്നെല്ലാം ഉടമ; സൽക്കർമ്മാർഹവും, കടം വീട്ടുന്നതും അനവദ്യവും മഴ പെയ്യിയ്ക്കുന്നതുമായ ആ ഗണംതന്നെ, ഈ കർമ്മത്തിന്നു മികച്ച രക്ഷിതാവ്! (4)

ഞാൻ പഴമക്കാരനായ അച്ഛന്റെ മകനാകകൊണ്ടു പറകയാണ്: സോമാഹുതിയും സ്തുതിയും മരുത്തുക്കളിൽ ചെന്നെത്തും. അവർ ഈ ഇന്ദ്രനെ കർമ്മത്തിൽ വാഴ്ത്തിക്കൊണ്ടു സമീപിയ്ക്കുകയും, ഉടൻതന്നെ യജ്ഞാർഹങ്ങളായ പേരുകൾ വഹിയ്ക്കുകയും ചെയ്തുവല്ലോ! (5)

അവർ തിളങ്ങുന്ന സൂര്യരശ്മികളോടുകൂടി ജലത്തെ പ്രാണിസേവനത്തിന്നയപ്പാൻ നോക്കുന്നു; അവർ ഋത്വിക്കുകളോടുകൂടി നല്ല ഭക്ഷണം കഴിയ്ക്കുന്നു; അവർ സ്തുതിയ്ക്കുന്നു, നിർഭയം സഞ്ചരിയ്ക്കുന്നു; പ്രിയപ്പെട്ട മാരുതസ്ഥാനവും നേടിയിരിയ്ക്കുന്നു. (6)

### കുറിപ്പുകൾ: സൂക്തം 87.

1. മെലിയിയ്ക്കും—നശിപ്പിയ്ക്കുമെന്നു താൽപര്യം. തല കുനിയ്ക്കില്ല—എവിടെയും നിവർന്നുതന്നെ നില്ക്കും. വേർപെടില്ല—ഏഴു ഗണങ്ങളും ഒന്നിച്ചു വസിയ്ക്കുന്നു. ഋജീഷികൾ = ഋജീഷത്തോടുകൂടിയവർ; 64-ാം സൂക്തത്തിലെ 12-ാം ഋക്കിന്റെ ടിപ്പണി നോക്കുക.

3. പൊക്കിയെറിയുന്ന—മേഘങ്ങളെ.

4. കടം വീട്ടുന്നതും—സ്തോതാക്കൾക്കു തക്ക പ്രതിഫലം കൊടുക്കുന്നതെന്നർത്ഥം.

5. കർമ്മത്തിൽ—വൃത്രവധത്തിലും മറ്റും. പേരുകൾ—ഇന്ദ്രൻ കൊടുത്തവ ഇതൊക്കെ എനിയ്ക്ക്, അച്ഛൻ രഹൂഗണൻ പറഞ്ഞുതന്നതാണ്.

6. ജലത്തെ പ്രാണിസേവനത്തിന്നയപ്പാൻ—മഴ പെയ്യിയ്ക്കാൻ. ഭക്ഷണം—ഹവിസ്സ്. സ്തുതിയ്ക്കുന്നു—യജമാനനെ വാഴ്ത്തുന്നു.

## സൂക്തം 88.

ഗോതമൻ ഋഷി; പ്രസ്താരപങ്ക്തിയും വിരാഡ്രൂപയും ഛന്ദസ്സ്. മരുത്തുക്കൾ ദേവത. (കേക)

വരുവിന,ശ്വങ്ങൾപോലഴകിൽ നടക്കുന്ന,
ച്ചുരിക വെയ്ക്കപ്പെട്ട, മിന്നുന്ന രഥങ്ങളിൽ;
പറന്നെത്തുവിനെ, ങ്ങൾക്കുരുഭക്ഷ്യവുമേന്തി,–
പ്പറവയ്ക്കൊപ്പം മരുത്തുക്കളേ, സുജ്ഞാനരേ! (1)

നല്ലതേകാനായ്,ദ്ദേവകാമനാം സ്തോതാവിങ്കൽ–
ച്ചെല്ലുന്നു, തുടു–മഞ്ഞത്തേരശ്വങ്ങളാലവർ:
കൊല്ലുമായുധമുള്ളക്കാഞ്ചനസുഭഗർതൻ
പള്ളിത്തേരുരുൾ തട്ടിപ്പാരിടമുടയുന്നു! (2)

ശ്രീകരമേർക്കാലൊന്നു തോളിലേന്തിയ നിങ്ങൾ
യാഗത്തെത്തരുവിനെയെന്നപോലുയർത്തിപ്പൂ;
നിങ്ങൾക്കായ്,സ്സുഖദമാമമ്മിയെ സ്വത്താക്കുന്നു,
തുംഗസമ്പന്നർ മരുത്തുക്കളേ, സുജാതരേ! (3)

വന്നെത്തീ, തൃഷിതരാം നിങ്ങൾക്കു ദിവസങ്ങൾ;
നന്നാക്കിതാനും, വെള്ളം വേണ്ടതാമിക്കർമ്മത്തെ;
ഗോതമർ ദാഹം മാററാൻ, ചോറൊരുക്കിയും മന്ത്ര–
മോതിയും പറിച്ചെടുത്താരല്ലോ, കിണറേവം! (4)

പൊൽത്തേർവട്ടിരിമ്പുരുൾച്ചുറ്റുമൊത്തങ്ങിങ്ങോട്ടു–
മുത്തമാഹ്വാതാക്കളാം നിങ്ങളെക്കണ്ടുംകൊണ്ടേ
ഗോതമനയി മരുത്തുക്കളേ, നന്നായ്ച്ചൊന്ന
ഗാഥയിതെണ്ണപ്പെട്ടു, ഖ്യാതമാമൊന്നിന്നൊപ്പം! (5)

ചേരു,മിസ്തുതി നിങ്ങൾക്കു;–ത്വിക്കുമെളുപ്പത്തിൽ–
ഗ്ഗീരിതേ ചൊൽവൂ മരുത്തുക്കളേ, ഭോജ്യാപ്തിയ്ക്കായ്! (6)

### കുറിപ്പുകൾ: സൂക്തം 88.

1. പറവയ്ക്കൊപ്പം–പക്ഷികൾക്കൊത്ത വേഗത്തിൽ. സുജ്ഞാനരേ = ശോഭനമായ ജ്ഞാനമുള്ളവരേ.
2. തുടുമഞ്ഞത്തേരശ്വങ്ങൾ–തുടുപ്പും മഞ്ഞയുമാകുന്ന രണ്ടു നിറം ചേർന്ന തേർക്കുതിരകൾ. കാഞ്ചനസുഭഗർ = സ്വർണ്ണത്തിനൊത്ത അഴകുള്ളവർ. ഉരുൾ = ചക്രം.
3. ഏർക്കാൽ–വണ്ടിച്ചക്രത്തിന്റെ അഴി; മരുത്തുക്കളുടെ ഒരായുധം. തരു = വൃക്ഷം. ഉയർത്തിപ്പൂ–യജമാനന്മാരെക്കൊണ്ട് ഉന്നതമാക്കിയ്ക്കുന്നു. തുംഗസമ്പന്നർ = ഉയർന്ന പണക്കാർ: അവർ, നിങ്ങൾക്കുവേണ്ടി സോമലത ചതയ്ക്കുന്ന കല്ലിനെ ഒരു ധനമായി കരുതുന്നു! സുജാതർ = ശോഭനജന്മാക്കൾ.
4. മരുത്തുക്കൾ ഗോതമന്നു കിണർ കൊണ്ടുവന്നതു കണ്ടിട്ട് ഒരു ഋഷി പറയുന്നു: തൃഷിതർ = ദാഹമുള്ളവർ. നിങ്ങൾക്കു–ഗോതമർക്ക്. ദിവസങ്ങൾ–സുദിനങ്ങൾ. കർമ്മം–ജ്യോതിഷ്ടോമവും മറ്റും. ചോറ്–ഹവിസ്സ്. ഏവം = ഇങ്ങനെ.

5. പൊൽത്തേർവട്ടിരിമ്പുരുൾച്ചുറ്റമൊത്ത്–സ്വർണ്ണമയങ്ങളായ രഥചക്രങ്ങളോടും, ഇരി-മ്പുകൊണ്ടുള്ള ഉരുൾച്ചുറ്റുകളോടും (നേമി) കൂടി. ഉത്തമാഹ്വാതാക്കൾ–ശ്രേഷ്ഠരെ (ദേവ-കളെ) വിളിയ്ക്കുന്നവർ. കണ്ടുംകൊണ്ടേ–മനസാ. ഗാഥ-സ്തോത്രം. ഖ്യാതമാമൊന്നിന്നൊപ്പം–പണ്ടേ പ്രസിദ്ധമായ ഒരു സ്തോത്രംപോലെ.

6. ചേരും–അനുരൂപമാണ്. ഗീരിതേ–ഈ സ്തുതിതന്നെ. ഭോജ്യാപ്തിയ്ക്കായ്–നിങ്ങളിൽനിന്ന് ആഹാരം ലഭിപ്പാൻ.

## സൂക്തം 89.

ഗോതമൻ ഋഷി; ജഗതിയും വിരാട്സ്ഥാനയും ത്രിഷ്ടുപ്പും ഛന്ദസ്സ്; അനേകദേവകൾ ദേവത.

ഉപദ്രവിയ്ക്കപ്പെടാത്ത, തടയപ്പെടാത്ത, (ശത്രുക്കളെ) പിളർത്തുന്ന ശുഭയജ്ഞങ്ങൾ എല്ലാടത്തുനിന്നും നമ്മളിൽ വന്നണയട്ടെ; വിട്ടൊഴിയാതെ നാളിൽ നാളിൽ രക്ഷിയ്ക്കുന്ന ദേവന്മാർ നമ്മെ സദാ അഭിവൃദ്ധിപ്പെടുത്തട്ടെ! (1)

ആർജ്ജവമിച്ഛിയ്ക്കുന്ന ദേവന്മാർക്കു നമ്മളിൽ സുഖകരമായ സന്മനസ്സുണ്ടാകട്ടെ; ദേവന്മാരുടെ ദാനം നമ്മുടെ നേർക്കു തിരിയട്ടെ! നാം ദേവന്മാരുടെ സഖ്യം സമ്പാദിയ്ക്കുക: ദേവന്മാർ നമുക്കു ജീവിച്ചിരിയ്ക്കാൻ ആയുസ്സു വർദ്ധിപ്പിയ്ക്കട്ടെ! (2)

ഭഗൻ, മിത്രൻ, അദിതി, ദക്ഷൻ, മരുദ്ഗണം, സൂര്യൻ, വരുണൻ, സോമൻ, അശ്വികൾ എന്നിവരെ നാം പണ്ടേത്തെ നിവിത്തുകൊണ്ട് ആവാഹിയ്ക്കുക; സുഭഗയായ സരസ്വതി നമുക്കു സുഖം തരട്ടെ! (3)

ആ സുഖപ്രദമായ മരുന്നിനെ വായുവും അതിനെ അമ്മ ഭൂമിയും അതിനെ അച്ഛൻ വാനുലകം, അതിനെ സോമം ചതയ്ക്കുന്ന സുഖപ്രദങ്ങളായ അമ്മികളും നമ്മളിൽ എത്തിയ്ക്കുമാറാകട്ടെ; അതിനെ ബുദ്ധിമാന്മാരായ അശ്വികളേ, നിങ്ങൾ കേട്ടറിയണം! (4)

ആ ചരാചരപതിയും, കർമ്മങ്ങൾകൊണ്ടു പ്രീതിപ്പെടുത്തേണ്ടുന്നവനുമായ പെരുമാളെ നാം രക്ഷയ്ക്കായി വിളിയ്ക്കുക! ഉപദ്രവിയ്ക്കപ്പെടാത്ത പൂഷാവു നമ്മുടെ ധനം വർദ്ധിപ്പാൻ രക്ഷിച്ചുപോരുന്നുണ്ടല്ലോ; അതുപോലെ അനശ്വരതയ്ക്കും പാലകനായിബ്ഭവിയ്ക്കട്ടെ! (5)

വൃദ്ധശ്രവസ്സായ ഇന്ദ്രൻ നമുക്കു സ്വസ്തി നല്കട്ടെ; വിശ്വവേദസായ പൂഷാവു നമുക്കു സ്വസ്തി നല്കട്ടെ; അരിഷ്ടനേമിയായ താർക്ഷ്യൻ നമുക്കു സ്വസ്തി നല്കട്ടെ; ബൃഹസ്പതി നമുക്കു സ്വസ്തി നല്കട്ടെ! (6)

ഗോപുത്രരും പൃഷദശ്വരും ശോഭനഗതികളും യജ്ഞങ്ങളിൽ ചെല്ലുന്നവരും അഗ്നിജിഹ്വകളിൽ വർത്തിയ്ക്കുന്നവരും മനനശീലരും സൂര്യതേജസ്വികളുമായ മരുദ്ദേവകളെല്ലാവരും നമ്മെ രക്ഷിപ്പാൻ ഇപ്പോൾ വന്നെത്തട്ടെ! (7)

ദേവന്മാരേ, ഞങ്ങൾ ചെവികൊണ്ടു നല്ലതു കേൾക്കുമാറാകണം; യജനീയരേ, ഞങ്ങൾ കണ്ണുകൊണ്ടു നല്ലതു കാണുമാറാകണം; ഞങ്ങൾ ദൃഢാംഗശരീരരായി (നിങ്ങളെ) സ്തുതിച്ചും കൊണ്ട്, ഈശ്വരനിശ്ചിതമായ ആയുസ്സു മുഴുവൻ നേടുമാറാകണം! (8)

ദേവകളേ, നൂറുവയസ്സാണല്ലോ, മനുഷ്യർക്കു വെച്ചിരിയ്ക്കുന്നത്; ആ ആയുസ്സു കഴിയുന്നതിന്നുമുമ്പ്, ഇടയ്ക്കുവെച്ച്, ഞങ്ങളെ നിങ്ങൾ മരിപ്പിയ്ക്കരുത്: ഞങ്ങളുടെ ദേഹത്തിൽ ജര കേറണം; മക്കൾ അച്ഛന്മാരുമാകണം! (9)

സ്വർഗ്ഗം, അദിതി; അന്തരിക്ഷം, അദിതി. അമ്മ, അദിതി; അച്ഛൻ, അദിതി; മകൻ, അദിതി; എല്ലാദ്ദേവകളും, അദിതി; പഞ്ചജനങ്ങൾ, അദിതി; ജനിച്ചതെല്ലാം അദിതി; ജനിയ്ക്കാൻപോകുന്നതും അദിതി! (10)

## കുറിപ്പുകൾ: സൂക്തം 89.

2. ആർജ്ജവമിച്ഛിയ്ക്കുന്ന–തങ്ങളുടെ യജമാനൻ നിഷ്കപടനായിരിയ്ക്കേണമെന്നഭിലഷിയ്ക്കുന്ന.
3. സുഭഗ = നല്ല ധനത്തോടുകൂടിയവൾ.
4. അച്ഛൻ–മഴകൊണ്ട് എല്ലാവരെയും രക്ഷിയ്ക്കുന്ന.
5. പെരുമാൾ–ഇന്ദ്രൻ. ഉപദ്രവിയ്ക്കപ്പെടാത്ത–ഇന്ദ്രനെ ഉപദ്രവിപ്പാൻ ആരും ആളാവില്ല. അനശ്വരതയ്ക്കും–നമുക്ക് അനശ്വരതയും നിലനിർത്തട്ടെ.
6. വൃദ്ധശ്രവസ്സ് = സ്തുതിയേറിയവൻ; പരക്കെ സ്തുതിയ്ക്കപ്പെടുന്നവൻ. ഇന്ദ്രപര്യായമാണ്, ഈ പദം. സ്വസ്തി–നാശമില്ലായ്മ. വിശ്വവേദസ്സ് = സർവജ്ഞൻ. അരിഷ്ടനേമി–തന്റെ തേരുരുൾച്ചുററിന്നു കേടുപററാത്തവൻ, അപ്രതിഹതപ്രയാണൻ. ഗരുഡപര്യായമാണ്, അരിഷ്ടനേമി. താർക്ഷ്യൻ = തൃക്ഷപുത്രൻ, ഗരുഡൻ.
7. പൃഷദശ്വർ = പുള്ളിമാനുകളാകുന്ന അശ്വ(വാഹന)ങ്ങളോടുകൂടിയവർ. അഗ്നിജിഹ്വ(ജ്വാല)കളിൽ വർത്തിച്ചാണ്, എല്ലാദ്ദേവന്മാരും ഹവിസ്സു കൈക്കൊള്ളുന്നത്.
8. ദൃഢാംഗശരീരർ = അവയവങ്ങൾക്ക് ഉറപ്പുള്ള ദേഹത്തോടുകൂടിയവർ. ആയുസ്സു മുഴുവൻ–നൂററിരുപതോ നൂറ്റിപ്പതിനാറോ വയസ്സ്.
9. ജര കേറണം–വാർദ്ധക്യത്തിലേ മരിയ്ക്കാവൂ; പൌത്രരെ കാണാനും ഇടവരണം.
10. പഞ്ചജനങ്ങൾ–ചതുവർണ്ണങ്ങളും നിഷാദരും; അല്ലെങ്കിൽ, ഗന്ധർവ-പിതൃ-ദേവാ–സുര–രക്ഷസ്സുകൾ.

## സൂക്തം 90.

ഗോതമൻ ഋഷി ഗായത്രിയും അനുഷ്ടപ്പും ഛന്ദസ്സ്; അനേകദേവകൾ ദേവത.

വിദ്വാൻ മിത്രൻ, വരുണനും, സൂര്യനും, മറ്റു ദേവരും
നേരേ കൊണ്ടുനടക്കട്ടേ, നമ്മെത്തുല്യപ്രസാദരായ് ! (1)

അവർ സമ്പത്തുടുപ്പിപ്പോരല്ലോ; തേജസ്സുകൊണ്ടവർ
മറക്കാതെ നടത്തിപ്പോരുന്നു, കർമ്മങ്ങളന്വഹം! (2)

മർത്ത്യരാകിയ നമ്മൾക്കു, മരണോജ്ഝിതരാമവർ
അമിത്രരെയമർത്തിക്കൊണ്ടരുളീടേണമേ, സുഖം! (3)

ഇന്ദ്രൻ, ഭഗൻ, മരുത്തുക്കൾ, പൂഷാവീ വന്ദ്യദേവകൾ
വേർതിരിയ്ക്കട്ടെ, വേണ്ടുന്ന നന്മയ്ക്കായ് നമ്മൾതൻ വഴി! (4)

പൂഷാവേ, ഞങ്ങൾതൻ കർമ്മം വിഷ്ണോ, മരുദനീകമേ,
ഗോയുക്തമാക്കുവിൻ നിങ്ങൾ; നാല്കേങ്ങൾക്കക്ഷയത്വവും! (5)

മധു ശുകുന്നു, യജമാനന്നു വായുവ്വമാർകളും;
അമ്മട്ടു തേനായ്ത്തീരട്ടേ, നമ്മൾക്കിങ്ങോഷധീഗണം! (6)

തേനാക രാത്രി; തേനാക പകൽ; തേനാക മന്നിടം;
നമുക്കു തേനായ്ച്ചമയുക,ച്ഛൻപോലുള്ള നാകവും! (7)

മധുവേകട്ടെ നമ്മൾക്കു വനസ്പതി; ദിനേശനും
മധുവേകട്ടെ; നമ്മൾക്കു മധു ശുകട്ടെ, ഗോക്കളും! (8)

സുഖം വരുത്തട്ടെ നമുക്കു മിത്രൻ;
സുഖം, പ്രചേതസ്സു; സുഖം വിവസ്വാൻ;
സുഖം വരുത്തട്ടെ, സുരേശനിന്ദ്രൻ;
സുഖം മഹത്താമടി വെച്ച വിഷ്ണു! (9)

### കുറിപ്പുകൾ: സൂക്തം 90.

1. കൊണ്ടുനടക്കട്ടേ—ഉത്തമസ്ഥാനത്തെയ്ക്ക്.
2. സമ്പത്തുടുപ്പിപ്പോർ—ലോകത്തെ ധനംകൊണ്ടാച്ഛാദനംചെയ്യുന്നവർ; ലോകത്തിൽ സമ്പത്തു നിറയ്ക്കുന്നവർ. മറക്കാതെ—മനസ്സുവെച്ച്.
3. മരണോജ്ഝിതർ—മരണരഹിതർ. അമിത്രർ—ശത്രുക്കൾ.
4. വേർതിരിയ്ക്കട്ടെ—അസന്മാർഗ്ഗങ്ങളിൽനിന്ന്.
5. മരുദനീകം = മരുദ്ഗണം. ഗോയുക്തം = പശുക്കളോടുകൂടിയത്. അക്ഷയത്വം = നാശരാഹിത്യം.
6. മധു—മധുരമായ കർമ്മഫലം. ആർകൾ = നദികൾ. തേനായ്—മാധുര്യത്തോടുകൂടിയതായി. ഔഷധീഗണം = സസ്യവർഗ്ഗം.
7. അച്ഛൻപോലുള്ള—രക്ഷിച്ചുപോരുന്ന. നാകം = സ്വർഗ്ഗം.
8. വനസ്പതി—യൂപദേവത.

9. പ്രചേതസ്സ്=വരുണൻ. വിവസ്വാൻ=സൂര്യൻ. മഹത്താമടി വെച്ച-മൂവ്വടികൊണ്ടു മൂപ്പാരളന്ന, വാമനരൂപനായ.

## സൂക്തം 91.

ഗോതമൻ ഋഷി; ത്രിഷ്ടുപ്പും ഗായത്രിയും ഉഷ്ണിക്കും ഛന്ദസ്സ്; സോമൻ ദേവത.

സോമ, അങ്ങയെ ഞങ്ങൾ ചിന്തിച്ചറിഞ്ഞിരിയ്ക്കുന്നു: അങ്ങു ഞങ്ങളെ നേർവഴിയിലെത്തിയ്ക്കുന്നു; ഇന്ദോ, അങ്ങയുടെ മികച്ച നേതൃത്വംകൊണ്ടാണല്ലോ, ഞങ്ങളുടെ ധീരരായ പിതാക്കന്മാർ ദേവകളിൽ നിന്നു രത്നം നേടിയത്! (1)

സോമ, അങ്ങു കർമ്മങ്ങൾകൊണ്ടു സുകർമ്മാവായിരിയ്ക്കുന്നു; വിശ്വവേദസ്സായ അങ്ങു ബലംകൊണ്ടു പ്രബലനായിരിയ്ക്കുന്നു; അങ്ങു കാമവർഷണങ്ങൾകൊണ്ടും മഹത്ത്വംകൊണ്ടും വൃഷാവായിരിയ്ക്കുന്നു, നേതാക്കൾക്കു (ഇഷ്ടഫലം) കാട്ടിക്കൊടുക്കുന്ന അങ്ങ് അന്നങ്ങൾകൊണ്ടു പ്രചുരാന്നനായിരിയ്ക്കുന്നു! (2)

സോമ, രാജാവും വരുണനുമായ അങ്ങയുടെയാണല്ലോ, കർമ്മങ്ങൾ; വിശാലവും ഗഭീരവുമത്രേ, അങ്ങയുടെ തേജസ്സ്. സോമ, അങ്ങു, പ്രിയപ്പെട്ട മിത്രൻപോലെ പാവനനാകുന്നു–സൂര്യൻപോലെ വർദ്ധയിതാവാകുന്നു! (3)

സോമ, രാജാവേ, അങ്ങയുടെ തേജസ്സുകൾ ദ്യോവിൽ എവയോ, ഭൂവിൽ എവയോ, പർവതങ്ങളിൽ എവയോ, ഓഷധികളിൽ എവയോ, ജലങ്ങളിൽ എവയോ; അവയോടെല്ലാമൊന്നിച്ചു ഭവാൻ, അരിശപ്പെടാതെ മനംതെളിഞ്ഞു, ഞങ്ങളുടെ ഹവിസ്സുകൾ കൈക്കൊണ്ടാലും! (4)

സോമ, അങ്ങു സൽപതിയാകുന്നു; അങ്ങു രാജാവാകുന്നു, വൃത്രസൂദനനാകുന്നു; അങ്ങുതന്നെ, ശോഭനമായ യാഗം! (5)

സോമ, സ്തോത്രങ്ങളിൽ പ്രീതിയുള്ള വനസ്പതിയായ ഭവാന്ന് ഇഷ്ടമാണ് ഞങ്ങളുടെ ജീവിതമെങ്കിൽ, ഞങ്ങൾ മരിച്ചുപോകില്ല! (6)

സോമ, വൃദ്ധനായ യജ്ഞകർത്താവിന്നും യുവാവിന്നും ജീവിപ്പാൻ മതിയായ ധനം ഭവാൻ കല്പിച്ചുകൊടുക്കുന്നു! (7)

സോമ, രാജാവേ, ഭവാൻ ഞങ്ങളെ എല്ലാ ദ്രോഹേച്ഛുക്കളിൽനിന്നും രക്ഷിയ്ക്കുക: അങ്ങയെപ്പോലുള്ളവന്റെ സഖാവു നശിയ്ക്കില്ലല്ലോ! (8)

സോമ, ഹവിർദ്ദാതാവിനെ സുഖിപ്പിയ്ക്കുന്ന രക്ഷകളുണ്ടല്ലോ, ഭവാന്റെപക്കൽ; അവകൊണ്ടു ഞങ്ങളെ പാലിച്ചരുളുക! (9)

സോമ, അവിടുന്ന് ഈ യജ്ഞവും ഈ സ്തുതിയും സ്വീകരിച്ച്, എഴുന്നള്ളിവരിക; ഞങ്ങൾക്ക് അഭിവൃദ്ധി വരുത്തുക! (10)

സോമ, വാക്യജ്ഞരായ ഞങ്ങൾ അങ്ങയെ സ്തുതികൾകൊണ്ടു വളർത്തുന്നു; അങ്ങു ഞങ്ങൾക്കു നല്ല സുഖം നല്കാൻ വന്നുചേരുക! (11)

സോമ, അങ്ങു ഞങ്ങൾക്കു ധനം വർദ്ധിപ്പിയ്ക്കുക; രോഗങ്ങൾ ശമിപ്പിയ്ക്കുക; (സ്തോതാക്കൾക്കു) സമ്പത്തു നല്കുക; പുഷ്ടി കൂട്ടുക; നല്ല സഖാക്കളെ തരിക! (12)

സോമ, ഗോക്കൾ പുല്പരപ്പിലെന്നപോലെയും, മനുഷ്യൻ സ്വഗൃഹത്തിലെന്നപോലെയും, അങ്ങു ഞങ്ങളുടെ ഹൃദയത്തിൽ രമിച്ചാലും! (13)

സോമ, ദേവ, അങ്ങയുടെ സഖ്യത്തിന്നായി യാതൊരു മർത്ത്യൻ സ്തുതിയ്ക്കുമോ; അവനെ കവിയും നിപുണനുമായ ഭവാൻ അനുഗ്രഹിച്ചരുളും! (14)

സോമ, അങ്ങു ഞങ്ങളെ അഭിശാപത്തിൽനിന്നു രക്ഷിയ്ക്കണം; ഞങ്ങളുടെ പാപവും നീക്കണം. എന്നിട്ടു, ഞങ്ങൾക്കു സുഖം നല്കുന്ന സഖാവായി വർത്തിച്ചാലും! (15)

സോമ, വർദ്ധിപ്പൂതാക: അങ്ങയുടെ വീര്യം എങ്ങും ചേർന്നുനില്ക്കട്ടെ! അന്നം തന്നരുളുക! (16)

ഇമ്പം മുഴുത്ത സോമ, ഭവാൻ എല്ലാ രശ്മികളോടുംകൂടി വർദ്ധിച്ചാലും: നല്ല ഭക്ഷണം ധാരാളം തന്നു, ഞങ്ങളെ പുഷ്ടിപ്പെടുത്തുന്ന സഖാവായിത്തീർന്നാലും! (17)

സോമ, പാലും ചോറും വിര്യവുമൊക്കെ വൈരിഹന്താവായ ഭവാങ്കൽ വന്നുചേരട്ടെ; ഭവാൻ ഞങ്ങളെ മരണരഹിതരാക്കാൻ മുതിർന്നുകൊണ്ടു, സ്വർഗ്ഗത്തിൽ മികച്ച ഭോജ്യങ്ങൾ സംഭരിച്ചാലും! (18)

സോമ, ഹവിസ്സുകൊണ്ടു പൂജിയ്ക്കപ്പെടുന്നവയാണല്ലോ, ഭവാന്റെ തേജസ്സുകൾ; അവയെല്ലാം (ഞങ്ങളുടെ) യജ്ഞത്തെ ചൂഴന്നുനില്ക്കട്ടെ: ഗൃഹത്തെ അഭിവൃദ്ധിപ്പെടുത്തുന്ന, ദുരിതങ്ങളിൽനിന്നു കേറ്റുന്ന, നല്ല വീരരോടുകൂടിയ, പുത്രപോഷകനായ ഭവാൻ (ഞങ്ങളുടെ) ഗൃഹങ്ങളിൽ വന്നുചേർന്നാലും! (19)

സോമൻ ഹവിർദ്ദാതാവിന്നു പയ്യിനെ കൊടുക്കുന്നു; സോമൻ കുതിച്ചോടുന്ന കുതിരയെ കൊടുക്കുന്നു; സോമൻ കർമ്മകുശലനും, ഗൃഹത്തിന്നു കൊള്ളാവുന്നവനും, യജ്ഞാർഹനും, സഭ്യനും, അച്ഛനെ വിളിപ്പെടുത്തുന്നവനുമായ പുത്രനെ കൊടുക്കുന്നു! (20)

യുദ്ധങ്ങളിൽ അധൃഷ്യൻ, സേനകളിൽ തികവുവരുത്തുന്നവൻ, സ്വർഗ്ഗപ്രാപകൻ, മഴ പൊഴിയ്ക്കുന്നവൻ, ബലരക്ഷകൻ, യാഗങ്ങളിൽ ചെല്ലുന്നവൻ, നല്ല പാർപ്പിടവും നല്ല യശസ്സുമുള്ളവൻ, വിജയി—ഇപ്രകാരമുള്ള അങ്ങയെ ഓർത്തു സോമ, ഞങ്ങൾ ഇമ്പംകൊള്ളട്ടെ! (21)

സോമ, അങ്ങ് ഈ ഓഷധികളെയെല്ലാം സൃഷ്ടിച്ചു; അങ്ങു ജലത്തെ ജനിപ്പിച്ചു; ഗോക്കളെ ഉൽപാദിപ്പിച്ചു; അങ്ങു വിശാലമായ അന്തരിക്ഷത്തിന്നു വീതി കൂട്ടി; അങ്ങു പ്രകാശംകൊണ്ട് ഇരുട്ടിനെ പോക്കി! (22)

ബലവാനായ സോമദേവ, തിരുവുള്ളം തെളിഞ്ഞു കുറെദ്ധനം ഞങ്ങൾക്കയച്ചുതന്നാലും! അങ്ങയ്ക്ക് ഉപദ്രവം നേരിടില്ല: ഇരുകൂട്ടരുടെയും വീര്യം അങ്ങയുടെ വരുതിയിലാണല്ലോ; അവിടുന്നു പോരിൽ ഞങ്ങളെ രക്ഷിയ്ക്കുക! (23)

## കുറിപ്പുകൾ: സൂക്തം 91.

1. ഇന്ദോ—അമൃതകിരണംകൊണ്ടു ലോകത്തെ കുതിർക്കുന്നവനേ. രത്നം—രമണീയമായ ധനം.
2. പ്രചുരാന്നൻ = വളരെ അന്നങ്ങളുള്ളവൻ.
3. രാജാവ്—ചന്ദ്രപര്യായം; 'ബ്രാഹ്മണരുടെ രാജാവ്.' വരുണൻ—യാഗാർത്ഥം കൊണ്ടുവരപ്പെട്ടവൻ. മിത്രൻ—അഹർദ്ദേവത. പാവനൻ = ശുദ്ധികരൻ. വർദ്ധയിതാവ്—സൂര്യൻ പകലിലെന്നപോലെ, അങ്ങു രാത്രിയിൽ സസ്യാദികളെ തഴപ്പിയ്ക്കുന്നു.
5. വൃത്രസൂദനൻ-ശത്രുനാശനൻ.
6. വനസ്പതി—ഔഷധികളെയും മറ്റും പാലിയ്ക്കുന്നവൻ.
11. വളർത്തുന്നു—മഹത്ത്വപ്പെടുത്തുന്നു.
23. അങ്ങയ്ക്ക് ഉപദ്രവം നേരിടില്ല—ആരുണ്ട്, അങ്ങയെ ദ്രോഹിപ്പാൻ പോന്നവനായിട്ട്? ഇരുകൂട്ടരുടെയും പൊരുതുന്ന രണ്ടു കക്ഷികളുടെയും.

## സൂക്തം 92.

ഗോതമൻ ഋഷി; ജഗതി, ത്രിഷ്ടുപ്പ്, ഉഷ്ണിക്ക് എന്നിവ ഛന്ദസ്സ്; ഉഷസ്സും അശ്വികളും ദേവതകൾ.

ഇതാ, ആ ഉഷസ്സുകൾ കൊടി കാട്ടി, അന്തരിക്ഷത്തിന്റെ പൂർവാർദ്ധത്തിൽ വെളിച്ചം വീശുന്നു; പടയാളികൾ ആയുധങ്ങളെയെന്നപോലെ (ലോകത്തെ) തുടച്ചുമിനുക്കുന്നു. ഈ സഞ്ചാരിണികൾ, തേജസ്വിനികൾ, അമ്മമാർ നാൾതോറും വന്നെത്തും! (1)

ചെങ്കതിരുകൾ തടവില്ലാതെ പൊന്തി; എളുപ്പത്തിൽ പൂട്ടാവുന്ന വെൺഗോക്കൾ പൂട്ടപ്പെട്ടു; ഉഷസ്സുക്കൾ പതിവുപോലെ ജ്ഞാനം പരത്തി: ഒടുവിൽ, തിളങ്ങിക്കൊണ്ടു ശുഭ്രവർണ്ണനായ സൂര്യങ്കൽ ചേർന്നു! (2)

സൽക്കർമ്മിയും നല്ല ദക്ഷിണ കൊടുക്കുന്നവനും സോമം പിഴിയുന്നവനുമായ യജമാനന്നായി എല്ലാ അന്നവും കൊണ്ടുവരുന്ന ഈ സ്വാമിനികൾ തേജസ്സ് ഒന്നായി പരത്തി, ദൂരത്തുനിന്നു തുടങ്ങി ആകാശത്തെ, പോരാളികളെന്നപോലെ പൂജിയ്ക്കുന്നു! (3)

ഉഷസ്സ് ഇരുട്ടിനെ, ഒരു ക്ഷുരകൻപോലെ വടിച്ചുകളയുന്നു; മാറിടത്തെ, ഒരു പയ്യ് അകിടിനെ എന്നപോലെ വെളിപ്പെടുത്തുന്നു; ഗോക്കൾ തൊഴുത്തിലെന്നപോലെ കിഴക്കുഭാഗത്തണഞ്ഞു, ലോകത്തിനെല്ലാം വെളിച്ചം നല്കുന്നു; അന്ധകാരത്തെ അകറ്റുന്നു! (4)

ഇവളുടെ തിളങ്ങുന്ന തേജസ്സു കിഴക്കുവശത്തു കാണപ്പെട്ടു. അതു നീളെ വ്യാപിച്ചു, കരിംപരപ്പിനെ തട്ടിനീക്കി. ഈ ദ്യോവിന്മകൾ തന്റെ രൂപത്തെ, യജ്ഞങ്ങളിൽ യൂപത്തെയെന്നപോലെ, മിനുപ്പിച്ചു. ഒടുവിൽ മഹനീയനായ സൂര്യങ്കൽ ചെന്നുചേർന്നു! (5)

നാം ഈ ഇരുട്ടിന്റെ മറുകരയിലെത്തിക്കഴിഞ്ഞു: ഉഷസ്സു തമസ്സിനെ നീക്കി, ബോധം ഉളവാക്കുന്നു. പ്രീതിയ്ക്കായി അന്ധകാരത്തെ വിഴുങ്ങിയ ഈ സുന്ദരാംഗി, ഒരു വശീകരണനിപുണൻ പണം കിട്ടാനെന്നപോലെ, സ്വപ്രകാശംകൊണ്ടു പുഞ്ചിരിയിടുന്നു! (6)

പ്രിയസത്യവാക്കുകളെ പുറപ്പെടുവിയ്ക്കുന്ന തേജസ്വനിയായ ദ്യോവിന്മകളെ ഗോതമർ സ്തുതിയ്ക്കുന്നു: ഉഷസ്സേ, സന്തതി, ആൾക്കാർ, കുതിരകൾ, ഗോക്കൾ എന്നിവയെയും ഭോജ്യങ്ങളെയും തന്നരുളുക! (7)

ഉഷസ്സേ, സുഭഗേ, നല്ല കർമ്മത്തിൽ സ്തുതിയ്ക്കപ്പെട്ട ഭവതി അന്നങ്ങൾ നല്കി, വിപുലമായ യാതൊന്നിനെ വെളിപ്പെടുത്തുന്നുവോ; ആ യശസ്കരമായ ധനം—നല്ല പുത്രന്മാർ, മികച്ച ദാസവർഗ്ഗം, അശ്വങ്ങൾ—എനിയ്ക്കു കൈവരുമാറാകണം! (8)

ദേവി ലോകത്തിലെല്ലാം വെളിച്ചം വീശി, പിന്തിരിഞ്ഞു, വിപുലതേജസ്സോടെ വിളങ്ങുന്നു; സർവപ്രാണികളെയും പ്രവൃത്തിയ്ക്കായി ഉണർത്തുന്നു; സംസാരിപ്പാൻ കഴിവുള്ളവരുടെ വാക്കുകൾ നേടുന്നു! (9)

പുരാതനിയായ ദേവി വീണ്ടും വീണ്ടും അവതരിയ്ക്കുന്നു; ഒരേ നിറത്തിൽ ശോഭിയ്ക്കുന്നു; പക്ഷികളെ ഹിംസിച്ചു (ചിറകും മറ്റും) വെട്ടിയെടുക്കുന്ന ഒരു വേടത്തിപോലെ, മർത്ത്യവർഗ്ഗത്തിന്റെ ആയുസ്സിനെ ചെറുതാക്കുന്നു! (10)

ഗഗനാന്തങ്ങളിൽ വെളിച്ചം പരത്തിക്കൊണ്ട് അറിയപ്പെട്ട സൂര്യപത്നി രാത്രി-

യെ ഏതോ മറവിലെയ്ക്കയയ്ക്കുന്നു; മനുഷ്യരുടെ യുഗങ്ങളെ മുറിച്ചെടുക്കുന്നു; തേജസ്സു-കൊണ്ടു ശോഭിയ്ക്കുന്നു! (11)

ഈ പൂജനീയയായ സുഭഗ കിരണങ്ങളെ, മാട്ടുകളെ എന്ന പോലെ പരത്തി പെരുമപൂണ്ടു, വെള്ളം കുഴിയിലെന്നപോലെ, എങ്ങും വ്യാപിയ്ക്കുന്നു; ദേവകർമ്മങ്ങൾ തുടങ്ങിയ്ക്കുന്നു; സൂര്യരശ്മികളോടുകൂടി കണ്ടറിയപ്പെടുന്നു! (12)

ഉഷസ്സേ, വാജിനീവതി, ഞങ്ങൾക്കു പുത്രനേയും പൌത്രനെയും പുലർത്താൻ വേണ്ടുന്ന മഹനീയമായ ധനം കൊണ്ടുവന്നാലും! (13)

ഉഷസ്സേ, ഗോക്കളോടും അശ്വങ്ങളോടുംകൂടിയവളേ, വിഭാവരി, സൂനൃതാവതി, ഇപ്പോൾ ഇവിടെ ഞങ്ങൾക്കു ധനയുക്തമായ കർമ്മത്തിന്നായി വെളിച്ചം വീശുക! (14)

ഉഷസ്സേ, വാജിനീവതി, ഇപ്പോൾ ചെംകുതിരകളെ പൂട്ടുക: എന്നിട്ടു, ഞങ്ങൾ-ക്കു സർവ്വസൌഭാഗ്യങ്ങളും കൊണ്ടുവരിക! (15)

അശ്വികളേ, ദസ്രരേ, ഞങ്ങളുടെ ഗൃഹം ഗോക്കളെക്കൊണ്ടും കനകംകൊണ്ടും നിറയുമാറു, നിങ്ങളിരുവരും ഒരേ മനസ്സോടേ പള്ളിത്തേർ ഇങ്ങോട്ടു തിരിച്ചാലും! (16)

അശ്വികളേ, നിങ്ങളിരുവരുമാണല്ലോ, ദ്യോവിൽനിന്നു് ഇങ്ങനെ ശ്ലാഘ്യമായ വെളിച്ചം ജനങ്ങൾക്കു നല്കിയതു്; ആ നിങ്ങൾ ഞങ്ങൾക്കു ബലകരമായ ഭക്ഷണം കൊണ്ടുവന്നാലും! (17)

ആരോഗ്യകാരികളായ ദസ്രദേവന്മാരെ, സോമപാനത്തിന്നായി, കാലത്തു-ണർന്ന കുതിരകൾ പൊന്നിൻതേരിൽ ഇവിടെ കൊണ്ടുവരുമാറാകട്ടെ! (18)

## കുറിപ്പുകൾ: സൂക്തം 92.

1. കൊടി—പ്രകാശത്തിന്റെ അടയാളം. പൂർവാർദ്ധത്തിൽ—കിഴക്കുഭാഗത്തു്. അമ്മമാർ—പ്രകാശത്തെ പെറുന്നവർ.
2. വെൺഗോക്കൾ—ഇവയത്രേ, ഉഷസ്സിന്റെ വാഹനങ്ങൾ; വെളുത്ത രശ്മികൾ.
3. പൂജിയ്ക്കുന്നു—പോരാളികൾ എല്ലാടത്തും വ്യാപിയ്ക്കുന്നതുപോലെ, ആകാശത്തെങ്ങും വ്യാ-പിയ്ക്കുന്നു.
4. ഇരുട്ടിന്നു രോമത്വം കല്പിച്ചിരിയ്ക്കുന്നു.
5. ഇവൾ—ഉഷസ്സ്. കരിംപരപ്പ്—അന്ധകാരം. യൂപത്തിന്മേൽ നൈപുരട്ടാറുണ്ട്.
6. പ്രീതിയ്ക്കായി—എല്ലാവരെയും സന്തോഷിപ്പിപ്പാൻ. ഒരു വശീകരണനിപുണൻ ധനലാ-ഭത്തിന്നു ധനികന്റെ അടുക്കൽ ചെന്നു ചിരിച്ചുകൂടുന്നതുപ്പോലെ.
9. വാക്കുകൾ നേടുന്നു—ഇതുമൂലമത്രേ, ഉഷസ്സിന്നു സൂനൃതാവതി എന്ന പേർ.
10. ഓരോ ഉഷസ്സും മനുഷ്യന്റെ ആയുസ്സിനെ അല്പാല്പം വെട്ടിയെടുത്താണല്ലോ, തിരിച്ചു-പോകുന്നതു്.
11. സൂര്യപത്നി—ഉഷസ്സ്.
12. മാട്ടുകളെ—ഇടയൻ മാട്ടുകളെ പരക്കെ വിടുന്നതുപോലെ.
15. ചെംകുതിരകൾ—അശ്വസ്ഥാനീയങ്ങളായ ചുകന്ന ഗോക്കൾ.
17. അശ്വികളും സൂര്യചന്ദ്രന്മാരും ഒന്നുതന്നെ എന്നൊരഭിപ്രായമുണ്ടു്; അതവലംബിച്ചാണു്, അശ്വികൾക്കു പ്രകാശകരത്വം കല്പിച്ചിരിയ്ക്കുന്നതു്.

## സൂക്തം 93.

ഗോതമൻ ഋഷി; അനുഷ്ടുപ്പും, ഗായത്രിയും, ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നീഷോമർ ദേവത.

കാമവർഷികളായ അഗ്നീഷോമന്മാരേ, നിങ്ങളിരുവരും എന്റെ വിളി ശരിയ്ക്ക കേൾക്കുവിൻ; സ്തുതികളിൽ കൌതുകംകൊൾവിൻ; ഹവിർദ്ദാതാവിനെ സുഖിതനാക്കുവിൻ! (1)

അഗ്നീഷോമന്മാരേ, ഇപ്പോൾ ഈ സ്തോത്രം നിങ്ങളിൽ അർപ്പിയ്ക്കുന്നവന്നു നല്ല വീര്യത്തെയും വളരെ ഗോക്കളെയും നല്ല കുതിരകളെയും കല്പിച്ചുകൊടുക്കുവിൻ! (2)

അഗ്നീഷോമന്മാരേ, ആർ ആഹുതിയോ, ആർ ഹവിഷ്കൃതിയോ നിങ്ങൾക്കു നല്കുമോ; അവൻ സന്തതിയോടും നല്ല വീര്യത്തോടും കൂടി പൂർണ്ണായുസ്സനുഭവിയ്ക്കട്ടെ! (3)

അഗ്നീഷോമന്മാരേ, നിങ്ങളുടെ വീര്യം ഞങ്ങൾ അറിഞ്ഞിരിയ്ക്കുന്നു: നിങ്ങൾ പണിയിങ്കൽനിന്നു ഗോധനം പിടിച്ചെടുത്തു; ത്വഷ്ടാവെന്ന അസുരന്റെ പുത്രനെ കൊന്നു; പിന്നീടു, ബഹുജനങ്ങൾക്കുവേണ്ടി ഏകജ്യോതിസ്സിനെ നേടി! (4)

നിങ്ങൾ-സോമ, അങ്ങും അഗ്നിയും-ഒപ്പം പ്രവർത്തിച്ച്, ഈ ജ്യോതിസ്സുകളെ ആകാശത്തു നിർത്തി; അഗ്നീഷോമന്മാരേ, നിങ്ങൾ, പാപം പിടിപെട്ട നദികളെ ആ പ്രകടമായ ദോഷത്തിൽനിന്നു വിമോചിപ്പിച്ചു! (5)

അഗ്നീഷോമന്മാരേ, നിങ്ങളിലൊരാളെ ആകാശത്തുനിന്നു വായു കൊണ്ടുപോന്നു; മറ്റാളെ മലയിൽനിന്നു പരുന്തും റാഞ്ചി കൊണ്ടുപോന്നു. അങ്ങനെ, മന്ത്രസ്തോത്രംകൊണ്ടു വർദ്ധിപ്പിയ്ക്കപ്പെട്ട നിങ്ങൾ യാഗത്തിന്നു വിശാലമായ സ്ഥലം ഏർപ്പെടുത്തി. (6)

അഗ്നീഷോമന്മാരേ, നിങ്ങൾ കൊണ്ടുവരപ്പെട്ട ഹവിസ്സു ഭക്ഷിപ്പിൻ; കുതുകംകൊൾവിൻ; കാമവർഷകരേ, കൈക്കൊള്ളുവിൻ. എന്നിട്ടു, നല്ല സുഖം പൂണ്ടു, നല്ല രക്ഷ ചെയ്യുവിൻ: യജമാനന്ന് ആരോഗ്യവും അഭയവും നല്കുവിൻ! (7)

യാവനൊരുത്തൻ അഗ്നീഷോമന്മാരെ ദേവതാബുദ്ധ്യാ ഹവിസ്സുകൊണ്ടു പരിചരിയ്ക്കുന്നുവോ, യാവനൊരുത്തൻ നെയ്കൊണ്ടു പരിചരിയ്ക്കുന്നുവോ, അവന്റെ കർമ്മം നിങ്ങൾ രക്ഷിയ്ക്കണം; പാപം നീക്കണം; ആ യജ്ഞപ്രവൃത്തന്നു മഹത്തായ സുഖവും നല്കണം! (8)

അഗ്നീഷോമന്മാരേ, ഒപ്പം ധനമുള്ളവരും ഒപ്പം വിളിയ്ക്കപ്പെടുന്നവരുമായ നിങ്ങൾ ഞങ്ങളുടെ സ്തുതികൾ സ്വീകരിയ്ക്കുവിൻ: ദേവകളിൽ മികച്ചവരാണല്ലോ, നിങ്ങൾ! (9)

അഗ്നീഷോമന്മാരേ, നിങ്ങളുടെ യാതൊരാൾ ഈ നെയ്യു നിങ്ങൾക്കർപ്പിയ്ക്കുന്നുവോ; ആയാൾക്കു നിങ്ങൾ ധാരാളം കൊടുക്കണം. (10)

അഗ്നീഷോമന്മാരേ, നിങ്ങൾ ഞങ്ങളുടെ ഈ ഹവിസ്സുകൾ കൈക്കൊള്ളണം; അതിന്നു ഞങ്ങളുടെ അടുക്കൽ ഒന്നിച്ചു വന്നുചേരുവിൻ! (11)

അഗ്നീഷോമന്മാരേ, നിങ്ങൾ ഞങ്ങളുടെ കുതിരകളെ രക്ഷിയ്ക്കണം; ഹോമധേനുക്കളെ തടിപ്പിയ്ക്കണം; ഹവ്യസമ്പത്തുള്ള ഞങ്ങൾക്കു കെല്പുണ്ടാക്കണം; ഞങ്ങളുടെ യാഗത്തെ ധനസമൃദ്ധവുമാക്കണം! (12)

## കുറിപ്പുകൾ: സൂക്തം 93.

1. സ്തുതികളിൽ—ഞങ്ങളുടെ.
3. ആഹുതി—ഘൃതഹോമം. ഹവിഷ്കൃതി—ചരുപുരോഡാശാദിഹോമം.
4. ത്വഷ്ടാവെന്ന അസുരന്റെ പുത്രനെ-വൃത്രനെ; പ്രാണാപാനവായുരൂപരായ നിങ്ങൾ അവങ്കൽനിന്നു നിഷ്ക്രമിച്ചപ്പോൾ അവൻ മരണമടഞ്ഞു. ഏകജ്യോതിസ്സ്—സൂര്യൻ.
5. പാപം പിടിപെട്ട—ഇന്ദ്രനെ ബാധിച്ച വൃത്ര(ബ്രഹ്മ)ഹത്യാപാപത്തിന്റെ ഒരംശം ഏറ്റെടുത്ത.
6. ഒരാളെ—അഗ്നിയെ. കൊണ്ടുപോന്നു—യജമാനനായ ഭൃഗുവിന്റെ അടുക്കലെയ്ക്ക്. മറ്റാളെ—സോമനെ. പരുന്ത്—തദ്രൂപം ധരിച്ച ഗായത്രി, യാഗത്തിന്ന്—അന്യദേവന്മാരുടെ യജ്ഞത്തിന്ന്.
7. കുതുകം—ഞങ്ങളിൽ താൽപര്യം. കൈക്കൊള്ളുവിൻ—ഞങ്ങളുടെ പരിചരണം.
10. നിങ്ങളുടെ—ഭവദീയനായ. ധാരാളം—വളരെദ്ധനം.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## ആറാം അദ്ധ്യായം

### മണ്ഡലം 1    അനുവാകം 15

## സൂക്തം 94.

അംഗിരഃപുത്രൻ കുത്സൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; അഗ്നി ദേവത.

പൂജനീയനായ ജാതിവേദസ്സിന്നു നാം ബുദ്ധികൊണ്ട് ഈ സ്തോത്രത്തെ, തേരിനെ എന്നപോലെ തുലോം നന്നാക്കിവെയ്ക്കുക: ഈ അഗ്നിയെ സേവിയ്ക്കുന്നതിൽ മികച്ച താൽപര്യമുണ്ടല്ലോ, നമുക്ക്. അഗ്നേ, അങ്ങയുടെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു കഷ്ടപ്പാടൊന്നും വരില്ല! (1)

അങ്ങ് ആർക്കുവേണ്ടി യജിയ്ക്കുമോ, അവന്നിഷ്ടം കൈവരും; ശത്രുബാധ നേരിടില്ല; നല്ല വീര്യമുണ്ടാകും. അവൻ അഭിവൃദ്ധിപ്പെടും; അവനെ ദാരിദ്ര്യം തീണ്ടില്ല. അഗ്നേ, അങ്ങയുടെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു കഷ്ടപ്പാടൊന്നും വരില്ല! (2)

അങ്ങയെ ഉജ്ജ്വലിപ്പിപ്പാൻ ഞങ്ങൾ ശക്തരാകേണമേ! (ഞങ്ങളുടെ) കർമ്മങ്ങൾ നിറവേറ്റിയാലും: ഭവാങ്കൽ ഹോമിയ്ക്കപ്പെട്ട ഹവിസ്സാണല്ലോ, ദേവകൾ ഭക്ഷിയ്ക്കുന്നത്. അങ്ങ് ആദിതേയരെ കൊണ്ടു വരിക: അവരെ ഞങ്ങൾ ഇച്ഛിയ്ക്കുന്നു. അഗ്നേ, അങ്ങയുടെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു കഷ്ടപ്പാടൊന്നും വരില്ല! (3)

ഞങ്ങൾ ചമത മുറിച്ചുവെയ്ക്കാം; വാവിനു, വാവിന് അറിയിച്ചുകൊണ്ട്, അങ്ങയ്ക്കു ഹവിസ്സുകളും ഒരുക്കാം. ജീവനൗഷധത്തിന്നായി, അങ്ങു കർമ്മങ്ങൾ മികവിൽ നടത്തുക. അഗ്നേ, അങ്ങയുടെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു കഷ്ടപ്പാടൊന്നും വരില്ല! (4)

അങ്ങയുടെ രശ്മികൾ പ്രാണികളെ പരിരക്ഷിയ്ക്കുന്നു; അവ ഇരുകാലികളിലും നാല്ക്കാലികളിലും പുരളുന്നു. വെളിച്ചം കൊടുക്കുന്ന വിചിത്രപ്രഭനായ ഭവാൻ ഉഷസ്സിനെക്കാളും മീതെയാണ്. അഗ്നേ, അങ്ങയുടെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു കഷ്ടപ്പാടൊന്നും വരില്ല! (5)

അങ്ങ് അധ്വര്യവാണ്, മുഖ്യഹോതാവാണ്, പ്രശാസ്താവാണ്, പോതാവാണ്, സ്വഭാവേനതന്നെ പുരോഹിതനുമാണ്: ധീര, ഋത്വിക്കർമ്മങ്ങളെല്ലാം വിദ്വാനായ ഭവാൻ പൂർത്തിപ്പെടുത്തുന്നു. അഗ്നേ, അങ്ങയുടെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു കഷ്ടപ്പാടൊന്നും വരില്ല! (6)

ദേവ, ആരിൽനിന്നും താഴെയല്ലാത്ത സുഗാത്രനായ ഭവാൻ, അകലത്തായാലും അരികത്തെന്നപോലെ, തെളിഞ്ഞു കാണപ്പെടും; രാത്രിയിലും ഇരുട്ടിനെക്കവിച്ചു പ്രകാശിയ്ക്കും. അഗ്നേ, അങ്ങയുടെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു കഷ്ടപ്പാടൊന്നും വരില്ല! (7)

ദേവന്മാരേ, സോമം പിഴിയുന്നവന്റെ തേർ മുന്നിൽ നില്ക്കട്ടെ! ഞങ്ങളുടെ പാപം ദുർബ്ബുദ്ധികളെ ചെന്നാക്രമിക്കട്ടെ! നിങ്ങൾ മനസ്സിലാക്കി ഈ വാക്കിനെ നിറവേറ്റുവിൻ! അഗ്നേ, അങ്ങയുടെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു കഷ്ടപ്പാടൊന്നും വരില്ല! (8)

ദൂരത്തോ ചാരത്തോ ഉള്ള ചില തിന്മന്മാരായ, പറയാൻ കൊള്ളാത്ത ദുർബ്ബുദ്ധികളെ അങ്ങു കൊന്നൊടുക്കിയാലും; എന്നിട്ടു, സ്തുതിയ്ക്കുന്ന യജമാനനെ നല്ല വഴിയിലാക്കിയാലും. അഗ്നേ, അങ്ങയുടെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു കഷ്ടപ്പാടൊന്നും വരില്ല! (9)

ഒളി തിരണ്ട വായുവേഗികളായ രോഹിതങ്ങളെ തേരിനു പൂട്ടുന്ന ഭവാന്റെ ശബ്ദം കാളയുടേതു പോലാകും; ഉടനേ ഭവാൻ ജ്വാലകളെ കാട്ടുമരങ്ങളിൽ പടർ-

ത്തും. അഗ്നേ, അങ്ങയുടെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു കഷ്ടപ്പാടൊന്നും വരില്ല! (10)

ഭവാന്റെ ആ ഒച്ചകൊണ്ടു പക്ഷികൾപോലും പേടിയ്ക്കും; ഭവാന്റെ ജ്വാലാശകലങ്ങൾ പുല്ലുകളെ തിന്നുംകൊണ്ടു പലതരത്തിൽ പടരും; അപ്പോഴെയ്ക്കും, ഭവാന്റെ തേരുകൾക്കു നിർബാധം നടക്കാമെന്നാവും. അഗ്നേ, അങ്ങയുടെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു കഷ്ടപ്പാടൊന്നും വരില്ല! (11)

ഇദ്ദേഹം മിത്രാവരുണന്മാരെ നിർത്തട്ടെ; അന്തരിക്ഷസ്ഥരായ മരുത്തുക്കളുടെ അരിശം വല്ലാത്തൊന്നാണല്ലോ; ഇവരുടെ മനസ്സു വീണ്ടും തെളിയട്ടെ! അങ്ങു ഞങ്ങളെ സുഖിപ്പിച്ചാലും: അഗ്നേ, അങ്ങയുടെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു കഷ്ടപ്പാടൊന്നും വരില്ല! (12)

ദേവനായ ഭവാൻ ദേവകളുടെ ഉറ്റമിത്രമാകുന്നു; സുന്ദരനായ ഭവാൻ യാഗത്തിൽ ധനങ്ങളെ പുലർത്തിപ്പോരുന്നു. ഞങ്ങൾ അങ്ങയുടെ അതിവിശാലമായ ഗൃഹത്തിൽ വസിയ്ക്കുമാറാകട്ടെ: അഗ്നേ, അങ്ങയുടെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു കഷ്ടപ്പാടൊന്നും വരില്ല! (13)

അങ്ങയ്ക്കു മംഗളം: അങ്ങയെ സ്വസ്ഥാനത്തുജ്ജ്വലിപ്പിച്ച്, സോമം ഹോമിച്ചു സ്തുതിയ്ക്കുന്നുണ്ടല്ലോ! ഏറ്റവും സുഖപ്രദനായ ഭവാൻ ഹവിർദ്ദാതാവിന്നു രത്നവും ധനവും നല്കിപ്പോരുന്നു. അഗ്നേ, അങ്ങയുടെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു കഷ്ടപ്പാടൊന്നും വരില്ല! (14)

അഗ്നേ, അങ്ങു യാതൊരുത്തന്നു സർവകർമ്മങ്ങളിലും പാപരാഹിത്യം നല്കുമോ അവനും, അങ്ങയാൽ ഭദ്രമായ ബലത്തോടു ചേർക്കപ്പെടുന്നവനും ധനസമൃദ്ധനായിത്തീരും; അങ്ങു ഞങ്ങൾക്കു സന്തതിയും സമ്പത്തും തന്നരുളേണമേ! (15)

ദേവ, അഗ്നേ, സൌഭാഗ്യജ്ഞനായ ഭവാൻ ഇവിടെ ഞങ്ങൾക്ക് ആയുസ്സു വർദ്ധിപ്പിച്ചാലും;

(കേക)

അതിനെ മാനിയ്ക്കട്ടെ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (16)

## കുറിപ്പുകൾ: സൂക്തം 94.

1. തേരിനെ-തച്ചൻ രഥത്തെ എന്നപോലെ.
2. യജിയ്ക്കും-ദേവന്മാരെ. അവന്ന്—ആ യജമാനന്ന്
4. ജീവനൗഷധത്തിന്നായി- ഞങ്ങൾക്കു ദീർഘായുസ്സു കിട്ടാൻവേണ്ടി. കർമ്മങ്ങൾ-ഞങ്ങളുടെ
5. പുരളുന്നു-എണ്ണ തേച്ചതായി തോന്നിയ്ക്കുന്നു. മീതെയാണ്-ഉഷസ്സ് രാത്രിയുടെ അവസാനത്തിലേ പ്രകാശിയ്ക്കൂ; അഗ്നിയോ, രാത്രി മുഴുവനും പ്രകാശിയ്ക്കുന്നു.
6. അധ്വര്യു=യാഗനിഷ്പാദകൻ. പ്രശാസ്താവ്-മികച്ച ശാസ്കൻ, ഉപദേഷ്ടാവ്.
8. ദേവന്മാരേ-അഗ്നിയുടെ അംഗഭൂതരേ ദുർബുദ്ധികളെ- ഞങ്ങളെ ദ്രോഹിയ്ക്കുന്നവരെ. ഈ വാക്കിനെ-ഞങ്ങളുടെ അപേക്ഷയെ.
10. രോഹിതങ്ങൾ- അഗ്നിയുടെ അശ്വങ്ങളുടെ പേർ. ശബ്ദം-കാട്ടുചുട്ടെരിയ്ക്കുമ്പോഴത്തെ ഒച്ച.

11. പക്ഷികൾ-ദൂരത്തെയ്ക്കു പറന്നുപോകാൻ കഴിവുള്ളവപോലും നിർബ്ബാധം-വൃക്ഷലതാദികളൊക്കെ ദഹിപ്പിയ്ക്കപ്പെടുന്നതിനാൽ തടവുകൂടാതെ.

12 ഇദ്ദേഹം-സ്തോതാവ്. നിർത്തട്ടെ-തന്നെ മരുത്തുക്കളുടെ അരിശത്തിൽനിന്നു രക്ഷിപ്പാൻ; മിത്രാവരുണർ ഇദ്ദേഹത്തെ രക്ഷിയ്ക്കട്ടെ. ഇവരുടെ-മരുത്തുക്കളുടെ.

14. സ്തുതിയ്ക്കുന്നുണ്ടല്ലോ—ഋത്വിക്കുകൾ.

ആറാമധ്യായം സമാപ്തം.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## ഏഴാം അദ്ധ്യായം

മണ്ഡലം 1     അനുവാകം 15

## സൂക്തം 95.

കുത്സൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നിദേവത.

വ്യത്യസ്തരൂപരിരുമാതർ വരും, ശുഭാർത്ഥം–
കൈമാറിയാണ,വർ കിടാവിനു പാൽ കൊടുപ്പൂ:
നേടുന്നു മറ്റവളിൽനിന്നു ദിനേശനന്ന;-
മഗ്നിയ്ക്കു മറ്റവളിൽനിന്നൊളി കൈവരുന്നു! (1)

ഈരഞ്ചുപേർ യുവതിമാർ മടി തേടിടാതി-
ഗ്ഗർഭത്തെ വായുസവിധാൽ പ്രസവിച്ചിടുന്നു;
സുവ്യാപ്തനായ് നിശിതദീപ്തിയൊടേ വിളങ്ങു-
മിക്കീർത്തിശാലിയെ നയിപ്പൂ, ജനങ്ങളെങ്ങും. (2)

മൂന്നുണ്ടിവന്നു ജനനങ്ങളൊ,രെണ്ണമന്ത-
രിക്ഷത്തിലൊ,ന്നലകടല്ക്കക,മൊന്നു വാനിൽ;
വ്യോമസ്ഥനാണു ശരിയായ് വിഭജിച്ചതെ,ങ്ങും
പൂർവാദിദിക്കുകളെ, മന്നില്യതുക്കളേയും. (3)

ഇഗ്ഗർഭസംസ്ഥിതനെ നിങ്ങളിലാരറിഞ്ഞൂ?
പേർത്തമ്മതൻ ജനകനായ്, മകനന്നലാഭാൽ!
ഭൂര്യംബുഗർഭഗതനീക്കവിയായ വമ്പൻ
പൊങ്ങുന്നു, വാരിധിയിൽനിന്നു ധൃതാന്നനായി. (4)

തിര്യക്സ്ഥിതാംബുതതിതൻ മടിതന്നിൽ മേല്പോ-
ട്ടാളിപ്പിറന്നഥ വളർന്നു, യശസ്വി, ഭദ്രൻ;
ദീപ്തൻ ജനിയ്ക്കെയിരുപാരുകൾ ഭീതരായ്പ്പോയ്!
പിന്നെ,പ്പരാക്രമിയെ നേർക്കു ഭജിയ്ക്കയായി. (5)

ആ രണ്ടു സുന്ദരികൾ നിന്നു ഭജിച്ചിടുന്നു;
ചേരുന്നു, ചെന്നൊലിമുഴക്കിയ പൈക്കൾപോലെ.
മേലാളിയായ് പെരിയ കെല്പിനവൻ: സയജ്ഞർ
തൂകുന്ന ഹവ്യനിര, തെക്കുവശത്തവങ്കൽ. (6)

പൊക്കുന്നു, കൈകളഹിമാംശുകണക്കെയുഗ്രൻ;
വാനൂഴികൾക്കഴകുകൂട്ടി,യൊരുങ്ങിടുന്നു:
എല്ലാറ്റിൽനിന്നു,മൊളിപെറ്റ രസം ഗ്രഹിപ്പൂ;
തായാരിൽനിന്നു പുതുവസ്ത്രമുയർത്തിടുന്നു! (7)

സ്ഥാനേ ചരിയ്ക്കുമുദകത്തിലമർന്നു, നോക്കാൻ
വയ്യാത്ത ദീപ്തിയൊടൊരുൽക്കടരൂപമേന്തി,
നിശ്ശേഷധാരി കവി മൂലതലം തുടയ്ക്കെ,-
യദ്ദേവവിസ്തൃതമഹസ്സൊരു കട്ടയായ്പ്പോം! (8)

മൂലത്തെ നേർക്കു ചുഴലുന്നു, ഭവാന്റെ കത്തി-
ക്കാളും പരാക്രമിമഹസ്സമിതം മഹാത്മൻ;
രക്ഷിയ്ക്കു ഞങ്ങളെ, വിചക്ഷണ, വർദ്ധിതൻ നീ

തോല്ക്കാത്ത തന്നഖിലദീപ്തികളാലുമഗ്നേ! (9)

വാനിൽച്ചരിയ്ക്കുമുദകത്തിനൊഴുക്കു ചേർത്തി-
ട്ട,ന്നിർമ്മലോർമ്മികളെ മന്നിലിവൻ പൊഴിപ്പൂ;
നിർത്തുന്നു, പിന്നെയുദരങ്ങളിലന്നമെല്ലാം,
പുത്തൻപ്രസൂക്കളുടെയുള്ളിലിരുന്നുകൊണ്ടേ! (10)

(കേക)
ഈവണ്ണം ചമതയാൽജ്ജ്വലിച്ച ഭവാനഗ്നേ.
പാർവക, തരികെ,ങ്ങൾക്കന്നവും ദ്രവിണവും;
അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (11)

## കുറിപ്പുകൾ: സൂക്തം 95.

1. ഇരുമാതർ—പകലും രാത്രിയും. ശുഭാർത്ഥം—ലോകനന്മയ്ക്കായി. വരും—ഊഴമിട്ടു വന്നു-ചേരും. രാത്രിയുടെ പുത്രനായ സൂര്യന്നു പാൽ കൊടുക്കുന്നത് (മുലപ്പാൽ കൊടുത്തു വളർത്തുന്നത്) അഗ്നിയുടെ അമ്മയായ പകലാണ്; അഗ്നിയ്ക്കു തേജസ്സുണ്ടാക്കുന്നതു, സൂര്യജനനിയായ രാത്രിയുമാണ്. മറ്റവൾ—തന്റെ അമ്മയല്ലാത്തവൾ.

2. ഈരഞ്ചുപേർ—പത്തുദിക്കുകൾ. യുവതിമാർ—നിത്യയൌവനമാർ. മടി തേടിടാതെ—ജഗൽപോഷണത്തിൽ ഉത്സാഹത്തോടേ. ഗർഭം—മേഘങ്ങളുടെ ഉള്ളിലിരിയ്ക്കുന്ന വൈദ്യുതാഗ്നി. വായുസവിധാൽ—വായുവിന്റെപക്കൽനിന്ന്; ഗർഭോൽപാദകത്വം വായുവിന്നാണ്. നിശിതദീപ്തി—നോക്കാവതല്ലാത്ത തേജസ്സ്. ഇക്കീർത്തിശാലി—അഗ്നി. നയിപ്പൂ—അവരവരുടെ ഉപയോഗത്തിന്നായി കൊണ്ടു പോകുന്നു.

3. അന്തരിക്ഷത്തിൽ വൈദ്യുതാഗ്നി; അലകടല്ക്കകം ബഡവാഗ്നി; വാനിൽ ആദിത്യരൂപി. വ്യോമസ്ഥൻ—ആകാശസ്ഥിതനായ സൂര്യാത്മകാഗ്നി. പൂർവാദി=കിഴക്കു മുതലായ.

4. ഇഗ്ഗർഭസംസ്ഥിതനെ—അന്തരിക്ഷാദികളിൽ ഗർഭമായി വർത്തിയ്ക്കുന്ന അഗ്നിയെ. നിങ്ങൾ—ഋത്വിക്കുകളും യജമാനനും. അമ്മ—ജലം. മകൻ (വൈദ്യുതാഗ്നി) അന്നങ്ങൾ (യജ്ഞങ്ങളിലെ ഹവിസ്സുകൾ) കിട്ടുകയാൽ, അമ്മയുടെ (വർഷജലത്തിന്റെ) ജനകനായി; അഗ്നിയിൽ ചെയ്യുന്ന ആഹുതികൊണ്ടത്രേ മഴയുണ്ടാകുന്നത്. ഭൂര്യംബുഗർഭഗതൻ=വളരെ വെള്ളങ്ങളുടെ ഉള്ളിലിരിക്കുന്നവൻ. ധൃതാന്നനായി (ഹവിസ്സു കൈക്കൊണ്ടു) വാരിധിയിൽ (പൂർവസമുദ്രത്തിൽ) നിന്നു പൊങ്ങുന്നു (സൂര്യനായി ഉദിയ്ക്കുന്നു); ഈ ഔഷസാഗ്നിതന്നെയാണ്, സൂര്യൻ.

5. തിര്യക് സ്ഥിതാംബുതതി—മേഘങ്ങളിൽ വിലങ്ങനെ വർത്തിയ്ക്കുന്ന ജലസമൂഹം. ഭദ്രൻ—ശോഭനപ്രഭൻ. ഇരുപാരുകൾ—വാനൂഴികൾ. നേർക്ക്—ആഭിമുഖ്യേന.

6. ആ രണ്ടു സുന്ദരികൾ-വാനൂഴികൾ. ഒലിമുഴക്കിയ (ഉമ്പയിടുന്ന) പൈക്കൾ കുട്ടിയോടെന്നപോലെ, വാനൂഴികൾ ഈ അഗ്നിയോടു ചെന്നുചേരുന്നു. സയജ്ഞർ—ഋത്വിക്കുകൾ. തെക്കുവശത്ത്—ആഹവനീയാഗ്നിയുടെ തെക്കുഭാഗത്ത്.

7. അഹിമാംശു (സൂര്യൻ) രശ്മികളെന്നപോലെ ഉഗ്രൻ (ഭയങ്കരനായ അഗ്നി) കൈകൾ (ജ്വാലകൾ) പൊക്കുന്നു. ഒരുങ്ങിടുന്നു—സ്വകർമ്മത്തിൽ വ്യാപരിയ്ക്കുന്നു. രസം—നീരാവി. ഗ്രഹിപ്പൂ—രശ്മികൾകൊണ്ട് വലിച്ചെടുക്കുന്നു. തായാർ—അമ്മമാരായ വർഷജലങ്ങൾ. പുതുവസ്ത്രം—സർവജഗദാച്ഛാദകമായ തേജസ്സ്.

8. സ്ഥാനേ–അന്തരിക്ഷത്തിൽ. അമർന്നു–വൈദ്യുതാത്മനാ വർത്തിച്ച്. ഉൽകടം –അത്യുൽകൃഷ്ടം. നിശ്ശേഷധാരി–എല്ലാറ്റിനെയും നിലനിർത്തുന്നവൻ. മൂലതലം –ജലത്തിന്റെ മൂലസ്ഥാനമായ അന്തരിക്ഷം. അദ്ദേവവിസ്തൃതമഹസ്സ്–ദേവനാൽ (അഗ്നിയാൽ) പരത്തപ്പെട്ട ആ തേജസ്സ്.

9. മൂലം–അന്തരിക്ഷം. പരാക്രമിമഹസ്സ്–രാക്ഷസാദികളെ ആക്രമിയ്ക്കുന്ന തേജസ്സ്. വിചക്ഷണ–രക്ഷണനിപുണ. വർദ്ധിതൻ=ജ്വലിപ്പിയ്ക്കപ്പെട്ടവൻ. തോല്ക്കാത്ത–രാക്ഷസാദികളിൽനിന്ന് ഇടിവു പറ്റാത്ത.

10. പുത്തൻപ്രസൂക്കൾ–മഴകൊണ്ടു മുളച്ച ഓഷധികൾ. അവയ്ക്കു മൂപ്പവരുന്നത്, അഗ്നി ഉള്ളിലിരിയ്ക്കുകൊണ്ടാണ്. അദ്ദേഹം അതു ചെയ്ത്, അന്നമെല്ലാം ഉദരങ്ങളിൽ (ഓഷധ്യന്തർഭാഗങ്ങളിൽ) നിർത്തുന്നു (സംഭരിയ്ക്കുന്നു).

## സൂക്തം 96.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; ദ്രവിണോദസ്സ് എന്ന അഗ്നി ദേവത. (കേക)

കെല്പിനാൽജ്ജനിച്ചപ്പോൾത്താനിവൻ പഴമക്കാർ-
ക്കൊപ്പമേറ്റെടുത്താനേ, കവിതൻ കർമ്മം സർവം!
നേർക്കൊരു സുഹൃത്താക്കീ, വെള്ളവും ധിഷണയും;
കൈക്കൊണ്ടൂ, ദ്രവിണോദസ്സാമീയഗ്നിയെദ്ദേവർ. (1)

പ്രഥമനിവിത്തിനാൽഗ്ഗുണങ്ങൾ വർണ്ണിപ്പോനും
മനുവും സ്തുതിയ്ക്കയാൽസ്സൃഷ്ടിച്ചാൻ, മനുജരെ;
തേജസ്സാലുടുപ്പിച്ചാൻ, ദ്യോവന്തരിക്ഷങ്ങളെ;-
കൈക്കൊണ്ടൂ, ദ്രവിണോദസ്സാമിയഗ്നിയെദ്ദേവർ. (2)

മർത്ത്യരേ, സ്തുതിയ്ക്കുവിൻ, സ്വാമികാമരാം നിങ്ങൾ:
അധ്വരനിർവാഹകനാ,ഹുതന,വൻ മുഖ്യൻ,
അന്നജൻ, സ്തുതിസാധ്യൻ, ഭരതൻ, നിത്യൌദാര്യൻ!
കൈക്കൊണ്ടൂ, ദ്രവിണോദസ്സാമീയഗ്നിയെദ്ദേവർ. (3)

അന്തരിക്ഷസ്ഥനവൻ ഭൂരികാമ്യർദ്ധിയുത-
നം,ബരക്ഷിതികളെച്ചമച്ചോൻ, വിൺപൂകിപ്പോൻ
മാർഗ്ഗത്തിൽ നടത്തട്ടേ, മകനെ പ്രജാപാലൻ!
കൈക്കൊണ്ടൂ, ദ്രവിണോദസ്സാമീയഗ്നിയെദ്ദേവർ. (4)

രൂപത്തെപ്പരസ്പരം മായ്ച്ചുകൊണ്ടൊരുമിയ്ക്കും
രാപകലുകളൊരേ കുഞ്ഞിന്നു പാലേകുന്നു:
പാർക്കുന്നു, നഭഃക്ഷോണീമധ്യത്തിലപ്പൊന്നുണ്ണി!
കൈക്കൊണ്ടൂ, ദ്രവിണോദസ്സാമീയഗ്നിയെദ്ദേവർ. (5)

മുതലിൻ മുരടിവൻ ധനങ്ങൾ നല്കുന്നവൻ,
ക്രതുവിന്നടയാള,മാശ്രിതന്നഭീഷ്ടദൻ;
നേർക്കു തന്നമരത്വം രക്ഷിച്ചുവരുന്നവർ
കൈക്കൊണ്ടൂ, ദ്രവിണോദസ്സാമീയഗ്നിയെദ്ദേവർ. (6)

ഇപ്പൊഴും പണ്ടും സ്വത്തിൻ പാർപ്പിട,മുൽപന്നത്തെ-
യുൽപദ്യമാനത്തെയും നിലനിർത്തുന്നോനിവൻ
സത്തിനു,മുണ്ടാമസംഖ്യത്തിനും സംരക്ഷകൻ!
കൈക്കൊണ്ടൂ, ദ്രവിണോദസ്സാമീയഗ്നിയെദ്ദേവർ. (7)

ജംഗമങ്ങൾതൻ കെല്പിലൊട്ടംശം ദ്രവിണോദ-
സ്സി,ങ്ങചരത്തിന്റെയും ദ്രവിണോദസ്സേകട്ടേ;
നല്കട്ടേ, ദ്രവിണോദസ്സന്നവും വീരരെയും;
നമ്മൾക്കീ ദ്രവിണോദസ്സേകട്ടെ, ദീർഘായുസ്സും! (8)

ഈവണ്ണം ചമതയാൽജ്ജ്വലിച്ച ഭവാനഗ്നേ,
പാവക, തരികെ,ങ്ങൾക്കന്നവും ദ്രവിണവും;
അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും

ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (9)

## കുറിപ്പുകൾ: സൂക്തം 96.

1. കെല്പിനാൽ—അരണിമഥനംകൊണ്ട്. ഇവൻ—അഗ്നി. കവി—ക്രാന്തദർശിയായ ഒരു പ്രഗല്ഭൻ. കർമ്മം—ഹവിർവഹനാദി. ജനിച്ചപ്പോൾത്തന്നെ പഴമക്കാരെപ്പോലെ ജോലികളിലേർപ്പെട്ടു! സുഹൃത്താക്കീ—മേഘവർത്തിയായ ജലം, ധിഷണ (അന്തരിക്ഷത്തിലെ വാക്ക്—ശബ്ദം) എന്നിവയുടെ കൂട്ടുകാരനാണല്ലോ, വൈദ്യുതാഗ്നി. ദേവർ—ഋത്വിക്കുകൾ; അല്ലെങ്കിൽ ഇന്ദ്രാദികൾ.
2. പ്രഥമനിവിത്ത്=ഒന്നാമത്തെ നിവിത്ത്; വർണ്ണനാത്മകസ്തോത്രമത്രേ, നിവിത്ത്. സൃഷ്ടിച്ചാൻ—ഈ അഗ്നി. തേജസ്സാൽ—തന്റെ തേജസ്സിനെ ദ്യോവിന്നും അന്തരിക്ഷത്തിന്നും ഉടുപ്പാക്കി; തേജസ്സുകൊണ്ട് അവയെ മറച്ചു.
3. അന്നജൻ—ജഠരാഗ്നി വളരുന്നതു, ഭക്ഷണത്താലാണല്ലോ. സ്തുതിസാധ്യൻ= -സ്തുതികൊണ്ടു വശത്താക്കേണ്ടുന്നവൻ. ഭരതൻ—ഹവിസ്സിനെ വഹിയ്ക്കുന്നവൻ. നിത്യൌദാര്യൻ—അവിച്ഛിന്നദാനശീലൻ.
4. ഭൂരികാമ്യർദ്ധിയുതൻ=വളരെ ജനങ്ങളാൽ സ്പൃഹണീയമായ ഋദ്ധി(സമൃദ്ധി) യോടു കൂടിയവൻ. വിൺപൂകിപ്പോൻ—സൽക്കർമ്മികളെ. മകനെ—നമ്മുടെ പുത്രനെ മാർഗ്ഗത്തിൽ (നേർവഴിയിൽ) നടത്തട്ടെ.
5. രൂപത്തെപ്പരസ്പരം—രാത്രിയുടെ രൂപത്തെ പകലും, പകലിന്റെ രൂപത്തെ രാത്രിയും മായ്ക്കുന്നു; രണ്ടും ഒത്തൊരുമിയ്ക്കുകയും ചെയ്യുന്നു. ഒരേ കുഞ്ഞിന്നു—പകലിന്റെ പുത്രനായ അഗ്നിയ്ക്ക്. പാൽ—യജമാനന്റെ ഹവിസ്സ്. അപ്പൊന്നുണ്ണി—ആ പൊന്നുപോലെ വിളങ്ങുന്ന കുട്ടി.
6. തന്നമരത്വം—തങ്ങളുടെ മരണരാഹിത്യം.
7. ഉൽപദ്യമാനം—ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നത്. സത്ത്=ഉള്ളത്. ഉണ്ടാം=ഉണ്ടാകാൻ പോകുന്നു.
8. ജംഗമ—സ്ഥാവരങ്ങളുടെ ബലത്തിന്റെ ഓരോ അംശം ദ്രവിണോദസ്സ് ഇങ്ങ് (നമുക്ക്) ഏകട്ടെ. വീരർ—വീരപുത്രാദികൾ.

## സൂക്തം 97.

കുത്സൻ ഋഷി; ഗായത്രി ഛന്ദസ്സ്; ശുചിഗുണകൻ എന്ന അഗ്നി ദേവത.

അഗ്നേ, ശോകത്തിൽ മുഴുകിച്ചാകട്ടേ, ഞങ്ങൾതന്നഘം;
നീളെക്കാണിയ്ക്കുക ധനം; ചാകട്ടേ, ഞങ്ങൾതന്നഘം! (1)

സൽക്ഷേത്രവും സൽപഥവും സമ്പത്തുമിഹ കൈവരാൻ
യജ്ഞം ഞങ്ങൾ നടത്താവൂ; ചാകട്ടേ, ഞങ്ങൾതന്നഘം! (2)

ഞങ്ങൾതൻ പണ്ഡിതന്മാരു,മിദ്ദേഹത്തെക്കണക്കിനെ
ശ്രേഷ്ഠസ്തോതാക്കളാകട്ടേ; ചാകട്ടേ, ഞങ്ങൾതന്നഘം! (3)

അഗ്നേ, വർദ്ധിപ്പതുണ്ടല്ലോ, നിന്നെപ്പറ്റി സ്തുതിപ്പവർ;
അമ്മട്ടിലാകെങ്ങളുമേ! ചാകട്ടേ, ഞങ്ങൾതന്നഘം! (4)

സോഢാവാമഗ്നിതൻ ജ്വാലച്ചാർത്തെല്ലാടത്തുനിന്നുമേ
പാളിപ്പൊങ്ങുന്നതുണ്ടല്ലോ; ചാകട്ടേ, ഞങ്ങൾതന്നഘം! (5)

വിശ്വതോമുഖനല്ലോ നീ: സർവപീഡയിൽനിന്നുമേ
പിടിച്ചുകേറ്റുമാറാക; ചാകട്ടേ, ഞങ്ങൾതന്നഘം! (6)

ഹേ വിശ്വതോമുഖ, ഭവാൻ തോണിയാൽപ്പോലെ ഞങ്ങളെ
മാറ്റാർപ്പുഴ കടത്താവൂ! ചാകട്ടേ, ഞങ്ങൾതന്നഘം! (7)

തോണിയാൽപ്പോലെ വിദ്വേഷിപ്പുഴയ്ക്കക്കരെയാക്കി നീ
ക്ഷേമം തന്നരുൾകെങ്ങൾക്കു! ചാകട്ടേ, ഞങ്ങൾതന്നഘം! (8)

### കുറിപ്പുകൾ: സൂക്തം 97.

1. അഘം=പാപം. ചാകട്ടെ—നശിച്ചുപോകട്ടെ.
2. സൽക്ഷേത്രം=നല്ല കൃഷിനിലം.
3. പണ്ഡിതന്മാർ—സ്തോതാക്കൾ. ഇദ്ദേഹം-കുത്സൻ.
4. എങ്ങളും അമ്മട്ടിലാക—അഭിവൃദ്ധിപ്പെടട്ടെ.
5. സോഢാവ്—ശത്രുക്കളുടെ ആക്രമണത്തെ സഹിയ്ക്കുന്നവൻ; ക്ഷമാവാൻ.
6. വിശ്വതോമുഖൻ=സർവത്ര മുഖങ്ങൾ (ജ്വാലകൾ) ഉള്ളവൻ. കേറ്റുമാറാക—ഞങ്ങളെ.
7. മാറ്റാർപ്പുഴ കടത്താവൂ—ശത്രുസമൂഹമാകുന്ന പുഴയുടെ അപ്പുറത്താക്കേണമേ.
8. വിദ്വേഷി=ശത്രു.

## സൂക്തം 98.

കുത്സൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വൈശ്വാനരൻ എന്ന അഗ്നി ദേവത.

വൈശ്വാനരന്നു നമ്മളിൽ തിരുവുള്ളം തോന്നട്ടെ: ആ സേവനീയൻ ജഗത്തുക്കളുടെ രാജാവാണല്ലോ! അവിടുന്ന് ഇതിൽനിന്നു ജനിയ്ക്കുമ്പോൾത്തന്നേ ഈ വിശ്വത്തെ വീക്ഷിയ്ക്കുന്നു; ഉദയസൂര്യനോടു ചേരുകയും ചെയ്യുന്നു. (1)

ഈ വൈശ്വാനരാഗ്നി ദ്യോവിൽ ചേർന്നുനില്ക്കുന്നു, ഭൂവിൽ ചേർന്നുനില്ക്കുന്നു, ഓഷധികളിലെല്ലാം ഉള്ളിൽ ചേർന്നുനില്ക്കുന്നു; ബലത്തോടു ചേർന്നുനില്ക്കുന്ന അവിടുന്നു പകലിലും, അവിടുന്നു രാത്രിയിലും നമ്മെ ദ്രോഹിയിൽനിന്നു രക്ഷിയ്ക്കട്ടെ! (2)

വൈശ്വാനര, അങ്ങയുടേതായ ഇതു സഫലമായിബ്ഭവിയ്ക്കട്ടെ: ഞങ്ങളെ ധനവാന്മാരായ പൊന്നുണ്ണികൾ ശുശ്രൂഷിയ്ക്കട്ടെ;

(കേക)

അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (3)

### കുറിപ്പുകൾ: സൂക്തം 98.

1. ഇതിൽനിന്ന്–അരണിദ്വയത്തിൽനിന്ന്.
3. അങ്ങയുടേതായ ഇതു–അങ്ങയ്ക്കായിട്ടുള്ള കർമ്മം. പൊന്നുണ്ണികൾ–പൊന്നു (ധനം)പോലെ ഏറ്റവും പ്രിയപ്പെട്ട പുത്രന്മാർ.

## സൂക്തം 99.

മരീചിപുത്രൻ കശ്യപൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ജാതവേദസ്സ് എന്ന അഗ്നി ദേവത.

നാം ജാതവേദസ്സിന്നു സോമം പിഴിയുക: പകയുള്ളവരുടെ ധനം അവിടുന്നു ചുട്ടുപൊട്ടിയ്ക്കട്ടെ; ആ അഗ്നി നമ്മെ എല്ലാദ്ദുർഗ്ഗങ്ങളും, തോണികൊണ്ടു പുഴപോലെ കടത്തിവിടട്ടെ—ദുരിതങ്ങളുടെയും അക്കരയിലാക്കട്ടെ! (1)

### കുറിപ്പുകൾ: സൂക്തം 99.

1. പക—നമ്മുടെ നേരേ വൈരം.

## സൂക്തം 100.

ഋജ്രാശ്വാദികളായ അഞ്ചു രാജപുത്രന്മാർ ഋഷിമാർ; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

വൃഷാവും, വീര്യങ്ങൾ ചേർന്നൊത്തവനും, മഹത്തായ വിണ്ണിന്റെയും മന്നിന്റെയും സമ്രാട്ടും, ജലത്തെ പുറപ്പെടുവിച്ചവനും, യജ്ഞങ്ങളിൽ ആവാഹിയ്ക്കപ്പെടേണ്ടവനും ആരോ; ആ മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (1)

ആരുടെ ഗമനം, സൂര്യന്റേതുപോലെ അനന്യലഭ്യമോ; ആർ പോരിൽ പോരിൽ പററലരെ വധിയ്ക്കുകയും, വരട്ടുകയും ചെയ്യുമോ; ആർ സഞ്ചാരശീലരായ തന്റെ സഖാക്കളൊന്നിച്ചു ധാരാളം വർഷിയ്ക്കുമോ; ആ മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (2)

ആരുടെ പ്രബലങ്ങളും അന്യർക്കു കിട്ടാത്തവയുമായ രശ്മികൾ, സൂര്യന്റേതുപോലെ വർഷജലത്തെ കറന്നുകൊണ്ടു പ്രസരിയ്ക്കുമോ; കൂടലരെ കടക്കുന്ന, പൌരുഷംകൊണ്ടു തോല്പിയ്ക്കുന്ന, ആ മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (3)

അംഗിരസ്സുകളെക്കാൾ അംഗിരസ്സ്, വർഷകരെക്കാൾ വർഷകൻ, സഖാക്കളെക്കാൾ സഖാവ്, പൂജ്യരെക്കാൾ പൂജ്യൻ, സ്തോതവ്യരെക്കാൾ സ്തോതവ്യൻ– ഇങ്ങനെയുള്ള മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (4)

പുത്രരോടെന്നപോലെ രുദ്രപുത്രരോടുകൂടിയവനും, മഹാനും, യുദ്ധത്തിൽ അമിത്രരെ അമർത്തുന്നവനും, കൂട്ടാളികളൊന്നിച്ചു മഴപെയ്യിയ്ക്കുന്നവനും ആരോ; ആ മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (5)

അരിശംപൂണ്ടടരാടുന്ന ആ സൽപതിയായ പുരുഹൂതൻ ഇന്നു സൂര്യപ്രകാശം നമ്മുടെ ആളുകൾക്കു പകുത്തുവെയ്ക്കട്ടെ; മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (6)

ആരെ യുദ്ധത്തിൽ മരുത്തുക്കൾ ഇമ്പപ്പെടുത്തിയോ; ആരെ മനുഷ്യർ ക്ഷേമത്തിന്റെ പാലകനാക്കിപ്പോരുന്നുവോ; ആർ ഒററയ്ക്ക് എല്ലാക്കർമ്മത്തിന്നും പോന്നവനോ; ആ മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (7)

നേതാക്കൾ ബലത്തിന്റെ ഉത്സവങ്ങളിൽ, അന്നത്തിന്നും ധനത്തിന്നുമായി ഈയൊരു നേതാവിനെയത്രേ, ആശ്രയിയ്ക്കുന്നത്: കൂരിരുട്ടിലും വെളിച്ചം കിട്ടിയ്ക്കുമല്ലോ, അവിടുന്ന്; ആ മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (8)

അവിടുന്ന് ഇടംകൈകൊണ്ടു വമ്പിച്ച ഹിംസകരെപ്പോലും അടക്കിനിർത്തും; വലംകൈകൊണ്ടു ഹവിസ്സുകളും വാങ്ങും; അവിടുന്നു സ്തോതാക്കൾക്കും കൊടുക്കും ധനം; ആ മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (9)

അദ്ദേഹം മരുദ്ഗണത്തോടൊന്നിച്ചു ദാനംചെയ്യുന്നു; അദ്ദേഹത്തെ പള്ളിത്തേരുകൾകാണ്ടാണ്, ഇന്നു മനുഷ്യരെല്ലാം അറിയുന്നത്; അദ്ദേഹം പൌരുഷംകൊണ്ടു പററലരെ പരാജയപ്പെടുത്തുന്നു; ആ മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (10)

ആ പുരുഹൂതൻ പോരിന്നു പോകുന്ന ബന്ധുക്കളോടോ അബന്ധുക്കളോടോ ചേർന്നാൽ, ആ ആശ്രിതരുടെ പുത്രന്നും അവന്റെ മകന്നുംകൂടി കിട്ടും വിജയം! ആ മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (11)

വജ്രധരൻ, ദസ്യുഹരൻ, ഭീമൻ, ഉഗ്രൻ, ആയിരം ജ്ഞാനങ്ങളുള്ളവൻ, നൂററമട്ടിൽ സ്തുതിയ്ക്കപ്പെട്ടവൻ, മഹാൻ, സോമംപോലെ ബലം കൊണ്ടു പഞ്ചജനങ്ങ-

ളെ പുലർത്തുന്നവൻ—ഇങ്ങനെയുള്ള മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (12)

തന്റെ വജ്രം നിലവിളിപ്പിയ്ക്കുന്നു; താൻ മഴപെയ്യിയ്ക്കുന്നു, ഇടിവെട്ടിയ്ക്കുന്നു, സൂര്യൻപോലെ പ്രകാശിയ്ക്കുന്നു, കർമ്മങ്ങൾ ചെയ്യുന്നു; ദാനങ്ങൾ തങ്കൽ നില്ക്കുന്നു, ധനങ്ങളും തങ്കൽ നില്ക്കുന്നു; ആ മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (13)

ആരുടെ സ്തുത്യവും ഉപമാനഭൂതവുമായ ബലം ദ്യാവാപൃഥിവികളെ എങ്ങും എന്നും നിലനിർത്തുന്നുവോ, അവൻ ക്രതുക്കളാൽ പ്രസാദിച്ച്, അക്കരയ്ക്കെത്തിയ്ക്കട്ടെ; ആ മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (14)

തന്തിരുവടിയുടെ ബലത്തിന്റെ അററം ദേവകളോ മനുഷ്യരോ ജലങ്ങൾപോലുമോ കണ്ടെത്തിയിട്ടില്ല; താൻ കെല്പുകൊണ്ടു വിൺമന്നുകളെയും കവിച്ചുനില്ക്കുന്നു. ആ മരുത്ത്വാനായ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളട്ടെ! (15)

ഋജ്രാശ്വന്റെ ധനത്തിന്നായി വൃഷാവു കേറിയ രഥത്തെ മുന്നിൽ നിന്നു വഹിയ്ക്കുന്ന ആഹ്ലാദകരങ്ങളായ വിൺകുതിരകൾ—ചുകന്നു കറുത്തു, സ്വതേ ഉയർന്നു, കോപ്പണിഞ്ഞവ—മനുഷ്യസേനകളിൽ അറിയപ്പെട്ടു! (16)

ഇന്ദ്ര, വൃഷാവായ അങ്ങയെ ആരാധിപ്പാൻ ഈ സ്തോത്രം വൃഷാഗീരിന്റെ പുത്രന്മാർ—ഋജ്രാശ്വൻ, പാർശ്വസ്ഥരായ അംബരീഷൻ, സഹദേവൻ, ഭയമാനൻ, സുരാധസ്സ് എന്നിവർ—നേരിട്ടു പാടുന്നു. (17)

പുരുഹൂതൻ വെണ്മ പൂണ്ട സഞ്ചാരികളായ സഖാക്കളോടുകൂടി ഭൂമിയിലെ ദസ്യുക്കളെയും കൊലയാളികളെയും ശോഭനമായ വജ്രായുധമെയ്തു നിഹനിച്ചു; നിലം കയ്യടക്കി. സൂര്യനെ കണ്ടുപിടിച്ചു; ജലത്തെയും കണ്ടുപിടിച്ചു! (18)

ഇന്ദ്രൻ എന്നെന്നും നമ്മെപ്പറ്റി കവിഞ്ഞരുളിച്ചെയ്യട്ടെ. നാം നേർവഴിയിലൂടേ അന്നം സമ്പാദിയ്ക്കുക.

(കേക)

അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (19)

## കുറിപ്പുകൾ: സൂക്തം 100.

2. സഖാക്കൾ—മരുത്തുക്കൾ.
4. അംഗിരസ്സുകൾ—ഗമനശീലർ.
5. പുത്രരോടെന്നപോലെ—പുത്രനിർവിശേഷമായ വാത്സല്യത്തോടേ. രുദ്രപുത്രർ—മരുത്തുക്കൾ. കൂട്ടാളികൾ—മരുത്തുക്കൾ.
6. പകുത്തുവെയ്ക്കട്ടെ—സൂര്യപ്രകാശം നമുക്ക്; അന്ധകാരം ശത്രുക്കൾക്ക്.
8. ബലത്തിന്റെ ഉത്സവങ്ങൾ—യുദ്ധങ്ങൾ.
9. സ്തോതാക്കൾക്കും—യജമാനന്നുമാത്രമല്ല.
11. ആ ആശ്രിതരുടെ—രണ്ടു തരക്കാരായ ആശ്രിതരുടെയും.
12. ദസ്യുഹരൻ=ദസ്യുക്കളെ നശിപ്പിയ്ക്കുന്നവൻ. ഉഗ്രൻ—തേജസ്സുയർന്നവൻ.
13. നിലവിളിപ്പിയ്ക്കുന്നു—ശത്രുക്കളെ.
14. അക്കരയ്ക്കെത്തിയ്ക്കട്ടെ—നമ്മെ പാപങ്ങളുടെ മറുകരയിലണയ്ക്കട്ടെ.

16. ധനത്തിന്നായി–ശത്രുക്കൾ അപഹരിച്ച ഗോക്കളെ വീണ്ടെടുക്കാൻ.
17. വൃഷാഗീര്–ഒരു രാജാവ്. പാർശ്വസ്ഥർ–സഹവാസികൾ.
18. നിലം–ശത്രുക്കളുടെ ഭൂമി.
19. അതിനെ–ഈ സൂക്തംകൊണ്ടു പ്രാർത്ഥിയ്ക്കപ്പെട്ടതിനെ.

## സൂക്തം 101.

കുത്സൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

നിങ്ങൾ സ്തോതവ്യന്ന ഹവിസ്സൊരുക്കി, സ്തോത്രം ഉച്ചരിയ്ക്കുവിൻ: ആർ ഋജിശ്വാവിനോടൊന്നിച്ച കൃഷ്ണാസുരന്റെ ഗർഭിണികളെക്കൂടി കൊന്നൊടുക്കിയോ; വലത്തേക്കയ്യിൽ വജ്രമുള്ള ആ വൃഷാവായ മരുത്ത്വാനെ രക്ഷണേച്ഛുക്കളായ നാം സഖ്യത്തിന്നു വിളിയ്ക്കുക! (1)

ആർ അരിശം മുഴുത്തു, തോളറ്റവനെയും, ആർ ശംബരനെയും, ആർ യജ്ഞവിരോധിയായ പിപ്രുവിനെയും നിഹനിച്ചുവോ; ആർ എതിരില്ലാത്ത ശുഷ്ണനെ മുരടോടേ മുടിച്ചുവോ; ആ ഇന്ദ്രനെ, മരുത്ത്വാനെ, നാം സഖ്യത്തിന്നു വിളിയ്ക്കുക! (2)

ആരുടെ വമ്പിച്ച ബലത്തെ ദ്യാവാപൃഥിവികളും, ആരുടെ ആജ്ഞയെ വരുണസൂര്യന്മാരും അനുസരിയ്ക്കുന്നുവോ; ആരുടെ ആജ്ഞയാൽ നദികൾ പ്രവഹിയ്ക്കുന്നുവോ; ആ മരുത്ത്വാനെ നാം സഖ്യത്തിന്നു വിളിയ്ക്കുക! (3)

ആർ അശ്വങ്ങളുടെ, ആർ ഗോക്കളുടെയെല്ലാം അധിപതിയോ; ആർ കർമ്മത്തിൽ തീർച്ചയായും സ്തുതിയ്ക്കപ്പെട്ടു വന്നു ചേരുമോ; ആർ യജ്ഞവിരോധിയെ—അവനെത്ര കെല്പനായാലും—വധിയ്ക്കുമോ; ആ ഇന്ദ്രനെ, മരുത്ത്വാനെ, നാം സഖ്യത്തിന്നു വിളിയ്ക്കുക! (4)

ജീവിയ്ക്കുന്ന സർവലോകത്തിന്റെയും അധിപതിയാണിന്ദ്രൻ; അവിടുന്നാണല്ലോ, ബ്രാഹ്മണർക്കുവേണ്ടി മുമ്പേ ഗോക്കളെ വീണ്ടെടുത്തത്; ദസ്യുക്കളെ അവിടുന്നു തരംതാഴ്ത്തി കൊന്നൊടുക്കി; ആ മരുത്ത്വാനെ നാം സഖ്യത്തിന്നു വിളിയ്ക്കുക! (5)

ആരെ ശൂരന്മാരും ആരെ ഭീരുക്കളും വിളിയ്ക്കേണമോ; തോറ്റോടുന്നവരും ജയിയ്ക്കുന്നവരും ആരെ വിളിയ്ക്കുന്നുവോ; ലോകമെല്ലാം ആരെ പ്രതിഷ്ഠിയ്ക്കുന്നുവോ; ആ ഇന്ദ്രനെ, മരുത്ത്വാനെ, നാം സഖ്യത്തിന്നു വിളിയ്ക്കുക! (6)

ഇന്ദ്രൻ വെളിച്ചം പരത്തി, പ്രാണങ്ങളെ നല്കിക്കൊണ്ടു സഞ്ചരിയ്ക്കുന്നു; യോഷയാൽ ചിക്കെന്നു വളർത്തപ്പെട്ട മരുത്തുക്കളോടുകൂടിയ ആ വിഖ്യാതനെ മനീഷ സ്തുതിച്ചുപോരുന്നു; ആ മരുത്ത്വാനെ നാം സഖ്യത്തിന്നു വിളിയ്ക്കുക! (7)

മരുത്ത്വാനേ, അങ്ങു മികച്ച സ്വഗൃഹത്തിലായിരിയ്ക്കാം; അല്ലെങ്കിൽ പുതിയ വല്ല യുദ്ധത്തിലും ഇമ്പംകൊള്ളുകയായിരിയ്ക്കാം. എവിടെനിന്നായാലും, നേരേ ഞങ്ങളുടെ യാഗത്തിൽ വന്നുചേരുക: ഹേ സത്യധന, അങ്ങയെ ഇച്ഛിച്ചാണ്, ഞങ്ങൾ ഹവിസ്സൊരുക്കിയത്! (8)

ഇന്ദ്ര, ശോഭനബല, അങ്ങയെ ഇച്ഛിച്ചാണ്, ഞങ്ങൾ സോമം പിഴിഞ്ഞത്; മന്ത്രംകൊണ്ടു പ്രാപിയ്ക്കപ്പെടുന്നവനേ, അങ്ങയെ ഇച്ഛിച്ചാണ്, ഞങ്ങൾ ഹവിസ്സൊരുക്കിയത്. കുതിരകളുള്ളവനേ, ഇനി അങ്ങു മരുദ്ഗണങ്ങളോടൊന്നിച്ച്, ഈ യജ്ഞത്തിൽ ദർഭയിലിരുന്നു തൃപ്തിയടഞ്ഞാലും! (9)

അങ്ങു സ്വന്തം കുതിരകളോടുകൂടി തൃപ്തിയടഞ്ഞാലും: അവയുടെ അണക്കടകൾ വിടർത്തുക; നാക്കു-ചെറുനാക്കുകളും വിടുർത്തുക. നല്ല അണക്കടകളുള്ളവനേ, ഇന്ദ്ര, അങ്ങയെ കുതിരകൾ ഇവിടെ കൊണ്ടുവരട്ടെ; അങ്ങു താൽപര്യത്തോടേ ഞങ്ങളുടെ ഹവിസ്സുകൾ പ്രത്യേകം കൈക്കൊള്ളുക! (10)

മരുത്തുക്കളെയും കൂട്ടി സ്തുതിയ്ക്കപ്പെടുന്ന, മാറ്റലരെ തട്ടിനീക്കുന്ന ഇന്ദ്രനാൽ രക്ഷണീയരായ ഞങ്ങൾക്കു തന്തിരുവടിയിൽനിന്ന് അന്നം കിട്ടുമാറാകട്ടെ;

(കേക)

അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (11)

## കുറിപ്പുകൾ: സൂക്തം 101.

1. നിങ്ങൾ—ഋത്വിക്കുകൾ. സ്തോതവ്യൻ—ഇന്ദ്രൻ. ഋജിശ്വാവ്—ഒരു രാജാവ്. ഗർഭിണികളെക്കൂടി കൊന്നൊടുക്കി—കൃഷ്ണാസുരന്റെ വംശത്തെ തീരെ നശിപ്പിയ്ക്കാൻ.
2. തോളറ്റവൻ—തോളുകൾ വെട്ടപ്പെട്ട വൃത്രൻ.
5. ബ്രാഹ്മണർ—അംഗിരസ്സുകൾ. മുമ്പേ—മറ്റു ദേവന്മാരെക്കാൾ. തരംതാഴ്ത്തി—മേന്മ പോക്കി.
6. ശൂരന്മാർക്കും ഇന്ദ്രന്റെ സാഹായ്യം വേണം, യുദ്ധത്തിൽ. പ്രതിഷ്ഠിയ്ക്കുന്നു—സ്വസ്വകാര്യങ്ങളിൽ.
7. നല്കിക്കൊണ്ട്—ദേഹികൾക്ക്. യോഷ—രുദ്രപത്നി. (?) വളർത്തപ്പെട്ട—യൌവനാരൂഢരാക്കപ്പെട്ട. ആ വിഖ്യാതനെ—സൂര്യാത്മനാ വിളിപ്പെട്ട ഇന്ദ്രനെ. മനീഷ—മന്ത്രരൂപയായ വാക്ക്.
9. തൃപ്തിയടഞ്ഞാലും—മതിയാംവരെ സോമനീർ കുടിച്ചാലും.
10. വിടർത്തുക—സോമനീർ കുടിപ്പിയ്ക്കാൻ.

## സൂക്തം 102.

കുത്സൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

മഹാനായ അങ്ങയ്ക്കായി ഈ മഹത്തായ സ്തുതി ഞാൻ കരുതി വെയ്ക്കുന്നു: ഇവന്റെ സ്തോത്രത്തിൽ പറ്റിനിന്നുവല്ലോ, അങ്ങയുടെ ബുദ്ധി. ആ ശത്രുമഥനനായ ഇന്ദ്രനെയത്രേ, ദേവന്മാർ ഉത്സവത്തിന്നും ഉൽപത്തിയ്ക്കുംവേണ്ടി, ബലം പുകഴ്ത്തി ക്രമേണ പ്രീതിപ്പെടുത്തിയത്. (1)

അവിടുത്തെ യശസ്സിനെ സപ്തനദികളും, ദർശനീയമായ രൂപത്തെ ദ്യാവാപൃഥിവ്യന്തരിക്ഷങ്ങളും വഹിച്ചുപോരുന്നു. ഇന്ദ്ര, സൂര്യചന്ദ്രന്മാർ ഞങ്ങൾക്കു വെളിച്ചം തരാനും വിശ്വാസം വരുത്താനുമായി മാറി മാറി സഞ്ചരിയ്ക്കുന്നു. (2)

ഇന്ദ്ര, ഞങ്ങളുടെ മനസ്സിനാൽ പലവുരു സ്തുതിയ്ക്കപ്പെട്ടവനേ, യുദ്ധം വന്നാൽ ഞങ്ങൾ യാതൊന്നിനെ പ്രസാദിപ്പിയ്ക്കുമോ; അങ്ങയുടെ ആ വെറ്റിത്തേർതന്നെ മഘവാവേ, ഞങ്ങൾക്കു ധനം കൈവരുമാറ് ഇങ്ങോട്ടു തിരിച്ചാലും! മഘവാവേ, അങ്ങയെ ഇച്ഛിയ്ക്കുന്ന ഞങ്ങൾക്കു ധനം തന്നരുളിയാലും! (3)

ഇന്ദ്ര, അങ്ങയുടെ തുണയാൽ ഞങ്ങൾ എതിരാളിയെ വെല്ലുമാറാകണം; അങ്ങു പോരിൽ പോരിൽ ഞങ്ങളുടെ പങ്കിനെ തികച്ചും രക്ഷിയ്ക്കണം. ഞങ്ങൾക്കു ധനം സുലഭമാക്കുക; മഘവാവേ, മാറ്റലരുടെ വീര്യം മർദ്ദിച്ചരുളുക! (4)

ഇന്ദ്ര, ധനങ്ങൾ കയ്യിലുള്ളവനേ, രക്ഷണത്തിന്നായി അങ്ങയെ വിളിയ്ക്കുന്ന ഈ സ്തോതാക്കൾ പലതരക്കാരാണല്ലോ; എന്നാൽ, ധനം ഞങ്ങൾക്കുതന്നെ തരാൻ അങ്ങു തേരിൽ കേറുക. ജയശീലമാണല്ലോ, അങ്ങയുടെ ഉറച്ച മനസ്സ്! (5)

തുടകൈകൾ ഗോക്കളെ വീണ്ടെടുത്തു; ജ്ഞാനത്തിന്നളവില്ലാത്ത ശ്രേഷ്ഠനും, കർമ്മത്തിൽ ഒരുനൂറു രക്ഷകളുള്ളവനും, പോരാളിയും, സ്വതന്ത്രനും, ബലങ്ങളുടെ പ്രതിനിധിയുമാണ്, ഇന്ദ്രൻ; അതിനാൽ, ധനകാമരാൽ വിളിയ്ക്കപ്പെട്ടവരുന്നു. (6)

മഘവാവേ, അങ്ങു മനുഷ്യർക്കു നല്കുന്ന അന്നം വളരെ നൂറിൽ കവിയും; ആയിരത്തിലും കവിയും. അപ്രമേയനായ അങ്ങയെ മഹത്തായ സ്തോത്രം ഉദ്ദീപിപ്പിയ്ക്കുന്നു; പുരന്ദര, ഉടനേ അങ്ങു വൃത്രവർഗ്ഗത്തെ കൊന്നൊടുക്കുന്നു. (7)

നൃപതേ, അങ്ങു ബലത്തിന്റെ ഒരു മുപ്പിരിപ്രതിനിധിയാകുന്നു: മൂന്നു ലോകങ്ങളെയും മൂന്നു തേജസ്സുകളെയും—ഈ ജഗത്തിനെ മുഴുവനും—വഹിയ്ക്കുന്നതിൽ അങ്ങു മനസ്സുവെയ്ക്കുന്നു. ഇന്ദ്ര, പണ്ടേ മുതൽ, ജന്മനാ നിസ്സപത്നനാണല്ലോ, അങ്ങ്! (8)

ദേവകളിൽ ഒന്നാമനായ അങ്ങയെ ഞങ്ങൾ വിളിയ്ക്കുന്നു. യുദ്ധങ്ങളിൽ ആക്രമിയ്ക്കുന്നവനാണല്ലോ, ഭവാൻ. ആ ഇന്ദ്രൻ നമുക്കു സ്തുതികർത്താവും മനനശീലനും ശത്രുഭേദിയുമായ പുത്രനെ തന്നരുളട്ടെ; യുദ്ധം വന്നാൽ, നമ്മുടെ തേരിനെ, മുന്നണിയിലാക്കുകയും ചെയ്യട്ടെ! (9)

മഘവാവേ, അങ്ങു ജയിയ്ക്കുന്നു; എന്നാൽ ധനം വെച്ചുകൊണ്ടിരിയ്ക്കാറില്ല. ചെറിയ യുദ്ധങ്ങളിലും വലിയവയിലും രക്ഷയ്ക്കായി ഞങ്ങൾ അങ്ങയെ മൂർച്ചപ്പെടുത്തും; ഇന്ദ്ര, വിളിയ്ക്കുമ്പോൾ ഞങ്ങളെ പ്രോത്സാഹിപ്പിച്ചാലും! (10)

ഇന്ദ്രൻ എന്നെന്നും നമ്മെപ്പറ്റി കവിഞ്ഞരുളിച്ചെയ്യട്ടെ. നാം നേർവഴിയിലൂടേ അന്നം നേടുക.

(കേക)

അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും

ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (11)

## കുറിപ്പുകൾ: സൂക്തം 102.

1. ഇവന്റെ–എന്റെ. ഉത്സവം–അഭിവൃദ്ധി. ഉൽപത്തി–ധനോൽപത്തി, അഥവാ വർഷോൽപത്തി. ദേവന്മാർ–ഋത്വിക്കുകൾ.
2. സപ്തനദികളിൽ വെള്ളമുണ്ടായത്, അങ്ങു മഴപെയ്യിച്ചതിനാലാണല്ലോ; അതിനാൽ അവ അങ്ങയുടെ യശസ്സിനെ വെളിപ്പെടുത്തുന്നു. വിശ്വാസം–കാണപ്പെട്ട വസ്തു ഇന്നതാണെന്ന ഉറപ്പ്. സൂര്യചന്ദ്രമാർ–സൂര്യനും ചന്ദ്രനും അങ്ങു തന്നെ!
3. വെറ്റിത്തേർ=ജൈത്രരഥം.
7. വൃത്രവർഗ്ഗം–ശത്രുഗണം.
8. നൃപതേ=മനുഷ്യരാഷക. മുപ്പിരിപ്രതിനിധി–ഏറ്റവും ഉറപ്പുള്ള പ്രതിനിധി.
9. ഒന്നാമൻ–ശ്രേഷ്ഠൻ, മുമ്പൻ. ശത്രുഭേദി=ശത്രുക്കളെ പിളർത്തുന്നവൻ.
10. ധനം–ശത്രുക്കളിൽനിന്നു ഹൃതമായ സമ്പത്ത്. വെച്ചുകൊണ്ടിരിക്കാറില്ല–എല്ലാം സ്തോതാക്കൾക്കു കൊടുക്കും.

## സൂക്തം 103.

കുത്സൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

അങ്ങയുടെ ഈ പ്രസിദ്ധവും പ്രകൃഷ്ടവുമായ ബലം പണ്ടു കവികൾ നേരേ കൈക്കൊണ്ടിരിയ്ക്കുന്നു. തന്തിരുവടിയുടെ ഒരു തേജസ്സു ഭൂമിയിലും മറ്റൊന്ന് ആകാശത്തും വർത്തിയ്ക്കുന്നു; അവ യുദ്ധത്തിൽ കൊടിമരങ്ങൾപോലെ, തമ്മിൽ ചേരുകയും ചെയ്യുന്നു. (1)

ആ മഘവാവു ഭൂമിയെ നിലനിർത്തി; വീതിയും കൂട്ടി. വജ്രം കൊണ്ടു വധിച്ച—മേഘത്തെ പിളർത്തി—വെള്ളം പുറത്താക്കി. രൌഹിണനെ ഹനിച്ചു; പൊരുതി, തോൾ വെട്ടി വൃത്രനെ കൊന്നു! (2)

ഇടിവാൾ വീശുന്ന അവിടുന്ന് ഓജസ്സിൽ ശ്രദ്ധവെച്ചു, ദസ്യുനഗരങ്ങൾ പൊളിച്ചുംകൊണ്ടു സഞ്ചരിച്ചു. വജ്രിൻ, ഇന്ദ്ര, അറിയുന്ന ഭവാൻ ദ്രോഹിയുടെ നേർക്ക് ആയുധമയച്ചാലും. വിദ്വജ്ജനങ്ങൾക്കു ബലവും യശസ്സും വർദ്ധിപ്പിച്ചാലും! (3)

ദസ്യുവധത്തിന്നു പുറപ്പെട്ട വൈരിപ്രേരകനായ വജ്രി യശസ്സിന്നായി യാതൊരു നാമം ധരിച്ചുവോ; സ്തോതാവിന്നു കീർത്തനീയമായ ആ നാമം വഹിയ്ക്കുന്ന മഘവാവത്രേ, മനുഷ്യരുടെ ഈ യുഗങ്ങൾ ഏർപ്പെടുത്തുന്നത്! (4)

ഇതാ, നോക്കുവിൻ, അവിടുത്തെ ആ തഴച്ചു പരന്ന വീര്യം; അതിനെ ബഹുമാനിയ്ക്കുവിൻ: അവിടുന്നു ഗോക്കളെ നേടി; അവിടുന്നു കുതിരകളെ നേടി; അവിടുന്ന് ഓഷധികൾ നേടി; അവിടുന്നു ജലം നേടി; അവിടുന്നു ധനം നേടി! (5)

യാതൊരു ശൂരൻ ആദരത്താൽ, അയജ്വാവിന്റെ ധനം ഒരു തട്ടിപ്പറിക്കാരൻപോലെ കൈക്കലാക്കി, തിരിയ്ക്കുന്നുവോ; ആ ഭൂരികർമ്മാവിന്ന്, വൃഷഭന്ന്, വൃഷാവിന്ന്, അമോഘബലന്ന്, നാം സോമം പിഴിയുക! (6)

ഇന്ദ്ര, അവിടുന്നു ആ വീര്യം പ്രസിദ്ധമായി: ഉറങ്ങിക്കിടന്ന വൃത്രനെ അവിടുന്നു വജ്രംകൊണ്ട് ഉണർത്തിയല്ലോ! അതിൽ ഇമ്പം പൂണ്ട ഭവാനെ ദേവപത്നിമാർ അനുമോദിച്ചു; മരുത്തുക്കളും, എല്ലാദ്ദേവകളും ഭവാനെ അനുമോദിച്ചു! (7)

ഇന്ദ്ര, അവിടുന്നു ശുഷ്ണൻ, പിപ്രു, കുയവൻ, വൃത്രൻ എന്നിവരെ കൊന്നതോടൊപ്പം ശംബരന്റെ പുരങ്ങളും പിളർത്തി!

(കേക)

അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (8)

## കുറിപ്പുകൾ: സൂക്തം 103.

1. കവികൾ—സ്തോതാക്കൾ. ഒരു തേജസ്സ്—അഗ്നി. മറ്റൊന്ന്-സൂര്യൻ. കൊടിമരങ്ങൾ—ഇരുകക്ഷികളുടെ ധ്വജങ്ങൾ. സൂര്യൻ രാത്രിയിൽ അഗ്നിയോടു ചേരുമല്ലോ.
2. ഭൂമിയെ—അസുരപീഡ നീക്കി സ്ഥിരയാക്കി. വീതി—ഭൂമിയ്ക്ക്. വധിച്ച—വൃത്രാദികളെ. വെള്ളം—വർഷജലം. രൌഹിണൻ—ഒരസുരൻ.
3. ഓജസ്സിൽ—ബലനിഷ്പാദ്യമായ കാര്യത്തിൽ. അറിയുന്ന—സ്തുതിയെ.
4. വൈരിപ്രേരകൻ—ശത്രുക്കളെ പോരിന്നിറക്കുന്നവൻ. യുഗങ്ങൾ—സൂര്യാത്മനാ ഏർപ്പെടുത്തുന്നത്.

5. ഋത്വിക്കുകളോടും മറ്റും പറയുകയാണ്: കുതിരകളെ നേടി–അപഹർത്താക്കളിൽനിന്നു വീണ്ടെടുത്തു. ഓഷധികൾ–സസ്യവതിയായ ഭൂമിയെ മുഴുവൻ.

6. ആദരത്താൽ–ധനത്തെ ആദരിച്ച്. തിരിയ്ക്കുന്നു–ധനം സ്തോതാക്കൾക്കു കൊടുപ്പാൻ. വൃഷഭൻ=ശ്രേഷ്ഠൻ.

7. ഉണർത്തി–യുദ്ധത്തിന്നിറക്കി.

8. കുയവൻ–ഒരസുരൻതന്നെ. അതിനെ–ഈ സൂക്തംകൊണ്ടു നമ്മൾ പ്രാർത്ഥിച്ചതിനെ.

## സൂക്തം 104.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്ര, അങ്ങയ്ക്കു് ഇരിയ്ക്കാൻ സ്ഥാനം ഒരുക്കിക്കഴിഞ്ഞു: അവിടെ, ഒരു ചിനയ്ക്കുന്ന കുതിരപോലെ വന്ന് ഇരുന്നരുളിയാലും! സമയം വന്നാൽ, രാവും പകലും തേർ സശ്രദ്ധം വലിയ്ക്കുന്ന കുതിരകളെ, കെട്ടഴിച്ചുവിട്ടേയ്ക്കുക. (1)

ആ നേതാക്കൾ രക്ഷയ്ക്കായി ഇന്ദ്രങ്കൽ ചെല്ലുന്നു; അവരെ അപ്പോൾത്തന്നെ അദ്ദേഹം ചിക്കെന്നു മാർഗ്ഗത്തിലെത്തിയ്ക്കട്ടെ! അസുരന്റെ അരിശം ദേവകൾ വിഴുങ്ങട്ടെ; അവർ നമ്മുടെ യജ്ഞത്തിന്ന് അനിഷ്ടനിവാരകനെ കൊണ്ടുവരികയും ചെയ്യട്ടെ! (2)

കുയവൻ ധനമറിഞ്ഞു സ്വയം കട്ടെടുക്കുന്നു; വെള്ളത്തിൽ പാർത്തു, നുരഞ്ഞ വെള്ളം കട്ടെടുക്കുന്നു. ആ പാൽകൊണ്ടാണ്, അവന്റെ രണ്ടു പെണ്ണുങ്ങളുടെയും കുളി. അവറ്റിനെ ശിഫാനദിയുടെ കയത്തിൽ കൊണ്ടിട്ടുമാറാകണം! (3)

ആ ജലവാസിയായ തെണ്ടിയുടെ വാസസ്ഥലം ഒളിപ്പിച്ചിരിയ്ക്കുന്നു. ആ ശൂരൻ വെള്ളംകൊണ്ടു തഴയ്ക്കുന്നു, വിളങ്ങുന്നു: അഞ്ജസി, കുലിശി, വീരപത്നി എന്നീ നദികളത്രേ, അവനെ ജലംകൊണ്ടു പ്രീതിപ്പെടുത്തി, വെള്ളത്തിൽ പാർപ്പിയ്ക്കുന്നത്. (4)

ഒരു പെരുവഴി ഞങ്ങൾ കണ്ടെത്തി: അതു ദസ്യുവിന്റെ പാർപ്പിടത്തിൽ, കുട്ടിയെ കണ്ട പയ്യു തൊഴുത്തിലെന്നപോലെ ചെന്നുചേരുന്നു. മഘവാവേ, ഉടൻതന്നെ അവിടുന്നു ഞങ്ങളുടെ സങ്കടം തീർത്തു തരണം; പെൺകൊതിയൻ പണത്തെ എന്നപോലെ, അവിടുന്നു ഞങ്ങളെ വലിച്ചെറിയരുതേ! (5)

ഇന്ദ്ര, ആ നിന്തിരുവടി ഞങ്ങൾക്കു സൂര്യങ്കലും ജലദേവതകളിലും ലോഭനീയമായ പാപരാഹിത്യത്തിലും ഭക്തി ജനിപ്പിച്ചാലും! ഞങ്ങളുടെ ഉള്ളിലിരിയ്ക്കുന്ന രക്ഷയ്ക്കു് അപായം വരുത്തരുതേ: നിന്തിരുവടിയുടെ മഹത്തായ ബലത്തെ വിശ്വസിച്ചവരാണ്, ഞങ്ങൾ! (6)

ഇന്ദ്ര, എനിയ്ക്കറിയാം: ഞങ്ങൾ അങ്ങയുടെ ബലത്തിൽ വിശ്വാസം വെച്ചിരിയ്ക്കുന്നു. വൃഷാവായ ഭവാൻ ഞങ്ങളെ വമ്പിച്ച ധനത്തിന്നു പ്രേരിപ്പിച്ചാലും: പുരുഹൂത, വകയില്ലാത്ത വീട്ടിലാകരുത്, ഞങ്ങളുടെ വാസം; അങ്ങു വിശപ്പുള്ളവർക്കു തിന്നാനും കുടിയ്ക്കാനും കൊടുക്കേണമേ! (7)

ഇന്ദ്ര, അങ്ങു ഞങ്ങളെ ദ്രോഹിയ്ക്കരുത്; പരിത്യജിയ്ക്കരുത്; ഞങ്ങളുടെ പ്രിയപ്പെട്ട ഭോഗ്യങ്ങൾ അപഹരിയ്ക്കരുത്. മഘവാവേ, ശക്ര, ഭവാൻ ഞങ്ങളുടെ മുട്ടകളെ പിളർത്തരുത്; നടന്നുതുടങ്ങിയവരും മുട്ടുകുത്തുന്നവരുമായ കുഞ്ഞുങ്ങളെയും പിളർത്തരുത്! (8)

അവിടുന്നു ഞങ്ങളുടെ അടുക്കൽ വന്നെത്തുക: അവിടുന്നു സോമാഭിലാഷിയാണെന്നു (പഴമക്കാർ) പറയുന്നു; ഇതാ, പിഴിഞ്ഞുവെച്ചിരിയ്ക്കുന്നു. ഇമ്പത്തിന്നായി കുടിച്ചുകൊള്ളുക–ഉലോം വലുപ്പംവെച്ചു, തിരുവയറ്റിൽ നിറച്ചുകൊള്ളുക. വിളിയ്ക്കപ്പെടുന്ന അവിടുന്നു, ഞങ്ങളുടെ വാക്കുകൾ, അച്ഛനെന്നപോലെ ചെവിക്കൊണ്ടാലും! (9)

### കുറിപ്പുകൾ: സൂക്തം 104.

1. കുതിരപോലെ–വേഗത്തിൽ. സമയം–യാഗാവസരം.

2. നേതാക്കൾ–യജമാനർ. മാർഗ്ഗം–അനുഷ്ഠാനപഥം. അസുരൻ–ഉപദ്രവകാരി. വിഴ-ങ്ങട്ടെ–നശിപ്പിയ്ക്കട്ടെ. അനിഷ്ടനിവാരകനെ–ഇന്ദ്രനെ.

3. ധനമറിഞ്ഞ്–അന്യരുടെ ധനം എവിടെയിരിയ്ക്കുന്നു എന്നു മനസ്സിലാക്കി. ആ പാൽ–പാലിന്നൊത്ത ജലം. പെണ്ണുങ്ങൾ–ഭാര്യമാർ. ശിഫാനദി–ശിഫ എന്ന പുഴ.

4. തെണ്ടി–ആളുകളെ ഉപദ്രവിപ്പാൻ ചുറ്റിനടക്കുന്നവൻ.

5. ദസ്യു–കുയവൻ. സങ്കടം-കുയവകൃതമായ ഉപദ്രവം.

6. ഉള്ളിലിരിയ്ക്കുന്ന രക്ഷ–ഗർഭസ്ഥസന്താനം.

7. എനിയ്ക്കറിയാം–അങ്ങയെ ഞാൻ മനസ്സിലാക്കിയിരിയ്ക്കുന്നു. വക–കഴിച്ചിലിന്നുള്ള വി-ഭവം.

8. ഭോഗ്യങ്ങൾ–വിഭവങ്ങൾ. മുട്ടകൾ–ഗർഭസ്ഥസന്താനങ്ങൾ.

9. വലുപ്പംവെച്ചാൽ, വയറും അത്രയ്ക്കു വലുതാവുമല്ലോ.

## സൂക്തം 105.

ത്രിതനോ കുത്സനോ ഋഷി; പങ്ക്തിയും മഹാബൃഹതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; വിശ്വ-
ദേവകൾ ദേവത. (കാകളി)

‘വാനിൽ മുറയ്ക്കു പായുന്നു, സുപർണ്ണനാം
വാരിഗൻ വെണ്മതി; ഹേ, കതിർക്കൂട്ടമേ,
കാഞ്ചനച്ചുറ്റുള്ള നിൻകഴൽപ്പാടിവൻ
കാണ്മീല.’ കേൾപ്പിനിതുഴിവാനങ്ങളേ! (1)

‘വിത്താർത്ഥി നേടുന്നു വിത്തം; മണാളങ്ക-
ലെത്തുന്നു മങ്ക–യൊഴുക്കുന്നു നീരവർ;
സാരഭൃതമതുൾക്കൊണ്ടു ചുരത്തുന്നു
ദാരങ്ങൾ.’ കേൾപ്പിനിതുഴിവാനങ്ങളേ! (2)

‘ദേവരേ, വീഴൊലാ, വിണ്ണിലും മീതെയും
മേവുമെൻപൂർവകര;-സ്സോമയോഗ്യരെ
കല്യരാക്കുമൊരംഗത്തെ നോടാതിരി-
യ്ക്കൊല്ല ഞാൻ.’ കോപ്പിനിതുഴിവാനങ്ങളേ! (3)

ചോദിപ്പനാദ്യയജ്ഞാർഹനോട;-ദ്ദൂത–
നോതട്ടെ: ‘താങ്കൾതൻ പണ്ടേത്തെ മംഗളം
എങ്ങു പോയ്? പുത്തനാമാരുടെ പക്കലാ-
ണിന്നതു?’ കേൾപ്പിനിതുഴിവാനങ്ങളേ! (4)

‘ഭാനുമാൻ നീളേ വെളിച്ചം വിരിച്ചിടും
സ്ഥാനങ്ങൾ മൂന്നിലും മേവുമമർത്ത്യരേ,
നിങ്ങൾതൻ നേരെങ്ങു? ഭോഷ്ക്കെങ്ങു? മുൻമഖ-
മെങ്ങുവാൻ?’ കേൾപ്പിനിതുഴിവാനങ്ങളേ! (5)

‘നിങ്ങൾതൻ സത്യമെങ്ങ?-ങ്ങര്യമാവിന്റെ
തുംഗമാം മാർഗ്ഗം? വരുണന്റെ നോട്ടവും
എങ്ങു പോയ്? ദുഷ്ടരെക്കേറിക്കടക്കട്ടെ-
യിങ്ങു ഞാൻ.’ കേൾപ്പിനിതുഴിവാനങ്ങളേ! (6)

‘മുന്നം പിഴിഞ്ഞപോതോരോന്നു ചൊന്നവൻ-
തന്നെയാണീ ഞാനി;-വനെയിന്നാധികൾ
തിന്നുന്നു, തൃട്ടാർന്ന മാനിനെച്ചെന്നായ
പോലവേ?’ കേൾപ്പിനിതുഴിവാനങ്ങളേ! (7)

‘ത്വൽസ്തുതികാരനാമെന്നെക്കിണർച്ചുമർ
മർദ്ദിപ്പു ചുറ്റും, സപത്നിമാർപോലവേ;
മാലെന്നെയിന്ദ്ര, കരളുന്നു, നൂലെലി-
പോലവേ.’ കേൾപ്പിനിതുഴിവാനങ്ങളേ! (8)

‘എൻനാഭിയിസ്സപ്തരശ്മിയിൽച്ചേർന്നതാ-
ണെന്നതറിയുന്നു, തോയപുത്രൻ ത്രിതൻ;

ഇന്നവൻ നിർഗ്ഗമനത്തിനായി സ്തുതി-
യ്ക്കുന്നു ഹാ!' കേൾപ്പിനിതുഴിവാനങ്ങളേ! (9)

വാർവിൺനടുക്കിൽ വസിപ്പവരഞ്ചുപേർ,
വർഷകരിദ്ദേവയോഗ്യസ്തവത്തിനായ്
ഒത്തുചേർന്നാശു വന്നെത്തും; തിരിച്ചുപോം,
തൃപ്തരായ്! കേൾപ്പിനിതുഴിവാനങ്ങളേ! (10)

വ്യാപ്താംബരാന്തസ്ഥിതങ്ങളീ രശ്മികൾ
വൻപുഴ താണ്ടാൻ മുതിർന്ന ചെന്നായയെ
നില്ലാതെ പിന്മാറ്റിയല്ലോ, വഴിച്ചാലിൽ-
നിന്നന്നു! കേൾപ്പിനിതുഴിവാനങ്ങളേ! (11)

'സ്തുത്യവർണ്ണ്യാപൂർവമായ ഭവദ്ബലാ-
ലത്രേ, പുഴകളൊലിയ്ക്കുന്നു ദേവരേ;
എന്നെന്നുമർക്കൻ പ്രകാശത്തെയും പര-
ത്തുന്നിതു!' കേൾപ്പിനിതുഴിവാനങ്ങളേ! (12)

'സ്തുത്യമാം ചാർച്ചയുണ്ടുമ്പരിൽത്തേ; പുരു-
വിദ്യനാമഗ്നേ, മനുക്കളിൽപ്പോലവേ
ഞങ്ങളിൽ വന്നിരുന്നു,മ്പരെപ്പൂജിയ്ക്കു-
കങ്ങുന്നു!' കേൾപ്പിനിതുഴിവാനങ്ങളേ! (13)

ദേവരിൽ പ്രാജ്ഞനും ഹോതാവുമാമഗ്നി-
ദേവൻ മനുക്കളിൽപ്പോലുപവിഷ്ടനായ്,
സംപന്നവിദ്യനീ ഹവ്യമയയ്ക്കട്ടെ,-
യുമ്പർക്കു! കേൾപ്പിനിതുഴിവാനങ്ങളേ! (14)

നന്മനസ്സോടേ സ്തവങ്ങൾ ചൊല്ലപ്പെട്ടും
ബ്രഹ്മകൃത്തായ മാർഗ്ഗജ്ഞൻ വരുണനിൽ
അർത്ഥിപ്പു ഞങ്ങൾ: നുതനവൻ സത്യമായ്
വർത്തിയ്ക്കു! കേൾപ്പിനിതുഴിവാനങ്ങളേ! (15)

'ദ്യോവിൽ വിസ്പഷ്ടം ചമച്ചോരു മാർഗ്ഗമായ്
മേവുമാദിത്യനെദ്ദേവകൾക്കുടിയും
തള്ളില്ല; മർത്ത്യരേ, നിങ്ങളോ, കാണുന്ന-
തില്ലതാൻ!' കേൾപ്പിനിതുഴിവാനങ്ങളേ! (16)

കൂപസ്ഥിതൻ ത്രിതനുമ്പരെപ്പാലന-
ലോഭാൽ വിളിപ്പതു കേട്ടു ബൃഹസ്പതി
കഷ്ടത്തിൽനിന്നു കരേറ്റവാനങ്ങൊരു-
മ്പെട്ടിതു! കേൾപ്പിനിതുഴിവാനങ്ങളേ! (17)

എന്നെയൊരിയ്ക്കൽ വഴിയ്ക്കു കണ്ടിട്ടൊരു
ചെന്നായ തൽക്ഷണം ചാടിപ്പിടിയ്ക്കുവാൻ
കോലം ഞെളിച്ചാൻ, പുറംനൊന്തൊരാശാരി
പോലവേ! കേൾപ്പിനിതുഴിവാനങ്ങളേ! (18)

(കേക)

ഇസ്തവം പാടിപ്പാടിയിന്ദ്രനെക്കനിയിച്ച
യുദ്ധത്തിൽജ്ജയിയ്ക്കാവൂ, പുത്രാദ്യന്വിതർ നമ്മൾ!
അതിനെ മാനിയ്ക്കട്ടെ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (19)

## കുറിപ്പുകൾ: സൂക്തം 105.

പണ്ട്, ഏകതൻ, ദ്വിതൻ, ത്രിതൻ എന്ന മൂന്നൃഷിമാർ ഒരു മരുഭൂമിയിൽപ്പെട്ടു ദാഹിച്ചു വലയുകയായി. ഒടുവിൽ അവർ ഒരു കിണർ കണ്ടെത്തി. അതിൽ നിന്നു വെള്ളം കോരിക്കുടിച്ച ത്രിതൻ കൂട്ടുകാർക്കും വെള്ളം കൊണ്ടുകൊടുത്തു. അവരാകട്ടേ, വെള്ളം കുടിച്ചതിന്നുശേഷം, ത്രിതനെ ഉന്തി കിണറ്റിൽ വീഴിച്ച്, അദ്ദേഹത്തിന്റെ മുതൽ കൈക്കലാക്കി, കിണർ ഒരു വണ്ടിച്ചക്രംകൊണ്ടടയ്ക്കുകയുംചെയ്തു പോയ്ക്കളഞ്ഞു! ആ ത്രിതൻ കിണറ്റിൽനിന്നു കേറാൻ കഴിവില്ലാഞ്ഞു, ദേവകളെ സ്തുതിപ്പാൻ തുടങ്ങി. (കുത്സൻ എന്ന ഋഷിയും കിണറ്റിൽ വീണു കഷ്ടപ്പെടുകയുണ്ടായി.)

1. സുപർണ്ണൻ=നന്നായി പറക്കുന്നവൻ. (ഗരുഡപര്യായമാണിത്.) വാരിഗൻ–അന്തരിക്ഷത്തിൽ ജലമണ്ഡലത്തിൽ സ്ഥിതിചെയ്യുന്നവൻ. കതിർക്കൂട്ടം–ചന്ദ്രരശ്മിസമൂഹം. കാഞ്ചനച്ചുറ്റ്–സുവർണ്ണമയമായ ചുറ്റ്. (നേമി); ചുറ്റുപാട് എന്നർത്ഥം. കഴൽപ്പാട്–കാല്പാട്; കീഴ്ഭാഗം. ഇവൻ–ഞാൻ. കാണ്മീല–കിണറ്റിൽപ്പെട്ടതുകൊണ്ട്. ഇതു കേൾപ്പിൻ–എന്റെ സങ്കടം തീർത്തുതരുവിൻ എന്നു താൽപര്യം.
2. വിത്താർത്ഥി (ധനകാമൻ) ധനം നേടുന്നുണ്ട്; എനിയ്ക്കു കിട്ടുന്നില്ല! അവർ–സംഗതരായ ദമ്പതിമാർ. നീർ–വീര്യമെന്ന ജലം. ദാരങ്ങൾ (ഭാര്യ) അതുൾക്കൊണ്ടു (വീര്യത്തെ ഗർഭത്തിൽ ധരിച്ചു) ചുരത്തുന്ന–ശിശുവിനെ പ്രസവിയ്ക്കുന്നു. എന്റെ അടുക്കൽ ഭാര്യയേ ഇല്ല; പിന്നെയല്ലേ, സന്തത്യുൽപത്തി!
3. വീഴൊലാ–എനിയ്ക്കു പുത്രനുണ്ടാകാഞ്ഞാൽ, എന്റെ പിതൃപിതാമഹാദികൾ സ്വർഗ്ഗഭ്രഷ്ടരായ്പ്പോകുമല്ലോ; ആ ദുർദ്ദശ വരരുതേ! അസ്സോമയോഗ്യർ–സോമപാനാർഹരായ പിതൃക്കൾ. കല്യർ=അരോഗർ; സുഖിതർ. ഒരംഗത്തെ–പുത്രനെ. നിങ്ങളുടെ അനുഗ്രഹത്താൽ എനിയ്ക്കു പുത്രൻ ജനിയ്ക്കട്ടെ!
4. ആദ്യയജ്ഞാർഹൻ–ഒന്നാമനായ യജനീയൻ, അഗ്നി. അദ്ദൂതൻ–ആ ദേവദൂതൻ. ഓതട്ടെ–മറുപടി പറയട്ടെ. പണ്ടേത്തെ മംഗളം–സ്തോതാക്കൾക്കു നല്കപ്പെട്ടിരുന്ന നന്മ.
5. വിരിച്ചിടും സ്ഥാനങ്ങൾ–സൂര്യൻ പ്രകാശിയ്ക്കുന്ന പൃഥിവ്യന്തരിക്ഷാകാശങ്ങൾ. നേര്–സ്തോതൃവിഷയകമായ സത്യം. ഭോഷ്ക്–ദ്വേഷിവിഷയകമായ അസത്യം. (സ്തോതാക്കളെ സുഖിപ്പിയ്ക്കലും, ദ്വേഷികളെ ദുഃഖിപ്പിയ്ക്കലും.) മുൻമഖം–ഞാൻ മുമ്പനുഷ്ഠിച്ചപോന്ന യാഗം എങ്ങുവാൻ? അതു നിങ്ങളിൽ എത്തിയിട്ടില്ലായിരിയ്ക്കാം: എനിയ്ക്ക് ഇങ്ങനെ ആപത്തു പറ്റിയല്ലോ!
6. തുംഗമാം മാർഗ്ഗം–ഉൽകൃഷ്ടപഥത്തിലൂടേ വേണ്ടുന്നേടത്തെത്തിയ്ക്കൽ. നോട്ടം–അനുഗ്രഹദൃഷ്ടി എങ്ങും പോയിട്ടില്ല, നിങ്ങളിൽത്തന്നെയുണ്ട്. അതിനാൽ, ഞാൻ ഈ ദുഷ്ടകൃതമായ ദുഃഖത്തിന്റെ മറുകരയിലെത്തുമാറാകട്ടെ!
7. പിഴിഞ്ഞപോത്–നിങ്ങൾക്കായി സോമം പിഴിഞ്ഞപ്പോൾ. ചൊന്നവൻ–ചൊല്ലി സ്തുതിച്ചവൻ. തുട്ടാർന്ന–ദാഹംമൂലം വെള്ളം തിരഞ്ഞുപോകുന്ന.

8. സപത്നിമാർപോലവേ—അനേകപത്നിമാരുള്ള ഒരുവന്റെ കഷ്ടപ്പാടാണ്, കിണറിന്റെ ചുമർ (കല്പടവു)മൂലം എനിയ്ക്കു പെടുന്നത്.

9. സപ്തരശ്മി—എല്ലാജ്ജീവികളിലും പ്രാണരൂപേണ വർത്തിയ്ക്കുന്ന ഏഴു(സൂര്യ)രശ്മി. തോയപുത്രൻ—വെള്ളത്തിൽനിന്നു ജനിച്ചവൻ. ത്രിതൻ—ഞാൻ. അവൻ—ത്രിതൻ. നിർഗ്ഗമനം=പുറത്തുപോകൽ.

10. വാർവിൺനടുക്കിൽ=വിശാലമായ വിണ്ണിന്റെ നടുവിൽ. അഞ്ചുപേർ വർഷകർ—കാമവർഷികളായ ഇന്ദ്രൻ, അഗ്നി, വരുണൻ, അര്യമാവ്, സവിതാവ്. ഇദ്ദേവയോഗ്യസ്തവത്തിനായ്—എന്റെ സ്തോത്രം സ്വീകരിപ്പാൻ. തൃപ്തരായ്—എന്റെ പരിചരണത്താൽ തൃപ്തി പൂണ്ട്.

11. മുമ്പൊരിയ്ക്കൽ ത്രിതനെ കണ്ടിട്ടു പിടിച്ചുതിന്നാൻവേണ്ടി ഒരു ചെന്നായ പുഴ കടക്കാൻ തുടങ്ങി; എന്നാൽ, സൂര്യരശ്മി കാണ്കയാൽ, 'ഈ അവസരം നന്നല്ലെ'ന്നു കരുതിയിട്ടായിരിയ്ക്കാം, അതു മടങ്ങിപ്പോയി. ഈ ഇതിവൃത്തം അവലംബിച്ചു പറയുന്നതാണിത്. വ്യാപ്താംബരാന്തസ്ഥിതങ്ങൾ=വ്യാപ്ത(വിശാല)മായ അംബര(അന്തരിക്ഷ)ത്തിന്റെ മധ്യത്തിൽ വർത്തിയ്ക്കുന്നവ. ഈ രശ്മികൾ—സൂര്യകിരണങ്ങൾ. താണ്ടാൻ—കടക്കാൻ.

12. സ്തുത്യവർണ്യാപൂർവമായ ഭവദ്ബലാൽ—സ്തുത്യവും വർണ്ണനീയവും നവവുമായ നിങ്ങളുടെ ബലംമൂലം.

13. പുരുവിദ്യൻ=വളരെ അറിവുള്ളവൻ. മനുക്കളിൽപ്പോലവേ—മനുക്കളുടെ യാഗത്തിൽ ചെയ്തതുപോലെ.

14. ദേവരിൽ പ്രാജ്ഞൻ—ദേവന്മാരിൽവെച്ചു മേധാവി. ഉപവിഷ്ടനായ്=ഇരുന്ന്. ഈ ഹവ്യം—ഞങ്ങളുടെ ഹവിസ്സ്.

15. ചൊല്ലപ്പെടും—സ്തോതാവിനാൽ. ബ്രഹ്മകൃത്ത്—രക്ഷണമെന്ന ഉൽകൃഷ്ടകർമ്മം ചെയ്യുന്നവൻ. മാർഗ്ഗജ്ഞൻ—ദുഃഖനിവാരണമാർഗ്ഗം അറിയുന്നവൻ. വരുണനിൽ-വരുണന്റെ അടുക്കൽ. നുതൻ=സ്തുതൻ. സത്യമായ് വർത്തിയ്ക്ക—വരുണൻതന്നെയായി വർത്തിയ്ക്കട്ടെ: ഞങ്ങളെ രക്ഷിയ്ക്കുകയും നേർവഴിയിൽ നടത്തുകയും ചെയ്യട്ടെ!

16. വിസ്പഷ്ടം—ഏവർക്കും കാണത്തക്കവണ്ണം. മാർഗ്ഗം—യോഗികൾ ബ്രഹ്മലോകത്തെയ്ക്കു പോകുന്നതു, സൂര്യനിലൂടെയത്രേ. തള്ളില്ല—നിരസിപ്പാൻ ശക്തരാവില്ല. മർത്ത്യരേ—എന്നെ കിണറ്റിൽ വീഴിച്ച ദുഷ്ടരേ, ഏകത—ദ്വിതന്മാരേ. കാണുന്നതില്ലതാൻ—സൂര്യന്റെ മഹിമ അറിയുന്നില്ലതന്നെ!

17. പാലനലോഭാൽ=രക്ഷയാഗ്രഹിച്ച്. ബൃഹസ്പതി—ഒരു ദേവന്റെ പേർ.

18. വഴിയ്ക്ക—വഴിയിൽവെച്ച്. കോലം ഞെളിച്ചാൻ—ദേഹം പിന്നോട്ടൊന്നു വളച്ചു. പുറംനൊന്ത—കുമ്പിട്ടിരുന്നു പണിയെടുക്കുകയാൽ മുതുകു കഴച്ച.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## ഏഴാം അദ്ധ്യായം

മണ്ഡലം 1    അനുവാകം 16

## സൂക്തം 106.

കുത്സൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കേക)

ഇന്ദ്രാഗ്നിവരുണമിത്രാദിതിമാരെ രക്ഷ-
യ്ക്കിന്നമ്മൾ വിളിയ്ക്കുക, മാരുതബലത്തെയും:
ദുർഗ്ഗാൽത്തേർകണക്കെ,ല്ലാപ്പാപത്തിൽനിന്നും മാറ്റു-
ക,ക്കാമ്യദാനർ പൊറുപ്പരുളുന്നവർ നമ്മെ! (1)

വരുവിൻ, പടയിലെയ്ക്കദിതിപുത്രന്മാരേ:
തരുവിൻ, പോരിൽ ക്ഷേമം ഞങ്ങൾക്കു ദേവന്മാരേ!
ദുർഗ്ഗാൽത്തേർകണക്കെ,ല്ലാപ്പാപത്തിൽനിന്നും മാറ്റു-
ക,ക്കാമ്യദാനർ പൊറുപ്പരുളുന്നവർ നമ്മെ! (2)

പാലിയ്ക്ക നമ്മെസ്സുഖസ്തോതവ്യർ പിതൃക്കളും,
ദേവിമാർ സത്യം പോറ്റും രണ്ടു ദേവാംബകളും!
ദുർഗ്ഗാൽത്തേർകണക്കെ,ല്ലാപ്പാപത്തിൽനിന്നും മാറ്റു-
ക,ക്കാമ്യദാനർ പൊറുപ്പരുളുന്നവർ നമ്മെ! (3)

അധുനാ ജ്വലിപ്പിപ്പൻ ഞാൻ നരാശംസാഗ്നിയെ;
സ്തുതിച്ചു വീരഘ്നനാം പൂഷാവൊടർത്ഥിയ്ക്ക നാം!
ദുർഗ്ഗാൽത്തേർകണക്കെ,ല്ലാപ്പാപത്തിൽ നിന്നും മാറ്റു-
ക,ക്കാമ്യദാനർ പൊറുപ്പരുളുന്നവർ നമ്മെ! (4)

ഞങ്ങൾക്കു സുഖം നല്കുകെന്നെന്നും ബൃഹസ്പതേ,
ഞങ്ങളർത്ഥിപ്പൂ, മർത്ത്യഹിതമാം പ്രശമവും;
ദുർഗ്ഗാൽത്തേർകണക്കെ,ല്ലാപ്പാപത്തിൽനിന്നും മാറ്റു-
ക,ക്കാമ്യദാനർ പൊറുപ്പരുളുന്നവർ നമ്മെ! (5)

കൂപപാതിതൻ കുത്സൻ വിളിച്ചാനൃഷി രക്ഷാ-
ലോഭത്താൽശ്ശചീശനാമിന്ദ്രനെ, വൃത്രാരിയെ.
ദുർഗ്ഗാൽത്തേർകണക്കെ,ല്ലാപ്പാപത്തിൽനിന്നും മാറ്റു-
ക,ക്കാമ്യദാനർ പൊറുപ്പരുളുന്നവർ നമ്മെ! (6)

രക്ഷിയ്ക്കുക,ദിതിയാം ദേവി ദേവന്മാരൊത്തു;
രക്ഷി സൂര്യനും പാലിയ്ക്കട്ടെ, തെറ്റാതേ നമ്മെ!
അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (7)

### കുറിപ്പുകൾ: സൂക്തം 106.

1. മാരുതബലം=മരുദ്ഗണമാകുന്ന ബലം. ദുർഗ്ഗാൽ–ദുർഗ്ഗമപ്രദേശത്തുനിന്ന്. തേർകണക്ക്–സാരഥികൾ തേരിനെ എന്നപോലെ. മാറ്റുക–പിന്തിരിപ്പിയ്ക്കട്ടെ.
2. വരുവിൻ–ഞങ്ങളെ സഹായിപ്പാൻ.
3. സുഖസ്തോതവ്യർ=സുഖേന സ്തുതിയ്ക്കപ്പെടാവുന്നവർ. രണ്ടു ദേവാംബകൾ–ദ്യോവും, ഭൂവും; ദ്യാവാപൃഥിവികളുടെ പുത്രസ്ഥാനത്തുള്ളവരാണ്, ദേവന്മാരെല്ലാം.

5. പ്രശമം—രോഗശാന്തിയും, ഭയശാന്തിയും.
6. കൂപപാതിതൻ-=കിണററിൽ വീഴ്ത്തപ്പെട്ടവൻ.
7. രക്ഷി=രക്ഷകൻ. തെററാതേ—വീഴ്ച വരാതെ, മനസ്സിരുത്തി.

[1]

[1] ഈ പേജിലെ ൯-ാം വരിയിൽ ഇന്ദ്രൻ എന്നതു വിശ്വേദേവകൾ എന്നു വായിക്കുക.

## സൂക്തം 107.

കുത്സൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ദേവകളെല്ലാം ദേവത. (കേക)

സുരരെസ്സുഖിപ്പിയ്ക്കുമാറാക യജ്ഞം: ക്ഷേമം
തരുവാനൊരുങ്ങുവിനാദിതേയരേ, നിങ്ങൾ.
ഞങ്ങളിൽപ്പതിയട്ടേ നിങ്ങൾതൻ തിരുവുള്ള;-
മിങ്ങതു ദരിദ്രന്നും വായ്പിയ്ക്കുമല്ലോ, വിത്തം! (1)

അംഗിരസ്സാമം പാടി സ്തുതിയ്ക്കപ്പെട്ടുമുമ്പ-
രെങ്ങൾതൻ ചാരേ വന്നെത്തട്ടെ,യന്നവുമായി:
സധനനിന്ദ്രൻ, വായുസഹിതർ മരുത്തുക്കൾ,
സുതരൊത്തദിതിയും തന്നരുളട്ടേ, സൌഖ്യം! (2)

നല്കുക, ഞങ്ങൾക്കന്നമിന്ദ്രാഗ്നിവരുണന്മാർ;
നല്കുക, ഞങ്ങൾക്കര്യമാവുമസ്സവിതാവും.
അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (3)

### കുറിപ്പുകൾ: സൂക്തം 107.

1. അതു–തിരുവുള്ളം, പ്രസാദം.
2. അംഗിരസ്സാമം–അംഗിരസ്സുകളുടെ സാമം, ഗേയമന്ത്രം. അന്നവുമായി–ഞങ്ങൾക്കു തരാൻ അന്നത്തോട്ടുകൂടി.

## സൂക്തം 108.

കുത്സൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രാഗ്നികൾ ദേവത. (കേക)

ഇന്ദ്രാഗ്നികളേ, പാരിന്നൊക്കയും വെളിച്ചത്തെ-
ത്തന്നുപോരുന്നുണ്ടല്ലോ, നിങ്ങൾതൻ വിചിത്രത്തേർ;
വന്നെത്തുകൊപ്പംതന്നെയത്തേരിലിരുവരു;-
മെന്നിട്ടു പാനംചെയ്‌വിൻ, പിഴിഞ്ഞ സോമാംശങ്ങൾ! (1)

എത്രയ്ക്കോ, പെരുമയാൽഗ്ഗാംഭീര്യമിയന്നതു-
മത്യന്തവിശാലവുമായ പാരിതെല്ലാമേ;
അത്രയ്ക്കായ് വരട്ടെ,യീപ്പേയമാം സോമം; യുഷ്മ-
ച്ചിത്തവൃത്തിയ്ക്കും പോന്നതാവുകി,ന്ദ്രാഗ്നികളേ! (2)

ഒന്നിച്ചുവെച്ചാരല്ലോ, ഭവാന്മാർ തിരുനാമ;-
മൊന്നിച്ചുകൂടീതാനും വൃത്രഹത്യയിൽ നിങ്ങൾ;
അന്നിങ്ങളിഷ്ടം പെയ്‌വോർ കുടിപ്പിനൊന്നിച്ചിരു-
ന്നിന്ദ്രാഗ്നികളേ, നന്നായ്പ്പിഴിഞ്ഞ സോമാംശങ്ങൾ! (3)

ഇരുപേരഗ്നികളെയുജ്ജ്വലിപ്പിച്ചു; ശുനൈ
പുരട്ടി; സ്രുവമേന്തി; വിരിച്ചു, ദർഭപ്പുല്ലും;
നിറച്ചുവെച്ചിട്ടുള്ള തീവ്രമാം സോമത്തിന്നായ്
വരുവിനി,ങ്ങോട്ടുള്ളം തെളിഞ്ഞിന്ദ്രാഗ്നികളേ! (4)

കാണിച്ചു, പരാക്രമം നിങ്ങളിന്ദ്രാഗ്നികളേ;
പ്രാണിവർഗ്ഗത്തെപ്പാടേ സൃഷ്ടിച്ചു; വർഷിപ്പിച്ചു;
പണ്ടുതൊട്ടുള്ളൊന്നല്ലോ, നിങ്ങൾതൻ നൽച്ചങ്ങാതം;
രണ്ടാളും നുകരുവിൻ, പിഴിഞ്ഞ സോമാംശങ്ങൾ! (5)

ആദ്യമേ ചൊന്നേനല്ലോ, നിങ്ങളെ വരിച്ചു ഞാ-
നാ;-സ്ഥയേറിയ നേർവാക്കാണതെന്നോർത്തിങ്ങെത്തി
കല്പിച്ചു നുകരുവിൻ, പിഴിഞ്ഞ സോമാംശങ്ങൾ:
ഋത്വിക്കു വിശേഷേണ ഹോമിയ്ക്കുവൊന്നി,സ്സോമം! (6)

ഉല്ലസിയ്ക്കുകയാവാമിന്ദ്രാഗ്നികളേ, നിങ്ങ-
ളില്ലത്തോ, ക്രതുവിലോ, പോരിലോ യഷ്ടവ്യരേ;
വരുവിനെ,വിടെനിന്നായാലും: സമാസ്വദി-
ച്ചരുൾവിൻ, വൃഷാക്കളേ, പിഴിഞ്ഞ സോമാംശങ്ങൾ! (7)

യദു, തുർവശൻ, ദ്രുഹ്യു,വനു, പൂരുവുമിവർ-
ക്കരികത്താവാം, നിങ്ങൾ വാഴ്‌വതിന്ദ്രാഗ്നികളേ;
വരുവിനെ,വിടെനിന്നായാലും: സമാസ്വദി-
ച്ചരുൾവിൻ വൃഷാക്കളേ, പിഴിഞ്ഞ സോമാംശങ്ങൾ! (8)

താഴത്തോ നടുവിലോ മീതെയോ കിടക്കുന്ന
ലോകത്തിലാവാം, നിങ്ങൾ വാഴ്‌വതിന്ദ്രാഗ്നികളേ;
വരുവിനെ,വിടെനിന്നായാലും: സമാസ്വദി-

ച്ചരുൾവിൻ വൃഷാക്കളേ, പിഴിഞ്ഞ സോമാംശങ്ങൾ! (9)

മീതെയോ നടുവിലോ താഴത്തോ കിടക്കുന്ന
ലോകത്തിലാവാം, നിങ്ങൾ വാഴ്വതിന്ദ്രാഗ്നികളേ;
വരുവിനെ,വിടെനിന്നായാലും: സമാസ്വദി-
ച്ചരുൾവിൻ വൃഷാക്കളേ, പിഴിഞ്ഞ സോമാംശങ്ങൾ! (10)

വിണ്ണിലാം, ക്ഷിതിയിലാം, കുന്നിലാം, സസ്യത്തിലാം
തണ്ണീരിലാവാം, നിങ്ങൾ വാഴ്വതിന്ദ്രാഗ്നികളേ;
വരുവിനെ,വിടെനിന്നായാലും: സമാസ്വദി-
ച്ചരുൾവിൻ വൃഷാക്കളേ, പിഴിഞ്ഞ സോമാംശങ്ങൾ! (11)

ഇന്ദ്രാഗ്നികളേ, തിരുമേനിമാരമറേത്താൽ
നന്ദിയ്ക്കയാവാം സൂര്യനുദിയ്ക്കും വാനിൻ മധ്യേ;
വരുവിനെ,വിടെനിന്നായാലും: സമാസ്വദി-
ച്ചരുൾവിൻ വൃഷാക്കളേ, പിഴിഞ്ഞ സോമാംശങ്ങൾ! (12)

ഇങ്ങനെ സോമം നുകർന്നിന്ദ്രാഗ്നികളേ, നിങ്ങ-
ളെങ്ങൾക്കു തരേണമേ, വേണ്ടുന്ന സമ്പത്തെല്ലാം;
അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (13)

## കുറിപ്പുകൾ: സൂക്തം 108.

1. സോമാംശങ്ങൾ—സോമനീരിന്റെ (അവരവർക്കുള്ള) ഭാഗങ്ങൾ.
2. ഞങ്ങളുടെ സോമനീർ സർവ്വലോകത്തോളം ഗംഭീരവിശാലമായിബ്ഭവിയ്ക്കട്ടെ; യുഷ്മച്ചി-ത്തവൃത്തിയ്ക്കും (നിങ്ങളുടെ അന്തഃകരണത്തിന്നും) പോന്നതാവുക (പര്യാപ്തമായിത്തീര-ട്ടെ).
3. തിരുനാമം ഒന്നിച്ചുവെച്ചാർ—ഇന്ദ്രാഗ്നികൾ എന്നു ചേർത്തിരിയ്ക്കുന്നു. ഇഷ്ടം പെയ്‌വോർ—കാമവർഷികൾ.
4. ഇരുപേർ—അധ്വര്യുവും, പ്രതിപ്രസ്ഥാതാവും. അഗ്നികൾ—ഗാർഹപത്യാദികൾ. ദ്ര-വ്യത്തെ പുരട്ടി—ഹവിർദ്രവ്യങ്ങളിൽ. തീവ്രം—മത്തുപിടിപ്പിയ്ക്കുന്നത്.
5. പരാക്രമം—വൃത്രവധവും മറ്റും. വർഷിപ്പിച്ചു—മഴ പെയ്യിച്ചു.
6. നിങ്ങളെ സോമംകൊണ്ടു പ്രീതിപ്പെടുത്തിക്കൊള്ളാമെന്നു ഞാൻ മുമ്പു തന്നെ പറഞ്ഞു-വല്ലോ. വിശേഷേണ ഹോമിയ്ക്കുന്നതു വൃഥാവിലാകും, നിങ്ങൾ വരാഞ്ഞാൽ!
7. ഇല്ലം—സ്വഗൃഹം. ക്രതു—മറ്റു യാഗം. യഷ്ടവ്യർ=യജനീയർ.
8. യദുമുതൽ അഞ്ചുപേർ, പൌരാണികാഭിപ്രായത്തിൽ യയാതി എന്ന രാജാവിന്റെ പു-ത്രന്മാരത്രേ. അരികത്ത്—യജ്ഞത്തിൽ.
9. താഴത്ത്—ഭൂമിയിൽ. നടുവിൽ—അന്തരിക്ഷത്തിൽ. മീതെ—സ്വർഗ്ഗത്തിൽ.
10. മുമ്പേത്തെ ഋക്കിൽ പറഞ്ഞതുതന്നെ മറിച്ചു പറഞ്ഞതാണ്.
12. സൂര്യനുദിയ്ക്കും വാനിൻ—അന്തരിക്ഷത്തിന്റെ.

## സൂക്തം 109.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കേക)

ഇന്ദ്രാഗ്നികളേ, ബന്ധു-ജ്ഞാതികൾ ഭവാന്മാരാ-
ണെന്നത്രേ ധരിച്ചിരിയ്ക്കുന്നു, വിത്താപേക്ഷി ഞാൻ:
ഇല്ല മേ, മറ്റാരാനും തന്നൊരു പെരുംബുദ്ധി;
തെല്ല ഭക്ഷ്യത്തിന്നാ, ഞാൻ നിർമ്മിച്ചേൻ ഭവൽസ്തോത്രം! (1)

ഞാനിഹ കേട്ടിട്ടുണ്ടു: ഭൂരിവിത്തദരല്ലോ,
ഹീനനാം വരനെക്കാൾ സ്യാലനെക്കാളും നിങ്ങൾ!
സോമദാനത്തോടൊപ്പ,മാ നിങ്ങൾക്കൊരു പുത്തൻ
സ്തോമത്തെച്ചമയ്ക്കുന്നേ,നിവനിന്ദ്രാഗ്നികളേ. (2)

അറ്റുപോകൊലാ നൂലെന്നർത്ഥിച്ചു, പിതൃക്കൾക്കൊ-
രുറ്റ കെല്പുളവായ്ക്കൊണ്ടിരിയ്ക്കാൻ സപത്നീകർ
വാഴ്ത്തുന്നു, സുഖം തോന്നുംവണ്ണമിന്ദ്രാഗ്നികളെ:
സ്തോത്രസേവികളല്ലോ, വൈരിസൂദനരവർ. (3)

ഇന്ദ്രാഗ്നികളേ, നിങ്ങൾക്കാളുന്ന മത്തുപിടി-
യ്ക്കുന്നതിന്നരിയ്ക്കുന്നു, സോമത്തെയരിപ്പതോൽ;
അതിനാൽസ്സുഭുജരേ, ചാരുഹസ്തരേ, ഹയാ-
ന്വിതരേ, പാഞ്ഞെത്തുവിൻ; ചേർക്കുവിൻ ജലത്തിൻതേൻ! (4)

ഇന്ദ്രാഗ്നികളേ, വിത്തം പങ്കിടും നിങ്ങൾ തുലോം
കുന്നിച്ചു, വൃത്രപ്പോരിലെന്നു കേട്ടിട്ടുണ്ടീ ഞാൻ;
അന്നിങ്ങളീ യജ്ഞത്തിൽദ്ദർഭയിലിരുന്നേറ്റം
നന്ദിപ്പിൻ നറുനീരാലൊ,ക്കയും കാണുന്നോരേ! (5)

പോർമന്നിൽ വിളിയ്ക്കുമ്പോൾ, നിങ്ങളിന്ദ്രാഗ്നികളേ,
വാർമെയ്യാൽക്കവിയ്ക്കുമേ, മർത്ത്യരെ,ദ്ധരിത്രിയെ,
ദ്യോവിനെ,ജ്ജലങ്ങളെ,പ്പർവതങ്ങളെ,സ്സർവ-
ജീവജാലത്തെ—പ്പോരാ, വേറെയുള്ളവയെയും! (6)

ഇന്ദ്രാഗ്നികളേ, കൊണ്ടുവരുവിൻ, തരുവിൻ സ്വ-
ത്തെ;-ങ്ങളെക്കർമ്മങ്ങളാൽപ്പാലിപ്പിൻ, സവജ്രരേ:
എവയിലൂടേ പൂകീ പ്രാപ്യമെങ്ങൾതൻ പൂർവ-
രി,-വതാനല്ലോ, പകലോന്റയക്കതിരുകൾ! (7)

തരുവിൻ; പാലിയ്ക്കുവിൻ പോരിലെങ്ങളെ, വജ്ര-
ധരരാം പുരന്ദരർ നിങ്ങളിന്ദ്രാഗ്നികളേ!
അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (8)

## കുറിപ്പുകൾ: സൂക്തം 109.

1. വിത്താപേക്ഷി=ധനാർത്ഥി. മറ്റാരാനും–നിങ്ങളല്ലാതെ. ഭക്ഷ്യത്തിന്ന്–നിങ്ങളിൽനിന്ന് ആഹാരം കിട്ടാൻ. ഭവൽസ്തോത്രം–നിങ്ങളെക്കുറിച്ചുള്ള സ്തോത്രം.
2. ഹീനനായ (ഗുണം കുറഞ്ഞ) വരൻ കന്യകയെ കിട്ടാൻ അവളുടെ അച്ഛന്നു പണം വളരെ കൊടുക്കും; സ്യാലനും (കന്യകയുടെ സോദരനും) പെങ്ങളെ പ്രീതിപ്പെടുത്താൻ പണം വളരെ കൊടുക്കും. ഇവരിരുവരെക്കാളുമധികം ധനം നല്കുന്നവരാണ്, നിങ്ങളെന്നു ഞാൻ കേട്ടിട്ടുണ്ട്. സ്തോമം–സ്തോത്രം.
3. നൂൽ (സന്തതിതന്തു) അറ്റുപോകരുതെന്നപേക്ഷിച്ച്, പിതൃക്കൾക്കൊരുറ്റ കെല്പ് (പുത്രന്മാർ) ഉണ്ടായിക്കൊണ്ടിരിപ്പാൻ സപത്നീകർ (പത്നീസഹിതരായ യജമാനന്മാർ) ഇന്ദ്രാഗ്നികളെ വാഴ്ത്തുന്നു (സ്തുതിച്ചുപോരുന്നു). സ്തോത്രസേവികൾ–സ്തുതിയുന്നേടത്തു ചെല്ലുന്നവർ. അവർ–ഇന്ദ്രാഗ്നികൾ.
4. അരിയുക–കരടു കളയുക. സുഭുജർ=ശോഭനബാഹുക്കൾ. ചാരുഹസ്തർ= അഴകൊത്ത കൈപ്പടമുള്ളവർ. ഹയാന്വിതർ=കുതിരകളോടുകൂടിയവർ. ജലത്തിൻ തേൻ–വെള്ളത്തിന്റെ മധുരമായ സാരാംശം. ചേർക്കുവിൻ–ഞങ്ങളുടെ സോമത്തിൽ പകരുവിൻ.
5. പങ്കിടും–സ്തോതാക്കൾക്കു കൊടുപ്പാൻ വിഭജിച്ചുവെയ്ക്കുന്ന. കുന്നിച്ചു–വളർന്നു. നറുനീരാൽ–മധുരമായ സോമരസം കുടിച്ച്.
6. പോർമന്നിൽ വിളിയ്ക്കുമ്പോൾ–പൊരുതുന്നവർ നിങ്ങളുടെ സാഹായം അഭ്യർത്ഥിയ്ക്കുമ്പോൾ. വാർമെയ്യാൽ (വലുപ്പം വെച്ച ദേഹംകൊണ്ട്) സർവാതിശയികളായി നില്ക്കും.
7. സവജ്രർ=വജ്രധാരികൾ. പ്രാപ്യം–ബ്രഹ്മലോകം. 105-ാം സൂക്തത്തിലെ 16-ാം ഋക്കിന്റെ ടിപ്പണി നോക്കുക.
8. പുരന്ദരർ–ശത്രുപുരങ്ങളെ പിളർത്തുന്നവർ.

## സൂക്തം 110.

കുത്സൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഋഭുക്കൾ ദേവത.

ഋഭുക്കളേ, ഞാൻ കർമ്മം പലവുരു അനുഷ്ഠിച്ചിരിയ്ക്കുന്നു; അതു വീണ്ടും അനുഷ്ഠിയ്ക്കുകയാണ്: സ്തുത്യരായ നിങ്ങളെപ്പറ്റി സുമധുരമായ സ്തുതി ചൊല്ലുന്നു; ഇവിടെ ഇതാ, ദേവകൾക്കെല്ലാവർക്കുമായി ഒരു സമുദ്രവും. സ്വാഹോച്ചാരണത്തോടേ ഹോമിയ്ക്കപ്പെട്ട ഇതു മതിയാവോളം കുടിയ്ക്കുവിൻ! (1)

സുധന്വപുത്രന്മാരേ, പരിണതപ്രജ്ഞരും എന്റെ ചില പൂർവജ്ഞാതികളുമായ നിങ്ങൾ ഉപഭോഗ്യേച്ഛുക്കളായി പോകയുണ്ടായല്ലോ അന്നു ചെയ്ത ബഹുകർമ്മങ്ങളാലത്രേ, നിങ്ങൾ സോമം പിഴിയുന്ന ഹവിർദ്ദാതാവിന്റെ ഗൃഹം പ്രാപിച്ചതു്. (2)

നിങ്ങൾ പോയി ഉണർത്തിച്ചപ്പോൾ, സുവ്യക്തരൂപനായ സവിതാവ് അമൃതത്വം നിങ്ങൾക്കു കല്പിച്ചരുളി. അതിനാലാണല്ലോ, ത്വഷ്ടാവിന്റെ ആ ഒറ്റച്ചമസത്തെ നിങ്ങൾ നാലെണ്ണമാക്കിയത് ! (3)

സുധന്വാവിന്റെ പുത്രരും സൂര്യപ്രഭരുമായ ഋഭുക്കൾ ഋത്വിക്കുകളോടുകൂടി കർമ്മങ്ങൾ സത്വരം ആചരിച്ചതിനാൽ, മർത്ത്യരെങ്കിലും അമർത്ത്യത്വം നേടി; സംവത്സരങ്ങളിലെ യജ്ഞങ്ങളിൽ പങ്കുകാരുമായി! (4)

ഉപസ്തുതരായ ഋഭുക്കൾ പ്രശസ്തമായ ആഹാരത്തിന്നായി–ദേവകളുടെ ഇടയിൽ ഭക്ഷണം കിട്ടാൻവേണ്ടി–ആ ഹോമസാധകമായ ഒറ്റപ്പാത്രത്തെ, കൃഷിനിലത്തെ എന്നപോലെ, പണിയായുധംകൊണ്ടളന്നു! (5)

യാവചിലർ ഈ രക്ഷകന്റെ തരണിത്വവും, സ്വർഗ്ഗലോകത്തിന്റെ ഭക്ഷണവും നേടിയോ; ആ അന്തരിക്ഷനേതാക്കളായ ഋഭുക്കൾക്കു നാം സ്രുക്കുകൊണ്ടു നെയ്യെന്നപോലെ, അറിവുകൊണ്ടു സ്തുതിയും ശരിയ്ക്കുർപ്പിയ്ക്കുക! (6)

നമുക്ക് ഇന്ദ്രനാണ്, സുപ്രശസ്തബലനായ ഋഭുഃ അദ്ദേഹം അന്നവും ധനവും തന്നു പൊറുതിയരുളട്ടെ! ദേവന്മാരേ, നിങ്ങൾ രക്ഷിച്ചതിനാൽ അരുമപ്പെട്ടതായ ദിവസത്തിൽ ഞങ്ങൾ യജ്ഞവിരോധികളെ ചെറുത്തുനില്ക്കും! (7)

ഋഭുക്കളേ, നിങ്ങൾ തോൽ ഒരു പയ്യിന്റെ മേൽ മുഴുക്കെ പിടിപ്പിച്ചു, മൂരിക്കുട്ടിയെ വീണ്ടും തള്ളയോടു ചേർത്തുവല്ലോ; സുധന്വപുത്രരായ നേതാക്കളേ, സൽക്കർമ്മാനുഷ്ഠാനം കൊണ്ടു വാർദ്ധക്യമടഞ്ഞ അച്ഛനമ്മമാരെ യുവാക്കളുമാക്കി! (8)

ഇന്ദ്ര, ഋഭുസമേതനായ ഭവാൻ, യുദ്ധം വന്നാൽ ഞങ്ങളെ കുതിരകളെക്കൊണ്ടു രക്ഷപ്പെടുത്തിയാലും; മാന്യമായ ധനവും തന്നരുളിയാലും!

(കേക)

അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (9)

### കുറിപ്പുകൾ: സൂക്തം 110.

1. സമുദ്രം–സോമനീർക്കടൽ.
2. പൂർവജ്ഞാതികൾ–ഋഭുക്കൾ സുധന്വാവെന്ന ആംഗിരസന്റെ പുത്രന്മാരാണ്; കുത്സനും അംഗിരോഗോത്രജനാണ്. ഇതുകൊണ്ടത്രേ, ഋഭുക്കൾ കുത്സന്നു ജ്ഞാതികളായത്. ഉപഭോഗ്യേച്ഛുക്കൾ–സോമപാനം ഇച്ഛിച്ചവർ. പോകയുണ്ടായല്ലോ–തപസ്സുചെയ്തു സോമാഹർത നേടാൻ. ഗൃഹം–യാഗശാല.

3. അമൃതത്വം=ദേവത്വം. ത്വഷ്ടാവിന്റെ–ത്വഷ്ടാവു നിർമ്മിച്ച.

4. സംവത്സരങ്ങളിലെ–വസന്താദികാലങ്ങളിലെ.

5. ഉപസ്തുതർ–സമീപസ്ഥരായ ഋഷിമാരാൽ സ്തുതിയ്ക്കപ്പെട്ടവർ. പാത്രം–ചമസം. പണിയായുധംകൊണ്ടളന്നു–ഒരേ വലുപ്പത്തിൽ നാലാക്കി.

6. ഈ രക്ഷകന്റെ–സൂര്യന്റെ. (ചൂണ്ടിക്കാട്ടിപ്പറകയാണ്.) തരണിത്വം–അപ്രമേയമായ ആകാശത്തെ തരണംചെയ്യാൻ (കടക്കാൻ) ഉള്ള കഴിവ്. ഭക്ഷണം–സോമം. ശരിയ്ക്ക് –യഥാവിധി.

7. ഇന്ദ്രൻ–പരമരക്ഷകൻ.

8. പണ്ട് ഒരു ഋഷിയുടെ പയ്യ് ചത്തുപോയി; അതിന്റെ കുട്ടി നിലവിളിച്ചുതുടങ്ങി. അതു കണ്ട് ഋഷി ഋഭുക്കളെ സ്തുതിച്ചു. അവർ ഒരു പയ്യിനെ ഉണ്ടാക്കി, ചത്ത പയ്യിന്റെ തോൽകൊണ്ടു പുതപ്പിച്ചു, കുട്ടിയുടെ അടുക്കൽ കൊണ്ടുനിർത്തി. വർണ്ണസാമ്യംമൂലം, കുട്ടി ആ പയ്യിനെ സ്വന്തം തള്ളയാണെന്നു വിശ്വസിച്ചു.

9. കുതിരകളെക്കൊണ്ട്–അശ്വങ്ങളെ തന്ന്.

## സൂക്തം 111.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

കർമ്മങ്ങളിൽ മികച്ച പരിജ്ഞാനമുള്ള ഋഭുക്കൾ അഴകൊത്ത രഥം നിർമ്മിച്ചു; ഇന്ദ്രന്നായി രണ്ടു ഹരികളെ നിർമ്മിച്ചു; അച്ഛനമ്മമാർക്കു യൌവനം നിർമ്മിച്ചു; മൂരിക്കുട്ടിയ്ക്കു സഹവാസിനിയായ തള്ളയെയും നിർമ്മിച്ചു! (1)

നിങ്ങൾ ഞങ്ങൾക്കു ശോഭയേറിയ അന്നത്തെ – കർമ്മത്തിന്നും കരുത്തിന്നും-വേണ്ടി സത്സന്താനങ്ങളോടുകൂടിയ ആഹാരത്തെ – നിർമ്മിച്ചാലും; ഞങ്ങൾ എല്ലാ വീരരുമുള്ള പ്രജകളോടൊന്നിച്ചു നിവസിയ്ക്കത്തക്കവണ്ണം ധനവും ബലത്തിന്നായി തന്നരുളുവിൻ! (2)

നേതാക്കളായ ഋഭുക്കളേ, നിങ്ങൾ ഞങ്ങൾക്കു ധനം – തേരിന്നു ധനം, കുതിരയ്ക്കു ധനം – നീളെ നിർമ്മിയ്ക്കുവിൻ: എല്ലാദ്ദിവസങ്ങളിലും ഞങ്ങളുടെ വിജയിയായ ധനം മാനിയ്ക്കപ്പെടട്ടേ; യുദ്ധങ്ങളിൽ ബന്ധുവോ അബന്ധുവോ നേരിട്ടാൽ, ഞങ്ങൾ തോല്പിയ്ക്കുമാറാകട്ടെ! (3)

ഞാൻ രക്ഷയ്ക്കുവേണ്ടി മഹാനായ ഇന്ദ്രനെയും, ഋഭു-വിഭ്വ-വാജന്മാരെയും, മരുത്തുക്കളെയും, മിത്രാവരുണരെയും, അശ്വികളെയും അവശ്യം സോമപാനത്തിന്നു വിളിച്ചുകൊള്ളുന്നു: അവർ നമ്മെ ധനത്തിന്നും കർമ്മത്തിന്നും ജയത്തിന്നും പ്രേരിപ്പിയ്ക്കട്ടെ! (4)

ഋഭു നമുക്കു യുദ്ധത്തിന്നു ധനം മൂർച്ചപ്പെടുത്തട്ടെ; പോരിൽ വെല്ലുന്ന വാജൻ നമ്മെ രക്ഷിയ്ക്കട്ടെ!

(കേക)

അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (5)

### കുറിപ്പുകൾ: സൂക്തം 111.

1. രഥം – അശ്വിദേവന്മാർക്ക്.
2. എല്ലാ വീരരും – പുത്രപൌത്രാദികൾ.
4. ഋഭു, വിഭ്വാവ്, വാജൻ എന്നിവരത്രേ, സുധന്വപുത്രരായ ഋഭുക്കൾ.
5. മൂർച്ചപ്പെടുത്തട്ടെ – ധനത്തിന്നു ആയുധത്വം കല്പിച്ചിരിയിക്കുന്നു; യുദ്ധത്തിന്നുവേണ്ടുന്ന ധനം തരട്ടെ എന്നർത്ഥം.

## സൂക്തം 112.

കുത്സൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ദ്യാവാപൃഥിവികളും അഗ്നിയും, അശ്വികളും ദേവത.

ഞാൻ മുൻകൂട്ടിയറിയിപ്പാൻ ദ്യാവാപൃഥിവികളെയും, അവർ വന്നാൽ യജിപ്പാൻവേണ്ടി ഉജ്ജ്വലിപ്പിയ്ക്കപ്പെട്ട ശോഭനപ്രഭനായ അഗ്നിയെയും സ്തുതിച്ചുകൊള്ളുന്നു: ഹേ അശ്വികളേ, നിങ്ങൾ യുദ്ധത്തിൽ സ്വന്തം പങ്കിന്നു ശംഖൂതുന്നതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (1)

അശ്വികളേ, അനന്യചിത്തരായി വഴിപോലെ സ്തുതിയ്ക്കുന്നവർ ദാനം വാങ്ങാൻ നിങ്ങളുടെ തേരിന്നടുക്കൽ, അർത്ഥം മനസ്സിലാക്കാൻ പണ്ഡിതങ്കലെന്നപോലെ വന്നണയുന്നു. യാഗകർമ്മപ്രവൃത്തരായ ധീമാന്മാരെ നിങ്ങൾ പാലിയ്ക്കുന്നതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (2)

നേതാക്കളായ അശ്വികളേ, നിങ്ങൾക്കു ദിവ്യമായ അമൃതിന്റെ ബലംമൂലം സർവപ്രജകളെയും അടക്കിനിർത്താൻ കഴിവുണ്ട്. പെറാൻവയ്യാത്ത പയ്യിന്നു നിങ്ങൾ കറവുണ്ടാക്കിയതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (3)

അശ്വികളേ, വായു രണ്ടമ്മയുള്ള മകന്റെ ബലത്തോട്ടുകൂടി, ഓട്ടക്കാരിൽവെച്ച് ഓട്ടക്കാരനായിത്തീർന്നതെവകൊണ്ടോ; ത്രിതയകോവിദൻ വിജ്ഞാനം നേടിയതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (4)

അശ്വികളേ, നിങ്ങൾ വെള്ളത്തിൽ കെട്ടിയിടപ്പെട്ട രേഭനെയും വന്ദനനെയും കരയേറ്റി, സൂര്യനെ കാണുമാറാക്കിയതെവകൊണ്ടോ; വെളിച്ചം തേടിക്കൊണ്ടിരുന്ന കണ്വനെ രക്ഷിച്ചതെവകൊണ്ടോ; ആ രക്ഷകളോട്ടു കൂടി ഇവിടെയും വന്നുചേരുവിൻ! (5)

അശ്വികളേ, കയത്തിലെറിഞ്ഞുകൊല്ലപ്പെടുന്ന അന്തകനെ നിങ്ങൾ രക്ഷിച്ചതെവകൊണ്ടോ; ഭുജ്യുവിന്നു തോണികൾ കൊടുത്തതെവകൊണ്ടോ; കർക്കന്ധു, വയ്യ്യൻ എന്നിവരെ തുഷ്ടിപ്പെടുത്തിയതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (6)

അശ്വികളേ, നിങ്ങൾ ധനകാമനായ ശുചന്തിയുടെ ഗൃഹം ശോഭനമാക്കുകയും, അത്രിയുടെ മേൽ പിടിപ്പിയ്ക്കപ്പെട്ട എരിതിയ്യിനെ തണുപ്പിയ്ക്കുകയും ചെയ്തതെവകൊണ്ടോ; പൃശ്നിഗു, പുരുകുത്സൻ എന്നിവരെ പരിപാലിച്ചതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (7)

കാമവർഷികളായ അശ്വികളേ, നിങ്ങൾ കാൽമുടന്തനായ പരാവൃജന്നു നടക്കാൻ കഴിവുണ്ടാക്കിയതും, കുരുടന്നു കാഴ്ചയുണ്ടാക്കിയതും എവകൊണ്ടോ; വായിലാക്കപ്പെട്ട കാടയടിയാൻപിടയെ വിടുവിച്ചതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (8)

നിർജ്ജരരായ അശ്വികളേ, നിങ്ങൾ ഒരു നദിയെ തേൻപുഴയാക്കിയതെവകൊണ്ടോ; വസിഷ്ഠനെ പ്രീതിപ്പെടുത്തിയതെവകൊണ്ടോ; കുത്സൻ, ശ്രുതര്യൻ, നര്യൻ എന്നിവരെ പാലിച്ചതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (9)

അശ്വികളേ, നടക്കാൻ വയ്യാതിരുന്ന ധാനാർത്ഥിനിയായ വിശ്പലയ്ക്കു നിങ്ങൾ വളരെ പണച്ചെലവുള്ള യുദ്ധത്തിൽവെച്ചു ഗമന ശക്തി നല്കിയതെവകൊ-

ണ്ടോ; സ്തുതിയ്ക്കുന്ന അശ്വപുത്രനായ വശനെ പാലിച്ചതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (10)

ശോഭനദാനന്മാരായ അശ്വികളേ, കച്ചവടത്തിലേർപ്പെട്ട ഉശിക് പുത്രനായ ദീർഘശ്രവസ്സിന്നായി മേഘം തേന്മഴ പൊഴിച്ചതെവമൂലമോ; സ്തോതാവായ കക്ഷീവാനെ നിങ്ങൾ രക്ഷിച്ചതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (11)

അശ്വികളേ, നിങ്ങൾ ഒരു പുഴയിൽ കരകളുടയ്ക്കുന്ന വെള്ളം നിറച്ചതെവകൊണ്ടോ; കുതിരയില്ലാത്ത തേർ നടത്തി, ജയം നേടിയതെവകൊണ്ടോ; ത്രിശോകന്നു പൈക്കളെ വീണ്ടുകൊടുത്തതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (12)

അശ്വികളേ, നിങ്ങൾ ദൂരസ്ഥനായ സൂര്യന്റെ ചുറ്റും നടന്നതും, മന്ധാതാവിനെ നിലമുടമയുടെ ജോലികളിൽ സഹായിച്ചതും എവകൊണ്ടോ; മേധാവിയായ ഭരദ്വാജന്ന് അന്നം നല്കിയതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (13)

അശ്വികളേ, വെള്ളത്തിൽ മുങ്ങാൻ പോകുന്ന മഹാനായ അതിഥിഗ്വനെ–ദിവോദാസനെ–നിങ്ങൾ ശംബരവധത്തിൽ രക്ഷിച്ച തെവകൊണ്ടോ; യുദ്ധത്തിൽ ത്രസദസ്യുവിനെ രക്ഷിച്ചതെവകൊണ്ടോ ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (14)

അശ്വികളേ, സമീപസ്ഥരാൽ സ്തുതിയ്ക്കപ്പെട്ട ഭ്രമസപായിയായ വമ്രനെ നിങ്ങൾ രക്ഷിച്ചതെവകൊണ്ടോ; സഭാര്യനായ കലിയെ സ്വാസ്ഥ്യപ്പെടുത്തിയതെവകൊണ്ടോ; കുതിര ചത്ത പൃഥിയെ രക്ഷിച്ചതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (15)

നേതാക്കളായ അശ്വികളേ, നിങ്ങൾ പണ്ടു ശയുവിന്നും, അത്രിയ്ക്കും, മനുവിന്നും ക്ഷേമമാർഗ്ഗം അരുളിയതെവയെവകൊണ്ടോ; സ്യൂമരശ്മിയ്ക്കുവേണ്ടി ശരങ്ങളെയ്തതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (16)

അശ്വികളേ, പഠർവാവ്, ഉടൽക്കരുത്തു പൂണ്ടു വിറകുകൊണ്ടു കത്തിയ്ക്കപ്പെട്ട തീപോലെ, പോരിൽ പ്രശോഭിച്ചതെവമൂലമോ; നിങ്ങൾ ശര്യാതനെ യുദ്ധത്തിൽ രക്ഷിച്ചതെവകൊണ്ടോ; ആ രക്ഷകളോട്ടു കൂടി ഇവിടെയും വന്നുചേരുവിൻ! (17)

അശ്വികളേ, നിങ്ങൾ–അംഗിരസ്സേ, സ്തുതിയ്ക്കു!–സ്തോതാക്കളെ തോഷിപ്പിയ്ക്കുന്നതെവകൊണ്ടോ; ഗോധനത്തെ കണ്ടുപിടിയ്ക്കാൻ മുമ്പേ പോയതെവകൊണ്ടോ; ശൂരനായ മനുവിന്ന് അന്നം നല്കിയതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (18)

അശ്വികളേ, നിങ്ങൾ വിമദനെ സപത്നീകനാക്കിയതെവ കൊണ്ടോ; ചെമന്ന പൈക്കളെ കൊണ്ടുകൊടുത്തതെവകൊണ്ടോ; സുദാസ്സിന്നു സുഷ്ഠുവായ സമ്പത്തു കൈവരുത്തിയതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (19)

അശ്വികളേ, നിങ്ങൾ ഹവിർദ്ദാതാവിനെ സുഖിതനാക്കുന്നതെവകൊണ്ടോ; ഭുജ്യുവിനെയും അധ്രിഗുവിനെയും രക്ഷിച്ചതെവയെവകൊണ്ടോ; ഋതസ്തുപ്പിന്ന് അന്നവും ക്ഷേമവും നല്കിയതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (20)

അശ്വികളേ, നിങ്ങൾ കൃശാനുവിനെ സമരത്തിൽ തുണച്ചതെവകൊണ്ടോ; യുവാവിന്റെ പായുന്ന കുതിരയെ പാലിച്ചതെവകൊണ്ടോ; തേനീച്ചകൾക്ക് അരുമത്തേൻ സംഭരിയ്ക്കുന്നതെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (21)

അശ്വികളേ, നിങ്ങൾ ഗോക്കൾക്കുവേണ്ടി പൊരുതുന്ന നേതാവിനെ സമരത്തിൽ സഹായിച്ച്, നിലത്തിന്നും ധനത്തിന്നും ഉടമയാക്കിയതെവകൊണ്ടോ; തേരുകളെയും കുതിരകളെയും രക്ഷിച്ചതെവയെവകൊണ്ടോ; ആ രക്ഷകളോട്ടുകൂടി ഇവിടെയും വന്നുചേരുവിൻ! (22)

അശ്വികളേ, ശതക്രതുക്കളേ, അർജ്ജുനപുത്രനായ കുത്സൻ, തുർവീതി, ദഭീതി എന്നിവരെ നിങ്ങൾ സ്വാസ്ഥ്യപ്പെടുത്തിയതെവകൊണ്ടോ; ധ്വസന്തിയെയും പുരുഷന്തിയെയും പരിപാലിച്ചതെവകൊണ്ടോ ആ രക്ഷകളോട്ടുക്കൂടി ഇവിടെയും വന്നുചേരുവിൻ! (23)

അശ്വികളേ, ഞങ്ങളുടെ വാക്കിനെ കർമ്മത്തിലെത്തിയ്ക്കുവിൻ; കാമവർഷികളായ ദസ്രരേ, ഞങ്ങളെ ബുദ്ധിമാന്മാരാക്കുവിൻ! രക്ഷയ്ക്കായി ഞാൻ നിങ്ങളെ പുലർകാലത്തു വിളിയ്ക്കുന്നു; അന്നം തന്നു ഞങ്ങൾക്ക് അഭ്യുദയം വരുത്തുവിൻ! (24)

അശ്വികളേ, നിങ്ങൾ ഞങ്ങളെ രാവും പകലും, ഇടിവേല്ക്കാത്ത സൌഭാഗ്യം തന്നു രക്ഷിയ്ക്കുമാറാകണം:

(കേക)

അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (25)

## കുറിപ്പുകൾ: സൂക്തം 112.

1. മുൻകൂട്ടിയറിയിപ്പാൻ–അശ്വികളെ ധരിപ്പിയ്ക്കാൻ. സ്വന്തം പങ്കിന്ന്–ജയപ്രാപ്തിയ്ക്ക്.

3. അമൃതശബ്ദത്തിന്നു സോമരസം, ജലം എന്നീ അർത്ഥങ്ങളുമുണ്ട്.

4. രണ്ടമ്മ(രണ്ടരണി)യുള്ള മകൻ–അഗ്നി. അരണിമഥനത്തിന്നു വ്യാനനെന്ന വായുവിനാലാണ് കരബലം കിട്ടുന്നത്; ഇതുകൊണ്ടത്രേ, അഗ്നി വായുവിന്റെ മകനായത്. ഓട്ടക്കാരൻ–അതിവേഗി.

5. രക്ഷിച്ചത്–ദർശനശക്തനാക്കിയത്.

6. അന്തകൻ–ഒരു രാജർഷി. ഭുജ്യു–തുഗ്രന്റെ പുത്രനായ ഒരു രാജർഷി. കർക്കന്ധു, വയ്യൻ എന്നിവർ, അസുരപീഡിതരായ രണ്ടു രാജർഷിമാരത്രേ.

7. ശുചന്തി–ഒരാരാധകന്റെ പേർ. ശോഭനം–ധനസമൃദ്ധം. അത്രി–അസുരന്മാർ ചുട്ടെരിയ്ക്കാനൊരുങ്ങിയ ഒരു ഋഷി. പൃശ്നിഗു, പുരുകുത്സൻ എന്നിവരും ഋഷിമാരായിരിയ്ക്കാം.

8. കുരുടൻ–ഋജ്രാശ്വൻ എന്ന ഋഷി. വായിലാക്കപ്പെട്ട–ഒരു ചെന്നായ കടിച്ചു തിന്നാൻ തുടങ്ങിയ. കാടയടിയാൻ–ഒരുതരം പക്ഷി.

9. കുത്സൻമുതൽ മൂന്നുപേരും ഋഷികൾതന്നെ.

10. നടക്കാൻ വയ്യാതിരുന്ന–ശത്രുക്കളാൽ കണങ്കാൽ ഛേദിയ്ക്കപ്പെട്ട. ധനാർത്ഥിനി–യുദ്ധത്തിൽ കിട്ടിയ ധനം കൊണ്ടുപോകാൻ ആഗ്രഹിയ്ക്കുന്നവൾ. വിശ്പല–അഗസ്ത്യനാകുന്ന പുരോഹിതനോട്ടുകൂടിയ ഖേലനെന്ന രാജാവിന്റെ ആശ്രിത. അശ്വനും വശനും ഋഷിമാർ.

11. ഉശിക് പുത്രൻ—ദീർഘതമസ്സിന്റെ പത്നിയായ ഉശിക് എന്നവളുടെ മകൻ. അനാവൃഷ്ടിജനിതമായ ദുർഭിക്ഷത്താലത്രേ, ദീർഘശ്രുവസ്സ് കച്ചവടം തുടങ്ങിയത്. ഇദ്ദേഹത്താൽ സ്തുതരായി പ്രസാദിച്ച് അശ്വികൾ മധുരജലം വർഷിപ്പിച്ചു. കക്ഷീവാൻ—ഒരു ഋഷി.

12. പുഴ അനാവൃഷ്ടിയാൽ വെള്ളം തീരെ വറ്റിയതായിരുന്നു; അതിനെ കൂലങ്കഷപ്രവാഹമാക്കി. തേർ—സ്വന്തം രഥം. ത്രിശോകൻ—കണ്വപുത്രനായ ഒരു ഋഷി. വീണ്ടുകൊടുത്തത്—അപഹരിച്ച അസുരന്മാരുടെ അടുക്കൽനിന്ന്.

13. ചുറ്റും നടന്നതു, സൂര്യനെ ഗ്രഹണമുക്തനാക്കാനത്രേ. മന്ധാതാവ്—ഒരു ഋഷി: നിലമുടമയുടെ (ഭൂമിയുടമസ്ഥന്റെ) ജോലികൾ (കൃഷിയും മറ്റും). ഭരദ്വാജൻ—ഒരു ഋഷി.

14. അതിഥിഗ്വൻ=അതിഥികൾക്കു പ്രാപ്യൻ; ദിവോദാസന്റെ മറ്റൊരു പേർ. ഈ രാജർഷി വെള്ളത്തിലൊളിയ്ക്കാനൊരുങ്ങിയത്, അസുരഭയത്താലത്രേ, ത്രസദസ്യു—പുരുകുത്സപുത്രനായ ഒരു ഋഷി.

15. ഭൂരസപായി=ഭൂമിയുടെ രസം (നനവ്) നുകർന്നു ജീവിയ്ക്കുന്നവൻ. വമ്രൻ—വിഖനസ്സിന്റെ പുത്രനായ ഒരു ഋഷി. കലി—ഒരു ഋഷി. കുതിര ചത്ത—യുദ്ധത്തിൽ. പൃഥി—വേനന്റെ പുത്രനായ (പൃഥു) രാജർഷി.

16. ശയു—ഋഷി. മനു—രാജർഷി. സ്യൂമരശ്മി—ഋഷി. ശരങ്ങൾ—തദ്വൈരികളുടെ നേർക്ക്.

17. പഠർവാവ്—ഒരു രാജർഷി; ശര്യാതനും രാജർഷിതന്നെ.

18. അംഗിരസ്സേ, സ്തുതിയ്ക്കു എന്ന അന്തരാളവാക്യം ആത്മഗതമാണ്, ഗോധനത്തെ—പണികളാൽ ഗുഹയിലടയ്ക്കപ്പെട്ട പൈക്കൂട്ടത്തെ. മുമ്പേ മറ്റു ദേവകളെക്കാൾ. അന്നം—കൃഷിപരിജ്ഞാനം.

19. വിമദനെ സപത്നീകനാക്കിയത്—വിമദനെന്ന രാജർഷിയുവാവിന്നു പുരുമിത്രന്റെ മകളെ കൊടുപ്പിച്ചത്. കൊണ്ടുകൊടുത്തത്—വിമദന്നുതന്നെ.

20. ഹവിർദ്ദാതാവ്—യജമാനൻ. അധ്രിഗു, ഋതസ്തുപ്പ് എന്നിവർ, ഋഷിമാർ.

21. കൃശാനു—സോമപാലന്മാരിൽ ഒരാൾ. യുവാവ്—തരുണനായ പുരുകുത്സൻ. അരുമത്തേൻ=പ്രിയപ്പെട്ട തേൻ.

22. നേതാവ്—യജമാനൻ. നിലം=കൃഷിഭൂമി. തേരുകളെയും കുതിരകളേയും—യജമാനന്റെ.

23. ശതക്രതുക്കൾ—ബഹുവിധകർമ്മാക്കൾ. അർജ്ജുനൻ എന്നത് ഇന്ദ്രന്റെ ഒരു ഗുഹ്യനാമമത്രേ. തുർവീതി, ദഭീതി, ധ്വസന്തി, പുരുഷന്തി എന്നിവരും ഋഷിമാർതന്നെ.

24. കർമ്മത്തിലെത്തിയ്ക്കുവിൻ—ഞങ്ങളെക്കൊണ്ടു, ഞങ്ങൾ പറയുന്നതു ചെയ്യിയ്ക്കുവിൻ.

25. അതിനെ—ഞങ്ങൾ പ്രാർത്ഥിച്ചതിനെ.

ഏഴാമധ്യായം സമാപ്തം.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## എട്ടാം അദ്ധ്യായം

മണ്ഡലം 1 അനുവാകം 16

## സൂക്തം 113.

കുത്സൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഉഷസ്സ് ദേവത. (കേക)

വന്നെത്തിയിതാ, ജ്യോതിർവർഗ്ഗത്തിൽ മുഖ്യം ജ്യോതി-
സ്സു;-ന്നതപ്രഭ പാറി, നേരറിവുണ്ടാംവണ്ണം:
അർക്കനിൽനിന്നല്ലോ, സഞ്ജാതയായ് നിശാ;-യവ-
ളക്കണക്കുഷസ്സിനെച്ചരമാംശത്താൽപ്പെറ്റാൾ! (1)

വെൺനിറം മിന്നും പുലർവേള, പൊൻകിടാവുള്ളോൾ
വന്നെത്തീ; കരിമെയ്യാളിടങ്ങളിവൾക്കേകീ;
ഇമ്മൃതിരഹിതമാർ തുല്യബന്ധുക്കൾ നിറം
തമ്മിൽ മായ്ചഥ മുമ്പും പിമ്പുമായുദ്ഭാസിപ്പൂ! (2)

ഒന്നുതാൻ മാർഗ്ഗം സഹോദരിമാർക്ക;-നന്തമാ-
കുന്നതിൽത്താനേ താനേ ചരിപ്പൂ ദേവാദേശാൽ.
അന്യോന്യമഴലേകാ, നില്ക്കില്ല, സുഭഗമാർ,
ഭിന്നതയിലുമൈക്യംപൂണ്ട രാത്ര്യുഷസ്സുകൾ! (3)

അറിഞ്ഞു: സുശോഭയാം വാഗ്ജനയിത്രിയിവൾ;
തുറന്നു; പരിപൂജ്യ നമ്മൾതൻ പടികളെ;
വെളിച്ചം വീശി,ക്കാട്ടിത്തന്നു നമ്മൾക്കു ധനം;
പുലരി പുറത്തു തുപ്പുന്നു, പാരിനെയെല്ലാം! (4)

ചുരുണ്ടുകിടന്നോനെ നടത്തീ മഘോനി;-യി-
ങ്ങരുളീ മാർഗ്ഗം, ഭുക്തിയ്ക്കി,ഷ്ടിയ്ക്കു ധനത്തിന്നും:
ചെറുതു കണ്ടോർക്കേകീ നൽക്കാഴ്ച; വിശാലയാം
പുലരി പുറത്തു തുപ്പുന്നു, പാരിനെയെല്ലാം! (5)

ഒരുവന്നൈശ്വര്യേഷ്ടിയ്ക്കു,മൊരുവന്നന്നത്തിന്നു,-
മൊരുവന്നഭിയാത്രയ്ക്കു,മൊരുവന്നർത്ഥത്തിന്നും
അരുളീ മാർഗ്ഗം, നാനാത്രുപജീവിതങ്ങൾക്കും.
പുലരി പുറത്തു തുപ്പുന്നു, പാരിനെയെല്ലാം! (6)

ദ്യോവിന്റെ മകളിതാ, പുലർന്നുകാണായ്വന്നു,
യൌവനമിടിയാത്തോൾ, വെൺതുകിലുടുത്തവൾ,
ഭുവിലെസ്സമസ്തസമ്പത്തിന്നുമധീശ്വരി;
ഉവുക, വെളിച്ചമിങ്ങുഷസ്സേ, സുഭഗേ, നീ! (7)

പോയവരുടെയിടത്തെയ്ക്കു പോകുവോൾ, വരാൻ
പോകുന്ന വളരെപ്പേർക്കേട്ടത്തി,യുഷസ്സിവൾ
ഇരുട്ടു പോക്കിജ്ജീവജാലത്തെയെണീപ്പിപ്പോൾ,
മരണപ്പെട്ടോൻപോലുള്ളോനെയുമുണർത്തുവോൾ! (8)

അഗ്നിയെജ്ജ്വലിപ്പിയ്ക്കുമാറാക്കി,യുഷസ്സേ, നീ;-
യർക്കന്റെ വെളിച്ചത്താലകറ്റീ, തിമിരം നീ;
യാഗോൽക്കമനുഷ്യരെപ്പുറത്തെയ്ക്കിറക്കി നീ;

ശ്രീകരമിതു മൂന്നും ചെയ്യുതു,മ്പരിൽ നീയേ! (9)

എന്നതൊട്ടാവാ,മുഷസ്സിന്റെയിസ്സമാഗമം?
വന്നുപോയ് പെരുതവ, മേലിലും വരുംതാനും:
ഇന്നനുവ്രജിപ്പൂ, മുൻപോയോരെക്കൊതിച്ചിവൾ;
വന്നെത്തുന്നവരോടും ചേരുമേ, തേജസ്വിനി! (10)

പണ്ടുപണ്ടേത്തെത്തമോഹന്ത്രിയാമുഷസ്സിനെ-
ക്കണ്ടുപോന്നവരായ മർത്ത്യരെപ്പേരും പോയ്പ്പോയ്;
ഇന്നിതാ, നേരേ കാണായ് വന്നു നമ്മൾക്കുമവൾ;
ഇന്നിമേൽ നിശകളിൽക്കാണ്മോരും ദൃഢം പോകും! (11)

വൈരിയെപ്പോക്കുന്നവൾ, യാഗാർത്ഥം പിറന്നവൾ,
നേരു പാലിപ്പോൾ, ശബ്ദോൽപാദിനി സുഖവതി,
ദേവയജ്ഞത്തെ വഹിയ്ക്കുന്നവൾ, സുമംഗലി–
ത്തുവുക, വെളിച്ചമിങ്ങാര്യയാമുഷസ്സേ, നീ! (12)

പണ്ടു നിച്ചലുമുദിച്ചിരുന്നു; മറ നീക്കി-
ക്കൊണ്ടിന്നും വെളിപ്പെട്ടു ധന്യയാമുഷോദേവി;
ഭാവിനാളുകളിലും പ്രത്യക്ഷീഭവിയ്ക്കുമേ;
ശ്രീ വീശിച്ചരിയ്ക്കുന്നു, നിർജ്ജരാമരണയാൾ! (13)

വെൺകളിയിടുകയായ്, വാനിങ്കലെല്ലാടത്തും;
വൻകരിനിറം മായ്ക്കാൾ; വിളങ്ങുമുഷോദേവി;
ചെംകുതിരകൾ ചെമ്മേ പൂട്ടപ്പെട്ടൊരു തുത്തേ-
രിങ്കൽ വന്നണയുന്നു, പേർത്തുണർവിയറ്റവോൾ! (14)

എത്ര വേണമോ നമുക്കത്രയും ധനമേന്തി,-
ച്ചിത്രമാം കൊടി കാട്ടി മുതിർന്നാളറിവേകി,
അപ്പോയ വളരെപ്പേർക്കുപമാനവും, മേലി-
ലബ്യാഗമിപ്പോർക്കേട്ടത്തിയുമാമുഷസ്സിവൾ! (15)

എഴുന്നേല്ക്കുവിൻ: വന്നു, ജീവചൈതന്യം നമ്മൾ-
ക്കെ;-ഴനളളുന്നു തേജസ്സി;-രുളിൻ കഥ തീർന്നു;
വഴി നന്നാക്കീടുന്നു സൂര്യന്നു നടക്കുവാൻ-
തഴപ്പിച്ചിടുമന്നമെങ്ങ,ങ്ങു ഗമിയ്ക്ക നാം! (16)

ഉച്ചരിയ്ക്കുന്നു, മേന്മേൽബ്ഭാരവാഹിയാം സ്തോതാ-
വുജ്ജ്വലകളാമുഷസ്സുകളെപ്പറ്റി സ്തോത്രം:
ഇപ്പൊഴുതിരുൾ പോക്കുകിസ്തുതികാരന്ന;-ന്നം,
സുപ്രജയിവ നല്കുകെങ്ങൾക്കും മഘോനി, നീ! (17)

ഹവ്യത്തെസ്സമർപ്പിച്ച മർത്ത്യന്നേതുഷസ്സുകൾ
സർവവീരരും പശുച്ചാർത്തുമായ്പ്പുലർന്നിതോ;
പടുകാറ്റൊക്കും സ്തോത്രം കഴിഞ്ഞാലശ്വങ്ങളെ-
ക്കൊടുക്കുമവയോടു ചേരട്ടേ, കൃതസോമൻ! (18)

ദേവമാതൃത്വംമൂലമദിതിയ്ക്കെതിർനില്പോൾ

പാവനകർമ്മക്കൊടി ശോഭിയ്ക്ക, മഹതി നീ!
ഞങ്ങൾതൻ സ്തോത്രത്തിന്റെ മേന്മയ്ക്കായ്പ്പുലർന്നാലും;
ഞങ്ങളെപ്പാർപ്പിച്ചാലും, നാട്ടിൽ നീ ജഗൽസേവ്യേ! (19)

ഇങ്ങുഷസ്സുകൾ കൊണ്ടുവരുന്നു, മാന്യം പ്രാപ്യം
മംഗളധനം, യജിയ്ക്കുന്ന സേവകന്നായി!
അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (20)

## കുറിപ്പുകൾ: സൂക്തം 113.

1. മറ്റു ജ്യോതിസ്സുകൾ, അവയെമാത്രമേ പ്രകാശിപ്പിയ്ക്കുന്നുള്ളു; ഉഷസ്സാകുന്ന ജ്യോതിസ്സാകട്ടേ, ഇരുട്ടകറ്റി ലോകത്തെയെല്ലാം പ്രകാശിപ്പിയ്ക്കുന്നു. പാറീ–വ്യാപിച്ചു. നേരറിവ്=വസ്തുബോധം. അർക്കനിൽനിന്ന് അസ്തമിയ്ക്കുന്ന സൂര്യൻ രാത്രിയെ ഉൽപാദിപ്പിച്ചു; അവൾ (രാത്രി) അക്കണക്ക് (അതേവിധം) ചരമാംശത്താൽ (അന്ത്യയാമംകൊണ്ട്) ഉഷസ്സിനെ പ്രസവിച്ചു.
2. പുലർവേള=ഉഷസ്സ്. പൊൻകിടാവ്–പൊന്നുപോലെ പ്രിയപ്പെട്ട, കനകപ്രഭനായ കുട്ടി, സൂര്യൻ. കരിമെയ്യാൾ–രാത്രി. ഇടങ്ങളിവൾക്കേകീ–തന്റെ സ്ഥാനമൊക്കെ ഉഷസ്സിന്ന് ഒഴിഞ്ഞു കൊടുത്തു. ഇമ്മൃതിരഹിതമാർ–മരണമില്ലാത്ത (നിത്യം ആവിർഭവിയ്ക്കുന്ന) രാത്രിയും ഉഷസ്സും. തുല്യബന്ധുക്കൾ–അസ്തമിയ്ക്കുന്ന സൂര്യൻ രാത്രിയ്ക്കും ഉദിയ്ക്കുന്ന സൂര്യൻ ഉഷസ്സിന്നും ബന്ധുവാണല്ലോ. നിറം തമ്മിൽ മായ്ച്–രാത്രി ഊഷസ്സിന്റെ പ്രകാശത്തെയും, ഉഷസ്സ് രാത്രിയുടെ കറുപ്പിനെയും മായ്ക്കുന്നു.
3. സഹോദരിമാർ=ജ്യേഷ്ഠാനുജമാർ. അനന്തമാകുന്ന (അറ്റമില്ലാത്ത ആകാശമാകുന്ന) അതിൽ–മാർഗ്ഗത്തിൽ. ദേവാദേശാൽ–സൂര്യന്റെ ആജ്ഞമൂലം. അഴലേകാ–ഉപദ്രവിയ്ക്കില്ല. നില്ക്കില്ല–സർവദാ അവിടവിടെ സഞ്ചരിയ്ക്കുന്നു.
4. അറിഞ്ഞു–ഞങ്ങൾക്കു മനസ്സിലായി. വാഗ്ജനയിത്രി–ശബ്ദങ്ങളെ ഉൽപാദിപ്പിയ്ക്കുന്നവൾ; ഉഷഃകാലത്തു പക്ഷിമൃഗാദികൾ ശബ്ദിച്ചുതുടങ്ങുമല്ലോ. പടികളെ തുറന്നു –ദർശനപ്രതിബന്ധം നീക്കി. പുറത്തു തുപ്പുന്നു–ഇതേവരെ ഇരുട്ടുമൂലം മറവിലായിരുന്നവല്ലോ, ലോകം.
5. ചുരുണ്ടുകിടന്നോനെ–ഉറങ്ങിയിരുന്നവനെ. നടത്തീ–സ്വകർമ്മങ്ങൾക്കയച്ചു. മഘോനി=ധനവതി, ഉഷസ്സിന്റെ ഒരു പര്യായം. ഇഷ്ടി=യാഗം. ചെറുതു കണ്ടോർക്ക്–ഇരുട്ടുമൂലം ഇത്തിരിശ്ശെമാത്രം കണ്ടിരുന്നവർക്ക്. നൽക്കാഴ്ച= സ്പഷ്ടദർശനം. വിശാല –വ്യാപിനി.
6. അഗ്ര്യമായ (മഹത്തായ) ഇഷ്ടി–അഗ്നിഷ്ടോമവും മറ്റും. അഭിയാത്ര–ശത്രുക്കളോടു പൊരുതാൻ പോവുക.
7. ദ്യോവിന്റെ മകൾ–ഉഷസ്സ്. യൗവനമിടിയാത്തോൾ=നിത്യയുവതി. (മുൻസൂക്തങ്ങളിലെ ഉഷോവർണ്ണനം നോക്കുക).
8. പോയവർ–അതീതോഷസ്സുകൾ. വളരെപ്പേർക്ക്–ഭാവിനികളായ വളരെ ഉഷസ്സുകൾ. എണീപ്പിപ്പോൾ–ഉറക്കം പോക്കി എഴുനേല്പിയ്ക്കുന്നവൾ.
9. പുലർകാലത്താണല്ലോ, ഹോമാഗ്നിയെ ജ്വലിപ്പിയ്ക്കുക. യാഗോൽക്കർ–യാഗതൽപരർ, യാഗംചെയ്യുന്നവർ. ശ്രീകരം–ശുഭം. ഉമ്പരിൽ–ദേവകളിൽവെച്ച്.

10. സമാഗമം=വരവ്, ആവിർഭാവം. പെരുത്=വളരെ. അവ–ഉഷസ്സുകൾ. അനുവ്രജി-ക്കുക=പിന്നാലെ പോവുക. കൊതിച്ച്–സഹോദരീസ്നേഹത്താൽ. വന്നെത്തുന്നവരോ-ടും ചേരുമേ–ആഗാമിനികളും ഈ ഉഷസ്സുപോലെ തന്നെയായിരിക്കും.

11. തമോഹന്ത്രി=ഇരുട്ടിനെ നശിപ്പിക്കുന്നവൾ. പോയ്പ്പോയ്–മരിച്ചുപോയി. നിശകളിൽ –രാത്ര്യന്തങ്ങളിൽ. പോകം–മരിക്കും.

12. വൈരി–നിശാചരരായ ദ്രോഹികൾ. നേരു=സത്യം. ശബ്ദോൽ പാദിനി-പശുപക്ഷ്യാദികളുടെ ശബ്ദങ്ങളെ ജനിപ്പിക്കുന്നവൾ. സുമംഗലി–ഭർത്താവിനോട് (സൂര്യനോട്) ഒരിക്കലും വേ-ർപെടാത്തവൾ. ആര്യ–അതിശ്രേഷ്ഠ.

13. മറ–ഇരുട്ട്. ധന്യ–ധനവതി. ശ്രീ=ശോഭ. നിർജ്ജരാമരണയാൾ–ജരയും മരണവുമി-ല്ലാത്ത കാലത്രയവ്യാപിനി.

14. വൻകരിനിറം–വലിയ ഇരുട്ട്. കരി തുടച്ചുകളഞ്ഞിട്ടാണല്ലോ, ചുമരിന്മേലും മറ്റും വെള്ള-യടിക്കുക. ചെംകുതിരകൾ–തുടുരശ്മികൾ; അഥവാ, ചെമന്ന കുതിരകൾതന്നെ.

15. ചിത്രം=ആശ്ചര്യകരം. കൊടി–ഉദിപ്പിന്റെ അടയാളമായ രശ്മി. ഉപമാനം–മുന്നുഷസ്സുകളും ഇതുപോലെതന്നെയായിരുന്നു. അഭ്യാഗമിപ്പോർക്ക്–വരാനിരിക്കുന്ന ഉഷസ്സുകൾക്ക്.

16. ആളുകളോടായി പറയുന്നു: തേജസ്സ്–ഉഷസ്സിന്റെ പ്രഭ; ഇതു സൂര്യമാർഗ്ഗത്തെ ശുചീക-രിക്കുന്നു. തഴപ്പിച്ചിടും–ഉദാരന്മാർ ദാനംകൊണ്ടു വർദ്ധിപ്പിക്കുന്ന. അന്നദാതാക്കളുള്ള പ്രദേശത്തെയ്ക്കു പോവുക.

17. ഭാരവാഹി–സ്തുതിയുടെ ചുമതല (യാഗത്തിൽ) ഉള്ളവൻ. സുപ്രജ=നല്ല സന്താനം.

18. സർവവീരരും പശുച്ചാർത്തുമായ്–എല്ലാ വീര(പുത്രാദി)രോടും ഗോവൃന്ദത്തോടുംകൂടി; ഹവിസ്സു സമർപ്പിച്ചവനു വളരെ വീരന്മാരും നാല്ക്കാലികളും ഉണ്ടായിവന്നു. പടുകാറ്റൊ-ക്കും–കെല്പുള്ള കാറ്റിനൊപ്പം തടവില്ലാതെ വേഗത്തിൽ പ്രസരിക്കുന്ന. സ്തോതാവിന്നു കുതിരകളെയും ഉഷസ്സുകൾ കൊടുക്കുന്നു. കൃതസോമൻ–സോമനീരൊരുക്കിയവൻ, യജമാനൻ.

19. ദേവമാതൃത്വം–ദേവകൾ ഉഷസ്സിൽ സ്തുതികളാൽ ഉണർത്തപ്പെടുന്നതിനാലാണ്, ദേ-വമാതാവാക്കി കല്പിക്കപ്പെട്ടത്. അദിതിയ്ക്ക് (ദേവമാതാവിന്റെ പേർ) എതിർനില്പോൾ –തുല്യ. പാവനകർമ്മക്കൊടി–പാവനകർമ്മ(യജ്ഞ)ത്തിന്റെ അടയാളം. നാട്ടിൽ പാർപ്പിച്ചാലും-ഭവതിയുടെ അനുഗ്രഹത്താൽ ഞങ്ങൾ സ്വദേശത്തു സസുഖം വസിക്കു-മാറാകട്ടെ!

20. ഉഷസ്സു യജമാനന്നു മികച്ച ധനം നല്കുന്നു.

## സൂക്തം 114.

കുത്സൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; രുദ്രൻ ദേവത.

ഇതാ, വീരരെ ഒടുക്കുന്ന, പെരുമപ്പെട്ട, കപർദ്ദിയായ രുദ്രന്നു ഞങ്ങൾ സ്തുതികൾ സംഭരിയ്ക്കുന്നു: ഇരുകാലിയ്ക്കും നാല്ക്കാലിയ്ക്കും ശാന്തിവരട്ടെ; ഈ ഗ്രാമത്തിൽ സർവരും അരോഗരായി പുഷ്ടിയടയട്ടെ! (1)

രുദ്ര, അങ്ങു ഞങ്ങൾക്കു സുഖകരനാവുക—ഞങ്ങളെ സുഖിതരാക്കുക. വീരരെ ഒടുക്കുന്ന അങ്ങയെ ഞങ്ങൾ നമസ്കരിച്ചുപചരിയ്ക്കാം. അച്ഛൻ മനു യാതൊരു ശാന്തിയും ഭയനിവൃത്തിയും ഏർപ്പെടുത്തിയോ; രുദ്ര, അങ്ങു ഞങ്ങളെ അതിൽ കൊണ്ടാക്കുമാറാകണം! (2)

രുദ്ര, നിത്യയുവാവേ, ഞങ്ങൾ ദേവയജനത്താൽ, വീരരെ ഒടുക്കുന്ന നിന്തിരുവടിയുടെ പ്രസാദം നേടുമാറാകട്ടെ! അവിടുന്നു ഞങ്ങളുടെ പ്രജകൾക്കു സുഖം നല്കാനായി വന്നുചേർന്നാലും: ഞങ്ങൾ പീഡിപ്പിയ്ക്കപ്പെടാത്ത പുത്രന്മാരോടുകൂടി, അവിടെയ്ക്കു ഹവിസ്സർപ്പിച്ചു കൊള്ളാം. (3)

തേജസ്വിയും യജ്ഞസാധകനും കുടിലഗാമിയും കവിയുമായ രുദ്രനെ ഞങ്ങൾ രക്ഷയ്ക്കു വിളിയ്ക്കുന്നു: അവിടുന്നു ഞങ്ങളിൽനിന്നു ദേവകോപത്തെ ദൂരത്തു നീക്കട്ടെ. അവിടത്തെ തിരുവുള്ളമേ ഞങ്ങൾക്കു വേണ്ടു! (4)

പന്നിയ്ക്കൊത്ത കെല്പോടേ പരിശോഭിയ്ക്കുന്ന തേജസ്വിയും ധ്യേയനുമായ കപർദ്ദിയെ നാം വണങ്ങി, വിണ്ണിൽനിന്നു വിളിച്ചുവരുത്തുക: അവിടുന്നു വരേണ്യങ്ങളായ മരുന്നുകൾ തൃക്കൈകളിലെടുത്തു, നമുക്ക് ആരോഗ്യവും കവചവും ഗൃഹവും തന്നരുളട്ടെ! (5)

ഇതാ, മരുത്തുക്കളുടെ അച്ഛനായ രുദ്രന്നു, മധുരാൽ മധുരവും വർദ്ധനവുമായ വചനം ഉച്ചരിയ്ക്കപ്പെടുന്നു: അമൃത, അവിടുന്നു മനുഷ്യർക്കു പൊറുപ്പാൻ മതിയാകുന്ന ധനം ഞങ്ങൾക്കു തന്നരുളുക; എന്നെയും കുഞ്ഞിനെയും മകനെയും സുഖിപ്പിയ്ക്കുക! (6)

രുദ്ര, ഞങ്ങളുടെ കിഴവനെ, ഞങ്ങളുടെ കിടാവിനെ, ഞങ്ങളുടെ യുവാവിനെ, ഞങ്ങളുടെ ഗർഭശിശുവെ, ഞങ്ങളുടെ അച്ഛനെ, ഞങ്ങളുടെ അമ്മയെ, ഞങ്ങളുടെ പ്രിയശരീരങ്ങളെ, അവിടുന്നു ദ്രോഹിയ്ക്കരുതേ! (7)

രുദ്ര, ഞങ്ങളുടെ പുത്രനെയോ, ഞങ്ങളുടെ പൌത്രനെയോ, ഞങ്ങളുടെ ആളെയോ, ഞങ്ങളുടെ ഗോക്കളെയോ, ഞങ്ങളുടെ അശ്വങ്ങളെയോ അവിടുന്നു ദ്രോഹിയ്ക്കരുതേ; ഞങ്ങളുടെ വീരന്മാരെയും അരിശംകൊണ്ടു കൊന്നുകളയരുതേ! ഞങ്ങൾ ഹവിസ്സൊരുക്കി, എന്നെന്നും അങ്ങയെ വിളിച്ചുകൊള്ളാം. (8)

ഞാൻ മന്ത്രസ്തോത്രങ്ങളെ, ഒരിടയൻപോലെ, അങ്ങയ്ക്കർപ്പിയ്ക്കുന്നു: മരുൽപിതാവേ, ഞങ്ങൾക്കു സുഖം തന്നരുളുക! സുഖത്തെത്തുലോം ഉൽപാദിപ്പിയ്ക്കുന്നതും ശോഭനവുമാണല്ലോ, അങ്ങയുടെ തിരുവുള്ളം; അതിനാൽ ഞങ്ങൾ അങ്ങയുടെ രക്ഷയെ വരിച്ചുകൊള്ളുന്നു. (9)

വീരരെ ഒടുക്കുന്നവനേ, അങ്ങയുടെ ഗോഹത്യയും നരഹത്യയും ഞങ്ങളിൽനിന്ന് അകന്നുനില്ക്കട്ടെ; അങ്ങയുടെ ധനം മതി, ഞങ്ങൾക്ക്! ദേവ, ഞങ്ങളിൽ പ്രസാദിയ്ക്കുക; ഞങ്ങളെപ്പറ്റി കവിഞ്ഞരുളിച്ചെയ്യുക; രണ്ടിന്റെയും നാഥ, ഞങ്ങൾക്കു സുഖം തന്നരുളുക. (10)

രക്ഷയ്ക്കായി നാം ചൊല്ലിക്കഴിഞ്ഞു. തന്തിരുവടിയ്ക്കു നമസ്കാരം: മരുത്ത്വാനായ രുദ്രൻ നമ്മുടെ വിളി കേൾക്കട്ടെ!

(കേക)

അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (11)

## കുറിപ്പുകൾ: സൂക്തം 114.

1. വീരർ–എതിരാളികൾ. സംഭരിയ്ക്കുന്നു–ആലോചിച്ചൊരുക്കുന്നു. ശാന്തി–രോഗശമനം.
2. അച്ഛൻ–മനുഷ്യജനകൻ. ഏർപ്പെടുത്തിയോ–സ്വന്തം പ്രജകൾക്ക്.
3. പീഡിപ്പിയ്ക്കപ്പെടാത്ത–ഞങ്ങളുടെ പുത്രന്മാരെ ആരും ഉപദ്രവിയ്ക്കരുത്!
4. കുടിലഗാമി–ദുഷ്ടരിൽ കളവു പ്രയോഗിയ്ക്കുന്നവൻ. കവി–ക്രാന്തദർശി.
5. മരുന്നുകൾ–ഭിഷക്തമനാണ് രുദ്രനെന്ന് ഒന്നാം ഋക്കിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. കവചം–ആയുധനിവാരകമായ ചട്ട.
6. മരുത്തുക്കളുടെ അച്ഛൻ–മരുദുൽപത്തി പുരാണങ്ങളിലുണ്ട്. വർദ്ധനം–വളർച്ച (മഹത്ത്വം) വരുത്തുന്നത്; സ്തുതികൊണ്ടാണല്ലോ, ദേവകൾ ഹർഷിച്ചു മഹത്ത്വപ്പെടുന്നത്. വചനം–സ്തോത്രം. കുഞ്ഞിനെയും മകനെയും–പുത്രനെയും, അവന്റെ മകനെയും.
7. ദ്രോഹിയ്ക്കരുതേ–നേരേ മറിച്ച്, രക്ഷിയ്ക്കേണമേ!
9. ഒരിടയൻപോലെ–കാലത്തു മേയ്ക്കാൻ ഏറ്റുവാങ്ങിയ കാലികളെ ഇടയൻ വൈകുന്നേരം ഉടമസ്ഥരെ തിരിച്ചേല്പിക്കുന്നതുപോലെ, ഞങ്ങൾ ഭവാങ്കൽനിന്നു ലഭിച്ച സ്തോത്രമന്ത്രങ്ങളെ ഭവാങ്കൽ പ്രത്യർപ്പിയ്ക്കുന്നു. തിരുവുള്ളം–അനുഗ്രഹബുദ്ധി, പ്രസാദം.
10. അകന്നുനില്ക്കട്ടെ–ഞങ്ങളെ ബാധിയ്ക്കരുത്. കവിഞ്ഞരുളിച്ചെയ്യുക–പക്ഷപാതേന പ്രശംസിയ്ക്കുക. രണ്ടിന്റെയും–ഭൂമ്യന്തരിക്ഷങ്ങളുടെ.
11. ചൊല്ലിക്കഴിഞ്ഞു–സ്തോത്രം.

## സൂക്തം 115.

കുത്സൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സൂര്യൻ ദേവത. (കേക)

മിത്രന്നും വരുണന്നുമഗ്നിയ്ക്കും മിഴിയായ
ചിത്രമാമൊരു കതിർച്ചാർത്തുദിച്ചതോടൊപ്പം
ദ്യോവുമന്തരിക്ഷവും ഭൂമിയും നിറഞ്ഞുപോയ്;
സ്ഥാവരങ്ങൾക്കും ചരങ്ങൾക്കുമാത്മാവി,സ്സൂര്യൻ! (1)

ആരുദിയ്ക്കുമ്പോൾ,ദേവകാമരാം നേതാക്കന്മാർ
ചാരുവായ്ച്ചരിപ്പിപ്പൂ, നുകത്തെ ശ്രേയസ്സിന്നായ്;
ആ രുചിരയാമുഷോദേവിതൻ പിമ്പേ കൂടി-
പ്പോരുന്നു സൂര്യൻ, പെണ്ണിൻ പിന്നാലേ പുമാൻപോലെ. (2)

ചിത്രാംഗർ, വിചിത്രാഭർ, നുതിയാലിമ്പംകൊൾവോർ
ഭദ്രങ്ങൾ, ഹരിത്തുകൾ, സൂര്യന്റെ തുരംഗങ്ങൾ
വണങ്ങപ്പെട്ടുംകൊണ്ടു വന്നെത്തി, വാനിൻമീതേ:
ക്ഷണത്താലിവ ചുറ്റിനടക്കും, ദ്യോഭൂക്കളെ! (3)

ഇതു സൂര്യന്റെയൊരു മഹത്ത്വ,മിതീശത്വം:
കതിർ കർമ്മത്തിൻമദ്ധ്യേ താൻ തിരിച്ചെടുത്തേയ്ക്കും;
തേരിൽനിന്നശ്വങ്ങളെയഴിച്ചുവിട്ടാലപ്പോൾ,-
പ്പാരിലെമ്പാടും രാത്രി വിരിയ്ക്കും, കരിമ്പടം! (4)

മിത്രന്നും വരുണന്നും വെളിച്ചം നല്കിക്കൊണ്ടു
പൊൽത്തിരുവുടലർക്കൻ കാട്ടുന്നു, വാനിൻമദ്ധ്യേ;
ശക്തവുമനന്തവുമാകിയ വെളുപ്പൊന്നി-
ങ്ങെത്തിപ്പൂ ഹരിത്തുകൾ, മറ്റൊരു കറുപ്പുമേ! (5)

ദേവരേ, പിന്മാറിപ്പിനെ,ങ്ങളെപ്പാപം, ദോഷ-
മീവകകളിൽനിന്നീ,യാദിത്യോദയത്തിങ്കൽ!
അതിനെ മാനിയ്ക്കട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! (6)

### കുറിപ്പുകൾ: സൂക്തം 115.

1. മിഴി—കാഴ്ചയുണ്ടാക്കുന്നത്. നിറഞ്ഞു—പ്രകാശംകൊണ്ട്. ആത്മാവ്—സർവജഗത്തിന്നും ജീവഭൂതൻ.
2. ദേവകാമർ—ദേവപ്രീതി ഇച്ഛിയ്ക്കുന്നവർ. നുകത്തെ ചരിപ്പിപ്പൂ.....കൃഷിപ്രവൃത്തി തുടങ്ങുന്നു. രുചിര=ശോഭമാന.
3. ചിത്രാംഗർ=വിചിത്രാവയവർ. വിചിത്രാഭർ—നാനാവർണ്ണർ. നുതി=സ്തുതി. ഭദ്രങ്ങൾ—മംഗളാത്മകങ്ങൾ. ഹരിത്തുകൾ—പേർ. വണങ്ങപ്പെട്ടുംകൊണ്ടു—നമ്മളാൽ. വാനിൻമീതേ—കിഴക്ക് അന്തരിക്ഷത്തിൽ. ഇവ—സൂര്യാശ്വങ്ങൾ. ദ്യോഭൂക്കൾ—ദ്യാവാപൃഥിവികൾ.

4. ഇതു—താഴേ പറയുന്നത്. കർമ്മത്തിൻമധ്യേ—ആളുകളുടെ ജോലി കഴിയുന്നതിന്നുമുമ്പേ. താൻ കതിർ തിരിച്ചെടുത്തേയ്ക്കും—അസ്തമിച്ചു എന്നു വരും. അഴിച്ചുവിട്ടാൽ—യാത്ര നിർത്തിയാൽ, അസ്തമിച്ചാൽ. കരിമ്പടം—ഇരുട്ട്.

5. പൊൽത്തിരുവുടൽ=പൊന്നുപോലെയുള്ള സ്വരൂപം. ശക്തം—തമോനാശനസമർത്ഥം. ഹരിത്തുകൾ വരവിൽ വെളുപ്പും, പോക്കിൽ കറുപ്പും (ഇരുട്ടും) ഇങ്ങ് (ഈ ഭൂമിയിൽ) എത്തിപ്പൂ (കൊണ്ടുവരുന്നു).

6. പാപവും ദോഷവും ഞങ്ങൾക്കു പറ്റരുതെന്നു ദേവരോടു (രശ്മികളോടോ, ദേവന്മാരോടോ) പ്രാർത്ഥിയ്ക്കുന്നു.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## എട്ടാം അദ്ധ്യായം

മണ്ഡലം 1 അനുവാകം 17

## സൂക്തം 116.

കക്ഷീവാൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

ദർഭ മുറിയ്ക്കുന്നതുപോലെ, ഞാൻ നാസത്യർക്കു സ്തുതിയൊരുക്കുന്നു; അതിനെ, കാറ്റു മേഘജലത്തെ എന്നപോലെ ഉതിർക്കുകയും ചെയ്യുന്നു. ഇവരാണല്ലോ, ചെറുപ്പക്കാരനായ വിമദന്നു, സൈന്യത്തെ തട്ടിനീക്കുന്ന തേർകൊണ്ടു ഭാര്യയെ കൊണ്ടുകൊടുത്തത്! (1)

നാസത്യരേ, ഊക്കിൽ കുതിച്ചോടുന്ന കതിരകളാലും ദേവന്മാരുടെ പ്രേരണയാലും കൊണ്ടുചെല്ലപ്പെട്ടവരായ നിങ്ങളുടെ കഴുത യമന്ന് ഒരു വലിയ ധനമായ യുദ്ധത്തിൽ ആ ആയിരത്തെയും തോല്പിച്ചു കളഞ്ഞു! (2)

അശ്വികളേ, തുഗ്രൻ ഭുജ്യുവിനെ സമുദ്രയാത്രയ്ക്ക്, ഒരാസന്നമരണൻ ധനത്തെ എന്നപോലെ കൈവിട്ടു; അവനെ നിങ്ങൾ അന്തരിക്ഷചരങ്ങളായ, വെള്ളം കടക്കാത്ത, സ്വന്തം തോണികളിൽ കൊണ്ടുപോന്നു! (3)

നാസത്യരേ, മൂന്നു രാവും മൂന്നു പകലും മുഴുവൻ ഓടിയ്ക്കപ്പെട്ട, നൂറു ചക്രവും ആറു കുതിരയുമുള്ള മൂന്നു തേരുകൾകൊണ്ടത്രേ, നിങ്ങൾ ഭുജ്യുവിനെ സമുദ്രത്തിലെ മരുഭൂമിയിലും അതിന്റെ മറുകരയിലും കൊണ്ടാക്കിയത്! (4)

യാതൊരെത്തുംപിടിയുമില്ലാത്ത പെരുംകടലിൽ നിങ്ങൾ ചെയ്തതു, വീരത്വംതന്നെ: അശ്വികളേ, ഭുജ്യുവിനെ നിങ്ങൾ നൂറു ചുക്കാനുള്ള തോണിയിൽ കേറ്റി, ഗൃഹത്തിൽ കൊണ്ടാക്കിയല്ലോ! (5)

അശ്വികളേ, നിങ്ങൾ അംഘാശ്വന്ന് ഒരു വെള്ളക്കുതിരയെ കൊടുത്തുവല്ലോ; അതു സദാ നന്മ വരുത്തിപ്പോന്നു. നിങ്ങളുടെ ആ ദാനം മഹത്താണ്, കീർത്തനീയമാണ്; പേദുവിന്റെ ആ പടക്കുതിര എന്നെന്നും വിളിയ്ക്കപ്പെടേണ്ടതത്രേ. (6)

നേതാക്കളേ, സ്തുതിച്ചു അംഗിരോവംശ്യനായ കക്ഷീവാന്നു നിങ്ങൾ വമ്പിച്ച ബുദ്ധി കല്പിച്ചുകൊടുത്തു. സ്വന്തം യുവാശ്വത്തിന്റെ കുളമ്പാകുന്ന 'മുട്ടിപ്പാനി'യിൽനിന്നു മദ്യം പകർന്നു നിങ്ങൾ നൂറു കുടം നിറച്ചു! (7)

കത്തിപ്പിടിച്ച തീ നിങ്ങൾ പച്ചവെള്ളം പാറ്റി കെടുത്തു; കെല്പുണ്ടാക്കുന്ന ഭക്ഷണവും കൊടുത്തു. അങ്ങനെ, ഇരുട്ടിൽ കമിഴ്ത്തിയിടപ്പെട്ടിരുന്ന അത്രിയെ ഒരംഗഭംഗവും വരാതെ, അപായത്തിൽനിന്നുദ്ധരിച്ചു! (8)

നാസത്യരേ, നിങ്ങൾ ഒരു കിണർ പറിച്ചെടുത്തു, കീഴ്ഭാഗം മുകളിലും ദ്വാരം താഴത്തുമാക്കി ചെരിച്ചുപിടിച്ചു; അതിൽനിന്നു, ഹവിസ്സു നല്കിപ്പോന്ന സഹനശീലനായ ഗോതമന്നു ദാഹം മാറുമാറു കുടിപ്പാൻ വെള്ളം പകർന്നുകൊടുക്കുകയും ചെയ്തു! (9)

നാസത്യരേ, ദസ്രരേ, നിങ്ങൾ കിഴവനായ ച്യവനങ്കൽനിന്നു ജര ഒരു കുപ്പായംപോലെ അഴിച്ചുനീക്കി; ആ പരിത്യക്തന്ന് ആയുസ്സു വർദ്ധിപ്പിച്ചു; ഒടുവിൽ അദ്ദേഹത്തെ കന്യകമാരുടെ കണവനുമാക്കി! (10)

നേതാക്കളായ നാസത്യരേ, ശ്ലാഘ്യവും ആരാധ്യവുമാകുന്നു, നിങ്ങളുടെ ആ അഭിഗന്തവ്യവും വരണീയവുമായ കർമ്മം: വിദ്വാന്മാരായ നിങ്ങൾ കിണറ്റിൽ ഒളിപ്പിയ്ക്കപ്പെട്ട വന്ദനനെ, ഒരു നിധിയെ എന്നപോലെ പ്രത്യുദ്ധരിച്ചുവല്ലോ! (11)

നേതാക്കളേ, അഥർവപുത്രൻ ദധ്യംങ് (ദധീചൻ, ദധീചി) നിങ്ങൾക്ക് ഈ മധുവിദ്യ ചൊല്ലിത്തന്നതു കുതിരത്തലകൊണ്ടാണല്ലോ; നിങ്ങളുടെ ആ ഉഗ്രകർമ്മത്തെ ഞാൻ ധനത്തിന്നുവേണ്ടി, ഇടി മഴയെ എന്നപോലെ വെളിപ്പെടുത്തുന്നു! (12)

കൈ നീണ്ടുരുണ്ട നാസത്യരേ, മഹത്തായ സ്തോത്രത്തിന്നു ഫലമുളവാക്കുന്ന അശ്വികളേ, ബുദ്ധിമതിയായ വധ്രിമതി നിങ്ങളെ വീണ്ടും വീണ്ടും വിളിച്ചു: അതു നിങ്ങൾ ഗുരുവിന്റേതുപോലെ ചെവിക്കൊണ്ടു അവൾക്കു ഹിരണ്യഹസ്തനെ കൊടുക്കുകയും ചെയ്തു! (13)

നേതാക്കളായ നാസത്യരേ, നിങ്ങൾ ഒരു കാടയടിയാൻപിടയെ, പിടികൂടിയ ചെന്നായയുടെ വായിൽനിന്നു വിടുവിച്ചു! മഹാഭുജരേ, സ്തുതിയ്ക്കുന്ന കവിയ്ക്കു നിങ്ങൾ കാഴ്ചയുണ്ടാക്കി! (14)

ഖേലന്റെ വിശ്പലയുടെ കണങ്കാൽ, ഒരു പക്ഷിയുടെ ചിറകെന്നപോലെ യുദ്ധത്തിൽ വെട്ടിമുറിയ്ക്കുകയുണ്ടായല്ലോ; നിങ്ങൾ രാത്രിയിൽ ചെന്ന്, അപ്പോൾത്തന്നേ അവൾക്കു, ധനം കൈക്കലാക്കി പോകാൻ ഇരിമ്പുകാൽ വെച്ചുകൊടുത്തു! (15)

നൂറാടുകളെ നുറുക്കി പെൺചെന്നായയ്ക്കു കൊടുത്ത ഋജ്രാശ്വനെ അച്ഛൻ ശപിച്ചു കുരുടനാക്കിക്കളഞ്ഞു; നാസത്യരേ, ദസ്രരേ, അദ്ദേഹത്തിനന്റെ നശിച്ച കണ്ണുകൾക്കു വൈദ്യന്മാരായ നിങ്ങൾ നല്ല കാഴ്ചയുണ്ടാക്കി! (16)

നാസത്യരേ, കുതിരയെക്കൊണ്ടു ജയിയ്ക്കപ്പെട്ട സൂര്യപുത്രി, അതിർക്കുറ്റിയ്ക്കലെന്നപോലെ നിങ്ങളുടെ തേരിൽ കേറിയതു ദേവകളെല്ലാം മനസ്സോടേ സമ്മതിച്ചു; അതിനാൽ നിങ്ങൾ ശ്രീയോടു ചേർന്നു! (17)

അശ്വികളേ, ആഹൂതരായ നിങ്ങൾ ഹവിസ്സൊരുക്കിയ ദിവോ ദാസന്റെ ഗൃഹത്തിൽ പോകയുണ്ടായല്ലോ; അപ്പോൾ നിങ്ങളുടെ കാമവർഷിയായ തേരിൽ അന്നവും വെച്ചിരുന്നു. ഒരു കാളയെയും മുതലയെയുമാണ്, പൂട്ടിയിരുന്നത്! (18)

ധനം, നല്ല ബലം, നല്ല സന്തതിയെ ഉൽപാദിപ്പിയ്ക്കുന്ന നല്ല വീര്യമുള്ള അന്നം എന്നിവ എടുത്തുകൊണ്ടാണല്ലോ, നാസത്യരേ, നിങ്ങൾ ഹവിസ്സും സോമയാഗത്തിന്റെ മൂന്നു ഭാഗവും ഒരുക്കിയിരുന്ന ജാഹ്നവിയുടെ അടുക്കൽ ചെന്നത്! (19)

നാസത്യരേ, എമ്പാടും വളയപ്പെട്ട ജാഹ്നഷനെ ജരാരഹിതരായ നിങ്ങൾ രാത്രിയിൽ, എന്തും പിളർത്തുന്ന സ്വന്തം തേരിൽ കേറ്റി കൊണ്ടുപോന്നു, സുഗമങ്ങളായ വഴികളിലൂടേ ഒരു പർവതത്തിന്റെ മുകളിലെത്തിച്ചേർന്നു! (20)

അശ്വികളേ, നിങ്ങൾ വശനെ നാളൊന്നിന്നു രമ്യമായ ആയിരം പണം കിട്ടുന്നവനാക്കി സംരക്ഷിച്ചു! വൃഷാക്കളേ, ഇന്ദ്രനോടുകൂടിയ നിങ്ങൾ പൃഥുശ്രവസ്സിന്റെ ദുഃഖകാരികളായ ശത്രുക്കളെ കൊന്നോടുക്കി! (21)

ഋചൽകന്റെ പുത്രനായ ശരന്നു കുടിപ്പാൻ, നിങ്ങൾ ഒരു കുണ്ടുകിണറ്റിൽനിന്നു വെള്ളം മുകളിൽ വരുത്തി! നാസത്യരേ, കർമ്മം കൊണ്ടു ശ്രാന്തനായ ശയുവിന്റെ പേറുനിന്ന പയ്യിന്നു നിങ്ങൾ കറവുണ്ടാക്കി! (22)

രക്ഷിയ്ക്കേണമേ എന്നു സ്തുതിയ്ക്കുന്ന ഋജുശീലനായ കൃഷ്ണപുത്രൻ വിശ്വകന്നു നാസത്യരേ, നിങ്ങൾ സ്വകർമ്മത്താൽ വിഷ്ണാപ്വനെ, പോയ്പോയ മാടിനെ എന്നപോലെ കാട്ടിക്കൊടുത്തു! (23)

കൊല്ലാൻ കടുംകയർകൊണ്ടു കെട്ടിവരിഞ്ഞു വെള്ളത്തിലിടപ്പെട്ട രേഭൻ പത്തു രാവും ഒമ്പതു പകലും ആവതില്ലാതേ വെള്ളത്തിൽ കിടന്നു; ചുട്ടുപഴുപ്പിച്ചതുപോലിരുന്ന അദ്ദേഹത്തെ നിങ്ങൾ, സ്രുവം കൊണ്ടു സോമത്തെ എന്നപോലെ എടുത്തുപൊക്കി! (24)

അശ്വികളേ, നിങ്ങൾ കല്പിച്ചുചെയ്തവ ഞാൻ പറഞ്ഞൊപ്പിച്ചു. ഞാൻ നല്ല ഗോക്കളോടും നല്ല വീരരോടുംകൂടി, ഇവിടെ അധിപതിയായിത്തീരണം; കൺകാഴ്ചയോടേ ദീർഘായുസ്സും നേടി, ജരയിലെയ്ക്കു, ഗൃഹത്തിലെയ്ക്കെന്നപോലെ കടക്കുമാറാകണം! (25)

## കുറിപ്പുകൾ: സൂക്തം 116.

1. ദർഭ–ഒരു യജമാനൻ യാഗത്തിന്നു, തക്ക വലുപ്പത്തിൽ ദർഭപ്പുല്ലു മുറിച്ചുവെയ്ക്കുന്നതുപോലെ. മേഘജലം=മേഘത്തിന്റെ ഉള്ളിലിരിയ്ക്കുന്ന വെള്ളം. മഴപെയ്യുന്നതുപോലെ, ഞാൻ അവിച്ഛിന്നമായി സ്തോത്രം ചൊല്ലുന്നു. വിമദൻ 112-ാം സൂക്തത്തിലെ 19-ാം ഋക്കിൽ സൂചിപ്പിയ്ക്കപ്പെട്ടിട്ടുണ്ട്. കന്യക സ്വയംവരത്തിൽവെച്ചു യുവാവായ വിമദനെ വരിച്ചു; അതിൽ അസൂയയും അരിശവും പൂണ്ടു മറ്റു രാജാക്കന്മാർ പോരിന്നു പുറപ്പെട്ടു. യുദ്ധാശക്തനായ വിമദൻ അശ്വികളെ സ്തുതിച്ചു; അവർ എതിരാളികളെ തോല്പിച്ചു, വധുവിനെ വിമദനോടു ചേർത്തു.
2. കഴുത–പ്രജാപതി നിങ്ങൾക്കു തന്ന വാഹനം. യമന്ന് ഒരു സമ്പത്താണല്ലോ, വളരെ മരണങ്ങൾ നടക്കുന്ന യുദ്ധം. ആ ആയിരം–വിമദനോടു യുദ്ധത്തിന്നു ചെന്ന വളരെ രാജാക്കന്മാർ.
3. തുഗ്രൻ എന്ന രാജാവു ദ്വീപാന്തരത്തിലെ ശത്രുക്കളെ ജയിപ്പാൻ സ്വപുത്രനായ ഭുജ്യുവിനെ സൈന്യത്തോടൊപ്പം സമുദ്രമാർഗ്ഗേണ അയച്ചു. വളരെ ദൂരം പിന്നിട്ടതിന്നുശേഷം, തോണി കാറ്റിനാൽ പൊളിഞ്ഞതിനാൽ രാജകുമാരനും സൈന്യവും കടലിൽ മുങ്ങിപ്പോയി. അപ്പോൾ കുമാരൻ അശ്വികളെ സ്തുതിച്ചു. അവർ പ്രസാദിച്ചു സസൈന്യനായ ഭുജ്യുവിനെ സ്വന്തം തോണികളിലും തേരുകളിലും കേറ്റി രാജധാനിയിൽ കൊണ്ടാക്കി. ആ തോണികൾ അന്തരിക്ഷത്തിലും സഞ്ചരിയ്ക്കും.
6. അഘാശ്വൻ–പേദു എന്ന രാജർഷി. നന്മ–വിജയം. വിളിയ്ക്കപ്പെടേണ്ടത്–ഞങ്ങളാലും ആഹ്വാതവ്യം.
7. കക്ഷീവാന്ന്–കക്ഷീവാനെന്ന എനിയ്ക്ക്. മുട്ടിപ്പാനി–വാറ്റുകുടം. അതിൽനിന്നു മദ്യസമ്പാദകർ മദ്യം പകരുന്നതുപോലെ, നിങ്ങൾ നിങ്ങളുടെ കുതിരയുടെ കുളമ്പിൽനിന്നു മദ്യം പകർന്നു, വളരെ കുടം നിറച്ചു.
8. അത്രി എന്ന ഋഷിയെ അസുരന്മാർ വളരെ ഓട്ടകളുള്ള ഒരുതരം യന്ത്രത്തിൽ കമിഴ്ത്തിക്കിടത്തി, ഉമിത്തീയ്യുകൊണ്ടു ദഹിപ്പിയ്ക്കാൻ തുടങ്ങി. അപ്പോൾ അദ്ദേഹം അശ്വികളെ സ്തുതിച്ചു; അവർ അദ്ദേഹത്തെ മോചിപ്പിച്ചു.
9. ഗോതമനെന്ന ഋഷി ഒരു മരുഭൂമിയിൽ ദാഹിച്ചു വലഞ്ഞ് അശ്വികളെ സ്തുതിച്ചു. അവർ മറ്റൊരേടത്തുനിന്ന് ഒരു കിണർ എടുത്തുകൊണ്ടുവന്ന് ഋഷിയ്ക്കു വെള്ളം വേണ്ടുവോളം കൊടുത്തു.
10. പരിത്യക്തൻ–പുത്രാദികളാൽ ത്യജിയ്ക്കപ്പെട്ടവൻ. ച്യവനൻ വീണ്ടും യുവാവാക്കപ്പെട്ട കഥ പുരാണങ്ങളിലുണ്ട്.
11. അഭിഗന്തവ്യം–സേവനീയം. ഒളിപ്പിയ്ക്കപ്പെട്ട–അസുരന്മാരാൽ കിണറ്റിന്നടിയിൽ വീഴിയ്ക്കപ്പെട്ട. വന്ദനൻ–ഒരു ഋഷി.
12. ഇന്ദ്രൻ ദധ്യംഗിന്നു മധുവിദ്യ ഉപദേശിച്ചു. ‘ഇതു മറ്റൊരാൾക്കു പറഞ്ഞുകൊടുത്താൽ ഭവാന്റെ തല ഞാൻ വെട്ടും’ എന്നു താക്കീതും ചെയ്തു. ഇതുകാരണം, അശ്വികൾ ദധ്യംഗിന്റെ തല വെട്ടി മറ്റൊരേടത്തു കഴിച്ചിട്ടിട്ട്, അദ്ദേഹത്തിന്ന് ഒരശ്വത്തിന്റെ തല വെട്ടിയെടുത്തു പകരം വെച്ചുകൊടുത്തു. ആ കുതിരത്തലകൊണ്ടത്രേ, ദധ്യംഗ് അശ്വികളെ

മധുവിദ്യ പഠിപ്പിച്ചത്. പഠിച്ചുകഴിഞ്ഞപ്പോൾ അവർ ഋഷിയ്ക്കു, കുതിരത്തല നീക്കി, അദ്ദേഹത്തിന്റെ തലതന്നെ വെച്ചുകൊടുത്തു. രണ്ടും ഉഗ്രകർമ്മംതന്നെ!

13. വധ്രിമതി എന്ന രാജപുത്രിയ്ക്ക് ഒരു നപുംസകമാണ്, ഭർത്താവായിത്തീർന്നത്. അവൾ പുത്രനുണ്ടാകാൻവേണ്ടി അശ്വികളെ വിളിച്ചു. അവർ അവളെ പ്രാപിച്ചു, ഹിരണ്യഹസ്തനെന്ന ഒരു പുത്രനെ കൊടുത്തു. ഗുരുവിന്റേതുപോലെ—ഗുരുവിന്റെ വിളി കേൾക്കുമ്പോഴത്തെ ആദരവോടേ.

14. കവി—കുരുടനായ ഒരു ഋഷി.

15. വിശ്പല—112-ാം സൂക്തത്തിലെ 10-ാം ഋക്കിൽ പ്രസ്താവിയ്ക്കപ്പെട്ടവൾ.

16. അശ്വികളുടെ വാഹനമായ ഗർദ്ദഭം ഒരു പെൺചെന്നായയായിച്ചമഞ്ഞു, വൃഷാഗിരെന്ന രാജർഷിയുടെ പുത്രനായ ഋജ്രാശ്വന്റെ അടുക്കൽ ചെന്നുകൂടി; അതിന്നു തിന്നാൻ ഋജ്രാശ്വൻ നാട്ടുകാരുടെ ഒരു നൂറാടുകളെ അപ്പപ്പോളായി വെട്ടിനുറുക്കി കൊടുത്തു. ഈ പ്രജാധനാപഹരണം വൃഷാഗിരിനെ കുപിതനാക്കി:അദ്ദേഹം മകനെ, കുരുടനായിപ്പോകട്ടെ എന്നു ശപിച്ചു. അങ്ങനെ അന്ധനായിത്തീർന്ന ഋജ്രാശ്വൻ അശ്വികളെ സ്തുതിച്ചു പ്രസാദിപ്പിച്ചു.

17. സൂര്യൻ സ്വപുത്രിയെ ഓട്ടത്തിൽ ജയിയ്ക്കുന്നവന്നു കൊടുപ്പാൻ, അവളെ കാമിച്ചുചെന്ന ദേവന്മാരുടെ നിർബന്ധംമൂലം നിശ്ചയിച്ചു. ആ പന്തയത്തിൽ, ഒന്നാമത് അതിർക്കുറ്റിയ്ക്കലെത്തിയത്, അശ്വികളുടെ കുതിരയാണ്. അങ്ങനെ അവർ സൂര്യപുത്രിയെ ജയിച്ചു—തനതാക്കി. അതിർക്കുറ്റിയ്ക്കലെന്നപോലെ—കുതിര ഗതിവേഗത്താൽ ലക്ഷ്യസ്ഥലത്തെത്തിയതുപോലെ. ശ്രീ—ആയിരം ഋക്കുകൾ കിട്ടുക എന്ന സമ്പത്ത്; അല്ലെങ്കിൽ, ജയലക്ഷ്മി.

18. പരസ്പരവിരോധികളായ വൃഷഭ—നക്രങ്ങൾ നിങ്ങളുടെ പ്രഭാവത്താൽ ഇണക്കംപൂണ്ടു തേർ വലിച്ചു!

19. മൂന്നു ഭാഗം—മൂന്നു സവനങ്ങളുടെ. ജാഹ്നവി—ജഹ്നുമഹർഷിയുടെ മകൾ.

20. വളയപ്പെട്ട—ശത്രുക്കളാൽ നിരുദ്ധനായ. ജാഹുഷൻ—ഒരു രാജാവ്, പർവതത്തിന്റെ—ശത്രുക്കൾക്കു കേറാൻ വയ്യാത്ത മലയുടെ.

21. വശൻ—ഒരു ഋഷി. പണം—നാണ്യം. പൃഥുശ്രവസ്സ്—ഒരു രാജാവ്.

22. കർമ്മംകൊണ്ടു—യുഷ്മൽപരിചരണംനിമിത്തം. ശ്രാന്തൻ=ക്ഷീണിച്ചവൻ.

23. വിശ്വകൻ—ഒരു ഋഷി; ഇദ്ദേഹത്തിന്റെ പുത്രനായ വിഷ്ണാപ്വനെ കാണാതാവുകയുണ്ടായി. മാടിനെ എന്നപോലെ—കാണാതായ ഒരു പശുവിനെ വല്ലവരും ഉടമസ്ഥന്റെ ദൃഷ്ടിയിൽപ്പെടുത്തുന്നതുപോലെ.

24. രേഭൻ—112-ാം സൂക്തത്തിലെ 5-ാം ഋക്കിൽ പ്രസ്താവിയ്ക്കപ്പെട്ട ഋഷി; ഇദ്ദേഹത്തെ അസുരന്മാർ വെള്ളത്തിൽ കൊണ്ടിട്ടു. രേഭന്റെ ദേഹം, അന്തസ്താപാധിക്യംമൂലം, തൊട്ടാൽപ്പൊള്ളുമെന്ന സ്ഥിതിയിലെത്തിയിരുന്നു. സോമത്തെ, ഹോമിപ്പാൻ സ്രുവത്തിലെടുത്തുയർത്തുന്നതുപോലെ.

25. ഇവിടെ—ഈ നാട്ടിൽ. ഗൃഹത്തിലെയ്ക്കെന്നപോലെ—സ്വന്തം ഗൃഹത്തിൽ പ്രവേശിയ്ക്കാൻ ആർക്കും ക്ലേശമുണ്ടാവില്ലല്ലോ; അതുപോലെ സുഖമായി വേണം, ഞാൻ വാർദ്ധക്യത്തിലെയ്ക്കു കടക്കുക!

## സൂക്തം 117.

കക്ഷീവാൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

അശ്വികളേ, നിങ്ങളെ മധുരസോമംകൊണ്ടു മത്തുപിടിപ്പിയ്ക്കാൻ, പഴയ ഹോതാവു യഥാവിധി പരിചരിയ്ക്കുന്നു: ഹവിസ്സു ദർഭയിൽ വെച്ചിരിയ്ക്കുന്നു; സ്തുതികൾ ചൊല്ലപ്പെടുന്നു. അതിനാൽ നാസത്യരേ, അന്നവും ബലവും എടുത്തു വന്നുചേരുവിൻ! (1)

അശ്വികളേ, നല്ലശ്വങ്ങളുള്ള മനോധികവേഗിയായ നിങ്ങളുടെ യാതൊരു രഥം പ്രജകളെ പ്രാപിയ്ക്കുന്നുവോ; നേതാക്കളേ, നിങ്ങൾ സുകൃതിയുടെ ഗൃഹത്തിൽ പോകുന്നതു യാതൊന്നിലൂടെയോ; അതിലൂടെ ഞങ്ങളുടെ ഭവനത്തിൽ വന്നുചേരുവിൻ! (2)

നേതാക്കളേ, പഞ്ചജനങ്ങളിൽപ്പെട്ട ഋഷിയായ അത്രിയെ പരിക്കൊന്നും പറ്റാതെ, പാപരൂപമായ ഉമിത്തിയ്യിൽനിന്നു നിങ്ങൾ വിടുവിച്ചു; വൃഷാക്കളേ, അതിന്നു നിങ്ങൾ ദുഷ്ടനായ ദസ്യുവിന്റെ മായകളെ ഒന്നൊന്നായി തടുത്ത്, അവനെ കൊലപ്പെടുത്തി. (3)

അശ്വികളേ, നേതാക്കളേ, വൃഷാക്കളേ, ദുശ്ചേഷ്ടിതരാൽ വെള്ളത്തിലാഴ്ത്തപ്പെട്ട, അവയവങ്ങൾ വേർപെട്ടിരുന്ന രേഭർഷിയെ നിങ്ങൾ ഒരശ്വത്തെ എന്നപോലെ സ്വകർമ്മത്താൽ സ്വാസ്ഥ്യപ്പെടുത്തി; നിങ്ങൾ പണ്ടു ചെയ്തതൊന്നും പഴകിപ്പോകില്ല! (4)

ദസ്രരേ, അശ്വികളേ, ഭൂമിയുടെ മടിയിൽ ഉറങ്ങുന്നവൻപോലെ ഇരുളിൽ കിടന്ന സൂര്യനൊത്ത വന്ദനനെ, കുഴിച്ചിട്ട ഒരു ദർശനീയമായ സ്വർണ്ണാഭരണത്തെയെന്നപോലെ നിങ്ങൾ പൊക്കിയെടുത്തു! (5)

നേതാക്കളായ നാസത്യരേ, നിങ്ങൾ അച്ചെയ്തതിനെ, അംഗിരോഗോത്രജനായ കക്ഷീവാൻ അഭീഷ്ടലബ്ധിയ്ക്കായി സ്തുതിച്ചുകൊള്ളുന്നു: ജനങ്ങൾക്കുവേണ്ടി, നിങ്ങൾ വേഗമേറിയ കുതിരയുടെ കുളമ്പിൽനിന്നു പുറപ്പെട്ട മദ്യംകൊണ്ടു നൂറുകുടം നിറച്ചുവല്ലോ! (6)

നേതാക്കളേ, സ്തുതിയ്ക്കുന്ന കൃഷ്ണപുത്രനായ വിശ്വകന്നു നിങ്ങൾ വിഷ്ണാപ്വനെ കാണിച്ചുകൊടുത്തു! അശ്വികളേ, അച്ഛന്റെ ഗൃഹത്തിൽ പാർത്തു നരച്ച ഘോഷയ്ക്കു നിങ്ങൾ കണവനെ നല്കി! (7)

അശ്വികളേ, നിങ്ങൾ കറുത്തിരുണ്ടവന്ന് ഒരു കാന്തിമതിയെ കൊടുത്തു; കരുടനായ കണ്വന്നു കാഴ്ച വരുത്തി. നൃഷത്തിന്റെ പുത്രനു ചെവി കേൾക്കാറാക്കി; വൃഷാക്കളേ, നിങ്ങൾ അച്ചെയ്തത് എത്ര പ്രശംസനീയം! (8)

അശ്വികളേ, ബഹുരൂപരായ നിങ്ങൾ ഗതിവേഗവും കെല്പുമുള്ളതും ആയിരം നല്കുന്നതും എതിരില്ലാത്തതും ശത്രുഘാതിയും സ്തുത്യവും വിജയിയുമായ ഒരശ്വത്തെ പേദുവിന്നു കൊണ്ടുകൊടുത്തുവല്ലോ! (9)

ശോഭനപ്രദാനരായ അശ്വികളേ, കേൾക്കേണ്ടുന്നവയാണ്, നിങ്ങളുടെ ഈ വീര്യങ്ങൾ! ദ്യാവാപൃഥിവികളായ നിങ്ങളെ പ്രസാദിപ്പിയ്ക്കാൻ മന്ത്രസ്തോത്രം ഉദ്ഘോഷിയ്ക്കപ്പെടുന്നു. അംഗിരോഗോത്രക്കാർ വിളിയ്ക്കുമ്പോൾ, നിങ്ങൾ അന്നവുമായി വന്നെത്തണം; വിദ്വാന്നും ബലം തരണം! (10)

പോഷണകർത്താക്കളായ അശ്വികളേ, നാസത്യരേ, പുത്രനാൽ അളവുപിടിച്ചു സ്തുതിയ്ക്കപ്പെട്ട–അഗസ്ത്യനാൽ മന്ത്രസ്തോത്രംകൊണ്ടു വളർത്തപ്പെട്ട–നിങ്ങൾ മേധാവിയ്ക്ക് അന്നം കുറിച്ചു; വിശ്പലയ്ക്കുകാലും വെച്ചുകൊടുത്ത്! (11)

സൂര്യപുത്രന്മാരേ, വൃഷാക്കളേ, അശ്വികളേ, ശയുവിനെ രക്ഷിച്ച നിങ്ങൾ, ശുക്രൻ സ്തുതിയ്ക്കുന്നേടത്തെയ്ക്കു പോകുമ്പോളാണല്ലോ, രേഭനെ പത്താമത്തെപ്പകലിൽ, ഒരു കുഴിച്ചിട്ട പൊൻകുടത്തെയെന്നപോലെ ഉദ്ധരിച്ചത്; അതെവിടെവെച്ചായിരുന്നു? (12)

അശ്വികളേ, കിഴവനായ ച്യവനനെ നിങ്ങൾ ചികിത്സിച്ച് വീണ്ടും ചെറുപ്പക്കാരനാക്കി! നാസത്യരേ, സൂര്യന്റെ മകൾ ശ്രീയോടു കൂടി നിങ്ങളുടെ തേരിൽ വന്നുകേറി! (13)

യുവാക്കളേ, പണ്ടേ സ്തുതിച്ചുപോന്ന തുഗ്രന്നു നിങ്ങൾ വീണ്ടും സ്തോതവ്യരായിത്തീർന്നു: നിങ്ങൾ ഭുജ്യുവിനെ പെരുംകടലിൽനിന്നു തോണികളിലും കുതിച്ചോടുന്ന കുതിരകളിലുമായി കൊണ്ടുപോന്നുവല്ലോ! (14)

അശ്വികളേ, അച്ഛനയച്ച തുഗ്രപുത്രൻ സമുദ്രത്തിൽ മുങ്ങിയിട്ടും സങ്കടപ്പെടാതെ നിങ്ങളെ വിളിച്ചു; അദ്ദേഹത്തെ മനോവേഗികളും വൃഷാക്കളുമായ നിങ്ങൾ നന്നായി പൂട്ടിയ തേരിൽ കേറ്റി കൊണ്ടു പോന്നു! (15)

അശ്വികളേ, നിങ്ങളെ വിളിച്ച കാടയടിയാൻപിടയെ നിങ്ങൾ ചെന്നായയുടെ വായിൽനിന്നു വിട്ടുവിച്ചു! നിങ്ങൾ വെറ്റിത്തേരിലൂടേ മലമുകളിൽ കേറി! നിങ്ങൾ വിഷ്വാക്കിന്റെ കുഞ്ഞിനെ വിഷംകൊണ്ടു കൊന്നു! (16)

അശ്വികളേ, നൂറാടുകളെക്കൊണ്ടു പെൺചെന്നായയെ പൂജിച്ചതിൽ അരിശംകൊണ്ട അച്ഛനാൽ ഇരുട്ടിലാക്കപ്പെട്ട ഋജ്രാശ്വനെ നിങ്ങൾ ചക്ഷുഷ്മാനാക്കി– കുരുടന്നു നിങ്ങൾ നല്ല കൺകാഴ്ചയുണ്ടാക്കി! (17)

കുരുടന്നു പൊറുതിയ്ക്കുള്ള സ്വാസ്ഥ്യം കിട്ടാൻ ആ പെൺചെന്നായ, 'ഹേ അശ്വികളേ, വൃഷാക്കളേ, നേതാക്കളേ!' എന്നിങ്ങനെ വിളിക്കൂട്ടി:- 'ഒരു യുവകാമുകൻ പരസ്ത്രീയെക്കന്നപോലെ, ഋജ്രാശ്വൻ എനിയ്ക്ക് ഒരു നൂറാടുകളെ നുറുക്കിത്തന്നു!' (18)

അശ്വികളേ, മഹത്തും സുഖജനവുമാണ്, നിങ്ങളുടെ പാലനം: സ്തോതവ്യരേ, നിങ്ങൾ വേർപെട്ടുപോയ അവയവങ്ങളെ ചേർത്തിണക്കിയല്ലോ! വൃഷാക്കളേ, നിങ്ങളെത്തന്നെയാണ്, ബുദ്ധിമതി വിളിച്ചത്; നിങ്ങൾ രക്ഷയുമായി അവളുടെ അടുക്കലെത്തി! (19)

കറവുവറ്റി ചടച്ച പേറുനിന്ന ഒരു പയ്യിനെ, നിങ്ങൾ ശയുവിന്നുവേണ്ടി, ധാരാളം പാലുള്ളതാക്കിത്തീർത്തു! പുരുമിത്രന്റെ മകളെ നിങ്ങൾ സ്വകർമ്മത്താൽ വിമദന്നു ഭാര്യയാക്കി കൊണ്ടുകൊടുത്തു. (20)

അശ്വികളേ, ദസ്രരേ, നിങ്ങൾ വിദ്വാനായ മനുവിന്നുവേണ്ടി, കരികൊണ്ടുഴുതേടത്തു യവം വിതപ്പിച്ചു; അന്നം കറന്നെടുത്തു; ദ്രോഹികളെ വജ്രംകൊണ്ടു വധിച്ചു. ഇങ്ങനെ, നിങ്ങൾ വമ്പിച്ച തേജസ്സു കാണിച്ചു! (21)

ദസ്രരേ, അശ്വികളേ, നിങ്ങൾ അഥർവപുത്രനായ ദധീചന്നു കുതിരത്തല പകരംവെച്ചു; അദ്ദേഹം പ്രതിജ്ഞ പാലിപ്പാൻ, ഇന്ദ്രോപദിഷ്ടമായ മധുവിദ്യയും, പ്രവർഗ്ഗ്യവും നിങ്ങൾക്കു ചൊല്ലിത്തന്നു! (22)

കവികളേ, അശ്വികളേ, എന്റെ പേരിൽ നിങ്ങൾക്കു സദാകനിവുണ്ടാകണം: എന്റെ എല്ലാക്കർമ്മങ്ങളും നിങ്ങൾ രക്ഷിയ്ക്കണം; നാസത്യരേ, നിങ്ങൾ ഞങ്ങൾക്കു പ്രശംസനീയമായ വമ്പിച്ച സമ്പത്തും സന്തതിയും തന്നരുളണം! (23)

വിളയാടുന്ന നേതാക്കളേ, അശ്വികളേ, നിങ്ങൾ വധ്രിമതിയ്ക്കു ഹിരണ്യഹസ്ത-

നെന്ന പുത്രനെ കല്പിച്ചുകൊടുത്തു! ശോഭനദാനരായ അശ്വികളേ, മൂന്നു കഷ്ണമാക്കപ്പെട്ടിരുന്ന ശ്യാവനെ നിങ്ങൾ ഉയിർത്തെഴുന്നേല്പിച്ചു! (24)

അശ്വികളേ, ആളുകൾ വർണ്ണിച്ചിട്ടുള്ളവയാണ്, നിങ്ങളുടെ ഈ പഴയ വീരകർമ്മങ്ങൾ; വൃഷാക്കളേ, ഞങ്ങളും നിങ്ങളെപ്പറ്റി മന്ത്രസ്തോത്രം രചിച്ച്, നല്ല വീരരോടുകൂടി, പുകഴ്ത്തിച്ചൊല്ലുമാറാകണം! (25)

## കുറിപ്പുകൾ: സൂക്തം 117.

1. എടുത്തു–ഞങ്ങൾക്കു തരുവാൻ.
2. സുകൃതി–യാഗംചെയ്യുന്നവൻ.
3. പഞ്ചജനങ്ങൾ–നാലുജാതിയും നിഷാദരും. 116-ാം സൂക്തത്തിൽ 8-ാം ഋക്കിൽ പറഞ്ഞതു പ്രകാരാന്തരേണ പറയുന്നു.
4. അശ്വത്തെ എന്നപോലെ–രോഗംബാധിച്ച കുതിരയെ എന്നപോലെ. സ്വകർമ്മത്താൽ–സ്വന്തം ചികിത്സകൊണ്ട്. പഴകിപ്പോകില്ല–എന്നും പുത്തനായിരിയ്ക്കും.
6. കക്ഷീവാൻ–ഞാൻ. ജനങ്ങൾക്കുവേണ്ടി–ആളുകൾ അപേക്ഷിച്ചതിനാൽ.
7. ഘോഷ എന്നവൾ കുഷ്ഠരോഗിണിയായിരുന്നു; അവളെ ആരും വരിച്ചില്ല. അതിനാൽ വിവാഹിതയാകാതെ വാർദ്ധക്യപര്യന്തം അച്ഛന്റെ ഗൃഹത്തിൽത്തന്നെ പാർത്തു. ഒടുവിൽ അശ്വിപ്രസാദത്താൽ, അവൾ രോഗമുക്തയായി, യൌവനവും വീണ്ടെടുത്തു, ഭർത്തൃമതിയായിച്ചമഞ്ഞു.
8. കറുത്തിരുണ്ടവന്ന്–ഒരുതരം കുഷ്ഠം പിടിച്ച കരുവാളിച്ച ഒരു ഋഷിയ്ക്കു, രോഗം ശമിപ്പിച്ച്, ഒരു സുന്ദരിയെ ഭാര്യയാക്കി കൊടുത്തു. നൃഷത്ത്–ഒരു ഋഷി; ഇദ്ദേഹത്തിന്റെ മകൻ ബധിരനായിരുന്നു.
9. ആയിരം–സഹസ്രധനം.
10. ദ്യാവാപൃഥിവികളായ–ദ്യാവാപൃഥിവീരൂപരത്രേ, അശ്വികൾ. വിദ്വാന്നും–നിങ്ങളെക്കുറിച്ചുള്ള സ്തോത്രം അറിയുന്ന എനിയ്ക്കും.
11. പോഷണകർത്താക്കൾ–വൈദ്യന്മാരെന്നർത്ഥം. പുത്രൻ–കുംഭസംഭവനായ മകൻ. അളവുപിടിച്ച–തികച്ചും ഉണ്ണാനുരൂപമായി. മേധാവി–ഭരദ്വാജർഷി. കുറിച്ച–രേഖാപൂർവം നീക്കിവെച്ച!
16. വിഷ്വാക്ക്–ഒരസുരൻ. അവന്റെ കുലം അശ്വികൾ മുടിച്ചു.
17. ഇരുട്ടിലാക്കപ്പെട്ട–അന്ധനാക്കപ്പെട്ട.
18. കുരുടന്ന്–ഋജ്രാശ്വന്ന്. പൊറുതി–ജീവസന്ധാരണം. പരസ്ത്രീ(അന്യഭാര്യ)യ്ക്കു ജാരൻ ധാരാളം ധനം കൊടുക്കുമല്ലോ. പെൺചെന്നായയുടെ കൂറ്!
19. വേർപെട്ടുപോയ അവയവങ്ങളെ–രേഭാദികളുടെ. ബുദ്ധിമതി–ഘോഷയോ, വിശ്പലയോ.
20. സ്വകർമ്മത്താൽ–വിമദന്റെ എതിരാളികളോടു യുദ്ധം ചെയ്ത്.
21. അന്നം–അതിന്നു കാരണമായ വൃഷ്ടിജലം. കറന്നെടുത്തു–മേഘത്തിൽനിന്ന്.
22. പ്രവർഗ്ഗ്യം–സന്ധാനകരണി എന്ന വിദ്യ.
24. മൂന്നു കഷ്ണമാക്കപ്പെട്ടിരുന്ന–അസുരന്മാരാൽ. ശ്യാവൻ–ഋഷി.
25. വീരർ–പുത്രാദികൾ.

## സൂക്തം 118.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അശ്വികളേ, സുഖവും ധനവുമുള്ളതും പരുന്തുപോലെ പറക്കുന്നതുമായ നിങ്ങളുടെ തേര് ഇങ്ങോട്ടു വരുമാറാകട്ടെ: വൃഷാക്കളേ, മനുഷ്യന്റെ മനസ്സിനെക്കാൾ വേഗവും, സാരഥിയ്ക്കു മൂന്നിരിപ്പിടവും, കാറ്റിന്റെ ഊക്കുമുള്ളതാണല്ലോ, അത്! (1)

അശ്വികളേ, മൂന്നു സാരഥിസ്ഥാനവും, മൂന്നുതരത്തിൽ മൂന്നുചക്രവുമുള്ള സുഖഗാമിയായ തേരിലൂടേ നിങ്ങൾ ഇങ്ങോട്ടു വരുവിൻ: ഞങ്ങളുടെ പൈക്കൾക്കു പാൽ പെരുപ്പിയ്ക്കുവിൻ; കുതിരകളെ ഇമ്പം പിടിപ്പിയ്ക്കുവിൻ; ഞങ്ങൾക്കു വീരരെ വർദ്ധിപ്പിയ്ക്കുവിൻ! (2)

ദസ്രരേ, അശ്വികളേ, നിങ്ങൾ വടിവൊത്ത തേരിലൂടേ ശീഘ്രം വന്നെത്തി, ആദ്യതന്റെ ഈ ശ്ലോകം ശ്രവിയ്ക്കുവിൻ: ദാരിദ്ര്യത്തിന്റെ നേരേ ചെല്ലുന്നവരാണ് നിങ്ങളെന്നു പണ്ടേത്തെ മേധാവികൾ പറയുന്നില്ലയോ? (3)

അശ്വികളേ, തേരിന്നു പൂട്ടിയ പരന്നു പറക്കുന്ന കുതിരകൾ നിങ്ങളെ ഇവിടെ കൊണ്ടുവരട്ടെ: നാസത്യരേ, വെള്ളംപോലെ പായുന്ന, വാനിലെ കഴുകർക്കൊത്ത ആ ശ്ലാഘ്യഗമനർ നിങ്ങളെ ഹവിസ്ഥാനത്തെയ്ക്കു കൊണ്ടുപോകാറുണ്ടല്ലോ! (4)

നേതാക്കളേ, യുവതിയായ സൂര്യപുത്രി നിങ്ങളുടെ തേരിൽ പ്രേമത്തോടേ കേറിയല്ലോ; ആ നിങ്ങളെ, അംഗഭംഗിയും പതംഗഗതിയുമുള്ള ഭാസുരങ്ങളായ കുതിരകൾ ഞങ്ങളുടെ അടുക്കൽ കൊണ്ടുവരട്ടെ! (5)

ദസ്രരേ, വൃഷാക്കളേ, നിങ്ങൾ സ്വകർമ്മത്താൽ വന്ദനനെ ഉദ്ധരിച്ചു; സ്വചേഷ്ടിതത്താൽ രേഭനെയും ഉദ്ധരിച്ചു! തുഗ്രപുത്രനെ സമുദ്രത്തിൽനിന്നു കരയേറ്റി! ച്യവനനെ യുവാവാക്കി! (6)

അശ്വികളേ, നിങ്ങൾ കമിഴ്ത്തിയിടപ്പെട്ട അത്രിയ്ക്കു, താപം കെടുത്തു, സുഖകരമായ ആഹാരം കല്പിച്ചുകൊടുത്തു! ശോഭനമായ സ്തോത്രം ശ്രവിക്കുന്ന നിങ്ങൾ ഇരുട്ടിൽ പാർപ്പിയ്ക്കപ്പെട്ട കണ്വന്നു കൺകാഴ്ചയുണ്ടാക്കി! (7)

അശ്വികളേ, പണ്ടു ശയുവിന്റെ അപേക്ഷയാൽ, പേറുനിന്ന പയ്യിനെ നിങ്ങൾ കറവുള്ളതാക്കി; കാടയടിയാൻപിടയെ കരുമനയിൽ നിന്നു വിടുവിച്ചു; വിശ്പലയ്ക്കു കണങ്കാൽ വെച്ചുകൊടുത്തു! (8)

അശ്വികളേ, എതിരാളികളെ വധിയ്ക്കുന്നതും, തുലോം വെല്ലുവിളിയ്ക്കുന്നതും മാറ്റലരെ മടക്കുന്നതും ഉഗ്രവും ആയിരം നല്കുന്നതും, യുവാവും, ദൃഢഗാത്രവും, ഇന്ദ്രനിൽനിന്നു കിട്ടിയതുമായ ഒരു വെള്ളക്കുതിരയെ നിങ്ങൾ പേദുവിന്നു കൊടുത്തു! (9)

നേതാക്കളായ അശ്വികളേ, ആ സുജന്മാക്കളായ നിങ്ങളെ ഞങ്ങൾ രക്ഷക്കായി യാചിച്ചുകൊണ്ട് ആഹ്വാനംചെയുന്നു: സ്തുതികൾ ശ്രവിയ്ക്കുന്ന നിങ്ങൾ ധനസമേതമായ രഥത്തിലൂടേ, സുഖം തരാനായി വന്നുചേർന്നാലും! (10)

നാസത്യരേ, പുതുവേഗത്തിൽ പറപറക്കുന്ന കുതിരയുള്ള നിങ്ങൾ സമാനപ്രീതിയോടേ ഞങ്ങളുടെ അടുക്കൽ വന്നുചേർന്നാലും: അശ്വികളേ, ശാശ്വതിയായ ഉഷസ്സിന്റെ അവസാനത്തിൽ, ഹവിസ്സൊരുക്കിയ ഞാൻ നിങ്ങളെ വിളിയ്ക്കുന്നു! (11)

## കുറിപ്പുകൾ: സൂക്തം 118.

2. വീരർ—പുത്രാദികൾ.
3. ആദ്യതൻ—ആദരമുള്ള സ്തോതാവ്. ശ്ലോകം—സ്തുതി. നേരേ ചെല്ലുന്നവർ—ചെറുത്തു നശിപ്പിയ്ക്കുന്നവർ.
4. കഴുകർക്കൊത്ത—ഗൃധ്ര വേഗികളായ.
5. പതംഗഗതി—പക്ഷികൾക്കൊത്ത പോക്ക്, ശീഘ്രഗമനം.
7. താപം=ചൂട്, ദുഃഖം. കണ്വനെ അസുരന്മാർ, അദ്ദേഹത്തിന്റെ ജ്ഞാനം പരീക്ഷിപ്പാൻ, ഒരിരുട്ടുമുറിയിലടച്ചു, 'നേരം പുലർന്നുവോ' എന്നു ചോദിച്ചു അദ്ദേഹം അശരണനായി അശ്വികളെ സ്തുതിച്ചു.
8. കരുമന—ചെന്നായയ്ക്കിരയാവുക എന്ന ആപത്ത്.
9. മടക്കുക—പിന്തിരിപ്പിയ്ക്കുക, തോല്പിയ്ക്കുക.

## സൂക്തം 119.

കക്ഷീവാൻ ഋഷി; ജഗതി ഛന്ദസ്സ്; അശ്വികൾ ദേവത.

വളരെ അദ്ഭുതങ്ങളുള്ളതും, ജവനാശ്വയുക്തവും, മനോവേഗിയും, ആയിരം കൊടിമരം നാട്ടിയതും, നൂറു ധനങ്ങൾ ഉൾച്ചേർന്നതും, ജലാന്വിതവും, സുഖസമൃദ്ധവും, സമ്പൽപ്രദവും, യജ്ഞയോഗ്യവുമായ നിങ്ങളുടെ രഥത്തെ, ഹവിസ്സു കൈക്കൊള്ളാൻ, ജീവനാർത്ഥിയായ ഞാൻ വിളിയ്ക്കുന്നു! (1)

അതിന്റെ പ്രയാണത്തിൽ, സ്തുതിപ്പാനായി ബുദ്ധിയെ ഉന്മുഖമാക്കിയിരിയ്ക്കുന്നു; സ്തോത്രങ്ങൾ അവിടെ വന്നുചേരും. ഞാൻ നെയ്യും മറ്റും രുചികരമാക്കി വെയ്ക്കാം; രക്ഷിതാക്കളും പോന്നിരിയ്ക്കുന്നു. അശ്വികളേ, ഊർജ്ജാനിയുമുണ്ടല്ലോ, നിങ്ങളുടെ തേരിൽ! (2)

യജ്ഞം ചെയ്യുന്ന ജയശീലരായ വളരെപ്പേർ യുദ്ധത്തിൽ നന്മയ്ക്കായി, തമ്മിൽ മത്സരിച്ചുകൊണ്ട് ഒത്തുകൂടുന്നതെപ്പോഴോ; അപ്പോൾ നിങ്ങളുടെ തേർതന്നെയാണ്, ഭൂമിയിൽ അറിയപ്പെടുന്നത്? അതിലൂടെയാണല്ലോ, നിങ്ങൾ സ്തോതാവിന്നു വരം കൊണ്ടുപോകാറുള്ളത്. (3)

വൃഷാക്കളേ, മുങ്ങിപ്പോയ ഭുജ്യുവിനെ നിങ്ങൾ സ്വയം പൂട്ടിയ കുതിരകളെക്കൊണ്ടു വഹിപ്പിച്ചു, പിതാക്കളുടെ അടുക്കലോളം കൊണ്ടുപോന്നു, വിദൂരസ്ഥമായ ഗൃഹത്തിൽ എഴുന്നള്ളി! നിങ്ങൾ ദിവോദാസനെ രക്ഷിച്ചതിന്റെ മഹത്ത്വവും മനസ്സിലായിട്ടുണ്ട്. (4)

അശ്വികളേ, നിങ്ങളുടെ വർണ്ണനീയങ്ങളായ രണ്ടശ്വങ്ങൾ, നിങ്ങൾതന്നെ പൂട്ടിയ രഥത്തെ ശോഭാമാംവണ്ണം അതിനെ ലക്ഷ്യത്തിലെത്തിച്ചു; ഉടനേ, പന്തയപ്പെണ്ണു വന്നു, 'നിങ്ങൾതന്നെ ഭർത്താക്കൾ' എന്നിങ്ങനെ, നിങ്ങളെ ഭർത്തൃത്വേന വരിച്ചു! (5)

നിങ്ങൾ രേഭനെ കഷ്ടപ്പാടിൽനിന്നു കരയേറ്റി; അത്രിയെച്ചുഴന്ന കത്തിപ്പടർന്ന ഉമിത്തീ വെള്ളംകൊണ്ടു കെടുത്തു; ശയുവിന്റെ പയ്യിന്നു കറവുണ്ടാക്കി; വന്ദനന്നു ദീർഘായുസ്സു കല്പിച്ചുകൊടുത്തു! (6)

ദസ്രരേ, ജര വ്യാപിച്ച വന്ദനനെ ശില്പകുശലരായ നിങ്ങൾ, ഒരു രഥത്തെ എന്നപോലെ നന്നായി പുതുക്കി! സ്തുതിയ്ക്കപ്പെട്ട നിങ്ങൾ ഋഷിയെ ഗർഭത്തിൽനിന്നു പുറത്തെയ്ക്കെടുത്തു! അങ്ങനെ, ഈ പരിചാരകനെയും നിങ്ങൾ രക്ഷിച്ചരുളണം! (7)

തന്റെ അച്ഛൻ ചൊല്ലിയയച്ചതിനാൽ ദൂരത്തു കഷ്ടത്തിൽപ്പെട്ടു സ്തുതിച്ചവന്റെ അടുക്കൽ ചെന്നുവല്ലോ, നിങ്ങൾ; നിങ്ങളുടെ ശോഭനഗമനകളായ തിരുരക്ഷകൾതന്നെയാണ്, ഇവിടെ സമീപത്തുതേടേണ്ടുന്നവ! (8)

മധുശാലികളായ നിങ്ങളെ ആ തേനീച്ച മൂളിസ്തുതിച്ചുവല്ലോ; അതിൻവണ്ണം, സോമംകൊണ്ടു മത്തുപിടിപ്പിയ്ക്കാൻ ഔശിജൻ വിളിയ്ക്കുന്നു. നിങ്ങൾ ദധീചന്റെ ഹൃദയത്തെ പരിചരണംകൊണ്ടു പ്രീതിപ്പെടുത്തി; ഉടനേ, കുതിരത്തല നിങ്ങൾക്കു (മധുവിദ്യ) ചൊല്ലിത്തരികയുംചെയ്തു. (9)

എതിരാളികളിൽനിന്നു കരയേറ്റും; യുദ്ധത്തിൽ ശത്രുക്കൾക്കു ദുസ്തരം; ഇന്ദ്രനെപ്പോലെ ആക്രമണങ്ങൾ താങ്ങും; വീണ്ടും വീണ്ടും വേലയ്ക്കിറക്കാം–ഇങ്ങനെ ഒളിമിന്നുന്ന ബഹുസ്പൃഹണീയമായ ഒരു വെള്ളക്കുതിരയെയാണല്ലോ, അശ്വികളേ, നിങ്ങൾ പേദുവിന്നു കൊടുത്തത്! (10)

## കുറിപ്പുകൾ: സൂക്തം 119.

1. ജലം—വൃഷ്ടിജലം. യജ്ഞയോഗ്യം—യാഗത്തിൽ വിളിയ്ക്കപ്പെടേണ്ടത്.
2. അതിന്റെ—രഥത്തിന്റെ. അവിടെ—അശ്വികളുടെ അടുക്കൽ. രക്ഷിതാക്കളും പോന്നിരിയ്ക്കുന്ന—ഋത്വിക്കുകളും ഘൃതാദിസംസ്കരണത്തിന്ന് എന്നോടൊപ്പം വന്നിട്ടുണ്ട്. ഊർജ്ജാനി—സൂര്യപുത്രിയുടെ പേർ.
3. യജ്ഞമനുഷ്ഠിച്ചവരെ പോരിൽ ജയിപ്പിപ്പാൻ നിങ്ങളുടെ തേർതന്നെയാണ് (മറ്റു ദേവകളുടെയല്ല) ഭൂമിയിലിറങ്ങാറുള്ളത്. വരം—ശ്രേഷ്ഠവസ്തു, ധനം.
4. പിതാക്കൾ—തുഗ്രനും മറ്റും. ഗൃഹത്തിൽ—തുഗ്രന്റെ. രക്ഷിച്ചതിന്റെ—ശംബരനെ കൊന്നതിന്റെ. മനസ്സിലായിട്ടുണ്ട്—ഞങ്ങൾക്കറിയാം.
5. പന്തയപ്പെണ്ണ്—സൂര്യപുത്രിയായ സ്വയംവരവധു.
7. ഒരു രഥത്തെ എന്നപോലെ—ഒരു ശില്പി പഴയ തേരിനെ പുതുക്കുന്നതുപോലെ. ഋഷി—വാമദേവൻ; അദ്ദേഹം മാതൃഗർഭത്തിൽവെച്ച് അശ്വികളെ സ്തുതിച്ചു. ഈ പരിചാരകൻ—യജമാനൻ.
8. സ്തുതിച്ചവന്റെ—ഭുജ്യുവിന്റെ. തേടേണ്ടുന്നവ—മറ്റാരുമില്ല, ഇങ്ങനെ രക്ഷിപ്പാൻ!
9. ഔശിജൻ—ഉശിക്പുത്രനായ ഞാൻ. കുതിരത്തല. നിങ്ങൾ ദധീചന്നു വെച്ചുകൊടുത്ത അശ്വശിരസ്സ്.
10. ദുസ്തരം=കടക്കാൻ വയ്യാത്തത്.

## സൂക്തം 120.

കക്ഷീവാൻ ഋഷി; ഗായത്രിയും, കകുപ്പും, കാവിരാട്ടും, നഷ്ടരൂപിയും, തനുശിരയും, ഉഷ്ണിക്കും, വിഷ്ടാരബൃഹതിയും, കൃതിയും, വിരാട്ടും ഛന്ദസ്സുകൾ; അശ്വികൾ ദേവത.

എന്തു നതി വേണ്ടു നിങ്ങൾ-
ക്കാ,ർ കനിയിയ്ക്കുന്നു നിങ്ങളിരുവരെയും?
എങ്ങിട്ടു പരിചരിയ്ക്കും,
നിങ്ങളെയനഭിജ്ഞനശ്വികളേ? (1)

ഇങ്ങനെ ചോദിയ്ക്കണ,മാ-
യിരുവിജ്ഞന്മാരൊടേ വഴിയവിജ്ഞൻ;
മറ്റില്ലറിവോൻ! മർത്ത്യനി-
ലുടനിടപെടുവോര,ധൃഷ്യരവർ. (2)

ആയിരുവിജ്ഞരെയധുനാ
ഞങ്ങൾ വിളിയ്ക്കുന്നു: വിജ്ഞരാം നിങ്ങൾ
വേണ്ടതു ചൊല്ലിത്തരണം;
നിങ്ങളെ ഞാൻ ഹവ്യമേകിയർച്ചിപ്പൻ. (3)

അപക്വരാം ദേവകളോടു ചോദി-
യ്ക്കുന്നില്ല ഞാ;-നശ്വികളേ, ഭവാന്മാർ
വഷട് കൃതാശ്ചര്യബലിഷ്ഠസോമം
നുകർന്നു, ഞങ്ങൾക്കരുൾകുദ്യമശ്രീ! (4)

ഘോഷാത്മഭൂവും ഭൃഗുവും കഥിച്ചതും,
നാസത്യരേ, നിങ്ങളെയംഗിരോഭവൻ
പൂജിപ്പതാം സ്തോത്രവുമൊപ്പമുത്തമം;
ഭോജ്യേച്ഛുവാം വിജ്ഞനുമൊക്കുകീ,പ്സിതം! (5)

കേട്ടിട്ടുണ്ടി,ടറി നട-
ന്നവനുടെയപ്പാട്ടു നിങ്ങൾ, ശുഭപതികൾ:
ഞാൻപോലവൻ സ്തുതിച്ചാ-
നല്ലോ, മിഴി നേടിയശ്വികളേ! (6)

നിങ്ങൾ കൊടുക്കും വന്മുതൽ;
നിങ്ങൾ മുടിയ്ക്കും; വസുക്കളേ, നിങ്ങൾ
കാക്കണമെങ്ങളെ-ഞങ്ങളെ
രക്ഷിപ്പിൻ, ചോരപീഡ പറ്റാതെ! (7)

ഞങ്ങളുടെ മുമ്പിൽ നിർത്തീ-
ടരുതൊരമിത്രത്തെയും! കറവുപൈക്കൾ
ഞങ്ങളുടെ വീടുകളിൽനി-
ന്നെങ്ങാനും പോകൊലാ, കിടക്കാതേ! (8)

നേടുന്നുണ്ടല്ലോ മുതൽ,
വീട്ടു പുലർത്താൻ ഭവൽസ്തുതിപ്രവണൻ:

ഞങ്ങൾക്കും തരിക, ധനം;
ഞങ്ങൾക്കും തരിക, ഗോബലാന്നങ്ങൾ! (9)

ബലിഷ്ഠരാമശ്വികൾതന്നശ്വഹീനരഥത്തെ ഞാൻ
ഭജിപ്പ;-നതിനാൽ നന്മ കൈവരാവൂ, ത്രലോം മമ! (10)

എന്നെയൊന്നു പെരുപ്പിയ്ക്കകി,ത്തുത്തോരേ, ധനാഢ്യമേ,
സോമപീതിയ്ക്ക നരരിൽക്കൊണ്ടുപോകപ്പെടുന്ന നീ! (11)

സ്വപ്നത്തെ ഞാൻ വെറുക്കന്നേനു,ണ്ണാത്ത ധനവാനെയും:
ആ രണ്ടുമറുതിപ്പെട്ടുപോകമല്ലോ, പൊടുന്നനെ! (12)

## കുറിപ്പുകൾ: സൂക്തം 120.

1. നിങ്ങളെ എങ്ങനെ സ്തുതിയ്ക്കും, പ്രസാദിപ്പിയ്ക്കും, പരിചരിയ്ക്കും എന്നൊക്കെ ആർക്ക അറിഞ്ഞുകൂടാ.

2. ആ ഇരുവിജ്ഞന്മാർ—വിദ്വാന്മാരായ ആ ഇരുവർ, അശ്വികൾ; അവരോടുതന്നെ ചോദിച്ചാലേ അറിയൂ. അവിജ്ഞൻ=അറിവില്ലാത്തവൻ. മർത്ത്യനിലൂടനിടപെടുവോർ—സ്തുതിയ്ക്കുന്ന മനുഷ്യനിൽ അപ്പോൾത്തന്നേ അനുഗ്രഹിപ്പാൻ സന്നിഹിതരാകുന്നവർ.

3. നിങ്ങൾ—അശ്വികൾ.

4. അപക്വർ=അപരിപക്വബുദ്ധികൾ. വഷട് കൃതാശ്ചര്യബലിഷ്ഠസോമം=വഷട്കാരപൂർവം ഹോമിയ്ക്കപ്പെട്ടതും, ആശ്ചര്യഭൂതവും, ബലിഷ്ഠ(ബലോൽപാദക)വുമായ സോമം, അരുൾക=തന്നാലും. ഉദ്യമശ്രീ=ഉത്സാഹസമ്പത്ത്, പ്രവൃദ്ധമായ ഉത്സാഹം.

5. ഘോഷാത്മഭൂവ്=ഘോഷയുടെ പുത്രൻ, സുഹസ്തി. കഥിച്ചതും—ചൊല്ലിയ സ്തോത്രവും, അംഗിരോഭവന്റെ (കക്ഷീവാനായ എന്റെ) സ്തോത്രവും ഒന്നുപോലെ മികച്ചതാകുന്നു. ഭോജ്യേച്ഛുവാം വിജ്ഞനും—അന്നം കിട്ടാൻ സ്തുതിയ്ക്കുന്ന വിദ്വാനായ എനിയ്ക്കും. ഈപ്സിതം ഒക്കുക—അഭിഷ്ടം നിറവേറട്ടെ.

6. ഇടറിനടന്നവൻ—കുരുടനായ ഋജ്രാശ്വൻ. പാട്ട്—സ്തുതി. ശുഭപതികൾ—സൽക്കർമ്മപാലകർ.

7. വലിയ സമ്പത്തു കൊടുക്കാനും മുടിയ്ക്കാനും പോന്നവരാണ്, നിങ്ങൾ. വസുക്കൾ=വസിപ്പിയ്ക്കുന്നവർ, സേവകർക്ക പാർപ്പിടം നല്കുന്നവർ. ചോരപീഡ =കള്ളന്മാരെക്കൊണ്ടുള്ള ഉപദ്രവം.

8. അമിത്രം=ശത്രു. ശത്രുക്കൾ ഞങ്ങളെ എതിർക്കരുത്. കിടക്കാതെ—വീട്ടിലെ തൊഴുത്തിൽ കിടക്കാതേ.

9. ഭവാന്മാരെ സ്തുതിച്ചാൽ, കുടുംബപ്പൊറുതിയ്ക്ക മതിയായ മുതൽ കിട്ടും. ഗോബലാന്നങ്ങൾ—ഗോക്കൾ, ബലം, അന്നം എന്നിവ.

10. അശ്വഹീനരഥം—അശ്വങ്ങളില്ലാതെയും ശീഘ്രം നടക്കുന്ന തേർ.

11. പെരുപ്പിയ്ക്കക—പുത്രപൗത്രധനാദികളാൽ സമൃദ്ധനാക്കിയാലും. ഇത്തുത്തോരേ—അല്ലയോ അശ്വികളുടെ പള്ളിത്തേരേ. സോമപീതി=സോമപാനം. നരരിൽ—യജിയ്ക്കുന്ന മനുഷ്യരുടെ അടുക്കൽ.

12. ഉണ്ണാത്ത—അനുഭവിയ്ക്കാത്ത: ദാനമാണ്, ധനത്തിന്റെ പരമപ്രയോജനം; അതു ചെയ്യാത്തവന്റെ ധനവും സ്വപ്നവും ഒന്നുപോലെ ക്ഷണഭംഗുരമാകുന്നു. ആ രണ്ടും—സ്വപ്നവും അഭുക്തധനവും. ഈ ഋക്ക് ദുഃസ്വപ്നശാന്തിദമത്രേ.

# ഋഗ്വേദം: ഒന്നാം അഷ്ടകം

## എട്ടാം അദ്ധ്യായം

മണ്ഡലം 1    അനുവാകം 18

## സൂക്തം 121.

കക്ഷീവാൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

നേതാക്കളെ പാലിച്ച ധനം നല്കുന്നവൻ ദേവകാമരായ അംഗിരസ്സുകളുടെ ഈ സ്തുതികൾ എന്നു കേൾക്കും? അദ്ദേഹം മാളികയുടെ ആളുകളിൽ ചെന്നാൽ, യജ്ഞത്തിൽ പൂജനീയനായിരിയ്ക്കെ, വളരെ പണിയെടുക്കും! (1)

ആ ഗോനേതാവു ദ്യോവിനെ ഉറപ്പിച്ചു; ഉലോം വിളങ്ങിനിന്ന്, അന്നത്തിന്നായി, ജലധനം വർഷിച്ചു. തങ്കൽനിന്നു ജനിച്ച രാത്രിയുടെ പിറകിലേ ആ മഹാൻ വെളിപ്പെടാറുള്ളു! അദ്ദേഹം ഒരു പെൺകുതിരയെ ഗോവിന്റെ മാതാവാക്കി മാറ്റി! (2)

ഉഷസ്സുകളെ തുടുപ്പിയ്ക്കുന്നവൻ, മനുഷ്യരായ അംഗിരസ്സുകൾക്കു നാൾതോറും ധനമയയ്ക്കുന്നവൻ, പണ്ടേത്തതായ ഈ വിളി കേൾക്കുമാറാകട്ടെ; വജ്രത്തെ വേണ്ടേടത്തു കൊള്ളിയ്ക്കുന്നവൻ മനുഷ്യർക്കും മനുഷ്യരുടെ നാല്ക്കാലികൾക്കുംവേണ്ടി ദ്യോവിനെ ഉറപ്പിച്ചു! (3)

ഈ സോമത്തിന്റെ മത്തു പൂണ്ട ഭവാൻ ഒളിപ്പിയ്ക്കപ്പെട്ട സ്തുത്യമായ ഗോസമൂഹത്തെ യജ്ഞത്തിന്നുവേണ്ടി പ്രദാനംചെയ്തു: യുദ്ധത്തിൽ ത്രിലോകോത്തരനായി വർത്തിച്ചവൻ മനുഷ്യയദ്രോഹിയുടെ ദ്വാരം തുറന്നരുളി! (4)

ക്ഷിപ്രകാരിയായ നിന്തിരുവടിയ്ക്കായി, ഭരിയ്ക്കുന്ന പിതാക്കൾ സമൃദ്ധികരവും സുവീര്യവുമായ പാൽ കൊണ്ടുവെച്ചു; കറവുപയ്യിന്റെ ആ സ്വച്ഛമായ പാലത്രേ, അങ്ങയ്ക്കു ധാരാളം നല്കപ്പെട്ടത് ! (5)

സ്വന്തം ഹവിസ്സുകളോടുകൂടിയ യാവചിലർ സ്തുത്യമായ സോമത്തെ യഥാസ്ഥാനം സ്രുവംകൊണ്ടു കോരിപ്പകർന്നു പാനംചെയ്യിച്ചുവോ; അവരെ ഉടൻ ആവിർഭൂതനായ തരണി—ഈ ഉഷസ്സിന്റെ സൂര്യൻപോലെ വിളങ്ങുന്നവൻ—ഇമ്പംകൊള്ളിയ്ക്കട്ടെ (6)

തിളങ്ങുന്ന നീർമുകിലുകൾ പണി തുടങ്ങുമ്പോൾ, ആ സൂരൻ അന്തരിക്ഷസ്ഥനായി, വൃഷ്ടിരോധത്തെ തട്ടിനീക്കുന്നു. കർമ്മത്തിനൊത്ത ദിവസങ്ങളിൽ പ്രാദുർഭവിയ്ക്കുന്ന നിന്തിരുവടി നടക്കാൻ വയ്യാത്ത ഇടയനെപ്പോലും വെമ്പൽക്കൊള്ളിയ്ക്കുന്നു! (7)

നിന്തിരുവടിയെ വളർത്താൻ, മനോഹരവും മദകരവും പാലിന്റെ വീര്യമുള്ളതും കാറ്റിൻവേഗത്തിൽ കൈക്കൊള്ളേണ്ടതുമായ സോമം അമ്മിമേൽ ചതച്ചു പിഴിഞ്ഞിരിയ്ക്കുന്നു; ഇവിടെ ഈ മഹത്തായ മാദകം ഇരുകുതിരകളെ കുടിപ്പിച്ചാലും! മുതൽ തട്ടിയെടുക്കുന്ന വാറ്റുകാരനെ പടയാളിയായ അവിടുന്നു പറ്റെത്തോല്പിച്ചാലും! (8)

പുരുഹൂത, കുത്സന്നുവേണ്ടി ശുഷ്ണനെ വധിപ്പാൻ അവിടുന്നു വളരെ വളരെ കൊലയായുധങ്ങളോടേ ചുറ്റും നടന്നുവല്ലോ; അപ്പോൾ സ്വർഗ്ഗത്തിൽനിന്ന് ഋഭ കൊണ്ടുവന്ന ശീഘ്രവ്യാപിയായ ഇരിമ്പുവജ്രം അവിടുന്ന് ആ തെണ്ടിയുടെനേരേ വിട്ടു! (9)

വജ്രപാണേ, പണ്ട്, ആ മേഘരൂപംപൂണ്ട ഹന്താവായ ശുഷ്ണനെ അവിടുന്നു തട്ടിനീക്കിയപ്പോളാണല്ലോ, സൂര്യൻ ഇരുട്ടിന്റെ പിടിയിൽനിന്നു വിട്ടത്; അവന്റെ ബലം ആദിത്യകൽ മൂടിയൊട്ടിച്ചിരുന്നതും അവിടുന്നു പറിച്ചുകളഞ്ഞു! (10)

ഇന്ദ്ര, മഹതികളും ബലവതികളും വിസ്തൃതരികളുമായ ദ്യാവാപൃഥിവികൾ കർ-

മ്മപ്രവൃത്തനായ അങ്ങയെ ഇമ്പപ്പെടുത്തി; അങ്ങു നീളെപ്പരന്ന പെരുംതീനിയായ വൃത്രനെ വമ്പിച്ച വജ്രംകൊണ്ടു വെള്ളത്തിൽ പള്ളികൊള്ളിച്ചു ! (11)

## ഭാഗം ഒന്ന്; അഷ്ടകങ്ങൾ: 2; അദ്ധ്യായങ്ങൾ: 13

മണ്ഡലങ്ങൾ: 1; അനുവാകങ്ങൾ: 24; സൂക്തങ്ങൾ: 191

ഇന്ദ്ര, മനുഷ്യഹിതനായ അവിടുന്ന് എവയെ രക്ഷിച്ചുപോരുന്നുവോ; ആ വലിപ്പാൻ കഴിവേറിയ വാതാശ്വങ്ങളെ ശരിയ്ക്കു പൂട്ടി, കേറിക്കൊണ്ടാലും: അങ്ങയ്ക്കു വൃത്രനെ വധിപ്പാൻ, മാറ്റാരെ കടക്കാൻ പോന്നതും മത്തുപിടിപ്പിയ്ക്കുന്നതുമായ വജ്രം കവിപുത്രൻ ഉശനസ്സു മൂർച്ചകൂട്ടി തന്നുവല്ലോ! (12)

ഇന്ദ്ര, സൂര്യനായ ഭവാൻ ഹരിദ്വർണ്ണങ്ങളായ അശ്വങ്ങളെ മെരുക്കി; ഈ ഏതശവും തേരുരുൾ വലിച്ചിരുന്നു. അങ്ങു തൊണ്ണൂറു നദികളുടെ അപ്പുറത്തു യജ്ഞവിഹീനരെ നിലംപൊത്തിച്ചു, കുഴിയിൽത്തള്ളി! (13)

വജ്രിൻ, അവിടുന്നു ഞങ്ങളെ ഈ ദുർഗ്ഗതിയിൽനിന്നും, യുദ്ധം വന്നാൽ പാപത്തിൽനിന്നും രക്ഷിയ്ക്കണം! ഞങ്ങക്ക് അന്നത്തിന്നും യശസ്സിന്നും സൂനൃതോക്തിയ്ക്കുംവേണ്ടി, തേരുകൾ, കുതിരകൾ മുതലായ ധനവും തന്നരുളണം! (14)

ധനങ്ങൾകൊണ്ടു പൂജിയ്ക്കപ്പെടേണ്ടുന്നവനേ, അങ്ങയുടെ ആ നന്മനസ്സു ഞങ്ങളെ വിട്ടുപോകരുത്. അന്നങ്ങൾ ഞങ്ങളെ ചുഴലട്ടെ! മഘവാവേ, ധനപതിയായ ഭവാൻ ഞങ്ങളെ ഗോക്കളിൽ കൊണ്ടാക്കിയാലും: അങ്ങയെ സ്തുതിച്ചുപോരുന്ന ഞങ്ങൾ ഇമ്പംകൊള്ളുമാറാകട്ടെ! (15)

### കുറിപ്പുകൾ: സൂക്തം 121.

1. നേതാക്കൾ—സ്തുതിച്ചുമതലക്കാർ. ധനം നല്കുന്നവൻ—ഇന്ദ്രൻ. അംഗിരസ്സുകളുടെ—അംഗിരോഗോത്രക്കാരായ ഞങ്ങളുടെ. മാളികയുടെ ആളുകളിൽ—ധനവാനായ യജമാനന്റെ ആളുകളുടെ (ഋത്വിക്കുകളുടെ) അടുക്കൽ. പൂജനീയനായിരിയ്ക്കെ—താൻ ആരാധ്യനാണെങ്കിലും.
2. ഗോനേതാവ്—അസുരഹൃതകളായ ഗോക്കളെ വീണ്ടുകൊണ്ടുപോന്നവൻ, ഇന്ദ്രൻ. വിളങ്ങിനിന്ന്—സൂര്യരൂപനായി വർത്തിച്ച്. അന്നത്തിന്നായി—ഭൂമിയിൽ സസ്യാദികൾ ഉണ്ടാകാൻ. ജലധനം=വെള്ളമാകുന്ന ധനം. തങ്കൽനിന്ന്—സൂര്യാത്മാവായ തങ്കൽനിന്ന്; അസ്തമിയ്ക്കുന്ന സൂര്യനാണല്ലോ, രാത്രിയുടെ ജനയിതാവ്. പിറക്—അവസാനസമയമെന്നർത്ഥം. ഒരിയ്ക്കൽ ഇന്ദ്രൻ കളിയായി ഒരു പെൺകുതിരയിൽ ഒരു പയ്യിനെ ഉൽപാദിപ്പിച്ചുപോൽ.
3. ഉഷസ്സുകളെ തുടപ്പിയ്ക്കുന്നവൻ—സൂര്യരൂപൻ.
4. ഒളിപ്പിയ്ക്കപ്പെട്ട—അസുരരാൽ. മനുഷ്യദ്രോഹി—പണി എന്ന അസുരൻ. ദ്വാരം—പൈക്കളെ ഒളിപ്പിച്ച ഗുഹയുടെ അടച്ച പഴുത്.

5. ഭരിയ്ക്കുന്ന പിതാക്കൾ–ദ്യാവാപൃഥിവികൾ. കൊണ്ടുവെച്ച–പൈക്കളുടെ അകിട്ടിൽ. നല്കപ്പെട്ടത്–യജമാനന്മാരാൽ.

6. യഥാസ്ഥാനം–ആഹവനീയാഗ്നിസ്ഥാനത്ത്. തരണി=താരകൻ; സൂര്യപര്യായവുമാണ് ഈ പദം.

7. തിളങ്ങുന്ന–സൂര്യരശ്മിയേറ്റ. പണി–വർഷണം. ആ സൂരൻ–ഇന്ദ്രനാകുന്ന സൂര്യൻ. നടക്കാൻവയ്യാത്ത ഇടയൻപോലും, നേരം പുലർന്നതു കണ്ടിട്ടു,മാടുകളെ മേച്ചിൽപ്പുറത്തെയ്ക്കു കൊണ്ടുപോകാൻ വെമ്പുന്നു.

8. വളർത്താൻ–മഹത്ത്വപ്പെടുത്താൻ, ഹൃഷ്ടനാക്കാൻ. മാദകം–മത്തുപിടിപ്പിയ്ക്കുന്ന സോമനീർ. വാറ്റുകാരൻ–പരസ്വം വാറ്റിയെടുക്കുന്നവൻ.

9. ശുഭ്ര–തേജസ്വിയായ ത്വഷ്ടാവ്. തെണ്ടി–ഇന്ദ്രനെ വഞ്ചിപ്പാൻ,എങ്ങുമിരിയ്ക്കാതെ അലഞ്ഞുനടന്ന ശുഷ്ണാസുരൻ.

11. വിസൃത്വരികൾ=വ്യാപ്തകൾ. കർമ്മപ്രവൃത്തൻ–വൃത്രവധത്തിലും മറ്റും ഏർപ്പെട്ടവൻ. പരന്ന–വ്യാപിച്ച. പള്ളികൊള്ളിച്ച–കിടത്തി; വെള്ളത്തിൽ വീഴിച്ച.

12. വാതാശ്വങ്ങൾ–വായുവേഗികളായ കുതിരകൾ. കേറിക്കൊണ്ടാലും–തേരിൽ. മാറ്റാരെ കടക്കാൻ പോന്നത്–ശത്രുലംഘനസമർത്ഥം. ശത്രുസംഘത്തിന്നു നദീത്വം വ്യഞ്ജിപ്പിച്ചിരിയ്ക്കുന്നു.

13. ഹരിദ്വർണ്ണങ്ങളായ അശ്വങ്ങൾ=പച്ചക്കുതിരകൾ. ഏതശം–സൂര്യശ്വങ്ങളിലൊന്നിന്റെ പേർ.

14. ധനമുണ്ടായാലേ, അന്നവും മറ്റും ഉണ്ടാകയുള്ളുവല്ലോ.

15. ഗോക്കളിൽ കൊണ്ടാക്കിയാലും–ഞങ്ങൾക്കു വളരെ ഗോക്കളെ കിട്ടിച്ചാലും.

ഒന്നാമഷ്ടകം സമാപ്തം.

# ഋഗ്വേദം: രണ്ടാം അഷ്ടകം

## ഒന്നാം അദ്ധ്യായം

മണ്ഡലം 1 അനുവാകം 18

## സൂക്തം 122.

കക്ഷീവാൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വദേവകൾ ദേവത. (കേക)

അസ്തരോഷരേ, സംഭരിയ്ക്കുവിൻ, ഫലം പെയ്യും
രുദ്രന്നായ് നിജപേയയജ്ഞാന്നം: സ്തുതിപ്പൻ ഞാൻ,
വീരരായി,ഷുധിയാൽപ്പോലെ മുപ്പാരിൻ മാറ്റാ-
ന്മാരെ നീക്കുന്നോനെയുമമ്മരുത്തുക്കളെയും. (1)

ബഹുമാനിയ്ക്കട്ടെ മുൻവിളിയെപ്പത്നിയ്ക്കൊപ്പം,
ബഹുധാ വിജ്ഞാതകളായ രാവുഷസ്സുകൾ!
പൊല്ക്കസവുടുപ്പണിഞ്ഞുഷസ്സ തേജസ്സിങ്കൽ
മഗ്നനാമർക്കൻപോലായ്ബ്ഭാസിപ്പൂ രവിശ്രീയാൽ. (2)

ഇമ്പമേകട്ടേ, ചുറ്റിനടക്കും പകലവ!-
നിമ്പമേകട്ടേ, നമ്മൾക്ക,ംബുവർഷിയാം കാറ്റും!
ഇന്ദ്രപർജ്ജന്യന്മാരേ, മൂർച്ചവെപ്പിപ്പിൻ ഞങ്ങൾ-
ക്കൊ!-ന്നനുഗ്രഹിയ്ക്കട്ടേ, ദേവകളെല്ലാം നമ്മെ! (3)

ഔശിജനിവൻ കാലേ വിളിയ്ക്കാ,മെനിയ്ക്കായി
പ്രാശിപ്പാൻ, നുകരാനാ,പ്പേരാളുമിരുവരെ;
നിങ്ങളഗ്നിയെപ്പാരം പാടിവാഴ്ത്തുവിൻ; സ്തോത്ര-
മിങ്ങോതും മനുഷ്യന്നായ് രണ്ടുമാതാക്കളെയും! (4)

നിങ്ങളെ വിളിപ്പാനായ്ച്ചൊൽവനൌശിജനാം ഞാ-
നം;-ഗപാണ്ഡുത നീങ്ങാൻ ഘോഷപോലൊക്കും സ്തോത്രം;
നിങ്ങൾതൻ പ്രദാതാവാം പൂഷാവെക്കുറിച്ചും ഞാ-
നി,ങ്ങഗ്നിയുടെ സമ്പൽപ്രൌഢിയെക്കുറിച്ചും ഞാൻ. (5)

കേൾപ്പിനെൻവിളിയിതു ഹേ മിത്രാവരുണരേ;
കേൾപ്പിനധ്വരഗൃഹത്തിങ്കലേവരുടേതും;
കേൾക്ക നമ്മുടെ വിളി, നീർ പെയ്തു നിലങ്ങൾ ന-
ന്നാക്കുന്ന സുശ്രോതാവാം വിശ്രുതദാനൻ സിന്ധു! (6)

സ്തുതിപ്പനിവൻ മിത്ര, വരുണ: ഭവദ്ദാനം
ശതഗോയുതാന്നത്തെച്ചേർക്കട്ടെ, കക്ഷീവാങ്കൽ;
വന്നുചേരുകി, ഖ്യാതരഥനാം പ്രിയരഥ-
ന്നന്നതിയുടൻതന്നെ തന്നുറപ്പിപ്പാനവർ! (7)

പജ്രിയർക്കായിട്ടന്നം കൈക്കൊൾവോരെവർ; പെരു-
തശ്വം തേരിവയെനിയ്ക്കയയ്ക്കുന്നവരെവർ;
അദ്ധനസമൃദ്ധരെ സ്തുതിപ്പനർത്ഥാപ്തിയ്ക്കായ്:
മർത്ത്യർ നാമൊപ്പം വീരരൊത്തു നേടാവൂ ധനം! (8)

ഹേ മിത്രാവരുണരേ, ദ്രോഹിയായ്ബ്ഭവാന്മാർക്കു
സോമനീർ നല്കാത്തോനു,മന്യർക്കു നല്കുന്നോനും
രോഗമൊന്നുള്ളിൽത്താൻതാൻ വെച്ചുകൊണ്ടിരിയ്ക്കുമേ!

യാഗാർത്ഥം സ്തുതിച്ചുകൊണ്ടതെവനൊരുക്കുമോ; (9)

അവനഭ്യസ്തഹയാശ്രുഢനാം, നരരിൽവെ-
ച്ചധികോർജ്ജസ്സാം, സ്സൂർജ്ജത്തേജസ്സാം, ധനദനാം–
ശ്ശൂരനായ,നാരതം പോർകളിലെല്ലാം വമ്പ-
ന്മാരെയുമെതിർക്കും, ചെന്നൊട്ടുമേ ക്ലസീടാതേ! (10)

കേൾക്കുവിൻ സുധ ഋകം മർത്ത്യന്റെ വിളി,യൻപു-
ണ്ടാക്കുന്ന പുരാന്മാരേ-വന്നുചേരുവിനുടൻ:
രക്ഷകൻ മറ്റില്ലാത്ത രഥിതൻ മഹത്തായ
ഭക്ഷ്യത്തെ പ്രശംസിപ്പോരല്ലി, വാനവർ നിങ്ങൾ? (11)

'ഇവിടെദ്ദശേന്ദ്രിയപോഷകം കിട്ടാൻ വിളി-
ച്ചവനിലർപ്പിയ്ക്കുകിക്കെല്പു നാ'മെന്നാർ, വാനോർ:
എവരിൽ വിഹരിപ്പൂ ധനവുമന്നങ്ങളു,-
മവരെപ്പേരും ഭക്ഷ്യമേകട്ടേ, മഖങ്ങളിൽ! (12)

സ്തുതിപ്പൂ ദശേന്ദ്രിയപോഷകാന്നാർത്ഥം ഞങ്ങൾ,
വിധിപോലീരഞ്ചന്നമെടുത്തു ചെല്ലംനേരം:
ഇഷ്ടരശ്മിയു,മിഷ്ടാശ്വനു,മീ രാജാക്കന്മാ-
രൊട്ടെന്തൊന്നെടുക്കു,മത്താരകനേതാക്കളിൽ? (13)

കാതിൽപ്പൊൻകടുക്കനും, കഴുത്തിൽ മണികളു,-
മീദൃശരൂപം നമ്മൾക്കേകട്ടെ, വിശ്വേദേവർ;
നാമിരുകൂട്ടരുടെ നതിയും പാലും നെയ്യും
കാമിയ്ക്കുമാറാകട്ടേ, തൽക്ഷണമപ്പൂജ്യന്മാർ! (14)

അല്ലൽ ചേർക്കുന്നു, മശർശാരന്റെ സുതർ നാൽവർ,
വെല്ലുമായവസോർവീശന്റെ മുവ്വരുമെങ്കൽ;
ഹേ മിത്രാവരുണരേ, നിങ്ങൾതൻ പെരുംതൃത്തേ-
രാമോദപ്രദാർച്ചിസ്സായ്സ്സൂര്യൻപോലുദിയ്ക്കട്ടേ! (15)

## കുറിപ്പുകൾ: സൂക്തം 122.

1. അസ്തരോഷരേ–ക്രോധമില്ലാത്ത ഋത്വിക്കുകളേ. നിജപേയയജ്ഞാന്നം=തങ്ങൾക്കു കുടിയ്ക്കാവുന്ന യജ്ഞാന്നം, സോമരസവും മറ്റും. വീരർ–വീര്യമുള്ള അനുചരർ. ഇഷുധി–ആവനാഴി; അമ്പുകൾ എന്നർത്ഥം. നീക്കുന്നോനെയും–നീക്കുന്ന രുദ്രനെയും; അമ്മരുത്തുക്കളെയും–അന്തരിക്ഷവർത്തികളായ മരുത്തുക്കളെയും. ഞാൻ സ്തുതിപ്പൻ.

2. പതിയ്ക്കൊപ്പം–പതി ഭർത്താവിന്റെ വിളിയെ ആദരിയ്ക്കുന്നതുപോലെ. ബഹുധാ=പല പ്രകാരത്തിൽ; വിജ്ഞാതകൾ=അറിയപ്പെട്ടവർ; വിഖ്യാതകൾ എന്നു സാരം. പൊല്ലസവുടുപ്പ്–കനകവർണ്ണരശ്മിസമൂഹം. തേജസ്സിങ്കൽ മഗ്നൻ–തേജസ്സാൽ ആച്ഛാദിതൻ. ഭാസിപ്പൂ–കാണപ്പെടുന്നു. രവിശ്രീ=സൂര്യന്റെ ശോഭ. സൂര്യന്റെ മുൻകതിരുകൾകൊണ്ടാണല്ലോ, ഉഷസ്സ് ജഗത്തിനെ പ്രകാശിപ്പിയ്ക്കുന്നത്.

3. അംബു=ജലം. പർജ്ജന്യൻ–വർഷദേവൻ. ഞങ്ങൾക്കു മൂർച്ചവെപ്പിപ്പിൻ–ഞങ്ങളുടെ അലസത നീക്കിയാലും.

4. കാലേ—പ്രഭാതത്തിൽ. പ്രാശിപ്പാൻ, നുകരുവാൻ—ചരുപുരോഡാശാദി ഭക്ഷിപ്പാനും, ആജ്യസോമാദി കുടിപ്പാനും. ഇരുവരെ—അശ്വികളെ. സ്തോതൃമിങ്ങോതും മനുഷ്യന്നായ്—ഇവിടെ സ്തുതിയ്ക്കുന്ന എനിയ്ക്കുവേണ്ടി. രണ്ടു മാതാക്കൾ—അഹോരാത്രദേവതകൾ. ഋത്വിക്കുകളോടു പറയുന്നതാണിത്.

5. നിങ്ങൾ—പൂർവോക്തദേവതകൾ, അഥവാ അശ്വികൾമാത്രം. ഘോഷ, തന്റെ പാണ്ഡു എന്ന ത്വഗ്രോഗം ശമിപ്പാൻ അശ്വികളെ സ്തുതിയ്ക്കുകയുണ്ടായി. ഒക്കും—ഉചിതമായ. നിങ്ങൾതൻ—ഭവദീയനായ. പ്രദാതാവ്—ഫലപ്രദൻ. ഉത്തരാർദ്ധവാക്യങ്ങൾ രണ്ടിലും സ്തോത്രം ചൊൽവൻ എന്നു ചേർക്കുക.

6. അധ്വരഗൃഹത്തിങ്കലേവരുടേതും—യാഗശാലയിലെ എല്ലാവരുടേയും വിളി. കേൾക്ക—കേൾക്കട്ടെ. നന്നാക്കുന്ന—സസ്യസമൃദ്ധങ്ങളാക്കുന്ന. സുശ്രോതാവ്—നമ്മുടെ വിളി നന്നായി കേൾക്കാറുള്ളവൻ. സിന്ധു—ജലദേവൻ.

7. ഭവദ്ദാനം=നിങ്ങളുടെ ദാനം; കക്ഷീവാങ്കൽ (എങ്കൽ) ശതഗോയുതാന്നത്തെ (വളരെ ഗോക്കളെയും അന്നത്തെയും) ചേർക്കട്ടെ; എനിയ്ക്കു നിങ്ങൾ വളരെ ഗോക്കളെയും അന്നത്തെയും തരുമാറാകണം. ഈ ഖ്യാതരഥ(പ്രസിദ്ധമായ രഥത്തോടുകൂടിയവ)നായ പ്രിയരഥന്ന് (രഥപ്രിയന്ന്, എനിയ്ക്ക് ) ഉടൻതന്നേ ഉന്നതി (സമ്പൽപുഷ്ടി) തന്നുറപ്പിപ്പാൻ (സ്ഥിരമാക്കി നിർത്താൻ) അവർ (മിത്രാദി ദേവന്മാർ) വന്നുചേരുക (വരുമാറാകട്ടെ).

8. പജ്രിയർക്കായിട്ട്—അംഗിരോഗോത്രക്കാർക്കു കൊടുക്കാൻ. അദ്ധന സമൃദ്ധരെ—സമ്പത്തേറിയ ദേവന്മാരെ. അർത്ഥാപ്തി=ധനലാഭം. വീരരൊത്തു നേടാവൂ ധനം—പുത്രാദികളോടുകൂടി ധനം നേടാവൂ; ദേവപ്രസാദത്താൽ നേടുമാറാകട്ടെ.

9. അന്യർക്കു—ഭവദിതരദേവന്മാർക്ക്. ഭവദാരാധകരുടെ ഭോഗസമൃദ്ധി കണ്ടിട്ട് ഒരു രോഗം (അസൂയകൊണ്ടുള്ള വേദന) വെച്ചുകൊണ്ടിരിയ്ക്കും. സോമനീർ നിങ്ങൾക്കു നല്കാതിരിയ്ക്കുക, അന്യർക്കു നല്കുക—ഇതു രണ്ടും ദ്രോഹംതന്നെ.

10. അഭ്യസ്തഹയാരൂഢനാം—നട പഠിപ്പിയ്ക്കപ്പെട്ട കുതിരകളുടെ പുറത്തു കേറും; അവൻ ശിക്ഷിതാശ്വങ്ങളുടെ ഉടമസ്ഥനാകുമെന്നർത്ഥം. അധികോർജ്ജസ്സ്=ബലമേറിയവൻ. സ്വൂർജ്ജത്തേജസ്സ്=തേജസ്സു വർദ്ധിച്ചവൻ. ധനദൻ=ധനം കൊടുക്കുന്നവൻ.

11. സുധ ഋക്കും—അമൃതിന്നൊത്ത (അതിമധുരമായ) സ്തോത്രം ചൊല്ലുന്ന. മർത്ത്യന്റെ—മനുഷ്യനായ എന്റെ. അൻപുണ്ടാക്കുന്ന പുരാന്മാരേ—ആഹ്ലാദകാരികളായ തമ്പുരാന്മാരേ, ഈശ്വരന്മാരേ. രഥി—യജമാനൻ. ഭക്ഷ്യം—ഹവിസ്സ്.

12. ദശേന്ദ്രിയപോഷകം—പത്തിന്ദ്രിയങ്ങളെയും പോഷിപ്പിയ്ക്കുന്ന അന്നം; അഞ്ചു കർമ്മേന്ദ്രിയങ്ങൾ, അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ. ഇക്കെല്പ്—അന്നം നേടാനുള്ള ബലം. എന്നാർ—എന്നരുളിച്ചെയ്തിട്ടുണ്ട്. അവരെപ്പേരും—വിശ്വേദേവന്മാർ. മഖങ്ങളിൽ—യാഗങ്ങളാൽ പ്രസാദിച്ച്, നമുക്കു ഭക്ഷ്യം (അന്നം) ഏകട്ടെ.

13. ഈരഞ്ചന്നം—പത്തു ചമസങ്ങളിൽ വെയ്ക്കപ്പെട്ട ഹവിസ്സ്. ചെല്ലും നേരം—ഹോമിപ്പാൻ ആഹവനീയാഗ്നിയുടെ അടുക്കൽ പോകുമ്പോൾ, ഞങ്ങൾ സ്തുതിയ്ക്കുന്നു. ഇഷ്ടരശ്മി, ഇഷ്ടാശ്വൻ എന്നീ രാജാക്കന്മാരുടെ യാഗം വെടിഞ്ഞു ദേവന്മാർ നമ്മുടെ അടുക്കൽ വന്നേയ്ക്കുമോ? വരും: അത്താരകനേതാക്കളിൽ (ശത്രുപ്പുഴ കടത്തുന്ന ദേവന്മാരിൽ) ഈ രാജാക്കന്മാർ എന്തൊന്നെടുക്കും? ഒന്നിനും ശക്തരാകില്ല!

14. ഈദൃശരൂപം—ഇപ്രകാരമുള്ള കുട്ടികളെ. കനകരത്നാഭരണങ്ങൾ കുട്ടികളെ അണിയിയ്ക്കത്തക്ക സമ്പത്തു വിശ്വേദേവന്മാർ നമുക്കു തരട്ടെ. നാമിരുകൂട്ടരുടെ—യജിയ്ക്കുന്നവരും സ്തുതിയ്ക്കുന്നവരുമായ നമ്മുടെ. തൽക്ഷണം—ഇവിടെ വന്ന ഉടൻ. കാമിയ്ക്കുമാറാകട്ടേ—കൈക്കൊള്ളട്ടെ.

15. മശർശാരൻ, ആയവസൻ എന്നിവർ രണ്ടു രാജാക്കന്മാരത്രേ. വെല്ലം—ജയശീലനായ. മുവ്വരും—മൂന്നു പുത്രന്മാരും. എങ്കൽ അല്ലൽ ചേർക്കുന്നു—എന്നെ ഉപദ്രവിച്ചുകൊണ്ടിരിയ്ക്കുന്നു. അവരെ പേടിപ്പിയ്ക്കാൻ നിങ്ങളുടെ തേർ അവരുടെ മുമ്പിൽ സൂര്യൻപോലെ ഉദിയ്ക്കട്ടെ.

## സൂക്തം 123.

കക്ഷീവാൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഉഷസ്സ് ദേവത. (കാകളി)

പൂട്ടീ, പെരിയ വിദഗ്ദ്ധതൻ വാരുറ്റ
തേര;-തിൽക്കേറി,യമർത്ത്യരാം ദേവകൾ;
ഉത്ഥിതയായീ, കറുപ്പിൽനിന്നാര്യയാൾ,
മർത്ത്യക്ഷയത്തെച്ചികിത്സിച്ചുപോരുവോൾ! (1)

പാരിനെല്ലാംമുമ്പുണരും, ധൃതാന്നയായ്;-
പ്പാർക്കും മുകളിൽനിന്നേ;-കും വെളിച്ചവും;
പേർത്തു പിറക്കും യുവതിയുഷസ്സെത്തു,-
മാദ്യവിളിയിൽ മുന്നിട്ടു പെരിയവൾ! (2)

ഇപ്പോളുഷോദേവി, രക്ഷിതമർത്ത്യ നീ
സുപ്രസ്സുതേ, നരർക്കംശം കൊടുപ്പതിൽ
തൽപരചിത്തനാം ദേവൻ സവിതാവു,
നിഷ്പാപർ ഞങ്ങളെന്നോതട്ടെ, സൂര്യനിൽ! (3)

എത്തും, ഗൃഹത്തിൽ ഗൃഹത്തിൽ,ദ്ദിനേ ദിനേ,
കൃത്യം നടത്താനുമേറ്റെടുക്കാനുമായ്;
നിത്യമായാതയായ്, മുന്തിയ മുന്തിയ
വസ്തുവെടുക്കും, വിളങ്ങുമുഷസ്സിവൾ! (4)

സൂര്യന്റെ പെങ്ങൾ, വരുണന്റെ സോദരി,
മുമ്പേ സ്തുതയാകു,ഷസ്സേ, സുനേത്രി, നീ:
അപ്പോൾ വിടും ദ്രോഹി; ഞങ്ങളവനെ നിൻ-
കെല്പുകൊണ്ടു ജയിയ്ക്കാവു, തേർകൊണ്ടുമേ! (5)

പൊങ്ങട്ടെ സൂനൃതം, പൊങ്ങട്ടെ ബുദ്ധികൾ,
പൊങ്ങിനില്ക്കട്ടേ, പ്രദീപ്തങ്ങളഗ്നികൾ:
കാട്ടിത്തരികയായ,ല്ലിനാൽ മൂടിയ
കാമ്യവിത്തത്തെത്തിളങ്ങുമുഷസ്സുകൾ! (6)

ഒന്നു പോകുന്നു, മറ്റൊന്നു വരുന്നു നേർ-
ക്കൊ;-ന്നായ്ച്ചരിപ്പൂ, ഭിന്നങ്ങളഹസ്സുകൾ:
ഊഴത്തിൽ നില്ക്കുമവയിലൊന്നല്ലിനാൽ
മൂടു;-മുഷസ്സോ, ലസിപ്പൂ വെൺതേരുമായ് ! (7)

ഇന്നൊന്നുപോലി;-നി നാളെയുമൊന്നുപോ-
ലി;-ന്നിരവദ്യകൾ മുപ്പതുയോജന
ചേരുന്നു, സൂര്യന്റെ ദീർഘമാം സ്ഥാനത്തി-
ലോ:-രോന്നുമാശു ചെയ്യിയ്ക്കുന്നു കർമ്മവും! (8)

നല്പകലാഗമം കാട്ടി,ക്കറുപ്പിൽനി-
ന്നുദ്ഭവിയ്ക്കുന്നു, വെൺകാന്തിയോടന്വഹം:
യോഷയാൾ മായ്ക്കില്ല, സൂര്യന്റെ ദീപ്തിയെ;-

ബ്ഭൂഷണഭംഗി ചമയ്ക്കയേ ചെയ്തിട്ടു! (9)

പെൺപൈതൽപോലുടുക്കാതേ നടന്നൊ,ട്ടു-
വൻപുറ്റ ദേവനിൽച്ചെല്ലുന്നു ദേവി, നീ;
മുമ്പിൽ വെൺപുഞ്ചിരിക്കൊൾവൂ യുവതിയായ്;-
സ്സമ്പന്നശോഭയായ്ക്കാട്ടുന്നു, മാർത്തടം! (10)

അമ്മ കുളിപ്പിച്ച മങ്കപോലാഭയാ
തന്മെയ്യുഷസ്സേ, വെളിപ്പെടുത്തുന്നു നീ;
മുറ്റം വെളിച്ചം വിരിയ്ക്ക, കല്യാണി നീ,
മറ്റു പുലരികൾ ചെയ്യാത്തതിൻവിധം! (11)

ഭൂരിതുരംഗമാർ, ഭൂരിഗോവൃന്ദമാർ,
സൂര്യന്റെ രശ്മികളൊത്തു യതിപ്പവർ
പോകുന്നു, വീണ്ടും വരുന്നു, വരേണ്യമാർ
ലോകാനുകൂല്യം പുലർത്തുമുഷസ്സുകൾ! (12)

അർക്കാംശുവോടിണങ്ങുന്ന നീ ഞങ്ങളിൽ
വെയ്ക്കുകുഷസ്സേ, ശുഭശുഭപ്രജ്ഞയെ;
ചേർക്ക, വെളിച്ചമാഹ്ലത നീ ഞങ്ങൾക്കു;
വായ്ക്കണം, സ്വത്തുള്ള ഞങ്ങൾക്കു വിത്തവും! (13)

## കുറിപ്പുകൾ: സൂക്തം 123.

1. വിദഗ്ധ–ഉഷസ്സ്. കറുപ്പ്–നിശാതമസ്സ്. ആര്യ=പൂജനീയ. മർത്ത്യക്ഷയം–മനുഷ്യഗൃഹം. ചികിത്സിയ്ക്കുക–ഇരുട്ടിൽനിന്നു വേർപെടുത്തുക എന്നു സാരം. ക്ഷയത്തിന്നു രാജയക്ഷ്മാവെന്നും അത്ഥമുള്ളത് ഓർക്കുക.
2. പാരിനെല്ലാംമുമ്പ്–ലോകമൊക്കെ ഉണരുന്നതിന്നുമുമ്പ്. ധൃതാന്ന–യജമാനന്നു കൊടുപ്പാൻ അന്നം എടുത്തവൾ. മുകളിൽനിന്നു പാർക്കും–ലോകത്തെ നോക്കിക്കാണും. പേർത്തു പിറക്കും–നാൾതോറും ജനിയ്ക്കുന്ന. യുവതി–നിത്യയൌവന. ആദ്യവിളിയിൽ (ഒന്നാമത്തെ ആഹ്വാനത്തിൽത്തന്നെ) മുന്നിട്ട് (ഇതരദേവതകളെക്കാൾ മുമ്പേ) എത്തും (യജ്ഞസ്ഥലത്തു വന്നണയും). പെരിയവൾ=മഹതി.
3. രക്ഷിതമർത്ത്യ=മനുഷ്യരെ രക്ഷിച്ചവൾ. സുപ്രസൂത–ശോഭനമായ ജനനത്തോടുകൂടിയവൾ. നീ നരർക്ക് അംശം (സ്വപ്രകാശഭാഗം) കൊടുക്കുന്നതിൽ താൽപര്യമുള്ള സവിതാർവെന്ന ദേവൻ, ഞങ്ങൾ നിഷ്പാപരെന്നു (യാഗയോഗ്യരെന്നു) സൂര്യനിൽ (സൂര്യന്റെ അടുക്കൽ) ഓതട്ടെ (അറിയിയ്ക്കട്ടെ). എന്നാൽ സൂര്യൻ ഞങ്ങളുടെ യാഗസ്ഥലത്തു വന്നുചേരുമെന്നു താൽപര്യം.
4. കൃത്യം–വെളിച്ചം കൊടുക്കലാകുന്ന ജോലി. ഏറ്റെടുക്കുക–ഭാരം വഹിയ്ക്കുക. ആയാതയായ്–യാഗശാലയിൽ വന്ന്. വസ്തു–ഹവിസ്സും മറ്റും.
5. വരുണൻ–സവിതാവ്. സഹോൽപത്തിമൂലമാണ്, ഉഷസ്സിന്റെ സൂര്യസവിതൃസോദരീത്വം. സുനേത്രി=നല്ല നേത്രി; കൊണ്ടുനടക്കുന്നവൾ. മുമ്പേ-മറ്റദേവതകളെക്കാൾ മുമ്പേ. സ്തുതയാക=സ്തുതിയ്ക്കപ്പെട്ടാലും. അപ്പോൾ–നീ സ്തുതിയാൽ പ്രസാദിയ്ക്കുന്നതോടേ. ദ്രോഹി–ഞങ്ങളെ ഉപദ്രവിയ്ക്കുന്നവൻ. അവൻ ബലിഷ്ഠതയാൽ വിട്ടുപോയില്ല എങ്കിൽ, അവനെ ഞങ്ങൾ നിന്റെ കെല്പുകൊണ്ടും ഞങ്ങളുടെ തേർകൊണ്ടും ജയിയ്ക്കുമാറാകണം!

6. ഋത്വിക്കുകളോടു പറയുന്നു: സൂനൃതം (പ്രിയവും സത്യവുമായ) സ്തോത്രം പൊങ്ങട്ടെ–ഉറക്കെച്ചൊല്ലുവിൻ. ബുദ്ധികൾ–മനസ്സിരുത്തിക്കൊണ്ടുള്ള കർമ്മങ്ങൾ. അല്ല്=ഇരുട്ട്. കാമ്യവിത്തം–സ്പൃഹണീയങ്ങളായ യജ്ഞവിഭവങ്ങൾ.

7. ഒന്നു–രാത്രി. മറ്റൊന്നു–പകൽ. നേർക്ക്–ശരിയ്ക്ക്, യഥാകാലം. ഭിന്നങ്ങൾ–വ്യത്യസ്തരൂപങ്ങൾ. അഹസ്സുകൾ=രാവും പകലും. അവയിലൊന്ന്–രാത്രി.

8. ഇന്നത്തെ ഉഷസ്സും നാളെത്തേതും ഒന്നുപോലെതന്നെ. ഇന്നിരവദ്യകൾ–ഈ നിർമ്മലകളായ ഉഷസ്സുകൾ. സൂര്യന്റെ ദീർഘമാം സ്ഥാനത്തിൽ–സൂര്യൻ യാതൊരിടത്തു പോകുമോ, അവിടെയൊക്കെ. മുപ്പതു യോജന ചേരുന്നു–മുപ്പതുയോജനയ്ക്കുള്ളിലുള്ളവർക്കു കാണുമാറാകുന്നു; സൂര്യനും അങ്ങനെതന്നെ. ഓരോന്നും–ഓരോ ഉഷസ്സും. ആശു-ഉദയക്ഷണത്തിൽത്തന്നെ.

9. നല്പകലാഗമം=നല്ല പകലിന്റെ വരവ്. യോഷയാൾ–കുട്ടിക്കലർത്തുന്നവളായ ഉഷസ്സ്.

10. ഉടുക്കാതേ–സ്പഷ്ടശരീരയായി. ഒട്ടുവ്–മുതിർന്നപ്പോൾ. അൻപുറ്റ (സ്നേഹമുള്ള) ദേവനിൽ (സൂര്യങ്കൽ) ചെല്ലുന്നു; സൂര്യനോടു ചേരുന്നു. മുമ്പിൽ-സൂര്യന്റെ മുമ്പിൽ. മാർത്തടം–മാറു മുതലായ ഗോപ്യാംഗങ്ങൾ.

11. ആഭയാ=ശോഭയോടേ. കല്യാണി=മംഗളാത്മിക. ചെയ്യാത്തതിൻ വിധം–നിസ്തുല്യമായി.

12. യത്നിപ്പവർ–ഇരുട്ടിനെ അകറ്റാൻ.

13. ശുഭശുഭപ്രജ്ഞ=നല്ല നല്ല ബുദ്ധി. ആഹൂത=വിളിയ്ക്കപ്പെട്ടവൾ. സ്വത്തുള്ള–ഹവിസ്സാകുന്ന ധനത്തോടുകൂടിയ.

## സൂക്തം 124.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

അഗ്നി കത്തുന്നു: തമസ്സകറ്റിയുഷ-
സ്സ,ർക്കൻകണക്കൊളി വീശുന്നു, നിർഭരം.
നല്ക, ദേവൻ സവിതാവു നടപ്പിനായ്
നമ്മൾക്കിരുകാലി-നാല്ക്കാലിയാം ധനം! (1)

നേരേ തുണയ്ക്കുന്നു, ദേവകർമ്മങ്ങളിൽ;
വേറുപെടുത്തുന്നു, മർത്ത്യയുഗ്മങ്ങളെ;
പോയ സനാതനിമാക്കുപമ, വരാൻ
പോകുവോർക്കേറ്റത്തി, മിന്നുമുഷസ്സിവൾ! (2)

പേർത്തും കിഴക്കിതാ, കാണായി, ചേഷ്ടന-
ദാത്രിയായ്ത്തേജസ്സുടുത്ത വാനിന്മകൾ;
സൂര്യന്റെ മാർഗ്ഗമനുക്രമാൽപ്പൂകുന്നു;
കാര്യജ്ഞപോലെയിദ്ദിഗ് ഭാഗബോധിനി! (3)

ചാരത്തു കാണായി, കൊറ്റിതൻ മാർപോലെ;
നോധസ്സുപോലേ വെളിപ്പെടുത്തീ പ്രിയം;
സുപ്തരെ വീട്ടമ്മപോലുണർത്തുമിവൾ
നിത്യം വരും, തിരിച്ചെത്തുന്ന മാതരിൽ! (4)

അന്തരിക്ഷത്തിൻ കിഴക്കിടത്തു പിറ-
ന്നന്തസ്സിലാവിഷ്കരിച്ചാൾ കതിർക്കൊടി;
വായ്ച്ചു പുകഴ്ന്നാൾ, പിതാക്കൾതന്നങ്കത്തിൽ
വാണി,രുപേരെയും ശ്രീയാൽ നിറച്ചിവൾ! (5)

നല്ല വെളിച്ചം പരത്താതെ വർജ്ജിപ്പ-
തില്ലാ വിജാതിയെ,യില്ലാ സ്വജാതിയെ;
കൈവിടുന്നില്ലനല്പത്തെ,യില്ലല്പത്തെ,
മൈവെണ്മയോടേ തടിച്ചു മിന്നുമിവൾ! (6)

അഭ്രാതൃകപോലെ പോയ്ച്ചെന്നിതച്ഛങ്ക-
ല;-ർത്ഥൈഷിണിപോലെ കോടതി കേറിനാൾ;
സദ്വസ്ത്ര കാമിനിപോലെത്തി നാഥങ്ക-
ല്വ;-ൽസ്മിതപോലുഷസ്സാലക്ഷ്യരൂപയായ്! (7)

ചേച്ചിയ്ക്കു വേണ്ടും പിറപ്പിടം നീക്കിവെ-
ച്ചേച്ച,ങ്ങറിയിച്ചൊഴിഞ്ഞാൾ കനീയസി;
സൂരാംശുവാലിരുൾ പോക്കിയുഷസ്സിവൾ
പാരിനെ മിന്നിച്ചു, വാർമിന്നൽപോലവേ. (8)

എന്നു,മിപ്പൂർവകസോദരിമാരിൽവെ-
ച്ചൊന്നു മുന്നേതിനെപ്പിന്തുടർന്നെത്തിടും;
അന്നവീനോഷസ്സുകളും നടേപ്പോലെ

നന്നായ്പ്പുലർന്നാ,ഢ്യരാക്കട്ടെ നമ്മളെ! (9)

ഹവ്യദർക്കേകുഷസ്സേ, പുലർന്നുണർ-
വ;-ങ്ങുണരാതുറങ്ങട്ടേ, വണിക്കുകൾ!
ഹവ്യവാൻ, സ്തോതാവിവർക്കു കൊടുക്ക നീ
ദ്രവ്യം ജരയിത്രി, സൂനൃതേ, ശ്രീമതി! (10)

നേർക്കീ യുവതി കിഴക്കു വരികയായ്:
പൂട്ടന്നതുണ്ടു, തുടുപ്പാർന്ന ഗോക്കളെ;
തിട്ടം,മിരുട്ടിൽക്കൊടിയായ്പ്പുലർന്നിടും;
പുഷ്ടനായ് വാഴുന്നിത,ഗ്നി ഗൃഹേ ഗൃഹേ. (11)

നിന്നാഗമത്തിൽപ്പറക്കയായ് പക്ഷിയും
തന്നിടം വിട്ടിര തേടി മനുഷ്യനും.
കൊണ്ടുവരുന്നു, ദാതാവാം ഗൃഹസ്ഥനായ്-
ക്കൊണ്ടുഷോദേവി, നീ ഭൂരിസമ്പത്തിനെ! (12)

ഏവമെൻമന്ത്രവൽസ്തോത്രം ശ്രവിച്ചുഷോ-
ദേവിമാരേ, കനിഞ്ഞേകുവിൻ പുഷ്ടിയെ:
സ്തുത്യർഹമാരേ, ഭവദ്രക്ഷകൊണ്ടെങ്ങൾ
പത്തുപത്തായിരം നേടിടാവൂ ധനം! (13)

## കുറിപ്പുകൾ: സൂക്തം 124.

1. നടപ്പിനായ്—ഗമനാഗമനാദിവ്യാപാരാർത്ഥം.
2. മർത്ത്യയുഗങ്ങൾ—മനുഷ്യദമ്പതിമാർ; പ്രഭാതത്തിൽ ഭാര്യാഭർത്താക്കന്മാർ അവരവരുടെ കൃത്യങ്ങൾക്കായി പിരിഞ്ഞുപോകുമല്ലോ. സനാതനിമാർക്ക്—നിത്യകളായ ഉഷസ്സുകൾക്ക്. ഉപമ—ഉപമാനം.
3. ചേഷ്ടനദാത്രി—നിദ്രയാൽ നിശ്ചലരായിരുന്ന മനുഷ്യാദികളെ ഉണർത്തി, ചേഷ്ടിപ്പിക്കുന്നവൾ. കാര്യജ്ഞ—ഭർത്താവിനെ അനുഗമിക്കുൽ സ്ത്രീധർമ്മമാണെന്നറിഞ്ഞവൾ. ദിഗ്ഭാഗബോധിനി—കിഴക്കു മുതലായ ദിക്കുകളെ വേർതിരിച്ചു കാണിക്കുന്നവൾ.
4. കൊറ്റി എന്ന നീർപ്പക്ഷിയുടെ മാറു വെളുത്തിരിക്കുമല്ലോ. നോധസ്സുപോലെ—നോധസ്സ് എന്ന ഋഷി ദേവതാസ്തുതികളിൽ സ്വാഭീഷ്ടം പ്രകാശിപ്പിച്ചതുപോലെ, ഉഷസ്സു പ്രിയം (സർവലോകപ്രിയമായ തേജസ്സ്) വെളിപ്പെടുത്തി. സുപ്തരെ (ഉറങ്ങുന്നവരെ) വീട്ടമ്മ (ഗൃഹത്തിലെ അമ്മ) വിളിച്ചുണർത്തുമല്ലോ. നിത്യം വരും, തിരിച്ചെത്തുന്ന മാതരിൽ—സങ്കേതത്തിൽനിന്നു തിരിച്ചുപോരുന്ന വാരാംഗനകളുടെ ഇടയിൽ, നിത്യം ഈ സതിയായ ഉഷസ്സും ഉണ്ടായിരിക്കും!
5. കതിർക്കൊടി=രശ്മിയാകുന്ന കൊടി. ആവിഷ്കരിച്ചാൾ—കാട്ടി. പിതാക്കൾതന്നങ്കത്തിൽ വാണ്—ദ്യാവാപൃഥിവികളുടെ മടിയിലിരുന്ന്. വായ്ച്ചുപുകഴ്ന്നാൾ—വളർന്നു, വിഖ്യാതയായി. ഇരുപേരെയും—പിതാക്കളെ. ശ്രീ=ശോഭ.
6. ഇവൾ (ഉഷസ്സ്) വിജാതി(മനുഷ്യാദി)യ്ക്കും, സ്വജാതി (ദേവജാതി)യ്ക്കും, അനല്പത്തിന്നും (വലുതിന്നും) അല്പത്തിന്നും (ചെറുതിന്നും) ഒരേ മട്ടിൽ വെളിച്ചം കൊടുക്കുന്നു!

7. അഭ്രാതൃക (ആങ്ങളയില്ലാത്തവൾ) ആൺപ്രജയില്ലാത്ത അച്ഛനെ പരിചരിപ്പാൻ ചെല്ലുമല്ലോ; അതുപോലെ, ഉഷസ്സ പിതൃഭൂതനായ സൂര്യങ്കൽ ചെന്നു. അർത്ഥൈഷിണി (സ്വന്തം മുതൽ വിധിച്ചുകിട്ടാനിച്ഛിയ്ക്കുന്ന ഒരു വിധവ) കോടതിയിൽ പോകുന്നതുപോലെ, ഉഷസ്സ സൂര്യവാസസ്ഥാനം (ആകാശം) പ്രാപിച്ചു. സദ്വസ്ത്ര (ഋതുസ്നാതയായി നല്ല വസ്ത്രാഭരണങ്ങളണിഞ്ഞ) കാമിനി (കാമവതിയായ പത്നി) നാഥങ്കൽ (ഭർത്താവിന്റെ അടുക്കൽ) ചെല്ലുന്നതുപോലെ, ഉഷസ്സ ഭർത്താവായ സൂര്യന്റെ അടുക്കൽ ചെന്നുചേർന്നു. ഉൽസ്മിത (പുഞ്ചിരിക്കൊണ്ടവൾ) ദന്തങ്ങളെ എന്നപോലെ, ഉഷസ്സ രൂപങ്ങളെ (പദാർത്ഥങ്ങളെ) കാണുമാറാക്കി. സൂര്യന്ന് ഉഷസ്സിന്റെ പിതൃത്വവും ഭർത്തൃത്വവും കല്പിച്ചിരിയ്ക്കുന്നു; സൂര്യസന്നിധിയെ കോടതിയുമാക്കിയിരിയ്ക്കുന്നു.

8. കനീയസി (അനുജത്തിയായ രാത്രി) ചേച്ചിയ്ക്കു (ജ്യേഷ്ഠത്തിയായ ഉഷസ്സിന്നു) വേണ്ടും പിറപ്പിടം (അപരരാത്രമാകുന്ന ഉൽപത്തിസ്ഥാനം) നീക്കിവെച്ചേച്ച്, അങ്ങറിയിച്ചു (വിവരം ചേച്ചിയെ ധരിപ്പിച്ച്) ഒഴിഞ്ഞാൾ (പിന്മാറി).

9. എന്നും–എല്ലാ നാളിലും. പൂർവകസോദരിമാർ–പണ്ടേ സഹോദരിമാരായ ഉഷസ്സുകൾ. അന്നവീനോഷസ്സുകളും–വരാൻപോകുന്ന പുതിയ ഉഷസ്സുകളും. നടേപ്പോലെ=മുമ്പത്തെപ്പോലെ. നന്നായ്പുലർന്ന്–നല്ല കർമ്മാനുഷ്ഠാനദിനങ്ങളായിത്തീർന്ന്. നമ്മളെ ആഢ്യ(ധനിക)രാക്കട്ടെ: നമുക്കു ധനം തരട്ടെ.

10. ഹവ്യദർ=ഹവിസ്സർപ്പിയ്ക്കുന്നവർ. വണിക്കുകൾ–ആർക്കും ഒന്നുംകൊടുക്കാത്ത കച്ചവടക്കാർ; അവർ ഉണരാതുറങ്ങട്ടെ–ദീർഘനിദ്ര, മരണം, അടയട്ടെ. ദ്രവ്യം–ധനം. ജരയിത്രി–പ്രാണികൾക്കു വാർദ്ധക്യം വരുത്തുന്നവളേ. സൂനൃതേ=സുനേത്രി. ശ്രീമതി–ഞങ്ങൾ തന്ന ഹവിസ്സാകുന്ന സമ്പത്തുള്ളവളേ.

11. ഈ യുവതി–ഉഷസ്സ്. കൊടി–അടയാളം. പുലർന്നിട്ടും-ഈ യുവതിതന്നെ കർത്തൃപദം. തിട്ടം=തീർച്ചയായും. അഗ്ന്യുജ്ജ്വാലനം പുലർകാലത്താണല്ലോ.

12. ഇര തേടി മനുഷ്യനും പറക്കയായ്–ജീവസന്ധാരണത്തിന്നുള്ള കൃഷിപ്പണിയ്ക്കും മറ്റുമായി സത്വരം പോയിത്തുടങ്ങി. ദാതാവ്–ഹവിസ്സ നല്കുന്നവൻ.

13. പുഷ്ടി–അഭിവൃദ്ധി. ഭവദ്രക്ഷ=ഭവതിമാരുടെ രക്ഷ.

## സൂക്തം 125.

കക്ഷീവാൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സ്; ദാനം ദേവത.

രാജാവു സ്വനയൻ പ്രഭാതത്തിൽ വന്നു, പ്രഭാതത്തിൽത്തന്നേ രത്നങ്ങൾ തന്നു; ഞാൻ അവ അറിഞ്ഞു സ്വീകരിച്ച്, അച്ഛന്നു സമർപ്പിച്ചു. അതിനാൽ, അദ്ദേഹം പ്രജകളെയും ആയുസ്സും വർദ്ധിപ്പിച്ചു; നല്ല വീരന്മാരോടുകൂടി, സമ്പത്തു വളർത്തിക്കൊണ്ടിരിയ്ക്കട്ടെ! (1)

ഹേ പ്രഭാതാതിഥേ, വരുന്ന വഴിപോക്കനായ നിന്നെ ആർധനംകൊണ്ടു, കെണികൊണ്ടെന്നപോലെ തടഞ്ഞുനിർത്തിയോ; അദ്ദേഹത്തിന്നു നല്ല ഗോക്കളും നല്ല സ്വർണ്ണങ്ങളും നല്ല അശ്വങ്ങളും ഉണ്ടാകട്ടെ! ഇന്ദ്രൻ ദീർഘായുസ്സും നല്കട്ടെ! (2)

ഞാൻ ഇന്നലെ പ്രഭാതത്തിൽ കാത്തിരുന്നു; ഇന്നു, സുകൃതിയും യാഗകർത്താവുമായ നീ ധനസമൃദ്ധമായ തേരിൽ വന്നെത്തി! ഇനി നീ സോമലതയുടെ നീർ നുകരുക; ആ വീരസമേതനെ പ്രിയസത്യവാക്കുകൾകൊണ്ടു സ്തുതിയ്ക്കുകയും ചെയ്യുക. (3)

യജിയ്ക്കുന്നവന്റെയും, യജിപ്പാൻ നിശ്ചയിയ്ക്കുന്നവന്റെയും അടുക്കൽ, ധാരാളം പാലുള്ള സുഖകാരിണികളായ പൈക്കൾ ചുരത്തിനില്ക്കും; പിതൃപൂജകൻ, ഇഷ്ടദാതാവ് എന്നിവരുടെ അടുക്കലും, സർവത്ര, അന്നസമൃദ്ധിയെ ഉളവാക്കുന്ന നൈത്തോടുകൾ വന്നെത്തും! (4)

പ്രീതിപ്പെടുത്തുന്നവൻ സ്വർഗ്ഗത്തിന്റെ മുകളിൽ സേവിതനായി വാഴും; ദേവകളിൽ ഉൾപ്പെടുകയും ചെയ്യും! അവന്നു ജലപ്രവാഹം നെയ്യായിത്തീരും; അവന്ന് ഈ ഭൂമി സദാ ഫലസമൃദ്ധയുമാകും! (5)

ദക്ഷിണ കൊടുക്കുന്നവർക്കുള്ളവയാണ്, ഈ ആരാധ്യവസ്തുക്കൾ; ദക്ഷിണ കൊടുക്കുന്നവർക്കുള്ളവയാണ്, സ്വർഗ്ഗത്തിലെ സൂര്യലോകങ്ങൾ; ദക്ഷിണ കൊടുക്കുന്നവർ മരണരഹിതരായിത്തീരുന്നു; ദക്ഷിണ കൊടുക്കുന്നവർ ദീർഘായുസ്സു നേടുന്നു! (6)

പ്രീതിപ്പെടുത്തുന്നവർക്കു താപവും പാപവുമുണ്ടാകരുത്; സ്തോതാക്കൾ, സുവ്രതന്മാർ എന്നിവർക്കും വാർദ്ധക്യം വരരുത് ! മറ്റാരാനുമായിക്കൊള്ളട്ടെ പാപി–പ്രീതിപ്പെടുത്താത്തവങ്കൽ ചെല്ലട്ടെ, ദുഃഖങ്ങൾ! (7)

### കുറിപ്പുകൾ: സൂക്തം 125.

1. പഠിപ്പു കഴിഞ്ഞു ഗുരുകലത്തിൽനിന്നു സ്വഗൃഹത്തിലെയ്ക്കു പോന്നദീർഘതമഃപുത്രൻ കക്ഷീവാൻ രാത്രിയിൽ വഴിയ്ക്കൊരിടത്തു വിശ്രമിച്ചു. പുലർകാലത്തു, ഭാവയവ്യരാജാവിന്റെ പുത്രൻ സ്വനയൻ കൂട്ടുകാരുമായി കളിയാടിക്കൊണ്ടു കക്ഷീവാന്റെ അടുക്കൽ യാദൃച്ഛയാ വന്നെത്തി. കക്ഷീവാൻ പെട്ടെന്ന് ഉണർന്നെണീറ്റു. കമനീയാംഗനായ കക്ഷീവാനെ സ്വപുത്രിയ്ക്കു ഭർത്താവാക്കണമെന്നുറച്ചു, കുലാദികൾ ചോദിച്ചറിഞ്ഞ സ്വനയൻ ആ മാർഗ്ഗലബ്ധനായ സുഹൃത്തിനെ അരമനയിൽ കൊണ്ടുപോയി സൽക്കരിച്ചു, വിലയേറിയ വളരെ സമ്മാനങ്ങൾ കൊടുത്തു.

   വൃദ്ധനായ കലിംഗനെന്ന രാജാവിന്റെ രാജ്ഞിയുടെ ദാസിയായ ഉശിക്ക് എന്ന സ്ത്രീയിൽ–ദീർഘതമസ്സിങ്കൽനിന്നു പുത്രോൽപാദനത്തിന്നു രാജാവു നിയോഗിച്ച രാജ്ഞിയാൽ വൃദ്ധമുനിസംഗമത്തിൽ വെറുപ്പുമൂലം, സ്വന്തം വസ്ത്രാഭരണങ്ങളണിയിച്ചു തനി-

യ്ക്ക പകരം അയയ്ക്കപ്പെട്ടവളിൽ—ദീർഘതമസ്സിന്നു ജനിച്ചവനായ കക്ഷീവാൻ സമ്മാനം കിട്ടിയതെല്ലാംകൊണ്ടുപോന്ന് അച്ഛന്നു സമർപ്പിച്ചു; പിന്നീടു പരോക്ഷമായി, സ്വനയനൊ ദാനത്തെ പ്രശംസിയ്ക്കുന്നു:

രത്നങ്ങൾ—ശ്രേഷ്ഠവസ്തുക്കൾ. അറിഞ്ഞു—നിർദ്ദോഷമെന്നു കണ്ടു. അദ്ദേഹം-സ്വനയൻ.

2. കക്ഷീവാന്റെ അച്ഛൻ സ്വനയന്നു നന്മ നേരുന്നു: പ്രഭാതാതിഥേ—പ്രഭാതത്തിൽ വന്നുചേർന്ന മകനേ. കെണികൊണ്ടെന്നപോലെ—പാശകൻ മൃഗപക്ഷ്യാദിയെ വലയിൽ കുടുക്കുന്നതുപോലെ.

3. കാത്തിരുന്നു—നിന്റെ വരവിനെ. നുകരുക—സോമയാഗം അനുഷ്ഠിക്കുക. ആ വീരസമേതനെ—സ്വനയനെ.

4. സോമയാഗത്തിന്റെ ഫലം പ്രതിപാദിയ്ക്കുന്നു: പിതൃപൂജകൻ=പിതൃക്കളെ ആരാധിയ്ക്കുന്നവൻ.

5. പ്രീതിപ്പെടുത്തുന്നവൻ—ഹവിരാദികൾ നല്കി ദേവകളെ പ്രസാദിപ്പിയ്ക്കുന്നവൻ. സേവിതനായി—ദേവന്മാരാൽ സേവിയ്ക്കപ്പെട്ട്. ദേവകളിൽ ഉൾപ്പെടുക—ദേവത്വമടയുക.

6. യാഗദക്ഷിണയുടെ മഹത്തായ ഫലം: ആരാധ്യവസ്തുക്കൾ—സ്രക്ചന്ദനമണിമുക്താദിഭോഗ്യവിഭവങ്ങൾ.

## സൂക്തം 126.

കക്ഷീവാൻ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സ്; ഭാവയവ്യനും രോമശയും ദേവത.

സിന്ധുവിൽ വാഴുന്ന ഭാവയവ്യനെപ്പറ്റി ഞാൻ വളരെ സ്തോത്രങ്ങൾ ആലോചിച്ചുവെയ്ക്കുന്നു: ഈ അജിതനായ രാജാവു യശഃകാംക്ഷയാൽ എനിയ്ക്ക് ആയിരം സോമയാഗത്തിന്നു വക തന്നുവല്ലോ! (1)

പണം വലിച്ചെറിയുന്ന രാജാവിന്റെ നൂറു പതക്കങ്ങൾ, നടമിടുക്കുള്ള കുതിരകൾ, നൂറു കാളകൾ എന്നിവയെ കക്ഷീവാനായ ഞാൻ അഭ്യർത്ഥിയ്ക്കപ്പെടുകയാൽ അപ്പോൾത്തന്നെ സ്വീകരിച്ചു; അദ്ദേഹം സ്വർഗ്ഗത്തിൽ അക്ഷയയശസ്സിനെ പരത്തിയിരിയ്ക്കുന്നു! (2)

സ്ത്രീകൾ കേറിയ, പത്തു കറുത്ത തേരുകൾ–സ്വനയൻ തന്നവ–എന്റെ അടുക്കലെത്തി; പിന്നാലെ ആയിരത്തറുപതു പൈക്കളും വന്നെത്തി. എല്ലാം കക്ഷീവാൻ പിറ്റേന്ന് അച്ഛന്നു സമർപ്പിച്ചു. (3)

പത്തു തേരുകളെ നാല്പതു ചെംകുതിരകൾ ആയിരത്തിന്റെ മുമ്പിൽ വരിവെച്ചു വലിയ്ക്കുകയായി; കുറമ്പൊഴുകുന്ന, പൊൻകോപ്പിട്ട, ഇളയ്ക്കാതെ നടക്കുന്ന അവയെ കടിഞ്ഞാൺപിടിയ്ക്കുന്നവർ തീറ്റ കൊടുത്തു, തോർത്തിത്തുടച്ചു. (4)

ഉറ്റബന്ധുക്കളേ. മുമ്പേത്തെദ്ദാനത്തിന്നുശേഷം, പതിനൊന്നു തേർ, വിലയേറിയ പൈക്കൾ എന്നിവയെക്കൂടി ഞാൻ നിങ്ങൾക്കുവേണ്ടി സ്വീകരിച്ചു. പ്രജാസംഘങ്ങൾപോലെ ഇണങ്ങിയവരും, വണ്ടിയുള്ളവരും, അംഗിരസ്സുകളും, യശസ്സിച്ഛിയ്ക്കുന്നവരുമാണല്ലോ, ഇവർ. (5)

നീളെ സ്വീകരിയ്ക്കപ്പെട്ടവളാണ്–ചുറ്റും സ്വീകരിയ്ക്കപ്പെട്ടവളാണ്–ഈ ഭോഗാർഹ: ഇവൾ, പെറ്റ പെൺകീരിപോലെ മുറുകെപ്പിടിയ്ക്കും; രേതസ്സേറിയ ഇവൾ എനിയ്ക്ക് ഒരുനൂറു ഭോഗം തരാറുണ്ട്! (6)

ഭവാൻ, അടുക്കൽ വന്ന് എന്നെത്തലോടിനോക്കു: എന്റെ അംഗം തുച്ഛമാണെന്നു കരുതേണ്ടാ; ഗന്ധാരത്തിലെ ചെമ്മരിയാടുപോലെ രോമം നിറഞ്ഞവളായ എനിയ്ക്ക് എല്ലാ അവയവങ്ങളുമുണ്ട് ! (7)

### കുറിപ്പുകൾ: സൂക്തം 126.

1. സിന്ധു–സിന്ധു എന്ന രാജ്യം. ഭാവയവ്യന്റെ മകനാണ്, കക്ഷീവാന്നു ധനം നല്കിയതെങ്കിലും, അച്ഛനും മകനും രണ്ടല്ലായ്കയാൽ, അച്ഛനെ സ്തുതിയ്ക്കുന്നു.
2. പണം വലിച്ചെറിയുന്ന–എത്രയെന്നില്ലാതെ ദാനംചെയ്യുന്ന. രാജാവ്–സ്വനയൻ. അഭ്യർത്ഥിയ്ക്കപ്പെടുകയാൽ–'ഇവ ഭവാൻ സ്വീകരിയ്ക്കേണമേ' എന്നു സ്വനയൻ അപേക്ഷിച്ചതിനാൽ.
3. സ്ത്രീകൾ–കന്യകമാർ. കറുത്ത–കരിംകുതിരകളെ പൂട്ടിയ. കക്ഷീവാൻ–ഞാൻ.
4. തേരൊന്നിനു നാലുവീതം പത്തു തേരിന്നു നാല്പതു ചെംകുതിരകൾ. കറുത്തവയ്ക്കു പുറമേ, ചെമന്ന കുതിരകളും നല്കപ്പെട്ടിരുന്നു എന്നൂഹിയ്ക്കാം. ആയിരത്തിന്റെ–സഹസ്രഗോക്കളുടെ. അവയെ–കുതിരകളെ. കടിഞ്ഞാൺ പിടിയ്ക്കുന്നവർ–സാരഥികൾ.

5. ബന്ധുക്കൾക്കും ധനം നല്കുന്നു. പ്രജാസംഘങ്ങൾ എന്നാദിയായ വാക്യം ആത്മഗതമാകുന്നു. പ്രജാസംഘങ്ങൾ–'നാട്ടുകൂട്ട'ങ്ങൾ. വണ്ടി–ഹവിർദ്ധാനശകടം; സോമയാഗം എന്നു സാരം. ഇവർ–ബന്ധുക്കൾ.

6. സംഭോഗപ്രാർത്ഥിനിയായ സ്വഭാര്യയെ–രോമശയെ–ഭാവയവ്യൻ പരിഹസിയ്ക്കുന്നു: മുറുകെപ്പിടിയ്ക്കും–വിടില്ല. എല്ലാം വിപരീതലക്ഷണ: രോമശ അപ്രൌഢയാണെന്നാണ്, രാജാവിന്റെ അഭിപ്രായം.

7. ബൃഹസ്പതിപുത്രിയായ രോമശ ഭർത്താവിന്റെ പരിഹാസത്തിന്നു മറുപടി പറയുന്നു. ഗന്ധാരം–ഒരു രാജ്യം.

# ഋഗ്വേദം: രണ്ടാം അഷ്ടകം

## ഒന്നാം അദ്ധ്യായം

മണ്ഡലം 1    അനുവാകം 19

## സൂക്തം 127.

ദിവോദാസപുത്രൻ പരുച്ഛേപൻ ഋഷി; അത്യഷ്ടി ഛന്ദസ്സ്; അഗ്നി ദേവത. (മാകന്ദ-മഞ്ജരി)

ഹോതാവും, ദാതാവും,—നണ്ണുന്നേൻ ഞാൻ—കെല്പിൻ
പൈതലും, ത്രാതാവും, സൽക്രതുവും,
സാധിതവിദ്യനാം മേധാവിപോലവേ
ജാതവേദസ്സമാണ,ഗ്നിദേവൻ:
ഉമ്പരിലൻപുയർന്നേറ്റെട്ടക്കുന്നു താൻ,
സമ്പന്നജ്വാലനായ് നെയ്ഹോമത്തെ. (1)

അംഗിരോജ്യേഷ്ഠനാം യജ്വാവായ് ദ്ദീപ്തനാ-
മങ്ങയെ യജ്ഞപ്രവൃത്തർ ഞങ്ങൾ
സ്ഥാനേ വിളിയ്ക്കാവൂ, സംപ്രീതികാരിയാം
ധ്യാനമന്ത്രത്താൽ വൃഷാവേ, കവേ!
മർത്ത്യർക്കു ഹോതാവാമശ്ശോചിഷ്കേശനു,
ചിത്തതാൽപര്യമോടിയ്യാളുകൾ
ചുറ്റിനടക്കും രവിയ്ക്കെന്നപോലവേ
തുഷ്ടി വരുത്തട്ടെയിഷ്ടാപ്തിയ്ക്കായ്! (2)

ദ്രോഹിയെ നീക്കു,മത്യോജസ്കനദ്ദീപ്തൻ,
ദ്രോഹിയെ വെട്ടും, കോടാലിപോലെ:
കെല്പേറും സ്ഥാവരംപോലുമുടഞ്ഞുപോം,
തൽപരിഷംഗത്തിൽത്തണ്ണീർപോലെ;
മാറ്റാരെത്തീർത്തേ നിലയ്ക്കൂ താൻ പിന്മാറി-
ല്ലേ,റ്റട്ടത്തീടും വില്ലാളിപോലെ! (3)

സാരമേ നല്കുന്നു, വിജ്ഞന്നുപോലഗ്നി-
യ്ക്കാ;-രോചിർമ്മാർഗ്ഗേണ രക്ഷയ്ക്കിവൻ
കൊണ്ടുപോം, രക്ഷയ്ക്കായ്ക്കർമ്മി കൊടുത്തതു;
കണ്ടതൊട്ടുക്കിവൻ കാടുപോലെ
പൂക്കെരിയ്ക്കുന്നു; പചിയ്ക്കുന്നു തേജസ്സാൽ-
ക്കർക്കശാന്നത്തെയും, പാപത്തെയും! (4)

അല്ലിലഹസ്സിലെക്കാളേറെക്കാണാകു-
മില്ലഹസ്സിങ്കല്യ,മാർക്കപായം;
അന്നമവന്നു നാം വെയ്ക്ക, വേദിയ്ക്കട്ട-
ത്തു;-ണ്ണി ഗൃഹംപോലി,തേല്ക്കുകവൻ!
ഭക്തന്നും രക്ഷയഭക്തന്നും നല്കുന്നു,
തൃപ്തരായ് നിർജ്ജരരീയഗ്നികൾ. (5)

കർമ്മഭൃവിങ്കലും പോരിലും യഷ്ടവ്യൻ-
വന്മരുൽപ്രായമിരമ്പുമിവൻ
ഹവ്യങ്ങൾ വാങ്ങിബ്ഭുജിപ്പൂ, മഖധ്വജം;

ഹർഷിച്ച, ഹർഷപ്പെട്ടുത്തീടുന്നു;
ഇപ്പൂജ്യൻതൻ മാർഗ്ഗം സേവിപ്പൂ സർവരും
നല്പിന്നായാളുകൾ മാർഗ്ഗംപോലെ! (6)

രണ്ടിനും വന്ദിച്ച വാഴ്ത്തുന്നു, നല്ലാനായ്-
ക്കൊണ്ടു കടഞ്ഞ ഭൃഗുക്കൾ, ദീപ്തർ.
ഇദ്ധനങ്ങൾക്കീശൻ ധാരകനീയഗ്നി-
യുത്തേജസ്സർപ്പിതാഭീഷ്ടങ്ങളെ
കൈക്കൊണ്ടുപോരുന്നു, മേധാവി മേധവാൻ;
കൈക്കൊണ്ടുപോരുന്നു, മറ്റിടത്തും! (7)

സർവർക്കും ത്രാതാവായ്,സ്സർവർക്കും തുല്യനായ്,-
സ്സ്തുത്യോക്തിഭാക്കായ്ഗൃഹാധിപനായ്
മർത്ത്യർക്കതിഥിയാം നിന്നെ വിളിക്കുന്നു,
ഭുക്ത്യർത്ഥമായ് ഞങ്ങൾ—ഭുക്ത്യർത്ഥമായ്:
അച്ഛങ്കൽപ്പോലല്ലോ ചെൽവതി,വങ്കലാ
നിർജ്ജരരേവരുമൂണിന്നായി;
ദിവ്യരിൽവെച്ചവിടെയ്ക്കു സമർപ്പിപ്പൂ,
ഹവ്യവസ്തുക്കളെ നേതാക്കന്മാർ. (8)

യാഗാർത്ഥമല്ലോ ജനിച്ചതിങ്ങഗ്നേ, നീ,
യാഗാർത്ഥം വിത്തംപോലുത്തേജസ്സേ:
നിന്മദമൂർജ്ജിതം വൈരിജിദൂർജ്ജസ്സേ;
നിന്മഖമെത്രയുമന്നയുക്തം.
ആകയാലങ്ങയെസ്സേവിപ്പൂ, ദൂതർപോ-
ലാളുകൾ നിർജ്ജര, നിർജ്ജരനേ! (9)

നിങ്ങൾതൻ സ്തോത്രത്താൽ,ഗ്ഗോദനുഷർബുധ-
നിങ്ങൾതൻപുകൊൾകഗ്നി-വമ്പനഗ്നി:
വെല്ലുമിക്കെല്പനെച്ചൊല്ലി ഹവിർദ്ധരൻ
ചെല്ലുന്നു, വേദികളെല്ലാറ്റിലും;
വന്നോർതൻ മുമ്പേ സ്തുതിക്കുന്നു ഹോതാവും,
വന്ദി പെരിയോരെപ്പോലേ ചേലിൽ! (10)

മുമ്പിലേ കാണായോനമ്പരൊത്തുണ്ടോൻ നീ-
യൻപുൾക്കൊ—ണ്ടൻപുൾക്കൊണ്ടെങ്ങൾക്കഗ്നേ,
വമ്പുതൽ കൊണ്ടുവന്നാലും മഘവാവേ;
വൻകെല്പും നല്ക, നൽബ്ഭൂഭുക്തിക്കായ്.
നല്ക, വൻവീര്യം സ്തോതാവിന്നും ശക്തിമൻ;
കൊല്ക, മാറ്റാരെ,ബ്ബലോഗ്രൻപോലേ! (11)

## കുറിപ്പുകൾ: സൂക്തം 127.

1. സൽക്രതു=നല്ല യാഗത്തോടുകൂടിയവൻ. ജാതവേദസ്സ്–ജനിച്ചതിനെയെല്ലാമറിഞ്ഞവൻ; അഗ്നിയുടെ പര്യായവുമാണിത്. ഉമ്പരിലൻപുയർന്ന്–ദേവകൾക്കു കൊണ്ടുകൊടുക്കാൻ.

2. അംഗിരോജ്യേഷ്ഠൻ–അംഗിരോഗോത്രക്കാരിൽ മൂത്തവൻ. സ്ഥാനേ–യോഗ്യമാംവണ്ണം. ധ്യാനമന്ത്രം–ധ്യാനസാധനമന്ത്രം. മർത്ത്യർക്കു ഹോതാവ്–മനുഷ്യർക്കുവേണ്ടി ദേവന്മാരെ വിളിയ്ക്കുന്നവൻ.

3. ദ്രോഹിയെ–നമ്മെ ഉപദ്രവിയ്ക്കുന്നവരെ കോടാലിപോലെ വെട്ടിനീക്കും. അത്യോജസ്കൻ=ഓജസ്സ് (ജ്വാല) ഏറിയവൻ. സ്ഥാവരം–പർവതാദി. തൽപരിഷംഗം=അവന്റെ (അഗ്നിയുടെ) സംയോഗം. തണ്ണീർപോലെ–തിയ്യു വെള്ളത്തെ തിളപ്പിച്ചു വറ്റിയ്ക്കുമല്ലോ. തീർത്തേ നിലയ്ക്കു–നശിപ്പിച്ചിട്ടേ അടങ്ങൂ. താൻ–അഗ്നി.

4. സാരമേ–സാരമായിട്ടുള്ളതുമാത്രം. നല്കുന്ന–യജമാനന്മാർ. വിജ്ഞന്നുപോലെ–വിദ്വാനു സാരമല്ലാത്തതു നല്കാറില്ലല്ലോ. ആരോചിർമ്മാർഗ്ഗേണ=തേജസ്സേറിയ വഴിയിലൂടെ. രക്ഷയ്ക്ക്–ദേവകളെ രക്ഷിപ്പാൻ, അവർക്കു ഭക്ഷണം കൊടുക്കാൻ. കർമ്മി (യജമാനൻ) സ്വരക്ഷയ്ക്കായി കൊടുത്തതു (ഹവിസ്സ്) കൊണ്ടുപോം. കണ്ടതൊട്ടുക്ക്–യജമാനന്റെ പല വസ്തുക്കൾ; പുക്കു കാടുപോലെ–കാടെരിയ്ക്കുന്നത്ര വേഗത്തിൽ വിഴുങ്ങുന്നു. കർക്കശാന്നത്തെയും–കടുപ്പമുള്ള ഭക്ഷ്യത്തെപ്പോലും പചിയ്ക്കുന്നു. പാപത്തെയും–കർക്കശമായ പാപത്തെയും പചിയ്ക്കുന്ന–നശിപ്പിയ്ക്കുന്നു എന്നു സാരം. തേജസ്സാൽ എന്നതു രണ്ടു വാക്യങ്ങളിലും യോജിപ്പിയ്ക്കുക.

5. അഹസ്സിങ്കലും (പകലിലും) അഗ്നിയ്ക്ക് അപായം (പ്രകാശാഭാവം) വരില്ലല്ലോ. ഉണ്ണി അച്ഛന്റെ ഗൃഹം ഏറ്റെടുക്കുന്നതുപോലെ, അവൻ (അഗ്നി) ഇതു, നമ്മുടെ അന്നം (ഹവിസ്സ്) ഏറ്റെടുക്കട്ടെ. അഭക്തന്നും അഗ്നിയാൽ വെളിച്ചവും മറ്റും കിട്ടുന്നുണ്ടല്ലോ. തൃപ്തരായ്–മതിയാംവരെ ഹവിസ്സു ഭുജിച്ച്. അഗ്നികൾ–ആഹവനീയാദികൾ.

6. കർമ്മഭൂവിങ്കലും (യജ്ഞവേദി, കൃഷിനിലം) പോരിലും യഷ്ടവ്യ(യജനീയ)നായ ഇവൻ (അഗ്നി) വന്മരുൽപ്രായം (വലിയ കാറ്റുപോലെ) ഇരമ്പും: ഉജ്ജ്വലിച്ച തിയ്യിൽ കാറ്റു തട്ടുമ്പോൾ ഒരുതരം ശബ്ദം പുറപ്പെടുമല്ലോ. മഖധ്വജം–യാഗത്തിന്നു കൊടിമരമായിട്ടുള്ളവൻ. ഹർഷിച്ച–ഹവിർഭക്ഷണംകൊണ്ടു ഹൃഷ്ടനായി. ഹർഷപ്പെടുത്തീടുന്ന–യജമാനന്മാരെ ഫലദാനംകൊണ്ടു സന്തോഷിപ്പിയ്ക്കുന്നു. ആളുകൾ മാർഗ്ഗംപോലെ–യാത്രക്കാർ നല്ല വഴിയിൽ ചേർന്നു നടക്കുന്നതുപോലെ.

7. രണ്ടിനും–ഐഹികാമുഷ്മികഫലങ്ങൾക്കായി. നല്കാനായ്ക്കൊണ്ടു–ഹവിസ്സർപ്പിപ്പാൻ. കടഞ്ഞ–അരണിമഥനം ചെയ്തു. ഇദ്ധനങ്ങൾ–നല്കപ്പെടുന്ന ഹവിസ്സുകൾ. ഉത്തേജസ്സ്=തേജസ്സുയർന്നവൻ. അർപ്പിതാഭീഷ്ടങ്ങൾ–യജമാനനാൽ നല്കപ്പെട്ട ഘൃതാദിപ്രിയവസ്തുക്കൾ. മേധവാൻ–യജ്ഞവാൻ. മറ്റിടത്തും–മറ്റു ദേവതകൾക്കുള്ള യജ്ഞങ്ങളിലും പ്രിയവസ്തുക്കൾ കൈക്കൊണ്ടുപോരുന്നു.

8. സത്യോക്തിഭാക്ക്–സത്യവാക്കുകളെ, സ്തുതികളെ ഭജി (വഹി)യ്ക്കുന്നവൻ. ഗൃഹാധിപൻ–ഗാർഹപത്യരൂപേണ ഗൃഹങ്ങളെ പാലിയ്ക്കുന്നവൻ. ഭുക്ത്യർത്ഥം–ഹവിസ്സു ഭക്ഷിപ്പാൻ; ആദരാതിശയത്താലാണ്, ഇതു വീണ്ടും പറഞ്ഞത്. നിർജ്ജരർ=ദേവന്മാർ. മക്കൾ ഭക്ഷണം കിട്ടാൻ അച്ഛന്റെ അടുക്കലെന്നപോലെ, ദേവന്മാർ ഹവിർഭക്ഷണത്തിന്ന് അഗ്നിയുടെ അടുക്കൽ ചെല്ലുന്നു. ദിവ്യർ–ദേവകൾ. നേതാക്കന്മാർ–ഋത്വിക്കുകൾ.

9. യാഗാർത്ഥം വിത്തംപോലെ–‘ദ്രവ്യമുണ്ടായതു യാഗത്തിന്ന്’ത്രേ. മദം–നൈ ഭുജിച്ചതിനാലുണ്ടായ ഇമ്പം. വൈരിജിദൂർജ്ജസ്സ്=ശത്രുക്കളെ ജയിയ്ക്കുന്ന ബലമുള്ളവൻ. സേ-

വിപ്പൂ–ദൂതർ രാജാവിനെയെന്നപോലെ, ആളുകൾ (യജമാനന്മാർ) അങ്ങയെ പരിചരിയ്ക്കുന്നു. നിർജ്ജര–ആരെയും സ്തുതിയ്ക്കാത്തവനേ; പ്രത്യുത, ആരും സ്തുതിയ്ക്കുന്നവനേ.

10. സ്തോതാക്കളോടു പറയുന്നു: ഗോദൻ=ഗോക്കളെ നല്കുന്നവൻ. ഉഷർബുധൻ=പുലർകാലത്തുണരുന്നവൻ. അൻപുകൊൾക–പ്രസാദിക്കട്ടെ. ഇക്കെല്പനെച്ചൊല്ലി–ബലവാനായ അഗ്നിയ്ക്കു ഹവിസ്സർപ്പിപ്പാൻ. ഹവിർദ്ധരൻ–ഹവിസ്സുകളെടുത്ത യജമാനൻ. വന്നോർതൻമുമ്പേ–ആഗതരായ ദേവന്മാരെ സ്തുതിയ്ക്കുന്നതിന്നുമുമ്പേ ഹോതാവ് അഗ്നിയെ, വന്ദി (സ്തുതിപാലകൻ) പെരിയോരെ (ധനവാന്മാരെ) എന്നപോലെ ചേലിൽ (ഭംഗിയിൽ) സ്തുതിയ്ക്കുന്നു.

11. മുമ്പിലേ–മുൻഭാഗത്ത്, അരികിൽത്തന്നെ. ഉമ്പരൊത്തുണ്ണോൻ–മറ്റു ദേവകൾപോലെതന്നെ ഹവിസ്സു ഭക്ഷിയ്ക്കുന്നവൻ. നൽബ്ഭ്രുഭുക്തിയ്ക്കായ്–നല്ല ഭൂമി (കൃഷിനിലം) അനുഭവിപ്പാൻ. ബലോഗ്രൻ–ബലംകൊണ്ട് ഉഗ്രനായ യോദ്ധാവ്.

## സൂക്തം 128.

പരുച്ഛേപൻ ഋഷി; അത്യഷ്ടി ഛന്ദസ്സ്; അഗ്നി ദേവത. (മാകന്ദമഞ്ജരി)

ഭക്തകർമ്മത്തിന്നു–തൻകർമ്മത്തിന്നുമായ്–
മർത്ത്യകൽനിന്നുണ്ടായ്, ഹോതാവഗ്നി:
സഖ്യവും പേരുമിച്ഛിപ്പോന്നു വിത്തംപോ-
ലൊക്കെസ്സാധിപ്പിപ്പോനീ,യധൃഷ്യൻ;
സത്തായ–പണ്ടിള കാൽവെച്ച–ഭൂഭാഗേ
വർത്തിപ്പൂ, യജ്ഞവാനാൾനടുവിൽ. (1)

ആ യജ്ഞസിദ്ധനെ യാഗമാർഗ്ഗസ്ഥരായ്,-
ബ്ഭൃയിഷ്ഠഹവ്യമാമധ്വരത്തിൽ
സേവിയ്ക്ക, വന്ദിച്ച ഹവ്യത്താൽ നാ;-മെന്നാൽ
മൈ വാടാതുണ്ണും താനസ്മദന്നം.
മാരുതോപാനീതനല്ലോ മനുവിന്നായ്,-
ദ്ദൂരത്തു–ദൂരത്തു–നിന്നിദ്ദേവൻ! (2)

പാർത്തട്ടിലപ്പൊഴേ വന്നെത്തും, വൻവീരോ-
ടാർത്താർത്തു വേഗവാനഗ്നിദേവൻ:
പേർത്തു പേർത്തുദ്ഗീയമാനൻ, വൃഷാവ,ന്ന-
സാർത്ഥവാനുന്നതശാലകളിൽ
ശ്രേഷ്ഠകർമ്മത്തിന്നിരുന്നൊ,രുന്യൂറിടം
നോട്ടമയയ്ക്കുമേ, സ്തോത്രങ്ങളിൽ! (3)

ശീലിതയജ്ഞർതന്നക്ഷയയജ്ഞത്തിൻ
ശാലയിൽശ്ശാലയിലുദ്ബുദ്ധനായ്
അന്നാർത്ഥിദ്രവ്യം കൈക്കൊൾവൂ, ഫലാർപ്പക-
നഗ്നി പുരോഹിതൻ സൽക്കർമ്മവാൻ;
ചെയ്യിപ്പൂ, വോഢാവെക്കൊണ്ടും ഫലാർപ്പണം
നെയ്യുണ്ണുവോനീ വിരുന്നുകാരൻ! (4)

ഈയഗ്നിതന്നുരുജ്വാലയിൽക്കർമ്മത്താൽ,
വായുവിൻ ഭോജ്യങ്ങളെന്നപോലെ
ആരേകും ഭോജ്യങ്ങളർത്ഥിയ്ക്കുപോല;-വർ
പൂരിതദാനരാം, ശ്രീബലത്താൽ.
ഹാരിയാമംഹസ്സിൽനിന്നവൻ രക്ഷിപ്പൂ-
ഭൂരിമാപാപത്തിൽനിന്നു–നമ്മെ! (5)

വമ്പനയജ്ഞരിലപ്രീതൻ സംപ്രാപ്യൻ
സമ്പത്തെടുത്ത വലംകരത്തെ
അർക്കനെപ്പോലെയഴയ്ക്കു-മൊഴിയ്ക്കില്ല,–
തന്നാഭിലാഷംകൊണ്ടല്ലതാനും!
ദേവഗണത്തിൽവെച്ചങ്ങല്ലോ, വാഞ്ഛിയ്ക്കു-
മേവർക്കും കൊണ്ടുകൊടുപ്പൂ, ഹവ്യം.

സൽക്കർമ്മികൾക്കൊക്കെ ക്ഷേമം വരുത്തീട്ടു;-
മഗ്നി തുറക്കുമേ, വാതിൽകളും! (6)

മർത്ത്യന്റെ പാപത്തിൽ യജ്ഞത്തിലും സുഖ-
കൃത്തഗ്നി യജ്ഞസ്ഥന്മാർക്കരചൻ,
വെല്ലമരചനെപ്പോലേ പ്രിയൻ, ഹിതൻ
ചെല്ലും നൂവേദിസ്ഥഹവ്യയങ്ങളിൽ.
വാരുണദ്രോഹവും വൻദേവദ്രോഹവും
ചേരാതെ രക്ഷിയ്ക്ക, നമ്മെയവൻ! (7)

## കുറിപ്പുകൾ: സൂക്തം 128.

1. ഭക്തകർമ്മം—ഭക്തന്മാരുടെ സോമയാഗവും മറ്റും. തൻകർമ്മം—ഹവിസ്സ്വീകരണവും മറ്റും. മർത്ത്യൻ—അരണി കടഞ്ഞ മനുഷ്യൻ, അധ്വര്യു. വിത്തംപോലെ ധനം സഖ്യത്തെയും (മഹാന്മാരുമായുള്ള മൈത്രിയെയും) കീർത്തിയെയും സാധിപ്പിയ്ക്കുന്നതുപോലെ. സത്ത്=സാരഭൂതം. ഇള—മനുവിന്റെ പുത്രിയും ഗോരൂപിണിയുമായ ദേവതാ; കാൽവെച്ച ഭൂഭാഗേ—വേദിയിൽ. ആൾനടുവിൽ—പരിചാരകരുടെ ഇടയിൽ.
2. ആ യജ്ഞസിദ്ധനെ—അഗ്നിയെ. ഭൂയിഷ്ഠഹവ്യം=വളരെ ഹവിസ്സുകളുള്ളത്. എന്നാൽ—സേവിച്ചാൽ. മൈ വാടാതെ—അക്ഷീണജ്വാലനായി. താൻ—അദ്ദേഹം, അഗ്നി. അസ്മദന്നം=നമ്മുടെ അന്നം (ഹവിസ്സ്). മനുവിന്നുവേണ്ടി ദൂരത്തുനിന്നു വായു കൊണ്ടുവന്നവനാണ്, ഇദ്ദേവൻ (അഗ്നി).
3. പാർത്തട്ടിൽ—വേദിയിൽ. അപ്പൊഴേ—വിളിയ്ക്കപ്പെട്ട സമയത്തുതന്നെ. വീറ്=വീര്യം. ആർത്താർത്തു—ശബ്ദം പുറപ്പെടുവിച്ചുകൊണ്ട്. ഉദ്ഗീയമാനൻ—സ്തുതിയ്ക്കപ്പെടുന്നവൻ. അന്നസാർത്ഥവാൻ=അന്ന(ഹവ്യ)സമൂഹത്തോടുകൂടിയവൻ. നൂറിടം നോട്ടമയയ്ക്കുമേ—ജ്വാലാപ്രസരത്തെ നോട്ടമാക്കിയിരിയ്ക്കുന്നു. സ്തോത്രങ്ങളിൽ—സ്തോത്രങ്ങൾ ഉച്ചരിയ്ക്കപ്പെടുമ്പോൾ.
4. ശീലിതയജ്ഞർ—യജ്ഞാനുഷ്ഠാതാക്കൾ. അക്ഷയയജഞം—നിഷ്ഫലമാകാത്ത യാഗം. ഉദ്ബുദ്ധനായ്—ഉണർന്ന്, യജ്ഞത്തിന്റെ കർത്തവ്യതയറിഞ്ഞ്. അന്നാർത്ഥിദ്രവ്യം—അന്നമർത്ഥിയ്ക്കുന്ന യജമാനന്റെ ഹവിരാദിവസ്തുക്കൾ. ഫലാർപ്പകൻ=ഫലദാതാവ്. ചെയ്യിപ്പൂ—വോഢാവിനെയും (ഹവിർവാഹിയായ യജമാനനെയും) ഫലപ്രദാനകുശലനാക്കുന്നു!
5. വായുവിൻഭോജ്യങ്ങൾ—വായു മേഘത്തെ പിളർത്തു മഴ പെയ്യിയ്ക്കുമ്പോൾ ഉണ്ടായിവരുന്ന നെല്ലും മറ്റും. ഭോജ്യങ്ങൾ—പുരോഡാശാദികൾ. അർത്ഥിയ്ക്കുപോലെ=യാചകനെന്നപോലെ. അവർ ശ്രീബലത്താൽ പൂരിതദാനരാം—അഗ്നിയാൽ നല്കപ്പെട്ട സമ്പൽബലംമൂലം ധാരാളം ദാനംചെയ്യുന്നവരായിത്തീരും. ഹാരി=ഹരിയ്ക്കുന്നത്, ആകർഷിയ്ക്കുന്നത് അംഹസ്സ്=പാപം. ആദരാധിക്യത്താൽ ദ്വിരുക്തി; ഇതു മറ്റിടങ്ങളിലും കാണും.
6. അയജ്ഞർ—യജ്ഞമനുഷ്ഠിയ്ക്കാത്തവർ. സംപ്രാപ്യൻ—സർവരാലും പ്രാപിയ്ക്കപ്പെടേണ്ടുന്നവൻ. വലംകരത്തെ അഴയ്ക്കും—ധനം സേവകർക്കു കൊടുക്കാൻ. അർക്കനെപ്പോലെ—സൂര്യനും ഉപാസകനു കയ്യഴച്ചു ധനം നല്കുന്നു. ഒഴിയ്ക്കില്ല—സേവകരെ ത്യജിയ്ക്കില്ല; അതു (ത്യജിയ്ക്കായ്ക) അന്നാഭിലാഷം(തനിയ്ക്കു ഹവിസ്സു കിട്ടണമെന്ന ഇച്ഛ)കൊണ്ടല്ലതാനും; അനുഗ്രഹബുദ്ധികൊണ്ടുതന്നെയാണ്. അഗ്നിയോടു നേരിട്ടു പറയുന്നു: ഏവർക്കും—ഇന്ദ്രാദികൾക്ക്. വാതിൽകൾ—സ്വർഗ്ഗാദിദ്വാരങ്ങൾ; തുറക്കുമേ; സുകൃതികളെ സ്വർഗ്ഗാദിലോകങ്ങളിൽ പ്രവേശിപ്പിയ്ക്കുകതന്നെ ചെയ്യും.

7. പാപത്തിൽ യജ്ഞത്തിലും സുഖകൃത്ത്—പാപത്തിലും യജ്ഞത്തിലും സുഖകരൻ; പാപത്തിൽ സുഖകരത്വം, പാപനിവാരണംതന്നെ. വെല്ലം—ജയശീലനായ. നൃവേദിസ്ഥഹവ്യങ്ങളിൽ—മനുഷ്യരുടെ യജ്ഞവേദികളിൽ വെയ്ക്കപ്പെട്ട ഹവിസ്സുകളുടെ അടുക്കൽ. വാരുണദ്രോഹം—വരുണനെന്ന പാപദേവന്റെ ദ്രോഹം. വൻദേവദ്രോഹം—വമ്പിച്ച ദേവ (ദേവകളിൽനിന്നുണ്ടാകുന്ന) ദ്രോഹം. അവൻ—അഗ്നി.

## സൂക്തം 129.

പരുച്ഛേപൻ ഋഷി; അത്യഷ്ടിയും അതിശക്വരിയും അഷ്ടിയും ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഗമനശീലനായ ഇന്ദ്ര, അവിടുന്നു തേർ യജ്ഞസിദ്ധ്യർത്ഥം യാതൊരു പക്വമതിയായ പണ്ഡിതങ്കൽ എത്തിയ്ക്കുമോ, അനവദ്യ, യാതൊരുവനെ പൊക്കുമോ, അവനെ ഉടനടി അഭീഷ്ടപ്രാപ്തിയ്ക്കു പോന്നവനാക്കുന്നു; അന്നവും ഭുജിക്കുന്നു. അനവദ്യ, വെമ്പൽക്കൊള്ളുന്നവനേ, ഫലകാരികളിൽ മുമ്പനായ ഭവാൻ മേധാവികളായ ഞങ്ങളുടെ ഹവിസ്സിനെ, ഈ വചസ്സിനെ എന്നപോലെ സ്വീകരിച്ചാലും! (1)

ഇന്ദ്ര, കേട്ടാലും: മനുഷ്യരായിരുന്ന നേതാക്കളോടുകൂടി, ഏതൊരു യുദ്ധത്തിലും കനക്കെ വിളിച്ചു കണക്കിൽ കഴിവുള്ളവനാണല്ലോ, അവിടുന്ന്; അവിടുന്നു ശൂരരോടുകൂടി, താൻതന്നെ നേടുന്നു. അവിടുന്നു മേധാവികൾക്ക് അന്നം കൊടുക്കുന്നു. ആ ഗമനശീലനായ അന്നയുക്തനെ അഭ്യർത്ഥനസമർത്ഥന്മാർ, തീറ്റകൊണ്ട് ഒരശ്വത്തെ എന്നപോലെ ആരാധിയ്ക്കുന്നു. (2)

ഇന്ദ്ര, രിപുസൂദനനായ അവിടുന്ന് ഒരു മേഘത്തിന്റെ പുതപ്പു ചീന്തി മഴ പെയ്യിയ്ക്കുന്നു. ശൂര, മനുഷ്യനെപ്പോലെ തെണ്ടിനടക്കുന്ന മറ്റൊന്നിനെ പിടിച്ചുനിർത്തുന്നു; ചാകാൻപോകുന്നതിനെയാകട്ടേ, തീരെ വെടിയുന്നു. ഇതു ഞാൻ വിസ്തരിച്ചു ഭവാനോടും സ്വർഗ്ഗത്തോടും പുകഴ്ന്ന രുദ്രനോടും, വിസ്തരിച്ചു മിത്രനോടും, വിസ്തരിച്ചു സുഖദനായ വരുണനോടും പറയുന്നു. (3)

എങ്ങും എഴുന്നള്ളുന്നവനും, മാറ്റാരുടെ കേറ്റം താങ്ങുന്നവനും, അശ്വയുക്തനും യജ്ഞംമുടക്കുന്നവരോടെതിർക്കുന്നവനും, മരുത്സമേതനുമായ ഇന്ദ്രനെ ഞങ്ങൾ, ഞങ്ങൾക്കും നിങ്ങൾക്കുംവേണ്ടി, യാഗത്തിൽ സഖാവാക്കാൻ നോക്കുന്നു: അവിടുന്നു ഞങ്ങളുടെ രക്ഷയ്ക്കു, മഹത്തായ കർമ്മത്തെ പുലർത്തുക; ഏതു പോരിലും, അങ്ങു തടുത്തവരിൽ–അങ്ങു തടുത്ത ശത്രുക്കളിൽ–ആരും അങ്ങയോടെതിർക്കില്ല! (4)

അങ്ങ് ആരുടെയും വിരോധിയെ വഴങ്ങിയ്ക്കണം: ഉഗ്ര, ഉഗ്രങ്ങളായ രക്ഷണങ്ങൾകൊണ്ടു, തേജസ്സേറിയ മാർഗ്ഗങ്ങൾകൊണ്ടെന്നപോലെ ഞങ്ങളെ പണ്ടേത്തെമട്ടിൽ കൊണ്ടുനടക്കുന്നവനാണല്ലോ, അങ്ങ്. ശൂര, അങ്ങു പാപരഹിതനെന്നറിയപ്പെടുന്നു: അങ്ങു വോഢാവായി മനുഷ്യനെ, പാപമെല്ലാം പോക്കി പാലിയ്ക്കുന്നു; ഞങ്ങളുടെയും അടുക്കൽ വന്നു, വോഢാവായരുളുക! (5)

ഞാൻ ഭവ്യനായ ഇന്ദുവിനെ പ്രകീർത്തിപ്പാൻ ശക്തനാകേണമേ: ആ അന്നവാൻ സ്തുതിയ്ക്കപ്പെടുന്നേടത്ത്, ഇന്ദ്രൻപോലെ എഴുന്നള്ളുന്നു; അരക്കരെ വധിച്ച്, അവരുടെ തൊഴിൽ നിലപ്പിയ്ക്കുന്നു. അവിടുന്നു നിന്ദകനെ നിഹനിച്ച്, ആ ദുർമ്മതിയെ ഞങ്ങളിൽനിന്ന് അകറ്റുമാറാകണം: സ്തേനൻ നികൃഷ്ടമാംവണ്ണം കീഴ്പോട്ടോടട്ടെ–വെറുംവെള്ളംപോലെ ഒലിച്ചുപോകട്ടെ! (6)

ഇന്ദ്ര, ഞങ്ങൾ അങ്ങയെ ഗുണപ്രകാശകമായ വാക്കുകൊണ്ടു സ്തുതിയ്ക്കുമാറാകണം; ധനവാനേ, സുവീര്യവും രമ്യവുമായ–അക്ഷയവും സുവീര്യവുമായ–ധനം നേടുമാറാകണം. പണിപ്പെട്ടു മനനംചെയ്യപ്പെടേണ്ടുന്ന യാഗനിഷ്പാദകനായ അങ്ങയെ ഞങ്ങൾ നല്ല മനനങ്ങളോടും ഹവിസ്സോടും, അമോഘങ്ങളും അന്നപ്രാർത്ഥന ചേർന്നവയുമായദ്യുമ്നാഹ്വാനങ്ങളോടുംകൂടി സർവത്ര സമീപിയ്ക്കുമാറാകണം! (7)

നിങ്ങൾക്കുവേണ്ടി ഞങ്ങളാൽ സ്വതന്ത്രമായി സ്തുതിയ്ക്കപ്പെടുന്ന ഇന്ദ്രൻ ദുർബുദ്ധികളെ നീക്കി നമ്മെ രക്ഷിപ്പാൻ ശക്തനാകുന്നു. അവിടുന്നു ദുർബുദ്ധികളെ പിടിച്ചു

ചീന്തിക്കൊണ്ടിരിയ്ക്കെ, നമ്മെ ദ്രോഹിപ്പാൻ തീനികളാൽ അയയ്ക്കപ്പെട്ട പാച്ചിൽപ്പട സ്വയം കൊലപ്പെട്ടു കൊള്ളും; നമ്മോടടുക്കില്ല—നില്ക്കുകയുമില്ല! (8)

ഇന്ദ്ര, അവിടുന്നു നാലുവശത്തും ധനവുമായി, അരക്കരില്ലാത്ത അനഘമായ മാർഗ്ഗത്തിലൂടേ ഞങ്ങളിൽ വന്നെത്തിയാലും—ഞങ്ങളുടെ മുമ്പിൽ വന്നെത്തിയാലും: അകലത്തുനിന്നു ഞങ്ങളിൽ വന്നുചേരുക; അതിസമീപത്തുനിന്നോ വന്നുചേരുക. അവിടുന്നു ദൂരത്തുനിന്നും ചാരത്തുനിന്നും യാഗനിർവഹണംകൊണ്ടു ഞങ്ങളെ രക്ഷിയ്ക്കണം—എന്നും, എങ്ങും ദൃഷ്ടിവെച്ചു രക്ഷിയ്ക്കണം! (9)

ഇന്ദ്ര, കരയേറ്റാൻ കഴിവുള്ള ധനം ഞങ്ങൾക്കു തന്നരുളുക: ഉഗ്രനായ ഭവാനെ പ്രീതിയ്ക്കായി ഒരു മഹിമ, പെരിയ പ്രീതിയ്ക്കായി സ്നേഹിതനെയെന്നപോലെ സേവിച്ചുപോരുന്നുണ്ട്. ഓജസ്സേറിയവനേ, രക്ഷിതാവേ, മരണരഹിത, അവിടുന്നു ഞങ്ങളെ തൃപ്തരാക്കാൻ ഒരു തേരിൽ കേറുക. ഉലോം വിഴുങ്ങുന്നവനേ, ഞങ്ങളെ ദ്രോഹിപ്പാൻ നോക്കുന്നവരെ അവിടുന്നു ഹിംസിയ്ക്കണം—ഉലോം വിഴുങ്ങുന്നവനേ, അവനാരായാലും, അവിടുന്നു ഹിംസിയ്ക്കണം! (10)

ഇന്ദ്ര, നന്നായി സ്തുതിയ്ക്കപ്പെട്ടവനേ, നിന്തിരുവടി ഞങ്ങളെ ദുഃഖത്തിൽനിന്നു രക്ഷിയ്ക്കണം: എന്നെന്നും ദുർമ്മതികളെ—ദുർവിചാരക്കാരെ—ഹർഷപൂർവം കീഴ്പോട്ടു തള്ളുന്നവനാണല്ലോ, അവിടുന്ന്. അങ്ങു പാപരക്ഷസ്സിനെ കൊല്ലുന്നു; എന്നെപ്പോലുള്ള മേധാവിയെ രക്ഷിയ്ക്കുന്നു. വസോ, ഇതിന്നാണല്ലോ, അങ്ങയെ—വസോ, രക്ഷസ്സുകളെ കൊല്ലാനാണല്ലോ, അങ്ങയെ—ജഗൽപിതാവു ജനിപ്പിച്ചത്! (11)

## കുറിപ്പുകൾ: സൂക്തം 129.

1. ഗമനശീലൻ—യജ്ഞസ്ഥലങ്ങളിൽ പതിവായി പോകുന്നവൻ. പൊക്കുക—ഉന്നതി പ്രാപിപ്പിയ്ക്കുക. അന്നം—അവനാൽ ദത്തമായ ഹവിസ്സ്. വെമ്പൽക്കൊള്ളുന്നവനേ—ഞങ്ങളെ അനുഗ്രഹിപ്പാൻ ത്വരയുള്ളവനേ. ഈ വചസ്സ്—സ്തുതി.
2. കേട്ടാലും—ഞങ്ങളുടെ വിളി കേൾക്കുക. മനുഷ്യരായിരുന്ന നേതാക്കൾ—പിന്നീടു ദേവത്വം പ്രാപിച്ച മരുത്തുക്കൾ. കണക്കിൽ കഴിവ്—മികച്ച ശത്രുവധശക്തി. താൻതന്നെ നേടുന്നു—ശൂരർ കൂടെയുണ്ടെങ്കിലും, താൻ തനിച്ചാണ്, ജയം നേടാറുള്ളത്. ആ ഗമനശീലനായ എന്നാദിയായ വാക്യം പരോക്ഷമാണ്: അന്നയുക്തനെ—ഇന്ദ്രനെ. അഭ്യർത്ഥനസമർത്ഥന്മാർ—വഴിപോലെ അപേക്ഷിയ്ക്കുന്ന ഋത്വിക്കുകൾ. ആരാധിയ്ക്കുന്നു—ഹവിസ്സുകൊണ്ടു പ്രീതിപ്പെടുത്തുന്നു.
3. തെണ്ടിനടക്കുന്ന മറ്റൊന്നിനെ പിടിച്ചുനിർത്തുന്നു—പണിയെടുക്കാതെ അലയുന്ന മറ്റൊരു മേഘത്തെ ബലേന പിടിച്ചു, മഴ പെയ്യിയ്ക്കുന്നു. ചാകാൻ പോകുന്നതിനെ—വെള്ളമൊടുങ്ങിയ മേഘത്തെ. ഇതു—ഈ വർഷണകർമ്മം.
5. ആരുടെയും—ഏതൊരു ഭക്തന്റെയും. പണ്ടേത്തെമട്ടിൽ—ഞങ്ങളുടെ പൂർവന്മാരെ എന്നപോലെ. വോഢാവ്—ഹവിസ്സുകൾ വഹിയ്ക്കുന്നവൻ, അഭിമതങ്ങൾ വഹിയ്ക്കു(കൊടുക്കു)ന്നവൻ.
6. സ്തേനൻ=മോഷകൻ,
7. ഗുണപ്രകാശകം—അങ്ങയുടെ ഗുണങ്ങളെ വെളിപ്പെടുത്തുന്ന. ദ്യുമ്നാഹ്വാനങ്ങൾ—‘ഹരിവ ആഗച്ഛ മേധാതിഥേർമ്മേഷേ’ എന്ന ആഹ്വാനവിശേഷങ്ങൾ.
8. ഋത്വിക്കുകളോട്: സ്വതന്ത്രമായി—പരാപേക്ഷകൂടാതെ. തീനികൾ—തീറ്റക്കാർ, ശത്രു-

ക്കൾ. പാച്ചിൽപ്പട—പാഞ്ഞണയുന്ന സൈന്യം. നില്ക്കുകയുമില്ല—നശിച്ചുപോകുമെന്നു സാരം.

9. ധനവുമായി—ഞങ്ങൾക്കു തരാൻ ധനവുംകൊണ്ട്.

10. കരയേറ്റാൻ—കഷ്ടപ്പാടിൽനിന്നു കേറ്റാൻ. മഹിമ—ഞങ്ങളുടെ സ്തുതിയാലുണ്ടായ മഹത്ത്വം. വിഴുങ്ങുന്നവനേ—ശത്രുഭക്ഷക.

## സൂക്തം 130.

പരുച്ഛേപൻ ഋഷി; അത്യഷ്ടിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഇന്ദ്ര, അങ്ങു ദൂരത്തുനിന്ന്, ഇതെന്നപോലെ, സൽപതി യജ്ഞങ്ങളിലെന്നപോലെ, സൽപതിയായ ചന്ദ്രൻ സ്വസ്ഥാനത്തെന്നപോലെ ഞങ്ങളുടെ അടുക്കൽ വന്നാലും: ഞങ്ങൾ ഒന്നിച്ചു ഹവിസ്സൊരുക്കി, സോമം പിഴിഞ്ഞ്, മക്കൾ ഊണിന്ന് അച്ഛനെയെന്നപോലെ, മഹനീയനായ അങ്ങയെ ഊണിന്നു വിളിയ്ക്കുന്നു. (1)

ഇന്ദ്ര, അമ്മിമേൽ ചതച്ചുപിഴിഞ്ഞ സോമം അവിടുന്നു, തോല്ക്കുട്ടകൊണ്ടു തൊട്ടിയിൽ നിറച്ച വെള്ളം കാളപോലെയും, ദാഹം മുഴുത്തോടിയെത്തിയവൻപോലെയും കുടിച്ചുകൊണ്ടാലും: ഇതു കുടിച്ചാൽ അങ്ങയ്ക്കു മത്തും ഉശിരും വലുപ്പവും വരും. അശ്വങ്ങൾ അങ്ങയെ, പച്ചക്കുതിരകൾ സൂര്യനെ എന്നപോലെ–എല്ലാപ്പകലുകളും സൂര്യനെ എന്നപോലെ–കൊണ്ടുവരുമാറാകട്ടെ! (2)

പാറയുടെ–അറ്റമില്ലാത്ത പാറയുടെ–ഇടയിൽ, പൊന്തച്ചുഴന്ന ഗൂഢസ്ഥലത്തു വെയ്ക്കപ്പെട്ടിരുന്ന നിധി, പക്ഷിക്കുഞ്ഞെന്നപോലെ സ്വർഗ്ഗത്തിൽനിന്നു കൊണ്ടുവരപ്പെട്ടതു് ഇന്ദ്രൻ കൈക്കൊണ്ടു: അതിനെ, അംഗിരഃശ്രേഷ്ഠൻ ഗോവ്രജത്തെ എന്നപോലെ തേടുകയായിരുന്നു, വജ്രി. അവിടുന്നു വെള്ളത്തിന്റെ അടച്ച വാതിൽ തുറന്നു; അന്നത്തിന്റെ വാതിൽ ചുറ്റും വെച്ചു! (3)

ഇന്ദ്രൻ തീക്ഷ്ണമായ വജ്രം കൈകളിൽ മുറുകെപ്പിടിച്ചു, വെള്ളമെന്നപോലെ എറിയാൻ മൂർച്ചപ്പെടുത്തി–വൃത്രനെക്കൊല്ലാൻ മൂർച്ചപ്പെടുത്തി. ഇന്ദ്ര, ഓജസ്സും സൈന്യബലവും തിരുമെയ്ക്കെല്ലും ഒത്തിണങ്ങിയ ഭവാൻ വഞ്ചകനെ, ഒരു തച്ചൻ കാട്ടുമരത്തെയെന്നപോലെ ചെത്തിക്കുറയ്ക്കും-മഴു കൊണ്ടെന്നപോലെ ആഞ്ഞുവെട്ടും! (4)

ഇന്ദ്ര, അങ്ങു നിഷ്പ്രയാസം നദികളെ സമുദ്രങ്ങളിലെയ്ക്കൊഴുകാൻ, രഥങ്ങളെ –യുദ്ധോദ്യതർ രഥങ്ങളെ–എന്നപോലെ നേരേവിട്ടു. ആ സ്രവന്തികൾ ഇവിടെ തുല്യപ്രയോജനമായ ജലത്തെ, മനുവിന്നു സർവദുഘകളായ–ആർക്കെങ്കിലും സർവദുഘകളായ-പൈക്കൾ പോലെ കൊണ്ടുവന്നിരിയ്ക്കുന്നു! (5)

അങ്ങയ്ക്കായി ധനേച്ഛുക്കളായ മനുഷ്യർ ഈ സ്തുതി, ഒരു ശില്പകുശലൻ തേരെന്നപോലെ സംസ്കാരപ്പെടുത്തിവെച്ചു–അങ്ങയെ സുഖത്തിന്നനുകൂലനാക്കി. ഹേ മേധാവിൻ, യുദ്ധങ്ങളിൽ വേഗവാനായ അങ്ങയെ ഞങ്ങൾ, ഒരു വിജയിയായ അശ്വത്തെയെന്നപോലെ, ബലത്തിന്നും ധനലബ്ധിയ്ക്കുംവേണ്ടി–സർവധനലബ്ധിയ്ക്കുവേണ്ടി–ഉദ്ദീപിപ്പിച്ചുകൊള്ളുന്നു! (6)

ഇന്ദ്ര, നൃത്തംവെയ്ക്കുന്നവനേ, ഹവിസ്സർപ്പിച്ച മഹാനായ, പൂരുവായ ദിവോദാസന്നുവേണ്ടി അവിടുന്നു വജ്രംകൊണ്ടു തൊണ്ണൂറുനഗരം പിളർത്തി; നൃത്തംവെയ്ക്കുന്നവനേ, ഹവിസ്സർപ്പിച്ച അതിഥിഗ്വന്നുവേണ്ടി, ഉഗ്രനായ ഭവാൻ ശംബരനെ ബലംകൊണ്ടു മലമുകളിൽനിന്നു കീഴ്പോട്ടുരുട്ടി, വമ്പിച്ച സമ്പത്തു-ബലംകൊണ്ടു സമ്പത്തു മുഴുവനും-കീഴടക്കി! (7)

നൂറുരക്ഷകളുള്ള ഇന്ദ്രൻ യജമാനനായ ആര്യനെ പരിക്കപെടുത്തുന്ന പോരുകളിലെല്ലാം–സ്വർഗ്ഗപ്രദങ്ങളായ പോരുകളിലും–രക്ഷിച്ചുപോരുന്നു. അവിടുന്നു മനുഷ്യർക്കുവേണ്ടി കർമ്മരഹിതരെ ശിക്ഷിച്ചു: കൃഷ്ണന്റെ തോലുരിഞ്ഞു കത്തിച്ചു; ദ്രോഹികളെ ചുട്ടെരിച്ചു–ഹിംസാപരരെയെല്ലാം ചുട്ടെരിച്ചു! (8)

അവിടുന്നു സൂര്യന്റെ തേർച്ചക്രമെടുത്ത്, ഊക്കിൽ ആഞ്ഞെറിഞ്ഞു; അരുണനായി അടുക്കൽച്ചെന്നു കൂറ്റടക്കി–ത്രാണിമൂലം നീളെ കൂറ്റടക്കി. കവേ, അവിടുന്ന് ഉശനസ്സിനെ രക്ഷിപ്പാൻ ദൂരത്തു നിന്നു ചെല്ലുകയുണ്ടായല്ലോ സുഖവസ്തുക്കളെല്ലാം, മനുഷ്യനെന്നപോലെ, ഞങ്ങൾക്കു സത്വരം തരിക–എല്ലാദ്ദിവസങ്ങളിലും സത്വരം തരിക! (9)

നഗരങ്ങൾ പിളർത്തിയ വൃഷാവായ ഇന്ദ്ര, ആ നിന്തിരുവടി പുതിയ സ്തോത്രങ്ങൾ ചൊല്ലുന്ന ഞങ്ങളെ പാലനപ്രകാരങ്ങൾകൊണ്ടും സുഖങ്ങൾകൊണ്ടും സംരക്ഷിച്ചാലും! ദിവോദാസഗോത്രക്കാരുടെ സ്തുതികൾകൊണ്ടു ഭവാൻ, പകലുകൾകൊണ്ടു സൂര്യൻപോലെ വർദ്ധിച്ചാലും! (10)

## കുറിപ്പുകൾ: സൂക്തം 130.

1. ഇത്–സോമം. സൽപതി=സജ്ജനപാലകൻ, യജമാനൻ. സൽപതിയായ–നക്ഷത്രനാഥനായ. ഊണിന്നു–ഹവിഃസ്വീകരണത്തിന്ന്.

3. നിധി–സോമലത. കൊണ്ടുവരപ്പെട്ടത്–പക്ഷിരൂപയായ ഗായത്രിയാൽ ആനീതം. ഗോവ്രജം–പുണ്യസുരൻ അപഹരിച്ച പൈക്കൂട്ടം. അന്നത്തിന്റെ–സസ്യങ്ങളുടെ. വാതിൽ–വർഷജലം. ചുറ്റും വെച്ചു–വർഷജലത്തെ എങ്ങും വ്യാപിപ്പിച്ചു.

4. വെള്ളം–അഭിമന്ത്രിതമായ ശാപജലം. എറിയാൻ–ശത്രുവിന്റെ നേർക്കു വിടാൻ. ഒരു തച്ചൻ കാട്ടുമരത്തെ (പണിത്തരത്തിന്നു) ചെത്തിക്കുറയ്ക്കുന്നതു പോലെ, ഭവാൻ വഞ്ചകനെ (ഞങ്ങളെ ചതിയ്ക്കുന്നവനെ) ചെത്തിക്കുറയ്ക്കും.

5. രഥങ്ങളെ–അങ്ങയുടെ തേരുകളെ. സ്രവന്തികൾ–ഒഴുകുന്ന നദികൾ. തുല്യപ്രയോജനം–ഏവർക്കും ഒന്നുപോലെ ആവശ്യകമായ. പൈക്കൾപോലെ–പൈക്കൾ പാലിനെ എന്നപോലെ.

6. സുഖത്തിന്നു–സുഖം കല്പിച്ചുനല്കുവാൻ. ഉദ്ദീപിപ്പിയ്ക്കുക–സ്തുതിച്ചു വളർത്തുക.

7. നൃത്തംവെയ്ക്കുന്നവനേ–യുദ്ധങ്ങളിൽ വിളയാടുന്നവനേ. നഗരം–ശത്രുപുരം. അതിഥിഗ്വൻ–ദിവോദാസൻ. സമ്പത്ത്–ശംബരന്റെ ധനം. ദിവോദാസന്നു കൊടുക്കാൻ കീഴടക്കി.

8. സ്വർഗ്ഗപ്രദങ്ങൾ–യുദ്ധത്തിൽ വധിയ്ക്കപ്പെട്ടവന്നു സ്വർഗ്ഗം കിട്ടും. കൃഷ്ണൻ–അംശുമതി എന്ന നദിയുടെ തീരത്തു, പതിനായിരം അനുചരന്മാരോടുകൂടി, അവിടുത്തുകാരെ ഉപദ്രവിച്ചുംകൊണ്ടു പാർത്തിരുന്ന കൃഷ്ണനെന്ന (കറുത്ത) അസുരൻ.

9. ആഞ്ഞെറിഞ്ഞു–ഇന്ദ്രന്റെ വജ്രത്താൽ തങ്ങൾ വധ്യരാകരുതെന്ന ഒരു വരം ബ്രഹ്മാവിങ്കൽനിന്നു വാങ്ങി, തിമർത്തുനടന്ന ചില അസുരന്മാരുടെ നേരെ ആഞ്ഞെറിഞ്ഞു. അരുണനായി (ക്രോധത്താൽ തുടുത്ത്) അടുക്കൽ ചെന്ന് (അവരെ സമീപിച്ചു) കൂറ്റടക്കി–ശബ്ദം നിലപ്പിച്ചു; നിഷ്പ്രാണരാക്കി. ഉശനസ്സ്–ഒരു ഋഷി. ചെല്ലുകയുണ്ടായല്ലോ; അതുപോലെ ഞങ്ങളുടെ അടുക്കലും വരിക. മനുഷ്യനെന്നപോലെ–ഒരു ചോരൻ മറുനാട്ടിൽനിന്നു കൊണ്ടുവന്ന ധനം തലവങ്കൽ സമർപ്പിയ്ക്കുന്നതുപോലെ.

## സൂക്തം 131.

പരുച്ഛേപൻ ഋഷി; അത്യഷ്ടി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

മാറ്റലരെ തട്ടിനീക്കുന്ന ദ്യോവും മഹതിയായ ഭൂവും അന്നലാഭത്തിന്നായി, സ്തോത്രങ്ങളോടും ഹവിസ്സുകളോടുംകൂടി ഇന്ദ്രനെ വണങ്ങിപ്പോരുന്നു. ഇന്ദ്രനെയാണല്ലോ, ദേവകളെല്ലാം ഐക്യമത്യത്തോടേ മുൻനിർത്തിയത്. ഇന്ദ്രന്നുതന്നെയാകട്ടെ, മനുഷ്യരുടെ സവനങ്ങൾ–മനുഷ്യരുടെ ദാനങ്ങൾ–മുഴുവൻ! (1)

വർഷകാമരും സുഖേച്ഛുക്കളും സവനങ്ങളിലെല്ലാം, സമാനനായ അങ്ങൊരാൾക്കുതന്നെയാണ്, വേറേ വേറേ നല്കിപ്പോരുന്നത്. ഞങ്ങൾ ആ അങ്ങയെ, അക്കരെയ്ക്കു പോകുന്ന തോണിയെ എന്നപോലെ, ഭാരം വഹിപ്പാൻ നിർത്തുന്നു: അങ്ങ് ഇന്ദ്രൻതന്നെ എന്നറിഞ്ഞു മനുഷ്യരായ ഞങ്ങൾ യജിയ്ക്കുന്നു–മനുഷ്യരായ ഞങ്ങൾ സ്തുതികൾകൊണ്ട് ഇന്ദ്രങ്കൽ ചെല്ലുന്നു. (2)

ഇന്ദ്ര, തൃപ്തിയും ഗോവ്രജലബ്ധിയും വാഞ്ഛിരിയ്ക്കുന്ന ദമ്പതിമാർ എല്ലാം അർപ്പിച്ചും ഭജിച്ചും ത്യജിച്ചും അങ്ങയെ വിസ്തരിച്ചു യജിച്ചുപോരുന്നു: ഗോകാമരും സ്വർഗ്ഗകാമരുമായ ആ ഇരുവരെ കൊണ്ടാടുന്നവനാണല്ലോ, അങ്ങ്. ഇന്ദ്ര, അവിടുന്ന് കൂടെപ്പിറന്നതും, കൂടെനിന്നതും, വർഷകവുമായ വജ്രത്തെ പ്രദർശിപ്പിച്ചരുളുന്നു! (3)

ഇന്ദ്ര, അങ്ങയുടെ ഈ വീര്യം മനുഷ്യർക്കറിയാം: ഒരാണ്ടിന്റെ നഗരങ്ങൾ അങ്ങു ധ്വംസിച്ചു–കേറിപ്പൊരുതി ധ്വംസിച്ചു; ആ യജ്ഞഹീനരെ ശിക്ഷിച്ചു; ശവസ്സതേ, ഇന്ദ്ര, മഹത്തായ മന്നിടത്തെയും ഈ ജലത്തെയും കൈക്കലാക്കി–ഇമ്പപ്പെട്ടുകൊണ്ടുതന്നേ ഈ ജലത്തെ കൈക്കലാക്കി! (4)

മത്തുപിടിച്ചാൽ കോരിച്ചൊരിയുന്നവനേ, അങ്ങു ഭവദിച്ഛുക്കളെ രക്ഷിയ്ക്കുന്നു; സഖ്യകാംക്ഷികളെ സംതൃപ്തരാക്കുന്നു. ഇതുകൊണ്ടുതന്നെയാണ്, അങ്ങയുടെ ഈ വീര്യത്തിന്നായി സോമം ഒഴുക്കുന്നത്. അവർക്കു ഭവാൻ യുദ്ധത്തിൽ ചേരാൻ ശബ്ദം പുറപ്പെടുവിയ്ക്കും; അവർ ഓരോരുത്തരും ആഹ്ലാദംകൊള്ളുന്നു–അന്നലാഭത്തിന്നായി ആഹ്ലാദം കൊള്ളുന്നു! (5)

അവിടുന്നു നമ്മുടെ ഈ ഉഷസ്സിൽത്തന്നെ വരില്ലയോ? പൂജാ ദ്രവ്യമായ ഹവിസ്സു യഥാവിധി ഹോമിയ്ക്കപ്പെട്ടത് അറിയില്ലയോ? നാം സുഖസ്ഥാനത്തെയ്ക്കു വിളിയ്ക്കുക. ഇന്ദ്ര, വജ്രിൻ, വൃഷാവായ അങ്ങയ്ക്കറിയാമല്ലോ, മർദ്ദകരെ വധിപ്പാൻ; വേധസ്സും അതിനവീനനും അത്യന്തം സ്തുതിയ്ക്കുന്നവനുമായ എന്റെ സ്തോത്രം കേട്ടരുളുക! (6)

ഇന്ദ്ര, ബഹുഭാവപ്രാപ്ത, ശൂര, തുലോം വളരുന്നവനും ഞങ്ങളിൽ താൽപര്യമുള്ളവനുമായ ഭവാൻ, ശത്രുത കാട്ടുന്ന മരണവാനായ മനുഷ്യനെ–ഞങ്ങളെ ഉപദ്രവിയ്ക്കുന്നവനെ–വജ്രംകൊണ്ടു വധിച്ചാലും. ഹേ അതിശോഭനശ്രവണ, കേട്ടുകൊണ്ടാലും: ഒരു മാർഗ്ഗശ്രാന്തനെ എന്നപോലെ ഞങ്ങളെ ബാധിയ്ക്കുന്ന ദുർവിചാരം വിട്ടുപോകട്ടെ–എല്ലാദുർവിചാരവും വിട്ടുപോകട്ടെ! (7)

### കുറിപ്പുകൾ: സൂക്തം 131.

1. മുൻനിർത്തിയത്–അസുരസംഹാരത്തിന്ന്.
2. ഇന്ദ്രൻതന്നെ എന്നറിഞ്ഞ്–ഈശ്വരൻ, അങ്ങുതന്നെ എന്നു നിശ്ചയിച്ച്.
3. ത്യജിച്ചും–ഹവിസ്സ് ഹോമിച്ചും. ഇരുവരെ–ദമ്പതിമാരെ.

4. ഒരാണ്ടിന്റെ—ഒരു സംവത്സരം മുഴുവൻ, മതിലും കിടങ്ങും മറ്റും നിർമ്മിച്ചുറപ്പിയ്ക്കപ്പെട്ട. ധ്വംസിയ്ക്കുക=നശിപ്പിയ്ക്കുക. ശവസ്പതേ=ബലത്തിന്റെ ഉടമസ്ഥനായുള്ളോവേ. ഇമ്പപ്പെട്ടുകൊണ്ടുതന്നേ—നിഷ്പ്രയാസമായി എന്നർത്ഥം.

5. മത്തുപിടിച്ചാൽ (സോമപാനമദത്തിൽ) അഭീഷ്ടങ്ങൾ കോരിച്ചൊരിയുന്ന(വർഷിയ്ക്കുന്ന)വനേ. ഭവദിച്ഛുക്കൾ—ഭവാനെ ഭജിക്കുന്നവർ. ഒഴുക്കുന്നത്—യജമാനന്മാർ. അവർ—യജമാനന്മാർ. ശബ്ദം-സിംഹനാദം. അന്നലാഭത്തിന്നായി—ജയത്താൽ അന്നം (ധനം) കൈവരാനായി.

6. മർദ്ദകർ—ദ്രോഹികൾ. വേധസ്സ്—മേധാവി. അതിനവീനൻ—ദീക്ഷാസംസ്കാരങ്ങൾമൂലം ഏറ്റവും പുതിയവനായിത്തീർന്നവൻ.

7. ബഹുഭാവപ്രാപ്ത—ഞങ്ങളുടെ സ്തുതിയാൽ അനേകഭാവങ്ങൾ പൂണ്ടവനേ. മാർഗ്ഗശ്രാന്തനെ എന്നപോലെ—വഴി നടന്നു വലഞ്ഞവന്നു ചൗര്യത്തിലും മറ്റും മനസ്സു ചെല്ലാമല്ലോ.

## സൂക്തം 132.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

മഘവാവേ, അങ്ങാണ്, ഞങ്ങൾക്ക്: മുൻയുദ്ധത്തിൽ ഇന്ദ്രനായ ഭവാനാൽ രക്ഷിയ്ക്കപ്പെട്ട ഞങ്ങൾ പറ്റലർപ്പടയെ ഉടച്ചുവിടും; പൊരുതാൻ വരുന്നവരെ ചെറുക്കും! ഈ ഏറ്റവും സമീപിച്ച ദിവസത്തിൽ സോമം പിഴിയുന്നവനെപ്പറ്റി അവിടുന്നു വേഗത്തിൽ കൂട്ടിപ്പറയണം; പോരിൽത്തുണയ്ക്കുന്നവനും ഭരിയ്ക്കുന്നവനുമായ അങ്ങയ്ക്കായി ഞങ്ങൾ അന്നമൊരുക്കി, വട്ടംകൂട്ടാം! (1)

സ്വർഗ്ഗപ്രാപ്തിഹേതുവായ സമരത്തിൽ ചുറ്റിനടക്കുന്നവന്റെ വ്യക്തമായ സരളമാർഗ്ഗത്തിലും–തന്റെ വ്യക്തമായ സരളമാർഗ്ഗത്തിലും–പെരുമാറുന്ന ഇന്ദ്രൻ പുലർകാലത്തുണർന്നു. കർമ്മമനുഷ്ഠിയ്ക്കുന്നവന്റെ ശത്രുവിനെ കണ്ടുകിട്ടിയാലപ്പോൾ കൊന്നുകളയും; അതിനാൽ പ്രണമ്യനും സ്തുത്യനുമാണ്, അവിടുന്ന്. അങ്ങയുടെ ധനങ്ങൾ ഞങ്ങളിൽത്തന്നേ ഒത്തൊരുമിയ്ക്കട്ടെ–മംഗളാത്മാവു തന്ന ധനങ്ങൾ നിലനില്ക്കട്ടെ! (2)

യാതൊരു യജ്ഞത്തിൽ വരണീയമായ സ്ഥാനം നിർമ്മിയ്ക്കപ്പെടുന്നവോ, അതിന്റെ അതിദീപ്തമായ ഹവിസ്സു പണ്ടേത്തെപ്പോലെ അങ്ങയ്ക്കുള്ളതുതന്നെ: സൂര്യലോകം പ്രാപിപ്പിയ്ക്കുന്നവനാണല്ലോ, അങ്ങ്. അത് അരുളിച്ചെയണം: അന്തരിക്ഷത്തിൽ രശ്മികൾകൊണ്ടു കാണുന്നുണ്ട്. ആ ഇന്ദ്രൻ ജലത്തെ അന്വേഷിയ്ക്കുന്നു; ബന്ധുക്കളായിത്തീർന്നവർക്കു ഗോക്കളെ അന്വേഷിയ്ക്കുന്നു; ക്രമേണ അറിഞ്ഞുവെയ്ക്കുന്നു. (3)

ഇന്ദ്ര, അവിടുന്ന് ഇച്ചെയ്തതു പണ്ടെന്നപോലെ ഇന്നും സ്തുത്യം തന്നെ: അങ്ങ് അംഗിരസ്സുകൾക്കായി മേഘത്തെ തുറന്നു; ഗോവൃന്ദത്തെ വീണ്ടുകൊടുത്തു. അതേമട്ടിൽ ഞങ്ങൾക്കുവേണ്ടിയും വെല്ലുക, പൊരുതുകയും ചെയ്യുക. സോമം പിഴിയുന്നവർക്ക് ഏതൊരു യജ്ഞവിരോധിയെയും–അരിശംകൊള്ളുന്ന കെട്ട യജ്ഞവിരോധിയെയും–കീഴടക്കിത്തരിക! (4)

ആ ശൂരൻ പ്രാണികളെ കർമ്മങ്ങളോടു സംയോജിപ്പിയ്ക്കുന്നു. അതിനാൽ അന്നകാമന്മാർ ധനത്തിന്നുവേണ്ടി (ശത്രുക്കളെ) ഹിംസിയ്ക്കുകയും, ഹവിഷ്കാമം പൂണ്ടു കേമമായി യജിയ്ക്കുകയും ചെയ്യുന്നു: അവിടെയ്ക്കുതന്നെ, പ്രജാസഹിതമായ അന്നം. (ശത്രുകളെ) ഹനിപ്പാൻ ഓജസ്വികൾ പൂജിച്ചുപോരുന്നു. കർമ്മവാന്മാർ –സ്വർഗ്ഗസാധനകർമ്മവാന്മാർ-നേരേ ദേവന്മാരെ പ്രാപിപ്പാനെന്നപോലെ, ഇന്ദ്രന്റെ അടുക്കൽ പാർപ്പിടം ഏർപ്പെടുത്തുന്നു! (5)

ഇന്ദ്രപർജ്ജന്യരേ, നിങ്ങളിരുവരും മുന്നിൽ പൊരുതി, ഞങ്ങളോടു പോരിനാ വരുന്നവരെയെല്ലാം സർവസംഹാരിയായ വജ്രംകൊണ്ടു വധിയ്ക്കണം: അകലെപ്പോയവങ്കൽ ചെന്നുകേറുന്നതും ഗഹനത്തിൽ ഗമിയ്ക്കുന്നതുമാണല്ലോ, അത്. ശൂര, വൈരിദാരകനായ ഭവാൻ എങ്ങും ഞങ്ങളുടെ ശത്രുക്കളെയെല്ലാം, എല്ലാംകൊണ്ടും പിളർത്തരുളണം! (6)

### കുറിപ്പുകൾ: സൂക്തം 132.

1. അങ്ങാണ്, ഞങ്ങൾക്ക്–സഹായം.

2. ചുറ്റിനടക്കുന്നവന്റെ—പടയാളിയുടെ. പ്രണമ്യൻ—നമസ്കരിയ്ക്കപ്പെടേണ്ടുന്നവൻ. മംഗളാത്മാവ്—മംഗളരൂപനായ ഇന്ദ്രൻ.

3. വരണീയമായ സ്ഥാനം—വേദി. പ്രാപിപ്പിയ്ക്കുന്നവൻ—യജമാനനെ. കാണുന്നുണ്ട്—മേഘത്തെ പിളർത്തു രശ്മിദ്വാരാ മഴ പെയ്യിയ്ക്കുന്നത് എല്ലാവരും കാണുന്നുണ്ട്. തീർന്നവർക്കു—യജമാനന്മാർക്കു കൊടുപ്പാൻ.

4. കെട്ട—കുത്സിതനായ.

5. പ്രജാസഹിതമായ അന്നം—പ്രജകളോടു(പുത്രാദികളോടു)കൂടിയവർ നല്കുന്ന ഹവിസ്സ്. ഇന്ദ്രന്റെ അടുക്കൽ—ഇന്ദ്രലോകത്ത്.

6. പർജന്യൻ—മേഘദേവൻ. ഗഹനം—ദുർഗ്ഗമപ്രദേശം. അത്—വജ്രം.

# ഋഗ്വേദം: രണ്ടാം അഷ്ടകം

## ഒന്നാം അദ്ധ്യായം

### മണ്ഡലം 1 അനുവാകം 20

## സൂക്തം 133.

പരുച്ഛേപൻ ഋഷി; ത്രിഷ്ടുപ്പും, അനുഷ്ടുപ്പും, ഗായത്രിയും, ധൃതിയും, അത്യഷ്ടിയും ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഞാൻ വാനൂഴികളെ രണ്ടിനെയും യജ്ഞംകൊണ്ടു ശുദ്ധിപ്പെടുത്താം: എവിടങ്ങളിൽ, ചെന്നെതിർക്കപ്പെട്ട ശത്രുക്കൾ നിഹതരായി നാലിടത്തും ശ്മശാനത്തിൽ കിടക്കുന്നുവോ; ആ ഇന്ദ്രരഹിതങ്ങളായ ദ്രോഹിയ്ക്കുന്ന മന്നിടങ്ങളെ ദഹിപ്പിയ്ക്കാം! (1)

ശത്രുഭക്ഷക, അങ്ങു നേരേ ചെന്ന് അരക്കപ്പടയുടെ തലമണ്ടകൾ വിശാലമായ കാൽകൊണ്ടു–അതിവിശാലമായ ആനക്കാൽകൊണ്ട്–ചവുട്ടിപ്പൊടിയ്ക്കുക! (2)

മഘവൻ, അങ്ങ് ഈ അരക്കപ്പടയുടെ കെല്പടക്കുക; കുത്സിതമായ ശ്മശാനത്തിൽ–ചത്തവർക്കുള്ള പെരുംചുടലക്കുഴിയിൽ-തള്ളുക! (3)

ഒരുനൂറ്റെറമ്പതു പടയെ അങ്ങു നേരിട്ടു ചെന്നു നശിപ്പിച്ചുവല്ലോ: അതു ശ്ലാഘ്യംതന്നെ; എന്നാൽ അങ്ങയ്ക്കു തുലോം തുച്ഛമാണത്! (4)

ഇന്ദ്ര, കൺ ചുവപ്പിച്ച് അലറുന്ന പിശാചിനെ അവിടുന്നു മർദ്ദിയ്ക്കണം–സർവരക്ഷസ്സുകളെയും സംഹരിയ്ക്കണം! (5)

ഇന്ദ്ര, അങ്ങു കുറ്റനെ കമിഴ്ത്തിപ്പിളർത്തുക. മേഘവാഹന, ഞങ്ങൾ പറയുന്നതു ചെവിക്കൊണ്ടാലും: വജ്രിൻ, സ്വർഗ്ഗം ഭൂമിപോലെതന്നെ പേടിച്ചു–ത്വഷ്ടാവിങ്കൽനിന്നെന്നപോലെ പേടിച്ചു–സങ്കടപ്പെടുന്നു. തുലോം ബലവാനാണല്ലോ, അവിടുന്ന്; അതിനാൽ, ഉഗ്രങ്ങളായ വധോപായങ്ങളോടേ ചെറുക്കും–പ്രാണികളാൽ ആക്രമിയ്ക്കപ്പെടാത്ത ശൂര, സൽപുമാന്മാരെ ഹനിയ്ക്കാത്ത ഭവാൻ മൂന്നോ ഏഴോ അനുചരരോടുകൂടി ചെറുക്കും! (6)

സോമം പിഴിയുന്നവന്നു വീടു കിട്ടുന്നു; സോമം പിഴിയുന്നവൻ ചുഴന്നുകൂടിയ ശത്രുക്കളെ–ദേവന്മാരുടെ ശത്രുക്കളെക്കൂടി–ഒടുക്കുന്നു. സോമം പിഴിയുന്നവൻ ബലവാനും അനാക്രാന്തനുമായിട്ട്, ആയിരം നേടാൻ ആശിയ്ക്കുന്നു: സോമം പിഴിയുന്നവന്ന് ഇന്ദ്രൻ വിശാലമായ സമ്പത്തു നല്കാറുണ്ടല്ലോ–പെരുകുന്ന സമ്പത്തു നല്കാറുണ്ടല്ലോ! (7)

### കുറിപ്പുകൾ: സൂക്തം 133.

1. നിഹതരായി–അങ്ങയാൽ ഹനിയ്ക്കപ്പെട്ട്. ഇന്ദ്രരഹഹിതങ്ങൾ–ഇന്ദ്രൻ വിട്ടുപോയവ. ദ്രോഹിയ്ക്കുന്ന-ഇന്ദ്രനില്ലായ്കയാൽ ദ്രോഹികൾ പാർക്കുന്ന. ദഹിപ്പിയ്ക്കാം–അങ്ങയാൽ ഹനിയ്ക്കപ്പെട്ട നിലം പൊത്തിയ ശത്രുക്കളെ (ശവങ്ങളെ) ഞാൻ ചുട്ടെരിയ്ക്കാം. ശ്മശാനത്തിൽ–ചത്തവരുടെ കിടപ്പുമൂലം ചുടുകാടായിത്തീർന്ന സ്ഥലത്ത്. ഈ ഋക്ക് ശത്രുപീഡാഹരമത്രേ.
2. വിശാലമായ–ദൂരത്തെയ്ക്കു നീട്ടാവുന്ന. ആനക്കാൽ–തന്റെ വാഹനമായ ഐരാവതമെന്ന ഗജത്തിന്റെ കാൽ.
4. പടയെ–രാക്ഷസസൈന്യത്തെ.
5. പിശാച്–ജര എന്ന പിശാച് എന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടത്രേ.
6. കുറ്റൻ–വലുപ്പമേറിയ വൃത്രൻ, അല്ലെങ്കിൽ കാർമേഘം. പേടിച്ച്–വൃഷ്ടിപ്രതിബന്ധജന്യമായ ദുർഭിക്ഷത്തെ പേടിച്ച്; ഭൂമി ദരിദ്രമായാൽ സ്വർഗ്ഗത്തിന്നും ഭക്ഷണം

(ഹവിസ്സ്) കിട്ടില്ലല്ലോ. ത്വഷ്ടാവിങ്കൽനിന്ന്–പണ്ടു കൂരിരുട്ടു നീക്കാൻ ദേവകളാൽ അപേക്ഷിയ്ക്കപ്പെട്ട അഗ്നി ത്വഷ്ടാവിന്റെ രൂപത്തിൽ പ്രത്യക്ഷീഭവിച്ചപ്പോൾ ദ്യാവാപൃഥിവികൾ പേടിച്ചുപോയല്ലോ; അതുപോലെ ഇപ്പോൾ ദുർഭിക്ഷഭയത്താൽ സങ്കടപ്പെടുന്നു. ചെറുക്കും–ശത്രുക്കളെ.

7. ഇന്ദ്രന്നു സോമമർപ്പിച്ചാലത്തെ ഫലങ്ങൾ. ആയിരം–വളരെ ദ്രവ്യം. പെരുകുന്ന–ഒരിയ്ക്കലും ക്ഷയിയ്ക്കാതെ വർദ്ധിച്ചുവരുന്ന.

## സൂക്തം 134.

പരുച്ഛേപൻ ഋഷി; അത്യഷ്ടിയും അഷ്ടമിയും ഛന്ദസ്സ്; വായു ദേവത.

വായോ, നിൽക്കാത്ത നടയും കരുത്തുമുള്ള കുതിരകൾ അങ്ങയെ ഇവിടെ ഹവിസ്സിന്നടുക്കൽ, മുമ്പേ കുടിപ്പാൻ–സോമം മുമ്പേ കുടിപ്പാൻ–കൊണ്ടുവരട്ടെ: അറിഞ്ഞതും ഉയർന്നതുമായ പ്രിയസത്യസ്തുതി അങ്ങയുടെ മനസ്സിൽ കുടികൊള്ളട്ടെ. വായോ, അങ്ങു ദാനത്തിനായി–യാഗത്തിന്റെ ദാനത്തിന്നായി-നിയുത്തുക്കളെ പൂട്ടിയ തേരിലൂടേ വന്നുചേർന്നാലും! (1)

വായോ, വെട്ടപ്പവരുത്തിയവയും ഒളിവീശുന്നവയും അമോഘങ്ങളും മന്ത്രപൂർവം ഹോമിയ്ക്കപ്പെടുന്നവയും മാദകങ്ങളുമായ ഞങ്ങളുടെ സോമങ്ങൾ തിരുമുമ്പിൽ വന്ന് അങ്ങയെ മത്തുപിടിപ്പിയ്ക്കട്ടെ: ഉത്സാഹവാനായ അങ്ങയെ കർമ്മത്തിൽ ദാനത്തിന്നും പരിചരണത്തിന്നും കൊണ്ടുവരുവാൻ, തൊഴിൽമിടുക്കും ഇമ്പവുമുള്ള നിയുത്തുകൾ കൂടെയുണ്ടല്ലോ! അതിനാൽ കർമ്മികൾ അടുത്തു വന്നുണർത്തിയ്ക്കുന്നു. (2)

വായു തേരിന്റെ മുമ്പിൽ ഇളംതുടുപ്പുള്ള രണ്ടു കുതിരകളെ പൂട്ടും; വായു ചെംകുതിരകളെ പൂട്ടും; വായു മറ്റുനിറത്തിലുള്ള വഹനസമർത്ഥങ്ങളെ വഹനത്തിന്നു-ഭാരവഹനത്തിന്നു–പൂട്ടും. അങ്ങു ധീമാനെ, ജാരൻ ഒട്ടുറങ്ങിപ്പോയ സുന്ദരിയെ എന്നപോലെ ഉണർത്തുക; വാന്നൂഴികളിൽ വെളിച്ചം പരത്തുക; അതിന്ന് ഉഷസ്സുകളെ നിർത്തുക–അമരേത്തിന്നായി ഉഷസ്സുകളെ നിർത്തുക! (3)

അങ്ങയ്ക്കായി, പരിശുദ്ധകളായ ഉഷസ്സുകൾ ദൂരത്തു രശ്മികൾ കൊണ്ടു–നവ്യങ്ങളായ രശ്മികൾകൊണ്ടു–വിചിത്രങ്ങളായ മംഗളവസ്ത്രങ്ങൾ നെയ്തുണ്ടാക്കുന്നു; അങ്ങയ്ക്കായി സർവദുഘകളായ പൈക്കൾ എല്ലാധനങ്ങളും ചുരത്തുന്നു. അങ്ങു വെള്ളത്തിന്നായി–നദികൾക്കായി–അന്തരിക്ഷത്തിൽനിന്നു മരുത്തുക്കളെ ഉൽപാദിപ്പിച്ചു! (4)

അങ്ങയ്ക്കായി, വിശുദ്ധങ്ങളായി വിളങ്ങുന്ന തീവ്രസോമങ്ങൾ മത്തുപിടിപ്പിയ്ക്കാൻ വെമ്പലോടേ യാഗത്തിൽ നടക്കുന്നു; മേഘത്തിൽ ജലമുൽപാദിപ്പിപ്പാൻ ഇച്ഛിയ്ക്കുന്നു. (ചെല്ലുന്നു.) ഭജനീയനായ അങ്ങയെ, ഭയം മുഴുത്ത വ്രതക്ഷീണൻ തസ്കരരെ തട്ടിനീക്കാനായി സ്തുതിയ്ക്കുന്നു: അങ്ങു ധർമ്മത്താൽ സർവലോകത്തിൽനിന്നും രക്ഷിയ്ക്കുമല്ലോ–ധർമ്മത്താൽ അസുരഭയത്തിൽനിന്നും രക്ഷിയ്ക്കുമല്ലോ! (5)

വായോ, അപൂർവ്യനായ ഭവാനാണ്, ഞങ്ങളുടെ ഈ സോമം ഒന്നാമതു പാനംചെയ്യേണ്ടത്–പിഴിഞ്ഞ നീർ പാനംചെയ്യേണ്ടത്. തിന്മ വെടിഞ്ഞു ഹോമമനുഷ്ഠിയ്ക്കുന്നവരുടെ എല്ലാപ്പൈക്കളും അങ്ങയ്ക്കായി, കാച്ചപാൽ ചുരത്തുന്നു–കാച്ചനൈ ചുരത്തുന്നു! (6)

### കുറിപ്പുകൾ: സൂക്തം 134.

1. അറിഞ്ഞതും–അങ്ങയുടെ ഗുണങ്ങളെ അറിഞ്ഞു പ്രതിപാദിച്ചതും. ഉയർന്നതും–മികച്ചതും. കുടികൊള്ളട്ടെ–ഹർഷമുളവാക്കട്ടെ എന്നു താൽപര്യം. ദാനത്തിന്നായി–ഞങ്ങൾക്കഭീഷ്ടം തരാൻ. യാഗത്തിന്റെ ദാനത്തിന്നായി–ഞങ്ങളുടെ ഹവിസ്സു സ്വീകരിപ്പാൻ. നിയുത്തുക്കൾ–വായുവിന്റെ അശ്വങ്ങൾ.

2. തിരുമുമ്പിൽ വന്ന്–അങ്ങയാൽ ആസ്വദിയ്ക്കപ്പെട്ടിട്ട് എന്നു സാരം. കർമ്മത്തിൽ ദാനത്തിന്നും–ഞങ്ങളുടെ ദാനം (ഹവിസ്സ്) സ്വീകരിപ്പാനും. പരിചരിപ്പാനും–ഞങ്ങളാൽ

പരിചരിയ്ക്കപ്പെടാനും. ഉണർത്തിയ്ക്കുന്നു—അങ്ങ് ഇവിടെ സന്നിഹിതനാകണമെന്ന് അറിയിയ്ക്കുന്നു.

3. വഹനസമർത്ഥങ്ങളെ—വഹിപ്പാൻ കഴിവുള്ള അശ്വങ്ങളെ. അങ്ങ് എന്നാദിയായ വാക്യം അപരോക്ഷമാണ്: അങ്ങ്—വായു. ധീമാൻ—യജമാനൻ ഇദ്ദേഹം കർമ്മങ്ങൾകൊണ്ടു ക്ഷീണിച്ച് സ്വല്പം ഉറങ്ങിപ്പോയിരിയ്ക്കുന്നു. അമരേത്തിന്ന്—അങ്ങയുടെ ഹവിർഭോജനത്തിന്ന്.

4. രശ്മികൾതന്നെ, വസ്ത്രങ്ങൾ. നദികൾക്കായി—നദികളെ പ്രവഹിപ്പിയ്ക്കാൻ; മഴ പെയ്യിയ്ക്കാൻ.

5. നടക്കുന്നു—ആഹവനീയാഗ്നിയുടെ അടുക്കലെയ്ക്കു (ഹോമിയ്ക്കപ്പെടാൻ) പോകുന്നു. മേഘത്തിൽ—ആഹുതിയാലാണല്ലോ, മഴയുണ്ടാകുന്നത്. വ്രതക്ഷീണൻ—വ്രതങ്ങൾമൂലം ക്ഷീണിച്ച യജമാനൻ. തസ്കരർ—യജ്ഞം മുടക്കുന്നവർ. സർവലോകം—സർവജന്തുക്കൾ.

6. അപൂർവ്യൻ—മുമ്പനില്ലാത്തവൻ. കാച്ചുപാൽ—കാച്ചിയ പാൽ. കാച്ചുനൈ—ഉരുക്കിയ നെയ്യ്.

## സൂക്തം 135.

പരുച്ഛേപൻ ഋഷി; അത്യഷ്ടിയും അഷ്ടമിയും ഛന്ദസ്സ്; വായുവും ഇന്ദ്രനും ദേവത.

വായോ, അങ്ങ് ആയിരം നിയുത്തുക്കളെ പൂട്ടി–നൂറു നിയുത്തുക്കളെ പൂട്ടി–അമറേത്തിന്നു ദർഭവിരിപ്പിൽ എഴുന്നള്ളിയിരുന്നാലും: മുമ്പേ പാനംചെയ്യാൻ ദേവനായ അങ്ങയെയാണല്ലോ, ദേവന്മാർ നിയമിച്ചിരിയ്ക്കുന്നത്. അങ്ങയെ മത്തുപിടിപ്പിയ്ക്കാനിരിയ്ക്കയാണ്–കർമ്മത്തിന്നിരിയ്ക്കയാണ്–മധുരങ്ങളായ നീരുകൾ! (1)

ഇതാ, അങ്ങയ്ക്കായി അമ്മിമേൽ ചതച്ചു പിഴിഞ്ഞ സോമം കാമ്യമായ വസ്ത്രമുടുത്തു കോശം പൂകുന്നു–തേജോവസ്ത്രമുടുത്തു പൂകുന്നു; ഇതാ, മനുഷ്യരുടെ സോമം ദേവന്മാരുടെ ഇടയിൽവെച്ചു അങ്ങയ്ക്കായി ഹോമിയ്ക്കപ്പെടുന്നു. വായോ, അവിടുന്നു നിയുത്തുക്കളെ പൂട്ടി, ഞങ്ങളെ അനുഗ്രഹിച്ചു തിരിയേ പോയ്ക്കൊൾക–പ്രീതനായി ഞങ്ങളെ അനുഗ്രഹിച്ചു, തിരിയേ പോയ്ക്കൊൾക! (2)

വായോ, അങ്ങ് നൂറോ ആയിരമോ നിയുത്തുക്കളുമായി ഞങ്ങളുടെ യാഗത്തിൽ അമറേത്തിന്നു–ഹവിസ്സമറേത്തിന്നു–വന്നാലും! അങ്ങയുടെ ഈ ഭാഗത്തിന്നു സമയമായി: സൂര്യനുദിച്ചാൽ, രണ്ടും ഒന്നുപോലെ ശോഭിയ്ക്കുമല്ലോ. വായോ, സോമങ്ങൾ അധ്വര്യുക്കളാൽ എടുത്തുവെയ്ക്കപ്പെട്ടുകഴിഞ്ഞു–ഒളി വീശുമാറു വെയ്ക്കപ്പെട്ടുകഴിഞ്ഞു. (3)

വായോ, നിയുദ്യുക്തമായ രഥം നിങ്ങളിരുവരെയും രക്ഷണത്തിന്നും സുഗൃഹീതാന്നഭക്ഷണത്തിന്നുമായി–ഹവിർഭക്ഷണത്തിന്നുമായി–ഇവിടെ കൊണ്ടുവരട്ടെ! മധുരമായ സോമം നുകരുവിൻ: നിങ്ങളാണല്ലോ, മുമ്പേ നുകരേണ്ടവർ. വായോ, അങ്ങും ഇന്ദ്രനും ആഹ്ലാദകമായ ധനത്തോടുകൂടി വന്നുചേരുവിൻ–ധനത്തോടുകൂടി വന്നുചേരുവിൻ! (4)

ഇന്ദ്രവായുക്കളേ, നിങ്ങൾക്കായി യജ്ഞത്തിന്നുള്ള കർമ്മങ്ങൾ പെരികെ നടത്തുന്നു: ഇതാ, വാജിയായ സോമത്തെ, കുതിച്ചോടുന്ന തീറ്റയോടുകൂടിയ കുതിരയെ എന്നപോലെ മാർജ്ജനംചെയ്യുന്നു. അവരുടെ അമ്മിമേൽ ചതച്ചു പിഴിഞ്ഞ സോമം നിങ്ങൾ മദത്തിന്നായി നുകരുവിൻ; ഞങ്ങളിൽ കനിഞ്ഞു, രക്ഷയുമായി, ഇവിടെ ഞങ്ങളുടെ അടുക്കൽ എഴുന്നള്ളുവിൻ! അന്നദാതാക്കളാണല്ലോ, നിങ്ങൾ. (5)

വായോ, ഇതാ, നിങ്ങളുടെ സോമങ്ങൾ കർമ്മങ്ങളിൽ ഇവിടെ പിഴിഞ്ഞവ അധ്വര്യുക്കളാൽ എടുത്തുവെയ്ക്കപ്പെട്ടുകഴിഞ്ഞു–ഒളിവീശുമാറു വെയ്ക്കപ്പെട്ടുകഴിഞ്ഞു. മൂടിയ ആട്ടിൻരോമംകൊണ്ടുള്ള അരിപ്പയിൽ ഒഴുക്കപ്പെട്ട ഈ വിസ്തൃത്വരങ്ങളായ അക്ഷയങ്ങളായ–തികച്ചും അക്ഷയങ്ങളായ–സോമങ്ങൾ നിങ്ങളെ കാമിച്ചു പുറത്തെയ്ക്കു വരുന്നു! (6)

വായോ, അങ്ങ് ഉറങ്ങുന്ന ബഹുജനങ്ങളെ വിട്ടുപോരിക: അങ്ങും ഇന്ദ്രനും അമ്മിയുടെ ഒച്ചയുള്ളേടത്തെയ്ക്കു വരുവിൻ–സൂനൃതകേൾക്കപ്പെടുന്നതും നെയ്യു കൊണ്ടുപോകപ്പെടുന്നതുമായ ഗൃഹത്തിലെയ്ക്കു വരുവിൻ; തടിച്ചകൊഴുത്ത നിർയുത്തുക്കളിലൂടേ അങ്ങും ഇന്ദ്രനും യാഗത്തിൽ വന്നുചേരുവിൻ–യാഗത്തിൽ വന്നുചേരുവിൻ! (7)

വായോ, ഈ യജ്ഞത്തിൽ മധുരാഹുതി നിങ്ങൾ വഹിയ്ക്കണം. ദൂരദുർഗ്ഗമപ്രദേശത്തു നിന്നിരുന്ന ഈ സോമത്തിന്റെ അടുക്കൽ ചെന്നു പാർത്ത ജേതാക്കൾ ഏവരോ; അവർതന്നെയാകട്ടേ, ഞങ്ങൾക്കു ജേതാക്കൾ. പൈക്കൾ ഒപ്പം ചുരത്തു-

ന്നു; യവം പചിയ്ക്കപ്പെടുന്നു. അങ്ങയുടെ പൈക്കം ചടയ്ക്കില്ല—അങ്ങയുടെ പൈക്കൾ മോഷ്ടിയ്ക്കപ്പെടുകില്ല! (8)

ശോഭനനായ വായോ, ബലിഷ്ഠങ്ങളും യുവാക്കളും തുലോം വളരുന്നവയും കാളയ്ക്കൊത്തവയുമായ അങ്ങയുടെ ഈ അശ്വങ്ങൾ അങ്ങയെ വാന്നുഴികൾക്കിടയിൽ കൊണ്ടുനടക്കുന്നു: അവ അന്തരിക്ഷത്തിലും നില്ക്കാതെ കുതിച്ചോടും; പറഞ്ഞുനിർത്തുക വയ്യാ, പിടിച്ചുനിർത്തുക വയ്യാ. സൂര്യരശ്മികൾപോലെ ദുർന്നിവാരങ്ങളാണവ! (9)

## കുറിപ്പുകൾ: സൂക്തം 135.

1. പൂട്ടി—പൂട്ടിയ തേരിൽ വന്ന്. കർമ്മത്തിന്ന്—കർമ്മസിദ്ധിയ്ക്ക്.
2. കോശം—പാത്രം. തിരിയേ—സ്വർഗ്ഗത്തിലേയ്ക്ക്.
3. രണ്ടും—സോമവും രശ്മിയും. അധ്വര്യുക്കൾ—പത്തു ചമസാധ്വര്യുക്കൾ.
4. നിങ്ങളിരുവർ—അങ്ങും ഇന്ദ്രനും. ധനം—ഞങ്ങൾക്കു തരാൻ.
5. വാജി=വേഗമുള്ളത്; കടത്തിൽനിന്നു വേഗത്തിൽ ഒഴുകുന്നത്, ഒഴുക്കപ്പെടുന്നത്. മാർജ്ജനംചെയ്യുക=ശുദ്ധിപ്പെടുത്തുക; അശ്വപക്ഷത്തിൽ, തുടയ്ക്കുക. കർത്തൃപദമായി, അധ്വര്യുക്കൾ എന്നധ്യാഹരിയ്ക്കണം. അവർ—അധ്വര്യുക്കൾ.
6. നിങ്ങളുടെ—അങ്ങയുടെയും ഇന്ദ്രന്റെയും ഭാഗമായ. മൂടിയ—പാത്രത്തിന്റെ വായ മൂടുമാറു മീതേ പിടിയ്ക്കപ്പെട്ട. അരിയ്ക്കപ്പെടുന്ന നീർ പാത്രം നിറഞ്ഞു പുറത്തെയ്ക്കു വഴിയുന്നതു, വായ്വിന്ദ്രരെ കൊതിച്ചാണെന്നുൽപ്രേക്ഷ.
7. ഉറങ്ങുന്ന—അലസരായ. ബഹുജനങ്ങളെ—അനേകയജമാനന്മാരെ. അമ്മിയുടെ ഒച്ച—സോമലത ചതയ്ക്കുമ്പോഴത്തെ ശബ്ദം. സൂനൃത-പ്രിയസത്യസ്തുതി. കൊണ്ടുപോക—ആഹവനീയാഗ്നിയുടെ അടുക്കലെയ്ക്ക്.
8. ജേതാക്കൾ—കഷ്ടപ്പെട്ടു മലംചെരിവിലും മറ്റും ചെന്നു പാർത്തു സോമം കൊണ്ടുവന്ന വിജയികൾ. ചുരത്തുന്നു—നിങ്ങൾക്കു പാൽ തരാൻ. അങ്ങയുടെ—അങ്ങയെയും ഇന്ദ്രനെയും പ്രീതിപ്പെടുത്തുന്ന.
9. കാളയ്ക്കൊത്തവ—കാളയുടെ കരുത്തുള്ള.

## സൂക്തം 136.

പരുച്ഛേപൻ ഋഷി; അത്യഷ്ടിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; മിത്രാവരുണന്മാർ ദേവത.

സ്വാദേറിയതു ഭുജിയ്ക്കുകയും സുഖിപ്പിയ്ക്കുകയും ചെയ്യുന്ന ചിരന്തനരിരുവർക്കും നിങ്ങൾ മികച്ച ഹവിസ്സു ധാരാളം സംഭരിയ്ക്കുവിൻ; ഹവ്യാർപ്പണത്തിൽ മനസ്സും വെയ്ക്കുവിൻ: അവർ സമ്രാട്ടുകളാണ്, നെയ്യു കൈക്കൊള്ളുന്നവരാണ്, യാഗത്തിൽ യാഗത്തിൽ സ്തുതിയ്ക്കപ്പെടുന്നവരുമാണ്; അവരുടെ ബലം ആരാലും ധർഷിയ്ക്കപ്പെടില്ല– ദേവത്വവും ധർഷിയ്ക്കപ്പെടില്ല! (1)

സഞ്ചാരിണിയായ പരമോത്തമ(ഉഷസ്സ്) വൻകർമ്മത്തിന്നായി പ്രാദുർഭവിച്ചു: സൂര്യന്റെ മാർഗ്ഗം രശ്മികളോടു ചേർന്നു; കണ്ണുകൾ ഭഗന്റെ രശ്മികളോടു ചേർന്നു; ഉജ്ജ്വലമായ മിത്രന്റെയും അര്യമാവിന്റെയും വരുണന്റെയും ഗൃഹം രശ്മികളോടു ചേർന്നു. അതിനാൽ, സ്തുതിയ്ക്കപ്പെടേണ്ടുന്ന വളരെ അന്നം–അടുക്കൽച്ചെന്നു സ്തുതിയ്ക്കപ്പെടേണ്ടുന്ന വളരെ അന്നം–ഇരുവരും വഹിയ്ക്കുന്നു. (2)

തേജസ്വിനിയും ലക്ഷണവതിയുമായ ഭൂമി നിർമ്മിയ്ക്കപ്പെട്ടു. സ്വർഗ്ഗപ്രദമായ അതിങ്കൽ, പ്രതിദിനം ഉണർന്നിരിയ്ക്കുന്ന അവരിരുവരും പ്രതിദിധം സംബന്ധിയ്ക്കുന്നു; ദീപ്തമായ ബലം നേടുന്നു. അദിതിപുത്രരും ദാനപാലകരുമായ മിത്രാവരുണന്മാരുടെ ഇടയിൽ, അര്യമാവ് ആളുകളെ തൊഴിലിന്നയച്ചുകൊണ്ടും, അയജ്ഞരെ പോക്കിക്കൊണ്ടും വർത്തിയ്ക്കുന്നു. (3)

മുഖം കുനിച്ചു നുകരേണ്ടതും ദേവന്മാരാൽ സേവ്യവും ഭാസുരവുമായ ഈ സോമം മിത്രാവരുണന്മാരെ തികച്ചും സുഖിപ്പിയ്ക്കട്ടെ! അതിനെ ദേവന്മാരെല്ലാം ഇന്നു തുല്യപ്രീതിയോടേ നുകരുന്നു; രാജാക്കളേ അതു നിങ്ങളും ചെയ്യുക. ഞങ്ങൾ യാചിയ്ക്കുന്നു–സത്യവാന്മാരായ നിങ്ങളോടു യാചിയ്ക്കുന്നു. (4)

മിത്രാവരുണന്മാരെ പരിചരിച്ചതെവനോ, ആ അവിദ്വേഷിയെ അവർ പാപത്തിൽനിന്നു–ഹവിസ്സർപ്പിച്ച മനുഷ്യനെ പാപത്തിൽനിന്നു–രക്ഷിയ്ക്കും. യാവനൊരുത്തൻ ഇവരിരുവരുടെ കർമ്മത്തെ സ്തുതിച്ചാദരിയ്ക്കുമോ–നീളെ സ്തോത്രമണിയിയ്ക്കുമോ–ആ ഋജ്ജുചര്യനെ കർമ്മം നോക്കി അര്യമാവും പരിപാലിയ്ക്കും. (5)

മഹാനായ സൂര്യന്നും, വാനുഴികൾക്കും, മിത്രന്നും, വരുണന്നും, അഭീഷ്ടം ത്തുകുന്ന സുഖയിതാവിന്നും–അഭീഷ്ടം ത്തുകുന്ന രുദ്രന്നും–ഞാൻ നമസ്സു ചൊല്ലുന്നു; ഭവാൻ ഇന്ദ്രൻ, അഗ്നി, തേജസ്വിയായ അര്യമാവ്, ഭഗൻ എന്നിവരെ സ്മരിച്ചു സ്തുതിയ്ക്കുക. നാം നെടുനാൾ ജീവിച്ചു സന്താനങ്ങളോടു ചേരട്ടെ–സോമന്റെ രക്ഷയോടും ചേരട്ടെ! (6)

ഇന്ദ്രസമേതരായി മരുത്തുക്കളാൽ യശസ്വികളാക്കപ്പെട്ട നാം ദേവന്മാരെ തർപ്പണംകൊണ്ടു പൂജിയ്ക്കുക; അഗ്നിയും മിത്രനും വരുണനും തന്നരുളിയ സുഖം നാം അന്നവാന്മാരായിത്തീർന്ന് അനുഭവിയ്ക്കുകയും ചെയ്യുക! (7)

### കുറിപ്പുകൾ: സൂക്തം 136.

1. ഋത്വിക്കുകളോടു പറയുന്നു: ചിരന്തനരിരുവർ–മിത്രാവരുണന്മാർ. സമ്രാട്ടുകൾ–നന്നായി രാജി(ശോഭി)യ്ക്കുന്നവർ.
2. പ്രാദുർഭവിച്ചു–കാണുമാറായി. കണ്ണുകൾ–പ്രാണികളുടെ കണ്ണുകൾ ഭഗനെന്ന ദേവന്റെ രശ്മികളോടു ചേർന്നു; എല്ലാവർക്കും ദർശനശക്തി വീണ്ടുകിട്ടി. ഇരുവരും–മിത്രാവരുണന്മാർ.

3. തേജസ്വിനി—ആഹവനീയാഗ്നിയുടെ തേജസ്സു ചേർന്നത്. ഭൂമി—ഉത്തരവേദി. ഉണർന്നിരിയ്ക്കുന്ന—യജ്ഞങ്ങളിൽ പോകാൻ അമാന്തിയ്ക്കാത്ത. അയജ്ഞർ—യജ്ഞാനുഷ്ഠാനരഹിതർ.

4. രാജാക്കൾ=ശോഭിയ്ക്കുന്നവർ.

5. അവിദ്വേഷി—സൌമ്യശീലനായ യജമാനൻ. സ്തോത്രമണിയിയ്ക്കുക—സ്തുതിയ്ക്കുക. ഋജ്ജു-ചര്യൻ—നിഷ്കപടകർമ്മാവ്.

6. സുഖയിതാവ്—രോഗം ശമിപ്പിച്ചു സുഖിപ്പിയ്ക്കുന്നവൻ. രണ്ടാമത്തെ വാക്യം ഋത്വിക്കിനോ-ടുള്ളതാണ്. സോമന്റെ രക്ഷയോടും ചേരട്ടെ—സോമനാലും രക്ഷിയ്ക്കപ്പെടട്ടെ.

7. ഇന്ദ്രസമേതർ=ഇന്ദ്രനോടു(ഇന്ദ്രപ്രസാദത്തോടു)കൂടിയവർ. യശസ്വികളാക്കപ്പെട്ട—അനുഗ്രഹിയ്ക്കപ്പെട്ട എന്നു താൽപര്യം. തർപ്പണം—ഹവിസ്സും മറ്റും.

ഒന്നാമധ്യായം സമാപ്തം.

# ഋഗ്വേദം: രണ്ടാം അഷ്ടകം

## രണ്ടാം അദ്ധ്യായം

മണ്ഡലം 1 അനുവാകം 20

## സൂക്തം 137.

പരുച്ഛേപൻ ഋഷി; അതിശാക്വരം ഛന്ദസ്സ്; മിത്രാവരുണന്മാർ ദേവത.

മിത്രാവരുണരേ, വരുവിൻ: ഞങ്ങൾ അമ്മിമേൽ ചതച്ച പിഴിഞ്ഞുകഴിഞ്ഞു; ഇതാ, പാൽ ചേർത്ത തൃപ്തികരമായ സോമം—ഇതാ, മത്തുപിടിപ്പിയ്ക്കുന്ന സോമം. സ്വർഗ്ഗസ്ഥരേ, ഞങ്ങളെ രക്ഷിയ്ക്കുന്ന രാജാക്കളേ, ഞങ്ങളുടെ അടുക്കൽ എഴുന്നള്ളുവിൻ: ഇതാ, നിങ്ങൾക്കു, പാൽചേർത്ത—മന്ത്രം ജപിച്ച—വിളങ്ങുന്ന സോമങ്ങൾ! (1)

ഇതാ, തയിർ ചേർത്ത—പിഴിഞ്ഞു തയിർ ചേർത്ത—മാദകമായ സോമം; നിങ്ങൾ വരുവിൻ. ഉഷസ്സിന്റെ ഉണർവിൽ, സൂര്യന്റെ വെളിച്ചത്തിൽ, മിത്രനും വരുണനുമാകുന്ന നിങ്ങൾക്കു കുടിപ്പാൻ—യജ്ഞസിദ്ധിക്കായി കുടിപ്പാൻ—പേയം പിഴിഞ്ഞുകഴിഞ്ഞു! (2)

നിങ്ങളുടെ ലതയെ അമ്മികൊണ്ട്, ആ പാലേറിയ പയ്യിനെ എന്നപോലെ കറക്കുന്നു—സോമത്തെ വെള്ളം തളിച്ച കറക്കുന്നു. ഞങ്ങളെ രക്ഷിയ്ക്കുന്ന മിത്രാവരുണന്മാരേ, സോമം കുടിപ്പാൻ നേരേ ഞങ്ങളുടെ അടുക്കൽ വന്നുചേരുവിൻ: ഇതാ, നിങ്ങൾക്കു നേതാക്കന്മാർ സോമം പിഴിഞ്ഞിരിയ്ക്കുന്നു—മതിയാവോളം കുടിപ്പാൻ പിഴിഞ്ഞിരിയ്ക്കുന്നു! (3)

### കുറിപ്പുകൾ: സൂക്തം 137.

2. യജ്ഞസിദ്ധിയ്ക്കായി—ഞങ്ങളുടെ യജ്ഞം നിറവേറാൻ.
3. കറക്കുന്നു—അധ്വര്യുക്കൾ ചതച്ച നീരെടുക്കുന്നു. നേതാക്കന്മാർ—ഋത്വിക്കുകൾ.

## സൂക്തം 138.

പരുച്ഛേപൻ ഋഷി; അത്യഷ്ടി ഛന്ദസ്സ്; പൂഷാവ് ദേവത.

വളരെപ്പേർക്കുവേണ്ടി അവതരിച്ച ഈ പൂഷാവിന്റെ ബലപ്പെരുമ പുകഴ്ത്തപ്പെട്ടുവരുന്നു; ആരും കുറയ്ക്കാറില്ല—ഇദ്ദേഹത്തെ സ്തുതിയ്ക്കൽ കുറയ്ക്കാറില്ല. ഞാനും ഉടനടി രക്ഷിയ്ക്കുന്ന ആ ക്ഷേമംകരനെ സുഖാർത്ഥം പൂജിയ്ക്കുന്നു: എല്ലാവരുടെയും മനസ്സിനെ നിറയ്ക്കുന്നവനാണല്ലോ—യജ്ഞം നിർവഹിച്ചു നിറയ്ക്കുന്നവനാണല്ലോ—ഈ യജ്ഞവാനായ ദേവൻ! (1)

പൂഷാവേ, ഞാൻ അങ്ങയെ യാത്രയ്ക്ക്, ഒരശ്വത്തെ എന്നപോലെ സ്തുതിച്ചുവളർത്തുന്നു: അങ്ങു യുദ്ധത്തിന്നു പോകും; യോദ്ധാക്കളെ, ഒരൊട്ടകംപോലെ യുദ്ധത്തിന്റെ മറുകരയിലെത്തിയ്ക്കുകയും ചെയ്യുമല്ലോ. അങ്ങനെ, സുഖം നല്കുന്ന ദേവനായ ഭവാനെ മർത്ത്യനായ ഞാൻ സഖ്യത്തിന്നായി വിളിയ്ക്കുന്നു: അങ്ങു ഞങ്ങളുടെ സ്തോത്രാഘോഷങ്ങൾക്കു ശോഭ വരുത്തുക—യുദ്ധങ്ങളിൽ അന്നസമൃദ്ധി വരുത്തുക! (2)

പൂഷാവേ, അങ്ങയുടെ സഖ്യത്തിൽ കർമ്മംകൊണ്ടുതന്നേ കനിയിച്ച സ്തോതാക്കൾ രക്ഷിതരായി ഭോഗം ഭുജിയ്ക്കുന്നു—ഇങ്ങനെ എന്നും കർമ്മംകൊണ്ടു ഭുജിയ്ക്കുന്നു; ആ സ്തുത്യയായ രക്ഷയെ അനുസരിച്ചു ഞങ്ങൾ അങ്ങയോടു ലക്ഷം ധനം യാചിയ്ക്കുന്നു. ബഹുധാ സ്തുതിയ്ക്കപ്പെടേണ്ടുന്നവനേ, അങ്ങ് അരിശംകൊള്ളാതെ മുന്നിൽ നില്ക്കുക—യുദ്ധത്തിൽ മുന്നിൽ നില്ക്കുക! (3)

അജാശ്വ, ഞങ്ങളുടെ ഈ ലാഭത്തിന്നു ഭവാൻ അരിശംകൊള്ളാതെ തരാനൊരുങ്ങി—അജാശ്വ, അന്നേച്ഛുക്കളായ—ഞങ്ങളുടെ അടുക്കൽ വന്നാലും: രിപുകർശന, അങ്ങയെ ഞങ്ങൾ നല്ല നല്ല സ്തോത്രംകൊണ്ടു പിടിച്ചുനിർത്തും; ഹവിസ്സു കൈക്കൊള്ളുന്ന പൂഷാവേ, അങ്ങയെ ഞാൻ അനാദരിയ്ക്കില്ല—അങ്ങയുടെ സഖ്യം മറച്ചുവെയ്ക്കില്ല! (4)

### കുറിപ്പുകൾ: സൂക്തം 138.

1. മനസ്സിനെ നിറയ്ക്കുക—പൂർണ്ണകാമമാക്കുക.
2. യാത്രയ്ക്ക്—ഇങ്ങോട്ടു പുറപ്പെടാൻ. യുദ്ധങ്ങളിൽ—ഞങ്ങളുടെ വൈരികളെ ജയിച്ച്, അവരുടെ അന്നം ഞങ്ങൾക്കു കിട്ടിയ്ക്കുക.
3. രക്ഷിതരായി—ഭവാനാൽ രക്ഷിയ്ക്കപ്പെട്ട്. അരിശംകൊള്ളാതെ—ഞങ്ങളിൽ പ്രസാദിച്ച്.
4. അജാശ്വൻ—പൂഷാവ്: ആടുകളാകുന്ന അശ്വങ്ങളോടുഴുകൂടിയവൻ. രിപുകർശനൻ—ശത്രുക്കളെ നശിപ്പിയ്ക്കുന്നവൻ.

## സൂക്തം 139.

പരുച്ഛേപൻ ഋഷി; അത്യഷ്ടിയും ബൃഹതിയും ത്രിഷ്ടപ്പും ഛന്ദസ്സ്; വിശ്വദേവകൾ ദേവത.

ഞാൻ മുൻവശത്ത് അഗ്നിയെ കർമ്മംകൊണ്ടു സ്ഥാപിയ്ക്കുന്നു; നാം ആ ദിവ്യബലത്തെ വരിയ്ക്കുക—ഇന്ദ്രവായുക്കളെ വരിയ്ക്കുക. ശോഭ പൂണ്ട നാഭിയിൽ നാം ചൊല്ലുന്ന നവീനസ്തോത്രം അവർ ശ്രവിയ്ക്കട്ടെ; ഉടനേ, നമ്മുടെ കർമ്മങ്ങൾ അവരെ സമീപിയ്ക്കട്ടെ—കർമ്മങ്ങൾ ദേവന്മാരിൽ നേരെ ചെല്ലാനെന്നപോലെ സമീപിയ്ക്കട്ടെ! (1)

മിത്രാവരുണന്മാരേ, നിങ്ങൾ ആ വറ്റിപ്പോകുന്ന വെള്ളം സ്വതേജസ്സുകൊണ്ട് —സമർത്ഥമായ സ്വതേജസ്സുകൊണ്ട്—ആദിത്യനെക്കാളധികം വർഷിയ്ക്കുന്നുണ്ടല്ലോ. ഇങ്ങനെയുള്ള നിങ്ങളുടെ പൊൽത്തിരുവുടൽ ഞങ്ങൾ യാഗശാലകളിൽ കർമ്മങ്ങൾകൊണ്ടും മനസ്സുകൊണ്ടും സ്വന്തം ഇന്ദ്രിയങ്ങൾകൊണ്ടും—സ്വന്തം ഇന്ദ്രിയങ്ങൾകൊണ്ടു സോമനെയും—കാണുമാറാകണം! (2)

അശ്വികളേ, സ്തോത്രങ്ങൾകൊണ്ടു ദേവന്മാരായ നിങ്ങളെ സേവിപ്പാനായി, മനുഷ്യരായ ഞങ്ങൾ ഹവിസ്സുകൊണ്ടു നിങ്ങളെ പ്രാപിച്ചു, പരക്കെ കേൾക്കുമാറു സ്തോത്രം ചൊല്ലുന്നു. വിശ്വവേദസ്സുകളേ, നിങ്ങളുടെ പക്കൽ വളരെയുണ്ടല്ലോ, സർവസമ്പത്തും അന്നവും: ദസ്രരേ, നിങ്ങളുടെ മധു നിറഞ്ഞ മനോരമമായ തേരിന്റെ ഉരുൾച്ചുറ്റുകളിൽനിന്നു തേൻ ഇറ്റിറ്റു വീഴുന്നു! (3)

ദസ്രരേ, അറിയാം: നിങ്ങൾ വിണ്ണിലെയ്ക്കു തിരിയ്ക്കും. സ്വർഗ്ഗത്തിലെയ്ക്കു പോകാൻ, ആകാശഗമനങ്ങളിൽ അപായം വരുത്താത്ത സാരഥികൾ പള്ളിത്തേർ പൂട്ടുമല്ലോ; ദസ്രരേ, സാധാരണവഴിയിലൂടെ എന്നപോലെ നാകത്തിലെയ്ക്കെഴുന്നള്ളുന്നവരേ, അരിന്ദമരേ, മികച്ച വർഷജലത്തെ കീഴടക്കിയവരേ, മൂന്നു നുകത്തണ്ടുള്ള ആ പൊന്നിൻതേരിന്റെ മുകളിൽ ഇരുന്നുകൊള്ളാം, ഞങ്ങൾ! (4)

കർമ്മധനന്മാരേ, നിങ്ങൾ ഞങ്ങളുടെ കർമ്മങ്ങൾക്കു രാവും പകലും ഫലം കല്പിച്ചുതരണം: നിങ്ങളുടെ ദാനം ഒരിയ്ക്കലും ഇടിയരുത്; ഞങ്ങളുടെ ദാനവും ഒരിയ്ക്കലും ഇടിയരുത്! (5)

ഇന്ദ്ര, വൃഷാവേ, ഇതാ, വൃഷാവിന്നു കുടിപ്പാൻ പിഴിഞ്ഞ സോമം: അമ്മിമേൽ ചതച്ചു പിഴിഞ്ഞത്, ഉന്മേഷകരം; അങ്ങയ്ക്കായി പിഴിഞ്ഞത്, ബലകരം. ഇതു യാഗത്തിൽ വമ്പിച്ച വിവിധധനത്തിന്നായി അങ്ങയെ ഇമ്പപ്പെടുത്തട്ടെ. സ്തുതികളെ കൈക്കൊള്ളുന്ന ഭവാൻ സ്തുയമാനനായി വന്നുചേർന്നാലും—ഞങ്ങളെ നന്നായി സുഖിപ്പിയ്ക്കാൻ വന്നുചേർന്നാലും! (6)

അഗ്നേ, സ്തുതിയ്ക്കപ്പെട്ട ഭവാൻ ശരിയ്ക്കു കേട്ടാലും; തേജസ്വികളായ യജമാനന്മാരുടെ കർമ്മം യജ്ഞാർഹരായ ദേവന്മാരോടു പറഞ്ഞാലും. ദേവന്മാർ അംഗിരസ്സുകൾക്ക് ആ ഒരു പയ്യിനെ കൊടുത്തുവല്ലോ; അവളെ അര്യമാവാണ്, അവരോടൊന്നിച്ചു, വിധാതാവിന്നായി കറന്നത്. ഇത് അദ്ദേഹത്തിന്നും എനിയ്ക്കും അറിയാം. (7)

മരുത്തുക്കളേ, നിങ്ങളുടെ ആ സനാതനങ്ങളായ ബലങ്ങൾ ഞങ്ങളെ ആക്രമിയ്ക്കരുത്. ഞങ്ങളുടെ ധനങ്ങൾ ക്ഷയിയ്ക്കരുത്; നഗരങ്ങളും ക്ഷയിയ്ക്കരുത്. വിവിധവും നവ്യവും അനശ്വരവും ഒച്ചപ്പെട്ടതുമായി നിങ്ങൾക്കെന്തെന്തുണ്ടോ, അതൊക്കെ യുഗത്തിൽ ഞങ്ങൾക്കു കിട്ടട്ടെ; ദുസ്തരമായി എന്തുണ്ടോ, അതും—ദുസ്തരമായിട്ടുള്ളതും—ഞങ്ങളിൽ നിക്ഷേപിപ്പിൻ! (8)

ദധീചൻ, പണ്ടേത്തെ അംഗിരസ്സ്, പ്രിയമേധസ്സായ കണ്വൻ, അത്രി, മനു എന്നിവർക്കറിയാം, എന്റെ ജനനം—ജ്ഞാനികളായ ആ പൂർവന്മാർക്കറിയാം, എന്റെ ജനനം: അവർക്കു ദേവന്മാരിൽ നീണ്ട ചാർച്ചയുണ്ട്. അവരിലത്രേ, എന്റെ പ്രാണൻ; അവരെ ആസ്പദമാക്കിയുള്ള മഹത്ത്വംമൂലം ഞാൻ ഇന്ദ്രാഗ്നികളെ സ്തുതിച്ചു വണങ്ങുന്നു—നേരെ സ്തുതിച്ചു വണങ്ങുന്നു! (9)

ഹോതാവു യാജ്യ ചൊല്ലട്ടെ; വേണ്ടുന്നവർ വരണീയം കൈക്കൊള്ളട്ടെ; കാമയമാനനായ ബൃഹസ്പതി സോമനീർകൊണ്ടു—ബഹുവരണീയമായ നീർകൊണ്ടു—യജിയ്ക്കുയാണ്; അമ്മി ഉറക്കെ സംസാരിയ്ക്കുന്നതു ഞങ്ങൾ കേൾക്കുന്നുണ്ട്! ഈ ശോഭനകർമ്മാവു സ്വയം വർഷജലം നിർമ്മിയ്ക്കുന്നു—ഈ ശോഭനകർമ്മാവു വളരെ ഗൃഹങ്ങൾ നിർമ്മിയ്ക്കുന്നു! (10)

ദേവകളേ, നിങ്ങൾ പതിനൊന്നുപേർ സ്വർഗ്ഗത്തിൽ വസിയ്ക്കുന്നു; പതിനൊന്നുപേർ ഭൂമിയിൽ വസിയ്ക്കുന്നു; മഹത്ത്വത്താൽ പതിനൊന്നുപേർ അന്തരിക്ഷത്തിൽ പാർക്കുന്നു. ദേവകളേ, ആ നിങ്ങൾ ഈ യാഗത്തിൽ സംബന്ധിയ്ക്കുവിൻ! (11)

## കുറിപ്പുകൾ: സൂക്തം 139.

1. സ്ഥാപിയ്ക്കുക—പ്രതിഷ്ഠിയ്ക്കുക. ദിവ്യബലം—മരുദ്ഗണം. നാഭി—വേദി, അഥവാ യജ്ഞം.

3. വിശ്വവേദസ്സുകൾ—എല്ലാദ്ധനവുമുള്ളവർ. മധു നിറഞ്ഞ—അശ്വിരഥത്തിന്റെ മധുപൂർണ്ണത്വം മുമ്പു പറഞ്ഞിട്ടുണ്ട്.

4. അറിയാം—എല്ലാവർക്കും. തിരിയ്ക്കും—യാഗം കഴിഞ്ഞാൽ മടങ്ങിപ്പോകും. സാധാരണവഴിയിലൂടെ എന്നപോലെ—യാതൊരു തടവുംകൂടാതെ. അരിന്ദമർ=ശത്രുക്കളെ അമർത്തുന്നവർ. ഇരുന്നുകൊള്ളാം-ഞങ്ങളെയും തേരിൽ കൊണ്ടുപോയാലും!

5. ഞങ്ങളുടെ ദാനം—ഹവിരാദ്യർപ്പണം.

6. വിവിധധനയത്തിന്നായി—പലതരം സമ്പത്തു ഞങ്ങൾക്കു തരാൻ.

7. അംഗിരസ്സുകൾക്ക്—പണ്ടു ദേവന്മാരെ സ്തുതിച്ചു പ്രസാദിപ്പിച്ചു, പൈക്കളെ യാചിച്ച അംഗിരോമഹർഷിമാർക്ക്. ആ പയ്യിനെ കറക്കാൻ കഴിയാഞ്ഞ് അവർ അര്യമാവിനോടപേക്ഷിച്ചു. അതിനാൽ അര്യമാവാണ്, അവരോടു (ദേവന്മാരോടു)കൂടി കറന്നത്. ആർക്കുവേണ്ടി? വിധാതാവിന്നു—സർവോൽപാദകനായ അഗ്നിയ്ക്കു(ഭവാന്നു)വേണ്ടി.

8. ഒച്ചപ്പെട്ടത്—ശബ്ദിയ്ക്കുന്ന ഗോക്കളും മറ്റും. ദുസ്തരം—ശത്രുക്കൾക്ക് ആക്രമിയ്ക്കാവതല്ലാത്തത്.

9. പ്രിയമേധസ്സ്—മേധാപ്രിയൻ. മനു—ഒരു മഹർഷി. ദേവന്മാരിൽ—ഇതരമഹർഷിമാരിൽ. അവരിലത്രേ—ദധീചാദികൾ, 'പരുച്ഛേപൻ പരിശുദ്ധജന്മാവും യജ്ഞയോഗ്യനുമാണെ'ന്നു പറയുന്നതിനെ ആശ്രയിച്ചാണ്, എന്റെ പ്രാണൻ നില്ക്കുന്നത്.

10. വേണ്ടുന്നവർ—ഇച്ഛയുള്ളവർ. വരണീയം—സോമം. ബൃഹസ്പതി—ഏതന്നാമകനായ അധ്വര്യു. സംസാരിയ്ക്കുന്നത്—സോമം ചതയ്ക്കുമ്പോഴത്തെ ശബ്ദം. ഈ ശോഭനകർമ്മാവ്—യജമാനൻ. വർഷജലം നിർമ്മിയ്ക്കുന്നു—ആഹുതിയാലാണല്ലോ, മഴയുണ്ടാകുന്നത്. ഗൃഹങ്ങൾ നിർമ്മിയ്ക്കുന്നു—വലിയ ധനികനായിച്ചമയുന്നു.

11. രുദ്രസ്തുതി: മുപ്പത്തിമൂന്നു രുദ്രന്മാർ.

# ഋഗ്വേദം: രണ്ടാം അഷ്ടകം

## രണ്ടാം അദ്ധ്യായം

മണ്ഡലം 1 അനുവാകം 21

## സൂക്തം 140.

ഉചഥ്യപുത്രൻ ദീർഘതമസ്സ് ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; അഗ്നി ദേവത. (കാകളി)

പൂതൻ നിവാസൈഷി തേജസ്വിയഗ്നിയ്ക്കു
വേദിയാം സ്ഥാനം ചമയ്ക്കുക, ഹവ്യവും;
മൂടുക, ച്ചുള്ളിയാലാടയാൽപ്പോലൊ,ളി
ക്കൂടുമിജ്ജ്യോതീരഥനെ,ത്തമോഘ്നനെ. (1)

ഉണ്ണുന്നു, വർഷിതാവിദ്വിജൻ മൂവന്നു;
മുണ്ടിട്ടൊരാണ്ടാൽ വളർത്തുന്നു, പേർത്തുമേ;
സ്രുക്കാൽ വളരുന്നിതേകത്ര; മറ്റിട-
ത്തൊക്കെത്തടുത്തെരിയ്ക്കുന്നൂ, തരുക്കളെ! (2)

തമ്മിലിണങ്ങി യത്നിച്ചു കറുത്ത ര-
ണ്ടമ്മമാർ നേടുന്നു, തക്കൊരു കുഞ്ഞിനെ,
നാക്കു കിഴക്കോട്ടു നീട്ടിപ്പിറന്നി,രുൾ
നീക്കി,യച്ഛന്നു വായ്യേകിയ ഗോപ്യനെ! (3)

ബുദ്ധിമാനാം മഖോൽക്കന്നുപയുക്തകൾ,
നിത്യസഞ്ചാരകൾ, നൈകവർണ്ണാഭകൾ,
മാർഗ്ഗം കറുപ്പിച്ചു കാറ്റാൽപ്പടർന്നു പാ-
ഞ്ഞൂക്കിലൊലിയ്ക്കുമീ മുക്തിദജ്വാലകൾ. (4)

വൻപാരിനെപ്പേർത്തുപേർത്തുഴിയുമിവ-
നെമ്പാടുമാളിയൊലിക്കൊണ്ടിരമ്പവേ,
അത്തീപ്പൊരികളൊന്നിച്ചേ പറന്നിരു-
ട്ടത്രയും നീക്കി, വെളിച്ചം പരത്തുമേ! (5)

മൈക്കോപ്പണിയിച്ചണഞ്ഞോഷധികളിൽ,-
പ്പൈക്കളിൽക്കാളപോലാർത്തു ചുറ്റു,മിവൻ,
ഉദ്ദീപ്തരൂപനായ്,ദുർഗ്രഹനായിട്ടൊ,-
രുഗ്രമൃഗംപോലിളക്കുമേ, കൊമ്പുകൾ! (6)

വിസ്തൃതിപൂണ്ടുമൊളിഞ്ഞും പിടിയ്ക്കുന്നു;
വിജ്ഞൻ തഴുകുന്നു വിജ്ഞകളെസ്സദാ;
പേർത്തും വളർന്നവർ ദേവനിൽച്ചേരുന്നു;
ചാർത്തുന്നു, മറ്റൊരു രൂപം പിതാക്കളിൽ! (7)

നേർകൊണ്ടവനെപ്പുണർന്ന സുകേശിമാർ
ചാകിലും പേർത്തെഴുന്നേറ്റാർ, തദാഗമേ;
വാർദ്ധകം തീർത്തൊ,ച്ചയിട്ടു,വരിൽപ്പരം
ചേർത്താൻ, പൊറുപ്പിന്നഭംഗമുയിരവൻ! (8)

തായിൻ തുകിൽ നീളെ നക്കും; വിചിത്രമായ്-
പ്പായു,മലറുന്ന സത്ത്വങ്ങളൊത്തിവൻ;

കാലുള്ളവയ്ക്കിര നല്കു;-മെരിച്ചിടും;
കാളവർണ്ണങ്ങളുമാക്കും, വഴികളെ! (9)

അഗ്നേ, ജ്വലിയ്ക്ക,നീയെങ്ങൾതൻ യജ്ഞത്തി-
ല്വ;-ശ്ക്കാമ്പടക്കി വിചേഷ്ടിയ്ക്ക, വർഷക;
കുട്ടിത്തരം വിട്ടു കത്തുക; പോർകളിൽ-
ച്ചുട്ടപോലേ തടുത്തീടുക, പീഡകൾ! (10)

തീയതിൽ വെച്ചതാം നല്ലതിതാ: ശ്രുഭ-
പ്രേയസ്സിലും പ്രിയമാകിത,ഗ്നേ, തവ;
പേർത്തു നിൻമെയ്യിൽത്തിളങ്ങും തെളിയൊളി-
ച്ചാർത്തൊത്തു രത്നവും തന്നണകെങ്ങളിൽ! (11)

അഗ്നേ, ശരണമാം കർമ്മിയ്ക്കു കാലുള്ള
യാജകച്ചുക്കാനണിത്തോണി നല്കു നീ,
ഞങ്ങൾതൻ വീരരെസ്സമ്പന്നരാക്കുവാൻ,
ഞങ്ങൾക്കു,മക്കരെയ്ക്കാക്കിസ്സുഖം തരാൻ! (12)

കൊണ്ടാടുകെ,ങ്ങൾതൻ സ്തോത്രമഗ്നേ, ഭവാൻ;
രണ്ടു പാരു,മൊഴുകുന്ന നദികളും
ഗവ്യയവ്യങ്ങളെക്കിട്ടിയ്ക്കുമാറാക;
സർവകാലത്തും വരം നല്കു,ഷസ്സുമേ! (13)

## കുറിപ്പുകൾ: സൂക്തം 140.

1. നിവാസൈഷി–ഇരിപ്പിടം ഇച്ഛിയ്ക്കുന്നവൻ. ചുള്ളി=നറുങ്ങുവിറക്. ആട=വസ്ത്രം. ജ്യോതീരഥൻ–ജ്യോതിസ്സാകുന്ന തേരോട്ടുകൂടിയവൻ.

2. ഇദ്വിജൻ–രണ്ടരണികളിൽനിന്നു ജനിച്ച അഗ്നി. മൂവന്നം–നൈ, പുരോഡാശം, സോമം. ഉണ്ടിട്ട്–ഒരിയ്ക്കൽ ഭക്ഷിച്ചിട്ട്, ഒരാണ്ടാൽ (കൊല്ലം തികയുമ്പോഴെയ്ക്കു) പേർത്തും വളർത്തുന്നു; ഊട്ടിയ യജമാനനെ വീണ്ടും യാഗം കഴിപ്പാൻ ശക്തനാക്കുന്നു. സ്രുക്കാൽ–സ്രുവംകൊണ്ടു ഹോമിയ്ക്കപ്പെട്ട ഹവിസ്സിനാൽ. ഏകത്ര=ഒരിടത്ത്–യാഗാഗ്നിയായിട്ട്. മറ്റിടത്ത്–ദാവാഗ്നിയായിട്ടു തരുക്കളെ (വൃക്ഷങ്ങളെ) എരിയ്ക്കുന്നു.

3. രണ്ടമ്മമാർ–രണ്ടരണികൾ. കുഞ്ഞിനെ–അത്യല്പരൂപനായ അഗ്നിയെ; ഉൽപത്തിസമയത്തു തീ ചെറുതായിരിയ്ക്കുമല്ലോ. നാക്കു–ജ്വാല. അച്ഛൻ–യജമാനൻ. വായ്പ്–അഭിവൃദ്ധി. ഗോപ്യൻ–പുറത്തിറക്കാതെയും മറ്റും രക്ഷിയ്ക്കപ്പെടേണ്ടുന്നവൻ.

4. മഖോൽക്കൻ–യാഗതൽപരൻ, യജമാനൻ. ഉപയുക്തകൾ–ഉപയോഗപ്പെടുന്നു. നിത്യസഞ്ചാരകൾ–സദാ ചലിയ്ക്കുന്നവ. നൈകവർണ്ണാഭകൾ=അനേകനിറങ്ങളുള്ളവ. മുക്തിദജ്വാലകൾ–യജമാനന്നു മുക്തിയെ നല്കുന്ന അഗ്നി ജ്വാലകൾ.

5. ഉഴിയും–തലോടുന്നു. ഇവൻ–അഗ്നി.

6. മൈക്കോപ്പ്–ജ്വാലകൾ. ഓഷധികൾ–സസ്യങ്ങൾ. കൊമ്പുകൾ–ഉയർന്ന ജ്വാലകൾ.

7. വിസ്തൃതി=പരപ്പ്. പിടിയ്ക്കുന്നു–ഓഷധികളെ. വിജ്ഞൻ–'ഞാൻ യജമാനന്നുവേണ്ടി വളരണം; അതിന്നു ജ്വാലകളോടു ചേരണം' എന്നറിയുന്ന അഗ്നി അതറിയുന്ന ജ്വാലകളെ സദാ തഴുകുന്നു. അവർ–ജ്വാലകൾ. ദേവൻ–അഗ്നി. പിതാക്കളിൽ–

ദ്യാവാപൃഥിവികളിൽ മറ്റൊരു രൂപം ചാർത്തുന്നു, രണ്ടിന്നും മുമ്പില്ലാത്ത ഒരു തിളക്കം വരുത്തുന്നു.

8. നേർകൊണ്ട്=നിർവ്യാജമായി. അവൻ–അഗ്നി. സുകേശിമാർ–പുകയാകുന്ന തലമുടിയുള്ള ജ്വാലകൾ. ചാകിലും–കനലായിക്കിടക്കുകയായിരുന്നുവെങ്കിലും, തദാഗമേ (അഗ്നി വന്നപ്പോൾ) പേർത്തെഴുന്നേറ്റു. വാർദ്ധകം (നിഷ്പ്രഭത) തീർപ്പാൻ മന്ത്രം ഉച്ചരിച്ചതാണോ ഒച്ച എന്നു തോന്നും. പൊററപ്പിന്ന്–ജീവിച്ചിരിപ്പാൻ. അഭംഗം–അധികം വിറകിട്ടുകയോ വെള്ളം പകരുകയോ മറ്റോ ചെയ്താലും കെടാത്ത (നശിക്കാത്ത). മൃതപ്രായകളായിരുന്ന കിഴവിമാർ ഭർത്താവിന്റെ സമാഗമത്താലും ലാളനത്താലും വീണ്ടും യുവതികളായി വിളയാടി!

9. ദാവാഗ്നിയെ സ്തുതിയ്ക്കുന്നു: തായിൻ–ഭൂമിയുടെ. തുകിൽ–പുല്പരപ്പു മറ്റും. നക്കും–ജ്വാലകൊണ്ട്. വിചിത്രമായ്–നാനാവിധമാംവണ്ണം. സത്ത്വങ്ങൾ= പ്രാണികൾ. കാലുള്ളവയ്ക്കിര നല്കും–തിയ്യിനെ പേടിച്ചു പാഞ്ഞുപോകുന്ന മാൻ മുതലായവയെ വ്യാഘ്രാദികൾ പിടിച്ചുതിന്നുമല്ലോ. എരിച്ചിടും–തൃണലതാദികളെ. കാളവർണ്ണങ്ങൾ=കറുത്തവ: അഗ്നി കൃഷ്ണവർത്മാവാണല്ലോ.

10. പീഡകൾ–ഞങ്ങളിൽ ശത്രുക്കൾ ചെയ്യുന്ന ഉപദ്രവങ്ങൾ.

11. തീയത്=ചീത്ത: വിറകിന്മേലും മറ്റും വെച്ച. നല്ലത്–ഹവിസ്സ്. ഇതു (ഹവിസ്സ്) തവ (അങ്ങയ്ക്കു) ശുഭപ്രേയസ്സിലും (നല്ല പ്രിയവസ്തുവെക്കാളും) പ്രിയമായിവരട്ടെ. ചാർത്തൊത്തു–സമൂഹത്തോടുകൂടി, രത്നങ്ങളും തന്നുകൊണ്ട്, എങ്ങളിൽ അണക (ഞങ്ങളെ പ്രാപിച്ചാലും).

12. ശരണമാം–ഞങ്ങൾക്കാശ്രയഭൂതനായ. കാൽ–ദ്രവ്യദേവതാമന്ത്രാദികളായ കാലുകൾ. യാജകച്ചുക്കാനണിത്തോണി–ഋത്വിക്കുകളാകുന്ന ചുക്കാനുകളോടുകൂടിയ സോമയാഗമാകുന്ന തോണി. വീരർ–പുത്രാദികൾ. സമ്പന്നർ–ഹവിസ്സാകുന്ന ധനമുള്ളവർ. അക്കരയ്ക്കാക്കി–സംസാരം കടത്തി. സുഖം–അക്ഷയാനന്ദം.

13. രണ്ടു പാരും–സ്വർഗ്ഗവും, ഭൂമിയും. ഗവ്യയവ്യങ്ങൾ–ഗവ്യവും(ക്ഷീരാദി) യവ്യവും (യവവ്രീഹ്യാദി). വരം നല്ക–ശ്രേഷ്ഠവസ്തുക്കളെ തരട്ടെ.

## സൂക്തം 141.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ദേവന്റെ ആ ദർശനീയമായ തേജസ്സ് ഇപ്രകാരം ശരീരവ്യവഹാരത്തിന്നായി സർവരാലും വഹിയ്ക്കപ്പെട്ടിരിയ്ക്കുന്നു: ബലത്തിൽനിന്നാണല്ലോ, തന്റെ പിറവി. എന്റെ മനസ്സ് ഇതിൽ ചെല്ലുന്നു; അഭീഷ്ടവും നേടുന്നു. യജ്ഞത്തിന്റെ വാക്കുകൾ ഒപ്പം പ്രസരിച്ച്, ഉദ്ദിഷ്ടം നിർവഹിയ്ക്കുന്നു. (1)

ഹവിർവാഹിയായ ഈ സനാതനൻ ഒന്നാമത് അന്നം ദഹിപ്പിച്ച ശരീരങ്ങളെ പുഷ്ടിപ്പെടുത്തുന്നു; രണ്ടാമത്, ഏഴുലകിന്നും നന്മചെയ്യുന്ന അമ്മമാരിൽ വർത്തിയ്ക്കുന്നു; മൂന്നാമത്, ആ വർഷയിതാവിന്റെ രശ്മികളെ പ്രവർത്തിപ്പിയ്ക്കുന്നു. ഈ ധീമാൻ പത്തു സ്ത്രീകളാൽ ജനിപ്പിയ്ക്കപ്പെടുന്നു! (2)

കുശലരായ സൂരികൾ ആദിമുതല്ക്കേ ബലത്താൽ ഇവന്റെ രൂപം വലുതാക്കാൻ നോക്കുന്നു; പണ്ടേമുതൽ, മധുരാഹുതിയിൽ, നിഗൂഢനായ ഇവനെ വായു ക്രമേണ ചേഷ്ടിപ്പിച്ചുപോരുന്നു. (3)

ഇവനെ ഉൽകൃഷ്ടനായ അച്ഛനുകൽനിന്നു കൊണ്ടുപോകുന്നു. ഓഷധികൾ ഈ ക്ഷുധിതന്റെ പല്ലുകളിൽ കേറുന്നു. ഇവന്റെ ജനനം ഇരുവരും സ്വീകരിയ്ക്കുന്നു; ഇതേകാരണത്താൽ ഈ ശുചി തേജസ്സുകൊണ്ട് ഒരതിയുവാവായിച്ചമഞ്ഞു! (4)

ഉടനേ ഈ ശുചി, ഇവനെ നിർബാധമായും നിഷ്കൃഷ്ടമായും വളർത്തിയ അമ്മമാരുടെ അടുക്കൽ ചെല്ലുന്നു; ദീർഘവിരഹിണികളായ പ്രഥമകളെ ആരോഹണംചെയ്യുന്നു; ജനിയ്ക്കാൻപോകുന്ന നവീനകളിൽ ഉൾപ്പുകുന്നു. (5)

തന്തിരുവടിയെ നിത്യയജ്ഞങ്ങളിൽ ഹോതാവാക്കി വരിച്ച, യജമാനന്മാർ ഭഗനെ എന്നപോലെ അലംകരിയ്ക്കുന്നു: അന്നത്തിന്നായി, ദേവന്മാരെ യജ്ഞത്തോടും ബലത്തോടും മനുഷ്യനെ സ്തുതിയോടും ചേർക്കാൻ ഇച്ഛിയ്ക്കുന്നവനാണല്ലോ, ആ ബഹുസ്തുതനായ സർവധനൻ. (6)

അവിടുന്നു മാരുതപ്രേരിതനായി, യഷ്ടവ്യനായിട്ടു, തടവില്ലാത്ത ഒരു വായാടി വിദൂഷകൻ സ്തുതികളിലെന്നപോലെ, ദിക്കുകളിൽ വ്യാപിയ്ക്കുന്നു; അപ്പോൾ ലോകം ആ ദഹനനും വിശുദ്ധജന്മാവുമായ കൃഷ്ണവർത്മാവിന്റെ മാർഗ്ഗത്തെ ആശ്രയിയ്ക്കുന്നു. (7)

കയറുകൊണ്ടു കെട്ടിയ ഒരു തേരെന്നപോലെ നിർത്തപ്പെട്ട അഗ്നി ചലിയ്ക്കുന്ന അവയവങ്ങൾകൊണ്ട് ആകാശത്തെയ്ക്കു പോകുന്നു: ഉടനേ, അവന്റെ ആ മാർഗ്ഗങ്ങൾ കറുത്തിരുളുന്നു; ചുട്ടെരിക്കുന്ന ആ തേജസ്വിയുടെ അടുക്കൽനിന്ന്, ഒരു ശൂരനുകൽനിന്നെന്നപോലെ പക്ഷിമൃഗാദികൾ പറന്നുപോകുന്നു! (8)

അഗ്നേ, അങ്ങാണ്, വരുണനെക്കൊണ്ടു വർഷിപ്പിയ്ക്കുന്നതും, മിത്രനെക്കൊണ്ട് ഇരുട്ടകറ്റിയ്ക്കുന്നതും, അര്യമാവിനെക്കൊണ്ടു നല്ല ദാനം ചെയ്യിയ്ക്കുന്നതും: കർമ്മംകൊണ്ടു, വിശ്വരൂപനെന്നപോലെ അവരിലെല്ലാം, ഏക്കാലുകളിൽ ചക്രച്ചുറ്റെന്നപോലെ വ്യാപിച്ചു, കീഴടക്കിനില്ക്കുന്നവനാണല്ലോ, അങ്ങ്! (9)

അതിയുവാവായ അഗ്നേ, സ്തുതിച്ചു സോമം പിഴിയുന്നവന്നുവേണ്ടി, അവിടുന്നു രത്നം ദേവകളിൽ പരത്തുന്നു; ബലത്തിൽനിന്നു ജനിച്ചവനേ, മികച്ച രത്നങ്ങളുള്ളവനേ, ആ സ്തുത്യനായ നിന്തിരുവടിയെ ഞങ്ങൾ, ഭഗനെ എന്നപോലെ സ്തുതികളിൽ പ്രതിഷ്ഠിയ്ക്കുമാറാകണം! (10)

നിന്തിരുവടി ഞങ്ങൾക്കു സമ്പാദനീയമായ നല്ല ധനത്തെ എന്നപോലെ, സേവ്യനും പ്രബുദ്ധനുമായ പുത്രനെയും തന്നരുളണം! ആ സുകർമ്മാവു കടിഞ്ഞാണുകളെന്നപോലെ ഇരുലോകങ്ങൾ അടക്കിപ്പിടിച്ചിരിയ്ക്കുന്നു; യജ്ഞത്തിൽ ദേവകൾക്കുള്ള സ്തോത്രവും. (11)

തേജസ്വിയും ജവനാശ്വനും ഇമ്പംകൊള്ളുന്നവനും കനകരഥനുമായ ആ ഹോതാവു നമ്മുടെ വിളി കേൾക്കില്ലയോ! ആ പ്രബുദ്ധ ബലനായ പ്രതിഷ്ഠാർഹൻ സദ്ഗതിപ്രദങ്ങളായ കർമ്മങ്ങൾകൊണ്ടു നമ്മെ സ്പൃഹണീയമായ പ്രാപ്യസ്ഥാനത്തെയ്ക്കു നേരെ കൊണ്ടുപോകില്ലയോ! (12)

ഉൽകൃഷ്ടമായ സാമ്രാജ്യം ഭരിയ്ക്കുന്ന അഗ്നി കർമ്മികളാൽ മന്ത്രങ്ങൾകൊണ്ടു സ്തുതിയ്ക്കപ്പെട്ടു; ഈ ഹവിർദ്ധനരും ഞങ്ങളും ഇദ്ദേഹത്തെ, സൂര്യൻ മേഘത്തെയെന്നപോലെ ശബ്ദിപ്പിയ്ക്കുമാറാകട്ടെ! (13)

## കുറിപ്പുകൾ: സൂക്തം 141.

1. ദേവന്റെ—അഗ്നിയുടെ. വഹിയ്ക്കപ്പെട്ടിരിയ്ക്കുന്നു—ജാരാഗ്നി ഭക്ഷിതങ്ങളെ ദഹിപ്പിയ്ക്കുന്നതിനാലാണല്ലോ, സർവരുടെയും ശരീരം നിലനില്ക്കുന്നതും വ്യാപരിയ്ക്കുന്നതും. ഇതിൽ—തേജസ്സിൽ ചെല്ലുന്നു. യജ്ഞത്തിന്റെ വാക്കുകൾ (മന്ത്രങ്ങൾ). ഉദ്ദിഷ്ടം—അഗ്നിയെ സ്തുതിയ്ക്കൽ.
2. അമ്മമാർ—വൃഷ്ടികൾ. വർത്തിയ്ക്കുന്നു—വൈദ്യുതരൂപേണ. വർഷയിതാവ്—സൂര്യൻ. പത്തു സ്ത്രീകൾ—പത്തു കരാംഗുലികൾ; അഥവാ, പത്തു ദിക്കുകൾ,
3. ആദി—അരണിമഥനം. ഇവൻ—അഗ്നി. മധുരാഹുതി—മധുരസോമഹവനം. നിരുദ്ധനായ—വേദിയിൽ വിറകുകളാൽ മൂടപ്പെട്ട. ചേഷ്ടിപ്പിച്ചുപോരുന്നു—ചലിപ്പിച്ചുജ്ജ്വലിപ്പിയ്ക്കുന്നു.
4. അച്ഛൻ—ഗാർഹപത്യാഗ്നി. കൊണ്ടുപോകുന്നു—ആഹവനീയാഗ്നിയിലെയ്ക്ക്. ഓഷധികൾ ഈ ക്ഷുധിതന്റെ പല്ലുകളിൽ കേറുന്നു—ഇവൻ, വിശന്നു വലഞ്ഞവൻപോലെ സസ്യങ്ങളെ ജ്വാലാദന്തങ്ങൾകൊണ്ടു കടിയ്ക്കുന്നു. ഇരുവരും—അധ്വര്യുവും യജമാനനും. ശുചി—വിശുദ്ധനായ അഗ്നി.
5. അമ്മമാർ—പത്തുദിക്കുകൾ. പ്രഥമകൾ—മുൻജനിച്ച ഓഷധികൾ. നവീനകൾ—പുതിയ ഓഷധികൾ. അഗ്നി മകന്റെയും ഭർത്താവിന്റെയും നിലയിൽ പെരുമാറുന്നു.
6. ഭഗൻ—ആദിത്യൻ. അന്നത്തിന്നായി—ഹവിസ്സു കിട്ടാൻ. സർവധനൻ=എല്ലാ ധനങ്ങളോടും കൂടിയവൻ.
7. വിദൂഷകൻ എല്ലാ പ്രഭുസ്തുതികളിലും പ്രവർത്തിയ്ക്കുമല്ലോ; അതുപോലെ അഗ്നി എല്ലാദ്ദിക്കുകളിലും വ്യാപിയ്ക്കുന്നു. മാർഗ്ഗം—യജ്ഞകർമ്മം.
8. ദാവാഗ്നിസ്തുതി: അവയവങ്ങൾ—ജ്വാലകൾ. ശൂരങ്കൽനിന്നെന്നപോലെ—ശൂരനായ യോദ്ധാവിനെ പേടിച്ച് എതിരാളികൾ പാഞ്ഞുപോകുന്നതുപോലെ.
9. ചക്രച്ചുറ്റ്—രഥനേമി.
10. രത്നം—രമണീയമായ ഹവിസ്സ്. ഭഗൻ—ആദിത്യൻ. സ്തുതികളിൽ പ്രതിഷ്ഠിയ്ക്കുക—സ്തുതിവിഷയമാക്കുക, സ്തുതിയ്ക്കുക.
11. ആ സുകർമ്മാവ് എന്നാദിയായ വാക്യം പരോക്ഷം. ഇരുലോകങ്ങൾ—ഇഹപരലോകങ്ങൾ ആ സുകർമ്മാവിന്റെ (അഗ്നിയുടെ) കൈപ്പിടിയിലാണ്!
12. ആ ഹോതാവ്—അഗ്നി. പ്രാപ്യസ്ഥാനം—സ്വർഗ്ഗം.

13. ഹവിർദ്ധനർ–യജമാനന്മാർ. മേഘത്തെയെന്നപോലെ–മേഘത്തെ മഴയ്ക്കായി ഇടിവെട്ടിയ്ക്കുന്നതുപോലെ. ശബ്ദിപ്പിയ്ക്കുക–ഉജ്ജ്വലിപ്പിയ്ക്കുക എന്നു താൽപര്യം: കത്തിപ്പടർന്ന തിയ്യിൽനിന്നു ശബ്ദം പുറപ്പെടുമല്ലോ. മേലിലും അഗ്നിയെ പ്രോജ്ജ്വലിപ്പിച്ച്, യജ്ഞമനുഷ്ഠിയ്ക്കുമാറാകട്ടെ! സാമ്രാജ്യം=സമ്യഗ്രാജമാന(ശോഭമാന)ത്വം.

## സൂക്തം 142.

ദീർഘതമസ്സ് ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; സമിദ്ധാഗ്ന്യാദികൾ ദേവത. ('താമരക്ക-ണ്ണൻ'പോലെ.)

അഗ്നേ, സമിദ്ധ, കൊണ്ടുവന്നാലും
സ്രുഗ്ധരന്നായിന്നമരരെ;
സോമം പിഴിഞ്ഞ ദാതാവിൻ യാഗം
കേമമാക്കുക, മുൻമട്ടിൽ! (1)

ദാതാവായ് സ്തോത്രം ചൊല്ലുമെന്മട്ടാം
മേധാവിയുടെ യജ്ഞത്തിൽ
സംബന്ധിയ്ക്കാറുണ്ടങ്ങോളം, നൈ-തേ-
നുണ്മാൻ തനൂനപാത്തേ, നീ! (2)

ദേവരിൽശ്ശുചി ദേവനദ്ഭുതൻ
പാവകനാ നരാശംസൻ
ദ്യോവിൽനിന്നെത്തിത്തേൻ പൊഴിയ്ക്കുമേ,
മൂവുരു യജ്ഞേ യജ്ഞാർഹൻ! (3)

ഇങ്ങാനയിയ്ക്കുകീ,ഡിതാഗ്നേ, നീ-
യിന്ദ്രനെ, പ്രിയപൂജ്യനെ:
നിന്നെപ്പാർത്തിതാ, സംസാരിയ്ക്കുന്നു-
ണ്ടെ,ന്നുൾക്കാമ്പു സുജിഹ്വനേ! (4)

അഗ്ര്യയജ്ഞത്തിൽദ്ദർഭ വിരിച്ച,-
സ്സുക്കെടുത്തവരിന്ദ്രന്നായ്
ഏർപ്പെടുത്തുന്നു, ദേവയോഗ്യമാം
വായ്യേറ്റം നല്ല പാർപ്പിടം. (5)

തമ്മെത്തുറക്കുക,മ്പർക്കുൾപ്പൂകാ-
നമ്മഹാദ്വാരദേവിമാർ,
തമ്മിലകന്നോർ, യജ്ഞം വളർപ്പോർ,
കമ്രമാർ, ശുദ്ധികർത്ത്രിമാർ! (6)

രാത്ര്യുഷസ്സുകൾ, ചേർന്നൊത്തു വാഴ്വോർ
വാഴ്ത്തപ്പെട്ടുന്നോർ, കുഞ്ഞുങ്ങൾ
ദർഭവിരിപ്പിൽ വന്നിരിയ്ക്കട്ടേ,
നല്പുറ്റോർ, യജ്ഞമാതാക്കൾ! (7)

ഭാവിതസ്തോത്രർ, മാദകജിഹ്വർ,
ദേവഹോതാക്കൾ, രണ്ടുപേർ
സംപൂജിയ്ക്കട്ടേ, മേധാഢ്യർ സിദ്ധി-
യ്ക്കുമ്പർക്കുള്ള സ്മദ്യജ്ഞത്തെ! (8)

അമ്മരുദ്ദേവന്മാരിൽ മേവുന്ന
നിർമ്മല ഹോത്ര ഭാരതി,

ഭൌമിയാമിള, ശ്രീസരസ്വതി
വാഴ്കിവർ യജ്ഞേ ദർഭയിൽ! (9)

മേഘാന്തസ്ഥമായ്ശ്ശീഘ്രവ്യാപിയാം
മേദുരജലം നമ്മൾക്കായ്
ഒട്ടേറെത്തൂകുക,സ്സത്തൽപരൻ
ത്വഷ്ടാവു ധനപുഷ്ടിയ്ക്കായ്. (10)

പ്രേരിപ്പിച്ചു, ചെന്നർച്ചിയ്ക്ക, താൻതാൻ
നീ വനസ്പതേ, വാനോരെ:
മേധാവാനഗ്നിദേവൻ കൈക്കൊൾവൂ,
വാനോരിൽവെച്ചു ഹവ്യങ്ങൾ. (11)

പൂഷാവും മരുത്തുക്കൾ വായുവു-
മുൾച്ചേർന്ന വിശ്വേദേവർക്കും,
ഗായത്രാത്മാവാമിന്ദ്രന്നും ഹവി-
സ്സേകുവാൻ സ്വാഹാ ചൊല്ലുവിൻ! (12)

സ്വാഹാകൃതങ്ങളായ ഹവ്യങ്ങ-
ളാഹരിപ്പാനായ് വന്നാലും;
ഇന്ദ്ര, വന്നാലും; കേട്ടാലും വിളി:
നിന്നെ വിളിപ്പൂ, യജ്ഞത്തിൽ! (13)

## കുറിപ്പുകൾ: സൂക്തം 142.

1. സ്രുഗ്ധരനായ്—യാഗത്തിന്നു സ്രുവമെടുത്തവന്നു(യജമാനന്നു)വേണ്ടി. ഉമ്പർ=ദേവകൾ. ദാതാവ്—ഹവിസ്സു നല്കുന്നവൻ. സമിദ്ധൻ—ഒരഗ്നിയുടെ പേർ; വഴിപോലെ ഉജ്ജ്വലിപ്പിയ്ക്കപ്പെട്ടവൻ എന്നു പദത്തിന്റെ അർത്ഥം.

2. എന്മട്ടാം—എന്നെപ്പോലെയുള്ള. അങ്ങോളം—യജ്ഞാവസാനംവരെ. തനൂനപാത്ത് —ഒരഗ്നിയുടെ പേർ. വെള്ളത്തിന്റെ പൌത്രൻ എന്നു ശബ്ദാർത്ഥം: വെള്ളത്തിൽനിന്നു വൃക്ഷങ്ങളും, വൃക്ഷങ്ങളിൽനിന്ന് അഗ്നിയും ജനിയ്ക്കുന്നു എന്നതുകൊണ്ടത്രേ. അഗ്നിയ്ക്കു ജലപൌത്രത്വം.

3. ദേവരിൽശ്ശുചി=ദേവന്മാരിൽവെച്ചു പരിശുദ്ധൻ. നരാംശസൻ—ഒരഗ്നിയുടെ പേർ; നേതാക്കളാൽ സ്തുത്യൻ എന്നു ശബ്ദാർത്ഥം. ദ്യോവ്=സ്വർഗ്ഗം. മൂവുരു=മൂന്നുപ്രാവശ്യം. യജ്ഞേ (യാഗത്തിൽ) തേൻ പൊഴിയ്ക്കുമേ—യജ്ഞത്തെ മധുരമാക്കിത്തീർക്കും!

4. ആനയിയ്ക്കുക=കൊണ്ടുവരിക. ഈഡിതൻ—ഒരഗ്നിയുടെ പേർ; സ്തുതിയ്ക്കപ്പെട്ടവൻ. പ്രിയപൂജ്യൻ=പ്രിയനും പൂജനീയനുമായിട്ടുള്ളവൻ. സംസാരിയ്ക്കുന്നുണ്ട്—സ്തുതിയ്ക്കുന്നുണ്ട്. സുജിഹ്വനേ—നല്ല നാക്കുകൾ (ശോഭനജ്വാലകൾ) ഉള്ളോവേ.

5. അഗ്ര്യയജ്ഞം—അവാന്തരയാഗങ്ങളോടുകൂടിയ സോമയാഗം. വായ്പ്=വലുപ്പം, വിസ്താരം. നല്ല—സുഖകരമായ.

6. അമ്മഹാദ്വാരദേവിമാർ—ആ മഹതികളായ ദ്വാരദേവതമാർ. ദേവകൾക്ക് അകത്തു കടക്കാൻ തമ്മെ (തങ്ങളെ) തുറക്കുക (തുറക്കട്ടെ). തമ്മിലകന്നോർ—ഓരോരോവാതിലും

വെവ്വേറെയാണല്ലോ. കമ്രമാർ–കമനീയമാർ. ശുദ്ധികർത്ത്രികൾ–ശുചിത്വം വരുത്തുന്നവർ.

7. രാത്ര്യുഷസ്സുകൾ–രാത്രിയും ഉഷസ്സും. കുഞ്ഞുങ്ങൾ–പ്രതിദിനം ജനിയ്ക്കുന്നവർ. യജ്ഞമാതാക്കൾ–ഇവരുടെ ആഗമനത്താലാണല്ലോ, യജ്ഞസംപൂർത്തി. നല്പറ്റോർ–സുരൂപകൾ.

8. ഭാവിതസ്തോത്രർ–സ്തുതിയ്ക്കുന്നവരുടെ സ്തോത്രങ്ങളെ കൊണ്ടാടുന്നവർ. മാദകജിഹ്വർ=മത്തുപിടിപ്പിയ്ക്കുന്ന (ഹർഷകരങ്ങളായ) നാക്കുകൾ (ജ്വാലകൾ) ഉള്ളവർ. രണ്ടുപേർ–ഈ അഗ്നിയും, മധ്യമസ്ഥാഗ്നിയും. അസ്മദ്യജ്ഞത്തെ (നമ്മുടെ യാഗത്തെ) സിദ്ധിയ്ക്ക് (ഫലലബ്ധിയ്ക്കായി) സംപൂജിയ്ക്കട്ടെ (ആദരിയ്ക്കട്ടെ, നടത്തിത്തരട്ടെ).

9. ഹോത്ര–ഹോമനിഷ്പാദിക. ഭൗമി–ഭൂമിയുടേത്. ദ്യോവ്, ഭൂവ്, അന്തരിക്ഷം ഇവയിലെ വാഗ്ദേവതകളത്രേ, ഭാരതിയും ഇളയും ശ്രീമതി സരസ്വതിയും. മരുദ്ദേവന്മാർ–മരണമില്ലാത്ത ദേവകൾ.

10. മേഘാന്തസ്ഥം–മേഘമധ്യത്തിലിരിയ്ക്കുന്നത്. മേദുരജലം=മഹത്തായ ജലം. ത്വഷ്ടാവ്–വൈദ്യുതാഗ്നി. ധനപുഷ്ടിയ്ക്കായ്–നമുക്കു സമ്പത്തു വർദ്ധിപ്പാൻ.

11. പ്രേരിപ്പിച്ച്–ഋത്വിക്കുകളെ കർമ്മങ്ങളിൽ പ്രവർത്തിപ്പിച്ച്. വനസ്പതി–യൂപദേവത.

12. ഗായത്രാത്മാവ്–സാമരൂപൻ. ഋത്വിക്കുകളോടുള്ളതാണ്, ഈ ഋക്ക്.

13. ആഹരിയ്ക്കുക=ഭക്ഷിയ്ക്കുക. വിളിപ്പൂ. ഋത്വിക്കുകൾ വിളിയ്ക്കുന്നു.

## സൂക്തം 143.

ദീർഘതമസ്സ് ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; അഗ്നി ദേവത. (കേക)

പുത്തനാം വളർത്തുന്ന കർമ്മത്തെ സ്തുതികളോ-
ടൊത്തനുഷ്ഠിപ്പൻ, കെല്പിൻ മകനാമഗ്നിയ്ക്കായ് ഞാൻ:
വിത്തയുക്തനായ്, വേണ്ടും കാലത്തു ഹോതാവായി-
പ്പൃത്ഥ്വിയിൽ വാഴ്വോനല്ലോ, പ്രിയനിജ്ജലപൌത്രൻ. (1)

ഉൽപന്നനാമീയഗ്നിയുൽകൃഷ്ടനഭസ്സിങ്ക-
ലപ്പവമാനന്നത്രേ, മുല്പാടു കാണായ് വന്നു;
കെല്പുറ്റ കർമ്മംകൊണ്ടു വർദ്ധിയ്ക്കുമിവനുടെ
സുപ്രഭ തിളങ്ങിച്ചൂ, വാനൂഴികളെപ്പാരം. (2)

അഴിവീ,സ്സുമുഖനാമഗ്നിതൻ ദ്യുതികൾക്കി-
ല്ല;-ഴകിൽ വെളിച്ചത്തെപ്പാറിപ്പൂ, പൊരിക്കൂട്ടം;
വാർദ്ധകം പെടാതു,റങ്ങാതിവ തമസ്സിനെ-
ത്താഴ്ത്തിവിട്ടൊഴുകുന്നു, രവിരശ്മികൾപോലേ. (3)

വാഴിച്ചാർ ഭൃഗുവംശ്യർ വിശ്വവേദസ്സാമാരെ-
യൂഴിതൻ നാഭിസ്ഥാനത്തുലകിൻ ബലത്തിന്നായ്;
ആരൊരാൾ വിഭൂതികൾക്കരചന,ർക്കൻപോലേ;
ഗീരിനാലണയുകാ,യഗ്നിയെ സ്വഗൃഹത്തിൽ! (4)

കാറ്റിന്റെ ചീററംപോലേ വാനിടിവാൾപോല,ര-
ങ്ങേറ്റിയ പടപോലേ ദുർന്നിവാരനീ,യഗ്നി;
കൂർത്ത പല്ലുളാലിവൻ കടിച്ചുതിന്നും; വൈരി-
സാർത്ഥത്തെസ്സുഭടൻപോലെരിയ്ക്കും, വനങ്ങളെ! (5)

സക്തനാകട്ടേ തുലോം നമ്മൾതൻ നുതികളി-
ലഗ്നി; വിത്തത്താൽത്തുലോം നിറവേറ്റട്ടേ, കാമം;
കർമ്മത്തിൽത്തുലോം പ്രേരിപ്പിയ്ക്കട്ടേ, ഫലം കിട്ടാ;-
നിമ്മട്ടിൽ സ്തുതിയ്ക്കുന്നേന,ശ്ശുചിമുഖനെ ഞാൻ! (6)

അധ്വരധുരീണനാമഗ്നിയെത്തുണൈ തുകി
വർദ്ധിപ്പിച്ചണിയിപ്പൂ, നിങ്ങൾ മിത്രത്തെപ്പോലേ:
വർദ്ധിതനിദ്ദുർദ്ധഷൻ സ്തുതിയാലുദ്ദീപിച്ചു,
ശുദ്ധി ചേർത്തരുളുമേ, നമ്മുടെ ബുദ്ധിയ്ക്കെല്ലാം! (7)

അപ്രമത്തമായ് ക്ഷേമകാരിയാം നൽത്രാണത്താ-
ലപ്രമത്തായ് പ്പാലിച്ചരുൾകെ,ങ്ങളെയഗ്നേ;
തോലിയുമപായവും മടിയുമേശാത്ത തൃ-
പ്പാലനാൽബ്ഭരിച്ചരുൾകെ,ങ്ങൾതൻ പ്രജയെയും! (8)

## കുറിപ്പുകൾ: സൂക്തം 143.

1. വിത്തയുക്തനായ്—നമുക്കു തരാൻ ധനങ്ങളെടുത്ത്. പൃത്ഥി—വേദി.
2. ഉൽപന്നൻ—അരണികളിൽനിന്ന് ഉണ്ടായിവരുന്നവൻ. അപ്പവമാനൻ—അന്തരിക്ഷ-വായു. കർമ്മം—ഉജ്ജ്വലിപ്പിയ്ക്കയും മറ്റും.
3. അഴിവ്—ഹാനി. ദ്യുതികൾ=ശോഭകൾ. പൊരി=സ്ഫുലിംഗം, തീപ്പൊരി. വാർദ്ധകം—വാട്ടമെന്നു സാരം. ഉറങ്ങാതെ—അമാന്തിയ്ക്കാതെ. ഇവ—ദ്യുതികൾ.
4. ഊഴിതൻ നാഭിസ്ഥാനത്ത്—ഉത്തരവേദിമേൽ. വിഭൂതികൾ=സമ്പത്തുകൾ. ആ അഗ്നിയെ സ്വഗൃഹത്തിൽ (സ്വസ്ഥാനത്തു) ഗീരിനാൽ (വാക്കുകൊണ്ടു, സ്തുതികൊണ്ട് ) അണയുക (സ്തുതിയ്ക്കുക) എന്നു സ്തോതാവിനെ പ്രേരിപ്പിയ്ക്കുന്നു.
5. വാനിടിവാൾ=ആകാശത്തിലെ ഇടിവാൾ. അരങ്ങേറ്റിയ—യുദ്ധരംഗത്തിലെയ്ക്കു-യയ്ക്കപ്പെട്ട. കൂർത്ത പല്ലുകൾ—തീക്ഷ്ണജ്വാലകൾ. കടിച്ചുതിന്നും—നമ്മുടെ വിരോധികളെ നശിപ്പിയ്ക്കും. വൈരിസാർത്ഥം—ശത്രുഗണം.
6. വിത്തത്താൽ—നമുക്കു ധനം തന്ന്. അശ്ശുചിമുഖനെ—ശോഭനജ്വാലനായ അഗ്നിയെ.
7. അധ്വരധുരീണൻ—യാഗനിർവാഹകൻ. മിത്രത്തെപ്പോലേ-ഒരു സ്നേഹിതനെ എന്ന-പോലെ.
8. ത്രാണം—രക്ഷ. തൃപ്പാലനാൽ—അങ്ങയുടെ രക്ഷകൊണ്ട്. പ്രജയെയും—പുത്രപൗത്രാദികളെയും.

## സൂക്തം 144.

ദീർഘതമസ്സ് ഋഷി; ജഗതി ഛന്ദസ്സ്; അഗ്നി ദേവത. (കേക)

തന്തിരുവടിയുടെ കർമ്മത്തിലണയുന്നു,
പൊന്തിയ ശുചിപ്രജ്ഞ പൂണ്ട ഹോതാവുൾക്കാമ്പാൽ;
മുല്പാടു തൽസ്ഥാനത്തെച്ചുംബിച്ച ജുഹുക്കളെ-
ക്കല്പിതപ്രദക്ഷിണക്രിയനായ്ക്കൈക്കൊള്ളുന്നു. (1)

നീർകളാലുൾച്ചേർക്കപ്പെട്ട,വയിലമർന്നു, ത-
ദ്യോഗത്തിലിവനമൃതുഴിയെക്കുടിപ്പിപ്പ്യോ,
വാരിധാരകൾ, പിറന്നേടമാം സൂര്യസ്ഥാനേ
സൂരാംശുവൃതങ്ങളായ്പ്പുതുമ പുലർത്തുന്നു! (2)

ഇരുവർ സവയസ്കരേകകാര്യവാപ്തിയ്ക്ക-
ത്തിരുമെ കെട്ടിപ്പുല്കാൻ വെവ്വേറെ കാമിയ്ക്കുന്നു;
ഉടനാഹവനീയൻ സൂതനായ്, നാമർപ്പിച്ച
കടിഞ്ഞാണുകൾ കൈക്കൊണ്ടരുൾവു, രവിപോലെ! (3)

ഇരുവർ സവയസ്കർ സഹവാസികൾ, ജായാ-
വരർപോലൊരേസ്ഥാനത്ത,ല്ലിലുമഹസ്സിലും
സംപൂജിയ്ക്കുകയാലീ നരയൻ യുവാവായി;
ദമ്പതിമാർക്കായ്ത്തിന്നു തിന്നുറ്റ കെല്പും നേടീ! (4)

വിട്ടുനിന്നീടും പത്തുകൈവിരലദ്ദേവനെ-
ത്തുഷ്ടനാക്കുന്നു; മർത്ത്യർ വിളിയ്ക്കു, രക്ഷയ്ക്കായ് നാം:
വില്ലിൽനിന്നിഷുക്കൾപോലംശുക്കളെയും; മുമ്പിൽ-
ച്ചെല്ലുവോരുടെ നവസ്തോത്രവും കേൾക്കുമിവൻ! (5)

പെരുമാളല്ലോ, ദിവ്യങ്ങൾക്കഗ്നേ, ഭവാൻ സ്വയം;
ധരണീസ്ഥിതങ്ങൾക്കുമിടയൻപോലേ ഭവാൻ.
ഭുജിപ്പൂ നിൻയജ്ഞത്തെ,ശുഭ്രവും ശ്രീയും ചേർന്ന
ഹിതരമ്യകളാമിപ്പെരിയ വാനൂഴികൾ! (6)

ഭക്ഷിയ്ക്കുകഗ്നേ; പേർത്തും സ്തുത്യ, കൈക്കൊൾകീ, സ്തോത്രം
ഭക്ഷ്യവൻ, യജനാർത്ഥജന്മാവേ, സുകർമ്മാവേ;
വിശ്വാനുകൂലൻ, ദർശനീയൻ നീ, സുദൃക്കുകൾ-
ക്കച്ഛന്റെ ഭവനംപോലൻപിയറ്റുവോനല്ലോ! (7)

### കുറിപ്പുകൾ: സൂക്തം 144.

1. കർമ്മത്തിൽ ഉൾക്കാമ്പാലണയുന്നു—കർമ്മമനുഷ്ഠിപ്പാൻ നിശ്ചയിച്ചു. മുല്പാടു തൽസ്ഥാനത്തെ (അഗ്നിയുടെ സ്ഥാനത്തെ) ചുംബിച്ച (വെയ്ക്കപ്പെട്ട) ജുഹുക്കളെ കൈക്കൊള്ളുന്നു (നിശ്ചയാനന്തരം എടുക്കുന്നു). കല്പിതപ്രദക്ഷിണക്രിയനായ്=പ്രദക്ഷിണകർമ്മം (വലംവെയ്ക്കൽ) കഴിച്ചിട്ട്.

2. വൈദ്യുതാഗ്നിയെപ്പറ്റി: നീർകൾ—വർഷജലങ്ങൾ. തദ്യോഗത്തിൽ—ജലങ്ങളോടു ചേർന്നിരിയ്ക്കെ. ഇവൻ—അഗ്നി. അമൃത്—മധുരജലം; ഊഴിയെക്കുടിപ്പിയ്ക്കുക—ഭൂമിയിൽ മഴപെയ്യുക. വാരി=ജലം. സുരാംശുവൃതങ്ങൾ=സൂര്യരശ്മിപരിവൃതങ്ങൾ.

3. ഇരുവർ—ഹോതാവും അധ്വര്യുവും. സവയസ്കർ—ഒരേപ്രായത്തിലുള്ളവർ; തുല്യസാമർത്ഥ്യർ എന്നു നിഷ്കൃഷ്ടാർത്ഥം. ഏകകാര്യാവാപ്തിയ്ക്ക്=ഒരേകാര്യം സാധിപ്പാൻ. അത്തിരുമൈ—അഗ്നിയുടെ ശരീരം. കെട്ടിപ്പുല്കാൻ—അഗ്നിയിൽ സ്വസ്വകർമ്മം നടത്താൻ. സൂതനായ്—യജ്ഞരഥസാരഥിയായിട്ട്. നാമർപ്പിച്ച കടിഞ്ഞാണുകൾ—നാം നീണ്ട ധാരകളായി വീഴ്ത്തുന്ന നെയ്യ്. രവിപോലെ—സൂര്യൻ പൂജ സ്വീകരിയ്ക്കുന്നതുപോലെ.

4. ജായാവരർ=ഭാര്യാഭർത്താക്കന്മാർ. ഒരേസ്ഥാനത്ത്—യാഗശാലയിൽ. ഈ നരയൻ—വെണ്ണീറിനാൽ, നരച്ചവൻപോലിരുന്ന അഗ്നി. ദമ്പതിമാർക്കായ്—ഹോതാവും അധ്വര്യുവുമാകുന്ന രണ്ടുപേർക്കുവേണ്ടി. തിന്നു—നെയ്യും മറ്റും ഭക്ഷിച്ചു.

5. വിട്ടുനിന്നീടും—തമ്മിൽത്തൊടാതെ നില്ക്കുന്ന. അദ്ദേവനെ—അഗ്നിയെ. തുഷ്ടനാക്കുന്നു—അരണിമഥനസമയത്ത്. മർത്ത്യർ—മനുഷ്യരായ നാം. ഇഷുക്കൾ=ശരങ്ങൾ. അംശുക്കൾ=രശ്മികൾ.

6. ഭവാൻ സ്വയം ദിവ്യങ്ങൾക്കും പെരുമാളാണ്; ഭവാൻ ധരണീസ്ഥിതങ്ങൾക്കും (ഭൌമങ്ങൾക്കും), ഇടയൻ മാടുകൾക്കെന്നപോലെ പെരുമാളാണ് (അധിപതിയാണ്). ഭുജിപ്പൂ=അനുഭവിയ്ക്കുന്നു. ശബ്ദം—മേഘാദികളുടേയും, മനുഷ്യാദികളുടെയും ഒച്ച. ശ്രീ—സമ്പത്ത്.

7. ഭക്ഷിയ്ക്കുക—ഹവിസ്സ്. ഭക്ഷ്യവൻ—ഹവിസ്സാകുന്ന അന്നമുള്ളോവേ. യജനാർത്ഥജന്മാവേ=യജ്ഞത്തിന്നായി ജനിച്ചവനേ. സുദൃക്കുകൾ=വഴിപോലെ ദർശിയ്ക്കുന്നവർ. അൻപ്=സന്തോഷം.

## സൂക്തം 145.

ദീർഘതമസ്സ് ഋഷി; അഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; അഗ്നി ദേവത.

അവിടുത്തോടു ചോദിയ്ക്കുവിൻ: അവിടുന്നു സഞ്ചാരിയാണ്, അവിടുന്ന് അറിവുള്ളവനാണ്, അവിടുന്നു വകതിരിവുള്ളവനാണ്; അവിടുന്നു പോകും–ഉടനടി പോകും. അവിടെയ്ക്കു ശാസനശക്തിയുണ്ട്; അവിടുത്തെപക്കലാകുന്നു, ഭോഗങ്ങൾ. അന്നത്തിന്നും ബലത്തിന്നും ബലവാന്നും പാലകനാണവിടുന്ന്! (1)

അദ്ദേഹത്തോടുതന്നെയാണ്, ചോദിയ്ക്കുക; ആരും മറിച്ചു ചോദിയ്ക്കാറില്ല. ആ ധീരൻ സ്വമനസ്സുകൊണ്ടുറയ്ക്കും; മുൻകടന്നു പറയുന്നതും, പിന്നെപ്പറയുന്നതും അവിടുന്നു സഹിയ്ക്കില്ല. അതിനാൽ സർവരും തള്ളിച്ച വിട്ട് അദ്ദേഹത്തിന്റെ കർമ്മത്തിൽ ചേരുന്നു. (2)

ജൂഹൂക്കളും സ്തുതികളും അദ്ദേഹത്തിൽത്തന്നെ ചെല്ലുന്നു: എന്റെ സ്തുതിയെല്ലാം ആ ഏകൻ കേട്ടരുളുന്നു. വളരെ ഭൃത്യരുള്ളവനും താരയിതാവും യജ്ഞസാധകനും അവിച്ഛിന്നരക്ഷണനും, ഒരു കുഞ്ഞു പോലെ ഓമനയുമായ അദ്ദേഹം യജ്ഞങ്ങളിലേർപ്പെട്ടു സ്വീകരിയ്ക്കുന്നു. (3)

അദ്ദേഹം ആവിർഭവിച്ചപ്പോൾ, അധ്വര്യു സമീപിച്ചു സമീപിച്ച് അനുഷ്ഠിച്ചുകൊണ്ടിരുന്നു. ജനിച്ച ഉടൻതന്നെ അദ്ദേഹം അശ്വാരൂഢനായി സഞ്ചരിച്ചുതുടങ്ങി. സ്തുതികളാൽ ആശ്ലേഷിയ്ക്കപ്പെട്ട ആ വ്യാപനശീലൻ തളർന്ന യജമാനനെ അഭിനന്ദിച്ചു സന്തോഷിപ്പിയ്ക്കാൻ തൊട്ടുതലോടുന്നു! (4)

അന്വേഷകനും അഭിഗമ്യനും വനഗാമിയുമായ അഗ്നി അരികത്തുള്ള മറവിൽ വെയ്ക്കപ്പെട്ടിരിയ്ക്കുന്നു. ആ സർവജ്ഞൻ, യജ്ഞകുശലൻ, സൽഫലപ്രദൻ മനുഷ്യർക്കു വിജ്ഞാനം ഉപദേശിയ്ക്കുന്നു. (5)

### കുറിപ്പുകൾ: സൂക്തം 145.

1. യജമാനന്മാരോടു പറയുന്നു: നിങ്ങൾക്കറിയേണ്ടത് അഗ്നിയോടു ചോദിയ്ക്കുവിൻ. ചോദിച്ചാൽ, അതറിഞ്ഞുവരാൻ അവിടുന്നു പോകും.
2. സ്വമനസ്സുകൊണ്ടുറയ്ക്കും–ഇന്നതിന്നതു പറയാമെന്നു തീരുമാനിയ്ക്കും; അതേ പറയുകയുള്ളു. പിന്നെ–അവിടുത്തെ മറുപടിയ്ക്കുശേഷം.
3. താരയിതാവ്–ദുഃഖങ്ങളുടെ മറുകരയിലണയ്ക്കുന്നവൻ. സ്വീകരിയ്ക്കുന്നു–ഹവിസ്സും മറ്റും.
4. അനുഷ്ഠിച്ചുകൊണ്ടിരുന്നു–അഗ്നിയുടെ ഉൽപത്തിയ്ക്കു വേണ്ടതു ചെയ്തുകൊണ്ടിരുന്നു. സ്തുതികളാൽ–കാമിനിമാരാലെന്നപോലെ. തളർന്ന–കർമ്മങ്ങൾകൊണ്ടു ക്ഷീണിച്ച.
5. മറവിൽ–ഓഷധികളാലും മറ്റും മൂടപ്പെട്ട വേദിമേൽ. വെയ്ക്കപ്പെട്ടിരിയ്ക്കുന്നു–ഒരു നിധിപോലെ.

## സൂക്തം 146.

ദീർഘതമസ്സ് ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

മൂന്നു ശിരസ്സോടും ഏഴു രശ്മിയോടുംകൂടി പിതാക്കളുടെ ഉത്സംഗത്തിലിരിയ്ക്കുന്ന അവികലനും അഭീഷ്ടപൂരകനുമായ അഗ്നിയെ നീ സ്തുതിച്ചാലും: ഈ സുസ്ഥിരനായ സഞ്ചാരിയുടെ തേജസ്സു സർവത്ര വിളങ്ങുന്നു! (1)

വലുപ്പംകൊണ്ട് ഒരു കാളയ്ക്കൊത്ത ആ നിർജ്ജരൻ വാനൂഴികളെ വ്യാപിച്ചരുളുന്നു. രക്ഷയോടേ പോരാൻ തുടങ്ങുന്നു; വന്നു, ഭൂമിയുടെ ഉയർന്ന സ്ഥാനത്തു തൃക്കാൽ വെയ്ക്കുന്നു. ഇവന്റെ പ്രഭകൾ അകിടിനെ നക്കുന്നു! (2)

ഒരേകുഞ്ഞിന്റെ അടുക്കലെയ്ക്കു നടക്കുന്ന സുകർമ്മിണികളായ രണ്ടു പൈക്കൾ വഴികൾക്കു വെടുപ്പു വരുത്തിക്കൊണ്ടും, വമ്പിച്ച വിജ്ഞാനമെല്ലാം വഹിച്ചുകൊണ്ടും ചൂഴെ പെരുമാറുന്നു! (3)

ആ ബലിഷ്ഠനെ ക്രാന്തദർശികളായ ധീമാന്മാർ വിവിധവിചിന്തനംകൊണ്ടു രക്ഷിച്ചു സ്ഥാനത്തണയ്ക്കുന്നു; സേവനേച്ഛുക്കളായി പരിചരിയ്ക്കുന്നു. ആ വർഷകനായ സവിതാവ് ഈ നേതാക്കൾക്കു പ്രത്യക്ഷനായി! (4)

ഈ ജേതാവിനെ കാണ്മാൻ എല്ലാദ്ദിക്കുകളും ഇച്ഛിയ്ക്കുന്നു; ജീവിപ്പാൻ വലിയവനും എളിയവനും സ്തുതിയ്ക്കുന്നു. ഈ വിശ്വദ്രഷ്ടാവായ മഘവാവു പലേടത്തും ഇത്തരം കുഞ്ഞുങ്ങളെ ഉൽപാദിപ്പിയ്ക്കുന്നു! (5)

### കുറിപ്പുകൾ: സൂക്തം 146.

1. മനസ്സിനോടു പറയുന്നു: മൂന്നു ശിരസ്സ്–ഗാർഹപത്യാഹവനീയദക്ഷിണരൂപങ്ങൾ. ഏഴു രശ്മി–സപ്തജ്വാലകൾ. പിതാക്കൾ–ദ്യാവാപൃഥിവികൾ. ഉത്സംഗം=മടി, മധ്യം. സുസ്ഥിരനായ–സ്വസ്ഥാനം വിടാത്ത. സഞ്ചാരി–ജ്വാലകളെ ചുറ്റും പ്രസരിപ്പിയ്ക്കുന്നതിനെ സഞ്ചാരമാക്കി കല്പിച്ചിരിയ്ക്കുന്നു.
2. രക്ഷയോടേ പോരാൻ തുടങ്ങുന്നു–സ്വന്തം രക്ഷയുമായി, നമ്മുടെ യാഗത്തിന്നു പോരാൻ തുടങ്ങുന്നു. ഉയർന്ന സ്ഥാനം–വേദി. അകിടിനെ–പൈക്കുട്ടികൾ തള്ളയുടെ അകിടിനെയെന്നപോലെ, അഗ്നിയുടെ ജ്വാലകൾ അന്തരിക്ഷത്തെ നക്കുന്നു; ആകാശംവരെ ആളിപ്പൊങ്ങുന്നു.
3. ഒരേകുഞ്ഞ്–കിടാവിനെപ്പോലെ കൌതുകകരനായ അഗ്നി. രണ്ടു പൈക്കൾ–പത്നിയും യജമാനനും; അല്ലെങ്കിൽ അധ്വര്യുവും യജമാനനും. വഴികൾ–അഗ്നിയുടെ പ്രാന്തസ്ഥലങ്ങൾ. വിജ്ഞാനം–അഗ്ന്യുജ്ജ്വാലനത്തെസ്സംബന്ധിച്ച അറിവ്.
4. വിചിന്തനം–അനുഷ്ഠാനചർച്ച. സവിതാവ്–സർവോൽപാദകനായ അഗ്നി.
5. മഘവാവ്–അന്നവാൻ. ഇത്തരം കുഞ്ഞുങ്ങളെ–കുട്ടികൾപോലെ രക്ഷിയ്ക്കപ്പെടേണ്ടുന്ന ഋത്വിക്കുകളെ.

## സൂക്തം 147.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അഗ്നേ, ഭവാന്റെ ആശുവ്യാപികളായ രശ്മികൾ അന്നത്തെയും ആയുസ്സിനെയും എങ്ങനെ നല്കിപ്പോരുന്നു? രണ്ടും പുത്രപൌത്രർക്കായി നേടിക്കൊണ്ടു യജമാനന്മാർ യാഗത്തിൽ സാമം പാടുന്നുണ്ടല്ലോ! (1)

അഗ്നേ, അതിയുവാവേ, അന്നയുക്ത, അതിമഹനീയവും മികവിൽ ചമയ്ക്കപ്പെട്ടതുമായ എന്റെ ഈ വാക്കിനെ അവിടുന്നു ചെവിക്കൊള്ളണം: ഒരുത്തൻ ഇകഴ്ത്തും, ഒരുത്തൻ പുകഴ്ത്തും; വന്ദനശീലനായ ഞാനാകട്ടേ, തിരുമേനിയെ സ്തുതിച്ചുകൊള്ളുന്നു! (2)

അഗ്നേ, കുരുടനായ മമതാപുത്രനെ കണ്ടിട്ടു ദുഃഖത്തിൽനിന്നു രക്ഷിച്ച ഭവദ്രശ്മികൾ എവയോ; സുഖകാരികളായ അവയെ വിശ്വവേദസ്സു സൂക്ഷിച്ചുവെച്ചിട്ടുണ്ട്. ചതിപ്പാൻ നോക്കുന്ന ശത്രുക്കൾ അതിന്നു ശക്തരാകില്ല! (3)

അഗ്നേ, ആർ ഞങ്ങളെ, ദുരുദ്ദേശത്താൽ ദാനം മുടക്കി, ശത്രുതപൂണ്ടു, രണ്ടുതരം മന്ത്രംകൊണ്ട് അടിപെടുത്തുന്നുവോ; അവന്റെ ആ മന്ത്രം അവനെത്തന്നെ വിഴുങ്ങട്ടെ–ദുർഭാഷണം അവന്റെ ദേഹത്തെത്തന്നെ ചുട്ടെരിയ്ക്കട്ടെ! (4)

അഥവാ, പഠിച്ചുവെച്ചിട്ടുള്ള ഇരുമന്ത്രംകൊണ്ടു യാതൊരു മനുഷ്യൻ മനുഷ്യനെ അടിപെടുത്തുന്നുവോ; ബലോൽപന്നനായ അഗ്നേ, അവങ്കൽനിന്നു, സ്തൂയമാനനായ ഭവാൻ സ്തുതിയ്ക്കുന്ന എന്നെ സംരക്ഷിച്ചാലും–ഞങ്ങളെ ദുഃഖത്തിന്നു നിർത്തരുത്! (5)

### കുറിപ്പുകൾ: സൂക്തം 147.

1. രണ്ടും–അന്നവും ആയുസ്സും.
2. വാക്ക്–സ്തോത്രം. ഇകഴ്ത്തുക–ഇടിച്ചു പറയുക.
3. ഉചഥ്യനെന്ന ഋഷിയുടെ ഗർഭിണിയായ പത്നിയെ–മമതയെ–ബൃഹസ്പതി എന്ന ഋഷി കടന്നുപിടിച്ചു രമിപ്പിച്ചു. ശുക്ലനിർഗ്ഗമനാവസരത്തിൽ, ബൃഹസ്പതിയോടു ഗർഭസ്ഥശിശു, “മുനേ, ഞാനുണ്ട് വയറ്റിൽ; അങ്ങു രേതസ്സങ്കരം വരുത്തരുതേ’ എന്നു വിലക്കി. അതിൽ ക്രോധിച്ച ബൃഹസ്പതി ശുക്ലസ്രവണം അടക്കി, ‘നീ ദീർഘമായ തമസ്സിൽ പെടട്ടെ–ജാത്യന്ധനായിത്തീരട്ടെ’ എന്നു ശിശുവിനെ ശപിച്ചു. അതിനാൽ ജാത്യന്ധനായിജ്ജനിച്ച മമതാപുത്രൻ അന്ധത നീങ്ങാൻ അഗ്നിയെ സ്തുതിച്ചു. അഗ്നി പ്രസാദിച്ച് അവന്റെ അന്ധത നീക്കി. ആ ദീർഘതമസ്സത്രേ, ഈ സൂക്തങ്ങളുടെ ഋഷി. മമതാപുത്രനെ–എന്നെ. വിശ്വവേദസ്സ്–അഗ്നി. സൂക്ഷിച്ചുവെച്ചിട്ടുണ്ട്–നമ്മെ രക്ഷിപ്പാൻ.
4. രണ്ടുതരം മന്ത്രം–മാനസ-വാചികമന്ത്രങ്ങൾ.

## സൂക്തം 148.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

സൂര്യൻപോലെ പൂജനീയനായ യാതൊരു വിവിധപ്രകാശൻ മനുഷ്യപ്രജകളിൽ ശരീരധാരണത്തിന്നായി സ്ഥാപിയ്ക്കപ്പെട്ടുവോ; ആ ഈ ഹോതാവിനെ–നാനാരൂപനെ, സർവദേവക്രിയാനുകൂലനെ–വായു ഉള്ളിൽ കടന്ന് ഇളക്കിമറിച്ചു! (1)

തക്കതു നല്കിപ്പോരുന്ന എനിയ്ക്കു ശത്രുപീഡ നേരിടുകില്ല: എന്റെ സ്തോത്രത്തിലും മറ്റും താൽപര്യമുണ്ടല്ലോ, അഗ്നിയ്ക്ക്; സ്തുതിച്ചുകൊണ്ടു യജിയ്ക്കുന്ന എന്റെ കർമ്മമെല്ലാം (ദേവകൾ) കൈക്കൊള്ളുന്നുമുണ്ട്! (2)

ഇദ്ദേഹത്തെ ഉടൻതന്നെ യജ്ഞപ്രവർത്തകർ എന്നെയ്ക്കുമായി ഗൃഹത്തിൽ കൈക്കൊള്ളുന്നു; പിന്നെ സ്തുതിപൂർവം എടുക്കുന്നു; എടുത്തു, കുതിച്ചോടുന്ന കുതിരകൾ തേരിനെയെന്നപോലെ, യജിപ്പാൻ കൊണ്ടു പോകുന്നു. (3)

ഈ ധ്വംസകൻ വളരെയെണ്ണത്തെ കടിച്ചുടയ്ക്കും; എന്നിട്ടു, കാട്ടിൽ വിവിധപ്രകാശനായി വിളയാടും. ഇവന്റെ ജ്വാലയെ നാൾ തോറും കാററ്, എയ്ത്തുവങ്കൽനിന്നു പോന്ന ശരത്തെ എന്നപോലെ, പിന്തുടർന്നു കൊണ്ടുപോകുന്നു. (4)

ഇവൻ ഗർഭത്തിലിരിയ്ക്കുമ്പോൾ രിപുക്കളാലോ ഹിംസ്രരായ ദ്രോഹികളാലോ പീഡിപ്പിയ്ക്കപ്പെടാറില്ല; ഇവന്റെ മഹിമയെ അജ്ഞാനാന്ധന്മാരും കെടുത്താറില്ല; നിത്യകർമ്മനിരതരായ തർപ്പകരാകട്ടേ, ഇവനെ പോറ്റിപ്പോരുന്നു! (5)

### കുറിപ്പുകൾ: സൂക്തം 148.

1. സ്ഥാപിയ്ക്കപ്പെട്ടു–ജഠരാഗ്നിയായിട്ട്. ഉള്ളിൽ–വിറകുകളുടെ ഇടയിൽ. ഇളക്കിമറിച്ചു–ആളിക്കത്തിച്ചു.
2. തക്കതു നല്കിപ്പോരുന്ന–അഗ്നിയ്ക്കു ഹവിസ്സർപ്പിയ്ക്കുന്ന.
3. കൈക്കൊള്ളുന്നു–ഗാർഹപത്യത്വേന. ഉടൻതന്നെ–അരണികളിൽ ആവിർഭവിച്ചപ്പോൾത്തന്നെ. എടുക്കുന്നു–ആഹവനീയാർത്ഥം. കൊണ്ടുപോകുന്നു–യാഗശാലയിലെയ്ക്ക്.
4. ദാവാഗ്നിസ്തുതി: വളരെയെണ്ണത്തെ–വൃക്ഷലതാദികളെ. കടിച്ചുടയ്ക്കും–ജ്വാലകളാകുന്ന പല്ലുകൾകൊണ്ട്. കൊണ്ടുപോകുന്നു–ദൂരത്തെയ്ക്ക്.
5. ഗർഭം–അരണിമധ്യം. അജ്ഞാനാന്ധന്മാരും–അവർക്കും വേണമല്ലോ, തിയ്യ്! പോറ്റിപ്പോരുന്നു–യജ്ഞാദിയാൽ സേവിയ്ക്കുന്നു.

## സൂക്തം 149.

ദീർഘതമസ്സ് ഋഷി; വിരാട്ട് ഛന്ദസ്സ്; അഗ്നി ദേവത.

വന്മുതലിന്നുടമയവൻ,
സ്വാമിയ്ക്കും സ്വാമി വരികയായ്, തരുവാൻ:
ധനപദമണയുന്നവനെ-
ച്ചതകല്ലുകൾ പരിചരിച്ചിടുമേ! (1)

മനുജർക്കുമൂഴിവാനിനും-
മഭിവർഷകനായ് പ്പുകഴ്ന്നു വാഴ്വിതവൻ:
ഗർഭം പുക്കു പചിപ്പി-
പ്പവനല്ലോ, പ്രാണിപീതസർഗ്ഗനവൻ! (2)

ആളുകൾ കരുതുമിടത്തി-
ന്നൊളിയരുൾവൂ വായുപോലെ പോകമിവൻ,
ഗമനപരൻ, കവി,യൊരുനൂ-
റുടലുടയോൻ, ഭാനുപോലെ തേജസ്വി! (3)

മൂന്നിടമല്ലു,ലകെല്ലാം
ചൂഴെ വിളങ്ങിയ്ക്കുവോൻ, ദ്വിജാതിയിവൻ
ഹോതാവു,യർന്ന യഷ്ടാ-
വുദകസ്ഥാനത്തു വാണരുൾവൂ! (4)

ദ്വിജനീ ഹോതാവെല്ലാ-
ദ്ധനവുമെടുക്കുന്നു, ഹവ്യകാമത്താൽ;
അവിടെയ്യെവനർപ്പിച്ചിട്ടു,-
മാ മർത്ത്യനു നല്ല മകനുളവാം! (5)

### കുറിപ്പുകൾ: സൂക്തം 149.

1. വന്മുതൻ=മഹത്തായ ധനം. അവൻ—അഗ്നി. വരികയായ്, തരുവാൻ—അഭീഷ്ടം തരാൻ നമ്മുടെ യജ്ഞത്തിലെയ്ക്കു വന്നുതുടങ്ങി. ധനപദം=ധനങ്ങളുടെ സ്ഥാനം, വേദി. ചതകല്ലുകൾ പരിചരിച്ചിടുമേ—അമ്മികൾ, സോമം ചതയ്ക്കുമ്പോഴത്തെശ്ശബ്ദംകൊണ്ടു സന്തോഷിപ്പിയ്ക്കും, തീർച്ച!
2. ഊഴിവാനിനും=ഭൂദ്യോവുകൾക്കും. അഭിവർഷകൻ—ഇഷ്ടങ്ങൾ വർഷിയ്ക്കുന്നവൻ. പചിപ്പിയ്ക്കുക—നിഷിക്തമായ രേതസ്സിനെ രൂപപ്പെടുത്തുക. പ്രാണിപീതസർഗ്ഗൻ—പ്രാണികളാൽ പീതമായ (ആസ്വദിയ്ക്കപ്പെട്ട) സൃഷ്ടിയോടുകൂടിയവൻ; താൻ സ്വീകരിച്ച ഹവിസ്സു സൂര്യങ്കലെത്തിച്ചു, തദ്രശ്മികളോടുകൂടി വൈദ്യുതാഗ്നിയായിത്തീർന്നു, മേഘങ്ങളിലൂടേ ജലം വർഷിച്ചു, പ്രാണികളെ കുടിപ്പിയ്ക്കുന്നവൻ.
3. ആളുകൾ കരുതുമിടം—യജ്ഞസ്ഥലം. ഒളിയരുൾവൂ—സ്വസന്നിധാനത്താൽ ശോഭ വരുത്തുന്നു. പോകം—ശീഘ്രം പോകുന്നു. ഗമനപരൻ—പതിവായി വേണ്ടുന്നേടത്തെയ്ക്കു പോകുന്നവൻ. ഒരുനൂറുടലുടയോൻ=അനേകരൂപൻ. ഭാനു=സൂര്യൻ.

4. മൂന്നിടമല്ല—ത്രിലോകം മാത്രമല്ല. ദ്വിജാതി—അരണിദ്വയജാതൻ. ഉദകസ്ഥാനത്ത്—പ്രോക്ഷണ്യാദ്യുദകസ്ഥാനത്ത്, യജ്ഞസ്ഥലത്ത്.
5. ഹവ്യകാമത്താൽ—ഹവിർബുഭുക്ഷമൂലം, ഈ ഹോതാവ് (അഗ്നി) ഹവീരർപ്പകന്നു കൊടുപ്പാൻ എല്ലാദ്ധനവും എടുക്കുന്നു. അർപ്പിച്ചിട്ടും—ഹവിസ്സു നല്കം.

## സൂക്തം 150.

ദീർഘതമസ്സ് ഋഷി; ഉഷ്ണിക്ക് ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നേ, നിന്തിരുവടിയൊടു
വളരെപ്പറയുന്നു, ദാനനിരതനിവൻ:
തവതാൻ സേവകന,ടിയൻ,
വൻപ്രഭുവിൻ വസതിയിൽപ്പോലേ! (1)

എന്നാൽസ്സേവിയ്ക്കാത്തൊരു
ധനവാന,സ്തോത്രകൃത്ത,ദേവപരൻ,
ഹവദക്ഷിണ നല്കാത്തവ-
നിക്കുട്ടർക്കരുതൊരിയ്ക്കലുമേ! (2)

ത്വദ്യാജി മർത്ത്യനഗ്നേ,
മേധാഢ്യ, മഹാനിലും മഹത്തമനായ്,
ദിവി ചന്ദ്രനായി വാഴും;
സേവിയ്ക്കാവൂ, ഭവാനെ ഞങ്ങൾ തുലോം! (3)

### കുറിപ്പുകൾ: സൂക്തം 150.

1. ദാനനിരതനിവൻ—ഹവിസ്സു നല്കുന്നതിൽ തൽപരനായ ഞാൻ വളരെ പറയുന്നു, ‘മകനെ തരിക, ധനം തരിക’ എന്നും മറ്റും. എന്നാൽ അടിയൻ (ഞാൻ) തവതാൻ (അങ്ങയുടെമാത്രം) സേവകനാണ്, വലിയ പ്രഭുവിന്റെ വസതിയിൽ (ഗൃഹത്തിൽ) വേലയ്ക്കു പാർക്കുന്നവൻപോലെ; അടിയന്നു മറ്റാരുമില്ല, വേണ്ടതൊക്കെത്തരാൻ.
2. സേവിയ്ക്കാത്തൊരു ധനവാൻ—ധനമുണ്ടായിരിയ്ക്കെ ദാനാദിയാൽ അങ്ങയെ സേവിയ്ക്കാത്തവൻ. അസ്തോത്രകൃത്ത്—അങ്ങയെ സ്തുതിയ്ക്കാത്തവൻ. അദേവപരൻ—ദേവഭക്തിയില്ലാത്തവൻ. ഹവദക്ഷിണ=ഹോമദക്ഷിണ. അരുത്—ധനവും മറ്റും കൊടുക്കരുത്.
3. ത്വദ്യാജി=അങ്ങയെ യജിയ്ക്കുന്ന. ദിവി=സ്വർഗ്ഗത്തിൽ. ചന്ദ്രനായി—ചന്ദ്രനെപ്പോലെ സർവാഹ്ലാദകനായി; യജമാനന്മാർ ചന്ദ്രത്വംതന്നെ പ്രാപിയ്ക്കുമെന്നും പറയപ്പെട്ടിട്ടുണ്ട്.

## സൂക്തം 151.

ദീർഗ്ഘതമസ്സ് ഋഷി; ജഗതി ഛന്ദസ്സ്; മിത്രാവരുണർ ദേവത.

അന്തരിക്ഷത്തിൽ വർത്തിയ്ക്കുന്ന ഈ പ്രിയനും യഷ്ടവ്യനുമായ മിത്രനെ ഗോലാഭലോലുപരായ ശോഭനധ്യാനന്മാർ പ്രാണിരക്ഷണത്തിന്നായി യാഗത്തിൽ കർമ്മംകൊണ്ടുൽപാദിപ്പിച്ചു: ഇവന്റെ ബലവും ശബ്ദവും വാനൂഴികളെ വിറപ്പിച്ചുകളഞ്ഞു! (1)

വൃഷാക്കളേ, സോമവാനായ പുരുമീള്ഹന്റെ മിത്രങ്ങൾപോലുള്ള ക്രിയാനിപുണന്മാർ നിങ്ങളിരുവർക്കുമുള്ളത് അനുഷ്ഠിയ്ക്കുകയാണ്; അതിനാൽ, നിങ്ങളുടെ ആഗമനത്തെ പൂജിയ്ക്കുന്നവന്റെ കർമ്മം നിങ്ങൾ അറിയണം—ഗൃഹിയുടെ വിളി നിങ്ങൾ കേൾക്കണം! (2)

വൃഷാക്കളേ, നിങ്ങളിരുവരുടേയും വർണ്ണനീയമായ വാനൂഴിപ്പിറവിയെ വലിയ ബലത്തിന്നായി മനുഷ്യർ സർവത്ര കൊണ്ടാടിവരുന്നു: നിങ്ങൾ യജ്ഞത്തെയും ആശ്രിതനെയും ഭരിയ്ക്കുന്നുണ്ടല്ലോ; സ്തോത്രം കൊണ്ടും കർമ്മംകൊണ്ടും വന്നണകയും ചെയ്യുന്നു! (3)

പ്രാണദാതാക്കളേ, അത്യന്തം പ്രീതികരമായ സ്ഥലം തയ്യാറാക്കിയിരിയ്ക്കുന്നു! (ഞങ്ങളുടെ) വലിയ യജ്ഞത്തെ യജ്ഞവാന്മാരായ നിങ്ങൾ ഉൽഘോഷിച്ചാലും: വിപുലമായ വിണ്ണിനെ ഭരിപ്പാൻ പോന്ന സാർവത്രികമായ കർമ്മത്തെ, ശരീരബലത്തിന്നു ഗോവിനെ എന്ന പോലെ ഉപയോഗിയ്ക്കുന്നവരാണല്ലോ, നിങ്ങൾ! (4)

ഈ ഭൂമിയിൽ നിങ്ങൾ മഹത്ത്വത്താൽ മേച്ചിൽസ്ഥലത്തെയ്ക്കയയ്ക്കുന്ന പൈക്കൾ പന്തികേടൊന്നും പറ്റാതെ കറവിന്നു തൊഴുത്തിൽ തിരിച്ചെത്തുന്നു; അവ ദുർദ്ദിനങ്ങളിൽ കാലത്തും വൈകന്നേരവും സൂര്യനെക്കുറിച്ചു, കള്ളനെ കണ്ടെത്തിയവൻപോലെ നിലവിളിയ്ക്കും! (5)

മിത്ര, വരുണ, നിങ്ങൾ എവിടെ എഴുന്നള്ളുമോ, അവിടെ കേശിനികൾ യാഗത്തിന്നു നിങ്ങളെ പരിചരിയ്ക്കുന്നു. ആ നിങ്ങൾ സ്വയം മഴ പെയ്യിപ്പിൻ; കർമ്മങ്ങളെ വർദ്ധിപ്പിയ്ക്കുവിൻ; മേധാവിയുടെ സ്തുതികൾക്ക് ഉടമകളുമാകുവിൻ! (6)

യാതൊരുവൻ യജ്ഞത്താൽ സ്തുതിച്ചുകൊണ്ടു നിങ്ങൾക്കർപ്പിയ്ക്കുന്നുവോ, യാതൊരു കവിയായ ഹോതാവു വിഭവസമേതനായി യജിയ്ക്കുന്നുവോ; നിങ്ങൾ അവങ്കൽ ചെന്ന്, അധ്വരത്തിൽ ഇച്ഛവെയ്ക്കുമല്ലോ. അതിൻവണ്ണം, ഞങ്ങളിൽ താൽപര്യമുള്ള നിങ്ങൾ സ്തോത്രം കേൾപ്പാൻ വിശുദ്ധഹൃദയനായ എന്റെ അടുക്കൽ വന്നാലും! (7)

യജ്ഞവാന്മാരേ, ക്ഷീരാദിയാഗദ്രവ്യാർപ്പണത്തിൽ നിങ്ങൾക്കാണ്, പ്രവൃത്തികളിൽ മനസ്സിന്നെന്നപോലെ ഒന്നാംസ്ഥാനം കല്പിയ്ക്കുന്നത്. നിങ്ങൾക്കായി, നിങ്ങളിൽത്തന്നെ വന്നുചേരുന്ന മനനയുക്തമായ ചിത്തംകൊണ്ടു സ്തുതികളും ഒരുക്കുന്നു. നിങ്ങൾ വിഭവത്തെ അനുകൂലമനസ്സോടേ അനുഭവിച്ചരുളുന്നു! (8)

നിങ്ങളുടെ പക്കൽ അന്നവുമുണ്ട്, ധനവുമുണ്ട്; നേതാക്കളേ, ബുദ്ധികൊണ്ട് ഇങ്ങോട്ടയയ്ക്കപ്പെടുന്ന ആ മഹത്തായ ധനം നിങ്ങൾ അനുഭവിച്ചരുളുന്നു. നിങ്ങളുടെ ദേവത്വത്തെയും ധനത്തെയും രാപകലുകൾ അതിലംഘിയ്ക്കില്ല, നദികൾ അതിലംഘിയ്ക്കില്ല, പണികൾ അതിലംഘിയ്ക്കില്ല! (9)

## കുറിപ്പുകൾ: സൂക്തം 151.

2. വൃഷാക്കളേ—അഭീഷ്ടവർഷികളായ മിത്രവരുണന്മാരേ. പുരുമീള്ഹൻ—യാഗശീലനായ ഒരു രാജാവ്. ഉള്ളത്—വേണ്ടുന്ന കർമ്മം. ആഗമനത്തെ പൂജിയ്ക്കുന്നവൻ—യജമാനൻ. ഗൃഹി=ഗൃഹസ്ഥൻ, യജമാനൻ.
3. വാന്നുഴിപ്പിറവി=ദ്യാവാപൃഥിവികളിൽനിന്നുള്ള ജനനം. ആശ്രിതൻ—യജമാനൻ.
4. സ്ഥലം—യാഗശാല. ഉൽഘോഷിച്ചാലും—'ക്ഷേമമായി' എന്നു പുകഴ്ത്തുവിൻ. വിണ്ണിനെ ഭരിപ്പാൻ പോന്ന—സ്വർഗ്ഗത്തിന്നാഹാരം നല്കുന്നതു, മനുഷ്യരുടെ യാഗമാണല്ലോ. ഗോവിനെ എന്നപോലെ—ഗോവിന്റെ ക്ഷീരാദികളെ എന്നപോലെ.
5. മേച്ചിൽസ്ഥലത്തെയ്ക്കയയ്ക്കുന്ന—പ്രാണികളുടെ ഗമനാദിവ്യവഹാരം മിത്രവരുണർക്കധീനമത്രേ. അവ—പൈക്കൾ. ദുർദ്ദിനങ്ങൾ=മേഘച്ഛന്നദിവസങ്ങൾ. സൂര്യനെക്കുറിച്ചു—സൂര്യനെ കാണാഞ്ഞ്. കള്ളനെ കണ്ടെത്തിയവൻ, ആളുകൾ കൂടാൻവേണ്ടി നിലവിളിയ്ക്കുമല്ലോ.
6. കേശിനികൾ—പുകത്തലമുടിയുള്ള അഗ്നിജ്വാലകൾ. മേധാവി—യജമാനൻ.
7. അർപ്പിയ്ക്കുന്നുവോ—ഹവിസ്സു നല്കുമോ.
9. പണികൾ—അസുരന്മാർ.

## സൂക്തം 152.

ദീർഘതമസ്സ് ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മിത്രാവരുണർ ദേവത.

മിത്രാവരുണരേ, നിങ്ങൾ ഈട്ടറ്റ വസ്ത്രങ്ങൾ ധരിയ്ക്കുന്നു. നിങ്ങളുടെ സൃഷ്ടികൾ അവിച്ഛിന്നങ്ങളും മനനയോഗ്യങ്ങളുമാകുന്നു. എല്ലാ അസത്യങ്ങളെയും നിങ്ങൾ തട്ടിനീക്കുന്നു; സത്യത്തോടു ചേരുന്നു! (1)

ഈ ഇരുവരിൽ ഒരാൾ – സത്യൻ, മനനവാൻ, മേധാവികളാൽ ശ്ലാഘിതൻ, ഹിംസകൻ – മതി, ഇതു നടത്താൻ: ഉഗ്രനായി ത്രികോണത്തെ ചതുഷ്കോണംകൊണ്ടു മുടിയ്ക്കും – ദേവനിന്ദകർ, മിടുമിടുക്കന്മാരാണെങ്കിലും, സ്വയം തളർന്നുകൊള്ളും! (2)

മിത്രാവരുണരേ, കാലുള്ളവരുടെ ഇടയിൽ, ഒന്നാമത്തവൾ കാലില്ലാതെ വന്നുചേരുന്നു; നിങ്ങളുടെ ആ ചെയ്തി ആരറിയും? ഒരു കുഞ്ഞ് ഈ ലോകത്തിന്റെ ഭാരം മുഴുവൻ ചുമക്കുന്നു – സത്യത്തെ നിറവേറ്റുന്നു, അസത്യത്തെ ആട്ടിപ്പായിയ്ക്കുന്നു! (3)

കന്യകമാരുടെ ജാരൻ വരുന്നതേ ഞങ്ങൾ കാണാറുള്ളു; ഇരിയ്ക്കുന്നതു കാണാറില്ല: മിത്രന്റെയും വരുണന്റെയും പ്രേമസ്ഥാനമായ അവൻ വിതതമായ തേജസ്സുടുക്കുന്നു! (4)

കുതിരയില്ല, കടിഞ്ഞാണില്ല; എന്നാലും അവൻ ഒച്ചപ്പെടുത്തിക്കൊണ്ടു മേല്പോട്ടു മേല്പോട്ടു പറക്കുന്നു! ഈ അചിന്ത്യമായ മഹാകർമ്മം മിത്രവരുണന്മാരുടെ പ്രഭാവത്താലാണെന്നു സ്തുതിച്ചുംകൊണ്ട്, ആളുകൾ സേവിച്ചുപോരുന്നു. (5)

തന്തിരുവടിയെ പ്രസാദിപ്പിച്ച മമതാപുത്രനെ പ്രീതികാരിണികളായ പൈക്കൾ സ്വന്തം അകിടുകൊണ്ടു സംതൃപ്തനാക്കട്ടെ: അനുഷ്ഠാനജ്ഞനായ അവൻ അവശിഷ്ടാന്നം നിങ്ങളോടു യാചിയ്ക്കുകയും, ഇടവിടാതെ പരിചരിച്ചു രക്ഷിയ്ക്കുകയും ചെയ്യുമാറാകണം! (6)

മിത്രാവരുണദേവന്മാരേ, നിങ്ങൾക്കു നമസ്കാരപൂർവ്വം ഹവിസ്സർപ്പിയ്ക്കുക എന്നതു ഞാൻ രക്ഷയ്ക്കായി തുടർന്നുകൊണ്ടിരിയ്ക്കും: ഞങ്ങളുടെ ശ്രേഷ്ഠകർമ്മം യുദ്ധങ്ങളിൽ വിജയിയ്ക്കട്ടെ; ദിവ്യമായ വൃഷ്ടി ഞങ്ങളെ മറുകരയിലണയ്ക്കട്ടെ! (7)

### കുറിപ്പുകൾ: സൂക്തം 152.

1. വസ്ത്രങ്ങൾ – തേജസ്സുകൾ.
2. സത്യൻ – സത്തുക്കളിൽ (നല്ലവരിൽ) ഉൾപ്പെട്ടവൻ. ഹിംസകൻ – ശത്രുക്കളെ ഹനിയ്ക്കുന്നവൻ. ത്രികോണം – മൂന്നു കോണുള്ള ആയുധം. ചതുഷ്കോണം – നാലു കോണുള്ള ആയുധം. തളർന്നുകൊള്ളും. നിങ്ങളിലൊരാളുടെ പ്രഭാവം കൊണ്ടുതന്നെ; അപ്പോൾ, ഇരുവരും ചേർന്നാലോ!
3. കാലുള്ളവർ – മനുഷ്യാദികൾ. ഒന്നാമത്തവൾ – പ്രഥമഭാവിനി, ഉഷസ്സ്: ഉഷസ്സു സൂര്യചന്ദ്രാദികളെപ്പോലെ സഞ്ചരിയ്ക്കുന്നില്ലായ്കയാലാണ്. കാലില്ലാതെ എന്നു പറഞ്ഞത്; സൂര്യാഗമനംതന്നെ, ഉഷസ്സിന്റെ വന്നുചേരൽ. കുഞ്ഞ് – അഹോരാത്രദേവതകളായ നിങ്ങളുടെ മധ്യത്തിൽനിന്നു ജനിയ്ക്കുന്ന ആദിത്യൻ. സത്യം – വെളിച്ചം കൊടുക്കലും മറ്റും. അസത്യം – അന്ധകാരം.
4. കന്യകമാരുടെ (ഉഷസ്സുകളുടെ) ജാരൻ – സൂര്യൻ. വിതതം – വിസ്തൃതം.

6. തന്തിരുവടി—അഗ്നി. മമതാപുത്രനെ—എന്നെ. സംതൃപ്തനാക്കട്ടെ. എനിയ്ക്കു മതിയാവോളം പാൽ തരട്ടെ. അനുഷ്ഠാനജ്ഞൻ—ഹുതശേഷം ഭക്ഷിയ്ക്കണമെന്നറിഞ്ഞവൻ. അവൻ—മമതാപുത്രൻ. അവശിഷ്ടാന്നം—ഭക്ഷിപ്പാൻ എനിയ്ക്കു തരുവിനെന്ന്. രക്ഷിയ്ക്കുക—കർമ്മം മുഴുമിപ്പിയ്ക്കുക.

7. വിജയിയ്ക്കട്ടെ—ഞങ്ങളുടെ ശത്രുക്കളെ കീഴടക്കട്ടെ. മറുകരയിൽ—കർമ്മസമാപ്തിയിൽ: മഴകൊണ്ടു നെല്ലും മറ്റും വളർന്നാൽ. കർമ്മങ്ങൾ സാധിയ്ക്കാമല്ലോ.

## സൂക്തം 153.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

നെയ്യൊഴുക്കുന്ന മിത്രാവരുണന്മാരേ, മഹാന്മാരായ, നിങ്ങളെ ഞങ്ങൾ ഹവിസ്സുകൊണ്ടും നമസ്സുകൊണ്ടും ക്ഷീരാദികൾകൊണ്ടും തുല്യപ്രീതിയോടേ പൂജിയ്ക്കുന്നു: ഞങ്ങളുടെ അധ്വര്യുക്കളും നിങ്ങളെ കർമ്മങ്ങൾകൊണ്ടു പോഷിപ്പിയ്ക്കുന്നുണ്ടല്ലോ. (1)

മിത്രാവരുണന്മാരേ, നിങ്ങളെക്കുറിച്ചുള്ള പ്രസ്താവംതന്നെ പൂർത്തിപ്പെട്ടുകഴിഞ്ഞിട്ടില്ല; അതിന്നുമുമ്പേ ഞാൻ നിങ്ങളുടെ തേജഃസ്ഥാനം പ്രാപിച്ചു, നിങ്ങളെ ആവർജ്ജിയ്ക്കുന്നു. ഹോതാവു യാഗങ്ങളിൽ നിങ്ങളെ സമീപിയ്ക്കുമ്പോൾ, വൃഷാക്കളേ, വിദ്വാനും യജനേച്ഛുവുമായ ഞാൻ നിങ്ങളുടെ സുഖം നേടും! (2)

മിത്രാവരുണരേ, യാഗത്തിൽ ഹവിസ്സു തരുന്നവരെ പയ്യു തളർച്ചകൂടാതെ സംതൃപ്തരാക്കട്ടെ—ആ രാതഹവ്യൻ, മാനുഷനെന്ന ഹോതാവെന്നപോലെ യാഗത്തിൽ സ്തുതിച്ചു നിങ്ങളെ പ്രീതിപ്പെടുത്തുന്നതെപ്പോഴോ, അപ്പോൾ! (3)

പോരാ: ഗോദേവികളും ജലവും നിങ്ങളുടെ അന്നത്തെ തോഷണാർഹകളായ പ്രജകളിൽ കൈവളർത്തട്ടെ! ഞങ്ങളുടെ യജ്ഞത്തിന്റെ പണ്ടേ ഉള്ള രക്ഷകൻ തന്നരുളട്ടെ! നിങ്ങളിരുവരും ഭക്ഷിപ്പിൻ, പയ്യിന്റെ പാലും കുടിപ്പിൻ! (4)

### കുറിപ്പുകൾ: സൂക്തം 153.

2. പ്രസ്താവം—'ഞാൻ യജിയ്ക്കും' എന്ന സങ്കല്പം. ആവർജ്ജിയ്ക്കുന്നു—എന്നെ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വിദ്വാൻ—നിങ്ങളുടെ മഹത്ത്വമറിഞ്ഞവൻ. നിങ്ങളുടെ സുഖം—ദേവത്വം. അതിന്നു നിങ്ങൾ അനുഗ്രഹിയ്ക്കണം!
3. തരുന്നവരെ—നിങ്ങൾക്കു നല്കുന്നവരെ. സന്തൃപ്തരാക്കട്ടെ—അവർക്കു മതിയാവോളം പാൽ കൊടുക്കട്ടെ. രാതഹവ്യൻ—ഒരു രാജാവ്. മാനുഷൻ—പേർ. അപ്പോൾ—സന്തൃപ്തരാക്കട്ടെ.
4. നിങ്ങളുടെ അന്നം—പ്രജകൾ നിങ്ങൾക്കു തരേണ്ടുന്ന പുരോഡാശാദി. തോഷണാർഹകൾ—നിങ്ങളാൽ സന്തോഷിപ്പിയ്ക്കപ്പെടേണ്ടവർ. രക്ഷകൻ—അഗ്നി. തന്നരുളട്ടെ—ഞങ്ങളാൽ ദത്തമായ ഹവിസ്സു നിങ്ങൾക്കു തരട്ടെ.

## സൂക്തം 154.

ദീർഘതമസ്സ് ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിഷ്ണു ദേവത. (പാന)

ക്ഷിപ്രമോതുവൻ, വിഷ്ണുവിൻ വീര്യങ്ങൾ:
ഇപ്പൃഥിവ്യാദിലോകകർത്താവിവൻ;
അപ്പുറം സഹസ്ഥാനമുറപ്പിച്ചാൻ,
മുപ്പദംകൊണ്ടളന്നീ മഹൽസ്തുതൻ! (1)

ആരുടെ മൂന്നു വൻതൃക്കഴൽവെപ്പിൽ-
പ്പാരുകളാകെയുൾപ്പെട്ടൊതുങ്ങിയോ;
വീരചര്യയാൽ സ്തുത്യർഹനാ വിഷ്ണു,
ഘോരദുർഗ്ഗാഗാദ്രിസ്ഥമൃഗംപോലെ! (2)

ഏവനീ നീണ്ട നിത്യസഹസ്ഥാന-,
മേകനായ് ത്തീർത്തു, മൂവടിവെപ്പിനാൽ;
ആ വൃഷാവുരുഗേയനുപരിസ്ഥൻ
വിഷ്ണു വെല്ക, വിഭാവ്യപ്രഭാവനായ്! (3)

വിഷ്ണുവിൻ മധുപൂർണ്ണമാം മൂവടി,
വിക്ഷയം സുഖിപ്പിപ്പിതന്നങ്ങളാൽ:
ഭ്രവുമെല്ലാജ്ജഗത്തും തനിച്ചല്ലോ
താൻ വഹിയ്ക്കുന്നു, കാലത്രയത്തിലും! (4)

പൂക ഞാനീ,യുരുക്രമന്നിഷ്ടവും
ദേവകാമർ സുഖിപ്പതുമാമിടം:
അപ്പരധാമ്നി തേനുറവുണ്ടല്ലോ;
ഇപ്പടിയ്ക്കൊരു ബന്ധുവാ വിഷ്ണുതാൻ. (5)

നിങ്ങൾ ചെല്ലമാറാകിരുപേരു,മാ-
ത്തുംഗരശ്മി പരക്കും ഗൃഹങ്ങളിൽ:
തത്രതാൻ വിലസുന്നു തുലോ,മുരു-
സ്തുത്യനാം വൃഷാവിന്റെ പരംപദം! (6)

### കുറിപ്പുകൾ: സൂക്തം 154.

1. കർത്താവ്=സ്രഷ്ടാവ്. അപ്പുറം—പൃഥിവിയ്ക്കുമീതെ. സഹസ്ഥാനം—ത്രിഭുവനാധാരമായ അന്തരിക്ഷം. മുപ്പദംകൊണ്ടളന്ന്-വാമനനായി, മൂന്നടികൊണ്ടു മൂന്നു ലോകം അളന്ന്. മഹൽസ്തുതൻ=മഹാന്മാരാൽ സ്തുതിയ്ക്കപ്പെട്ടവൻ.
2. ആ വിഷ്ണു വീരചര്യ(വീരകർമ്മം)മൂലം സ്തുത്യർഹനാകുന്നു. ഘോരദുർഗ്ഗാഗാദ്രിസ്ഥമൃഗം—ഘോരവും ദുർഗ്ഗഗാമിയും പർവതവാസിയുമായ മൃഗം (സിംഹം).
3. സഹസ്ഥാനം—ലോകത്രയം. വൃഷാവ്—കാമവർഷി. ഉരുഗേയൻ=വളരെപ്പേരാൽ സ്തുത്യൻ. ഉപരിസ്ഥൻ=ഉന്നതദേശസ്ഥിതൻ. വിഷ്ണു വിഭാവ്യപ്രഭാവനായ് (ധ്യാനിയ്ക്കേണ്ടുന്ന മഹിമാവോടുകൂടിയവനായി) വെല്ക (വിജയിപ്പൂതാക)!

4. മധുപൂർണ്ണം=തേൻ, അമൃതു നിറഞ്ഞത്. വിക്ഷയം=ക്ഷയമില്ലാത്തത്, ശാശ്വതം; മൂവടിയുടെ വിശേഷണം. അന്നങ്ങളാൽ സുഖിപ്പിപ്പിതു–ആശ്രിതരെ ആനന്ദിപ്പിയ്ക്കുന്നു. താൻ –അദ്ദേഹം.

5. ഈ ഉരുക്രമൻ–വലിയ കാൽവെപ്പോടുകൂടിയ വിഷ്ണു. ഇഷ്ടം=പ്രിയം. ദേവകാമർ–വിഷ്ണുഭക്തർ. ഇടം–ബ്രഹ്മലോകം. ഞാൻ പൂക–പ്രാപിയ്ക്കുമാറാകട്ടെ. പരധാമ്നി=പരമമായ സ്ഥാനത്ത്. സുകൃതികൾക്ക് ഇപ്പടിയ്ക്ക് ഒരു ബന്ധു ആ വിഷ്ണുതന്നെ.

6. യജമാനനോടും പത്നിയോടും പറയുന്നു: നിങ്ങൾ, വിഷ്ണുവിന്റെ പരമപദം എവിടെയോ അവിടെ ചെന്നെത്തട്ടേ എന്നു ഞാൻ പ്രാർത്ഥിയ്ക്കുന്നു.

## സൂക്തം 155.

ദീർഘതമസ്സ് ഋഷി; ജഗതി ഛന്ദസ്സ്; വിഷ്ണുവും ഇന്ദ്രനും ദേവത. (പാന)

നിങ്ങൾ, വർണ്ണ്യനാമമ്മഹാശൂരന്നും
വിഷ്ണുവിന്നുമൊരുക്കുവിൻ പേയത്തെ:
കേറി വാഴ്വോർ ഘനോപരി തേജസ്സിൽ,-
ച്ചാരുവാജിയാൽപ്പോലിദ്ദുരാധർഷർ! (1)

ഇന്ദ്ര, വിഷ്ണോ, സുകർമ്മാക്കൾ നിങ്ങൾത-
ന്നിയ്യെഴുന്നള്ളലർച്ചിപ്പൂ സോമപൻ:
മർത്ത്യന്ന ഫലദാനവും നേതാവാ-
മഗ്നിയെക്കൊണ്ടു സാധിപ്പവർ, നിങ്ങൾ (2)

തദ്വിവൃദ്ധം കരുത്തിരുതായാരി-
ലെത്തിപ്പോനിവൻ, വീറിനും കൊറ്റിനും:
അർക്കഗമതു, താഴെ നപ്താവി,ട-
യ്ക്കുണ്ണി, മൂന്നാമതച്ഛനിപ്പേർ കൊൾവൂ! (3)

ജീവനാർത്ഥം സ്തുതിക്കുക, തരുണനാ-
മീ വിഭുവിന്റെ വീര്യമോരോന്നും നാം:
മുപ്പദംകൊണ്ടളന്നുവല്ലോ ജഗ-
ത്ത,പ്പുരുസ്തുതൻ, ത്രാതാവ,ഹിംസിതൻ! (4)

സ്വർഗ്ഗദർശിതൻ രണ്ടു തൃക്കാൽവെപ്പേ
വ്യക്തമാക്കിബ്ഭജിപ്പതുള്ളൂ നരൻ;
കാറ്റുമൊന്നറിവീല മൂന്നാമത്ത-
തേ,റ്റവും പറക്കുന്ന ഖഗങ്ങളും! (5)

നാലു ചേർന്ന തൊണ്ണൂറിനെ,ച്ചക്രത്തെ-
പ്പോലവേ പലതാക്കിച്ചുഴറ്റുവോൻ,
മന്ത്രവാന്മാരളക്കും മഹാകായൻ,
മുന്തിയ യുവാവെത്തും, വിളിപ്പോനിൽ! (6)

### കുറിപ്പുകൾ: സൂക്തം 155.

1. അധ്വര്യപ്രഭൃതികളോടു പറയുന്നു: അമ്മഹാശൂരൻ—ഇന്ദ്രൻ. പേയം—സോമരസം. ഘനോപരി (മേഘങ്ങൾക്കുമീതെ) തേജസ്സിൽ (സ്വന്തം തേജസ്സിൽ) ചാരുവാജിയാൽപ്പോലെ (സദശ്വാസീനരായിട്ടെന്നപോലെ) കേറി വാഴുന്നവരാണ് ഇദ്ദുരാധർഷർ (ഇന്ദ്രനും വിഷ്ണുവും).
2. ഇയ്യെഴുന്നള്ളൽ—യാഗദേശഗമനം. സോമപൻ—ഹുതാവശിഷ്ടസോമരസം സേവിയ്ക്കുന്നവൻ, യജമാനൻ. അർച്ചിപ്പൂ—പൂജിയ്ക്കുന്നു, സ്തുതിയ്ക്കുന്നു. നിങ്ങൾ അഗ്നി കൊണ്ടുവരുന്ന ഹവിസ്സു സ്വീകരിച്ച്, അഗ്നിയെക്കൊണ്ടുതന്നെ മർത്ത്യന്ന (യജമാനന്ന) ഫലം കൊടുപ്പിയ്ക്കുന്നു.

3. തദ്വിവൃദ്ധം—സോമാഹുതിയാൽ വളർന്ന. കരുത്ത്—തന്റെ ബലം. ഇരുതായാർ—ദ്യാവാപൃഥിവികൾ. ഇവൻ—ഇന്ദ്രൻ. വീറിനും കൊറ്റിനും—പ്രാണികൾക്കു വീര്യവും (പ്രജോൽപാദനശക്തിയും) കൊറ്റും (വ്രീഹിസസ്യാദിയും) ലഭിപ്പാൻ. അർക്കഗമായ (സൂര്യനെ പ്രാപിച്ച) അതു (കരുത്ത്) മൂന്നുപേർ—താഴെ നപ്താവ് (പൌത്രൻ), ഇടയ്ക്കു (നടുവിൽ) ഉണ്ണി (പുത്രൻ), മീതേ പിതാവ് എന്നിവർ—നേടുന്നു. ആഹുതിയാൽ വൃഷ്ടിയും, വൃഷ്ടിയാൽ സസ്യാദിയും, സസ്യാദിയാൽ മനുഷ്യർക്കു സന്താനസമൃദ്ധിയും ഉളവാക്കുന്നു.

4. ഈ വിഭു—വിഷ്ണു. അഹിംസിതൻ—ആരാലും ഹിംസിയ്ക്കപ്പെടാത്തവൻ, അജിതൻ.

5. സ്വർഗ്ഗദർശി—വിഷ്ണു. കാറ്റും—മരുദ്ഗണവും. മൂന്നാമത്തത്—മൂന്നാമത്തെ തൃക്കാൽവെപ്പ്. ഖഗങ്ങളും—ഗരുഡാദികൾപോലും. സത്യലോകം അത്രയേറെ അകലത്താകയാൽ, ആർക്കും ജ്ഞാനഗോചരമല്ല എന്നു ഭാവം.

6. നാലു ചേർന്ന തൊണ്ണൂറിനെ—സംവത്സരം, രണ്ടയനങ്ങൾ മുതലായ തൊണ്ണൂറ്റിനാലു കാലാവയവങ്ങളെ. മന്ത്രവാന്മാരളക്കും—വിഭുവാണെങ്കിലും അദ്ദേഹം മന്ത്രം ചൊല്ലി സ്തുതിയ്ക്കുന്നവരാൽ, ഭക്താധീനതനിമിത്തം, അറിയപ്പെടുന്നു. മഹാകായൻ—വിരാഡ്രൂപൻ. വിളിപ്പോനിൽ—വിളിയ്ക്കുന്നവന്റെ അടുക്കൽ, യജ്ഞസ്ഥലത്ത്.

അനുവാകം 22.

## സൂക്തം 156.

ദീർഘതമസ്സ് ഋഷി; ജഗതി ഛന്ദസ്സ് വിഷ്ണു ദേവത. (കാകളി)

തോഴർപോലേ സുഖം നല്ക, യശസ്വി നീ
തോയനേതാവതിമേദുരൻ, ത്രാണദൻ:
വിജ്ഞൻ വളർത്തണം, വിഷ്ണോ, തവ സ്തവം
യജ്ഞവും വിസ്തരിയ്ക്കേണം ഹവിഷ്കരൻ! (1)

നിത്യനവീനൻ സ്വയംഭൂവു ശാശ്വതൻ
കർത്താവുമാം വിഷ്ണുവിന്നെവർ നല്കമോ,
ആ മഹാന്റെ മഹാജന്മമാർ ചൊല്ലമോ;
പേർമികവാർന്നവർ പൂകുമേ, തൽപദം! (2)

ആ യജ്ഞരൂപനാം നിത്യനെ സ്തോതാക്ക-
ളാവതുപോലേ കനിയിയ്ക്കുവിൻ സ്വയം;
തൻതിരുനാമമഭിജ്ഞർ കീർത്തിയ്ക്കുവിൻ:
സന്തുഷ്ടി വിഷ്ണോ, ഭവിയ്ക്ക, തേ ഞങ്ങളിൽ! (3)

ആ മരുത്സംഘധാതാവിന്റെയക്കർമ്മ-
മാശ്രയിപ്പൂ, പുരാൻ പാശിയും ദസ്രരും:
വിണ്ണേകമഗ്ര്യബലത്തെ വഹിയ്ക്കുന്ന
വിഷ്ണു സമിത്രൻ തുറക്കുന്നു കാറിനെ! (4)

ദിവ്യൻ വരുന്നു, സുകൃദ്വര്യനാ വിഷ്ണു
ഹവ്യവാനാം സുകർമ്മാവെത്തുണയ്ക്കുവാൻ;
ത്രിസ്ഥാനവാൻ വിധാതാവാര്യകർമ്മിയെ-
ത്തൃപ്തനാക്കിസ്സമർപ്പിപ്പൂ, മഖാംശവും! (5)

### കുറിപ്പുകൾ: സൂക്തം 156.

1. തോയനേതാവ്—വൃഷ്ടി നടത്തുന്നവൻ. അതിമേദുരൻ—പൃഥുതരശരീരൻ. ത്രാണദൻ=രക്ഷ നല്കുന്നവൻ. സുഖം നല്ക—ഞങ്ങൾക്കു സുഖകരനായാലും. വിജ്ഞൻ—അങ്ങയുടെ മഹിമയറിഞ്ഞവൻ. തവ സ്തവം വളർത്തണം: അങ്ങയെ പേർത്തും പേർത്തും സ്തുതിയ്ക്കണം. ഹവിഷ്കരൻ—ഹവിസ്സുണ്ടാക്കിയവൻ, യജമാനൻ.
2. നിത്യനവീനൻ—എന്നെന്നും പുതിയവൻ, അതിരമണീയൻ. കർത്താവ്—ജഗൽസ്രഷ്ടാവ്. നല്കമോ—ഹവിസ്സ്. ആ മഹാന്റെ—വിഷ്ണുവിന്റെ. ജന്മം—ഹിരണ്യഗർഭാദി. അവർ—ഹവിസ്സു നല്കിയവരും ജനനം കീർത്തിച്ചവരും. പേർമികവാർന്ന്—മികച്ച യശസ്സു നേടി. തൽപദം—വിഷ്ണുപദം.
3. മൂന്നു പാദം സ്തോതാക്കളോടുള്ളതാണ്: സ്വയം—വരലോഭപ്രേരണകൂടാതെ. അഭിജ്ഞർ—വിഷ്ണുനാമകീർത്തനമഹിമയറിഞ്ഞവർ.
4. മരുസംഘധാതാവ്—മരുദ്ഗ്ണസ്രഷ്ടാവ്. അക്കർമ്മം—രക്ഷണവും മറ്റും. പുരാൻ=രാജാവ്. പാശി=വരുണൻ. അഗ്ര്യബലം—ഉൽകൃഷ്ടമായ ഫലപ്രദാനശക്തി. സമിത്രൻ—ഇന്ദ്രമരുദാദികളോടുകൂടിയവൻ.

5. സുകൃദ്വര്യൻ=സുകൃതികളിൽ ശ്രേഷ്ഠൻ. ഹവ്യവാനാം സുകർമ്മാവ്–യജമാനൻ. ത്രി-സ്ഥാനവാൻ–തിലോകസ്ഥിതൻ. വിധാതാവ്–അഭിമതഫലജനകൻ. ആര്യകർ-മ്മിയെ–യജമാനനെ. മഖാംശവും സമർപ്പിപ്പൂ–യജ്ഞത്തിന്റെ അംശം (ഹുതാവശേ-ഷം, അല്ലെങ്കിൽ ഫലം) യജമാനന്നു കൊടുക്കുകയും ചെയ്യുന്നു.

# ഋഗ്വേദം: രണ്ടാം അഷ്ടകം

## രണ്ടാം അദ്ധ്യായം

### മണ്ഡലം 1    അനുവാകം 22

## സൂക്തം 157.

ദീർഘതമസ്സ് ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; അശ്വികൾ ദേവത. (കേക)

ഉണർന്നൂ സ്ഥാനത്തഗ്നി;-യുദിപ്പൂ ഭാസ്വാൻ; ഇമ്പ-
മുതകി പ്രഭ വീശീ, മഹതിയുഷസ്സെങ്ങും–
തേരു പൂട്ടുവിൻ പോരാൻ ദസ്രരേ; വിടനല്കു-
കോ,രോരോ ശരീരിയ്ക്കും സവിതാവാകും ദേവൻ! (1)

കാമവർഷിയാം തൃത്തേർ പൂട്ടുന്നതോടേ നിങ്ങൾ
ളുമധു തളിയ്ക്കുവിൻ ഞങ്ങൾതൻ ബലത്തിന്മേൽ;
ഞങ്ങൾതൻ പ്രജകളിൽ ശ്രേഷ്ഠാന്നം വളർത്തുവിൻ;
ഞങ്ങൾ നേടാവൂ ധനം യുദ്ധത്തിലശ്വികളേ! (2)

മൂവുരുൾ, മൂന്നുനുകത്തണ്ടു, ശീഘ്രാശ്വങ്ങളും,
ശ്രീവായ്പും, സമസ്തസൌഭാഗ്യവും നറുതേനും–
ഇമ്മട്ടാം പ്രണുതാശ്വിത്തേരിഹ വന്നേകട്ടേ,
നമ്മുടെയിരുകാലി-നാല്ക്കാലികൾക്കു സുഖം! (3)

ഞങ്ങൾക്കു ബലം കൊണ്ടുവരുവിനശ്വികളേ;
ഞങ്ങളെക്കുളിർപ്പിപ്പിൻ, തേനോലുമരുളിനാൽ;
ഏറ്റുവിൻ ഞങ്ങൾക്കായുസ്സം,ഹസ്സു തുടയ്ക്കുവിൻ;
മാറ്റാരെത്തടുക്കുവിൻ; കൂടെ നില്ക്കുവിൻ നിങ്ങൾ! (4)

ഭവാന്മാരല്ലോ നിർത്തീടുന്നു ഗോക്കളിൽഗ്ഗർഭം;
ഭുവനങ്ങളിലെല്ലാം നിർത്തുവോർ, ഭവാന്മാർതാൻ;
അഗ്നിയെ,ജ്ജലത്തെ, വൃക്ഷത്തെയും പ്രേരിപ്പിപ്പി-
നത്ര ഞങ്ങൾക്കായ് നിങ്ങൾ ദസ്രരേ, വൃഷാക്കളേ! (5)

നിങ്ങൾ സൌഷധർ വൈദ്യന്മാരല്ലോ, വിദഗ്ദ്ധരേ;
നിങ്ങൾക്കു ഹയങ്ങളെപ്പൂട്ടിയ തേരുണ്ടല്ലോ;
തുംഗവുമല്ലോ ബലം; നിങ്ങൾ കൈക്കൊണ്ടീടുമേ,
നിങ്ങൾക്കു മനസ്സോടേ ഹവിസ്സു തരുന്നോനെ! (6)

### കുറിപ്പുകൾ: സൂക്തം 157.

1. ഉണർന്നൂ–ജ്വലിച്ചു. ഉതകി=നല്കി. ഓരോരോ ശരീരിയ്ക്കും വിടനല്കുക–സ്വസ്വ-കർമ്മത്തിന്നു പോയ്ക്കൊൾവാൻ അനുമതി കൊടുക്കട്ടെ.
2. ബലത്തിന്മേൽ ളുമധു തളിയ്ക്കുവിൻ–ബലത്തെ വർദ്ധിപ്പിപ്പിൻ എന്നു ഭാവം. ധനം–ജയിയ്ക്കപ്പെട്ട ശത്രുക്കളുടെ സമ്പത്ത്.
3. ശ്രീവായ്പ്=ധനപുഷ്ടി. ഇമ്മട്ടാം–ഇവയെല്ലാം ചേർന്ന. പ്രണുതാശ്വിത്തേർ= പ്രകർഷേണ സ്തുതിയ്ക്കപ്പെട്ടതായ അശ്വികളുടെ രഥം.
4. അരുൾ–ഇഷ്ടപ്രദാനരൂപമായ വാക്ക്. ഏറ്റുക=വർദ്ധിപ്പിയ്ക്കുക. അംഹസ്സ്=പാപം. തുടയ്ക്കുവിൻ–തുടച്ചുകളയുവിൻ. മാറ്റാരെ–ഞങ്ങളുടെ ശത്രുക്കളെ.

5. ഗോക്കളിൽമാത്രമല്ല, ഭുവനങ്ങളിൽ (ഭൂതജാതങ്ങളിൽ) എല്ലാം ഗർഭം നിർത്തുന്നതു നിങ്ങൾതന്നെ. അഗ്നിയെ ഹവിസ്സു സ്വീകരിപ്പാനും, ജലത്തെ വർഷിപ്പാനും, വൃക്ഷത്തെ കായ്ക്കാനും പ്രേരിപ്പിയ്ക്കുവിൻ.

6. സൌഷധർ=മരുന്നുള്ളവർ. ദേവവൈദ്യന്മാരത്രേ, അശ്വികൾ. ഹവിസ്സു തരുന്നവനെ (യജമാനനെ) നിങ്ങൾ കൈക്കൊള്ളുമെന്ന് എനിയ്ക്കുറപ്പുണ്ട്.

രണ്ടാമധ്യായം സമാപ്തം.

# ഋഗ്വേദം: രണ്ടാം അഷ്ടകം

## മൂന്നാം അദ്ധ്യായം

### മണ്ഡലം 1 അനുവാകം 22

## സൂക്തം 158.

ദീർഘതമസ്സ് ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സ്; അശ്വികൾ ദേവത. (കേക)

രുദ്രന്മാർ, പുരുജ്ഞന്മാർ, വസുക്കൾ, വളരുവോ-
രർത്ഥസാധകർ നിങ്ങൾ ദസ്രരേ, വൃഷാക്കളേ,
വിത്തമൌചഥ്യൻ യാചിപ്പതു തന്നരുളേണം:
ഉത്തമത്രാണങ്ങളെക്കൊടുപ്പോരല്ലോ, നിങ്ങൾ! (1)

ആരാളാം വസുക്കളേ, നിങ്ങൾതൻ സദ് ബുദ്ധിയ്ക്കു?
ചോറിനായ് മന്നിലിറങ്ങീടുവോരല്ലോ, നിങ്ങൾ.
പുഷ്ടിദകളാം ക്ഷീരാഢ്യകളെത്തരികെങ്ങൾ-
ക്കി,ഷ്ടദാനമേ നണ്ണിസ്സഞ്ചരിപ്പവർ നിങ്ങൾ! (2)

നിങ്ങൾതൻ തൃത്തേർ പൂട്ടപ്പെട്ടല്ലോ, സമുദ്രത്തിൽ
മുങ്ങി വല്ലായ്മപ്പെട്ട തൌഗ്ര്യനെക്കരയേറ്റാൻ;
ശരണം പ്രാപിയ്ക്കുന്നേൻ, നിങ്ങൾതൻ ത്രാണത്തെ ഞാൻ,
സരയഹയങ്ങളാൽജ്ജയിച്ച ശൂരൻപോലേ! (3)

രക്ഷിയ്ക്ക,കുപസ്തുതിയുചഥ്യതനൂജനെ:
വെച്ചെന്നെക്കറക്കരുതീ,യിരുപറവകൾ;
പത്തടുക്കായ വിറകിട്ടെരിയ്ക്കരുതെന്നെ;-
ബ്ബദ്ധനായ് മൺ തിങ്കയാണി,ബ്ഭുവദീയൻ സ്വയം! (4)

വിഴുങ്ങായ്ക്കെ,ന്നെത്തായ്ക്കുൾക്കൊക്കമാറുകൾ: ദാസർ
മുഴക്കെക്കെട്ടിവരിഞ്ഞെന്നെയിങ്ങിട്ടാരല്ലോ!
ത്രാതനനറുത്താനെൻശിരസ്സ;ദ്ദാസൻ പിന്നെ-
ച്ഛേദിച്ചുകൊണ്ടാനല്ലോ താൻതന്നെ നെഞ്ചും തോളും! (5)

മമതാപുത്രൻ ദീർഘതമസ്സു പത്തുയുഗം
ക്രമത്തിൽക്കഴിച്ചിട്ടു, വാർദ്ധക്യമടഞ്ഞപ്പോൾ,
കർമ്മത്തിൻ ഫലങ്ങളെ പ്രാപിയ്ക്കും പ്രജകളിൽ
ബ്രഹ്മതുല്യനാം നിർവാഹകനായ് മരുവുന്നു! (6)

### കുറിപ്പുകൾ: സൂക്തം 158.

1. രുദ്രന്മാർ=ദുഃഖം പോക്കുന്നവർ. പുരുജ്ഞന്മാർ=വളരെക്കുട്ടം അറിയുന്നവർ. വസുക്കൾ–ധനവാന്മാർ. വളരുവോർ–സ്തോത്രാദിയാൽ വർദ്ധിയ്ക്കുന്നവർ–അർത്ഥസാധകർ=അർത്ഥം (അഭീഷ്ടം) സാധിയ്ക്കുന്നവർ. ഔചഥ്യൻ–ഉചഥ്യപുത്രൻ,ദീർഘതമസ്സ്. ഉത്തമത്രാണങ്ങൾ-ശ്രേഷ്ഠരക്ഷകൾ.
2. നിങ്ങളുടെ സദ്ബുദ്ധിയ്ക്കു (നല്ലമനസ്സിന്ന്, അനുഗ്രഹബുദ്ധിയ്ക്ക്) തക്കതു ചെയ്‌വാൻ ആർ ആളാം? ആരും ശക്തനാകില്ല. ചോറിനായ്–ഞങ്ങളുടെ തുച്ഛമായ ഹവിസ്സു ഭക്ഷിച്ചു, ഞങ്ങൾക്കു മറ്റത്തായ ഫലംതരാൻ. ക്ഷീരാഢ്യകളെ–ധാരാളം പാലുള്ള പൈക്കളെ. ഇഷ്ടദാനമേ നണ്ണി–യജമാനന്ന് എന്തഭീഷ്ടവും കൊടുക്കണമെന്ന ഏകവിചാരത്തോ-ടേ.

3. തൌഗ്ര്യൻ=തുഗ്രപുത്രൻ, ഭുജ്യു. 117-ാം സൂക്തത്തിലുണ്ട്, ഇക്കഥ. സരയഹയ-ങ്ങൾ=ഗതിവേഗമുള്ള അശ്വങ്ങൾ. ജയിച്ച ശൂരൻ നിർഭയനായി സ്വഗൃഹം പ്രാപിയ്ക്കു-ന്നതുപോലെ, ഞാൻ നിങ്ങളുടെ ത്രാണത്തെ (രക്ഷയെ) ശരണംപ്രാപിയ്ക്കുന്നു.

4. ജാത്യന്ധനായ ദീർഘതമസ്സിനെ ശുശ്രൂഷിയ്ക്കാൻവയ്യാഞ്ഞു ഭൃത്യർ ആ വൃദ്ധനെ ചുട്ടെരി-പ്പാൻ തീയിൽ കൊണ്ടിട്ടു. അപ്പോൾ അദ്ദേഹം അശ്വികളെ സ്തുതിച്ചു; അവർ രക്ഷപ്പെ-ടുത്തുകയും ചെയ്തു. പിന്നീടു ഭൃതർ ദീർഘതമസ്സിനെ വെള്ളത്തിലെറിഞ്ഞു. അപ്പോഴും സ്തുതിയ്ക്കപ്പെട്ട അശ്വികൾ അദ്ദേഹത്തെ കരയേറ്റി. ഒടുവിൽ, തീയിലും വെള്ളത്തിലും ചാകാത്ത അദ്ദേഹത്തിന്റെ തലയും നെഞ്ചും ത്രാതനനെന്ന ഒരു ദാസൻ വെട്ടിമുറി-ച്ചു. ആ ദ്രോഹവും അശ്വികൾ പാഴാക്കിക്കളഞ്ഞു. ഇതത്രേ, ഈ ഋക്കിലും അടുത്ത ഋക്കിലും പറയുന്നത്. ഉപസ്തുതി–ഞാൻ മനസ്സുകൊണ്ടു നിങ്ങളെ പ്രാപിച്ചുചെയ്യുന്ന സ്തു-തി. ഉചഥ്യതനുജനെ–എന്നെ-രക്ഷിയ്ക്കുമാറാകണം. ഈയിരുപറവകൾ–പകലും രാ-വും. എന്നെവെച്ചു കറക്കരുത്–എന്റെ അന്തസ്സാരത്തെ അപഹരിയ്ക്കരുത്. പത്തട്ടിയാ-യിവെച്ചു, തീ കൊളുത്തിയ വിറക് എന്നെ ഇട്ടുചുട്ടെരിയ്ക്കരുത്. മൺ തിങ്കയാണ്=മണ്ണു-തിന്നുകയാണ്; മണ്ണിലുരുളുകയാണ്. ഇബ്ഭവദീയൻ–നിങ്ങളുടെ ഒരാളായ ഞാൻ–ഇങ്ങിനെ കഷ്ടപ്പെടാമോ?

5. തായ്കൾക്കൊക്കും–അമ്മമാർപോലെ ലോകത്തിനു ഹിതം ചെയ്യുന്ന. ഇങ്ങ്–നദീജലത്തിൽ.

6. അശ്വിപ്രസാദത്താൽ ദീർഘതമസ്സിന്നു യൌവനംതന്നെ പത്തുയുഗം മുഴുവൻ നിലനി-ന്നു!

## സൂക്തം 159.

ദീർഘതമസ്സ് ഋഷി; ജഗതി ഛന്ദസ്സ്; ദ്യാവാപൃഥിവികൾ ദേവത. (കേക)

യജ്ഞാർത്ഥം സ്തുതിയ്ക്കുന്നേൻ, യാഗത്തിൽ മനസ്സുന്നും
യജ്ഞവർദ്ധിനികളാം വൻവാന്നൂഴികളെ ഞാൻ:
ദേവയുക്തകൾ, ദേവമാതാക്കളിവർ, നന്മ
ചെയ്വവർ ശരിയ്ക്കുൻപാൽ വേണ്ടതേകുവോരല്ലോ! (1)

അൻപിയറ്റവൻ, പിതൃപ്രിയയാം മാതാവിന്റെ
വെമ്പുമാ മഹത്തായ ഹൃത്തിൽ ഞാനാഹ്വാനത്താൽ:
സമ്പന്നപ്രഭാവരിപ്പിതാക്കളമൃതമാം
വൻഫലം തുലോമേകും, മക്കൾക്കു രക്ഷോൽക്കർഷാൽ! (2)

പെരിയ തായാരിവർ മുല്പാടു കനിയുമെ-
ന്നറിവൂ, സുകർമ്മാക്കളാസ്സുദൃഷ്ടികൾ മക്കൾ;
സ്ഥിരജംഗമകളാം രണ്ടില്ലാപ്രജകളെ-
ബ്ഭരിപ്പാൻ നിർബാധമായിടമേകുന്നു നിങ്ങൾ! (3)

ഒന്നിലേ പിറന്നൊ,പ്പമൊരിടത്തിലേ വസി-
യ്ക്കുന്ന സോദരിമാരാമിവരെയളക്കുന്നു,
വിദ്യോതിവാനിൽപ്പുത്തൻ പുത്തൻ നൂൽ പരത്തുന്നു,
വിജ്ഞാനമേധാകർമ്മശാലികൾ കിരണങ്ങൾ! (4)

ദേവനാം സവിതാവോടനുജ്ഞ വാങ്ങിച്ചിപ്പോ-
ളാ വരേണ്യമാം വിത്തമഭ്യർത്ഥിയ്ക്കുക നമ്മൾ:
ദ്യാവാപൃത്ഥ്വികൾ നമുക്കേകട്ടേ മനംതെളി-
ഞ്ഞാ,വാസങ്ങളും നൂറുഗോക്കളും ചേർന്ന ധനം! (5)

### കുറിപ്പുകൾ: സൂക്തം 159.

1. വൻവാന്നൂഴികൾ—മഹതികളായ ദ്യാവാപൃഥിവികൾ. ശരിയ്ക്ക്—സത്യമായി, തീർച്ചയായി വേണ്ടത്—ധനാദി.

2. പിതൃപ്രിയ=അച്ഛന്നു (സ്വർഗ്ഗത്തിന്നു) പ്രിയ. മാതാവ്—ഭൂമി. വെമ്പും—നമ്മെ അനുഗ്രഹിപ്പാൻ തിടുക്കംകൊള്ളുന്ന. പിതാക്കൾ=അച്ഛനമ്മമാർ, വാന്നൂഴികൾ. അമൃതം—അനശ്വരം. മക്കൾക്ക്—യജമാനാദികൾക്ക്. രക്ഷോൽക്കർഷാൽ=രക്ഷയുടെ മേന്മ (മികച്ച രക്ഷ)കൊണ്ട്.

3. തായാരിവർ—ഈ മാതാക്കൾ, ദ്യാവാപൃഥിവികൾ. ആ—പ്രസിദ്ധരായ, സുദൃഷ്ടികൾ—ശോഭനദർശനർ. രണ്ടില്ലാപ്രജകളെ—സ്വജീവനത്തിന്നു മറ്റാരെയും കരുതാത്ത, വാന്നൂഴികളെമാത്രം സേവിയ്ക്കുന്ന സന്താനങ്ങളെ. ഭരിപ്പാൻ—രക്ഷിപ്പാൻ. ഉത്തരാർദ്ധം പ്രത്യക്ഷവാക്യം: നിങ്ങൾ—വാന്നൂഴികൾ.

4. ഇവരെ—വാന്നൂഴികളെ. കിരണങ്ങൾ (സൂര്യരശ്മികൾ) അളക്കുന്നു; അതിന്നാവാം, വിദ്യോതിവാനിൽ (വിളങ്ങുന്ന അന്തരിക്ഷത്തിൽ) പുത്തൻ പുത്തൻ നൂൽ (രശ്മിതന്നെ, നൂൽ.) പരത്തുന്നത്! വിജ്ഞാനമേധാകർമ്മശാലികൾ=വിജ്ഞാനം (സ്വകർത്തവ്യബോധം), മേധ, കർമ്മം എന്നിവയുള്ളവ.

5. സവിതാവോട് (അന്തരാത്മാവിനോട്) അനുജ്ഞ (അനുമതി) വാങ്ങിച്ച്–മനസ്സാക്ഷിയ്ക്കൊത്ത്. ആ–അപ്രകാരമുള്ള. ആവാസങ്ങൾ=പാർപ്പിടങ്ങൾ, ഗൃഹങ്ങൾ.

## സൂക്തം 160.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കേക)

ഏവർക്കും സുഖദമാർ സത്യമാർ ധിഷണമാർ
ദ്യാവാപൃത്ഥ്വികൾ, വെള്ളം നിര്യതം വഹിപ്പവർ,
ദേവിമാർ സുജാതമാരി:-വർതന്നിടയ്ക്കല്ലോ,
പാവനൻ രവിദേവൻ ധർമ്മാർത്ഥം ചരിയ്ക്കുന്നു! (1)

ധൃഷ്ടത പരപ്പിവയേറിയോർ, പെരിയവർ,
വിട്ടുനില്പവര,ച്ഛനമ്മമാർ വാന്നൂഴികൾ
പുഷ്ടിദമാരായ്ബ്ഭൂതജാതത്തെ രക്ഷിയ്ക്കുന്നു:
കിട്ടിപ്പിതല്ലോ, താതനെമ്പാടും വെളിച്ചത്തെ! (2)

ഇത്താതമാതൃസുതൻ, പാവനൻ, ഫലധർത്താ-
വദ്ധീരൻ ഭുവനത്തിന്നൊക്കയും വെൺപയ്യിന്നും
സദ്വീര്യവൃഷത്തിന്നും ശുദ്ധി കൂട്ടുന്നു നിത്യം;
ബുദ്ധിയാലതിൻ പൈംപാൽത്തണ്ണീരും കറക്കുന്നു! (3)

ഏവർക്കും സുഖം നല്കും രോദസികൾതൻ സ്രഷ്ടാ-
വേവനോ; സുകൃതമോർത്തേവനോ ദ്യോഭൂക്കളെ
ഈവിധമുറപ്പിച്ചു, നല്ല കുറ്റികൾ നാട്ടി;-
ദ്ദേവരിൽദ്ദേവനവൻ, കർമ്മവാൻ കർമ്മികളിൽ! (4)

പെരിയ ഭൂവേ, ദ്യോവേ, പുകഴ്ത്തപ്പെട്ടും നിങ്ങൾ
തരുവിൻ, ഞങ്ങൾക്കേറ്റമന്നവും പെരുംകെല്പും:
സതതം പ്രജകളെപ്പെരുപ്പിയ്ക്കാവൂ, ഞങ്ങ-
ള;-തിനായ് സ്തുത്യൌജസ്സും ഞങ്ങൾക്കു വളർത്തുവിൻ! (5)

### കുറിപ്പുകൾ: സൂക്തം 160.

1. സത്യമാർ=സത്യവതികൾ. ധിഷണമാർ=പ്രഗത്ഭമാർ. ദ്യാവാപൃഥിവീപര്യായങ്ങളിലൊന്നാണ്, ധിഷണാപദം.
2. വിട്ടു—തമ്മിൽത്തൊടാതെ. താതൻ—വാന്.
3. ഇത്താതമാതൃസുതൻ—ആദിത്യൻ. ഫലധർത്താവ്=ഫലത്തെ വഹിയ്ക്കുന്നവൻ. ധീരൻ=ധീമാൻ. വെൺപയ്യ്—ഭൂമി. സദ്വീര്യവൃഷത്തിന്നും—നല്ല വീര്യം (ത്രാണി) ഉള്ള വൃഷത്തിന്നും, വാനിന്നും. ശുദ്ധി—വെളിച്ചമെന്നർത്ഥം. അതിൻ—വാനിന്റെ. പൈംപാൽത്തണ്ണീർ—പുതുപാലിന്നൊത്ത തണ്ണീർ. കറക്കുന്നു—മഴപെയ്യിയ്ക്കുന്നു. മൂന്നാംപാദത്തിൽ വൃഷമാക്കപ്പെട്ട വാനിനെ നാലാംപാദത്തിൽ പയ്യാക്കിയിരിയ്ക്കുന്നു.
4. രോദസികൾ—ദ്യാവാപൃത്ഥ്വികൾ. സുകൃതമോർത്ത്—ലോകോപകാരേച്ഛയാൽ. നല്ല—ഉറപ്പുള്ള. കുറ്റികൾ നാട്ടി—കുറ്റികൾ നാട്ടിയിട്ടെന്നപോലെ. അവൻ—ആ പരമേശ്വരൻതന്നെ, ദേവന്മാരിൽവെച്ചു ദേവനും കർമ്മികളിൽവെച്ചുകർമ്മിയും!
5. പ്രജകൾ—പുത്രാദികൾ. പെരുപ്പിയ്ക്കുക—വർദ്ധിപ്പിയ്ക്കുക. സ്തുത്യൌജസ്സ്=സ്തുത്യമായ ശരീരബലം.

## സൂക്തം 161.

ദീർഘതമസ്സ് ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഋഭുക്കൾ ദേവത.

'നമ്മുടെ ജ്യേഷ്ഠനോ, അനുജനോ ഈ വന്നിരിയ്ക്കുന്നത്? അതോ, ഒരു ദൂതനോ? എങ്ങനെ അറിയാം?''അഗ്നേ, ഭ്രാതാവേ, ഞങ്ങൾ ചമസത്തെ നിന്ദിയ്ക്കില്ല: വലിയ കുലത്തിൽ ജനിച്ചതാണല്ലോ, ഇത്. ഈ മരക്കഷ്ണത്തിന്റെ ആഗമം ഞങ്ങൾ പറയാം.' (1)

'സുധന്വപുത്രന്മാരേ, ഈയൊരു ചമസത്തെ നിങ്ങൾ നാലാക്കുവിൻ: നിങ്ങളോടു ദേവകൾ പറഞ്ഞിരിയ്ക്കുന്നു; അതറിയിപ്പാനാണ്, ഞാൻ വന്നത്. ഇതു ചെയ്താൽ, നിങ്ങൾക്കു ദേവന്മാരോടൊപ്പം യജ്ഞാംശം ഭുജിയ്ക്കാം.' (2)

'അഗ്നിയാകുന്ന ദൂതനോടു പറഞ്ഞിരിയ്ക്കുന്നവല്ലോ: അശ്വത്തെ ഉണ്ടാക്കണം. തേരുണ്ടാക്കണം. പയ്യിനെ ഉണ്ടാക്കണം. ഇരുവർക്കു യൌവനമുണ്ടാക്കണം. ഭ്രാതാവേ, ഞങ്ങൾ അതൊക്കെ ചെയ്തിട്ടു നിങ്ങളുടെ അടുക്കൽ വരാം.' (3)

ഋഭുക്കളേ, അതു ചെയ്തിട്ടു നിങ്ങൾ ചോദിച്ചു:- 'നമ്മളുടെ അടുക്കൽ വന്ന ദൂതൻ എവിടെപ്പോയി? ഉണ്ടാക്കപ്പെട്ട നാലു ചമസങ്ങൾ കണ്ടതോടേ, ത്വഷ്ടാവു സ്ത്രീകളിലൊരാളായിത്തീർന്നു! (4)

'ദേവകൾക്കു കുടിപ്പാനുള്ള ചമസത്തെ എവർ നിന്ദിച്ചുവോ, അവരെ നാം കൊല്ലണ'മെന്നു ത്വഷ്ടാവ് ഉരത്തു. അപ്പോൾമുതല്ക്കത്രേ, സോമം പിഴിയുന്നതോടേ, പരസ്പരം മറ്റു പേരുകളിടാൻ തുടങ്ങിയത്. അമ്മ മക്കൾക്ക് 'ഓമനപ്പേരി'ടാറുണ്ടല്ലോ! (5)

ഇരുകുതിരകളെ ഇന്ദ്രൻ പൂട്ടി; തേർ അശ്വികളും വിശ്വരൂപയെ ബൃഹസ്പതിയും എടുത്തു. അങ്ങനെ, ഋഭുവും വിഭ്വാവും വാജനുമാകുന്ന നിങ്ങൾ ദേവന്മാരെ പ്രാപിച്ചിരിയ്ക്കുന്നു; ശോഭനകർമ്മാക്കളേ, യജ്ഞഭാഗം ഭുജിച്ചുകൊൾവിൻ! (6)

സുധന്വപുത്രന്മാരേ, നിങ്ങൾ ചത്ത പയ്യിന്റെ തോൽ പതിച്ച് ഒരു പയ്യിനെ ഉണ്ടാക്കി; കിഴവരായിരുന്ന അച്ഛനമ്മമാരെ യുവാക്കളാക്കി; ഒരു കുതിരയിൽനിന്നു മറ്റൊരു കുതിരയെക്കൂടി നിർമ്മിച്ചു. അതിനാൽ, തേർ പൂട്ടി ദേവകളുടെ അടുക്കലെയ്ക്കു പോയ്ക്കൊൾവിൻ! (7)

സുധന്വപുത്രന്മാരേ, നിങ്ങൾ ഈ വെള്ളം കുടിച്ചുകൊൾവിൻ എന്നാണല്ലോ, പറഞ്ഞിരിയ്ക്കുന്നത്; അല്ലെങ്കിൽ, ഈ മുഞ്ജനേജനം കുടിച്ചുകൊൾവിൻ. ഇതു വേണമെന്നില്ലെങ്കിൽ, നിങ്ങൾക്കു മൂന്നാം സവനത്തിൽ മതി വരുത്താം! (8)

ഒരാൾ പറഞ്ഞു:- "വെള്ളമാണ്, വലുത്!' 'അഗ്നിയാണ് വലുത്' എന്നു മറ്റാൾ പറഞ്ഞു. 'മേഘമാണ്, ബഹുശ്രേഷ്ഠ'മെന്ന് ഒരാൾ പറഞ്ഞു. ഇങ്ങനെ വാസ്തവം സംസാരിച്ചുകൊണ്ടത്രേ, അവർ ചമസം വിഭജിച്ചത്! (9)

ഒരാൾ മുടന്തിപ്പയ്യിനെ വെള്ളം കുടിപ്പിയ്ക്കാൻ കൊണ്ടുപോയി; ഒരാൾ വില്പനക്കാരിയാൽ കൊണ്ടുവരപ്പെട്ട മാംസം നുറുക്കുകയായി; ഒരാൾ സന്ധ്യയ്ക്കുമുമ്പേ ചാണകം സംഭരിച്ചുവെച്ചു–പുത്രന്മാരിൽനിന്ന് അച്ഛനമ്മമാർക്കു മറ്റെന്തുള്ളൂ, കിട്ടാൻ? (10)

ഋഭുക്കളേ, നേതാക്കളായ നിങ്ങൾ ലോകോപകാരേച്ഛയാൽ ഉയർന്നേടങ്ങളിൽ പുല്ലു മുളപ്പിച്ചു; താന്നേടങ്ങളിൽ വെള്ളം നിറുത്തി. നിങ്ങൾ വ്യക്തരൂപന്റെ ഗൃഹത്തിൽ എത്രനേരം ഉറങ്ങാറുണ്ടോ, അത്രനേരം ഇന്നിപ്പോൾ പിന്തുടരുന്നില്ല! (11)

നിങ്ങൾ ഉലകത്തെ പുതപ്പിച്ച പര്യടനം ചെയ്യുമ്പോൾ, ആ മഴയിൽ, നിങ്ങളുടെ അച്ഛന്മാരിരുവരും എവിടെയാണിരിയ്ക്കുക? ആർ നിങ്ങളെ കൈപിടിച്ചു നിർത്തുമോ, അവനെ നിങ്ങൾ നശിപ്പിച്ചുകളയും; ആർ ഉരത്തുപറയുമോ, അവന്റെ നേരേ ആർത്തിരമ്പും! (12)

ഋഭുക്കളേ, ഉറങ്ങുന്ന നിങ്ങൾ ഇതു ചോദിയ്ക്കുവിൻ: "വ്യക്തരൂപ, ഞങ്ങളുടെ ഈ ചെയ്തി ആരറിയും?' വാസയിതാവു പറയും: 'വായു അറിയും.' കൊല്ലം കഴിഞ്ഞപ്പോൾ, ഇന്ന, നിങ്ങൾ ഈ ലോകത്തിന്റെ മൂടൽ നീക്കി. (13)

മരുത്തുക്കൾ സ്വർഗ്ഗത്തിൽനിന്നും, ഈ അഗ്നി ഭൂമിയിൽനിന്നും വരും; വായു അന്തരിക്ഷത്തിൽനിന്നു വരും; വരുണൻ ഒഴുകുന്ന വെള്ളത്തിൽ നിന്നു വരും. അദ്ഭുഷ്ടബലരേ, എല്ലാവരും നിങ്ങളിൽ താൽപര്യം കൊള്ളുന്നു! (14)

## കുറിപ്പുകൾ: സൂക്തം 161.

1. സുധന്വാവിന്റെ പുത്രന്മാരായ ഋഭുവും വിഭ്വാവും വാജനും സുകൃതത്താൽ ദേവത്വം നേടിയ മനുഷ്യരത്രേ. അവർ ഒരിയ്ക്കൽ സോമപാനത്തിന്നിരിയ്ക്കെ, ദേവന്മാരാൽ പ്രേരിതനായ അഗ്നി ആ സമാനരൂപരായ മൂവരുടെ ഇടയിൽ, അതേരൂപം ധരിച്ച്, നാലാമനായി സ്ഥിതിചെയ്തു. അതു കണ്ട് ഋഭുക്കൾ തിരിച്ചറിയായ്കയാൽ പരസ്പരം ചോദിയ്ക്കുന്നു: ദൂതൻ–ദേവകളാൽ അയയ്ക്കപ്പെട്ടവൻ. അഗ്നേ–സന്ദേഹാനന്തരം ഊഹിച്ച്, നേരേ പറയുന്നു: നിന്ദിയ്ക്കില്ല–കൂട്ടതലായി ഒരാൾ, വന്നുചേർന്നതുകൊണ്ടു, ഞങ്ങൾ സോമം കുടിയ്ക്കാതെ, ചമസത്തെ അനാദരിയ്ക്കില്ല. വലിയ കുലത്തിൽ ജനിച്ചതാണല്ലോ, അത്–ത്വഷ്ടാവു നിർമ്മിച്ചതാണല്ലോ, ചമസം.
2. അഗ്നിയുടെ മറുപടി: ദേവകൾ പറഞ്ഞിരിയ്ക്കുന്നു–നാലാക്കാൻ.
3. ഋഭുക്കൾ സമ്മതിയ്ക്കുന്നു: പറഞ്ഞിരിയ്ക്കുന്നുവല്ലോ–ദേവന്മാർ സന്ദേശിച്ചിരിയ്ക്കുന്നുവല്ലോ. അശ്വത്തെ ഉണ്ടാക്കണം–ഒരശ്വത്തിൽനിന്നു മറ്റൊരശ്വത്തെ. പയ്യിനെ ഉണ്ടാക്കണം –ചത്ത പയ്യിനെ ജീവിപ്പിയ്ക്കണം. ഇരുവർക്ക്–വൃദ്ധരായ അച്ഛനമ്മമാർക്ക്.
4. ഒറ്റച്ചമസം നാലാക്കപ്പെട്ടതു കണ്ടതോടേ, ത്വഷ്ടാവ് (ഏകചമസനിർമ്മാതാവ്) സ്ത്രീകളിലൊരാളായിത്തീർന്നു–"ശില്പകലയിൽ ഈ മൂവർ ആണുങ്ങൾ; ഞാൻ പെണ്ണ്.' എന്നു ത്വഷ്ടാവിന്നു തോന്നി!
5. നിന്ദിയ്ക്കുക–ദേവചമസത്തെ മനുഷ്യർ ചെത്തിമുറിയ്ക്കുക. അപ്പോൾ മുതല്ക്കത്രേ– ത്വഷ്ടാവിന്റെ ക്രോധം കണ്ടു പേടിച്ചിട്ടത്രേ, കർമ്മികൾ സ്വന്തം പേരുകൾ മറച്ച്, ഹോതാവ്, അധ്വര്യു, ഉദ്ഗാതാവ് എന്നും മറ്റും വിളിയ്ക്കപ്പെടാൻ നിശ്ചയിച്ചത്.
6. ഇരുകുതിരകളെ–ഋഭുക്കൾ സൃഷ്ടിച്ച രണ്ടു ഹരികളെ. വിശ്വരൂപ–ഋഭുക്കൾ സൃഷ്ടിച്ച പയ്യിന്റെ പേർ. ബൃഹസ്പതി–ഒരു ദേവൻ.
8. വെള്ളം–സോമനീർ. പറഞ്ഞിരിയ്ക്കുന്നത്–ദേവന്മാർ. മുഞ്ജനേജനം....മുഞ്ഞപ്പുല്ലുകൊണ്ടു വെടുപ്പുവരുത്തിയ സോമം. തൃതീയസവനത്തിലത്രേ, ഋഭുക്കൾക്കു സോമം.
9. ഒരാൾ–ഋഭുക്കളിലൊരുവൻ. വാസ്തവം–മൂന്നുപേർ പറഞ്ഞതും യഥാർത്ഥംതന്നെ.
10. ഋഭുക്കൾ യാഗശാലയിൽ ഋത്വിക്കുകളായിനിന്നു വേലയെടുക്കുന്നു: അച്ഛനമ്മമാർ– യജമാനനും പത്നിയും. മറ്റെന്തുള്ളു–പുത്രന്മാരിൽനിന്ന് ഇത്തരം പരിചരണമേ മാതാപിതാക്കൾക്കു കിട്ടേണ്ടു.
11. സൂര്യരശ്മിരൂപരായ ഋഭുക്കളോടു പറയുന്നതാണ്, ഇതുമുതൽ നാലു വാക്കുകൾ: ഋഭുക്കളേ–സൂര്യരശ്മികളേ. പുല്ല്–യവവ്രീഹ്യാദികൾ. വ്യക്തരൂപൻ–സൂര്യൻ. ഉറങ്ങുക

–രാത്രിയിൽ. ഇന്നിപ്പോൾ–പകൽസ്സമയത്ത്. പിന്തുടരുന്നില്ല–ഉത്തരായണത്തിൽ പകൽ കുറയും (?)

12. പുതപ്പിച്ചു–മേഘാച്ഛാദിതമാക്കി. പര്യടനം–വർഷണമെന്നർത്ഥം. അച്ഛന്മാർ–സൂര്യചന്ദ്രന്മാർ. കൈപിടിച്ചുനിർത്തുക–വൃഷ്ടിപ്രതിബന്ധംവരുത്തുക എന്നു ഭാവം. ആർത്തിരമ്പം–ഇടി മുഴക്കം.

13. ചോദിയ്ക്കുവിൻ–സൂര്യനോട്. ചെയ്തി–വർഷണം. ആർ അറിയും–ആർ അറിഞ്ഞു സഹായിയ്ക്കും. വാസയിതാവ്–സർവപ്രാണികളെയും വസിപ്പിയ്ക്കുന്നവൻ, സൂര്യൻ. കൊല്ലം കഴിഞ്ഞപ്പോൾ–മഴക്കാലം കഴിഞ്ഞപ്പോൾ. ഉറങ്ങുന്ന എന്നതിന്നു, വർഷണാർത്ഥം സൂര്യമണ്ഡലത്തിൽ വിശ്രമിയ്ക്കുന്ന എന്നാണർത്ഥം.

14. അഭ്രഷ്ടബലരേ–ബലം ഇടിയാത്ത ഋഭുക്കളേ, നിങ്ങൾ വർഷണോദ്യുക്തരാകുമ്പോൾ, നിങ്ങളെ സഹായിപ്പാൻ മരുത്തുക്കളും മറ്റും വന്നണയും.

## സൂക്തം 162.

ദീർഘതമസ്സ് ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സ്; അശ്വം ദേവത.

ദേവകളിൽനിന്നു ജനിച്ച സഞ്ചരണശീലമായ അശ്വത്തിന്റെ വീര്യങ്ങൾ ഞങ്ങൾ യാഗത്തിൽ വർണ്ണിയ്ക്കും; ഇതിൽ മിത്രനോവരുണനോ അര്യമാവോ വായുവോ ഋഭുക്ഷാവായ ഇന്ദ്രനോ മരുത്തുക്കളോ ഞങ്ങളെ നിന്ദിയ്ക്കരുത്! (1)

ചന്തമൊത്ത പൊങ്കോപ്പിട്ട കുതിരയുടെ മുമ്പിൽനിന്നു യാതൊരു നൈവേദ്യത്തെ എടുത്തു കൊണ്ടുപോകുന്നുവോ; ആ ശോഭനാഗമനവും വിചിത്രവർണ്ണവുമായ ആട് 'മേമേ' വിളിച്ചുകൊണ്ട്, ഇന്ദ്രന്നും അഗ്നിയ്ക്കും പ്രിയമായ അന്നത്തോടണടുന്നു! (2)

ഇതാ, കൊമ്പില്ലാത്ത ആടു ശീഘ്രഗാമിയായ അശ്വത്തോടുകൂടി അഗ്നിയ്ക്കും സർവദേവന്മാർക്കുമായി മുമ്പിൽ ആനയിയ്ക്കപ്പെട്ടിരിയ്ക്കുന്നു; ഈ അരുമപ്പെട്ട പുരോഡാശത്തെ കുതിരയോടുകൂടി ത്വഷ്ടാവ് അമരേത്തിന്നെടുക്കും. (3)

ദേവകൾക്കയയ്ക്കേണ്ടുന്ന ഹവിഷ്യാശ്വത്തെ ആളുകൾ കാലേകാലേ മൂന്നുരു വലംവെപ്പിയ്ക്കും; അപ്പോൾ, അഗ്നിയുടെ ഭാഗമായ അജം, യജ്ഞം ദേവന്മാരെ അറിയിപ്പാൻ മുമ്പേ പോകും! (4)

ഹോതാവ്, അധ്വര്യു, പ്രതിപ്രസ്ഥാതാവ്, അഗ്നീത്ത്, ഗ്രാവസ്തുത്ത്, പ്രശാസ്താവ്, ബ്രഹ്മാവു മുതലായവരേ, നിങ്ങൾ അഴകിൽ അലംകൃതവും അതിപ്രിയവുമായ ആ യാഗംകൊണ്ടു നീളെ നദികളെ നിറയ്ക്കുവിൻ! (5)

അശ്വയൂപത്തിന്നു മരം വെട്ടുന്നവർ, യൂപം ചുമക്കുന്നവർ, യൂപത്തിന്നു ചഷായം ഉണ്ടാക്കുന്നവർ, കുതിരയെ വേവിയ്ക്കാൻ ഒരുക്കം ചെയ്യുന്നവർ—ഞങ്ങളുടെ ഈ ആളുകൾക്കൊക്കെ കർത്തവ്യബുദ്ധി വർദ്ധിച്ചുവരട്ടെ! (6)

തക്ക ഫലം സ്വയം വന്നണയട്ടെ—അത് എങ്കലെത്തിക്കഴിഞ്ഞു: ഈ മുതുകു തഴച്ച മൃഗം ദേവകളുടെ ആശ നിറവേറ്റിക്കൊള്ളും; നന്നായി കെട്ടിയ ഇതിനെ ദേവകളുടെ പുഷ്ടിയ്ക്കുപയോഗിയ്ക്കുക. മേധാവികളും ഋഷിമാരും അനുമോദിയ്ക്കട്ടെ! (7)

കുതിരയുടെ കഴുത്തുകയർ, കാല്ക്കയർ, ശിരസ്സിൽ കെട്ടിയ കടിഞ്ഞാൺ, ഇതിന്റെ വായിൽ വെയ്ക്കപ്പെട്ട പുല്ല്—നിന്റെ ഇതൊക്കെയും ദേവന്മാരിലുൾപ്പെടട്ടെ! (8)

ഈച്ച തിന്ന കുതിരയുടെ പച്ചമാംസം, കത്തിമേലും മഴുവിന്മേലും പുരണ്ടത്, വിശസിതാവിന്റെ കൈപ്പടങ്ങളിലും നഖങ്ങളിലും പുരണ്ടത്—നിന്റെ ഇതൊക്കെയും ദേവന്മാരിലുൾപ്പെടട്ടെ! (9)

വയറ്റിലെ അല്പം ദഹിച്ച പുല്ല് പുറത്തുവരിക, വേവാത്ത മാംസത്തിന്റെ ഗന്ധം പുറപ്പെടുക—ഇതൊക്കെ വിശസിതാക്കാൾ കളയണം; പശുവിന്റെ അവയവം ശരിയ്ക്കു വേവിയ്ക്കണം. (10)

നിന്റെ മാംസം വേവിയ്ക്കുമ്പോൾ പുറപ്പെട്ടതോ, വിശസനത്തിൽ ശൂലത്തിന്മേൽ തെറിച്ചതോ ഭൂമിയിൽ പറ്റരുത്, പുല്ലുകളിൽ പറ്റരുത്; അതു ഹവിഷ്കാമരായ ദേവകൾക്ക് അർപ്പിയ്ക്കപ്പെട്ടതായിത്തീരട്ടെ! (11)

അശ്വത്തെ വേവിയ്ക്കുന്നതു നോക്കിക്കാണുന്നവർ, 'നല്ല മണം—ഇത്തിരി തരൂ' എന്നപേക്ഷിയ്ക്കുന്നവർ, കുതിരയുടെ ബാക്കി മാംസം ഇരക്കുന്നവർ—ഇവരുടെയൊക്കെ ഒരുമ്പാടു നമ്മെ ചൂഴലട്ടെ! (12)

മാംസം വേവിയ്ക്കുന്ന ഉരുളിയുടെ മരക്കയിൽ, തിളയെടുത്തു പകരുന്ന പാ-

ത്രങ്ങൾ, ആവിയടക്കികൾ, മാംസപാത്രങ്ങളുടെ അടപ്പുകൾ, അടയാളവസ്ത്രക്കൾ, കത്തികൾ എന്നിവ കുതിരയുടെ ചുറ്റും വെയ്ക്കപ്പെടുന്നു. (13)

അശ്വത്തിന്റെ നില്ക്കൽ, കിടക്കൽ, ഉരുളൽ, കാലുകെട്ടൽ, വെള്ളംകടിയ്ക്കൽ, തീറ്റതിന്നൽ–നിന്റെ ഇതൊക്കയും ദേവന്മാരിലുൾപ്പെടട്ടെ! (14)

നിന്നെ തിയ്യിന്റെ പുക ചിനപ്പിയ്ക്കരുത്; ഗന്ധവും തിളക്കവുമുള്ള ഉരുളി അധികം ചുട്ടുവിയ്ക്കരുത്. ഹോമിയ്ക്കാൻ കൊണ്ടുവന്ന, ഹോമിയ്ക്കാൻ തുടങ്ങിയ ആ വഷട്കൃതമായ കുതിരയെ ദേവകൾ കൈക്കൊള്ളുന്നു. (15)

അശ്വത്തെ ആകെ മൂടിയ തുണി, അണിയിച്ച ഓട്ടു-പൊൻ-വെള്ളികൾ, കുതിരയുടെ ശിരോബന്ധനം, കാൽക്കെട്ട്–ഈ പ്രിയവസ്ത്രക്കൾ ദേവന്മാരിലെത്തിയ്ക്കും! (16)

നീ തളർന്നുപോയാൽ, പുറത്തുകേറിയവൻ ബലേന ചൂളംവിളിച്ച നിന്നെ മടമ്പുകൊണ്ടോ ചമ്മട്ടികൊണ്ടോ കുത്തിയിട്ടുണ്ടാവുമല്ലോ; നിന്റെ ആ വേദനയൊക്കെ ഞാൻ മന്ത്രംകൊണ്ടു, യാഗത്തിൽ ഹവിസ്സു സ്രുക്കുകൊണ്ടെന്നപോലെ തീർത്തുതരാം! (17)

ദേവപ്രിയമായ വാജിയുടെ പാർശ്വാസ്ഥികൾ മുപ്പത്തിനാലിലും മഴു ചെല്ലുന്നു: നിങ്ങൾ അശ്വത്തിന്റെ അവയവങ്ങൾ മനസ്സിലാക്കി മുറിയാതെ എടുക്കണം –ഓരോ സന്ധിയും എണ്ണിയിട്ടു വേണം, വിശസിയ്ക്കുക. (18)

ഈ തിളങ്ങുന്ന കുതിരയെ വിശസിയ്ക്കുന്നത്, ഋതു എന്ന ഒരുവനാണ്; ഇരുവർ പിടിയ്ക്കുന്നു: നിന്റെ ഏതേതവയവം ഞാൻ യഥാകാലം മുറിച്ചെടുക്കുമോ, അതതു പിണ്ഡങ്ങളുടെ ഇടയിൽ ഞാൻ അഗ്നിയിൽ പ്രകർഷേണ ഹോമിയ്ക്കും! (19)

ഉയരെപ്പോകുന്ന നിന്നെ അരിമപ്പെട്ട ശരീരം ദുഃഖിപ്പിയ്ക്കരുത്. മഴു നിന്റെ അവയവങ്ങളെ ഏറെനേരം നിർത്തരുത്–വിശസനം അറിഞ്ഞുകൂടാത്ത കൊതിയൻ നിന്റെ അവയവങ്ങളെ വാൾകൊണ്ട് ഏറെക്കുറെ ആക്രമിച്ച, വെറുതേ തുണ്ടുതുണ്ടാക്കരുത്! (20)

തീർച്ചയായും, നീ ഇപ്പോൾ മരിയ്ക്കുന്നില്ല, ഹിംസിയ്ക്കപ്പെടുന്നില്ല: സുഗമമാർഗ്ഗങ്ങളിലൂടേ ദേവന്മാരുടെ അടുക്കലെയ്ക്കു പോവുകയാണ്, നീ. നിനക്കായി, ഇന്ദ്രന്റെ ഹരികളെയും, പുള്ളിമാനുകളെയും പൂട്ടിക്കഴിഞ്ഞു; സൂര്യന്റെ മുമ്പിലെ കുതിര സമീപിയ്ക്കുകയായി! (21)

അശ്വം നമുക്കു നല്ല ഗോക്കളെയും നല്ല കുതിരകളെയും പുരുഷപ്രജകളെയും വിശ്വപോഷകമായ ധനത്തെയും തരുമാറാകട്ടെ; തുയിരറ്റ തുരംഗം നമ്മെ നിഷ്പാപരാക്കട്ടെ; ഈ ഹവിഷ്മാൻ നമുക്കു ബലം ഉളവാക്കട്ടെ! (22)

## കുറിപ്പുകൾ: സൂക്തം 162.

1. ഋഭുക്ഷാവ്=മഹാൻ; ഇന്ദ്രപര്യായം.

3. പുരോഡാശം–ആട്. ത്വഷ്ടാവ്–അഗ്നി. അമരേത്തിന്ന്–ദേവഭോജനത്തിന്ന്.

4. ഹവിഷ്യം=ഹവിര്യോഗ്യം. ആളുകൾ–ഋത്വിക്കുകൾ. മുമ്പേ പോകും–മുമ്പേ കൊന്നു ഹോമിയ്ക്കപ്പെടും.

5. ഹോതാവുമുതലായ ഋത്വിക്കുകളോടു പറയുന്നു: നദികളെ നിറയ്ക്കുവിൻ–ഇച്ഛകളെ പൂരിപ്പിയ്ക്കുവിൻ.

6. അശ്വയൂപം—കുതിരയെ കെട്ടാനുള്ള ത്തുണ്. ചഷായം—യൂപത്തിന്മേൽ ഘടിപ്പിയ്ക്കുന്ന ഒരുതരം പശുബന്ധനവലയം.

7. അത്—ഫലം, ഫലഭൂതമായ അശ്വം. മുതുക തഴച്ച—മാംസളമായ. മൃഗം—അശ്വം. പുഷ്ടിയ്ക്ക്—ഭക്ഷണത്തിന്ന്. മേധാവികൾ—ഋത്വിക്കുകൾ.

8. നിന്റെ—അശ്വത്തിന്റെ. ദേവന്മാരിലുൾപ്പെടട്ടെ—ദേവന്മാരിലെത്തട്ടെ; അഥവാ, ദേവകളായിത്തീരട്ടെ. വിശസിയ്ക്കാൻ തുടങ്ങുമ്പോൾ, അശ്വത്തോടു പറയുന്നത്; യാഗത്തിൽ വിശസിയ്ക്കപ്പെട്ട മൃഗം സ്വർഗ്ഗം പൂകുമെന്നത്രേ, വിശ്വാസം.

9. വിശസിതാവ്=വിശസിച്ച(അശ്വത്തെ ഞെക്കിക്കൊന്ന)വൻ.

10. വയറ്റിലെ—പചിയ്ക്കപ്പെടുന്ന അശ്വത്തിന്റെ ഉദരത്തിലെ. ശരിയ്ക്ക—ദേവയോഗ്യമാംവണ്ണം.

12. ഇത്തിരി—അല്പം മാംസം. ആളുകൾക്ക് ഇത്ര കൊതിതോന്നുമാറു നടക്കട്ടേ, നമ്മുടെ അശ്വഹോമം.

13. അടയാളവസ്തുക്കൾ—കുതിരയുടെ അവയവങ്ങൾ തിരിച്ചറിയാൻ വെയ്ക്കപ്പെട്ടവ.

15. വഷട്കൃതം—വഷട്കാരംചെയ്യപ്പെട്ടത്.

17. തീർത്തുതരാം—ശമിപ്പിയ്ക്കാം, അവസാനിപ്പിയ്ക്കാം.

18. വാജി=അശ്വം.

19. ഋതു—പേർ; നിശ്ശങ്കം വിശസിപ്പാൻ പോകുന്നവൻ എന്നു പദാർത്ഥം. നിന്റെ—അശ്വത്തിന്റെ.

20. ഉയരെപ്പോകുന്ന—ദേവലോകത്തെയ്ക്കു ഗമിയ്ക്കുന്ന. ദുഃഖിപ്പിയ്ക്കരുത്—നിനക്കു ശരീരവിയോഗവ്യഥ ഉണ്ടാകരുത്. ഏറെനേരം നിർത്തരുത്—വെട്ടിയെടുക്കൽ വേഗത്തിൽ കഴിയണം.

21. നിനക്കായി—നിന്നെ സ്വർഗ്ഗത്തിലെയ്ക്കു കൊണ്ടുപോകാൻ. പുള്ളിമാനുകൾ—മരുദ്വാഹനങ്ങൾ. മുമ്പിലെ—തേരിൻമുമ്പിൽ കെട്ടുന്ന.

22. തുയിർ=ദുഃഖം. ഈ ഹവിഷ്മാൻ—ഹവിസ്സായിത്തീർന്ന അവയങ്ങളോടുകൂടിയ അശ്വം.

## സൂക്തം 163.

ദീർഘതമസ്സ് ഋഷി; ത്രിഷ്ടപ്പ് ഛന്ദസ്സ്; അശ്വമേധാശ്വം ദേവത.

അശ്വമേ, നിന്റെ മഹത്തായ ജന്മം സ്തുത്യമാകുന്നു: മുമ്പേസൂര്യങ്കൽനിന്നോ ജലത്തിൽനിന്നോ ജനിച്ച നീ, ജനിയ്ക്കുമ്പോൾ ഒലിമുഴക്കിയല്ലോ; നിനക്കു പരുന്തിന്റെ ചിറകുകളും മാനിന്റെ മുൻകാലുകളുമുണ്ടുതാനും! (1)

അഗ്നി കൊടുത്ത കുതിരയെ വായു തേരിനു പൂട്ടി; ഇന്ദ്രൻ ഒന്നാമത് അതിൽ കേറി; സോമൻ ഇതിന്റെ കടിഞ്ഞാൺ പിടിച്ചു. രശ്മികളേ, നിങ്ങളാണല്ലോ, സൂര്യങ്കൽനിന്ന് ഇതിനെ സൃഷ്ടിച്ചത്! (2)

അശ്വമേ, നീ അഗ്നിയാകുന്നു; നീ ആദിത്യനാകുന്നു; നീ ഏതോ ഗോപ്യകർമ്മത്താൽ വായുവാകുന്നു; നീ സോമനോടു ചേർന്നുനില്ക്കുന്നു. നിനക്ക് ആകാശത്തു മൂന്ന് ഉൽപത്തികാരണങ്ങൾ പറയപ്പെട്ടിരിയ്ക്കുന്നു! (3)

അശ്വമേ, നിനക്ക് ആകാശത്തു മൂന്നുൽപത്തിസ്ഥാനങ്ങളുണ്ടല്ലോ: ഭൂമിയിലുമുണ്ട്, മൂന്ന്; അന്തരിക്ഷത്തിലുമുണ്ട്, മൂന്ന്. വരുണനായ നീതന്നെ എന്നോടു പറയുന്നുമുണ്ട്, നിന്റെ മികച്ച പിറവി ഇന്നയിടത്താണെന്ന്! (4)

തുരംഗമേ, ഇതാ, നിനക്കു നനവെള്ളം; ഇതാ, വന്നുചേർന്ന നിനക്കു കുളമ്പുവെപ്പാൻ സ്ഥലം; യജ്ഞാർഹമായ നിന്റെ നല്പറ്റ കടിഞ്ഞാണുകൾ ഇവിടെ കാവല്ക്കാർ സൂക്ഷിച്ചുവെച്ചിട്ടുള്ളതും ഞാൻ കണ്ടു! (5)

നിന്റെ ശരീരം മനസ്സിനും ദൂരത്താണെന്നു ഞാൻ അറിയുന്നു: നീ താഴത്തുനിന്നു, വാനിലൂടേ പായുന്ന സൂര്യങ്കൽ ചെല്ലുന്നു; നിന്റെ തല പൊടിയില്ലാത്ത സുഗമമാർഗ്ഗങ്ങളിൽ കേറി പറക്കുന്നതു ഞാൻ കാണുന്നുണ്ട്! (6)

നിന്റെ ശ്രേഷ്ഠമായ ആകാരം ഇവിടെ മന്നിടത്തിൽ അന്നത്തെ തേടുന്നതു ഞാൻ കാണുന്നുണ്ട്: നിന്റെ അടുക്കൽ ഒരു മനുഷ്യൻ ഭക്ഷ്യം കൊണ്ടുവന്നാലപ്പോൾ, നീ ഒരു തീറ്റക്കാരനായിട്ട്, ആ പുല്ലും മറ്റും വിഴുങ്ങുന്നു! (7)

അശ്വമേ, രഥം നിന്നെ അനുസരിയ്ക്കുന്നു; മനുഷ്യർ അനുസരിയ്ക്കുന്നു; ഗോക്കൾ അനുസരിയ്ക്കുന്നു; കന്യകമാരുടെ സൌന്ദര്യം അനുസരിയ്ക്കുന്നു. ഗണങ്ങൾ അനുസരിച്ചു നിന്റെ സഖ്യം നേടുന്നു. ദേവന്മാർ അനുസരിച്ചു നിന്റെ വീര്യം അളക്കുന്നു! (8)

ഈ അശ്വത്തിന്റെ തല പൊന്നും, മനോവേഗമുള്ള കാലുകൾ ഇരിമ്പുമാണ്. ഒന്നാമത് ആരോഹണംചെയ്ത ഇന്ദ്രൻപോലും ഇതിന്റെ താഴെയായിപ്പോയി! ഇതിന്റെ ഹവിസ്സു ഭക്ഷിപ്പാൻ ദേവകളൊക്കെ വന്നെത്തി! (9)

തടിച്ച പിൻഭാഗവും മുഴപ്പറ്റ നടുവും ശൌര്യവും ഗതിവേഗമുള്ള ദിവ്യാശ്വങ്ങൾ, ദിവ്യമാർഗ്ഗമണഞ്ഞാൽ, ഹംസങ്ങൾപോലെ അണിനിരന്നു യതിയ്ക്കും! (10)

അശ്വമേ, നിന്റെ ശരീരം ലാഘവമേറിയതാണ്; നിന്റെ മനസ്സു, കാറ്റുപോലെ ശീഘ്രഗാമിയുമാണ്. നിന്റെ പടർന്ന സ്കന്ധരോമങ്ങൾ കാടുകളിൽ കമനീയമായി പാറുന്നു. (11)

ഗമനശീലമായ അശ്വം ദേവകളെ മനസ്സിൽ ധ്യാനിച്ചുകൊണ്ടു വിശസനസ്ഥലത്ത് എത്തിച്ചേരുന്നു. ഇതിന്റെ ബന്ധുവായ ആടിനെ മുമ്പേ കൊണ്ടുപോകുന്നു; പിന്നാലെ. മേധാവികളായ സ്തോതാക്കളും പോകുന്നു. (12)

കുതിര അച്ഛനമ്മമാരെ പ്രാപിപ്പാൻ ഉൽകൃഷ്ടമായ സഹസ്ഥാനത്തെയ്ക്കു പോകയാണ്: നീ ഇപ്പോൾ പരമസന്തോഷത്തോടേ ദേവകളിൽ ചെന്നെത്തുമല്ലോ! ഹവിർദ്ദാതാവിന്നു ഞാൻ സമ്പത്തു നേരുന്നു. (13)

## കുറിപ്പുകൾ: സൂക്തം 163.

1. പരുന്തിന്റെയും മാനിന്റെയും ഗതിവേഗമുള്ളവനാണ്, നീ.
3. മൂന്ന് ഉൽപത്തികാരണങ്ങൾ–രശ്മികൾ, സൂര്യൻ, സ്വർഗ്ഗം. പറയപ്പെട്ടിരിയ്ക്കുന്നു–പഴമക്കാരാൽ.
4. ഭൂമിയിലുമുണ്ട്, മൂന്ന്–അന്നം, സ്ഥാനം, ബീജം. അന്തരിക്ഷത്തിലുമുണ്ട്, മൂന്ന്–മേഘം, മിന്നൽ, ഇടി. വരുണൻ–പാപനിവാരകൻ.
5. ഇവിടെ–യാഗശാലയിൽ.
6. മനസ്സിന്നും ദൂരത്ത്–മനസ്സിന്നും അനുഗമിയ്ക്കുക സാധ്യമല്ല.
8. ഗണങ്ങൾ–അശ്വസമൂഹങ്ങൾ.
10. യതിയ്ക്കും–ശീഘ്രഗമനത്തിന്നൊരുമ്പെട്ടും.
12. ബന്ധു–അശ്വവും ആടും ഇപ്പോൾ ഒരേസ്ഥിതിയിലാണല്ലോ.
13. അച്ഛനമ്മമാർ–സൂര്യനും രശ്മിയും. സഹസ്ഥാനം–സ്വർഗ്ഗം.

## സൂക്തം 164.

ദീർഘതമസ്സ് ഋഷി; ത്രിഷ്ടുപ്പും, ജഗതിയും, അനുഷ്ടുപ്പും പ്രസ്താരപംക്തിയും ഛന്ദസ്സ്; സൂര്യാദികൾ ദേവതകൾ.

ഈ സേവനീയനും പാലയിതാവുമായ ആഹ്വാനാർഹന്ന്, മധ്യമനും സർവവ്യാപിയുമായ ഒരു ഭ്രാതാവുണ്ട്; മൂന്നാമനായി, മുതുകിൽ നെയ്യോലുന്ന ഒരു ഭ്രാതാവും അവിടെയുണ്ട്. ഇവരിൽ, ഏഴുമക്കളുള്ള പ്രജാധിപനെ ഞാൻ ദർശിയ്ക്കുന്നു! (1)

ഒരു ചക്രം മാത്രമുള്ള തേരിന് ഏഴെണ്ണത്തെ പൂട്ടുന്നു; എന്നാൽ, ഒരേ അശ്വംതന്നെയാണ്, ഏഴുപേരുകൾ പൂണ്ടു വലിയ്ക്കുന്നത്. അറുതിയും അഴവുമില്ലാത്തതും മൂന്നു കുടങ്ങളുള്ളതുമാണ്, ചക്രം: ഭുവനമെല്ലാം ഇതിനെ അവലംബിച്ചുനില്ക്കുന്നു! (2)

ഏഴെണ്ണത്തെ പൂട്ടിയതും, സ്തുതികളുടെ ഏഴുസ്വരങ്ങൾ വെയ്ക്കപ്പെട്ടതുമായ ഈ ഏഴുരുൾത്തേരിനെ ഏഴശ്വങ്ങൾ വലിയ്ക്കുന്നു; ഏഴുസഹോദരിമാർ അതിൽ ചെന്നുചേരുന്നു! (3)

ഒന്നാമനെ ആർ കണ്ടു? ജനിയ്ക്കാൻപോകുന്ന ശരീരിയെ അശരീരിയാണല്ലോ, ഭരിച്ചിരുന്നത്. പൃഥിവിയുടേതായ ദേഹം, പ്രാണൻ, രക്തം എന്നിവ ചേർന്ന ആത്മാവ് എവിടെയായിരുന്നു? ഇത് ഒരഭിജ്ഞനോടു ചോദിപ്പാൻ ആർ പോകും? (4)

അപക്വഹൃദയനായ ഞാൻ അറിവില്ലാഞ്ഞു ചോദിയ്ക്കയാണ്. ദേവന്മാരുടെ ഈ തത്ത്വങ്ങൾ നിഗൂഢങ്ങളാണല്ലോ. സർവനിവാസ ഭൂതനായ സൂര്യങ്കൽ മേധാവികൾ ഏഴ് നൂലുകളെ 'ഊടി'ന്നായി പരത്തിവരുന്നു! (5)

അജ്ഞനായ ഞാൻ അഭിജ്ഞരായ ക്രാന്തദർശികളോട്, അറിഞ്ഞുകൊണ്ടല്ല, അറിയാൻവേണ്ടി, ചോദിയ്ക്കയാണ്: ഈ ആറു ലോകങ്ങളെ ആർ ഉറപ്പിച്ചുവോ, ആ അജന്റെ സ്വരൂപത്തിൽ ഒന്നുള്ളത് എന്താവാം? (6)

ഇപ്പോൾ, ഇതറിയുന്നവൻ വേഗത്തിൽ പറഞ്ഞുതരട്ടെ: ഈ സേവനീയനായ സഞ്ചാരിയുടെ സ്വരൂപം നിഗൂഢമായി വർത്തിയ്ക്കുകയാണല്ലോ. ഈ തലവന്റെ (ചില) രശ്മികൾ പാൽ ചുരത്തുന്നു; അതേവഴിയ്ക്കു, ചിലവ രൂപം മറച്ചു, വെള്ളം കുടിച്ചുതീർക്കുന്നു! (7)

അമ്മ വെള്ളത്തിന്നായി കർമ്മംകൊണ്ട് അച്ഛനെ സേവിയ്ക്കുന്നു: അദ്ദേഹം മുമ്പേതന്നെ സ്നേഹത്താൽ ചേർച്ചകൊണ്ടിരിയ്ക്കുന്നു. ആ ഗർഭകാംക്ഷിണി, രസത്തെ വയറ്റിൽ വഹിച്ചു, തുലോം പിളർത്തപ്പെടുന്നു. അങ്ങനെ അന്നം കിട്ടുന്നവർ അടുത്തു പരസ്പരം സംസാരിയ്ക്കുന്നു! (8)

അമ്മ മിടുക്കത്തിയുടെ കാര്യത്തിൽ ഏർപ്പെട്ടു: മേഘപംക്തി ഗർഭം ധരിച്ചു; മൂവ്വർ ഒത്തൊരുമിച്ചപ്പോൾ, കുട്ടി കരഞ്ഞുതുടങ്ങി. ക്രമേണ ഭൂമി വിവിധരൂപയായി കാണപ്പെട്ടു! (9)

ഒരുവൻ മൂന്നമ്മമാരെയും മൂന്നച്ഛന്മാരെയും ഭരിച്ചുകൊണ്ടു നീണ്ടുനിവർന്നു നില്ക്കുന്നു: അവന്നു വാട്ടം വരലില്ല. അവന്റെ എല്ലാം അറിയുന്ന, എല്ലാടത്തും വ്യാപിയ്ക്കാത്ത ശബ്ദത്തെപ്പറ്റി, വാനിൻമുകളിൽ ഗൂഢസല്ലാപം നടക്കുന്നു! (10)

പന്തിരണ്ട് ഏർക്കാലുകളുള്ളതും പഴക്കം വരാത്തതുമായ സത്യസ്വരൂപന്റെ തേർച്ചക്രം വാനിനെ ചുറ്റിനടക്കുന്നു. അഗ്നേ, അതിൽ എഴുന്നൂറ്റിരുപത് ആൺപെൺമക്കൾ കുടികൊള്ളുന്നുണ്ട് ! (11)

അഞ്ചു കാലുകളും പന്തിരണ്ടാകൃതികളുമുള്ള ആ പ്രീതികരവും രക്ഷകവുമായ ചക്രം വാനിന്റെ മറ്റേപ്പകുതിയിലത്രേ, വെയ്ക്കപ്പെട്ടിരിയ്ക്കുന്നത്. ഇതാ, മറ്റു ചിലർ പറയുന്നു: ഏഴു ചക്രവും ആറേർക്കാലുമുള്ള രഥത്തിലാണ്, ആദിത്യൻ സ്ഥിതിചെയ്യുന്നത്. (12)

അഞ്ചേർക്കാലുകളോടുകൂടി തിരിയുന്ന ആ ചക്രത്തിൽ നില്ക്കുന്നു, ഭുവങ്ങളെല്ലാം: എത്ര ഭാരമുണ്ടായാലും, അതിന്റെ അച്ചുതണ്ട് ഒടിയില്ല; കുടവും, പൊളിയാതെ, എന്നെന്നും ഒരേവടിവിലിരിയ്ക്കും! (13)

മാറ്റംവരാത്ത ഉരുൾച്ചുറ്റോടുകൂടിയ ആ പഴക്കംപറ്റാത്ത ചക്രം തിരിഞ്ഞുകൊണ്ടിരിയ്ക്കുന്നു: അതിന്റെ പൊങ്ങിയ നുകത്തണ്ടിന്മേൽ പത്തുപേർ പണിയെടുക്കുന്നു. സൂര്യന്റെ മണ്ഡലം വൃഷ്ടിജലത്താൽ ആവൃതമായിട്ട് അതിങ്കലെത്തുന്നു: ആ മണ്ഡലത്തിലത്രേ, ഭുവനങ്ങളൊക്കെ പാർപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. (14)

ഒന്നിച്ചു പിറന്നവയിൽ ഏഴാമത്തത് ഏകജാതമാണെന്നും, ഈ ആറ് ഋതുക്കൾ ദേവജാതങ്ങളാണെന്നും പറയുന്നു. പ്രിയങ്ങളായ അവ തത്തൽസ്ഥാനങ്ങളിൽ സ്ഥാപിയ്ക്കപ്പെട്ടു, വിവിധരൂപങ്ങൾ പൂണ്ടു, ലോകവ്യവഹാരത്തിന്നായി ചേഷ്ടിയ്ക്കുന്നു. (15)

‘എന്റെ രശ്മികൾ സതികളായ സ്ത്രീകളാണ് പോൽ; അവയെത്തന്നേ പുരുഷന്മാരെന്നും പറയുന്നു. ഇതു കണ്ണുള്ളവൻ കാണും; കുരുടൻ അറിയില്ല. യാതൊരു പുത്രൻ ക്രാന്തദർശിയോ, അവനേ ഇതറിയുള്ളു; അറിഞ്ഞവനാകട്ടേ, അച്ഛന്നും അച്ഛനായിത്തീരുന്നു!’ (16)

പയ്യ് കുട്ടിയെ താഴത്തു മുൻകാലുകൾകൊണ്ടും മീതേ പിൻകാലുകൾകൊണ്ടും എടുത്തു മുകളിലെയ്ക്കു പോയി: അവൾ എവിടെ, ആരിൽ ചെന്നെത്തി? പകുതി വഴിയിൽനിന്നു തിരിച്ചുപോന്നുവോ? എവിടെ പെറുന്നു? പൈക്കൂട്ടത്തിലല്ല! (17)

താഴേ ഇരിയ്ക്കുന്ന ഇതിന്റെ അച്ഛനെ മീതേ ഇരിയ്ക്കുന്നവനോടുകൂടിയും, മീതേ ഇരിയ്ക്കുന്ന അച്ഛനെ താഴേ ഇരിയ്ക്കുന്നവനോടുകൂടിയും ആർ അറിഞ്ഞു, ക്രാന്തദർശിത്വം വെളിപ്പെടുത്തുന്ന ആരുള്ളു, ഇവിടെ പറഞ്ഞുതരാൻ? എന്തിൽനിന്നുണ്ടാവും, ദേവവിഷയകമനസ്സ് ? (18)

എവ താഴത്തെയ്ക്കിറങ്ങുമോ, അവയെനത്തന്നേ മുകളിലെയ്ക്കു കേറിയവ എന്നു പറയുന്നു; മുകളിലെയ്ക്കു കേറിയവയെ താഴത്തെയ്ക്കിറങ്ങിയവ എന്നും പറയുന്നു. സോമ, അങ്ങയുടെയും സൂര്യന്റെയും പര്യടനങ്ങൾ, ധുര്യങ്ങളെന്നപോലെ ലോകങ്ങളെ കൊണ്ടുനടക്കുന്നു! (19)

ഒരേതരം ചേർച്ച, ഒരേതരം ചേഷ്ട—ഇങ്ങനെയുള്ള രണ്ടു പക്ഷികൾ ഒരേ വൃക്ഷത്തിൽ പാർക്കുന്നു: അവയിൽ ഒന്നു സ്വാദുറ്റ പഴം തിന്നുന്നു; മറ്റത് ഒന്നും തിന്നാതെ നോക്കിക്കൊണ്ടിരിയ്ക്കും! (20)

രശ്മികൾ സദാ അമൃതഭാഗമെടുത്ത് അറിവോടേ ആരിലണയ്ക്കുന്നുവോ; ഭവനത്തിന്റെയെല്ലാം സ്വാമിയും രക്ഷകനും ആരോ; ആ ധീരൻ അപക്വനായ എന്നെ ഇതിൽ പ്രവേശിപ്പിച്ചിരിയ്ക്കുന്നു. (21)

വെള്ളം കുടിയ്ക്കുന്ന സുപർണ്ണങ്ങൾ യാതൊരു വൃക്ഷത്തിൽ വിശ്രമിയ്ക്കുകയും, വിശ്വത്തിൽ വെളിച്ചത്തെ ഉൽപാദിപ്പിക്കുകയും ചെയ്യുന്നുവോ, അതിന്റെ സ്വാദുറ്റ പഴം സർവോത്തരമെന്നു പറയപ്പെടുന്നു; ആ പാലകനെ അറിയാത്തവന്ന് അതു കിട്ടുകയില്ല! (22)

ഗായത്രത്തിൽ ഗായത്രം വെയ്ക്കപ്പെട്ടിരിയ്ക്കുന്നു എന്നതും ത്രൈഷ്ടുഭത്തിൽനിന്നു ത്രൈഷ്ടുഭം നിർമ്മിയ്ക്കപ്പെട്ടു എന്നതും, അഥവാ ജഗത്തിൽ ജഗൽപദം വെയ്ക്കപ്പെട്ടിരിയ്ക്കുന്നു എന്നതും എവർ അറിയുന്നുവോ, അവർക്കേ അമൃതത്വം കൈവരികയുള്ളൂ! (23)

ഗായത്രംകൊണ്ടു മന്ത്രവും, മന്ത്രംകൊണ്ടു സാമവും, ത്രിഷ്ടുപ്പുകൊണ്ടു സൂക്തവും, രണ്ടോ നാലോ പാദങ്ങളോടുകൂടിയ സൂക്തംകൊണ്ട് അനുവാകവും കണക്കാക്കപ്പെട്ടിരിയ്ക്കുന്നു; അക്ഷരംകൊണ്ടുതന്നെയാണ്, ഏഴു ഛന്ദസ്സുകളെ കണക്കാക്കുന്നത്. (24)

ജഗതികൊണ്ട് ആകാശത്തു സൂര്യനെ സ്ഥാപിച്ചു; രഥന്തരത്തിൽ സൂര്യനെ നോക്കിക്കണ്ടു. ഗായത്രത്തിന്നു മൂന്നത്രേ, വലിയ വിഭാഗങ്ങൾ; അതു ബലംകൊണ്ടും മഹിമകൊണ്ടും മീതേനില്ക്കുന്നു! (25)

എളുപ്പത്തിൽ കറക്കാവുന്ന ഈ പയ്യിനെ ഞാൻ വിളിയ്ക്കാം; ഇവളെ കൈത്തഴക്കമുള്ള കറവുകാരൻ കറന്നുകൊള്ളും. നമ്മുടെ മികച്ച സവത്തിന്നു സവിതാവ് അനുജ്ഞ തന്നരുളട്ടെ: വേനൽ മുഴുത്തിരിയ്ക്കുന്നു; അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. (26)

കുട്ടിയെ സ്നേഹിയ്ക്കുന്ന ആ ധനവതി ഉമ്പയിട്ടുംകൊണ്ടു വന്നെത്തി; അവധ്യയായ ഇവൾ അശ്വികൾക്കായി പാൽ ചുരത്തട്ടെ; അവൾ മഹത്തായ സൌഭാഗ്യത്തിന്നായി വർദ്ധിപ്പൂതാക! (27)

പയ്യു കണ്ണടച്ചു കുട്ടിയുടെ അടുക്കൽ ചെന്നു ശബ്ദിയ്ക്കുന്നു–നിറുക നക്കിത്തുടയ്ക്കാനായി ഉമ്പയിടുന്നു; പാലൊലിയ്ക്കുന്ന കിറി കൊതിച്ചു നിലവിളിയ്ക്കുന്നു; പാൽ ധാരാളം കുടിപ്പിയ്ക്കുന്നു. (28)

ഇതാ, കുട്ടി പതുക്കെ കരഞ്ഞുകൊണ്ടു ചുറ്റും നടന്നപ്പോൾ, തൊഴുത്തിൽ നില്ക്കുന്ന പയ്യ് ഒച്ച പുറപ്പെടുവിയ്ക്കുന്നു: അവൾ ചേഷ്ടകൾകൊണ്ടു മനുഷ്യനെ താഴ്ത്തുന്നു–മിന്നൽപോലായിത്തീർന്നു രൂപം വെളിപ്പെടുത്തുന്നു! (29)

ജീവനുള്ളപ്പോൾ, ദേഹം തിടുക്കത്തോടെ ചേഷ്ടിച്ചുകൊണ്ടിരിയ്ക്കും; പിന്നീട്, അനക്കമേ ഇല്ലാതെ ഗൃഹത്തിന്നുള്ളിൽ കിടക്കും. എന്നാൽ, മരിച്ചവന്റെ ജീവൻ–മരണമുള്ള ദേഹത്തോടൊപ്പം ജനിച്ച ജീവൻ–സ്വധകൾകൊണ്ടു മരണരഹിതനായി വർത്തിയ്ക്കുന്നു. (30)

ഇരിപ്പില്ലാതെ മാർഗ്ഗങ്ങളിലൂടേ വരികയും പോവുകയും ചെയ്യുന്ന പാലകൻ എനിയ്ക്കു കാണായിവരേണമേ: അവിടുന്നു കൂടെ നടക്കുന്നവയും ചൂഴെ നടക്കുന്നവയുമായ പ്രഭകളെ ഉടുത്തുകൊണ്ടു, ഭുവനങ്ങളിൽ പര്യടനംചെയ്യുന്നു! (31)

ആർ ഇതുണ്ടാക്കുന്നുവോ, അവൻ ഇതറിയുന്നില്ല. കണ്ടവന്നു തന്നെയും ഇതു മറവിലായിരിയ്ക്കും. അവൻ മാതാവിന്റെ യോനിയ്ക്കുള്ളിൽ പരിവേഷ്ടിതനായി വളരെത്തവണ ജനിച്ചു, നിര്യതിയനുഭവിയ്ക്കുന്നു! (32)

ഭൌമരസത്തെ വഹിയ്ക്കുന്ന ആകാശം എനിയ്ക്ക് അച്ഛനാകുന്നു–ഉൽപാദകനാകുന്നു, ബന്ധുവാകുന്നു; ഈ മഹതിയായ പൃഥിവി എനിയ്ക്കമ്മയാകുന്നു. ഈ ഉയർന്ന ഉപഭോഗഭൂമികളുടെ ഇടയിൽ വർത്തിയ്ക്കുന്ന പിതാവു ദുഹിതാവിൽ ഗർഭാധാനംചെയ്യുന്നു! (33)

'പൃഥിവിയുടെ അങ്ങേ അറ്റം ഞാൻ അങ്ങയോടു ചോദിയ്ക്കുന്നു. ഭുവനത്തിന്റെ

മുരട് എവിടെയെന്നു ഞാൻ ചോദിയ്ക്കുന്നു. വൃഷാവായ അശ്വത്തിന്റെ രേതസ്സു ഞാൻ അങ്ങയോടു ചോദിയ്ക്കുന്നു. വാക്കിന്റെ പരമസ്ഥാനം ഞാൻ ചോദിയ്ക്കുന്നു.' (34)

'ഈ വേദിയാകുന്നു, പൃഥിവിയുടെ അങ്ങേ അറ്റം. ഈ യജ്ഞമാകുന്നു, ഭുവനത്തിന്റെ മുരട്. ഈ സോമമാകുന്നു, വൃഷാവായ അശ്വത്തിന്റെ രേതസ്സ്. ഈ ബ്രഹ്മാവാകുന്നു, വാക്കിന്റെ പരമസ്ഥാനം.' (35)

ഏഴർദ്ധഗർഭങ്ങൾ–ഭുവനത്തിന്റെ രേതസ്സ്–വിഷ്ണുവിന്റെ വിശ്വധാരണത്തിൽ ഒരു പങ്കു വഹിയ്ക്കുന്നു: അവ പ്രജ്ഞകൊണ്ടും മനസ്സുകൊണ്ടും വിശ്വത്തെ വ്യാപിയ്ക്കുന്നുണ്ടല്ലോ; അതിനാൽ അവ ബുദ്ധിയുക്തങ്ങളും വ്യാപനശീലങ്ങളുംതന്നെ! (36)

ഇതു ഞാൻതന്നെ എങ്കിലും ഞാൻ തിരിച്ചറിയുന്നില്ല: ഞാൻ വെളിവില്ലാതെ മനസ്സാൽ ബദ്ധനായി കഴിഞ്ഞുകൂടുകയാണ്. ബ്രഹ്മത്തിന്റെ പ്രഥമോന്മേഷം എന്നിലണയുന്നതെപ്പൊഴോ, അപ്പൊഴേ എനിയ്ക്ക് ഈ വാക്കിന്റെ സാരാംശം അനുഭവപ്പെട്ടു. (37)

മരണമില്ലാത്തതു മരണമുള്ളതിനോടൊന്നിച്ചുനിന്ന്, അന്നത്താൽ നിലനിർത്തപ്പെട്ടു, കീഴ്പോട്ടും മേല്പോട്ടും പോകുന്നു. അവ രണ്ടും സർവദാ സഹവസിയ്ക്കുന്നു; സർവത്ര ഗമിയ്ക്കുന്നു–സർവ്വത്ര സഞ്ചരിയ്ക്കുന്നു. അവയിൽ ഒന്നിനെയേ കാണുന്നുള്ളു; മറ്റതിനെ കാണുന്നില്ല! (38)

ഋക്കിന്റെ അക്ഷരത്തിൽ–നിരതിശയവും ആകാശതുല്യവുമായ ബ്രഹ്മത്തിൽ –എല്ലാദ്ദേവകളും കുടികൊള്ളുന്നു. ഇതറിയാത്തവൻ ഋക്കുകൊണ്ട് എന്തു ചെയ്യും? ഇത് എവരറിയുന്നുവോ, അവർ മാത്രം വഴിപോലെ വർത്തിയ്ക്കുന്നു! (39)

പയ്യേ, നീ നല്ല പുല്ലു തിന്നു ധനവതിയായിബ്ഭവിയ്ക്കുക; അതോടേ ഞങ്ങളും ധനവാന്മാരാകുമല്ലോ! നീ എന്നും പുല്ലു തിന്നുക; എങ്ങും മേഞ്ഞു ശുദ്ധജലവും കുടിയ്ക്കുക. (40)

ഒന്നും രണ്ടും നാലും എട്ടും ഒമ്പതും അധിഷ്ഠാനങ്ങളോടും ആയിരമായിരം അക്ഷരങ്ങളോടുംകൂടിയ വാക്കു ജലത്തെ സംഭരിച്ചുകൊണ്ട്, ഉൽകൃഷ്ടമായ അന്തരിക്ഷത്തിൽ ശബ്ദിയ്ക്കുന്നു! (41)

അതിൽനിന്നു മേഘങ്ങൾ ധാരാളം വർഷിയ്ക്കുന്നു: അതുകൊണ്ടു ദിക്കുകൾ നാലും ഉയിർക്കൊള്ളുന്നു. ആ ജലം സസ്യാദിയെ ഉൽപാദിപ്പിയ്ക്കുന്നു; വിശ്വം അതിനെ ഉപജീവിയ്ക്കുന്നു! (42)

ഒരു വരടിപ്പുക ഒട്ടകലത്തു ഞാൻ കണ്ടു; ആ കെട്ടുപുക വ്യാപിച്ചിരുന്നതിനാൽ (അഗ്നിയെ) പിന്നീടേ കണ്ടുള്ളു. ഫലപ്രദമായ സോമം വിദഗ്ദ്ധന്മാർ ഒരുക്കിയിരുന്നു; ആ ധർമ്മങ്ങൾ ഒന്നാമത്തവയായിത്തീർന്നു! (43)

മൂന്നു തേജസ്വികൾ ഋതുക്കളിൽ ഭൂമിയെ നാനാരൂപയാക്കുന്നു. അവരിൽ ഒരുവൻ ആണ്ടിലൊരിയ്ക്കൽ വടിച്ചുകളയുന്നു; ഒരുവൻ കർമ്മങ്ങൾകൊണ്ടു ലോകത്തെ നോക്കിപ്പോരുന്നു; ഒരുവന്റെ ഗതിയേ കാണൂ, രൂപം കാണില്ല! (44)

വാക്കിന്നു നാലു വിഭാഗങ്ങൾ ഗണിയ്ക്കപ്പെട്ടിരിയ്ക്കുന്നു: അവ ബ്രഹ്മജ്ഞരായ മനീഷികളേ അറിയൂ. മൂന്നെണ്ണം ഗുഹയിൽ വെയ്ക്കപ്പെട്ടിരിയ്ക്കയാണ്; അനങ്ങില്ല. വാക്കിന്റെ നാലാമത്തെ വിഭാഗമത്രേ, മനുഷ്യർ ഉച്ചരിയ്ക്കുന്നത്. (45)

ആദിത്യനെ ഇന്ദ്രനെന്നും മിത്രനെന്നും വരുണനെന്നും അഗ്നിയെന്നും പറയുന്നു; വാനത്തു വടിവിൽ പറക്കുന്ന ഗരുഡനും, അദ്ദേഹംതന്നെ. മേധാവികൾ ഒന്നി-

നെ പലതാക്കിപ്പറകയാണ്: വൈദ്യുതാഗ്നി, യമൻ, വായു എന്നിവരും, അദ്ദേഹമത്രേ! (46)

കറുത്ത മേഘങ്ങളിൽ വെള്ളം നിറച്ചുകൊണ്ടു, രസഹാരികളായ രശ്മികൾ സൂര്യങ്കലെയ്ക്കു് ഉൽപതിയ്ക്കുന്നു; അവ ജലത്തിന്റെ ഇരിപ്പിടത്തിൽനിന്നു വീണ്ടും കീഴ്പ്പോട്ട് പോരുന്നു. അതോടേ, ഭൂമിവെള്ളംകൊണ്ടു തുലോം കുതിരുന്നു. (47)

ഒരു ചക്രത്തിന്നു പന്തിരണ്ട് അഴികൾ; മൂന്നു കുടപ്പലകകൾ. അത് ആരറിയും? അതിന്മേൽ ഇളകിയിളകിക്കൊണ്ടിരിയ്ക്കുന്ന മുന്നൂറ്ററുപതെണ്ണം, കുറ്റികൾപോലെ ഘടിപ്പിച്ചിരിയ്ക്കുന്നു! (48)

സരസ്വതി, ഭവതിയുടെ യാതൊരവയവം സുഖത്തെ ഉൽപാദിപ്പിയ്ക്കുന്നുവോ; ഭവതി യാതൊന്നു കൊണ്ടു വരണീയങ്ങളെല്ലാം വളർത്തുന്നുവോ; യാതൊന്നു രത്നങ്ങളെ ധരിയ്ക്കുന്നുവോ; യാതൊന്നു ധനങ്ങളെ നേടുന്നുവോ; യാതൊന്നു നല്ല ദാനത്തെ ചെയ്യുന്നുവോ; ആ സ്തനം ഇവിടെ നുകരുമാറാക്കിയാലും! (49)

ദേവന്മാർ യജ്ഞംകൊണ്ടു യജനീയനെ പൂജിച്ചു: ആ ധർമ്മങ്ങൾ ഒന്നാമത്തവയായിത്തീർന്നു. അവർ മഹിമയാൽ, പണ്ടേത്തെ സാധ്യദേവന്മാർ മേവുന്ന സ്വർഗ്ഗം പ്രാപിച്ചു! (50)

ഈ ജലം ഒരേമട്ടിൽ, ചില നാളുകൾകൊണ്ടു പൊങ്ങുന്നു; കീഴ്പ്പോട്ടും പോരുന്നു: മേഘങ്ങൾ മന്നിനെ കുളിർപ്പിയ്ക്കുന്നു; അഗ്നികൾ വിണ്ണിനെ കുളിർപ്പിയ്ക്കുന്നു! (51)

വാനിൽ ചരിയ്ക്കുന്ന വമ്പിച്ച ഗരുഡനും, ജലങ്ങളുടെ ഗർഭവും, സസ്യങ്ങളെ കാട്ടുന്നവനും, വർഷംകൊണ്ടു തടാകാദികളെ നിറയ്ക്കുന്നവനുമായ സൂര്യനെ രക്ഷയ്ക്കായി ഞാൻ വീണ്ടും വീണ്ടും വിളിയ്ക്കുന്നു. (52)

## കുറിപ്പുകൾ: സൂക്തം 164.

1. ആഹ്വാനാർഹൻ–ആദിത്യൻ. മധ്യമൻ അന്തരിക്ഷസ്ഥൻ. ഒരു ഭ്രാതാവ്–വായു. മുതുകിൽ നെയ്യോലുന്ന–അഗ്നി. പ്രജാധിപൻ–സൂര്യൻ. ഏഴു മക്കൾ–സപ്തകിരണങ്ങൾ.
2. ഏഴെണ്ണം–ഏഴശ്വങ്ങൾ. തേർ–സൂര്യരഥം.
3. ഏഴു സ്വരങ്ങൾ–സപ്തസ്വരങ്ങൾ. ഏഴുരുൾത്തേർ–ഏഴു ചക്രങ്ങളുള്ള സൂര്യരഥം. ഏഴു സഹോദരിമാർ–സപ്തരശ്മികൾ.
4. ഒന്നാമൻ–പ്രപഞ്ചസൃഷ്ടിയ്ക്കു മുമ്പുള്ളവൻ. അശരീരി–പ്രകൃതി, അല്ലെങ്കിൽ മായ. ചോദിപ്പാൻ ആർ പോകും?–പ്രഷ്ടാവുമില്ല, പ്രതിവക്താവുമില്ല എന്നു ഭാവം.
5. മേധാവികൾ–യജമാനന്മാർ. ഊട്–നെയ്യാൻ വിലങ്ങത്തിൽ നൂലിടൽ. ഏഴു നൂലുകൾ–യജ്ഞങ്ങൾ. സൂര്യങ്കലാണല്ലോ, യജ്ഞസ്ഥിതി. മേധാവികൾ യജ്ഞവസ്ത്രങ്ങൾ നെയ്തുണ്ടാക്കുന്നു എന്നു സാരം.
6. ഏഴാമത്തെ ലോകം–സത്യലോകം–സർവകർമ്മിസാധാരണമല്ലായ്കയാലാണ്, ആറു ലോകങ്ങൾ എന്നു പറഞ്ഞത്. അജൻ–ജനനാദിരഹിതനായ ബ്രഹ്മാവ്. ഒന്നുള്ളത്–സത്യലോകം.
7. സഞ്ചാരി–സൂര്യൻ. തലവൻ–സർവോൽകൃഷ്ടനായ സൂര്യൻ. പാൽ ചുരത്തുന്നു–മഴ പെയ്യുന്നു. രൂപം മറച്ചു–തേജസ്സുകൊണ്ടു മൂടി, തപിപ്പിച്ച്. കുടിച്ചുതീർക്കുന്നു–ഭൂമിയിൽ വർഷിയ്ക്കപ്പെട്ട ജലം വറ്റിയ്ക്കുന്നു.
8. അമ്മ–ഭൂമി അച്ഛൻ–സൂര്യൻ. കർമ്മം–യാഗാദി. ചേർച്ചകൊണ്ടിരിയ്ക്കുന്നു–വൃഷ്ടിജലം നല്കിയിരിയ്ക്കുന്നു: ഇല്ലെങ്കിൽ, ഭൂമിയ്ക്കു കർമ്മം സാധ്യമല്ലല്ലോ. രസം= ജലം. പിളർ-

ത്തപ്പെടുന്നു—കൃഷിക്കാരുടെ കലപ്പകളാൽ. അങ്ങനെ—വിതച്ച നെല്ലും മറ്റും വിളഞ്ഞ് അന്നം കിട്ടുന്നവർ അട്ടത്തു പരസ്പരം, 'സസ്യങ്ങൾ വഴിപോലെ വളർന്നു' എന്നു സംസാരിയ്ക്കുന്നു (സന്തോഷിയ്ക്കുന്നു).

9. അമ്മ—ദ്യോവ്. മിടുക്കത്തി—അഭീഷ്ടപൂരണനിപുണയായ ഭൂമി. കാര്യത്തിൽ—വർഷണത്തിൽ. ഗർഭം—ജലം. മൂവ്വർ—യജ്ഞവും സൂര്യരശ്മിയും വായുവും. കുട്ടി കരഞ്ഞുതുടങ്ങി—പെറ്റവീണ ശിശു (വർഷജലം) ശബ്ദിച്ചുതുടങ്ങി. വിവിധരൂപ—സസ്യാദികൾമൂലം നാനാരൂപിണി.

10. ഒരുവൻ—കാലം. മൂന്നമ്മമാർ—ത്രിലോകം. മൂന്നച്ഛന്മാർ—അഗ്നിയും വായുവും സൂര്യനും. നീണ്ടുനിവർന്ന്—ഭൂതഭവൽഭവിഷ്യദാത്മനാ. ശബ്ദം—ഗർജ്ജനം. സല്ലാപം—ദേവന്മാർതമ്മിൽ.

11. സത്യസ്വരൂപൻ—ആദിത്യൻ. പന്തിരണ്ടേക്കാലുകൾ—മേഷാദിരാശികൾ. എഴുനൂറ്റിരുപത് ആൺ-പെൺമക്കൾ—മുന്നൂറ്ററുപതു പകലുകളും, മുന്നൂറ്ററുപതു രാത്രികളും.

12. അഞ്ചു കാലുകൾ—അഞ്ച് ഋതുക്കൾ: ഹേമന്തശിശിരങ്ങൾക്ക് ഏകത്വം കല്പിച്ചാണ്, ഋതുസംഖ്യ അഞ്ചാക്കിയത്. പന്തിരണ്ടാകൃതികൾ—പന്തിരണ്ടു മാസങ്ങൾ. വാനിന്റെ മറ്റേപ്പകുതി—അന്തരിക്ഷം. ഏഴ് ചക്രം—സപ്തരശ്മികൾ. ആറേർക്കാലുകൾ—ആറ് ഋതുക്കൾ.

13. അഞ്ചേർക്കാലുകൾ—അഞ്ച് ഋതുക്കൾ.

14. പത്തുപേർ—ഇന്ദ്രാദിലോകപാലന്മാർ അഞ്ച്, നിഷാദരും നാലുജാതിയുംകൂടി അഞ്ച്.

15. ഏഴാമത്തത്—ഏഴാമത്തെ ഋതു. ഏകജാതം—അധിമാസമാകുന്ന ഒന്നിൽനിന്നു ജനിച്ചത്. ആറ് ഋതുക്കളും അധിമാസർത്തുവും കൂടി ഏഴ് ഋതുക്കൾ. ദേവജാതങ്ങൾ—ദേവ(സൂര്യ)നിൽനിന്നു ജനിച്ചവ പറയുന്നു—കാലജ്ഞർ. അവ—ആറ് ഋതുക്കൾ.

16. സൂര്യവാക്യം: കുരുടൻ—അജ്ഞൻ. അച്ഛനും അച്ഛൻ—അച്ഛന്റെയും ഗുരു; അച്ഛനെക്കാൾ അഭിജ്ഞൻ.

17. പയ്യ്—ആഹുതി. കുട്ടി—അഗ്നി. മുകളിലെയ്ക്ക്—സൂര്യങ്കലെയ്ക്ക്. ആരിൽ ചെന്നെത്തി—സൂര്യനെ പ്രാപിച്ചു എന്നർത്ഥം. പെറുന്നു—ഫലം ഉൽപാദിപ്പിയ്ക്കുന്നു.

18. ഇതിന്റെ (ഈ ലോകത്തിന്റെ) അച്ഛൻ—അഗ്നി. മീതെ ഇരിയ്ക്കുന്ന അച്ഛൻ—സൂര്യൻ. അറിഞ്ഞവനും, ദേവവിഷയകമനസ്സും—രണ്ടും—അതിദുർല്ലഭമെന്നു സാരം.

19. എവ—സൂര്യസോമരശ്മികൾ. ധുര്യങ്ങളെന്നപോലെ—അശ്വാദികൾ ശകടാദികളെ എന്നപോലെ.

20. രണ്ടു പക്ഷികൾ—ജീവാത്മാവും പരമാത്മാവും. വൃക്ഷം—ശരീരം. ഒന്ന്—ജീവാത്മാവ്. പഴം—കർമ്മഫലം. തിന്നുന്നു—അനുഭവിയ്ക്കുന്നു. മറ്റത്—പരമാത്മാവ്. ഒന്നും തിന്നാതെ നോക്കിക്കൊണ്ടിരിയ്ക്കും—കർമ്മ ബന്ധമില്ലാതെ, ജഗത്തിനെ സാക്ഷിത്വേന വീക്ഷിയ്ക്കുന്നു.

21. അമൃതഭാഗം—ഉദകാംശം. അറിവ്—കർത്തവ്യബോധം. ആ ധീരൻ—സൂര്യൻ. ഇതിൽ—ഈ ശരീരത്തിൽ.

22. വെള്ളം കുടിയ്ക്കുന്ന ഭൂമിയിൽനിന്നു ജലമെടുക്കുന്ന. സുപർണ്ണങ്ങൾ—പക്ഷികൾ, രശ്മികൾ. വൃക്ഷം—സൂര്യൻ. വിശ്രമിയ്ക്കുക—രാത്രിയിൽ. വെളിച്ചത്തെ—പകൽ. അറിയാത്തവൻ—ഉപാസിയ്ക്കാത്തവൻ. അതു—പഴം.

23. ഗായത്രത്തിൽ—ഭൂസ്ഥാനത്ത്. ഗായത്രം—അഗ്നിസ്ഥാനം. ത്രൈഷ്ടുഭത്തിൽനിന്ന്—

അന്തരിക്ഷത്തിൽനിന്ന്. ത്രൈഷ്ടുഭം–വായു. നിർമ്മിയ്ക്കപ്പെട്ടു–ദേവന്മാരാൽ. ജഗത്തിൽ–ദ്യോവിൽ. ജഗൽപദം–സൂര്യസ്ഥാനം. അമൃതത്വം=മരണരാഹിത്യം.

24. ഗായത്രം–ഗായത്രീച്ഛന്ദസ്സ്. കണക്കാക്കുന്നത്–പാദത്തിൽ എട്ടക്ഷരമുള്ള ഗായത്രി, പതിനൊന്നക്ഷരമുള്ള ത്രിഷ്ടുപ്പ്, പന്തിരണ്ടക്ഷരമുള്ള ജഗതി, ഇത്യാദി.

25. ജഗതി–ജഗതീച്ഛന്ദസ്സിലുള്ള സാമം. രഥന്തരം–ഏതന്നാമകമായ സാമം. സ്ഥാപിച്ചു, നോക്കിക്കണ്ടു എന്നിവയുടെ കർത്തൃപദം ബ്രഹ്മാവെന്നാണ്. ഗായത്രത്തിന്ന്–ഗായത്രീച്ഛന്ദസ്സിലുള്ള സാമത്തിന്ന്. വിഭാഗങ്ങൾ–പാദങ്ങൾ അതു (ഗായത്രി) ചെറുതെങ്കിലും മികച്ചുനില്ക്കുന്നു.

26. കറവുകാരൻ–അധ്വര്യു. സവം–യാഗം. സവിതാവ്–സർവേശ്വരൻ.

27. ആ ധനവതി–പാലാകുന്ന ധനമുള്ള പയ്യ്. അവധ്യ=കൊന്നുകൂടാത്തവൾ.

28. കൊതിച്ച്–കുട്ടിയുടെ കിറി പാലൊലിയ്ക്കുന്നതായിത്തീരണമെന്നിച്ഛിച്ച്.

29. ചേഷ്ടകൾകൊണ്ടു മനുഷ്യനെ താഴ്ത്തുന്നു–മനുഷ്യനെക്കാളേറെ പുത്രവാത്സല്യം പ്രകടിപ്പിയ്ക്കുന്നു. മിന്നൽപോലായിത്തീർന്ന്–ഇളകിപ്പിടഞ്ഞ്. രൂപം–പുത്രവാത്സല്യാധിക്യത്തിന്റെ സ്വരൂപം.

30. പിന്നീട്–ജീവൻ പോയാൽ. സ്വധ–പുത്രനാൽ അർപ്പിയ്ക്കപ്പെട്ട അന്നം, പിണ്ഡം.

31. മാർഗ്ഗങ്ങൾ–അന്തരിക്ഷപഥങ്ങൾ. പാലകൻ–സൂര്യൻ.

32. ഇത്–ഗർഭം. ഇത്–ഇതിന്റെ തത്ത്വം. കണ്ടവൻ–പത്നിയുടെ വയർ വലുതാവുന്നതു കണ്ടവൻ. ഇതു–ഗർഭതത്ത്വം. പരിവേഷ്ടിതനായി–ഉല്ബജരായുക്കളാൽ ചുറ്റപ്പെട്ട്. നിരൃതി–നിരൃതി എന്ന തീവ്രദുഃഖം.

33. പിതാവ്–അന്തരിക്ഷം, അഭേദകല്പനയാ സൂര്യൻ. ദുഹിതാവ്–ഭൂമി. ഗർഭാധാനംചെയ്യുന്നു–വർഷജലം ഉൾക്കൊള്ളിയ്ക്കുന്നു.

34. അങ്ങയോട്–യജമാനനോട്. വൃഷാവായ അശ്വം–ആദിത്യൻ. രേതസ്സ്–ഉൽപാദകവസ്തു.

35. യജമാനന്റെ മറുപടി:

36. ഏഴർദ്ധഗർഭങ്ങൾ–സംവത്സരാർദ്ധത്തിൽ ഗർഭം (വൃഷ്ടിജലം) ധരിയ്ക്കുന്ന സപ്തരശ്മികൾ. വിഷ്ണു–ആദിത്യൻ.

37. ഇത്–ഈ പ്രപഞ്ചം. മനസ്സാൽ–ബഹിർമ്മുഖമായ ചേതസ്സിനാൽ. 'പ്രപഞ്ചം, ഞാൻതന്നെ' എന്ന വാക്കിന്റെ സാരം അനുഭവപ്പെടണമെങ്കിൽ, പരമജ്ഞാനമുദിയ്ക്കണം; ശാസ്ത്രജ്ഞാനംമാത്രം പോരാ.

38. മരണമില്ലാത്തത്, ആത്മാവ്; മരണമുള്ളതു, ശരീരം. അശുഭകർമ്മങ്ങളാൽ കീഴ്പ്പോട്ടും, ശുഭകർമ്മങ്ങളാൽ മേല്പോട്ടും പോകുന്നു. അവ രണ്ടും–ആത്മാവും ശരീരവും. ഒന്ന്–ശരീരം. മറ്റത്–ആത്മാവ്. ആത്മജ്ഞാനം ദുഷ്പ്രാപംതന്നെ എന്നു ഭാവം.

39. ഋക്കിന്റെ–ഋഗാദിവേദങ്ങളുടെ. എന്തു ചെയ്യും?–ഋക്ക് ഉരുവിടന്നതുകൊണ്ട് ഒരു ഫലവും നേടില്ല. വഴിപോലെ വർത്തിയ്ക്കുന്നു–അവരുടെ ജീവിതമേ സുജീവിതമാകയുള്ളു.

40. ധനവതി–ക്ഷീരമാകുന്ന ധനം ധാരാളമുള്ളവൾ.

41. ഒന്ന്–വായു. രണ്ട്–മേഘവും അന്തരിക്ഷവും. നാല്–ദിക്കുകൾ. എട്ട്–ദിഗ്വിദിക്കുകൾ. ഒമ്പത്–ദിഗ്വിദിക്കുകളും ആദിത്യനും. അക്ഷരങ്ങൾ–ജലങ്ങൾ. വാക്ക്–മേഘമാല.

42. അതിനെ–സസ്യാദിയെ.

43. വരടി–കത്തിപ്പാൻ ഉണ്ടാക്കിയ ചാണകവരടി. ധർമ്മങ്ങൾ–അനുഷ്ഠാനങ്ങൾ. ഒന്നാമത്തവ–മികച്ചവ.

44. മൂന്നു തേജസ്വികൾ—അഗ്നിയും സൂര്യനും വായുവും. ഒരുവൻ—അഗ്നി. വടിച്ചുകളയുന്നു —ഭൂമിയുടെ കേശങ്ങളായ വനസസ്യാദികളെ ചുട്ടെരിയ്ക്കുന്നു. ഒരുവൻ—സൂര്യൻ. കർമ്മങ്ങൾ—പ്രകാശ-വൃഷ്ട്യാദികൾ. നോക്കിപ്പോരുന്നു—ഭരിയ്ക്കുന്നു എന്നു സാരം. ഒരുവന്റെ—വായുവിന്റെ.

45. നാലുവിഭാഗങ്ങൾ—പരാ, പശ്യന്തി, മധ്യമ, വൈഖരി എന്നു വാക്കിനെ നാലാക്കി വിഭജിച്ചിരിയ്ക്കുന്നു. നാലാമത്തേതായ വൈഖരിയാണ്, മനുഷ്യർ ഉച്ചരിയ്ക്കുന്നത്; മറ്റു മൂന്നും ദുർജ്ഞേയമാകുന്നു.

47. രസഹാരികൾ=രസത്തെ (ഭൂമിയിലെ ജലത്തെ) ഹരിയ്ക്കുന്നവ. ജലത്തിന്റെ ഇരിപ്പിടം —സൂര്യമണ്ഡലം.

48. ഒരു ചക്രം—സംവത്സരം. പന്തിരണ്ട് അഴികൾ—ദ്വാദശമാസങ്ങൾ. മൂന്നു കുടപ്പലകകൾ—ഗ്രീഷ്മ-വർഷ-ഹേമന്തങ്ങൾ. അതു—സംവത്സരമാകുന്ന ചക്രം. മുന്നൂറ്ററുപതെണ്ണം—മുന്നൂറ്ററുപതു ദിവസങ്ങൾ.

49. ആ സ്തനം—സൂക്തമയമായ സ്തനം. അതു നുകർന്നു ഞങ്ങൾ സൂക്തകുശലരായിബ്ഭവിയ്ക്കട്ടെ.

50. ദേവന്മാർ—യജമാനന്മാർ. യജ്ഞം—മഥനജാഗ്നി. യജനീയൻ—ആഹവനീയാഗ്നി. അനുഷ്ഠാനത്തിന്നായി രണ്ടഗ്നികളെയും കൂട്ടിച്ചേർത്തു. സാധ്യദേവന്മാർ—കർമ്മദേവന്മാർ.

51. ചില നാളുകൾകൊണ്ടു പൊങ്ങുന്നു; കീഴ്പ്പോട്ടും പോരുന്നു—ഗ്രീഷ്മത്തിൽ മേല്പോട്ട്, വർഷത്തിൽ കീഴ്പ്പോട്ട്. അഗ്നികൾ ഹവിസ്സു കൊണ്ടുകൊടുത്തു വിണ്ണിനെ-വിണ്ണവരെ—കുളിർപ്പിയ്ക്കുന്നു, ആഹ്ലാദിപ്പിയ്ക്കുന്നു.

52. ഗരുഡനും—ഗരുഡൻപോലെ വാനിൽ ചരിയ്ക്കുന്നവനും ഗർഭം—ഉൽപാദകൻ. കാട്ടുക —മുളപ്പിയ്ക്കുക.

# ഋഗ്വേദം: രണ്ടാം അഷ്ടകം

## മൂന്നാം അദ്ധ്യായം

### മണ്ഡലം 1 അനുവാകം 23

## സൂക്തം 165.

ഇന്ദ്രനും മരുത്തുക്കളും അഗസ്ത്യനും ഋഷികൾ; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മരുത്ത്വാനായ ഇന്ദ്രൻ ദേവത.

'ഒരേ പ്രായത്തിലുള്ളവരും ഒരേടത്തു വസിയ്ക്കുന്നവരും, ഒരേ മഹിമപൂണ്ടവരുമായ മരുത്തുക്കൾ എന്തൊരു നന്മകൊണ്ടാണ്, (ലോകത്തെ) നനയ്ക്കുന്നത്? എന്തുദ്ദേശത്താൽ, എവിടെനിന്നു വന്നു? ഇവർ ധനത്തിന്നായി മഴ പെയ്യിച്ചു ബലം വർദ്ധിപ്പിയ്ക്കുന്നുണ്ടല്ലോ! (1)

യുവാക്കളായ മരുത്തുക്കൾ ആരുടെ മേത്തരം ഹവിസ്സു ഭുജിയ്ക്കുന്നു–ഇവരെ ആർ, അന്തരിക്ഷത്തിൽ പറക്കുന്ന പരുന്തുകളെ എന്ന പോലെ, യാഗത്തിൽ പിടിച്ചുനിർത്തി? നാം ഏതൊരു മഹാസ്തോത്രം കൊണ്ടു സന്തോഷിപ്പിയ്ക്കേണ്ടു?' (2)

'ഇന്ദ്ര, സൽപതേ, മഹനീയനായ ഭവാൻ ഒറ്റയ്ക്ക് എവിടെ പോകുന്നു? എന്തേ, ഇങ്ങനെയായത്? ഭവാൻ സമീപിച്ചു ചോദിയ്ക്കുന്നുണ്ടല്ലോ; ഹരിയുക്ത, അങ്ങയ്ക്കു ഞങ്ങളോടു പറയാനുള്ളതു വഴിപോലെ അരുളിച്ചെയ്യുക.' (3)

'മികച്ച ഹവിസ്സുകളും സ്തോത്രങ്ങളും സുഖദങ്ങളായ സോമങ്ങളും എനിയ്ക്കുള്ളവയാണ്. എന്റെ ബലവത്തായ വജ്രം പ്രയോഗിയ്ക്കപ്പെട്ടാൽ പിന്തിരിയ്ക്കില്ല. (യജമാനന്മാർ) എന്നോടു പ്രാർത്ഥിയ്ക്കുന്നു; ഉക്ഥങ്ങൾ എന്നെ കാമിയ്ക്കുന്നു. ഈ ഹരികൾ എന്നെ അവയിൽ ശരിയ്ക്കു കൊണ്ടാക്കും.' (4)

'ഇന്ദ്ര, എന്നാൽ ഞങ്ങളും സ്വന്തം കരുത്തുള്ള സമീപസ്ഥാശ്വങ്ങളോടുകൂടി, തേജസ്സാൽ ദേഹം ശോഭിപ്പിച്ചു വേഗത്തിൽ അവരോടു ചേർന്നുകൊള്ളാം: അങ്ങും ഞങ്ങളുടെ ജലം ഭുജിയ്ക്കാറുണ്ടല്ലോ.' (5)

'മരുത്തുക്കളേ, നിങ്ങളുടെ ആ ജലം എവിടെയായിരുന്നു! വൃത്രവധത്തിൽ എന്നെ ഒറ്റയ്ക്കാക്കുകയാണല്ലോ, ഉണ്ടായത്; ഞാൻ ഉഗ്രനും ബലിഷ്ഠനും മഹത്ത്വമുള്ളവനുമാകയാൽ, വിശ്വശത്രുവിനെ വജ്രമയച്ചു കീഴടക്കി!' (6)

'വർഷിതാവേ, അങ്ങു വളരെ ചെയ്തിട്ടുണ്ട്; എന്നാൽ, അതു ഞങ്ങളുടെ ഒത്തൊരുമിച്ച ഒത്താശകളോടുകൂടിയാണ്. മഹാബല, ഞങ്ങൾ–മരുത്തുക്കൾ–ഏറെ ചെയ്തിരിയ്ക്കുന്നു: കൊതിച്ച വേലയെടുത്തുവല്ലോ, ഞങ്ങൾ.' (7)

'മരുത്തുക്കളേ, ഞാൻ തനതായ–ഇന്ദ്രന്റേതായ–കോപം കൊണ്ടു ബലവാനായിത്തീർന്നു, വജ്രമയച്ചു വൃത്രനെ വധിച്ചു: മനുവിന്നുവേണ്ടി, ഈ വിശ്വാഹ്ലാദകമായ ജലം പ്രവഹിപ്പിച്ചതു, ഞാനാണ്.' (8)

'മഘവാവേ, ശരി, അങ്ങു ചെയ്യാത്തതൊന്നുമില്ലതന്നെ; അങ്ങയെപ്പോലെ ഒരുപായജ്ഞനായ ദേവനില്ല; വളർന്നവനേ, അങ്ങു ചെയ്തതുപോലെ ചെയ്യാൻ ആരും ജനിച്ചിട്ടില്ല, ജനിയ്ക്കയുമില്ല!' (9)

എനിയ്ക്കൊറ്റയ്ക്കുതന്നേ, വേണ്ടതു കൂസലില്ലാതെ ഉടനടി ചെയ്യാൻ, വിപുലമായ ബലം ഉണ്ടാകട്ടെ! മരുത്തുക്കളേ, ഉഗ്രനും അഭിജ്ഞനുമായ ഞാൻ എവയ്ക്കായി പുറപ്പെടുമോ; അവയ്ക്ക് ഇന്ദ്രനായ ഞാൻതന്നെ അധിപതി! (10)

മരുത്തുക്കളേ, നേതാക്കളായ നിങ്ങൾ എന്നെക്കുറിച്ചു ചെയ്തശ്രവ്യമായ മന്ത്രസ്തോത്രം എന്നെ സന്തോഷിപ്പിച്ചു: സഖാക്കളേ, ഇതു സഖാവും വൃഷാവും സുയജ്ഞനും അനേകശരീരനും ഇന്ദ്രനുമായ എന്റെ ശരീരത്തെ പോഷിപ്പിയ്ക്കട്ടെ! (11)

മരുത്തുക്കളേ, ഈ നിങ്ങൾ ഇപ്രകാരംതന്നെ എന്നെ പുകൾപ്പെടുത്തി, അന-

വദ്യമായ യശസ്സും അന്നവും വഹിയ്ക്കുന്നു; സുവർണ്ണവർണ്ണരായ നിങ്ങൾ എന്നെ നന്നായി വെളിപ്പെടുത്തി, തീർച്ചയായും കീർത്തികൊണ്ടു മൂടിപ്പൂതപ്പിയ്ക്കും! (12)

മരുത്തുക്കളേ, നിങ്ങളെ ഇവിടെ ആർ പൂജിയ്ക്കും? സഖാക്കളേ, നിങ്ങൾ സഖാക്കളുടെ അടുക്കലെയ്ക്കു പുറപ്പെടുവിൻ; മാന്യരേ, സ്പൃഹണീയങ്ങൾ മതിയാവോളം കൊണ്ടുകൊടുക്കുവിൻ. എന്റെ ഈ സത്യങ്ങൾ മനസ്സിലാക്കുവിൻ! (13)

മരുത്തുക്കളേ, പൂജ്യരെ പൂജിപ്പാൻ കഴിവുള്ളതായ മാന്യന്റെ ബുദ്ധി ഇപ്പോൾ നമ്മളെ പ്രാപിച്ചിരിയ്ക്കുന്നു. അതിനാൽ നിങ്ങൾ മേധാവിയുടെ അടുക്കലെയ്ക്കു തിരിയ്ക്കുകതന്നെ വേണം. നിങ്ങളെ ഈ ശ്രേഷ്ഠകർമ്മങ്ങൾക്കായി സ്തോതാവു പൂജിയ്ക്കും.' (14)

മരുത്തുക്കളേ, ഈ സ്തോത്രവും ഈ വാക്കും നിങ്ങളെ പ്രീതിപ്പെടുത്തട്ടെ: പ്രീണയിതാവും മാന്യനുമായ സ്തോതാവിന്റെ ഇച്ഛയാൽ നിങ്ങൾ ദേഹപോഷണത്തിന്നു വന്നുചേരുവിൻ; അന്നവും ബലവും വിജയിയായ ദാനവും ഞങ്ങൾക്കു കൈവരുമാറാകട്ടെ! (15)

## കുറിപ്പുകൾ: സൂക്തം 165.

1. ഇന്ദ്രവാക്യം:
3. മരുത്തുക്കളുടെ മറുപടി: ഇങ്ങനെ—അനുചരരില്ലാതെ.
4. ഇന്ദ്രൻ: പിന്തിരിയ്ക്കില്ല—ശത്രുക്കളെ വധിയ്ക്കാതെ മടങ്ങില്ല. ഉക്ഥങ്ങൾ—ഒരുതരം സ്തോത്രങ്ങൾ. എന്നെ കാമിയ്ക്കുന്നു—എന്നെത്തന്നേ പ്രശംസിയ്ക്കുന്നു. അവയിൽ—ഹവിരാദികളുടെ അടുക്കൽ.
5. മരുത്തുക്കൾ പറയുന്നു: അവർ—യജമാനന്മാർ. ജലം—ഞങ്ങൾ വർഷിച്ച ജലംകൊണ്ടുണ്ടായ ഹവിസ്സ്.
6. ഇന്ദ്രൻ: വിശ്വശത്രു—വൃത്രൻ.
7. മരുത്തുക്കൾ: കൊതിച്ചു—വർഷണം കാംക്ഷിച്ചു.
8. ഇന്ദ്രൻ:
9. മരുത്തുക്കൾ:
10. ഇന്ദ്രൻ: വിപുലം=വിശാലം, സർവവ്യാപി.
12. എന്നെ വെളിപ്പെടുത്തി—എന്റെ ഗുണങ്ങളെ പ്രകാശിപ്പിച്ച്.
13. ആർ പൂജിയ്ക്കും? പൂജിപ്പാൻ കഴിവുള്ളവർ ചുരുങ്ങും. സഖാക്കളുടെ യജമാനന്മാരുടെ.
14. മാന്യൻ—യജമാനൻ. മേധാവി—യജമാനൻ.
15. ഈ വാക്ക്—പ്രാർത്ഥന. ദേഹപോഷണത്തിന്ന്—ഹവിസ്സശിപ്പാൻ. ഈ ഋക്ക് അഗസ്ത്യവാക്യമായിട്ടാണ്, സായണാചാര്യർ വ്യാഖ്യാനിച്ചിരിയ്ക്കുന്നത്.

മൂന്നാമധ്യായം സമാപ്തം.

# ഋഗ്വേദം: രണ്ടാം അഷ്ടകം

## നാലാം അദ്ധ്യായം

### മണ്ഡലം 1 അനുവാകം 23

## സൂക്തം 166.

അഗസ്ത്യൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; മരുത്തുക്കൾ ദേവത. (കേക)

ഞങ്ങൾ വർണ്ണിയ്ക്കാം മരുത്തുക്കളേ, യുഷ്മൽപൂർവ-
തുംഗത, ശീഘ്രം മേഘക്കൊടിയായ് വന്നെത്തുവാൻ:
കത്തുന്ന വിറകു പോലിരമ്പി, യാത്രയ്ക്കൊരു
ശക്തി കൈക്കൊൾവിൻ, പോന്നോർ നിങ്ങൾ പോരിനുപോലെ! (1)

മകനെയെന്നവിധം മധുവെയെടുത്തെന്നും
മഖത്തിൽക്കളിയാടും, മല്ലരക്കളിമ്പക്കാർ;
നതനാം ഹവിഷ്മാങ്കലണയും, സംരക്ഷിപ്പാൻ;
കദനപ്പെടുത്തില്ലാ, രുദ്രജർ കരുത്തന്മാർ. (2)

ഏതൊരു ഹവിഷ്പ്രദന്നേകിയോ മരുത്തുക്കൾ
മേദുരദ്രവിണത്തെ ത്രാതാക്കളമൃതന്മാർ;
അവനുവേണ്ടിത്തോയംകൊണ്ടു തോഴന്മാർപോലെ
ഭുവനം നനയ്ക്കുന്നു സുഖകാരികൾ പാരം! (3)

മൂടുന്നു, ഭുവനത്തെത്തനതാമോജസ്സിനാ-
ലോ;-ട്ടുന്നു, താനേ പൂട്ടി നിങ്ങൾതൻ കുതിരകൾ;
പേടിപ്പൂ, വിചിത്രമാം നിങ്ങൾതൻ പോക്കിൽപ്പാരും
മേടയുമെല്ലാ,മോങ്ങപ്പെട്ട വാൾകളാൽപ്പോലെ! (4)

തിളങ്ങിവീശും മർത്ത്യബാന്ധവർ നിങ്ങൾ മല-
യ്യൊലി ചേർക്കയോ വാനേറുകയോചെയ്യുംനേരം
വൃക്ഷമോരോന്നും വിറയ്ക്കുന്നു; നിങ്ങൾതൻ പോക്കിൽ-
സ്സസ്യാളി ചാഞ്ചാടുന്നു, വണ്ടി കേറിയോൾപോലെ! (5)

ഉൾക്കനിവിനാൽ മരുത്തുക്കളേ, പൂരിപ്പിപ്പി,-
നുഗ്രവ്യഥർ നിങ്ങൾ ഞങ്ങൾക്കു സുബുദ്ധിയെ,
നിങ്ങൾതന്നറുക്കുവാൾ കാറിനെക്കീറുംനേരം,
നിഗ്രഹായുധംപോലേ ഗോക്കളെക്കൊത്തുംനേരം! (6)

നിർത്താതെ ദാനംചെയ്വോർ, നിസ്സീമസമ്പത്തുള്ളോർ,
മർദ്ദിയ്ക്കപ്പെടാത്തവർ, വിനുതർ യജ്ഞങ്ങളിൽ
ഇന്ദ്രനെപ്പൂജിയ്ക്കുന്നു സോമപാനത്തിന്നി:-വ-
രന്നറിഞ്ഞവരല്ലോ, വീരന്റെ മുന്നും ശൌര്യം! (7)

എവരെക്കാത്തു നിങ്ങൾ കുടിലപാപം പറ്റാ-
തെ,വർതൻ പ്രജാപോഷാശംസയെ നിറവേറ്റീ
അവരെപ്പുരുഭോഗച്ചാർത്തിൽ നിർത്തുവിൻ, തേജോ-
ജവശാലികൾ നിങ്ങൾ, പെരിയ മരുത്തുക്കൾ! (8)

നിങ്ങൾതൻ തേരിൽ മരുത്തുക്കളേ, നില്പുണ്ടെല്ലാ-
നന്മയും, തോളിലിണക്കുത്താർന്ന ബലങ്ങളും;
സജ്ജിത,മൂണിൻവട്ടം താവളങ്ങളിൽ നിങ്ങൾ-

ക്ക;ച്ചുതണ്ടമരുന്നു, നിങ്ങൾതൻ വട്ടിൻചാരേ! (9)

ഭൂരിമംഗളമുണ്ട, മർത്ത്യരെത്താങ്ങും കയ്യിൽ;
മാറിലുണ്ടൊ,ളി വീശും മിനുക്കപൊൻപണ്ടങ്ങൾ;
തോളിൽ വെൺമാല്യം, വജ്രങ്ങളിൽ മൂർച്ചയു–മേവം
ചേലുദ്വഹിപ്പൂ നിങ്ങൾ, പക്ഷികൾ പക്ഷംപോലെ. (10)

നിർവ്യാജമഹിമാക്കൾ, വിഭുക്കൾ, നാനൈശ്വര്യർ
ദിവ്യർ, നക്ഷത്രച്ചാർത്താൽപ്പോലവേ ദൂരാലക്ഷ്യർ,
നന്ദകർ, മുഖംകൊണ്ടു ശബ്ദിയ്ക്കും സജിഹ്വന്മാ,-
രിന്ദ്രസമ്മിളിതന്മാർ, വിനതർ മരുത്തുക്കൾ! (11)

നിങ്ങൾതൻ മഹിമാവു താദൃശം സുജാതരേ:
നിങ്ങൾതൻ ദാനം ദീർഘ,മദിതിവ്രതം പോലേ;
നിങ്ങളേതൊന്നും മരുത്തുക്കളേ, സൽക്കർമ്മാവി-
ന്നിങ്ങു നല്കിയാലതു തള്ളുകില്ലിന്ദ്രൻപോലും! (12)

നിങ്ങൾതൻ സ്നേഹം മരുത്തുക്കളേ, നില്ക്കും, നീണാൾ:
നിങ്ങൾ നിത്യരേ, ദ്യുലോം കൊൾവതുണ്ടല്ലോ സ്തോത്രം;
ഇമ്മനസ്സോടേ മനുഷ്യന്റെ കീർത്തിയെത്താങ്ങി,-
ക്കർമ്മത്താലറിയുന്നു നേതാക്കൾ നിങ്ങൾ സമം! (13)

നിങ്ങൾതൻ മഹത്തായ യാതൊന്നാൽ പ്രവേഗരേ,
നിങ്ങൾ വായ്പിപ്പൂ മരുത്തുക്കളേ, നെട്ടും കർമ്മം;
ആളുകൾ യാതൊന്നാലോ വെല്ലുന്നു പെരുംപോരി;-
ലാവരവനുഭവിയ്ക്കാവും,ഞാനീ യജ്ഞത്താൽ! (14)

നിങ്ങൾക്കുള്ളൊന്നു മരുത്തുക്കളേ, സ്തവമിതും,
മംഗളം ചൊല്ലും മാന്യസ്തോതാവിൻ മൊഴിയിതും:
നിങ്ങൾതൻ തിരുവുടലിതിനാൽ വളരട്ടേ;
ഞങ്ങൾ നേടാവൂ, കെല്പമന്നവും ദീർഘായുസ്സും! (15)

## കുറിപ്പുകൾ: സൂക്തം 166.

1. യുഷ്മൽപൂർവതുംഗത=നിങ്ങളുടെ പുരാതനമഹത്ത്വം. മേഘക്കൊടി–മേഘാഗമനത്തിന്റെ അടയാളം; കാറ്റടിച്ചാൽ മേഘം പുറപ്പെടുമല്ലോ. വന്നെത്തുവാൻ–വേദിമേൽ ആവിർ-ഭവിപ്പാൻ. പോന്നോർ=കഴിവുള്ളവർ. പോരിനുപോലെ–യുദ്ധത്തിനു ശക്തി (ബലം) എടുക്കുന്നതുപോലെ.
2. മധു–മധുരമായ ഹവിസ്സ്. മഖം=യാഗം. മല്ലർ–രാക്ഷസാദികളെ ആക്രമിയ്ക്കു-ന്നവർ. കളിമ്പക്കാർ=ക്രീഡാശീലർ. നതൻ=വണങ്ങിയവൻ. ഹവിഷ്മാൻ-ഹവിസ്സൊരുക്കിയവൻ, യജമാനൻ. കദനപ്പെടുത്തില്ലാ–യജമാനനെ ക്ലേശിപ്പിയ്ക്കില്ല. രുദ്രജർ–രുദ്രപുത്രന്മാർ.
3. ഹവിഷ്പ്രദൻ=ഹവിസ്സു നല്കിയവൻ. മേദുരദ്രവിണം=തടിച്ച (മഹത്തായ) ധനം. തോയം –വർഷജലം.
4. പോക്ക്=ഗമനം, സഞ്ചാരം.

5. മലയ്ക്ക്–ഗിരിഗുഹകൾക്ക്. സസ്യാളി=സസ്യസമൂഹം.

6. ഉഗ്രർ–ബലമുയർന്നവർ. അവ്യഥർ–ആരാലും പീഡിപ്പിയ്ക്കപ്പെടാത്തവർ. കൊത്തും-നേരം–കാറ്റടിയ്ക്കുമ്പോൾ ഗോക്കൾ ചൂളുമല്ലോ.

7. വിനുതർ=സ്തുതർ. അന്ന്–വൃത്രവധാദ്യവസരത്തിൽ. വീരന്റെ-ഇന്ദ്രന്റെ.

8. പ്രജാപോഷാശംസ=സന്താനപുഷ്ടിയുണ്ടാകണേ എന്ന പ്രാർത്ഥന. പുരുഭോഗച്ചാർ-ത്തിൽ നിർത്തുവിൻ–ബഹുഭോഗസമ്പന്നരാക്കുവിൻ.

9. ഇണക്കുത്താർന്ന–തമ്മിൽസ്പർദ്ധിയ്ക്കുന്ന. വട്ടിൻ (ചക്രത്തിന്റെ) ചാരേ (അടുക്കൽ) അമരുന്നു–ഉറച്ചുനില്ക്കുന്നു.

10. വജ്രങ്ങൾ–വജ്രസദൃശങ്ങളായ ആയുധങ്ങൾ. ചേല്–സൌന്ദര്യം.

11. നക്ഷത്രനിരകൊണ്ടു ദിവ്യരെ ദൂരത്തുനിന്നു കാണാം; അതുപോലെ ദൂരാലക്ഷ്യർ. നന്ദ-കർ=ആനന്ദിപ്പിയ്ക്കുന്നവർ. സുജിഹ്വന്മാർ–പ്രിയഭാഷികൾ.

12. അദിതിയുടെ (ദേവമാതാവിന്റെ) വ്രതംപോലെ ദീർഘലം–നീണ്ടു നില്ക്കുന്നത്. തള്ളുകില്ല –വകവെയ്ക്കുകതന്നെ ചെയ്യും.

13. നിത്യർ–മരണരഹിതർ. ഇമ്മനസ്സോടേ–ഈ അനുഗ്രഹബുദ്ധിയോടുകൂടി. താങ്ങി–നിലനിർത്തി. അറിയുന്നു–ആളുകളെ തിരിച്ചറിയുന്നു. സമം=ഒന്നിച്ച്.

14. പ്രവേഗർ=വേഗമേറിയവർ. വായ്പിപ്പൂ–വർദ്ധിപ്പിയ്ക്കുന്നു. വരവ്=ആഗമനം. യജ്ഞത്താ-ൽ–സ്തോത്രാദ്യാരാധനങ്ങൾകൊണ്ട്.

## സൂക്തം 167.

അഗസ്ത്യൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രനും മരുത്തുക്കളും ദേവതകൾ. (കേക)

ആയിരം ത്വദ്രക്ഷയും ഹരിസംയുത, ഞങ്ങൾ-
ക്കായിരമതിബലപ്രദമന്നവുമിന്ദ്ര,
ആയിരം ധനങ്ങളുമായിരം പശുക്കളു-
മാനന്ദം തരുവാനായ് ഞങ്ങളിൽ വന്നെത്തട്ടേ! (1)

നമ്മളിൽ വന്നെത്തട്ടേ, രക്ഷകളൊടും, വായ്ച
നല്ല വസ്തുക്കളൊടും, സുപ്രജ്ഞർ മരുത്തുക്കൾ:
വാരിധിയുടെ മറുതീരത്തും ധനമേന്തു-
ന്നോരല്ലോ, മഹത്തുക്കളവർതൻ നിയുത്തുക്കൾ! (2)

അവരിൽ മേളിച്ചിരിപ്പുണ്ടല്ലോ, ഘൃതം രുക-
മഴകേറിയ തങ്കക്കൈവാളും മുകിൽച്ചാർത്തും,
മനുജാംഗനായന്തഃപുരത്തിലെന്നവിധം,
മഖത്തിന്നൊക്കും വാണി സത്സഭയിലും പോലേ! (3)

നാരിയോടെന്നവിധം വാർമിന്നലൊടു ചേർന്നു
നീരൊഴുക്കുന്നു, നിറമേറിയ മരുത്തുക്കൾ,
ഘോരന്മാരനാദരിയ്ക്കില്ല, രോദസിയാളെ;-
ബ്ഭൂരിസന്തോഷപ്രദർ വേഴ്ചയ്ക്കായ് വളർത്തുന്നു! (4)

ചേരുന്നു, രമിപ്പാനിബ്ഭക്തന്മാരൊടു; തേരിൽ-
ക്കേറുന്നു, സൂര്യർക്കൊപ്പമാദിത്യഗതിപോലെ,
ചിന്നിയ കുന്തലൊടും, നരരിൽക്കനിവുള്ള
പൊന്നൊളി മെയ്യാളായ രോദസി, മരുൽപത്നി! (5)

ഇങ്ങധ്വരത്തിൽസ്സോമം പിഴിഞ്ഞു ഹവിർദ്ധരൻ
നിങ്ങളെപ്പൂജിച്ചർക്കസ്തുതികൾ പാടുംനേരം
തരുണർ നിങ്ങൾ മരുത്തുക്കളേ, തേരിൽക്കേറ്റും,
പിരിയാത്തവളാമബ്ബലിഷ്ഠതരുണിയെ! (6)

വിസ്തരിച്ചുരചെയ്യാ,മിമ്മരുത്തുക്കളുടെ
സത്യവും സ്തുത്യർഹവുമാകിയ മാഹാത്മ്യം ഞാൻ:
ദൃപ്തയാമിവരുടെ സുസ്ഥിരയല്ലോ, വർഷ-
സക്തയായ്പ്പുലർത്തുന്നു, ഭാഗ്യവൽപ്രജകളെ! (7)

പരിപാലിപ്പൂ, പന്തികേടിൽനിന്നിതിനെ;യാ
വരുണാര്യമമിത്രർ ചീത്തയെ നശിപ്പിപ്പൂ;
വീഴ്ത്തുന്നു, വീഴാതെനില്ക്കുന്ന വെള്ളവും മരു-
ത്സാർത്ഥമേ, മേഘങ്ങളെപ്പിളർത്തുംകാലം വന്നാൽ. (8)

അരികത്ത,കലത്തുമാശുനിങ്ങൾതൻ കെല്പി-
ന്നറുതി ഞങ്ങൾ മരുത്തുക്കളേ, കണ്ടിട്ടില്ല:
അടിച്ചുകേറും കെല്പാൽത്തഴച്ച മാറ്റാരെക്കീ-

ഴടക്കുന്നവരല്ലോ, നീരപോലാനിപുണന്മാർ! (9)

ഇന്നിന്ദ്രന്നതിപ്രിയർ നമ്മൾ; തന്മഹത്ത്വത്തെ-
യിന്നിനാളെയും ചൊല്ലുമാറാക, സദസ്സിൽ നാം;
പണ്ടുകാലത്തും ചൊല്ലാറുണ്ടു നാൾതോറും നമ്മൾ;
കൊണ്ടാടിടാവൂ നമ്മെ, മർത്ത്യരിൽവെച്ചാ മഹാൻ! (10)

നിങ്ങൾക്കുള്ളൊന്നു മരുത്തുക്കളേ, സ്തവമിതും,
മംഗളം ചൊല്ലും മാന്യസ്തോതാവിൻ മൊഴിയിതും:
നിങ്ങൾതൻ തിരുവുടലിതിനാൽ വളരട്ടേ;
ഞങ്ങൾ നേടാവൂ, കെല്പുമന്നവും ദീർഘായുസ്സും! (11)

## കുറിപ്പുകൾ: സൂക്തം 167.

1. ഹരിസംയുത–ഹരികളെന്ന കുതിരകളോടുകൂടിയവനേ.
2. നിയുത്തുക്കൾ–നിയുത്തുക്കളെന്ന അശ്വങ്ങൾ.
3. ഘൃതം=ജലം, അല്ലെങ്കിൽ നെയ്യ്. നെയ്യൊലിയ്ക്കുന്നതായി തോന്നുന്ന മിന്നപ്പ്. മനുജാംഗന–ഒരു വലിയ ആളുടെ ഭാര്യ. മഖത്തിന്നൊക്കും വാണി–സ്തോത്രവും മറ്റും. സത്സഭ–യജ്ഞസദസ്സ്.
4. നീര്-വർഷജലം; രേതസ്സ് എന്നും. നിറം–ഭൂഷണപ്രഭ. രോദസി–ഇതു മരുത്തുക്കളുടെ പത്നിയുടെ പേരത്രേ. ഘോരന്മാർ–അതിവൃഷ്ടിപ്രദാനം കൊണ്ടു ഭയങ്കരർ.
5. ഇബ്ഭക്തന്മാരൊടു–പരിചരിയ്ക്കുന്ന മരുത്തുക്കളോടു. സൂര്യയ്ക്കൊപ്പം–സൂര്യപുത്രി അശ്വികളുടെ തേരിൽ കേറിയപോലെ. ആദിത്യഗതിപോലെ–അത്ര വേഗത്തോടേ.
6. അർക്കസ്തുതികൾ=മന്ത്രസ്തോത്രങ്ങൾ. തേരിൽക്കേറ്റം-യജനസ്ഥലത്തെയ്ക്കു പോരാൻ. തരുണി–രോദസി.
7. സത്യം=യഥാർത്ഥം. ദൃപ്ത–തനിയ്ക്കൊത്ത ഒരു ലോകോപകാരിണിയില്ലെന്ന അഹങ്കാരമുള്ളവൾ. സുസ്ഥിര–നിത്യസഹധർമ്മിണി, രോദസി. വർഷസക്ത=വൃഷ്ടിതൽപര. ഭാഗ്യവൽപ്രജകളെ=ഭാഗ്യമുള്ള ആളുകളെ.
8. ഇതിനെ–യജ്ഞത്തെ. വെള്ളവും വീഴ്ത്തുന്നു–മഴ പെയ്യിയ്ക്കുകയും ചെയ്യുന്നു. മരുത്സാർത്ഥം=മരുദ്ഗണം. മേഘങ്ങളെപ്പിളർത്തുംകാലം–വർഷാകാലം.
9. ഉത്തരാർദ്ധം പരോക്ഷവാക്യമാണ്: നീർ–അടിച്ചുകേറുന്ന വെള്ളം പ്രതിബന്ധങ്ങളെ അമർത്തുമല്ലോ.
10. മർത്ത്യരിൽവെച്ച്–മറ്റു മനുഷ്യരെക്കാൾ.

## സൂക്തം 168.

അഗസ്ത്യൻ ഋഷി; ജഗതിയും ത്രിഷ്ടപ്പും ഛന്ദസ്സ്; മരുത്തുക്കൾ ദേവത. (കേക)

നിങ്ങൾതൻ ശരിയാക്കൽ വെമ്പുന്ന യജ്ഞേ, യജ്ഞേ;
നിങ്ങൾ ദേവകൾക്കേകാൻ ചെയ്യുന്ന കർമ്മം, കർമ്മം;
ഇങ്ങെഴുന്നള്ളേണമേ, നിങ്ങൾ വാന്തുഴികൾതൻ
തുംഗതുഷ്ടിയ്ക്കും, ഹൃദ്യസ്തോത്രങ്ങൾ പരത്താനും! (1)

രൂപികൾ പോലേ, വിറപ്പിയ്ക്കുമസ്വയംഭക്ക-
ളാവിർഭവിപ്പൂ, കെല്പർ വിണ്ണിന്നുമന്നത്തിന്നും,
വൻനീരത്തിരകൾ പോലായിരക്കണക്കിലായ്
വന്ദ്യഗോവുകൾപോലെയന്തികേ നീർ രുകുന്നോർ! (2)

പിഴിഞ്ഞു കുടിച്ച നൽസ്സോമങ്ങൾപോലേ, ഗാത്രം
തഴച്ചോരിവർ നെഞ്ചിൽസ്സേവകർ പോലേ നില്ക്കും;
തോൾകളിലൊരുമങ്കപോലെ തൂങ്ങുന്നു, ശക്തി;
കൈകളിലുറയുമുണ്ടി,വർക്കു ചുരികയും. (3)

ഒത്തുചേർന്നിറങ്ങുന്നു വാനിൽനിന്നനായാസം-
ഉക്തിയാൽ പ്രേരിപ്പിപ്പിൻ സ്വയമിങ്ങമർത്ത്യരേ–
സുസ്ഥിരത്തെയും വിറപ്പിയ്ക്കുമേ, പൊടി നീക്കി
പ്രത്യക്ഷരാകും ദീപ്തഖഡ്ഗരാം മരുത്തുക്കൾ! (4)

നിങ്ങളെയിടയിൽനിന്ന,ണയെ നാക്കാൽപ്പോലാ-
രങ്ങിളക്കുന്നു, സ്വയം വാൾമിന്നുമനിലരേ?
കാർകൾപോലുരുഫലപ്രേപ്സുവിന്നന്നം കിട്ടാ-
നാകാംക്ഷ്യർ നിങ്ങൾ, പകൽസ്സമയത്തശ്വംപോലെ! (5)

ഏതിനോ നിങ്ങൾ മരുത്തുക്കളേ, വന്നെത്തുവ-
താ,ദിയാ മഹത്തായ മഴനീർക്കെങ്ങെ?-ങ്ങറ്റം?
ഒന്നിച്ചുചേർന്ന ജലം പതിർപോലുതിർക്കുവാ-
നിന്നിങ്ങൾ വജ്രംകൊണ്ടു കീറുന്നു, ദീപ്താഭ്രത്തെ! (6)

നിങ്ങളെസ്സേവിയ്ക്കൽ നീരോഗ,മുജജ്വലം, ഫലാ-
സംഗി, സൗഖ്യദം, മരുത്തുക്കളേ, കൃഷിയുക്തം;
നിങ്ങൾതൻ പ്രദാനവുമാഡ്യദക്ഷിണപോലെ
മംഗള,മാശുകര,മാസുരബലംപോലെ! (7)

കാർകളെ നിലവിളിപ്പിച്ചുകൊണ്ടും,ഭസ്സിന്നൊ-
രാകമ്പമുണ്ടാക്കുന്നു, മാരുതകുലിശങ്ങൾ;
അവർ മന്നലകത്തെത്തണ്ണീരാൽ നനയ്ക്കുമ്പോ-
ള,വാനമുതയോടേ പുഞ്ചിരിക്കൊൾവൂ, മിന്നൽ! (8)

പൃശ്നിയുൽപാദിപ്പിച്ചൂ, പെരിയ രണത്തിന്നായ്,-
സ്സശ്രീകം ചരിയ്ക്കുന്ന മാരുതസമൂഹത്തെ;
ഏകരൂപരാമവർ മേഘത്തെജ്ജനിപ്പിച്ചാ-

രാ;—കാംക്ഷ്യമാകും ഭക്ഷ്യമപ്പൊഴേ കാണായ്വന്നു! (9)

നിങ്ങൾക്കുള്ളൊന്നു, മരുത്തുക്കളേ, സ്തവമിതും,
മംഗളം ചൊല്ലും മാന്യസ്തോതാവിൻ മൊഴിയിതും;
നിങ്ങൾതൻ തിരുവുടലിതിനാൽ വളരട്ടേ;
ഞങ്ങൾ നേടാവൂ, കെല്പുമന്നവും ദീർഘലായുസ്സും! (10)

## കുറിപ്പുകൾ: സൂക്തം 168.

1. ശരിയാക്കൽ—കൂടുതൽ കുറവുകളില്ലാതാക്കൽ. നിങ്ങൾ ഓരോ യജ്ഞത്തിലും സത്വരം വന്നു ന്യൂനതാധിക്യങ്ങൾ പരിഹരിയ്ക്കുന്നു. ഏകാൻ ഹവിസ്സുൽപ്പാദിപ്പിയ്ക്കാൻ വൃഷ്ടി നടത്തുന്നു; പരത്തുക=വ്യാപിപ്പിയ്ക്കുക.
2. രൂപികൾപോലെ—അരൂപരെങ്കിലും സരൂപർപോലെ. വൻനീരത്തിരകൾ= വലിയ ജലവീചികൾ. നീർ തൂകുന്നോർ—വന്ധ്യഗോവുകൾ (മികച്ച പൈക്കൾ) പാൽ ചുരത്തുന്നതുപോലെ വൃഷ്ടിജലം തൂകുന്നവർ.
3. കുടിച്ച സോമങ്ങൾ നെഞ്ചിൽ (കുടിച്ചവരുടെ ഹൃദയങ്ങളിൽ) സേവകർ (പരിചാരകർ)പോലെ നില്ക്കുമല്ലോ. ശക്തി=ബലം അല്ലെങ്കിൽ വേലെന്ന ആയുധം.
4. രണ്ടാംപാദം പ്രത്യക്ഷവാക്യം. ഉക്തി=വാക്ക്. പ്രേരിപ്പിപ്പിൻ—നിങ്ങളെ സ്തുതിയ്ക്കാൻ ഞങ്ങളെ പ്രേരിപ്പിയ്ക്കുവിൻ. സുസ്ഥിരം—അത്യന്തം ഉറച്ചു നില്ക്കുന്ന പർവതാദി. പൊടി=രേണു, പാപം.
5. അണ=ഹനുക്കൾ. അനിലർ=മരുത്തുക്കൾ. അന്നം കിട്ടാൻ നിങ്ങളെ, മേഘങ്ങളെ എന്നപോലെ ഉരുഫലപ്രേപ്സു (വളരെ ഫലങ്ങളിച്ഛിയ്ക്കുന്ന യജമാനൻ) ആകാംക്ഷിയ്ക്കുന്നു (ആഹ്വാനംചെയ്യുന്നു); അശ്വംപോലെ—അശ്വത്തെ മെരുക്കുന്നതുപോലെ.
6. മഹത്തായ മഴവെള്ളത്തിന്ന് ആദിയില്ല, അറ്റവുമില്ല. ദീപ്താഭ്രം=തിളങ്ങിയ മേഘം.
7. നിങ്ങളെ സേവിച്ചാൽ രോഗശാന്ത്യാദിഫലങ്ങൾ കിട്ടും. ആഢ്യദക്ഷിണ—ധനികൻ ധാരാളം കൊടുക്കുമല്ലോ, ദക്ഷിണ. ആശുകരം=ക്ഷിപ്രകാരി. ആസുരബലം (അസുരശക്തി) ചിലരിൽനിന്നു ധനം അപഹരിച്ചു മറ്റുചിലർക്കുകൊടുക്കുന്നു; അതുപോലെ നിങ്ങളുടെ ദാനവും മേഘത്തിൽനിന്നു ജലം അപഹരിച്ചു ലോകത്തിനു നല്കുന്നു.
8. ആകമ്പം=ഇളക്കം. മാരുതകുലിശങ്ങൾ=മരുത്തുക്കളുടെ വജ്രങ്ങൾ. മന്നുലകം=ഭൂലോകം. അവനമ്രത—താഴ്ച; മുഖം കുനിച്ച്.
9. പൃശ്നി-അന്തരിക്ഷദേവത എന്നു ചിലർ അഭിപ്രായപ്പെട്ട മരുന്മാതാവ്. രണത്തിനായ്—പൊരുതി മേഘങ്ങളെ ജയിപ്പാൻ. സശ്രീകം=ശോഭയോടേ. മാരുതസമൂഹം=മരുദ്ഗണം. ജനിപ്പിച്ചാർ—വർഷോദ്യുക്തരാക്കി എന്നുസാരം.

## സൂക്തം 169.

അഗസ്ത്യൻ ഋഷി; ത്രിഷ്ടുപ്പും വിരാട്ടും ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കേക)

പെരിയോരാമീ മരുത്തുക്കളെത്തള്ളീടാതേ
പരിപാലിച്ചീടുന്നു, പെരിയോൻ ഭവാനിന്ദ്ര,
അവർതൻ വിധാതാവാമവിടുന്നറിഞ്ഞു ത-
ന്നരുൾകെങ്ങൾക്കു, ഭവാന്നരിമപ്പെട്ട സുഖം! (1)

ഇന്ദ്ര, നിങ്കലേ ചേർന്നോർ, മർത്ത്യർക്കായ് മഴ പെയ്യി-
യ്ക്കുന്ന നിശ്ശേഷപ്രജാപാലകർ മരുത്തുക്കൾ:
ചിരികൂട്ടിനാരല്ലോ, സുഖത്തെത്തുകും പോരി-
ലരിയ ലാഭം നേടാനിവർതൻ പൃതനകൾ! (2)

ചെല്ലുന്നു ഭവാന്റെയച്ചുരിക: പണ്ടേ കൊണ്ട
വെള്ളമെങ്ങൾക്കായിന്ദ്ര, പാറ്റുന്നു മരുത്തുക്കൾ;
അഗ്നിയും ജ്വലിയ്ക്കുന്നു, പതിവുകർമ്മങ്ങളി;-
ലന്നങ്ങൾ പുലർത്തുന്നു, ദ്വീപിനെജ്ജലംപോലേ! (3)

അദ്ധനം തരികിന്ദ്ര: ഞങ്ങളർപ്പിയ്ക്കാമങ്ങ-
യ്ക്കുത്തമപ്രദേയങ്ങൾ ബന്ധുവിന്നെന്നവിധം:
നൽസ്തുതികളാൽപ്പോഷിപ്പിപ്പു, വായുവാം നിന്നെ,-
ദുദ്ധാർത്ഥമാഹാരത്താൽ സ്തനത്തെപ്പോലെയിവർ! (4)

ഘാതുകതമരിന്ദ്ര, നിന്നുടെ സുഹൃത്തുക്ക-
ളേതുയജ്ഞേച്ഛുവിനും നിർവാഹകന്മാരല്ലോ.
ഏകട്ടേ, സുഖമെങ്ങൾക്കദ്ദേവർ മരുത്തുക്കൾ:
യാഗത്തിൽ മുമ്പേ ചെല്ലാനോർക്കുവോരല്ലോ, ഇവർ! (5)

ചെല്ലുക, നീർ ഋകുന്ന നേതാക്കൾതൻയനേർക്കിന്ദ്ര:
മല്ലടിയ്ക്കയും ചെയ്ക, വാനിടത്തിങ്കൽബ്ഭവാൻ;
ഇവർതൻ പൃഥുപാദരായ വാജികളുണ്ടു
നിവസിയ്ക്കുന്നു മാർഗ്ഗേ, പ്രഭുശക്തികൾ പോലേ! (6)

പടയ്ക്കു പുറപ്പെട്ടും മർത്ത്യനെ സ്വരക്ഷയാ-
ലടിച്ചുവീഴ്ത്തുമെവർ, കെട്ടുമാറ്റാനെപ്പോലെ;
ഭീമർ, കർബ്ബുരവർണ്ണർ, സതതസഞ്ചാരിക-
ളാ മരുത്തുക്കൾ വരുന്നുണ്ടു;-താ, ശബ്ദം കേൾപ്പൂ! (7)

ഇന്ദ്ര, നീ വിശ്വഹിതശക്തിയാൽ, മരുത്തുക്ക-
ളൊന്നിച്ചു പിളർത്താലും, മാൽ പോക്കും മുകിൽകളെ;
അങ്ങയെ സ്തുതിയ്ക്കുന്നു ദേവ, സുഷ്ടുതർ ദേവർ;
ഞങ്ങൾ നേടാവൂ, കെല്പുമന്നവും ദീർഘായുസ്സും! (8)

## കുറിപ്പുകൾ: സൂക്തം 169.

1. പെരിയോൻ–മരുത്തുക്കളെ തള്ളായ്കയാൽ ഭവാൻ പെരിയോനാകുന്നു. വിധാതാവ്–സ്രഷ്ടാവ്; മരുത്തുക്കൾക്കു ദേവകളിൽ സ്ഥാനം കല്പിച്ചവൻ. സുഖം–മരുദധീനമായ മഴയും മറ്റും; അതു ഭവാനു പ്രിയപ്പെട്ടതാണല്ലോ.
2. സുഖം–സ്വർഗ്ഗാദിഫലം. പോർ–വൃത്രാദിയുദ്ധം. ലാഭം–ജയം. പൃതനകൾ=സേനകൾ ചിരികൂട്ടിനാർ–ഹർഷിച്ചു. അതിനാൽ മരുത്തുക്കൾ അങ്ങയുടെ പങ്കുകാർതന്നെ.
3. ചെല്ലുന്നു–മേഘത്തെ പിളർത്താൻ. ചുരിക–വജ്രമെന്നർത്ഥം. കൊണ്ടു=സംഭരിച്ചു. അഗ്നിയും ജ്വലിയ്ക്കുന്നു–മഴകൊണ്ടു സസ്യാദികൾ വർദ്ധിച്ചതിനാൽ പതിവുകർമ്മങ്ങളിൽ (അനുദിനയജ്ഞങ്ങളിൽ) അഗ്നി ജ്വലിപ്പിയ്ക്കപ്പെട്ടുകയായി. ഒരു ദ്വീപിനെ ചുറ്റുമുള്ള ജലം എപ്രകാരമോ, അപ്രകാരം ആളുകളെ അന്നങ്ങൾ പുലർത്തുന്നു (പോറ്റുന്നു).
4. അദ്ധനം–പ്രസിദ്ധമായ അങ്ങയുടെ സമ്പത്ത്. പകരം, അങ്ങയ്ക്കു ഞങ്ങൾ ഒരു ബന്ധുവിന്നെന്നപോലെ ഉത്തമപ്രദേയങ്ങൾ (മികച്ച ദേയവസ്തുക്കൾ) അർപ്പിയ്ക്കാം. വായു–അതിവേഗത്തിൽ വരം നല്കുന്നവൻ. ദുഗ്ദ്ധർത്ഥം=പാലുണ്ടാകാൻ. സ്തനം–പ്രസൂതയുടെ സ്തനം. ഇവർ–ഞങ്ങളുടെ സ്തോതാക്കൾ.
5. ഘാതുകതമർ–വർഷിയ്ക്കാത്ത മേഘങ്ങളെ തുലോം ഹിംസിയ്ക്കുന്നവർ. ഓർക്കുവോർ–മുതിരുന്നവർ.
6. നീർ തുകുന്ന നേതാക്കൾ–മേഘങ്ങൾ. മല്ലടിയ്ക്കയും ചെയ്ക–അവരെക്കൊണ്ടു മഴ പെയ്യിയ്ക്കാൻ. ഇവർ–മരുത്തുക്കൾ. പൃഥുപാദർ=വലിയ കാലുള്ളവ. വാജികൾ=അശ്വങ്ങൾ. അവ അങ്ങയെ സഹായിയ്ക്കും.
7. കർബ്ബുരവർണ്ണർ=നാനാവർണ്ണർ.
8. സുഷ്ടുതർ=നന്നായി സ്തുതിയ്ക്കപ്പെട്ടവർ.

## സൂക്തം 170.

അഗസ്ത്യൻ ഋഷി; ബൃഹതിയും അനുഷ്ടുപ്പും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

'ഇന്നില്ല, തീർച്ച; നാളെയുമില്ല. ഈ അദ്ഭുതം ആരറിഞ്ഞു? മറ്റൊരുവന്റെ ചുറ്റിനടക്കുന്ന മനസ്സ് ആരറിയും? നിനച്ചതും നശിച്ചുപോകുന്നു!' (1)

'ഇന്ദ്ര, ഭവാൻ എന്തിനു ഞങ്ങളെ ഹനിപ്പാൻ തുടങ്ങുന്നു? അങ്ങയുടെ ഭ്രാതാക്കളാണ്, മരുത്തുക്കൾ. അവരോടൊന്നിച്ചു തക്കതു ചെയ്യുക; പൊരുതി ഞങ്ങളെ കൊല്ലരുതു്.' (2)

'ഭ്രാതാവേ, അഗസ്ത്യ, ഭവാൻ സഖാവായിരിയ്ക്കെ, ഞങ്ങളെ കടന്നുകരുതുന്നതെന്തുകൊണ്ടാണ്? എനിയ്ക്കറിയാം, ഭവാന്റെ ഉള്ള്: ഭവാൻ ഞങ്ങൾക്കു തരാൻ വിചാരിയ്ക്കുന്നില്ല! (3)

വേദി വെടുപ്പാക്കട്ടെ; മുൻവശത്ത് അഗ്നിയെ ജ്വലിപ്പിയ്ക്കട്ടെ. അതിൽ നമുക്കിരുവർക്കുംകൂടി, അമർത്ത്യത്വജ്ഞാപകമായ യജ്ഞം നടത്താം.' (4)

'ഇന്ദ്ര, ധനപതേ, അങ്ങാണ് ധനങ്ങളുടെ സ്വാമി. മിത്രപതേ, അങ്ങു മിത്രങ്ങളെ ഭരിയ്ക്കുന്നു, മരുത്തുക്കളെ അഭിനന്ദിയ്ക്കുന്നു; കാലങ്ങളിൽ ഹവിസ്സശിച്ചുകൊള്ളുക.' (5)

### കുറിപ്പുകൾ: സൂക്തം 170.

1. ഇന്ദ്രൻ പറയുന്നു: നശിച്ചുപോകുന്നു–മറക്കുന്നു.
2. അഗസ്ത്യൻ പറയുന്നു: തക്കതു്–ഹവിർവിഭജനമോ, യുദ്ധമോ.
3. ഇന്ദ്രൻ: കടന്നുകരുതുന്നതു്–ഞങ്ങൾ ഉപദ്രവിച്ചേയ്ക്കുമെന്നു ശങ്കിയ്ക്കുന്നതു്.
4. ഇതും ഇന്ദ്രവചനംതന്നെ.
5. അഗസ്ത്യൻ:

## സൂക്തം 171.

അഗസ്ത്യൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മരുത്തുക്കളും ഇന്ദ്രനും ദേവതകൾ.

മരുത്തുക്കളേ, ഈ നിങ്ങളെ ഞാൻ നമസ്കാരംകൊണ്ട് അഭിഗമിയ്ക്കുന്നു: സൂക്തംകൊണ്ടു, സത്വരരായ നിങ്ങളുടെ സന്മനസ്സു യാചിയ്ക്കുന്നു. നിങ്ങൾ സ്തുതികൾകൊണ്ടു രസിച്ച്, അരിശം വെടിയുവിൻ: കുതിരകളെ അഴിച്ചുവിടുവിൻ! (1)

മരുത്തുക്കളേ, ഇതാ, നിങ്ങൾക്കു മനോനിർമ്മിതമായ സ്തോത്രവും ഹവിസ്സും: ദേവന്മാരേ, ഇതു നിങ്ങൾ മനസ്സിൽ വെയ്ക്കുവിൻ; മനസ്സുകൊണ്ടാദരിച്ച് ഇവിടെ വന്നുചേരുവിൻ. അന്നം വർദ്ധിപ്പിയ്ക്കുന്നവരാണല്ലോ, നിങ്ങൾ! (2)

സ്തുതിയ്ക്കപ്പെട്ട മരുത്തുക്കൾ നമ്മെ സുഖിപ്പിയ്ക്കട്ടെ; സ്തുതിയ്ക്കപ്പെട്ട മഘവാവു സൌഖ്യം തരട്ടെ. മരുത്തുക്കളേ, ഞങ്ങൾക്കു മേലിൽ എല്ലാദ്ദിവസങ്ങളും ഉൽകൃഷ്ടങ്ങളും സ്പൃഹണീയങ്ങളും സേവനീയങ്ങളുമായിത്തീരട്ടെ! (3)

മരുത്തുക്കളേ, ഈ ബലവാനായ ഇന്ദ്രനെ പേടിച്ചു ഞാൻ വിറച്ചുംകൊണ്ടു പാഞ്ഞു. ഇതുനിമിത്തം, നിങ്ങൾക്കായി വെട്ടുപ്പു വരുത്തിവെച്ചിരുന്ന ഹവിസ്സു ദൂരത്തായിപ്പോയി. നിങ്ങൾ ഞങ്ങളെ സുഖിപ്പിയ്ക്കണം! (4)

വൃഷാവേ, യാതൊരു ബലവാനാൽ മാനിയ്ക്കപ്പെട്ട രശ്മികളാണോ, എന്നെന്നും ഉഷസ്സുകളുടെ ഉദയത്തിൽ ഉണർവു വരുത്തുന്നത്; ആ ഉഗ്രനും പുരാതനനും ശക്തിപ്രദനുമായ നിന്തിരുവടി ഉഗ്രരായ മരുത്തുക്കളോടുകൂടി ഞങ്ങൾക്ക് അന്നം കല്പിച്ചുതന്നാലും! (5)

ഇന്ദ്ര, അവിടുന്നു പ്രബലരായ നേതാക്കളെ രക്ഷിച്ചാലും; മരുത്തുക്കളോടൊന്നിച്ചു കോപം വെടിഞ്ഞാലും. ആ ശോഭനജ്ഞാനരോടു കൂടി, ധർഷകനായ അവിടുന്നു തന്നരുളിയാലും: ഞങ്ങൾക്ക് അന്നവും ബലവും ദീർഘായുസ്സും കിട്ടട്ടെ! (6)

### കുറിപ്പുകൾ: സൂക്തം 171.

1. അഭിഗമിയ്ക്കുക–സമീപിയ്ക്കുക. സൂക്തം–സ്തോത്രം. കുതിരകളെ അഴിച്ചുവിടുവിൻ–അരിശപ്പെട്ടു തിരിച്ചുപോയ്ക്കളയരുത്.
2. ഇത്–സ്തോത്രം.
4. സുഖിപ്പിയ്ക്കണം–അനപരാധികളായ ഞങ്ങളിൽ കോപിയ്ക്കരുത്.
5. ഉണർവു വരുത്തുന്നത്–പ്രാണികൾക്ക്.
6. തന്നരുളിയാലും–അഭീഷ്ടം.

## സൂക്തം 172.

അഗസ്ത്യൻ ഋഷി; ഗായത്രി ഛന്ദസ്സ്; മരുത്തുക്കൾ ദേവത.

ശോഭാദാനരായ മരുത്തുക്കളേ, നിങ്ങളുടെ ആഗമനം ആശ്ചര്യമായിബ്ഭവിയ്ക്കട്ടെ; മങ്ങാത്ത ശോഭയുള്ളവരേ, ആശ്ചര്യമായ അതുരക്ഷകവുമാകട്ടെ! (1)

ശോഭനദാനരായ മരുത്തുക്കളേ, നിങ്ങളുടെ ആ ചൊല്ലൊണ്ടചുരിക ദൂരേ വെച്ചേയ്ക്കുക; എറിയുന്ന കല്ലും ദൂരേ വെച്ചേയ്ക്കുക! (2)

ശോഭനദാനരേ, നിങ്ങൾ ഈ പുല്ലുപോലെ വിറയ്ക്കുന്നവന്റെ ആളുകൾക്കു സങ്കടം വരുത്തരുതേ; ഞങ്ങളെ ഉന്നതരും ചിരജീവികളുമാക്കുവിൻ! (3)

### കുറിപ്പുകൾ: സൂക്തം 172.

3. വിറയ്ക്കുന്നവന്റെ–എന്റെ. ആളുകൾ–പുത്രഭൃത്യാദികൾ.

## സൂക്തം 173.

അഗസ്ത്യൻ ഋഷി; തിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

അങ്ങറിയുന്നതുപോലെ, വാനിൽ വ്യാപിയ്ക്കുന്ന സാമം ഗാനം ചെയ്യപ്പെടുന്നു; സ്വർഗ്ഗപ്രാപകമായ അതിനെ ഞങ്ങൾ, ദർഭയിലിരിയ്ക്കുന്ന ദിവ്യനെ കറവുപൈക്കൾ ഉപദ്രവിയ്ക്കപ്പെടാതെ പരിചരിയ്ക്കുമാറു, വളർത്തിച്ചൊല്ലുന്നു. (1)

ഹവിർവർഷി വർഷകരോടൊന്നിച്ചു സമൃദ്ധമായ സ്വന്തം ഹവിസ്സുകൊണ്ട് (ഇന്ദ്രനെ) പൂജിയ്ക്കുന്നു: അദ്ദേഹം അത്, ഒരു വിശപ്പുള്ള മൃഗംപോലെ ഭക്ഷിപ്പാനൊരുങ്ങുമല്ലോ. ബലവാനേ, സ്തോത്രതൽപരരെ തോഷിപ്പിയ്ക്കുന്ന മനുഷ്യനായ ഹോതാവു യജ്ഞനിർവഹണത്തിന്ന് ഇണകളെ ഒരുക്കുന്നു. (2)

ഹോതാവു പരിമിതസ്ഥാനങ്ങളെ ചുറ്റി വന്നെത്തുന്നു; ഒരാണ്ടിലെ ഭൂമ്യുൽപന്നത്തെ കൈക്കൊള്ളുന്നു; കുതിരപോലെ ചിനയ്ക്കുന്നു; കൊണ്ടുപോകുന്നു; കാളപോലെ മുക്രയിടുന്നു; ദൂതൻപോലെ സ്തുതിച്ചു കൊണ്ടു വാനൂഴികൾക്കിടയിൽ സഞ്ചരിയ്ക്കുന്നു! (3)

ദേവകാമന്മാർ കഴിവുകൾ നേടുന്നു. നാമും ധാരാളം ഹവിസ്സൊരുക്കുക: ദർശനീയതേജസ്സായ ഇന്ദ്രൻ, അശ്വികളെന്നപോലെ സുഖപ്രാപ്യനായി, തേരിലിരുന്നു കൈക്കൊള്ളട്ടെ! (4)

സത്ത്വവാൻ, ശൂരൻ, മഘവാവ്, രഥസ്ഥൻ, നേരിടുന്നവനെക്കാളും പോരിടുന്നവൻ, വർഷകസമേതൻ, മൂടിനിന്ന തമസ്സിനെയും മുടിച്ചവൻ—ഇങ്ങിനെയുള്ള ഇന്ദ്രനെ ഭവാൻ സ്തുതിയ്ക്കുക! (5)

ഇന്ദ്രൻ മഹത്ത്വത്താൽ നേതാക്കൾക്കു പ്രഭുവാകുന്നു; വാനൂഴികൾ കുടിച്ചേന്നാൽത്തന്നെ അവിടെയ്ക്കു മതിയാവില്ല! അവിടുന്ന്, ആകാശം ഭൂമിയെ എന്നപോലെ ആവരണംചെയ്യുന്നു; ആ അന്നവാൻ ലോകദ്വയത്തെയും സ്വർഗ്ഗത്തെയും ഭരിച്ചരുളുന്നു. (6)

ശൂര, യുദ്ധങ്ങളിൽ സജ്ജനങ്ങൾക്കു ബഹുപ്രദനും ഉത്തമമാർഗ്ഗഭൃതനും വിദ്വാനും ഇന്ദ്രനുമായ ഭവാനെ ചമയിയ്ക്കാനും മത്തുപിടിപ്പിയ്ക്കാനും പരിജനങ്ങൾ—ബലംകൊണ്ട് ഇമ്പപ്പെടുത്താറുള്ളവർ—സമാനപ്രീതിയോടേ യത്നിയ്ക്കുന്നു. (7)

അങ്ങയെ അന്തരിക്ഷത്തിൽ ജലങ്ങളാകുന്ന ദേവിമാർ ഈ പ്രജകൾക്കായി ഇമ്പപ്പെടുത്തിയാലേ, ഇപ്രകാരം സവനങ്ങൾ അങ്ങയ്ക്കു സുഖകരങ്ങളാകൂ; സ്തോതാക്കളെ അങ്ങു കർമ്മംകൊണ്ടനുഗ്രഹിച്ചാലേ, എല്ലാവാക്കും അങ്ങയ്ക്കു പ്രീതികരവുമാകൂ. (8)

സ്വാമിൻ, ഞങ്ങൾ നല്ല സഖാക്കളുള്ളവരും, നരരുടെ പ്രശംസകൾകൊണ്ടെന്നപോലെ ശോഭനാഭീഷ്ടരുമായിത്തീരണം; ജന്ദ്രൻ നമ്മുടെ സ്തുതിയിൽ വർത്തിച്ചു, വെമ്പൽക്കൊണ്ടവനെന്നപോലെ, കമ്മത്തെ ഉക്ഥത്താൽ സഫലമാക്കണം! (9)

നരരെ പ്രശംസകൾകൊണ്ട് ഇണക്കുന്നതുപോലെ, നാം വജ്രപാണിയായ ഇന്ദ്രനെ ഇണക്കുക. ഹിതൈഷികൾ സുശാസിതാവായ പുരനാഥനെ എന്നപോലെ, ശ്രേയസ്കാമർ (ഇന്ദ്രനെ) യജ്ഞസാധനങ്ങൾകൊണ്ടു പൂജിയ്ക്കുന്നു. (10)

ഒരു യജ്ഞവാൻ ഇന്ദ്രനെ വർദ്ധിപ്പിയ്ക്കുന്നു; വക്രഗതിക്കാരനോ, മനസ്സുകൊണ്ട് അലഞ്ഞുനടക്കുന്നു നല്ല വഴിയിൽ തൃഷിതൻ തണ്ണീർപ്പര പൂകും; വളഞ്ഞുതിരിഞ്ഞ വഴിയോ, വിശ്രമാർത്ഥിയെ പിന്തിരിപ്പിയ്ക്കും! (11)

ഇന്ദ്ര, ഈ യുദ്ധങ്ങളിൽ ദേവാന്വിതനായ ഭവാൻ ഞങ്ങളെ ത്യജിയ്ക്കരുത്: ബലവാനേ, വജ്രമുണ്ടല്ലോ, അങ്ങയ്ക്ക്. ഹവിസ്സു ഹോമിക്കുന്ന എന്റെ ഫലദായിനിയായ വാക്കു മഹാന്മാരായ മരുത്തുക്കളെയും വന്ദിയ്ക്കുന്നു! (12)

ഇന്ദ്ര, അങ്ങയ്ക്കുള്ളതാണ്, ഞങ്ങളുടെ ഈ സ്തോത്രം. ഹരിയുക്ത, ഇതു കൊണ്ടു ഞങ്ങളുടെ മാർഗ്ഗം അറിയുക; ദേവ, ഞങ്ങളെ സദ്ഗതിയ്ക്കു തിരിച്ചുവിടുക. ഞങ്ങൾക്ക് അന്നവും ബലവും ദീർഘായുസ്സും കിട്ടട്ടെ! (13)

## കുറിപ്പുകൾ: സൂക്തം 173.

1. ഗാനംചെയ്യപ്പെടുന്നു—ഉദ്ഗാതാവിനാൽ. ദിവ്യൻ—ഇന്ദ്രനായ ഭവാൻ.
2. ഹവിർവർഷി—യജമാനൻ. വർഷകർ—അധ്വര്യുപ്രഭൃതികൾ. അദ്ദേഹം—ഇന്ദ്രൻ. സ്തോത്രതൽപരർ—ദേവന്മാർ. ഇണകൾ—സ്തോത്ര-ഹവിരാദികൾ.
3. ഹോതാവ്—അഗ്നി. പരിമിതസ്ഥാനങ്ങൾ—ഗാർഹപത്യാദിസ്ഥാനങ്ങൾ. കൊണ്ടുപോകുന്നു—ഇന്ദ്രന്റെ അടുക്കലേയ്ക്ക്. സ്തുതിച്ചുകൊണ്ട്—ദേവന്മാരെ.
4. കൈക്കൊള്ളട്ടെ—നമ്മുടെ സ്തോത്രാദികളെ സ്വീകരിയ്ക്കട്ടെ.
5. നേരിടുന്നവനെക്കാളും—എതിർത്തവനെ ജയിയ്ക്കത്തക്കവണ്ണം. വർഷകസമേതൻ—വജ്രാദ്യന്വിതൻ. തമസ്സ്—വൃത്രാദി. ഹോതാവിനോടു പറയുന്നതാണിത്.
6. നേതാക്കൾ—യജമാനന്മാർ. പ്രഭു—വരദാനങ്ങളാൽ രക്ഷിപ്പാൻ സമർത്ഥൻ. മതിയാവില്ല—സഞ്ചരിപ്പാൻ. ആവരണം ചെയ്യുന്നു—ലോകത്രയത്തെ. ഇതിന്റെ വിവരണമാണ്, അടുത്ത വാക്യം: ലോകദ്വയം=പൃഥിവ്യന്തരിക്ഷങ്ങൾ.
7. പരിജനങ്ങൾ—മരുത്തുക്കൾ.
8. ഇമ്പപ്പെടുത്തിയാലേ—വർഷണത്തിന്നുത്സാഹിപ്പിച്ചാലേ. സവനങ്ങൾ—സോമയാഗങ്ങൾ. കർമ്മം—വൃഷ്ടിപ്രദാനം. വാക്ക്—സ്തുതി. സദ്യോൽ പാദകമായ വർഷണകർമ്മംകൊണ്ടു യജ്ഞങ്ങൾ നടത്തിച്ചാലും എന്നർത്ഥം.
9. നരർ—രാജാക്കന്മാരുംമറ്റും; അവരാൽ പ്രശംസിയ്ക്കപ്പെട്ടവരുടെ അഭീഷ്ടം ശോഭനമാകുമല്ലോ. സ്തുതിയിൽ വർത്തിച്ച—സ്തോത്രം ശ്രദ്ധിച്ചു കേട്ട്. കർമ്മം—നമ്മുടെ യജ്ഞം. ‘അതിന്നുതക്കവിധം ചെയ്യുവിൻ’ എന്ന് ഋത്വിക്കുകളോടു പറയുന്നതാണ്, ഇന്ദ്രൻ എന്നാദിയായ വാക്യം.
10. സുശാസിതാവ്=വഴിപോലെ ശാസിയ്ക്കു(ഭരിയ്ക്കു)ന്നവൻ. യജ്ഞസാധനങ്ങൾ—ഹവിഃസ്തോത്രാദികൾ.
11. അലഞ്ഞുനടക്കുന്നു—ഇന്ദ്രനെ ആരാധിയ്ക്കാതെ, ലൌകികവിഷയങ്ങളെ ധ്യാനിച്ചുകൊണ്ടിരിയ്ക്കുന്നു. വഴി ശരിയ്ക്കുള്ളതാണെങ്കിൽ, യാത്രക്കാരന്നു ദാഹിയ്ക്കുമ്പോൾ വെള്ളം കിട്ടും; വക്രമാർഗ്ഗത്തിലോ, വിശ്രമം ലഭിയ്ക്കില്ല. ഇന്ദ്രനെ പൂജിയ്ക്കുക നേർവഴി; പൂജിയ്ക്കായ്ക വളഞ്ഞ വഴി.
12. ദേവാന്വിതൻ—മരുദാദിസഹിതൻ. വാക്ക്—സ്തുതി. മരുത്തുക്കളെയും—അങ്ങയെ എന്നപോലെ.
13. മാർഗ്ഗം—യജമാനമാർഗ്ഗം.

## സൂക്തം 174.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്ര, അങ്ങു ദേവന്മാർക്കും രാജാവാണ്. ശത്രുക്കളെ പോക്കുന്നവനേ, അങ്ങു നരരായ ഞങ്ങളെ രക്ഷിച്ചാലും: സൽപതിയും മഘവാവും ഞങ്ങൾക്കു താരയിതാവുമാണവിടുന്ന്: സത്യനും തേജസ്സുടുപ്പിയ്ക്കുന്നവനുമായ അവിടുന്നു ബലം തന്നരുളിയാലും! (1)

ഇന്ദ്ര, അങ്ങ് ഏഴ് ഓരാണ്ടുനഗരങ്ങളെ പിളർത്തു; ക്ഷമ യാചിച്ച തൽപ്രജകളെ അടക്കിനിർത്തി; അനവദ്യ, ജലങ്ങളെ പ്രവഹിപ്പിച്ചു; യുവാവായ പുരുകുത്സനുവേണ്ടി, വൃത്രനെ വധിച്ചു! (2)

ഇന്ദ്ര, പുരുഹൂത, അങ്ങു ശൂരനഗരങ്ങളിലെയ്ക്കും, ഇവരൊന്നിച്ചു സ്വർഗ്ഗത്തിലെയ്ക്കും ശരിയ്ക്കു പോയ്ക്കൊൾക; എന്നാൽ, അടക്കമില്ലാതെ തിടുക്കംകൊള്ളുന്ന അഗ്നിയെ, ഗൃഹത്തിൽ കർമ്മത്തിന്നിരുത്തി, സിംഹംപോലെ രക്ഷിയ്ക്കുകതന്നെ വേണം! (3)

ഇന്ദ്ര, ശത്രുക്കൾ അങ്ങയുടെ വജ്രത്തിന്റെ മഹത്ത്വം വിളിച്ചു പറയാൻ, ചിക്കെന്നു സ്വസ്ഥാനത്തെങ്ങും വീണുകിടക്കട്ടെ! അങ്ങു ഹര്യാത്രുഢനായി പൊരുതി ജലത്തെ താഴത്തെയ്ക്കൊഴുക്കിയല്ലോ; അങ്ങനെ, ത്രാണികൊണ്ട് അന്നങ്ങൾ വർദ്ധിപ്പിച്ചാലും! (4)

ഇന്ദ്ര, നില്ക്കാതെ നേരേ നടക്കുന്ന വാതാശ്വങ്ങളെ തെളിച്ചു കൊൾക; അങ്ങു യാതൊന്നിന്നു കുത്സങ്കൽ തൽപരനായോ, അതിന്നായി സൂര്യൻ അരികത്തു ചക്രമുയർത്തട്ടെ. വജ്രപാണി വൈരികളെ നേരിടട്ടെ! (5)

ഇന്ദ്ര, ഹരിയുക്ത, അങ്ങു സ്തുതിയാൽ വളർന്ന്, അദാതാക്കളായ മിത്രദ്രോഹികളെ കൊന്നുകളഞ്ഞു. അര്യമാവായ അങ്ങയെ എവർ ദർശിയ്ക്കുന്നുവോ, അവർ ഒന്നുചേർന്ന് അങ്ങയ്ക്ക് അന്നം അർപ്പിച്ചു, വേഗേന സന്താനത്തെ നേടുന്നു. (6)

ഇന്ദ്ര, കവി അന്നം കിട്ടാൻ അങ്ങയെ സ്തുതിച്ചു. അങ്ങു ദാസനു മണ്ണു കിടയ്ക്കയാക്കി. മഘവാവു മുപ്പാരിനെ സമ്പത്സമൃദ്ധമാക്കുന്നു. അവിടുന്നു ദ്ര്യോണന്നുവേണ്ടി, കുയവാചനെ യുദ്ധത്തിൽ കൊന്നു. (7)

ഇന്ദ്ര, അങ്ങയുടെ ആ പഴമകളെ പുതിയവർ പുകഴ്ത്തുന്നു: യുദ്ധമില്ലാതാക്കാൻ വളരെ ഹിംസകളെ അങ്ങ് അമർത്തിയിരിയ്ക്കുന്നു; ഘാതുകങ്ങളായ അസുരനഗരങ്ങളെയും അങ്ങു പിളർത്തിരിയ്ക്കുന്നു. പീയു എന്ന അസുരന്റെ വജ്രത്തെ അങ്ങു നിലംപൊത്തിച്ചു! (8)

ഇന്ദ്ര വിറക്കൊള്ളിയ്ക്കുന്ന ഭവാൻ അലക്കൊള്ളുന്ന ജലങ്ങളെ, ഒഴുകുന്ന നദികളെ എന്നപോലെ താഴത്തെയ്ക്കു വിട്ടു. ശൂര, അതിനാൽ സമുദ്രം നിറയുമ്പോൾ, അവിടുന്നു തുർവശ-യദുക്കളെ നിരപായം രക്ഷിച്ചു. (9)

ഇന്ദ്ര, അവിടുന്നു ഞങ്ങൾക്ക് എന്നെന്നും അതിദാതാവാകണം; ആളുകളെ രക്ഷിയ്ക്കണം; ഞങ്ങളുടെ പടകൾക്കെല്ലാം ബലം നല്കണം. ഞങ്ങൾക്ക് അന്നവും ബലവും ദീർഘായുസ്സും കിട്ടട്ടെ! (10)

## കുറിപ്പുകൾ: സൂക്തം 174.

1. താരയിതാവ്—പാപത്തിൽനിന്നു കരയേറ്റുന്നവൻ. തേജസ്സുടപ്പിയ്ക്കുന്നവൻ—തേജസ്സുകൊണ്ട് എല്ലാറ്റിനേയും ആച്ഛാദനംചെയ്യുന്നവൻ.
2. ഓരാണ്ടു നഗരങ്ങൾ—ഒരാണ്ടു മുഴുവൻ ഉറപ്പുവരുത്തിപ്പോന്ന നഗരങ്ങൾ; അല്ലെങ്കിൽ ഒരു വയസ്സു (പണിയിച്ചിട്ട് ഒരു കൊല്ലം) ചെന്ന നഗരങ്ങൾ. ഇവ വൃത്രന്റെ ചാർച്ചക്കാ-രായ അസുരന്മാരുടെയത്രേ.
3. ഇവർ—മരുദാദികൾ തിടുക്കംകൊള്ളുന്ന—തിരിച്ചുപോകാൻ വെമ്പുന്ന. ഗൃഹത്തിൽ—ഞങ്ങളുടെ ഗൃഹത്തിൽ. സിംഹംപോലെ—സിംഹം വനത്തെ രക്ഷിയ്ക്കുന്നതുപോലെ.
4. ഹര്യാരൂഢൻ—ഹരികളെന്ന അശ്വങ്ങളിൽ കേറിയവൻ.
5. വാതാശ്വങ്ങൾ—കാറ്റിന്നൊത്ത വേഗമുള്ള കുതിരകൾ. കുത്സൻ—ഒരു ഋഷി. അത്—ഹവിസ്സ്. വജ്രപാണി എന്നു തുടങ്ങുന്ന വാക്യം പരോക്ഷം.
6. അദാതാക്കൾ—ഹവിസ്സു നല്കാത്തവർ. അര്യമാവ്=ദാതാവ്.
7. കവി—ഒരു ഋഷി. ദാസൻ—ഒരസുരൻ; അവനെ കൊന്നു നിലംപൊത്തിച്ചു. അടുത്ത വാക്യങ്ങൾ പരോക്ഷങ്ങൾ. ദുര്യോണൻ—ഒരു രാജാവ്. കുയവാചൻ—ഒരസുരൻ.
8. പഴമകൾ—സനാതനങ്ങളായ ശൗര്യങ്ങൾ. പുതിയവർ—ഇന്നേത്തെ ഋഷിമാർ. ഹിം-സകളെ അമർത്തിരിയ്ക്കുന്നു—ഹിംസകരെ കീഴടക്കിയിരിയ്ക്കുന്നു.
9. വിറക്കൊള്ളിയ്ക്കുന്നു—ശത്രുക്കളെ വിറപ്പിയ്ക്കുന്ന.
10. ആളുകളെ—ഞങ്ങളുടെ പുത്രഭൃത്യാദികളെ.

## സൂക്തം 175.

അഗസ്ത്യൻ ഋഷി; സ്കന്ധോഗ്രീവിയും അനുഷ്ടുപ്പും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

പാത്രം നിറയ്ക്കുന്നപോലേ കുടിച്ചു നീ
കൂത്താട്ടുകശ്വിൻ: വൃഷാവാം ഭവാന്നിതാ,
മത്തും മതിയുമാഹ്ലാദവും ത്തുകുന്ന,
പത്തായിരം തരും വാജിതൃസ്സോമനീർ! (1)

എത്തട്ടെയിന്ദ്ര, ഭവാങ്കൽ, വരേണ്യമായ്
മത്തും മതിയും തരുന്നതായ്ശ്ശക്തമായ്
ധ്വസ്താരിസൈന്യമായ് സ്സേവ്യമായ് വർഷിയായ്
മൃത്യുവിഹീനമാം ഞങ്ങൾതൻ സോമനീർ! (2)

ശൂരനും ദാതാവുമല്ലോ, ഭവാനൊ;-രു
തേരീമനുഷ്യന്നയച്ചുതരേണമേ!
പാത്രത്തെയഗ്നിപോലാകെപ്പഴപ്പിയ്ക്ക-
ക,ത്തബലൻ നീയകർമ്മിയാം ദസ്യുവെ! (3)

ഭൂരിപ്രഭാവൻ ഭവാൻ കവേ, ഭാനുവിൻ
തേരുരുളൊന്നു കവർന്നുവല്ലോ, ബലാൽ;
കുത്സനുവേണ്ടിയശ്ശുഷ്ണനെക്കൊല്ലുവാ-
നുത്സ്യദാശ്വൻ ഭവാനേന്തീ, വധായുധം! (4)

എത്രയും പ്രാബല്യമുള്ളൊന്നു, നിൻമദ:-
മെത്രയും കീർത്തിയുള്ളൊന്നു, നിൻചേഷ്ടിതം:
വൃത്രഹത്യയ്ക്കും ധനാഹൃതിയ്ക്കുമവ-
യ്ക്കുത്തരവേകീ പ്രഭൃതാശ്വദൻ ഭവാൻ! (5)

പാരം സുഖിപ്പിച്ചുവല്ലോ പുരാ സ്തുതി
ച്ചോരെ,ത്തൃഷാർത്തരെത്തണ്ണീരുപോലെ നീ;
ഇങ്ങാ നുതിയാൽ വിളിപ്പൂ ഭവാനെ ഞാൻ;
ഞങ്ങൾ നേടാവൂ, കെല്പായുസ്സുമന്നവും! (6)

### കുറിപ്പുകൾ: സൂക്തം 175.

1. അശ്വിൻ=അശ്വസഹിത. പത്തായിരം–ആയിരമായിരം സുഖഭോഗങ്ങളെ. വാജി–അന്നം ഭക്ഷിച്ചാലത്തെ തൃപ്തിയുളവാക്കുന്നതുകൊണ്ടാണ്, വാജി (അന്നത്തോട്ടുകൂടിയത്) എന്ന വിശേഷണം.
2. ധ്വസ്താരിസൈന്യം=ശത്രുസൈന്യത്തെ നശിപ്പിയ്ക്കുന്നത്. വർഷി=സുഖഭോഗങ്ങളെ വർഷിയ്ക്കുന്നത്. മൃത്യുവിഹീനം=അക്ഷയം.
3. ഒരു തേര്–സ്വർഗ്ഗത്തിലെയ്ക്കു വരാൻ. ഈ മനുഷ്യന്ന്–എനിയ്ക്ക്. പാത്രത്തെ–തിയ്യിന്നുമീതേ വെച്ച പാത്രം ചുട്ടുപഴക്കുമല്ലോ. ആത്തബലൻ–സോമം കുടിച്ചു ബലം പൂണ്ടവൻ. അകർമ്മി=കർമ്മമനുഷ്ഠിയ്ക്കാത്തവൻ.

4. ഉത്സ്യദാശ്വൻ=ഉൽകൃഷ്ടവേഗമുള്ള അശ്വങ്ങളോടുകൂടിയവൻ. വധായുധം=വജ്രം.

5. മദം=മത്ത്. അവയ്ക്കു ഉത്തരവേകി–വൃത്രനെ കൊല്ലാനും ധനം കൊണ്ടുപോരാനും ഉത്തരവു കൊടുത്തു, തന്റെ മദത്തെയും ചേഷ്ടിതത്തെയും അനുഗ്രഹിച്ചു. പ്രഭൃതാശ്വദൻ=വളരെ അശ്വങ്ങളെ കൊടുക്കുന്നവൻ.

6. ആ നുതി–അങ്ങയ്ക്കു പ്രീതിയുണ്ടാക്കുന്ന സ്തുതി.

## സൂക്തം 176.

അഗസ്ത്യൻ ഋഷി; അനുഷ്ടപ്പും ത്രിഷ്ടപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

ഇന്ദ്രനെ മത്തുപിടിപ്പിയ്ക്ക, വർഷി നീ
ചെന്നു, ഞങ്ങൾക്കു ധനാപ്തിയ്ക്കു സോമമേ;
കൊന്നുവീഴ്ത്തിപ്പാനണയുക; മാറ്റാരി-
ലൊന്നിനെച്ചാരത്തു കാണില്ല, പിന്നെ നീ! (1)

ആരൊരാൾമാത്ര,മഭിജ്ഞരാമാളുകൾ;-
ക്കാർ വിതപ്പിയ്ക്കുന്നു, ഭക്ഷ്യവസ്തുക്കളെ;
ആർ മഴ പെയ്തു മുളപ്പിപ്പു, നെല്ലുക;-
ളായവങ്കലണച്ചാലും, വചസ്സു നീ!
അഞ്ചുന്നതേതൊരുവന്റെ തൃക്കയ്യിലാ-
ണ,ഞ്ചുജനക്കൾതൻ സമ്പത്തശേഷവും; (2)

അന്നിന്തിരുവടി, വാനിടിവാൾ പോലെ
ചെന്നേറ്റു വീഴ്ത്തേണ,മസ്മദ്വിരോധിയെ! (3)

ഒപ്പം വധിയ്ക്ക നീ, സോമം പിഴിയാത്ത,
സുപ്രീതി തേ വരുത്താത്ത, ദുരന്തനെ;
എന്നിട്ടയാളുടെ സമ്പത്തു ഞങ്ങൾക്കു
തന്നരുളേണമേ, സ്തോതാവിനേകുവാൻ! (4)

മുന്തിയ രണ്ടിറ്റമുള്ളേതൊരാളെയോ
മന്ത്രസംയുക്തമായ്ക്കൂപ്തപ്പെടുത്തി നീ;
അ ഹവിഷ്മാനാകുമിന്ദ്രനെത്തന്നെ നീ-
യാഹവേ കെല്പേകി രക്ഷിച്ചു, സോമമേ! (5)

പാരം സുഖ്യപ്പിച്ചുവല്ലോ, പുരാസ്തുതി-
ച്ചോരെ,ത്തൃഷാർത്തരെത്തണ്ണീരുപോലെ നീ;
ഇങ്ങാ നുതിയാൽ വിളിപ്പൂ ഭവാനെ ഞാൻ;
ഞങ്ങൾ നേടാവൂ, കെല്പായുസ്സമന്നവും! (6)

### കുറിപ്പുകൾ: സൂക്തം 176.

1. കൊന്നു—മാറ്റാരെ. അണയുക—ഇന്ദ്രനെ പ്രാപിക്കു.
2. ഒരാൾമാത്രം—സേവ്യൻ. ആയവങ്കൽ—ആ ഇന്ദ്രങ്കൽ. വചസ്സ്—സ്തുതി. ഇതു അന്തരാത്മാവിനോടോ ഹോതാവിനോടോ പറയുന്നത്.
3. അഞ്ചുന്നത്-ഇരിയ്ക്കുന്നത്. അഞ്ചുജനങ്ങൾതൻ-ദേവ-മനുഷ്യ-പിതൃ-പശു-പക്ഷികൾക്കു വേണ്ടുന്ന. അസ്മദ്വിരോധി-ഞങ്ങളുടെ ശത്രു.
4. തെ=അങ്ങയ്ക്ക. സുപ്രീതി-സന്തുഷ്ടി. ദുരന്തൻ=പണിപ്പെട്ടു നശിപ്പിയ്ക്കേണ്ടുന്നവൻ; ബുദ്ധിമുട്ടിയും വധിയ്ക്കണം.

5. രണ്ടിടം-സ്തുതിയും ഹവിസ്സുമാകുന്ന സ്ഥാനങ്ങൾ. കെല്പേകി-പാനസമയത്തു തൃപ്തി വരുത്തി, യുദ്ധസമയത്തു ബലം നൽകി.

6. ഇന്ദ്രനോടുതന്നെ പറയുന്നു.

## സൂക്തം 177.

അഗസ്ത്യൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

നന്ദിതമാനുഷൻ, മർത്ത്യർക്കു വർഷിതാ-
വിന്ദ്രൻ പുരുഹൂത, നാളുകൾക്കു പുരാൻ;
വന്നെത്തുകെങ്കലമിത്തിനു, രക്ഷയൊ-
ത്ത, ന്നവാശ്വങ്ങളെപ്പൂട്ടി, സ്തുതൻ ഭവാൻ! (1)

മന്ത്രയുക്തങ്ങളായ് ശ്രേഷ്ഠയുവാക്കളാം
സ്വന്തം മഴത്തേർഹയങ്ങളിലേറി നീ
വന്നെത്തുകീങ്ങിന്ദ്ര: സോമം പിഴിഞ്ഞുവെ-
ച്ചിന്ദ്ര, വിളിയ്ക്കുന്നു, ഞങ്ങൾ നേർക്കങ്ങയെ! (2)

ത്തുമഴത്തേരേറുക:-ങ്ങയ്ക്കു വർഷിയാം
സോമം പിഴിഞ്ഞു, പകർന്നു മധുക്കളും;
ആ വൃഷാശ്വങ്ങളെപ്പൂട്ടിജ്ജവേന പോ-
ന്നായാതനാകെ, ങ്കൽ മർത്ത്യവൃഷഭ, നീ! (3)

ദേവയജ്ഞമിതാ; മേധമിതാ; ഇതാ,
പാവനമന്ത്ര;-മിതാ, സോമമിന്ദ്ര, തേ;
ദർഭവിരിപ്പിതാ-വന്നിരുന്നിന്ദ്ര, നീ
ക്ഷിപ്രം കടിയ്ക്കു; വിടുക, ഹയങ്ങളെ! (4)

ഇന്ദ്ര, നേരേ വരികിങ്ങു നുതൻ ഭവാൻ
വന്ദ്യനാം സൂരിതൻ മന്ത്രങ്ങൾ കേൾക്കുവാൻ;
ഞങ്ങൾ നിൻപാലാനാൽ സ്വസ്ഥരാക, ന്വഹം-
ഞങ്ങൾ നേടാവൂ, കെല്പായുസ്സമന്നവും! (5)

### കുറിപ്പുകൾ: സൂക്തം 177.

1. നന്ദിതമാനുഷർ= മനുഷ്യരെ സന്തോഷിപ്പിയ്ക്കുന്നവൻ. ഉത്തരാർദ്ധം പ്രത്യക്ഷവചനം: അമിത്ത്=അമറേത്ത്. ഭക്ഷണം. നവാശ്വങ്ങൾ=യുവതു രംഗങ്ങൾ.
2. മന്ത്രയുക്തങ്ങൾ=മന്ത്രംകൊണ്ടു പൂട്ടപ്പെട്ടവ. മഴത്തേർ-മഴ പെയ്യിയ്ക്കുന്ന രഥം.
3. മധുക്കൾ-മധുരദ്രവവസ്തുക്കൾ. വൃഷാശ്വങ്ങൾ=വർഷകാശ്വങ്ങൾ. ആയാതനാക-വരിക. മർത്ത്യവൃക്ഷം= മർത്ത്യർക്കായി വർഷിയ്ക്കുന്നവനെ.
4. മേധം-പശു. തേ=അങ്ങയ്ക്ക്. കടിയ്ക്കു-സോമം. വിടുക-തേരിൽ നിന്ന് അഴിച്ചുവിട്ടാലും
5. സൂരി-സ്തോതാവ്. സ്വസ്ഥരാക-സുഖമായി വസിയ്ക്കുമാറാകട്ടെ.

## സൂക്തം 178.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

കേളിപ്പെട്ടും നിൻസമൃദ്ധികൊണ്ടിന്ദ്ര; നീ
പാലിച്ചുപോരുന്നു, വാഴ്ത്തും ജനങ്ങളെ;
പോക്കരുതെ,ങ്ങളെപ്പൊക്കുമിഷ്ടം–നര-
യോഗ്യമായ് നേടാവു, നിന്നുടേതൊക്കെ ഞാൻ! (1)

ക്രോധിയായ്ക്ക പുരാനിന്ദ്രൻ, നമുക്കിരു-
സോദരിമാർ നിജസ്ഥാനത്തു ചെയ്കതിൽ:
ശക്രന്നതിലാണു, ബല്യഹവ്യോദയം;
സഖ്യവുമന്നവും നല്ക, നമുക്കവൻ! (2)

യുദ്ധത്തിൽ വെല്ലുമേ, ശൂരൻ മരുത്സഖ;
നർത്ഥിയാം സൂരി വിളിപ്പതു കേൾക്കുമേ;
നിർത്തുമേ, ഹവ്യപ്രദന്റെ സമീപത്തി-
ലു,ക്തി പൊങ്ങിച്ചുകൊണ്ടിന്ദ്രൻ സ്വയം രഥം! (3)

ഇത്ഥം ഹവിസ്സശിച്ച,ന്നേച്ഛവിന്ദ്രനാ
മിത്രാന്വിതങ്കൽ മരുവും, മരുത്സഖൻ;
ശബ്ദമുയർന്ന സദസ്സിൽസ്സയജ്ഞന്റെ
സദ്യയെ വാഴ്ത്തിസ്സതിയ്ക്കും, ഫലപ്രദൻ! (4)

അങ്ങയാലിന്ദ്ര, മഘവൻ, മടക്കാവു
ഞങ്ങൾ, കേമത്തം നടിയ്ക്കും രിപുക്കളെ:
ഞങ്ങൾക്കു രക്ഷകനങ്ങു;-ങ്ങു വർദ്ധകൻ;
ഞങ്ങൾ നേടാവു, കെല്പായുസ്സമന്നവും! (5)

### കുറിപ്പുകൾ: സൂക്തം 178.

1. എങ്ങളെപ്പൊക്കുമിഷ്ടം–ഞങ്ങളെ ഉയർത്തുന്ന (മഹാന്മാരാക്കുന്ന) അഭീഷ്ടം. പോക്കരുത്–നശിപ്പിയ്ക്കരുത്; നിറവേറ്റിത്തരണം. നരയോഗ്യമായ്–മനുഷ്യർക്കു കിട്ടാവുന്നേടത്തോളം. നിന്നുടേതൊക്കെ–ഭവാന്റെ സുഖഭോഗമെല്ലാം.
2. ഇരുസോദരിമാർ (പകലും രാത്രിയും) ചെയ്കതിൽ (ചെയ്യു വൃഷ്ട്യാദികർമ്മങ്ങളിൽ) ഇന്ദ്രൻ ക്രോധിയ്ക്കരുത്; പ്രത്യുത, സമ്മതിയ്ക്കണം. അതിലാണ്–സോദരിമാരുടെ കർമ്മങ്ങളിലാണ്, ബല്യ (ബലകര) ഹവിസ്സുകളുടെ ഉൽപത്തി.
3. അർത്ഥി–അനുഗ്രഹം യാചിയ്ക്കുന്നവൻ. ഹവ്യപ്രദൻ–യജമാനൻ. ഉക്തി പൊങ്ങിച്ചുകൊണ്ട്–സ്തോത്രങ്ങളെ ഘോഷിപ്പിച്ചുകൊണ്ട്. സ്വയം–പരപ്രേരണകൂടാതെ.
4. ആ മിത്രാന്വിതങ്കൽ–ഋത്വിക്കുകളോടുകൂടിയ യജമാനന്റെ അടുക്കൽ. ശബ്ദം–സ്തോത്രാദിഘോഷം. സയജ്ഞൻ–യജമാനൻ. സദ്യ–ഹവിസ്സമൃദ്ധി.
5. അങ്ങയാൽ–ഭവത്സാഹായ്യത്താൽ. മടക്കുക–തോല്പിയ്ക്കുക.

## സൂക്തം 179.

ലോപാമുദ്രയും അഗസ്ത്യനും ശിഷ്യനും ഋഷികൾ; ത്രിഷ്ടുപ്പും ബൃഹതിയും ഛന്ദസ്സുകൾ; രതി ദേവത. (‘കല്യാണി കളവാണി’ പോലെ.)

‘ഏറ്റമാണ്ട,ഹസ്സില്ല,മല്ലിലും, ജരസ്സിനെ-
യേറ്റമുഷസ്സിങ്കലും ശുശ്രൂഷയാൽ
ക്ലാന്ത ഞാൻ; മായുന്നിതെ,ൻകാന്തിയും വാർദ്ധകത്താൽ;-
ക്കാന്തയെപ്പുല്കില്ലെന്നോ, യൌവനസ്ഥർ? (1)

സത്രാനുഷ്ഠായികളും, സത്യസല്ലാപം വാനോ-
രൊത്തു ചെയ്തോരുമായ പൂർവർപോലും
ഉകിയിരുന്നു വീര്യം; പൂകിയുമില്ലറുതി;
പുല്കില്ലേ, യുവാക്കളെപ്പത്നിമാരും?’ (2)

‘പാഴിലാകില്ലാ ഖേദം: പാലിയ്ക്കുമല്ലോ, വാനോർ!
പാരം ഭുജിയ്ക്ക നമ്മൾ ഭോഗമെല്ലാം:
വെല്ലുക, നൂറുകൂട്ടമുള്ള പോരിങ്ങു നമ്മൾ—
വെല്ലുകി,ണയായ്ച്ചെമ്മേ ചേർന്നു നമ്മൾ. (3)

രേതസ്സടക്കി മന്ത്രമോതിടുമെങ്കൽവന്നാ-
നേ,തൊന്നിനാലോ ജാതനായ കാമൻ:
ചേരട്ടേ സേക്താവോടു; ഭീരു ഭുജിച്ചീടട്ടേ,
ധീരനാം ബലിഷ്ഠനെ ലോപാമുദ്ര!’ (4)

‘ഉൾപ്പുക്ക സോമത്തോടിതർത്ഥിപ്പൻ: പോക്കുകെന്റെ
യിപ്പാപം; ഭൂരികാമനല്ലോ, മർത്ത്യൻ! (5)

പുത്രഭൃത്യാദിബലലബ്ധിയ്ക്കീയഗസ്ത്യർഷി
നൽത്തുമ്പകൊണ്ടു കിളച്ചസ്തസംഗൻ
വാഴ്ത്തിച്ചാനിരുവണ്ണം; വാനവന്മാരിൽനിന്നു
വാസ്തവാശിസ്സുകളും വാങ്ങിക്കൊണ്ടാൻ!’ (6)

### കുറിപ്പുകൾ: സൂക്തം 179.

1. ജരസ്സിനെയേറ്റുംവാർദ്ധക്യം വരുത്തുന്ന. ശുശ്രൂഷയാൽ—അങ്ങയെ ശുശ്രൂഷിച്ചുപോന്നതുകൊണ്ട്. ക്ലാന്ത—തളർന്നവളായിരിയ്ക്കുന്നു. ഇതും അടുത്ത ഗാഥയും അഗസ്ത്യപത്നിയായ ലോപാമുദ്ര അഗസ്ത്യനോടു പറയുന്നതാണ്.
2. സത്രാനുഷ്ഠായികൾ=യാഗകർത്താക്കൾ. പൂർവർ—പണ്ടേത്തെ ഋഷിമാർ, വീര്യം ഉകിയിരുന്നു—പത്നിയെ പ്രാപിച്ചിരുന്നു. അറുതിപൂകിയുമില്ല—പത്നീഗമനംമൂലം അവരുടെ ബ്രഹ്മചര്യം നശിച്ചില്ലതാനും. പുല്കില്ലേ—പുണരുകയും സാധാരണമല്ലേ?
3. അഗസ്ത്യന്റെ മറുപടി: ഖേദം—നമ്മുടെ തപഃക്ലേശം. പോര്—സംഭോഗസംഗരം. ഇണ—സ്ത്രീപുരുഷന്മാർ. ഇങ്ങു—ഈ സംസാരത്തിൽ.
4. സേക്താവോടു—രേതസ്സേകം ചെയ്യുന്ന എന്നോട്. ഭീരു=അധീര.

5. ശിഷ്യൻ പറയുന്നു: ഉൾപ്പൂക്ക–കുടിയ്ക്കപ്പെട്ട. ഇപ്പാപം–ഗുരുപത്നിയുടെയും ഗുരുവിന്റെയും കാമസല്ലാപം ശ്രവിച്ചതിന്റെ പാപം. ഭൂരികാമൻ–ആഗ്രഹങ്ങളേറിയവൻ.

6. അസ്തസംഗൻ=നിസ്സംഗൻ. ഇരുവർണ്ണം–കാമവും തപസ്സും. വാസ്തവാശിസ്സുകൾ–തീർച്ചയായും ഫലം കിട്ടുന്ന അനുഗ്രഹങ്ങൾ.

# ഋഗ്വേദം: രണ്ടാം അഷ്ടകം

## നാലാം അദ്ധ്യായം

മണ്ഡലം 1    അനുവാകം 24

## സൂക്തം 180.

അഗസ്ത്യൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

നിങ്ങളിരുവരുടെ രഥം ഉദ്ദിഷ്ടപ്രദേശങ്ങളിലെയ്ക്കു പുറപ്പെട്ടാൽ, നിങ്ങളുടെ കുതിരകൾ ലോകങ്ങളിൽ വഴിപോലെ സഞ്ചരിയ്ക്കും; നിങ്ങളുടെ പൊന്നുരുൾച്ചുറ്റുകൾ (അഭിമതങ്ങളെ) ഉതിർക്കും. നിങ്ങൾ മധു കുടിപ്പാൻ പുലർകാലത്തു വന്നുചേരും! (1)

സതതസഞ്ചാരിയും വിചിത്രഗതിയും മനുഷ്യാനുകൂലവും പൂജനീയവുമായ തേരിൽ നിങ്ങൾ ഉദിപ്പിനുമുമ്പു കേറും: സർവസ്തുത്യരേ, പെങ്ങൾ നിങ്ങളെ പരിചരിയ്ക്കും; മധുപായികളേ, (യജമാനൻ) അന്നത്തിന്നായി സ്തുതിയ്ക്കും! (2)

നിങ്ങൾ പയ്യിൽ പാൽ നിക്ഷേപിച്ചു; മൂപ്പെത്താത്ത പയ്യിൽ മുമ്പുണ്ടായ പാൽതന്നെ പക്വമാക്കിവെച്ചു. ഹവിസ്സുണ്ണുന്നവരേ, വനിയ്ക്കിടയിൽ ചോരൻപോലെ മേവുന്ന വിശുദ്ധനായ ഹവിഷ്മാൻ നിങ്ങളെ പൂജിയ്ക്കുന്നു! (3)

അശ്വികളേ, സ്വാസ്ഥ്യം തേടുന്ന അത്രിയ്ക്കുവേണ്ടി നിങ്ങൾ മധുമത്തായ ഉമിത്തിയ്യിനെ, കളിർവെള്ളംപോലെ കെടുത്തുവല്ലോ; ആ നേതാക്കളായ നിങ്ങളുടെ അടുക്കലെയ്ക്കു പശുയജ്ഞം തേർച്ചക്രം പോലെ വരുന്നു! (4)

ദസ്രരേ, ഞാൻ നിങ്ങളെ ദാനത്തിന്നു, ജയശീലനായ തുഗ്രപുത്രനെന്നപോലെ സ്തുതിയാൽ ഇങ്ങോട്ടു കൊണ്ടുപോരുന്നു. നിങ്ങൾ വാന്തുഴിൾക്കു വലുപ്പം വരുത്തി; യജനീയരേ, നിങ്ങൾ കിഴവനെ, പാപം പോക്കി ചിരജീവിയാക്കി! (5)

ശോഭനദാനന്മാരേ, നിങ്ങൾ കുതിരകളെ പൂട്ടുന്നതോടേ, ഭൂമിയിൽ അന്നങ്ങൾ പൊഴിയുന്നു! സ്തോതാവു നിങ്ങളെ കാറ്റുപോലെ പ്രാപിച്ചു തൃപ്തിപ്പെടുത്തട്ടെ; ഒരു സുവ്രതനെന്നപോലെ മഹത്ത്വത്തിന്നായി അന്നം നേടട്ടെ! (6)

അശ്വികളേ, സ്തോതാക്കളായ ഞങ്ങളും നിങ്ങളെ ശരിയ്ക്കു ഫലം കിട്ടാൻ സ്തുതിയ്ക്കുന്നു. ഇതാ, കുടത്തിൽ പകർന്നുവെച്ചിരിയ്ക്കുന്നു: സ്തുത്യരും വൃഷാക്കളുമായ നിങ്ങൾ ദേവസമീപത്തുവെച്ചു കുടിച്ചുകൊണ്ടാലും! (7)

അശ്വികളേ, നാൾതോറും താപം പോക്കുന്ന തണ്ണീരൊഴുക്കു കിട്ടാൻ, നേതാക്കളായ മനുഷ്യരിൽവെച്ചു പ്രശസ്തനായ അഗസ്ത്യൻ നിങ്ങളെ ആയിരമായിരം സ്തോത്രംകൊണ്ട്, ഒരു ശംഖുപോലെ ഉണർത്തുന്നു! (8)

അശ്വികളേ, നിങ്ങൾ മഹത്ത്വംകൊണ്ടു രഥം നടത്തുന്നു; തേരിലേറി, മനുഷ്യഹോതാവുപോലെ പോകുന്നു. നാസത്യരേ, നിങ്ങൾ സ്തോതാക്കൾക്കു ഫലം—നല്ല കുതിരകളെയോ മറ്റോ—കൊണ്ടുവരുന്നു; ഞങ്ങൾ ധനത്തോടു ചേരുമാറാകട്ടെ! (9)

അശ്വികളേ, നവ്യവും ഉരുൾച്ചുറ്റിന്നു കേടില്ലാത്തതും സ്വർഗ്ഗത്തിൽ ചുറ്റിനടക്കുന്നതുമായ നിങ്ങളുടെ രഥത്തെ ഞങ്ങൾ ഇപ്പോൾ നന്മയ്ക്കായി സ്തോത്രങ്ങൾകൊണ്ടു വിളിയ്ക്കുന്നു: ഞങ്ങൾക്ക് അന്നവും ബലവും ദീർഘായുസ്സും കിട്ടട്ടെ! (10)

### കുറിപ്പുകൾ: സൂക്തം 180.

1. മധു—സോമനീർ.
2. കേറും—യജനസ്ഥലത്തെയ്ക്കു പോകാൻ. പെങ്ങൾ—ഉഷസ്സ്. പരിചരിയ്ക്കും—വെളിച്ചംപരത്തും.
3. വനി—യജ്ഞം, വനം. ചോരൻ വനത്തിൽ ജാഗരൂകനായിമേവുമല്ലോ.

4. മധുമത്ത്=മധുക്കളോടുകൂടിയത്; നന്നായി കത്താൻ പാലും നെയ്യും വീഴ്ത്തിയത്. കുളിർവെള്ളംപോലെ–പച്ചവെള്ളം തിയ്യിനെ കെടുത്തുന്നതുപോലെ.

5. ദാനത്തിന്ന്–എനിയ്ക്കഭീഷ്ടം തരാൻ. തുഗ്രപുത്രൻ–ശത്രുക്കളാൽ സമുദ്രത്തിൽ വീഴ്ത്തപ്പെട്ട ഭുജ്യു. കിഴവനെ–വൃദ്ധനായ ച്യവനർഷിയെ. പാപം–ജര.

6. പൂട്ടുന്നതോടേ–ഇങ്ങോട്ടു പോരാൻതുടങ്ങുമ്പോഴെയ്യും. കാറ്റുപോലെ–അതിവേഗത്തിൽ.

7. പകർന്നുവെച്ചിരിയ്ക്കുന്നു–സോമനീർ.

8. തണ്ണീരൊഴുക്ക്–വൃഷ്ടിജലം.

9. ഹോതാവു യജ്ഞാരംഭത്തിൽ വരുന്നു; യജ്ഞാവസാനത്തിൽ തിരിച്ചു പോകും. അതുപോലെ നിങ്ങളുംചെയ്യുന്നു. മനുഷ്യഹോതാവ്–യജമാനന്റെ ഹോമകർത്താവ്.

10. നവ്യം=നൂതനം, അല്ലെങ്കിൽ സ്തുത്യം.

## സൂക്തം 181.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ധനധാതാക്കളും ജനത്രാതാക്കളും യജ്ഞപൂർത്തിയിച്ഛിയ്ക്കുന്നവരും തുലോം പ്രിയപ്പെട്ടവരുമായ നിങ്ങൾ എന്നാണ് അന്നവും ധനവും ജലവും വർഷിയ്ക്കുക? നിങ്ങളെ സ്തുതിയ്ക്കുന്നതാണല്ലോ, ഈ യജ്ഞം! (1)

അശ്വികളേ വിശുദ്ധരും, വർഷജലം കടിയ്ക്കുന്നവയും, കാറ്റിന്നൊത്ത വേഗമുള്ളവയും, ദിവ്യരും, കുതിച്ചുപായുന്നവയും മനോജവങ്ങളും, യുവാക്കളും, മെയ്യഴകൊത്തവയും സ്വയം വിളങ്ങുന്നവയുമായ കുതിരകൾ നിങ്ങളെ ഇവിടെ കൊണ്ടുവരട്ടെ! (2)

ഉന്നതസ്ഥാനാർഹരേ, ഭൂമിയ്ക്കൊത്ത വിസ്താരവും, പരന്ന മുൻവശവും വർഷകാശ്വത്തിന്റെ മനസ്സിനെക്കാൾ വേഗവുമുള്ള, അത്യുദാരമായ, യജനീയമായ, നിങ്ങളിരിയ്ക്കുന്ന പള്ളിത്തേർ സൽഫലത്തിന്നായി വന്നണയട്ടെ! (3)

ഇവിടെ ഇവിടെ ജനിച്ച നിങ്ങളിരുവരും തിന്മയേശാത്ത തിരുമൈകൊണ്ടും തിരുനാമങ്ങൾകൊണ്ടും ഒപ്പം സ്തുതിയ്ക്കപ്പെടുന്നു: നിങ്ങളിലൊരുവൻ ജയശീലനായി നല്ല യജ്ഞത്തെ പ്രേരിപ്പിയ്ക്കുന്നു; ദ്യോവിന്റെ മകനായ, സുഭനായ മറ്റവനും (ലോകത്തെ) വഹിയ്ക്കുന്നു! (4)

അശ്വികളേ, നിങ്ങളിലൊരുവന്റെ മികച്ച മഞ്ഞത്തേർ യഥാകാമം സഞ്ചരിച്ച്, യാഗശാലകളിൽ വന്നണയട്ടെ; മറ്റവന്റെ കുതിരകളെ ആളുകൾ കടഞ്ഞുണ്ടാക്കിയ അന്നങ്ങൾകൊണ്ടും സ്തുതിഘോഷങ്ങൾകൊണ്ടും പുളപ്പിയ്ക്കുന്നു! (5)

നിങ്ങളിൽ വർഷീയാനായ ഒരുവൻ, വൃഷാവെന്നപോലെ (വൈരികളെ) തട്ടിനീക്കി, തേൻ കൊതിച്ചു വളരെ അന്നങ്ങൾക്കായി ചരിയ്ക്കുന്നു; മാറ്റവന്റെ ഗമനങ്ങളാൽ, കരയുയർന്ന വിശാലനദികൾ ഞങ്ങളിൽ വന്നെത്തുമാറ്, (ആളുകൾ) അന്നങ്ങൾകൊണ്ടു തൃപ്തിപ്പെടുത്തുന്നു! (6)

വിധാതാക്കളായ അശ്വികളേ, നിങ്ങളുടെ ഉറപ്പിനെപ്പററി, മൂന്നുപ്രകാരത്തിൽ പ്രസരിയ്ക്കുന്ന ശാശ്വതവാക്ക് ഉച്ചരിയ്ക്കപ്പെടുന്നു; അങ്ങനെ സ്തുതിയ്ക്കപ്പെട്ട നിങ്ങൾ യാചിയ്ക്കുന്നവനെ തൃപ്തിപ്പെടുത്തുവിൻ; വന്നാലും വരാഞ്ഞാലും എന്റെ വിളി കേൾക്കുവിൻ! (7)

നിങ്ങളുടെ ഒളിമിന്നുന്ന തിരുമെയ്യിനെക്കുറിച്ചുള്ള വാക്ക്, മൂന്നു ദർഭവിരിയുള്ള സദസ്സിലെ ആളുകളെ തൃപ്തിപ്പെടുത്തട്ടെ: വൃഷാക്കളേ, നിങ്ങളുടെ മേഘം വർഷപ്രദാനംകൊണ്ടു മനുഷ്യരെ വെള്ളം പാറ്റലെന്നപോലെ പോഷിപ്പിയ്ക്കുന്നു! (8)

അശ്വികളേ, ബുദ്ധിയേറിയവൻ, പൂഷാവെന്നപോലെ ഹവിസ്സെടുത്തു നിങ്ങളെ, അഗ്ന്യുഷസ്സുകളെ എന്നപോലെ, നിങ്ങളെ വിളിച്ചു സ്തുതിയ്ക്കുന്ന പരിചാരകനോടൊപ്പം സ്തുതിയ്ക്കുന്നു. ഞങ്ങൾക്ക് അന്നവും ബലവും ദീർഘായുസ്സും കിട്ടട്ടെ! (9)

### കുറിപ്പുകൾ: സൂക്തം 181.

3. വർഷകാശ്വം—സൂര്യാശ്വം (?) സൽഫലത്തിന്നായി—ഞങ്ങൾക്കു നല്ല ഫലം തരാൻ.

4. ഇവിടെ ഇവിടെ—അന്തരിക്ഷത്തിലും, ആകാശത്തും. തിന്മയേശാത്ത—ഉരു (ദധീച) ശിരശ്ഛേദംകൊണ്ടും പാപം പറ്റാത്ത. ചന്ദ്രനും സൂര്യനമത്രേ, അശ്വികളിരുവർ.

5. ആളുകൾ—യജമാനന്മാർ. കടഞ്ഞുണ്ടാക്കിയ അന്നങ്ങൾ—ആമിക്ഷം (കാച്ചിയ ചുടുപാലിൽ തയിർ ചേർത്തുണ്ടാക്കിയത്) മുതലായവ.

6. വർഷീയാൻ–പുരാതനൻ; നിത്യൻ എന്നർത്ഥം. വൃഷാവ്=ഇന്ദ്രൻ. തേൻ–മധുരമായ ഹവിസ്സ്. ഈ വാക്യം ചന്ദ്രരൂപനായ അശ്വിയെക്കുറിയ്ക്കുന്നു. അന്നങ്ങൾക്കായി–സസ്യാദികളെ ഉൽപാദിപ്പിപ്പാൻ. മറ്റവൻ–സൂര്യരൂപനായ അശ്വി.
7. മൂന്നുപ്രകാരത്തിൽ–മന്ത്രാദിഭേദേന. ശാശ്വതവാക്ക്–അനശ്വരസ്തുതി.
8. വാക്ക്–സ്തുതി.
9. ബുദ്ധിയേറിയവൻ–യജമാനൻ. പൂഷാവ്=പോഷകൻ. അഗ്ന്യുഷസ്സുകളെയും പ്രഭാതത്തിൽ സ്തുതിയ്ക്കുമല്ലോ.

## സൂക്തം 182.

അഗസ്ത്യൻ ഋഷി; ജഗതി ഛന്ദസ്സ്; അശ്വികൾ ദേവത.

മനീഷികളേ, ഇതാ, മനസ്സിലായി: കാമവർഷിയായ പള്ളിത്തേർ വന്നിരിയ്ക്കുന്നു. സൽകർമ്മിയുടെ ബുദ്ധിയെ പ്രീണിപ്പിയ്ക്കുന്നവരും, സ്തുത്യരും, വിശ്പലയ്ക്കു ധനം നല്കിയവരും, ദ്യോവിന്റെ പൌത്രരുമായ ശുചിവ്രതരെ നിങ്ങൾ മുന്നിൽനിന്നുപചരിയ്ക്കുവിൻ! (1)

അശ്വികളേ, വലിയ ഈശ്വരന്മാരും വായുവേഗികളും ദസ്രരും ഉൽകൃഷ്ടകർമ്മാക്കളും രഥികളും രഥികോത്തമരുമാണല്ലോ, നിങ്ങൾ: തേൻ നിറച്ചൊരുക്കപ്പെട്ട രഥം നടത്തുന്ന നിങ്ങൾ അതിലൂടേ, ഹവിർദ്ദാതാവിന്റെ അരികിൽ വന്നുചേർന്നാലും! (2)

ദസ്രരേ, നിങ്ങൾ ഇവിടെ എന്തുചെയ്യുന്നു, എന്തിനിരിയ്ക്കുന്നു? ഹവിസ്സു നല്കാതെ ഞെളിഞ്ഞിരിയ്ക്കുന്നതെവനോ അവനെ പിടികൂടുവിൻ; ആ പിശുക്കന്റെ പ്രാണനെ തുരത്തുവിൻ! സ്തുതിപ്പാനിച്ഛിയ്ക്കുന്ന മേധാവിയ്ക്കു വെളിച്ചം നല്കുവിൻ! (3)

അശ്വികളേ, കുരയ്ക്കുന്ന നായ്ക്കളെ ചുറ്റും എറിഞ്ഞോടിയ്ക്കുവിൻ; പൊരുതുന്നവരെ പൊതുക്കുവിൻ; അതു നിങ്ങൾക്കറിയാം. നാസത്യരേ, സ്തോതാവിന്റെ വാക്കിന്നു വാക്കിന്നു രത്നം നല്കുവിൻ; നിങ്ങളിരുവരും എന്റെ സ്തോത്രത്തെ സംരക്ഷിയ്ക്കുവിൻ! (4)

നിങ്ങൾ തുഗ്രപുത്രന്നുവേണ്ടി, സമുദ്രത്തിൽ, ഉറപ്പും ചിറകുമുള്ള സുഖകരമായ ചങ്ങാടം നിർമ്മിച്ചു: അതിലൂടെയാണല്ലോ, നിങ്ങൾ ദേവകളിൽവെച്ചു തിരുവുള്ളത്തോടേ പുറപ്പെട്ടു, വമ്പിച്ച വെള്ളത്തിൽ പറന്നണഞ്ഞത്! (5)

ജലമധ്യത്തിൽ വീഴ്ത്തപ്പെട്ട്, 'എത്തും പിടിയു'മില്ലാത്ത ഇരുട്ടിൽക്കിടന്നുഴന്ന തുഗ്രപുത്രനെ, അശ്വികൾ കേറിയ നാലു തോണികൾ വെള്ളമുൾപ്പുക്കു കരയ്ക്കു കേറ്റി! (6)

ഒരു മരം വെള്ളത്തിൽ ഉറച്ചുനിന്നു: അതിനെ യാചമാനനായ തുഗ്രപുത്രൻ, ചാടുന്ന മൃഗം ഇലകളിൽ പിടിയ്ക്കുന്നതുപോലെ, പിടിച്ചുപൂട്ടി; അശ്വികളേ, അവനെ നിങ്ങൾ കീർത്തിയ്ക്കായി കരയേറ്റി! (7)

നേതാക്കളായ നാസത്യരേ, ആരാധകർ ചൊല്ലുന്ന സ്തോത്രം നിങ്ങളിലെത്തട്ടെ; ഇന്ന് ഈ സോമയാഗസദസ്സിന്റേതും. ഞങ്ങൾക്ക് അന്നവും ബലവും ദീർഘായുസ്സും കിട്ടട്ടെ! (8)

### കുറിപ്പുകൾ: സൂക്തം 182.

1. ഋത്വിക്കുകളോടു പറയുന്നു: വിശ്പലയ്ക്കു കണംകാൽ വെച്ചുകൊടുത്ത കഥ മുമ്പു പറഞ്ഞിട്ടുണ്ട്. ശുചിവ്രതരെ—അശ്വികളെ.
2. രഥികോത്തമർ—മഹാരഥന്മാർ. തേൻ—ജലം. അല്ലെങ്കിൽ അമൃത്.
4. കുരയ്ക്കുന്ന—ഞങ്ങളുടെ നേരെ. നായ്ക്കൾ—ശുനകതുല്യർ. പൊരുതുന്നവരെ—ഞങ്ങളോടു. അതു—വധോപായം. രത്നം—രമ്യമായ ഫലം. സംരക്ഷിയ്ക്കുവിൻ—സ്വീകരിയ്ക്കുവിൻ.
5. ചിറക്—ഗതിവേഗത്തിന്നു കെട്ടിയ പായ. ദേവകളിൽവെച്ചു—മറ്റുദേവന്മാരെക്കാളധികം.
7. മരം—ദാരുകൃതമായ രഥം.
8. ഇന്നു—പ്രാധാനയാഗദിവസത്തിൽ. സദസ്സിന്റേതും—സദസ്സിന്റെ സ്തോത്രവും.

## സൂക്തം 183.

അഗസ്ത്യൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

സൂതന്നിരിപ്പാൻ മൂന്നിടവും മൂന്നു ചക്രവും യാതൊന്നിന്നുണ്ടോ; വൃഷാക്കളേ, നിങ്ങൾ സൽക്കർമ്മിയുടെ സദനത്തിൽ എഴുന്നള്ളുന്നതു യാതൊന്നിലൂടെയോ; മൂന്നു ലോഹങ്ങൾ ചേർന്ന യാതൊന്നിനാൽ നിങ്ങൾ, പക്ഷി ചിറകിനാലെന്നപോലെ പറക്കുമോ; ആ മനോതിവേഗിയായ പള്ളിത്തേർ പൂട്ടിയാലും! (1)

കർമ്മവാന്മാരായ നിങ്ങൾ അന്നത്തിന്നായി യാതൊന്നിൽ കേറുന്നുവോ; ആ രഥം ചേലിൽ തിരിഞ്ഞുകൊണ്ടു ഭൂമിയിലെയ്ക്കിറങ്ങുന്നു. ഈ തടിപ്പിയ്ക്കുന്ന വാക്കു തിരുവുടലിലണയട്ടെ! നിങ്ങൾ ദ്യോവിന്മകളായ ഉഷസ്സോടു ചേരുന്നു. (2)

നേതാക്കളായ നാസത്യരേ, യാതൊന്നു ഹവിഷ്മാന്റെ കർമ്മങ്ങളെ അനുവർത്തിയ്ക്കുന്നുവോ; നിങ്ങൾ യാതൊന്നിലൂടേ യാഗത്തിലെഴുന്നള്ളുമോ; ആ ചേലിൽ തിരിയുന്ന പള്ളിത്തേരിൽ കേറി, പുത്രലബ്ധിയ്ക്കും സ്വഹിതത്തിന്നുമായി ശാലയിൽ വന്നുചേർന്നാലും! (3)

ദസ്രരേ, ചെന്നായയോ പെൺചെന്നായയോ എന്റെ നേർക്കുവരരുത്; നിങ്ങൾ എന്നെ തള്ളരുത്; കവിച്ചുകൊടുക്കുകയും ചെയ്യരുത്. ഇതാ, നിങ്ങൾക്കുള്ള ഭാഗം വെച്ചിരിക്കുന്നു; ഇതാ, സ്തുതിയും. ഇതാ, നിങ്ങൾക്കു തേൻനിധികൾ വെയ്ക്കപ്പെട്ടിരിയ്ക്കുന്നു! (4)

ദസ്രരേ, നിങ്ങളെ ഗോതമനും പുരുമീള്ഹനും അത്രിയും രക്ഷയ്ക്കായി ഹവിസ്സൊരുക്കി വിളിയ്ക്കാറുണ്ടല്ലോ; യാത്രക്കാരൻ ഉദ്ദിഷ്ട സ്ഥലത്തെത്താൻ ഒരു ഋജുമാർഗ്ഗജ്ഞനെ എന്നപോലെ ഞാനും വിളിയ്ക്കുന്നതു കേട്ടു, നാസത്യരേ, നിങ്ങൾ വന്നുചേർന്നാലും! (5)

അശ്വികളേ, ഞങ്ങൾ ഈ തമസ്സിന്റെ മറുകരയണഞ്ഞു. നിങ്ങളെക്കുറിച്ചു സ്തോത്രം ചമച്ചിരിയ്ക്കുന്നു; നിങ്ങൾ ദേവകളുടെ മാർഗ്ഗങ്ങളിലൂടേ ഇവിടെ വന്നുചേർന്നാലും. ഞങ്ങൾക്ക് അന്നവും ബലവും ദീർഘായുസ്സും കിട്ടട്ടെ! (6)

### കുറിപ്പുകൾ: സൂക്തം 183.

1. മനോതിവേഗി=മനസ്സിനെക്കാൾവേഗമുള്ളത്. പൂട്ടിയാലും—നിങ്ങൾക്കിങ്ങോട്ടുപോരാൻ.
2. അന്നത്തിന്നായി—ഹവിസ്സു സ്വീകരിപ്പാൻ. തടിപ്പിയ്ക്കുന്ന വാക്ക്—മഹത്ത്വപ്പെടുത്തുന്ന സ്തുതി. ചേരുന്നു—ഉഷസ്സിന്നും അശ്വികൾക്കും യജ്ഞം ഒരേസമയത്തത്രേ.
3. അനുവർത്തിയ്ക്കുക—അനുകൂലിയ്ക്കുക. പുത്രിലബ്ധിയ്ക്കും സ്വഹിതത്തിന്നുമായി—യജമാനന്നു പുത്രനും നന്മയുമുണ്ടാകാൻ.
4. കവിച്ചുകൊടുക്കുക—എനിയ്ക്കു തരുന്നതിനെക്കാളധികം അന്യനുകൊടുക്കുക. ഭാഗം—സോമാംശം. തേൻനിധികൾ—മധുരസോമരസങ്ങളാകുന്ന നിധികൾ.
5. ഋജുമാർഗ്ഗജ്ഞൻ—നേരുവഴിയറിയുന്നവൻ.
6. അണഞ്ഞു—നിങ്ങളുടെ അനുഗ്രഹത്താൽ.

നാലാമധ്യായം സമാപ്തം.

# ഋഗ്വേദം: രണ്ടാം അഷ്ടകം

## അഞ്ചാം അദ്ധ്യായം

മണ്ഡലം 1    അനുവാകം 24

## സൂക്തം 184.

അഗസ്ത്യൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

നാസത്യരേ, ആ നിങ്ങളെ ഞങ്ങൾ ഇന്നും മറ്റ നാളിലും ഉഷസ്സദിപ്പിൽ വിളിയ്ക്കു-മാറാകേണമേ! എങ്ങോ വസിയ്ക്കുന്ന ദ്യോവിൻ പൌത്രരായ നിങ്ങളെ മാന്യനായ സ്തോതാവു മികച്ച ശോഭനദാതാവിന്നുവേണ്ടി സ്തുതിയ്ക്കുന്നു. (1)

വൃഷാക്കളേ, നിങ്ങൾ ഞങ്ങളിൽത്തന്നേ സംതൃപ്തരാകണം; പിശുക്കന്മാരെ വേരറുക്കണം. സോമംകൊണ്ടു മത്താടുന്ന നിങ്ങൾ എന്റെ നിർമ്മലസ്തുതികൾ ചെ-വിക്കൊണ്ടാലും: തേടുന്നവരും ഈടിൽവെയ്ക്കുന്നവരുമാണല്ലോ, നേതാക്കളായ നി-ങ്ങൾ! (2)

പോഷകരായ നാസത്യദേവന്മാരേ, നിങ്ങൾ ശ്രേയസ്സിന്നു സൂര്യപുത്രിയെ വേൾപ്പാൻ അമ്പിന്റെ പാച്ചിൽ പാഞ്ഞു! നിങ്ങളെക്കുറിച്ചു കർമ്മസമ്പാദിതങ്ങ-ളായ 'ശസ്ത്ര'സ്തുതികൾ അവിച്ഛിന്നപ്രവാഹവും പാപനിവാരകവുമായ യാഗത്തിന്റെ പൂർത്തിയ്ക്കു മുൻയുഗങ്ങളിലെന്നപോലെ ചൊല്ലപ്പെടുന്നു. (3)

തേൻ നിറച്ച പാത്രമെടുത്തവരേ, നിങ്ങളുടെ ആ ദാനം ഞങ്ങളിലാകട്ടെ! മാ-ന്യനായ സ്തോതാവിന്റെ സ്തുതിയിൽ പ്രീതിപ്പെട്ടുവിൻ: ശോഭനദാനന്മാരേ, നിങ്ങളെ പിന്തുടർന്നാണല്ലോ, യശസ്കാമരായ മനുഷ്യർ നല്ല വിര്യത്തിന്നായി മദംകൊള്ളുന്ന-ത്. (4)

അശ്വികളേ, മഘവാക്കളേ, ഇതാ, നിങ്ങളെക്കുറിച്ച് ആരാധനാന്വിതമായ സ്തോത്രം വഴിപോലെ മുഴമിപ്പിച്ചു നിർമ്മിച്ചിരിയ്ക്കുന്നു; നാസത്യരേ, നിങ്ങൾ അഗസ്ത്യ-ങ്കൽ പ്രസാദിച്ച്, പുത്രലബ്ധിയ്ക്കും സ്വഹിതത്തിന്നുമായി ഗൃഹത്തിൽ വന്നാലും! (5)

അശ്വികളേ, ഞങ്ങൾ ഈ തമസ്സിന്റെ മറുകരയണഞ്ഞു. നിങ്ങളെക്കുറിച്ചു സ്തോത്രം ചമച്ചിരിയ്ക്കുന്നു; നിങ്ങൾ ദേവകളുടെ മാർഗ്ഗങ്ങളിലൂടേ ഇവിടെ വന്നുചേർ-ന്നാലും. ഞങ്ങൾക്ക് അന്നവും ബലവും ദീർഘായുസ്സും കിട്ടട്ടെ! (6)

### കുറിപ്പുകൾ: സൂക്തം 184.

1. ശോഭനദാതാവ്–യജമാനൻ.
2. തേടുന്നവരും ഈടിൽ വെയ്ക്കുന്നവരും–ഞങ്ങളുടെ സ്തുതികളെ അന്വേഷിയ്ക്കുന്നവരും; കിട്ടിയാൽ അവയെ സൂക്ഷിച്ചുവെയ്ക്കുന്നവരും.
3. കർമ്മസമ്പാദിതങ്ങൾ–കർമ്മങ്ങളിൽ ചൊല്ലിപ്പോന്ന. ചൊല്ലപ്പെടുന്നു–ഇന്നും.
4. മനുഷ്യർ (ഋത്വിക്കുകൾ) നിങ്ങളെ പാനംചെയ്യിച്ചതിന്നുശേഷമാണല്ലോ, മദംകൊള്ളു-ന്നത് (സോമംകുടിയ്ക്കുന്നത്).
5. ആരാധനം–ഹവിരർപ്പണം. അഗസ്ത്യങ്കൽ–എങ്കൽ. പുത്രലബ്ധിയ്ക്കും–183-സൂക്തത്തിലെ മൂന്നാംഋക്കിന്റെ ടിപ്പണിനോക്കുക.

## സൂക്തം 185.

അഗസ്ത്യൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ദ്യാവാപൃഥിവികൾ ദേവത. (കാകളി)

ആരീയിരുപേരിൽ മൂത്തോളി?-ളമയാ-
രാ?-രറിഞ്ഞൂ: പിറപ്പെമ്മട്ടഭിജ്ഞരേ?
പാരൊക്കയും സ്വയം താങ്ങുന്നു; ചുറ്റുന്നു,
തേരുരുളാർന്നവർപോലെ വാന്തുഴികൾ! (1)

കാലും നടപ്പുമില്ലാത്തിവരേന്തുന്നു,
കാലാൽ നടക്കും വളരെക്കിടാങ്ങളെ,
തായ്താതരങ്കത്തിലുണ്ണിയെപ്പോലവേ;
പാലിപ്പിനെ,ങ്ങളെ ദ്യോഭൂക്കളേ, തുലോം! (2)

തേടുന്നു ഞാൻ ഭൂവിൽനിന്നിങ്ങഭഗ്നമാ-
യീടുറ്റ വിൺ ചേർന്ന സാന്നമാം നൽദ്ധനം;
രോദസ്സുകളേ, സ്തുതിപ്പോന്നതേകുവിൻ!
പാലിപ്പിനെ,ങ്ങളെ ദ്യോഭൂക്കളേ, തുലോം! (3)

ചോർ തരും ദേവമാതാക്കൾ മാലേശാത്ത
രോദസ്സുകളിരുപേരെബ്ഭജിയ്ക്ക നാം,
ശ്രീദിനരാത്ര്യുഭയങ്ങൾ കിടയ്ക്കുവാൻ;
പാലിപ്പിനെ,ങ്ങളെ ദ്യോഭൂക്കളേ, തുലോം! (4)

ചേർന്നുനില്പോർ, ചെറുപ്പക്കാർ, സമാന്തമാർ,
ചാർന്ന ഭഗിനിമാർ, മാതൃതാതാങ്കഗം
പാരിന്റെ നാഭി മുകരുന്നവർ നിങ്ങൾ
പാലിപ്പിനെങ്ങളെ ദ്യോഭൂക്കളേ, തുലോം! (5)

ഇല്ലങ്ങൾ നിർത്തും പരപ്പും പെരുമയു-
മുള്ള, നീരേന്തുന്ന, ചേലുറ്റ തായ്ക്കളെ
ദേവസന്തർപ്പണേഷ്ടിയ്ക്കായ് വിളിപ്പു ഞാൻ;
പാലിപ്പിനെ,ങ്ങളെ ദ്യോഭൂക്കളേ, തുലോം! (6)

വീതി, പെരുപ്പം, വലുപ്പ,മപാരത്വ-
മൌദാര്യവുമുള്ള ധാരിണിമാരെവർ,
അദ്ധന്യമാരെ സ്തുതിപ്പൻ, ക്രതുവിതിൽ;-
പ്പാലിപ്പിനെ,ങ്ങളെ ദ്യോഭൂക്കളേ, തുലോം! (7)

വല്ല തെറ്റും സദാ ചെയ്തിരിയ്ക്കാം, ഞങ്ങൾ
വാനവർക്കോ, സുതാകാന്തനോ, തോഴനോ;
ഇസ്തുതികൊണ്ടതൊട്ടുക്ക നീങ്ങേണമേ!
പാലിപ്പിനെ,ങ്ങളെ ദ്യോഭൂക്കളേ, തുലോം! (8)

രക്ഷിയ്ക്കുകെ,ന്നെ പ്രജാഹിതം ദ്വിസ്തവം;
രക്ഷ മേ നല്കി,ത്തുരക്ഷിണിമാരവർ!
സ്തോതാക്കളെങ്ങൾ സുദാനാർത്ഥമൂട്ടിനാൽ

പ്രീതി ചേർത്തിച്ഛിപ്പ, വൻധനമുമ്പരേ. (9)

ചൊന്നേൻ, ശ്രവിയ്ക്കവാൻ ദ്യോഭൂക്കളെക്കുറി-
ച്ചന്യൂനമാമിസ്തവത്തെ മേധാവി ഞാൻ:
രക്ഷിയ്ക്ക, കെട്ട പാപത്തിൽനിന്നമ്മയു-
മച്ഛനും; ചാരേ തരിക,ഭീഷ്ടങ്ങളെ! (10)

നേരാക, നിങ്ങളെക്കൊണ്ടിങ്ങു ഞാൻ ചൊന്ന-
തുഴിയും വാനുമാകുന്ന തായ് താതരേ:
സ്തോതാവിനന്തികേ നല്കവിനി,ഷ്ടങ്ങൾ;
നേടാവൂ, ഞങ്ങൾ കെല്പായുസ്സമന്നവും! (11)

## കുറിപ്പുകൾ: സൂക്തം 185.

1. ഇരുപേർ–ദ്യാവാപൃഥിവികൾ. ആരറിഞ്ഞു–ആർക്കും അറിഞ്ഞുകൂടാ. അഭിജ്ഞരേ–ഋഷിമാരോടു പറകയാണ്. ചുറ്റുന്നു-തിരിയുന്നു; വാനൂഴികൾക്ക് അഹോരാത്രിത്വം കല്പിച്ചിരിയ്ക്കുന്നു.

2. കിടാങ്ങൾ–പ്രാണികൾ. തായ്താതർ (മാതാപിതാക്കൾ) ഉണ്ണിയെ (സ്വപുത്രനെ) അങ്കത്തിൽവെയ്ക്കുന്നതുപോലെ ഏന്തുന്നു (വഹിയ്ക്കുന്നു).

3. ഭുവിൽനിന്ന്–ഭൂമിയിൽനിന്നും അന്തരിക്ഷത്തിൽനിന്നും. അഭഗ്നം–ഭംഗം (പീഡ) ഏല്ക്കാത്ത. വിൺ–സുഖകരമായ ഫലം. സാന്നം=അന്നത്തോടു കൂടിയത്. നൽദ്ധനം –പാപരഹിതമായ ധനം. തേടുന്നു–കിട്ടാനാഗ്രഹിയ്ക്കുന്നു. അത്–ധനം.

4. ദേവമാതാക്കൾ–ദേവന്മാരുടെയും മനുഷ്യരുടെയും അമ്മമാർ. മാലേശാത്ത–ആരാലും പീഡിപ്പിയ്ക്കപ്പെടാത്ത. ശ്രീദിനരാത്ര്യുഭയങ്ങൾ–ശ്രീമത്തായ (ശോഭയേറിയ) പകലിന്റെയും രാത്രിയുടെയും ഉഭയങ്ങൾ (ശീതോഷ്ണാദിദ്വന്ദ്വങ്ങൾ).

5. ചേർന്നുനില്പോർ–മഴകൊണ്ടും ഹവിസ്സുകൊണ്ടും പരസ്പരം ഉപകരിയ്ക്കുന്നവർ. ചെറുപ്പക്കാർ–നിത്യതരുണികൾ. സമാന്തമാർ=സമാനമായ അന്തത്തോടു (അറ്റത്തോടു)കൂടിയവർ; രണ്ടിന്റെയും വലുപ്പം തുല്യമാണല്ലോ. ചാർന്ന–ബന്ധുത്വമുള്ള. ഭഗിനിമാർ=സഹോദരിമാർ. പാരിന്റെ (ലോകത്തിന്റെ) മാതൃതാതാങ്കഗമായ (അമ്മയച്ഛന്മാരുടെ മടിയിലിരിയ്ക്കുന്ന) നാഭി (ജലം) മുകരുന്നവർ. (ഘ്രാണിയ്ക്കുന്നവർ); പാരിന്റെ അച്ഛനമ്മമാർ, തങ്ങൾതന്നെ.

6. ഇല്ലങ്ങൾ നിർത്തും പരപ്പും–ഗൃഹങ്ങൾക്കാധാരമായ വിസ്താരവും. തായ്ക്കളെ–വൃഷ്ടിസസ്യജനയിത്രികളായ ദ്യാവാപൃഥിവികളെ. ദേവസന്തർപ്പണേഷ്ടി–ദേവന്മാരെ തൃപ്തിപ്പെടുത്തുന്ന യജ്ഞം.

7. ധാരിണിമാർ–ലോകത്തെ നിലനിർത്തുന്നവർ. ധന്യമാർ=ഭാഗ്യവതികൾ. ക്രതുവിതിൽ=ഈ യജ്ഞത്തിൽ.

8. സുതാകാന്തനോ=ജാമാതാവിന്നോ. അതൊട്ടുക്ക്–ആ പാപങ്ങളെല്ലാം.

9. ദ്വിസ്തവം–ഇരുവരെ (ദ്യാവാപൃഥിവികളെ)ക്കുറിച്ചുള്ളസ്തോത്രം. രക്ഷിയ്ക്കുക–രക്ഷിയ്ക്കട്ടെ. രക്ഷിണിമാർ–രക്ഷാകർത്ത്രികൾ. സുദാനാർത്ഥം–ഞങ്ങൾക്കു സുഖിപ്പാനല്ല, ആളുകൾക്കു ധാരാളം കൊടുപ്പാൻ. ഊട്ടിനാൽ പ്രീതിചേർത്ത്–നിങ്ങളെ ഹവിസ്സൂട്ടി പ്രീതിപ്പെടുത്തി. വൻധനം ഇച്ഛിപ്പ–മഹത്തായ ധനം നിങ്ങളിൽനിന്നു കിട്ടാൻ ആഗ്രഹിയ്ക്കുന്നു. ഉമ്പരേ=ഹേ ദേവന്മാരേ.

10. ശ്രവിയ്ക്കുവാൻ–പരക്കെ കേൾപ്പാൻ. അന്യൂനം–ഉൽകൃഷ്ടം. അമ്മ–പൃഥിവി. അച്ഛൻ–ദ്യോവ്. ചാരേ–സന്നിഹിതരായി.

11. ഞാൻ ഇങ്ങു (ഈ യജ്ഞത്തിൽ) നിങ്ങളെക്കൊണ്ടു (നിങ്ങളെക്കുറിച്ചു) ചൊന്നതു (സ്തോത്രം) നേരാക (സഫലമായിബ്ഭവിയ്ക്കട്ടെ) സ്തോതാവിന്–സ്തുതിയ്ക്കുന്ന എനിയ്ക്ക്. അന്തികേ–സന്നിഹിതരായി.

## സൂക്തം 186.

അഗസ്ത്യൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വദേവകൾ ദേവത. (കാകളി)

അസ്മന്മഖേ വരികാ,ത്തസദ്രത്നനായ്
വിശ്വാനരനും സവിതാവുദേവനും;
ഇച്ഛയാ വന്നേകുകില്ലയോ ഞങ്ങൾക്കു,
വിശ്വത്തിനെന്നപോലിമ്പം യുവാക്കളേ! (1)

എത്തട്ടെ നമ്മളിൽ,ശ്ശൂരർ സമാഹ്ലാദർ
മിത്രാര്യമവരുണാദമരരേവരും:
നമ്മെ വളർത്തട്ടെയേവരും; പീഡയാൽ
നമ്മുടെയന്നം നികൃഷ്ടമായ്പ്പോകൊലാ! (2)

നിങ്ങൾക്കതിപ്രിയ,നഗ്നി സമം രസി-
ച്ചിങ്ങീയതിഥിയെ്ത്തൂർണ്ണം സ്തുതിപ്പു, ഞാൻ;
ചോറും യശസ്സും തരേണമേ, ഞങ്ങൾക്കു
സൂരി വരുണനരാതിവധോദ്യതൻ! (3)

പ്രാപിപ്പനാ,രാൽപ്പണിഞ്ഞു ഞാൻ നിങ്ങളെ
രാപകൽ നല്ക്കറവുള്ള പൈപോലവേ,
ഒപ്പമകിട്ടിലെ നാനാപയസ്സിങ്ക-
ലെപ്പൊഴുമന്നം ചമച്ചു, ജയത്തിനായ്! (4)

നൽസ്സുഖം നല്ക,നമുക്കഹിർബുദ്ധ്യനും;
വത്സനിൽപ്പോലെത്തുക,സ്സിന്ധു നമ്മളിൽ;
നമ്മൾ ഭജിയ്ക്കാവു, ചിത്തവേഗാശ്വങ്ങൾ
ചെമ്മേ വഹിയ്ക്കുന്നൊരജ്ജലപൗത്രനെ! (5)

ത്വഷ്ടാവുമിപ്പോൾ, സ്തുതിപ്പോരൊടൊപ്പമേ
തുഷ്ടനായ് വന്നെത്തുക,സ്മദീയാധ്വരേ;
മർത്ത്യേഷ്ടദൻ മഹാൻ വൃത്രഘ്നിന്ദ്രനു –
മത്രാഗമിയ്ക്ക, മനുഷ്യരാം നമ്മളിൽ! (6)

നക്കുന്നു പാഞ്ഞണഞ്ഞാ യൌവനസ്ഥനെ,–
ക്കുട്ടിയെപ്പൈക്കൾപോലസ്മന്മനീഷകൾ;
ആ മാനുഷകാമധേനുവിൽച്ചെല്ലുന്നു,
രാമമാർപോലേ ഫലം പെറും വാക്കുകൾ! (7)

കെല്പർ മരുത്തുക്കൾ വാനുഴികളിൽനി-
ന്നൊപ്പമിണങ്ങിയിങ്ങെത്തട്ടെ, നമ്മളിൽ,
രക്ഷകത്തേർകൾപോലുള്ള പൃഷദശ്വർ,
മിത്രരാം ദേവകൾപോല,മിത്രാശികൾ! (8)

ജ്ഞാത,മിവർതൻ മഹിമാവു; നൽസ്തോത്ര-
ഗീതി രചിച്ചു പാടുന്നിത,റിഞ്ഞവർ:
സർവത്ര ചെല്ലുന്നുവല്ലോ, തരിശിലും

സദ്ദിനത്തിൻ പ്രഭപോലിവർതൻബലം! (9)

ഘോഷിച്ച വാഴ്ത്തുവിൻ, ദസ്രരെ രക്ഷയ്ക്കു
പൂഷാവിനേയു,മായത്തബലരെയും;
അദ്വേഷനാം വിഷ്ണു, വായു, പുരന്ദര-
നിദ്ദേവരേയും ഭജിയ്ക്കാം സുഖൈഷി ഞാൻ. (10)

യഷ്ടവ്യരേ, ഭവത്തേജസ്സിതെങ്ങൾക്കു
കിട്ടിയ്ക്കുവേണമേ, ചേഷ്ടയും വാസവും:
പ്രൌഢശ്രിയാ സജ്ജമല്ലോ, ഇതുമ്പരിൽ;
നേടാവൂ, ഞങ്ങൾ കെല്പായുസ്സമന്നവും! (11)

## കുറിപ്പുകൾ: സൂക്തം 186.

1. ആത്തസദ്രത്നനായ്–ഞങ്ങൾക്കു തരാൻ നല്ല രത്നങ്ങൾ (ശ്രേഷ്ഠവസ്തുക്കൾ) കയ്യിലെടുത്ത്. വിശ്വാനരൻ–ഏതന്നാമകനായ അഗ്നി. ഉത്തരാർദ്ധം പ്രത്യക്ഷവചനം: യുവാക്കളേ (നിത്യതരുണരേ) നിങ്ങൾ വിശ്വത്തിന് (ലോകത്തിനൊക്കെ) ഇമ്പം (ആനന്ദം) ഏകുന്നുണ്ടല്ലോ; അതുപോലെ ഞങ്ങളെയും ആനന്ദിപ്പിയ്ക്കില്ലയോ? ആനന്ദിപ്പിയ്ക്കണേ എന്നു സാരം.
2. സമാഹ്ലാദർ–ഒന്നുപോലെ ആഹ്ലാദമുള്ളവർ. മിത്രാര്യമവരുണാമരർ=മിത്രനും-അര്യമാവും വരുണനുമാകുന്ന ദേവന്മാർ. പീഡ–ശത്രുബാധ. അന്നം–ഹവിസ്സ്.
3. സമം രസിച്ച്–നിങ്ങളോടൊപ്പം സന്തോഷിച്ച്. ഈയതിഥി–അഗ്നി.
4. പയ്യ കറവിന്നു ഗൃഹത്തിൽ വരുമല്ലോ; അതുപോലെ ഞാൻ ഇരവുപകൽ നിങ്ങളെ ഭജിയ്ക്കുന്നു. ഉത്തരാർദ്ധത്തിൽ പയ്യിനോടു സാധർമ്മ്യം പ്രതിപാദിച്ചിരിയ്ക്കുന്നു: നാനാ-പയസ്സ്–ക്ഷീരഘൃതാദി. അന്നം–ചരുപുരോഡാശാദി. ജയം–പാപങ്ങളെ ജയിയ്ക്കൽ, നശിപ്പിയ്ക്കൽ.
5. അഹിർബുധ്ന്യൻ–ഒരു ദേവൻ. വത്സനിൽപ്പോലെ–ഒരു പയ്യ്കുട്ടിയുടെ അടുക്കലെന്നപോലെ. സിന്ധു–സിന്ധു എന്ന നദി. ജലപൌത്രൻ–അഗ്നി: ജലത്തിൽനിന്ന് ഓഷധികളും അവയിൽനിന്ന് അഗ്നിയും ജനിയ്ക്കുന്നു.
6. സ്തുതിപ്പോരൊരൊടൊപ്പമേ തുഷ്ടനായ്–സ്തുതിയ്ക്കുന്നവർക്കെത്രയോ അത്രതന്നെ സന്തോഷം പൂണ്ട്. അസ്മദീയാധ്വരേ=നമ്മുടെ യാഗത്തിൽ. അത്രാഗമിയ്ക്കു–ഈ കർമ്മത്തിൽ വന്നെത്തട്ടെ.
7. ആ യൌവനസ്ഥൻ–നിത്യയുവാവായ ഇന്ദ്രൻ. അസ്മന്മനീഷകൾ=നമ്മുടെ ബുദ്ധികൾ, മനസ്സുകൾ. ഇതിന്റെ വിവരണമാണ്, ഉത്തരാർദ്ധം: ആമാനുഷകാമധേനു–മനുഷ്യർക്കു കാമധേനുപോലെ സർവാഭീഷ്ടങ്ങളും കൊടുക്കുന്ന ഇന്ദ്രൻ. രാമമാർ=സ്ത്രീകൾ; പത്നിമാർ ഭർത്താവിങ്കലെന്നപോലെ ചെല്ലുന്നു. വാക്കുകൾ–നമ്മുടെ സ്തുതികൾ.
8. രക്ഷകത്തേർകൾ=കാവൽത്തേരുകൾ. ദേവകൾപോലെ–മറ്റുദേവന്മാർ വന്നെത്തുന്നതുപോലെ. അമിത്രാശികൾ=ശത്രുക്കളെ വിഴുങ്ങുന്നവർ.
9. ജ്ഞാതം=അറിയപ്പെട്ടതാണ്. ഇവരുടെ ബലം (വൃഷ്ട്യുൽപാദകമായ സൈന്യം) തരിശിലും സർവത്ര ചെല്ലുന്നു–മഴ പൊഴിയ്ക്കുന്നു. സദ്ദിനത്തിൻ (മൂടലില്ലാത്ത പകലിന്റെ പ്രഭ(പ്രകാശം)പോലെ; അതു സർവത്ര വ്യാപിയ്ക്കുമല്ലോ.

10. ദസ്രരെ=അശ്വികളെയും. ആയത്തബലർ–ബലം കയ്യിലുള്ള മറ്റുദേവന്മാർ. അദ്വേഷൻ –മുമ്പേ വിളിയ്ക്കപ്പെടാഞ്ഞതിൽ അരിശം തോന്നാത്തവൻ. ഋത്വിക്കുകളോടു പറയുന്നതാണിത്.

11. യഷ്ടവ്യരേ–യജിയ്ക്കപ്പെടേണ്ടുന്ന ദേവന്മാരേ. ഭവത്തേജസ്സിത്–നിങ്ങളുടെ ഈ തേജസ്സ്. വാസം=പാർപ്പിടം; ഞങ്ങളെ പൊറുപ്പിയ്ക്കേണമേ. ഇതു (തേജസ്സ്) പ്രൌഢശ്രീയാ (മികച്ച സമ്പത്തോടേ). ഉമ്പരിൽ–ദേവന്മാരിൽ. സജ്ജമല്ലോ (ഒരുങ്ങിനില്ക്കുന്നതാണല്ലോ); ദേവന്മാരുടെ തേജസ്സ് സദാ സമ്പദ്ദാനനിരതമാണല്ലോ. ഉത്തരാർദ്ധം പരോക്ഷവചനം.

## സൂക്തം 187.

അഗസ്ത്യൻ ഋഷി; ഉഷ്ണിക്കും അനുഷ്ടുപ്പും ഗായത്രിയും ഛന്ദസ്സ്; അന്നം ദേവത. (‘ദ്വാരകാമന്ദിരം’പോലെ.)

പാരിനെബ്ഭരിയ്ക്കും കെല്പാം
ചോറിനെ ഞാൻ പുകഴ്ത്തുന്നേൻ:
തത്തേജസ്സാലല്ലോ, ശക്രൻ
വൃത്രന്റെ മെയ്യേപ്പറുത്തു! (1)

സ്വാദുവാമന്നമേ, നല്ല
മാധുര്യം ചേരുമന്നമേ,
അങ്ങയെസ്സേവിപ്പൂ ഞങ്ങൾ;
ഞങ്ങളെസ്സംരക്ഷിച്ചാലും! (2)

നല്ല നീ വന്നണഞ്ഞാലും,
നല്ല രക്ഷയോടെങ്ങളിൽ;
കൊണ്ടാടി നല്ക്ക സൌഖ്യം,
രണ്ടെന്നില്ലാത്തോഴൻപോലേ! (3)

നിന്നുടെയഷ്ഷഡ്രസങ്ങ-
ളന്നമേ, ജഗത്തിലെല്ലാം
നാനാമട്ടിൽച്ചേർന്നുനില്പൂ,
വാനിലെ വായുക്കൾ പോലേ! (4)

അന്നമേ, നൽസ്വാദ്വന്നമേ,
നിന്നെ നല്കും, നിൻസേവകർ;
ത്വദ്രസാശരുലാത്തുന്തു,
മെത്തിയ കഴുത്തുമായി! (5)

അന്നമേ, നിങ്കലേ നില്പൂ,
ധന്യദേവന്മാർതൻ മനം:
ചേലൊക്കും ത്വദ്രക്ഷാചിഹ്ന-
ത്താലല്ലോ, വൃത്രനെക്കൊന്നു! (6)

അന്നമേ, വന്നെത്തുമല്ലോ,
നിന്നിലാക്കാർകൾതൻ ധനം;
ഇങ്ങണക, തേനന്നമേ,
ഞങ്ങൾക്കേറ്റമുണ്ണുവാൻ നീ! (7)

സസ്യവും വെള്ളവും സ്വല്പം
ഭക്ഷിയ്ക്കുന്നുണ്ടല്ലോ, ഞങ്ങൾ;
നിയ്യിതിനാൽത്തടിയ്ക്കമേ
ചെയ്യുക, കളേബരമേ! (8)

സോമമേ, നിൻപാൽയവാംശം
സേവിപ്പതുണ്ടല്ലോ, ഞങ്ങൾ;

നിയ്യിതിനാൽത്തടിയ്ക്കുയേ
ചെയ്യുക, കളേബരമേ! (9)

നീ കരംഭൌഷധേ, ചീർക്ക,
രോഗം പോക്കുക,ദ്ഗമിയ്ക്ക;
നിയ്യിതിനാൽത്തടിയ്ക്കുയേ
ചെയ്യുക, കളേബരമേ! (10)

ഈ മൊഴിയാൽച്ചുരത്തിപ്പൂ,
ഹോമപ്പൈക്കൾ പോലാ നിന്നെ-
അന്നമേ, വിണ്ണോർക്കയൊ,പ്പം
തന്നെ മത്തേകുന്ന നിന്നെ-
അത്ര ഞങ്ങൾക്കുമായൊ,പ്പം
മത്തേകുന്ന നിന്നെ—ഞങ്ങൾ! (11)

## കുറിപ്പുകൾ: സൂക്തം 187.

1. കെല്പാം—ചോറ് (അന്നം) ലോകത്തെ നിലനിർത്തുന്ന ഒരു ശക്തിയാണല്ലോ. തത്തേജസ്സ്—അന്നത്തിന്റെ ബലം. മെയ്യേപ്പ്=ശരീരസന്ധി.
3. രണ്ടെന്നില്ലാത്തോഴൻ—ഏകമനസ്സായ മിത്രം.
5. നിന്നെ സേവിച്ചവർ നിന്നെ നല്കം—അന്നദാനത്തിന്നു കഴിവുള്ളവരായിത്തീരും. ത്വദ്രസാശർ=നിന്റെ രസങ്ങളെ ഭുജിച്ചവർ. മെത്തിയ=തടിച്ച.
6. നിങ്കലേ നില്പൂ—അമൃതിനേപ്പോലും സ്മരിയ്ക്കുന്നില്ല! ത്വദ്രക്ഷാചിഹ്നം—നിന്റെ രക്ഷയുടെ അടയാളം. ത്വദ്ദത്തമായ ബലം എന്നു ഭാവം. കൊന്നൂ—ഇന്ദ്രൻ.
7. ആ (പ്രസിദ്ധമായ) കാർകൾതൻധനം—വെള്ളം. തേനന്നമേ—മധുരമായ അന്നമേ. ഏറ്റം—മതിയാവോളം.
8. കളേബരമേ—ഞങ്ങളുടെ ശരീരമേ.
9. നിൻപാൽയവാംശം—തീളപ്പിച്ച പാലോ യവമോ നിന്നിൽ ചേർത്തത്; പാലോ യവമോ ചേർത്ത സോമം എന്നർത്ഥം.
10. കരംഭൌഷധി—മലർപ്പൊടിയുരുളയാകുന്ന മരുന്ന്. ചീർക്ക—തടിച്ചാലും. ഉദ്ഗമിയ്ക്ക—ഞങ്ങൾക്ക് ഉദ്ഗതിയ്ക്കുതകിയാലും.
11. മൊഴി—സ്തുതി. ആ—അപ്രകാരമിരിയ്ക്കുന്ന. നിന്നെ ഞങ്ങൾ ചുരത്തിപ്പൂ—നിങ്കൽനിന്നു സോമം കറന്നെടുക്കുന്നു; ഹോമധേനുക്കൾ അകിട്ടിൽനിന്നു ഹവിസ്സുൽപ്പാദിപ്പിയ്ക്കുന്നതുപോലെ. എന്തിന്? വിണ്ണോർക്കായ്—ദേവന്മാർക്കുവേണ്ടി; പോരാ, അത്ര (ഇവിടെ) ഞങ്ങൾക്കുമായ്—ഞങ്ങൾക്കുവേണ്ടി. ദേവന്മാർക്കു ഹോമിപ്പാനും, ബാക്കി ഞങ്ങൾക്കു സേവിപ്പാനും.

## സൂക്തം 188.

അഗസ്ത്യൻ ഋഷി; ഗായത്രി ഛന്ദസ്സ്; സമിദ്ധാദ്യഗ്നികൾ ദേവതകൾ.

കോയ്മകൊൾവൂ, സമിദ്ധൻ നീ ദേവൻ ദേവകളൊത്തിഹ:
ദൂതൻ സഹസ്രജേതാവു ഹവിസ്സേന്തുക, നീ കവേ! (1)

തനൂനപാത്തു യാഗത്തിലെഴുന്നള്ളുന്നു പൂജിതൻ;
ഒത്തുചേരുന്നു മധുവോട,ന്നമായിരമേന്തുവോൻ. (2)

വിളിയ്ക്കപ്പെട്ടുമീഡ്യൻ നീയഗ്നേ, യജ്ഞാശരുമ്പരെ
ഞങ്ങൾക്കായ്ക്കൊണ്ടുവന്നാലു;-മായിരം നല്കുവോൻ, ഭവാൻ! (3)

സഹസ്രവീരമാം ദർഭ കിഴക്കോട്ടായ തുമ്പൊടേ
വിരിച്ചിരിപ്പൂ കെല്പുറ്റോർ, നിങ്ങൾക്കു,മ്പർക്കിരിയ്ക്കുവാൻ. (4)

എവയാകുന്നു, സമ്രാട്ടും വിരാട്ടും പ്രഭ്വി വിഭ്വിയും;
അബ്ഭൂരിഭൂരിദ്വാരങ്ങളൊഴുക്കുന്നൂ, പയസ്സിനെ. (5)

ഒളിവീശുന്നണികളുമഴകും തെളിമെയ്യുമായ്
വിളങ്ങും രാപ്പുലരികളിങ്ങു വന്നരുളേണമേ! (6)

ഇരുപേർ ദേവഹോതാക്കൾ മേധാവികൾ മികച്ചവർ
ഈ നമ്മളുടെ യാഗത്തിൽ വന്നെത്തട്ടേ, സുഭാഷണർ! (7)

നിങ്ങളെല്ലാരെയുമിളേ, ഹേ ഭാരതി, സരസ്വതി,
സ്തുതിപ്പൂ ഞാൻ; വിഭൂതിയ്ക്കായ് പ്രയതിപ്പിപ്പിനെങ്ങളെ! (8)

ത്വഷ്ടാവു രൂപസ്രഷ്ടാവു, സമസ്തപശുദർശകൻ;
ഞങ്ങൾക്കായിട്ടവയെ നീ വർദ്ധിപ്പിച്ചരുളേണമേ! (9)

പശ്വന്നം ദേവകൾക്കായിട്ടുൽപ്പാദിപ്പിയ്ക്ക, നീ സ്വയം;
സ്വാദുവാക്കട്ടെ, ഹവ്യത്തെയൊട്ടുക്കഗ്നി വനസ്പതേ! (10)

അഗ്രിമൻ, ദേവകൾക്കഗ്നി ഗായത്രംകൊണ്ടു ലക്ഷിതൻ,
സ്വാഹാകാരാഹുതികളിലുജ്ജ്വലിയ്ക്കുന്നു, നിർഭരം. (11)

### കുറിപ്പുകൾ: സൂക്തം 188.

1. കോയ്മകൊൾവൂ–ഭരണകർത്താവായി വാഴുന്നു. സമിദ്ധൻ–അഗ്നിയുടെ പേർ; ജ്വലിപ്പിയ്ക്കപ്പെട്ടവൻ. ഇഹ–ഈ യാഗത്തിൽ. ദൂതൻ–ദേവന്മാരുടെ. സഹസ്രജേതാവ്–ആയിരം (വളരെ) ശത്രുക്കളെ ജയിച്ചവൻ; അല്ലെങ്കിൽ, ആയിരം ധനങ്ങളെ അടക്കിയവൻ. ഹവിസ്സേന്തുക–ദേവന്മാർക്കുകൊണ്ടുകൊടുപ്പാൻ.
2. തനൂനപാത്ത്–ഒരഗ്നിയുടെ പേർ. മധുവോട് ഒത്തുചേരുന്നു-ഘൃതസോമാദികൾ ഭുജിയ്ക്കുന്നു.
3. ഈഡ്യൻ–ഒരഗ്നിയുടെ പേർ; സ്തുത്യൻ. യജ്ഞാശർ=യജ്ഞഭോജികൾ. ആയിരം–വളരെദ്ധനം.

4. സഹസ്രവീരം–വളരെ വീരന്മാരെ (പുത്രാദികളെ) യജമാനന്നു നല്കുന്ന. കെല്പേറ്റോർ–മന്ത്രബലമുള്ള ഋത്വിക്കുകൾ. നിങ്ങൾക്കു,മ്പർക്ക്–ദേവന്മാരായ നിങ്ങൾക്ക്.
5. സമ്രാട്ടും മറ്റും ദ്വാരങ്ങളുടെ പേരുകളാകുന്നു. പയസ്സ്=ജലം.
6. അണികൾ=ആഭരണങ്ങൾ. രാപുലരികൾ=രാത്രിയും ഉഷസ്സും. പകൽ എന്ന അർത്ഥത്തിലാണ്, ഇവിടെ ഉഷശ്ശബ്ദം.
7. സുഭാഷണർ–പ്രിയഭാഷികൾ.
8. വിഭൂതി=സമ്പത്ത്.
9. രൂപസ്രഷ്ടാവ്–യോനികളിൽ നിഷിക്തങ്ങളായ രേതസ്സുകളെ രൂപപ്പെടുത്തുന്നവൻ. സമസ്തപശുദർശകൻ=എല്ലാപ്പശുക്കളെയും (മാടുകളെയും) കാട്ടുന്നവൻ (വ്യക്തീകരിയ്ക്കുന്നവൻ). ഉത്തരാർദ്ധം പ്രത്യക്ഷവചനം: അവയെ-മാടുകളെ.
10. വനസ്പതി യൂപദേവതയത്രേ; യൂപത്തിൽ കെട്ടിയിട്ടാണല്ലോ, പശുവിനെ കൊല്ലുക.
11. ദേവകൾക്കഗ്രിമൻ–യജ്ഞങ്ങളിൽ ദേവന്മാരുടെയെല്ലാം മുമ്പൻ. ഗായത്രംകൊണ്ടു ലക്ഷിതൻ–അഗ്നിയെ ലക്ഷ്യമാക്കിയുള്ളതത്രേ, ഗായത്രിയും മറ്റും. സ്വാഹാകാരാഹൂതികൾ–സ്വാഹാ എന്നുച്ചരിച്ചുകൊണ്ടുള്ള ഹോമങ്ങൾ.

## സൂക്തം 189.

അഗസ്ത്യൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത. (കേക)

സന്മാർഗ്ഗങ്ങളിലൂടേ കൊണ്ടുപോകഗ്നേ, ദേവ,
സർവവിജ്ഞാനജ്ഞൻ നീ ഞങ്ങളെസ്സമ്പത്തിന്നായ്;
വളഞ്ഞ പാപങ്ങളെപ്പോക്കുകെങ്ങളിൽനിന്നു;
വളരെച്ചൊല്ലാം, സ്തോത്രമങ്ങയെക്കുറിച്ചെങ്ങൾ! (1)

ഞങ്ങളെദ്ദുർഗ്ഗം സർവം കടത്തിവിടുകഗ്നേ,
മംഗളാർച്ചിതനും സ്തുത്യർഹനുമായ ഭവാൻ:
പെരുതാകട്ടേ പുരി; വായ്ക്കട്ടെ ഞങ്ങൾക്കുഴി;
തരിക, തനയന്നും സന്താനത്തിനും സൌഖ്യം! (2)

പോക്കുക, രോഗങ്ങളെ ഞങ്ങളിൽ നിന്നങ്ങഗ്നേ:
നേർക്കഗ്നി രക്ഷിയ്ക്കാത്ത മർത്ത്യരാണ,വയ്ക്കുർഹർ;
പൃത്ഥ്വിയിൽ വരികയുംചെയ്ക, വിണ്ണോരോടെല്ലാ-
മൊത്തു യഷ്ടവ്യ, ദേവ, ഞങ്ങൾക്കു നന്മയ്ക്കായി! (3)

അച്ഛിന്നാവനങ്ങളാൽക്കാക്കുകെ,ങ്ങളെയഗ്നേ;
വിജ്വലിയ്ക്കയും ചെയ്യുകി,ഷ്ടമാം സദനത്തിൽ;
പറ്റരുതി,ന്നു ഭയമങ്ങയെ സ്തുതിപ്പോനു;
മറ്റു നാളിലുമരുളുർജ്ജസ്വിൻ, യുവതമ! (4)

നീ വിട്ടുകൊടുക്കരുതെങ്ങളെ, ദ്രോഹിപ്പോനായ്
മാൽ വിതപ്പോനായ്ത്തീൻ തേടുന്ന ശത്രുവിന്നഗ്നേ;
അരുതു കടിപ്പോനു, കൊല്വോനു, കൊത്തുന്നോനും;
തരസ്വിൻ,കൊടുക്കരുതെങ്ങളെക്കുത്തുന്നോനും! (5)

ജീവിപ്പാൻ, വരേണ്യനാം നിന്നെ വാഴ്ത്തിയ ഭക്തൻ
കൊല്വാനോ പഴിപ്പാനോ തുനിഞ്ഞോർകളെയെല്ലാം
തട്ടിനീക്കുമേ ദേവ, യജ്ഞാർത്ഥം പിറന്നോനേ:
ദുഷ്ടചര്യരെച്ചതപ്പോനല്ലോ, ഭവാനഗ്നേ! (6)

ആയിരുതരക്കാരെ വേർതിരിച്ചറിഞ്ഞിട്ടു
നീയുടൻതന്നേ ചെന്നെത്തുന്നു, യാജ്യനാമഗ്നേ;
വർത്തിയ്ക്ക, മനുഷ്യന്നു ശിഷ്യനായ് വേണ്ടുംനേര-
ത്തുദ്വീര്യൻ ഭവാ,നൃത്വിക്കിന്നു ശോധകൻപോലേ! (7)

മാറ്റാരെ മഥിയ്ക്കുമീ മന്ത്രസൂനുവാമഗ്നി-
യ്ക്കേറ്റവുമുചിതമാം സ്തോത്രമോതുന്നു ഞങ്ങൾ;
ഞങ്ങളീയാർഷങ്ങളാലായിരമാർജ്ജിയ്ക്കാവൂ-
ഞങ്ങൾ നേടാവൂ, കെല്പുമന്നവും ദീർഘായുസ്സും! (8)

## കുറിപ്പുകൾ: സൂക്തം 189.

1. വളഞ്ഞ—നേർവഴിയിലൂടേ നടക്കാൻ സമ്മതിയ്ക്കാത്ത.
2. മംഗളാർച്ചിതൻ—ശുഭദ്രവ്യങ്ങൾകൊണ്ടു പൂജിതൻ.
3. അവയ്ക്ക്—രോഗങ്ങൾക്ക്.
4. അച്ഛിന്നാവനങ്ങൾ—അവിരതരക്ഷകൾ. ഇഷ്ടമാം സദനത്തിൽ—അങ്ങയ്ക്കു പ്രിയപ്പെട്ട-തായ യജ്ഞഗൃഹത്തിൽ. മറ്റു നാളിലും അരുത്—ഭയംപററരുത്.
5. മാൽ വിതപ്പോൻ—ദുഃഖോൽപാദകൻ. കടിപ്പോൻ—ചെന്നായയും മറ്റും. കൊല്വോൻ—തസ്കരനുംമറ്റും. കൊത്തുന്നോൻ—പാമ്പും മറ്റും. കുത്തുന്നോൻ—കാളയും മറ്റും. തരസ്വി-ൻ=ബലവാനായുള്ളോവേ. കൊടുക്കരുത്—വിട്ടുകൊടുക്കരുത്; അവയിൽനിന്നെല്ലാം രക്ഷിയ്ക്കണം.
6. ദുഷ്ടചര്യർ=ദുർന്നടപ്പുകാർ.
7. ഇരുതരക്കാർ—യജിയ്ക്കുന്നവരും യജിയ്ക്കാത്തവരും. ചെന്നെത്തുന്നു—യജിയ്ക്കുന്നവരുടെ അടുക്കൽ. മനുഷ്യന്ന്—യജിയ്ക്കുന്ന മനുഷ്യന്ന്. ഉദ്വീര്യൻ=വീര്യമുയർന്നവൻ. ശോധ-കൻ (ശുദ്ധിവരുത്തുന്നവൻ, യജമാനൻ) ഋത്വിക്കുകളുടെ ഉപദേശം കൈക്കൊള്ളുമ-ല്ലോ; അതുപോലെ ഭവാൻ യജിയ്ക്കുന്നവന്നു വേണ്ടുംനേരത്തു ശിഷ്യനായി വർത്തിയ്ക്ക—യഷ്ടാവാജ്ഞാപിയ്ക്കുന്നതു സാദരം ചെയ്താലും.
8. മന്ത്രസൂനു—മന്ത്രത്താലാണല്ലോ, അഗ്നി ഉൽപാദിപ്പിയ്ക്കപ്പെടുന്നത്. ആർഷങ്ങൾ—മന്ത്രങ്ങൾ. ആയിരം—വളരെദ്ധനം.

## സൂക്തം 190.

അഗസ്ത്യൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ബൃഹസ്പതി ദേവത. (കേക)

വായ്പിയ്ക്ക, വശഗനം വർഷിയും വിമോഹന-
വാക്കുമാം സ്തുത്യൻ ബൃഹസ്പതിയെ മന്ത്രങ്ങളാൽ:
കേൾപ്പിയ്ക്കുമല്ലോ പിന്നെ, സ്തൂയമാനനാകന്നി-
ദ്ദീപ്രശോഭനെഗ്ഗാഥാനേതാക്കൾ കർമ്മിഷ്ഠന്മാർ. (1)

എവനെയുപാസിപ്പൂ, കാലികവചസ്സുകൾ;
എവനോ വർഷാംഭസ്സു ദേവകാമർക്കായ് ത്തീർത്തു;
അബ്ബൃഹസ്പതി വരേണ്യങ്ങളെ വ്യഞ്ജിപ്പിപ്പോ,-
നൽപ്പന്നൻ ജലത്തിന്നായ്, വായുപോലഭിവ്യാപ്തൻ! (2)

ഇവനെ സ്തുതിയ്ക്കുന്നു, മന്ത്രമോതുന്നു, കൈകൊ-
ണ്ടവിസ്സമെടുത്തേകീടുന്നു, ഭാസ്കരൻപോലേ;
ഈയസപത്നനുടെ കഴിവാലത്രേ, ഭീതി-
ദായിയാം മൃഗംപോലേ ശക്തനായ്, ദിനനാഥൻ! (3)

വിണ്ണിൽ മന്നിലും വ്യാപ്ത,മിബ്ബൃഹസ്പതിതൻപേർ;
പുണ്യഭൃത്ത,ർക്കൻപോലേ നല്ക,മിശ്ശുഭപ്രജ്ഞൻ;
ചെന്നെത്തു,മിവനുടെ ശസ്ത്രവും, വേടരുമേ-
തെന്നപോലനുദിനം ഹിംസ്രമായാവികളിൽ! (4)

ഭദ്രനാം നിന്നെയൊരു കിഴട്ടുപയ്യെന്നെണ്ണി,–
പ്പറ്റിനിന്നുയിർക്കൊൾവൂ, പാപജീർണ്ണന്മാരെവർ;
അദ്ദുർബ്ബുദ്ധികൾക്കേകാ, നന്മ നീ ബൃഹസ്പതേ;
പ്രത്യുത ചെന്നെത്തുന്നു, സോമപായിതൻപക്കൽ! (5)

സുഷ്ഠുഗാമിയാം ശുഭാന്നനു പന്ഥാവാക നീ,
ക്ലിഷ്ടനായ്ബ്ഭരിച്ചവന്നൻപുറ്റതോഴൻപോലേ;
ദൃഷ്ടി ഞങ്ങളിൽ വെയ്ക്കും പാപവർജ്ജിതർ മൂടൽ
വിട്ടവരായ് നില്ക്കട്ടെ,യാവൃതരാണെന്നാലും! (6)

നരർപോലാരിൽച്ചെന്നുചേരുന്നു സ്തവനങ്ങൾ,
കരയിൽത്തല്ലിപ്പായുമാർകളാഴിയിൽപ്പോലേ;
അബ്ബൃഹസ്പതി വിദ്വാൻ വർഷേച്ഛു നടുവിൽ നി-
ന്നഭ്യവേക്ഷിപ്പൂ, രണ്ടും–വെള്ളവും കടത്തലും! (7)

ഇപ്പടി വാഴ്ത്തപ്പെട്ടു, ബഹ്വർത്ഥം പിറന്നോനാം
കെല്പുറ്റ ബൃഹസ്പതി, വർഷകത്താവാം ദേവൻ;
ഞങ്ങൾക്കാ സ്തുതൻ മഹാൻ വീരഗോക്കളെ നല്ക;
ഞങ്ങൾ നേടാവൂ, കെല്പുമന്നവും ദീർഘായുസ്സും! (8)

## കുറിപ്പുകൾ: സൂക്തം 190.

1. ഹോതാവിനോടു പറയുന്നു: വശഗൻ–ആരാധകന്നധീനൻ. വർഷി–നന്മ വർഷിയ്ക്കുന്നവൻ. വിമോഹനവാക്ക്–മനംമയങ്ങുമാറു സംസാരിയ്ക്കുന്നവൻ. ദീപ്രശോഭൻ=തിളങ്ങുന്ന ശോഭയുള്ളവൻ. ഗാഥാനേതാക്കൾ–സ്തുതികർമ്മം നടത്തിയ്ക്കുന്നവർ. കേൾപ്പിയ്ക്കുമല്ലോ–സ്തുതികൾ. അതിന്നുമുമ്പേ ഭവാൻ മന്ത്രങ്ങൾ കൊണ്ടു വർദ്ധിപ്പിയ്ക്കു.
2. കാലികവചസ്സുകൾ–തക്കകാലത്തു ചൊല്ലപ്പെടുന്ന സ്തോത്രങ്ങൾ. വ്യഞ്ജിപ്പിയ്ക്കുക–വെളിപ്പെടുത്തുക; മഴ പൊഴിയ്ക്കുന്നതിനാലാണല്ലോ, വരേണ്യങ്ങൾ (സസ്യാദികൾ) മുളയ്ക്കുന്നത്. വായുപോലെ സർവവ്യാപിയായ അദ്ദേഹം ജലത്തിന്നായി (വർഷണത്തിന്നായി) ജനിച്ചവനാകുന്നു.
3. പൂർവാർദ്ധത്തിൽ കർത്താവ് യജമാനൻ. അവിസ്സ്=ഹവിസ്സ്; സംജ്ഞയിൽ ഹകാരത്തെ അകാരമാക്കാം. ആര (ഹാര)വും മറ്റും ഓർക്കുക. ഭാസ്കൻപോലേ–സൂര്യൻ വെളിച്ചം ഏകുന്നതുപോലെ. അസപത്നൻ=ശത്രുവില്ലാത്തവൻ; രാക്ഷസാദികളാൽ എതിർക്കപ്പെടാത്തവൻ. മൃഗം–സിംഹമോ, മറ്റോ.
4. പേർ=യശസ്സ്. പുണ്യഭൃത്ത്–പരിശുദ്ധമായ ഹവിസ്സും മറ്റും ഭരി(വഹി)യ്ക്കുന്നവൻ. നല്കും –ഫലം കൊടുക്കും. ഹിംസ്രമായാവികൾ=കൊല്ലുന്ന മായയുള്ളവർ; അവരിൽ പിഴയ്ക്കാതെ നിപതിയ്ക്കും, വേടരുടെ ആയുധംപോലെ ഇദ്ദേഹത്തിന്റെ ആയുധവും!
5. ഉയിർക്കൊൾവൂ=ജീവിയ്ക്കുന്നു, നാൾ കഴിയ്ക്കുന്നു. പ്രത്യൃത–നേരേമറിച്ച്. പക്കൽ=അടുക്കൽ.
6. സുഷ്ഠുഗാമി–നേരേനടക്കുന്നവൻ. ശുഭാന്നൻ=നല്ല അന്നത്തോടു (ഹവിസ്സോടു)കൂടിയവൻ. പന്ഥാവാക–ശുഭാന്നനെ (യജമാനനെ) കൊണ്ടുനടക്കുക. ഭരിപ്പവൻ–ഭരണകർത്താവ്. ദൃഷ്ടി ഞങ്ങളിൽ വെയ്ക്കും–ഞങ്ങളിൽ ശ്രദ്ധയിരുത്തി, ഹിതം പറഞ്ഞുതരുന്നു. മൂടൽ–അജ്ഞാനം. ആവൃതർ–തമസ്സാൽ ആച്ഛാദിതർ.
7. നരർപോലെ–ആളുകൾ സ്വാമിയുടെ അടുക്കൽ ചെല്ലുന്നപോലെ. ആർകൾ= -നദികൾ. അഭ്യവേക്ഷിപ്പൂ=നേരിട്ടുനോക്കുന്നു. വെള്ളം പൊങ്ങിയ്ക്കുകയും കടത്തിവിടുകയും–രണ്ടും-താൻതന്നെ ചെയ്യുന്നു.
8. ബഹ്വർത്ഥം–വളരെക്കാര്യങ്ങൾക്കായി. വീരഗോക്കളെ=വീരരെയും (പുത്രാദികളെയും) ഗോക്കളെയും.

## സൂക്തം 191.

അഗസ്ത്യൻ ഋഷി; അനുഷ്ടുപ്പും മഹാപംക്തിയും മഹാബൃഹതിയും ഛന്ദസ്സ്; ജലവും തൃണവും സൂര്യനും ദേവത.

വിഷം കുറഞ്ഞതു, വിഷമേറിയതു, വെള്ളത്തിലെ വിഷജന്തു, നീറ്റുന്ന ഈ രണ്ടു വകയും 'അദൃഷ്ട'രും (എങ്കൽ വിഷം) പുരട്ടിയിരിയ്ക്കുന്നു! (1)

(ഓഷധി)വന്നാൽ അദൃഷ്ടരെ കൊല്ലും; ചാഞ്ഞാൽ കൊല്ലും; ചതയ്ക്കപ്പെട്ടാൽ കൊല്ലും; അരയ്ക്കപ്പെട്ടാൽ അരയ്ക്കും! (2)

അമ, ഞാങ്ങണ, ദർഭ, കുതിരവാൽപ്പുല്ല്, മുഞ്ഞ, രാമച്ചം എന്നിവയിലെ അദൃഷ്ടരെല്ലാം ഒരുമിച്ച് (എങ്കൽ വിഷം) പുരട്ടിയിരിയ്ക്കുന്നു! (3)

ഗോക്കൾ തൊഴുത്തിൽ കിടക്കുന്നു; മൃഗങ്ങൾ അടങ്ങി; ആളുകളുടെ ബോധം അമർന്നു. (ഈ സമയത്താണ്) അദൃഷ്ടർ പുരട്ടിയത്! (4)

അവ രാത്രിയിൽ കള്ളന്മാർ പോലെ കാണപ്പെട്ടു; ഈ അദൃഷ്ടർ എല്ലാവരെയും കാണും. നിങ്ങൾ ഉണർന്നിരിപ്പിൻ! (5)

ദ്യോവാണ്, നിങ്ങളുടെ അച്ഛൻ; ഭൂവാണ്, അമ്മ; സോമനാണ്, ഭ്രാതാവ്; അദിതിയാണ്, പെങ്ങൾ. എല്ലാരെയും കാണുന്ന അദൃഷ്ടരായ നിങ്ങൾ ഇരിയ്ക്കുവിൻ– സുഖമാംവണ്ണം പോയ്ക്കോൾവിൻ! (6)

തോൾക്കാരുണ്ട്, മെയ്ക്കാരുണ്ട്, ഉശിക്കാരുണ്ട്; വിഷമേറിയവരുണ്ട്. അദൃഷ്ടരേ, നിങ്ങൾക്കെന്തിവിടെ? എല്ലാരും ഒപ്പം തീരെ ഒഴിഞ്ഞുപോകുവിൻ! (7)

എല്ലാ അദൃഷ്ടരേയും എല്ലാ രാക്ഷസികളെയും ഹിംസിപ്പാൻ,അദൃഷ്ടഘ്നനും വിശ്വദർശിയുമായ സൂര്യൻ കിഴക്കുദിയ്ക്കുകയായി! (8)

ഇതാ, വിശ്വദർശിയും അദൃഷ്ടഘ്നനുമായ ആദിത്യൻ–സൂര്യൻ–എല്ലാറ്റിനെയും തുലോം നശിപ്പിച്ചുകൊണ്ടു, പ്രാണികൾക്കായി ഉദിച്ചുയരുന്നു! (9)

വിഷം ഞാൻ, മദ്യകാരന്റെ ഗൃഹത്തിൽ ഒരു തോൽത്തുരുത്തിഎന്നപോലെ, സൂര്യമണ്ഡലത്തിൽ കൊണ്ടുവെയ്ക്കുന്നു: തന്തിരുവടി മരിയ്ക്കില്ല, ഞങ്ങളും മരിയ്ക്കില്ല: ഇതിനെ ഹരിസ്ഥിതൻ ദൂരത്തെത്തിച്ചു–നഞ്ഞേ, നിന്നെ 'മധുവിദ്യ' അമൃതാക്കിത്തീർത്തു! (10)

നിന്റെ വിഷം ആ ഇത്തിരിപോന്ന പക്ഷിപ്പിട വിഴുങ്ങി അവൾ മരിയ്ക്കില്ല, ഞങ്ങളും മരിയ്ക്കില്ല. ഇതിനെ ഹരിസ്ഥിതൻ ദൂരത്തെത്തിച്ചു–നഞ്ഞേ; നിന്നെ മധുവിദ്യ അമൃതാക്കിത്തീർത്തു! (11)

വിഷത്തിന്റെ പുഷ്ടിയെ മുവ്വേഴ തീപ്പൊരികൾ വിഴുങ്ങട്ടെ: അവ മരിയ്ക്കില്ല, ഞങ്ങളും മരിയ്ക്കില്ല. ഇതിനെ ഹരിസ്ഥിതൻ ദൂരത്തെത്തിച്ചു–നഞ്ഞേ, നിന്നെ മധുവിദ്യ അമൃതാക്കിത്തീർത്തു! (12)

വിഷനാശിനികളായ തൊണ്ണൂറ്റൊമ്പതു നദികളുടെയെല്ലാം പേർ ഞാൻ ചൊല്ലുന്നു. ഇതിനെ ഹരിസ്ഥിതൻ ദൂരത്തെത്തിച്ചു–നഞ്ഞേ, നിന്നെ മധുവിദ്യ അമൃതാക്കിത്തീർത്തു! (13)

ഇരുപത്തൊന്നു പെണ്മയിലുകളും, ഒഴുകുന്ന സപ്തനദികളും നിന്റെ വിഷം സ്ത്രീകൾ കുടത്തിൽ വെള്ളമെന്നപോലെ കൊണ്ടുപോകട്ടെ! (14)

ഇത്തിരിപോന്ന കീരി: ആ വഷളനെ ഞാൻ കല്ലെറിഞ്ഞു പിളർത്തും. അതുകൊണ്ടു വിഷം ദൂരദിക്കുകളിലെയ്ക്കു പോകട്ടെ! (15)

അപ്പോൾ ഒരു കീരി മലയിൽനിന്നോടിവന്നു പറഞ്ഞു:—“തേളിന്റെ വിഷം നിസ്സാരമാണ്; തേളേ, നിസ്സാരമാണ്, നിന്റെ വിഷം!’ (16)

## കുറിപ്പുകൾ: സൂക്തം 191.

1. താൻ സർപ്പവിഷബാധിതനായിരിയ്ക്കുന്നു എന്നു ശങ്കിച്ച് അഗസ്ത്യൻ പറയുന്നു: രണ്ടുവക—വിഷം കുറഞ്ഞ ജന്തുവും, ഏറിയ ജന്തുവും. അദൃഷ്ടർ—കാണപ്പെടാത്ത വിഷജന്തുക്കളുടെ പേർ.
2. ഓഷധി—വിഷഹാരിയായ പച്ചമരുന്ന്. ചാഞ്ഞാൽ—ദഷ്ടാംഗത്തിൽ ഉഴിയുമ്പോൾ. അരയ്ക്കും—നശിപ്പിയ്ക്കും.
4. ഈ സമയം—രാത്രി.
5. ഉണർന്നിരിപ്പിൻ—കരുതൽവേണം.
6. അദൃഷ്ടസർപ്പങ്ങളോടു പറയുന്നു: ഇരിയ്ക്കുവിൻ—സ്വസ്വസ്ഥാനങ്ങളിൽ. പോയ്ക്കോൾവിൻ—ഞങ്ങളെ ഉപദ്രവിയ്ക്കരുത്.
7. തോൾക്കാർ—തോൾകൊണ്ടു കുത്തുന്നവർ; മൈക്കാർ—ഉടൽകൊണ്ടു വിഷമേല്പിയ്ക്കുന്നവർ, ചിലന്തിയും മറ്റും. ത്രശിക്കാർ—തേളും മറ്റും.
8. രാക്ഷസികൾ—മഹോരഗികൾ.
9. എല്ലാറ്റിനെയും—സർവവിഷങ്ങളെയും. പ്രാണികൾക്കായി—ജീവലോകത്തിന്റെ നന്മയ്ക്കായി.
10. ഇത്—വിഷം. ഹരിസ്ഥിതൻ—ഹരികളെന്ന അശ്വങ്ങളിൽ സ്ഥിതിചെയ്യുന്നവൻ, സൂര്യൻ. ‘മധുവിദ്യ’—വിഷത്തെ മന്ത്രത്താൽ സൂര്യങ്കൽ ചേർത്ത് അമൃതാക്കുക എന്നതത്രേ, മധുവിദ്യ.
11. ഇത്തിരിപോന്ന—തുലോം ചെറിയ. പക്ഷിപ്പിട—കപിഞ്ജലി. നിന്റെ—അഗസ്ത്യന്റെ; അദ്ദേഹം തന്നോടുതന്നെ പറയുകയാണ്.
15. നിന്റെ വിഷം ഇറക്കിയില്ലെങ്കിൽ, ആ വഷളനെ—വിഷമിറങ്ങുന്നതുവരെ കല്ലെറിയലുണ്ടത്രേ.
16. സർപ്പവിഷമല്ല, തേൾവിഷമാണ്, അങ്ങയെ ബാധിച്ചത്.

ഒന്നാം മണ്ഡലം സമാപ്തം.

## Imprint

This PDF book is the product of many hours of hard work by volunteers for Sayahna Foundation, and builds on the hard work of other literature lovers made possible by free licenses.

This particular PDF book is generated from the sources of a book produced by the volunteers of the Foundation from the scans of the book obtained from Kerala Sahitya Akademi.

The writing and artwork within are in the public domain, and Sayahna releases this ebook edition under the terms in the CC By-ShareAlike Attribution. For full license information, see the Uncopyright at the end of this ebook.

Sayahna Foundation is a volunteer-driven non-profit that produces PDF book and other digital editions of public domain literature using modern typography, technology, and editorial standards, and distributes them free of cost. You can download this and other PDF books carefully produced for true book lovers at Sayahna Foundation.

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.